മിശിഹാനുകരണം

വിവർത്തകൻ

ഫാ. വില്യം, സി. എം. ഐ.

K 16
K 83

(Permissu Superiorum)

DHARMARAM COLLEGE LIBRARY, 9949 BANGALORE.

(4th printing to 6000-copies)

1959 / S. J. PRESS, MANNANAM.

Reimprimatur.

† MATHEW KAVUKATT,
Abp. of Changanacherry.

10-9-'59.



"എന്നെ അനുകരിക്കുന്നവൻ ഇരുളിൽ നടക്കുന്നില്ല" എന്നു് തിരുനാഥൻ അരുളി ച്ചെയ്യുന്നു.

സമർപ്പണം

ചങ്ങനാശ്ശേരി
തൃപതയുടെ മെത്രാൻ
നിതാന്ത വന്ദ്യദിവ്യശ്രീ
കാളാശ്ശേരിൽ
മാർ ജെയിംസു തിരുമേനിയുടെ
ആചാര്യപദ രജതജൂബിലി
ശുഭാവസരത്തിൽ
ഈ പുതിയ മിശിഹാനുകരണ വിവർത്തനം
തിരുമനസ്സിലെ തൃപ്പദസന്നിധിയിൽ
അനുമതിയോടെ
സമർപ്പിച്ചുകൊള്ളുന്നു.

മുഖവുര

ബൽജിയത്തിലെ രാജാവിന്റെ ഗ്രന്ഥശാലയിൽ സൂക്ഷിച്ചുവരുന്നതും, അക്കെമ്പീസിന്റെ സ്വന്തംകൈപ്പടയിൽ എഴുതീട്ടുള്ളതുമായ De Imitaione Chriti എന്ന കൃതി Fleury എന്ന പണ്ഡിതൻ പ്രസിദ്ധീകരിക്കയുണ്ടായി. അതിന്റെ ഒരു പദാനുപദ തർജ്ജമയാണ് മിശിഹാനുകരണം. പലരുടെയും പ്രേരണനിമിത്തമാണ് വളരെ ക്ലേശകരമായ ഈ ഉദ്യമത്തിനു ഞാൻ തയാറായത്. ഈ പരിഭാഷ പ്രസിദ്ധീകരിക്കുന്നതിൽ പലരും പലവിധത്തിൽ എന്നെ സഹായിച്ചിട്ടുണ്ട്. ഇവരിൽ റവ. ഫാ. ജോസഫ് മത്തിയാസിന്റെയും, ശ്രീമാൻ ടി. കെ. ജോസഫ് അവർകളുടെയും, പേരുകൾ പ്രത്യേകം എടുത്തു പറയേണ്ടിയിരിക്കുന്നു. വളരെക്കാലം ദീപികയുടെ മാനേജിംഗ് എഡിറ്റർ ആയിരുന്നിട്ടുള്ള ഫാ. മത്യാസ് ഈ പരിഭാഷ ആദ്യന്തം വായിക്കയും ആവശ്യപ്പെട്ട തിരുത്തലുകൾ ചെയ്കയും പല ഭാഗങ്ങളും സ്വന്തമായി എഴുതുകയും ചെയ്തിട്ടുള്ളതാണ്. തിരു: സുവ്യകലാശാലാ പ്രസിദ്ധീകരണവകുപ്പിന്റെ അദ്ധ്യക്ഷനായിരുന്ന ദേഹവും ഒരു സുസമ്മതനായ വൈയാകരണനുമായ മി. ടി. കെ. ജോസഫ്, ബി എ., എൽ. റ്റി. ഈ തർജ്ജമ മുഴുവനും ഇംഗ്ലീഷ് പരിഭാഷയോടൊത്തുനോക്കി പല നിർദ്ദേശങ്ങളും തന്നിട്ടുണ്ട്.

തർജ്ജമയിൽ നല്ലതായി കാണുന്നതു മേൽപ്പറഞ്ഞ ഭാഷാപ്രണയികളുടേതാണെന്നുള്ള പരമാർത്ഥം ഇവിടെ തുറന്നു പറഞ്ഞുകൊള്ളട്ടെ.

ഒരു പൊൻപുസ്തകമെന്നു മറുപേരുള്ള മിശിഹാനുകരണം പൊതുജനങ്ങൾ പൊന്നുപോലെ മതിച്ചു അതിലെ ഉപദേശങ്ങൾക്കൊത്തപോലെ ജീവിക്കുമാറാകട്ടെ.

Fr. William, C. M. I.

1944 ഏപ്രിൽ 19
മാന്നാനം.

വിഷയ വിവരണിക

ഒന്നാം പുസ്തകം

ആദ്ധ്യാത്മിക ജീവിതത്തിനു പ്രയോജനകരമായ ഉപദേശങ്ങൾ

അദ്ധ്യായം		വശം
1	മിശിഹായെ അനുകരിക്കണം	1
2	വിനയശീലം	5
3	സത്യം പഠിപ്പിക്കുന്നവ	8
4	പ്രവൃത്തികളിൽവേണ്ട വിവേകം	14
5	വിശുദ്ധ ഗ്രന്ഥപാരായണം	16
6	ക്രമരഹിതമായ ആഗ്രഹങ്ങൾ	18
7	വ്യർത്ഥാശയും അഹങ്കാരവും	19
8	അമിതമായ മമത	22
9	അനുസരണവും കീഴടക്കവും	23
10	അമിതമായ സംസാരം	25
11	സമാധാനവും ഭക്തിതീക്ഷ്ണതയും	28
12	കഷ്ടപ്പാടിന്റെ പ്രയോജനം	32
13	പ്രലോഭനങ്ങൾ	34
14	അവിവേകമായ വിധി	40
15	സ്നേഹപരമായ പ്രവൃത്തികൾ	42
16	അന്യരുടെ കുറവുകൾ സഹിക്കണം	45

17	സന്യാസ ജീവിതം	48
18	വിശുദ്ധ പിതാക്കന്മാരുടെ ദൃഷ്ടാന്തങ്ങൾ	50
19	ഒരു നല്ല സന്യാസിയുടെ അനുഷ്ഠാനങ്ങൾ	55
20	ഏകാന്തതയും മൗനവും	61
21	പശ്ചാത്താപ പാരവശ്യം	69
22	മനുഷ്യരുടെ അരിഷ്ടതകൾ	74
23	മരണചിന്ത	80
24	വിധിയും പാപത്തിനുള്ള ശിക്ഷയും	88
25	ജീവിതപരിഷ്കരണം	95

രണ്ടാം പുസ്തകം

ആഭ്യന്തര ജീവിതത്തിലേയ്ക്കു നയിക്കുന്ന ഉപദേശങ്ങൾ

1	ആഭ്യന്തരജീവിതം	106
2	വിനീതമായ കീഴടക്കം	114
3	സമാധാനപ്രിയനായ നല്ലമനുഷ്യൻ	116
4	നിർമ്മലമായ മനസ്സും പരിശുദ്ധമായ ഉദ്ദേശവും	120
5	ആത്മപരിശോധന	122
6	ഒരു നല്ല മനസ്സാക്ഷിയുടെ ആനന്ദം	125
7	സർവ്വോപരി ഈശോയെ സ്നേഹിക്ക	129
8	ഈശോയോടുള്ള മമത	132
9	ആശ്വാസമില്ലാത്ത നില	137
10	ദൈവാനുഗ്രഹം ലഭിച്ചതിനു നന്ദി	145
11	കുരിശിനെ സ്നേഹിക്കുന്നവർ	150
12	വി. കുരിശാകുന്ന രാജപാത	154

മൂന്നാം പുസ്തകം

ആത്മീയാശ്വാസം

1	മിശിഹായും വിശ്വസ്തനായ ആത്മാവും	168
2	സത്യം നമ്മുടെ ഉള്ളിൽ ഒച്ചകൂടാതെ കാണുന്നു	170
3	ദൈവവചനം എളിമയോടു കേൾക്കണം	173
4	സത്യത്തിലും എളിമയിലും ജീവിക്കണം	179
5	ദൈവസ്നേഹത്തിന്റെ അത്ഭുതകര ഫലങ്ങൾ	184
6	യഥാർത്ഥസ്നേഹിയുടെ ലക്ഷണം	184
7	ദൈവാനുഗ്രഹങ്ങളെ മറയ്ക്കാനുള്ള എളിമ	196
8	നമ്മുടെ ഹീനസ്ഥിതി	202
9	എല്ലാറ്റിന്റെയും ലക്ഷ്യം ദൈവംതന്നെ	205
10	ദൈവസേവനം മധുരമുള്ളതാണ്	207
11	ആശകളെ പരിശോധിച്ചു നിയന്ത്രിക്കണം	213
12	ക്ഷമ അഭ്യസിക്കണം	215
13	അനുസരണം	219
14	ദൈവത്തിന്റെ രഹസ്യവിധികൾ	222
15	ആഗ്രഹിക്കത്തക്ക കാര്യങ്ങൾ	225
16	യഥാർത്ഥമായ ആശ്വാസം ദൈവത്തിൽ മാത്രം	230
17	ഉൽക്കണ്ഠകൾ ദൈവത്തിൽ സമർപ്പിക്കണം	232

18	മിശിഹായേപ്പോലെ താൽക്കാലികമായ അനർത്ഥങ്ങൾ സഹിക്കണം	235
19	സഹനം	238
20	ഈ ജീവിതത്തിലെ അവശതകൾ	242
21	ദൈവത്തിൽ ആശ്രയിക്കണം	246
22	ദൈവത്തിന്റെ വിവിധകൃപാദാനങ്ങൾ	253
23	സമാധാനപ്രദമായ നാലുകാര്യങ്ങൾ	258
24	ഇതരന്മാരുടെ ജീവിതത്തെക്കുറിച്ചുള്ള ജിജ്ഞാസ	263
25	സമാധാനവും പുണ്യാഭിവൃദ്ധിയും	265
26	പ്രാർത്ഥനയിൽ സിദ്ധിക്കേണ്ട മനഃസ്വാതന്ത്ര്യം	269
27	സ്വസ്നേഹം	272
28	പരദൂഷണം	276
29	അനർത്ഥങ്ങൾ	278
30	ദിവ്യസഹായം	280
31	സ്വർഗ്ഗാവിനെ കണ്ടെത്തണം	286
32	ധനമോഹ വർജ്ജനം	291
33	ഹൃദയചാപല്യം	294
34	ദൈവത്തിലിൻപം	296
35	പ്രലോഭനങ്ങൾ	300
36	വ്യർത്ഥമായ വിധികൾ	303
37	ആത്മസമർപ്പണം	306
38	ആത്മനിയന്ത്രണം	309
39	സ്വന്തംകാര്യങ്ങളിലുള്ള അതിശ്രദ്ധ	312
40	മനുഷ്യനു ആത്മപ്രശംസയ്ക്കു വകയില്ല	314
41	ലൗകികബഹുമാനത്തോടുള്ള അവജ്ഞ	318

42	നമ്മുടെ സമാധാനം മനുഷ്യരിൽ നീക്ഷിപ്തമാകരുത്	320
43	പാഴായ ലൗകികവിദ്യാഭ്യാസം	322
44	പുറമേയുള്ള സംഗതികളിൽ മുഴുകിയിരിക്കരുത്	326
45	എല്ലാവരെയും വിശ്വസിക്കരുത്	328
46	വാക്കുകൊണ്ടുള്ള ശരപ്രയോഗമുണ്ടാകുമ്പോൾ ദൈവത്തെ ആശ്രയിക്കണം	334
47	അനർത്ഥങ്ങൾ സഹിച്ചേ മതിയാവൂ	339
48	നിത്യതയിലെ ദിവസം	342
49	അനന്തജീവിതത്തിനായുള്ള ആഗ്രഹം	349
50	ഹൃദയാന്ധകാരം നേരിടുമ്പോൾ ചെയ്യേണ്ടത്	357
51	വിനീതമായവ ചെയ്യശീലിക്കണം	364
52	മനുഷ്യൻ ആശ്വാസത്തിനർഹനല്ല	366
53	ലൗകികാദർശമുള്ളവർക്ക് ദൈവവരപ്രസാദം സംരക്ഷിക്കാൻ സാധിക്കയില്ല	370
54	മനുഷ്യപ്രകൃതിയും ദൈവപ്രസാദവും	374
55	പ്രകൃതിയുടെ വഷളത്തം	383
56	തന്നെത്താൻ ത്യജിച്ച മിശിഹായുടെ കുരിശെടുക്കണം	389
57	ഏതെങ്കിലും തെറ്റുചെയ്താൽ അധൈര്യപ്പെടരുത്	393
58	ഉന്നതകാര്യങ്ങളെയും ദൈവത്തിന്റെ നിഗൂഢമായ വിധികളെയും പരിശോധിക്കരുത്	397
59	നമ്മുടെ പ്രത്യാശ മുഴുവൻ ദൈവത്തിൽ	407

നാലാം പുസ്തകം

വിശുദ്ധക്രമാശ

1 മഹാ വണക്കത്തോടുകൂടെ മിശിഹായെ സ്വീകരിക്കണം 412

2 ദൈവത്തിന്റെ വലിയ നന്മയും സ്നേഹവും 423

3 കൂടെക്കൂടെ കുർബാന ഉംകൊള്ളണം 429

4 വി. കുർബാന ഉംകൊള്ളുന്നവർ പ്രാപിക്കുന്ന നന്മകൾ 434

5 കുർബാനയുടെ മഹത്വവും പ്രയോഹിത്യവും 441

6 കുർബാന ഉംകൊള്ളുന്നതിന് മുൻപു ചെയ്യേണ്ട ആത്മപരിശോധന 445

7 ആത്മശോധനയും ജീവിതനവീകരണവും 446

8 കുരിശിന്മേൽ മിശിഹായുടെ ബലി നമ്മുടെ ആത്മസമർപ്പണം 451

9 നമുക്കുള്ളതു മുഴുവൻ ദൈവത്തിനു സമർപ്പിക്കണം 454

10 കുർബാന ഉംകൊള്ളുന്ന പതിവു് ഉപേക്ഷിക്കരുത് 459

11 മിശിഹായുടെ തിരുശരീരവും വേദപുസ്തകവും 465

12 വി. കുർബാന ഉംകൊള്ളാൻ അത്യുത്സാഹത്തോടെ കരുങ്ങണം 473

13 മിശിഹായോടു പൂർണ്ണമായി ഒന്നിക്കണം 478
14 കുർബാന ഉൾക്കൊള്ളുവാൻ ചിലർക്കുണ്ടായിരുന്ന തീവ്രമായ ആഗ്രഹം 481
15 എളിമയും പരിത്യാഗവുംകൊണ്ടു ഭക്തി സമ്പാദിക്കണം 484
16 നമ്മുടെ ആവശ്യങ്ങൾ മിശിഹായെ അറിയിച്ചു സഹായം പ്രാർത്ഥിക്കണം 488
17 മിശിഹായെ ഉൾക്കൊള്ളുന്നതിനു തീവ്രമായ സ്നേഹവും ശക്തിമത്തായ ആഗ്രഹവും 491
18 മനുഷ്യൻ എളിമയോടു മിശിഹായെ അനുകരിക്കണം 496

വിവിധ ജീവിതക്കാക്കു പലപല സാഹചര്യങ്ങളിലും വായിക്കുന്നതിനുപകരിക്കുന്ന ഭാഗങ്ങൾ

പട്ടക്കാക്കു്

പുസ്തകം 1. അധ്യായം 18, 19, 20, 25.
,, 2. ,, 11, 12.
,, 3. ,, 3, 10, 31, 56.
,, 4. ,, 5, 7, 10, 11, 12, 18.

വൈദിക വിദ്യാർത്ഥികൾക്കു്

പുസ്തകം 1. അധ്യായം 17, 18, 19, 20, 21, 25.
,, 3. ,, 2, 3, 10, 31, 56.
,, 4. ,, 5, 7, 10, 11, 12, 18.

വിദ്യാർത്ഥികൾക്കു്

പുസ്തകം 1. അധ്യായം 1, 2, 3, 5.
,, 3. ,, 2, 38, 43, 44, 78.
,, 4. ,, 18.

പഠനത്തിൽ അഭിവൃദ്ധിയില്ലാതെ ദുഃഖിക്കുന്നവക്കു്

പുസ്തകം 3. അധ്യായം 29, 30, 41, 47.

പുണ്യം സമ്പാദിക്കാനാഗ്രഹിക്കുന്നവർക്ക്

പുസ്തകം 1. അധ്യായം 14, 18, 19, 20, 21, 22, 25.
,, 2. ,, 1, 4, 7, 8, 9, 11, 12.
,, 3. ,, 5, 6, 7, 11, 27, 31. 32, 33, 53, 54, 55, 56.

ക്ലേശങ്ങളും മാനഹാനിയും സഹിക്കുന്നവർക്ക്

പുസ്തകം 1. അധ്യായം 12.
,, 2. ,, 11, 12.
,, 3. ,, 12, 15, 16, 17, 18, 19, 20, 21, 29, 30, 35, 41, 47, 48, 49, 50, 52, 55, 58.

മൃദുപ്രകൃതമാർക്ക്, പീഡകൾ സഹിക്കാൻ പ്രാപ്തരല്ലാത്തവർക്ക്

പുസ്തകം 1. അധ്യായം 12.
,, 2. ,, 12.

പ്രലോഭനങ്ങൾ മൂലം വിഷമിക്കുന്നവർക്ക്

പുസ്തകം 1. അധ്യായം 13.
,, 2. ,, 9.
,, 3. ,, 6, 16, 17, 18, 19, 20, 21, 23, 30, 37, 38, 47, 48, 49, 50, 52, 55.

ആത്മീയ പരീക്ഷകൾ സഹിക്കുന്നവർക്ക്

പുസ്തകം 2. അധ്യായം 3, 9, 11, 12.
,, 3. ,, 7, 12, 16, 17, 18, 19, 20, 21, 23, 30, 35, 47, 48, 49, 50, 51, 52, 55, 56.

ഭാവിയേപ്പറ്റിയും ആരോഗ്യം ഐശ്വര്യം ആരംഭിച്ച കാര്യങ്ങളുടെ വിജയം ആദിയായവയെപ്പറ്റിയും ക്ലേശിക്കുന്നവർക്ക്

പുസ്തകം 3. അധ്യായം 39.

ലൗകികജീവിതം നയിക്കയോ തങ്ങളുടെ ഉദ്യോഗ ചുമതലകൾമൂലം പലവിചാരങ്ങൾ അനുഭവിക്കയോ ചെയ്യുന്നവർക്ക്

പുസ്തകം 3. അധ്യായം 38, 53.

അപവാദങ്ങളും അസത്യാന്വേഷണങ്ങളും സഹിക്കുന്നവർക്ക്

പുസ്തകം 2. അധ്യായം 2.
,, 3. ,, 11, 28, 36, 46.

മാനസാന്തരം ആരംഭിക്കുന്നവർക്ക്

പുസ്തകം 1. അധ്യായം 18, 25.
,, 2. ,, 1.
,, 3. ,, 6, 7, 23, 25, 26, 27, 33, 35, 37, 52, 54.

ഭീരുക്കളോ ബലഹീനരോ അലസന്മാരോ ആയവർക്ക്

പുസ്തകം 1. അധ്യായം 18, 21, 22, 25.
,, 2. ,, 10, 11, 12.
,, 3. ,, 3, 6, 27, 30, 35, 37, 54, 55, 57.

മുഴുവൻധ്യാനം കഴിക്കുന്നവർക്ക്

പുസ്തകം . അധ്യായം 20, 21. } ആയത്തം
,, 3. ,, 53. }
,, 1. ,, 22.

മനുഷ്യരുടെ നിർഭാഗ്യാവസ്ഥ

പുസ്തകം 1. അധ്യായം 22. മരണം
,, ,, ,, 24 } വിധിയും
,, ,, ,, 14 } നരകവും
,, 3. ,, 48. മോക്ഷം
,, ,, ,, 53. അവസാനം

ആത്മീയസമാധാനം പ്രാപിക്കുവാൻ

പുസ്തകം 1. അധ്യായം 6, 11.
,, 2. ,, 3, 6.
,, 3. ,, 7, 23, 25, 38.

കഠിന പാപികൾക്ക്

പുസ്തകം 1. അധ്യായം 23, 24.
,, 3. ,, 14, 55.

അലസന്മാർക്ക്

പുസ്തകം 3. അധ്യായം 24, 27.

നന്നാകേട്ടു വിശ്വസിക്കുന്നവർക്ക്

പുസ്തകം 1. അധ്യായം 4.

അഹങ്കാരികൾക്ക്

പുസ്തകം 1. അധ്യായം 7, 14.
,, 2. ,, 11.
,, 3. ,, 7, 8, 9, 11, 13, 14, 40, 52.

ആവലാതിക്കാക്കും പിടിവാദക്കാക്കും

പുസ്തകം 1. അധ്യായം 9.
,, 3. ,, 13, 32, 44.

ക്ഷമകേടുള്ളവക്ക്

പുസ്തകം 3. അധ്യായം 15, 16, 17, 8.

അനുസരണയില്ലാത്തവക്ക്

പുസ്തകം 1. അധ്യായം 9.
,, 3. ,, 13, 32.

അധികം സംസാരിക്കുവന്നക്ക്

പുസ്തകം 1. അധ്യായം 1.
,, 3. ,, 24, 44, 45.

അന്യരുടെ കുറങ്ങളെപ്പറ്റി ശ്രദ്ധിക്കയും സ്വന്തം കുറങ്ങളെ വകവെയ്ക്കാതിരിക്കയും ചെയ്യുന്നവക്ക്

പുസ്തകം 1. അധ്യായം 11, 14, 16.
,, 2. ,, 5.

തെറ്റായി ഭക്ഷാഭ്യാസംചെയ്യുന്നവക്ക്,
നേരായ ആത്മപാലകന്മാരില്ലാത്തവക്ക്

പുസ്തകം 3. അധ്യായം 4, 6, 7.

ഉദ്ദേശം നിയന്ത്രിക്കുന്നതിനു്

പുസ്തകം 3. അധ്യായം 9.

ഏറ്റം വേഗത്തിൽ വേദന
അനുഭവിക്കുന്നവർക്കു്

പുസ്തകം 3. അധ്യായം 9.

മനുഷ്യരോടുള്ള സ്നേഹത്തിൽ
കൂടുതലായി ലയിച്ചിരിക്കുന്നവക്ക്

പുസ്തകം 1. അധ്യായം 8, 1.
" 2. " 7, 8.
" 3. " 32, 42, 45.

വിശുദ്ധ ഗ്രന്ഥത്തിലെ ചില ഭാഗങ്ങൾ
വിനീതവും മറ്റു ചിലവ അവ്യക്തവു
മാണെന്നു ആവലാതിപ്പെടുന്നവക്ക്

പുസ്തകം 1. അധ്യായം 7.

അസൂയാലുക്കൾക്കു്

പുസ്തകം 3. അധ്യായം 22, 41.

മിശിഹാനുകരണം

ഒന്നാം പുസ്തകം

ആദ്ധ്യാത്മിക ജീവിതത്തിനു പ്രയോജനകരമായ ഉപദേശങ്ങൾ

1-ാം അധ്യായം

മിശിഹായെ അനുകരിക്കണം

"എന്നെ അനുകരിക്കുന്നവൻ ഇരുളിൽ നടക്കുന്നില്ല" എന്നു തിരുനാഥൻ അരുളിച്ചെയ്യുന്നു.

ഇവ മിശിഹായുടെ വചനങ്ങളാണ്. ഇവയാൽ താൻ നമ്മോടുപദേശിക്കുന്നത്, സാക്ഷാൽ ആത്മീയവെളിച്ചമുള്ളവരാകുവാനും ഹൃദയത്തിന്റെ കുരുട്ടാട്ടത്തിൽ നിന്നൊഴിവാനും നാം ആഗ്രഹിക്കുന്നെങ്കിൽ തന്റെ ജീവിതവും നടപടികളും നാം അനുകരിക്കണമെന്നാകുന്നു.

അതുകൊണ്ടു് ഈശോമിശിഹായുടെ ജീവിതത്തെപ്പറ്റി ധ്യാനിപ്പാനായിരിക്കണം നാം മുഖ്യമായി, ശ്രദ്ധയോടെ യത്നിക്കേണ്ടതു്.

മിശിഹായുടെ ബോധനം വിശുദ്ധന്മാരുടെ സകല ബോധനത്തെയുംകാൾ ശ്രേഷ്ഠമാണു്. ഈശോയുടെ ആത്മാവുള്ളവൻ അതിൽ ഒളിഞ്ഞിരിക്കുന്ന മന്നാ കണ്ടെത്തുകയും ചെയ്യും.

എന്നാൽ സുവിശേഷം കൂടെക്കൂടെ കേട്ടിട്ടും അധികംപേക്കും ഒരു താല്പര്യവും അനുഭവപ്പെടാതിരിക്കുന്നുണ്ടു്. അതു മിശിഹായുടെ ആത്മാവു് അവർക്കില്ലാഞ്ഞിട്ടാകുന്നു. മിശിഹായുടെ വചനങ്ങൾ പൂർണ്ണമായും സാദരോട്ടം ഗ്രഹിക്കണമെന്നാഗ്രഹിക്കുന്നവൻ സ്വജീവിതം മുഴുവൻ മിശിഹായുടെതിനോടു അനുരൂപമാക്കാൻ ശ്രദ്ധയോടെ യത്നിക്കണം.

2. നീ പരിശുദ്ധ ത്രിത്വത്തെക്കുറിച്ചു അഗാധജ്ഞാനത്തോടെ യുക്തിവാദം ചെയ്താലും നിനക്കു ഏളിമയില്ലാതിരിക്കയും നീതൻമൂലം പരിശുദ്ധ ത്രിത്വത്തിന്റെ അപ്രീതിക്കു പാത്രമാകയും ചെയ്താൽ നിനക്കു എന്തു പ്രയോജനം?

യഥാർത്ഥത്തിൽ ഉൽകൃഷ്ടവാക്കുകൾ ഒരാളെ പുണ്യവാനും നീതിമാനും ആക്കി

ത്തീക്കുന്നില്ല. എന്നാൽ സുകൃതജീവിതം അ
യാളെ ദൈവത്തിനിഷ്ടമുള്ളവനാക്കുന്നു.

അനുതാപം എന്തെന്നു വ്യാഖ്യാനി
ക്കുന്നതിനെക്കാൾ അനുതാപം മനസ്സിലു
ണ്ടാകുവാൻ ഞാനാഗ്രഹിക്കുന്നു.

നിനക്കു വേദപുസ്തകം മുഴുവനും, സ
കല തത്ത്വശാസ്ത്രികളുടെയും സകല സൂ
ക്തികളും മനഃപാഠമായി പുറമേ അറിയാ
മെങ്കിലും ദൈവപ്രസാദവരവും സ്നേഹവു
മില്ലെങ്കിൽ അവയെല്ലാംകൊണ്ട് നിനക്കു
പ്രയോജനം എന്ത്?

ദൈവത്തെ സ്നേഹിക്കയും അവനെ
മാത്രം സേവിക്കയും ചെയ്യുക ഒഴികെ
ഉള്ളതെല്ലാം മായകളിൽ മായയും സർവ്വമേ
മായയുമത്രേ.

ഏറ്റവും ഉൽകൃഷ്ടമായ ജ്ഞാനം
ലോകത്തെ നിന്ദിച്ചു് ദൈവരാജ്യത്തേ ട
ടുത്തടുത്തു ചെല്ലുകയാകുന്നു.

3. നശ്വരങ്ങളായ സമ്പത്തുകളെ
അന്വേഷിക്കുന്നതും അതുകളിൽ ശരണ
പ്പെടുന്നതും മായയാകുന്നു.

ബഹുമതികളെ ആഗ്രഹിക്കയും ഉന്ന
തസ്ഥാനത്തു കയറുവാൻ ശ്രമിക്കയും ചെയ്യു
ന്നതും മായയാണു്.

ശാരീരമായ ആഗ്രഹങ്ങളെ തൃപ്തി പ്പെടുത്തുന്നതും കാലാന്തരത്തിൽ വലുതായ ശിക്ഷയ്ക്കു നിന്നെ വിധേയനാക്കുന്നതിനെ ആഗ്രഹിക്കുന്നതും മായയാണു്.

ദീഘ്രജീവിതം ആഗ്രഹിക്കയും എന്നാൽ നന്നായി ജീവിക്കാൻ ശ്രമിക്കാതിരിക്കയും ചെയ്യുന്നതു മായയാണു്.

താല്ക്കാലിക ജീവിതത്തെപ്പറ്റി മാത്രം ശ്രദ്ധിക്കയും വരുവാനിരിക്കുന്നവയെപ്പറ്റി മുൻകരുതലില്ലാതിരിക്കയും ചെയ്യുന്നതും മായയാണു്.

എത്രയും വേഗത്തിൽ നശിച്ചുപോകുന്നതിനെ സ്നേഹിക്കയും ശാശ്വതഭാഗ്യം സ്ഥിതിചെയ്യുന്നിടത്തേയ്ക്കു സത്വരം പോകാതിരിക്കയും ചെയ്യുന്നതും മായയാണു്.

4. കാണുന്നതുകൊണ്ടു കണ്ണു തൃപ്തി പ്പെടുകയോ കേൾക്കുന്നതുകൊണ്ടു ചെവി നിറയുകയോ ചെയ്യുന്നില്ല എന്ന സുഭാഷിതവാക്യം ക്ഷണക്ഷണം ഓർമ്മിക്കണം.

ആകയാൽ കാണാവുന്ന വസ്തുക്കളോടുള്ള സവ്വ സ്നേഹത്തിൽനിന്നും നിന്റെ ഹൃദയം പിൻവലിക്കാനും കാണാൻ കഴിയാത്തവയിലേയ്ക്കു നിന്നെത്തന്നേ തിരിക്കാനും ഉത്സാഹിച്ചുകൊള്ളുക. എന്തുകൊണ്ടെന്നാൽ ജഡമോഹത്തിന്റെ പുറകേ

പോകുന്നവർ മനസ്സാക്ഷിയെ മലിനമാക്കയും ദൈവപ്രസാദവരം നഷ്ടപ്പെടുത്തുകയും ചെയ്യുന്നു.

2-ാം അധ്യായം

വിനയശീലം

എല്ലാമനുഷ്യരും പ്രകൃത്യാ വിജ്ഞാനം സമ്പാദിക്കുവാൻ ആഗ്രഹിക്കുന്നു; എന്നാൽ ദൈവഭയംകൂടാതെ വിജ്ഞാനംകൊണ്ടു് എന്തു പ്രയോജനം?

സ്വന്തംകാര്യം അവഗണിച്ചു് ആകാശമണ്ഡലത്തിന്റെ ഗതിയെക്കുറിച്ചാലോചിക്കുന്ന അഹങ്കാരിയായ ഒരു തത്ത്വശാസ്ത്രിയെക്കാൾ ദൈവത്തെ സേവിക്കുന്ന വിനീതനായ ഒരു കർഷകനാണുത്തമൻ.

തന്നെത്താൻ നല്ലവണ്ണം അറിയുന്നവൻ സ്വന്തം ദൃഷ്ടിയിൽ ഹീനനാണു്. അയാൾ മനുഷ്യപ്രശംസകളിൽ സന്തോഷിക്കുന്നുമില്ല.

ലോകത്തുള്ള സർവ്വവും എനിക്കറിയാമെങ്കിലും ഞാൻ ദൈവസ്നേഹത്തിൽ നിലനില്ക്കുന്നില്ലെങ്കിൽ, പ്രവൃത്തിയിൽനിന്നു എന്നെ വിധിക്കാനിരിക്കുന്ന ദൈവത്തിന്റെ തിരുമുൻപിൽ എനിക്കെന്തു പ്രയോജനം?

2. അറിവാനുള്ള അമിതമായ ആഗ്രഹം വജ്ജിക്കുക; എന്തെന്നാൽ അതിൽ അധികമായ ബോധപ്പുതർച്ചയും ചതിവുമുണ്ട്.

പഠിപ്പുള്ളവർക്കു തങ്ങൾ ജ്ഞാനസമ്പന്നന്മാരാണെന്നു ശേഷംപേർ കാണണമെന്നും, അവർ അങ്ങനെ പറയണമെന്നും വളരെ ആഗ്രഹമുണ്ട്.

അറിയുന്നതുകൊണ്ട് ആത്മാവിനു അത്യല്പംമാത്രം പ്രയോജനകരവും അഥവാ അല്പംപോലും പ്രയോജനമില്ലാത്തതുമായ വളരെ സംഗതികളുണ്ട്.

തന്റെ നിത്യരക്ഷയ്ക്കുപകരിക്കുന്ന കാര്യങ്ങളിലല്ലാതെ മറ്റു കാര്യങ്ങളിൽ ശ്രദ്ധാലുവായിരിക്കുന്നവൻ കേവലം മൂഢനാണ്.

അധിക സംസാരം ആത്മാവിനെ തൃപ്തിപ്പെടുത്തുന്നില്ല; എന്നാൽ ഒരു നല്ല ജീവിതം മനസ്സിനു് ആശ്വാസം നൽകുന്നു; നിർമ്മല മനസ്സാക്ഷി ദൈവത്തിൽ വലിയ ശരണം ജനിപ്പിക്കയും ചെയ്യുന്നു.

3. എത്ര അധികവും വിശിഷ്ടവുമായ അറിവു നിനക്കുണ്ടോ, നിന്റെ ജീവിതം അതനുസരിച്ചു കൂടുതൽ പരിശുദ്ധമല്ലെങ്കിൽ, നിന്റെ ശിക്ഷാവിധി അത്രത്തോളം കഠിനതരമായിരിക്കും.

ആകയാൽ യാതൊരു കലയോ ശാ

സ്സുമോ പഠിച്ചതുകൊണ്ടു നീ അഹങ്കരിക്കരുത്. നിനക്കു കിട്ടിയിരിക്കുന്ന വിജ്ഞാനം നിമിത്തം നീ ഭയപ്പെടുകയാണുത്തമം.

നിനക്കു അനേകം സംഗതികൾ അറിയാമെന്നും അവ വേണ്ടിടത്തോളം നന്നായി നീ ഗ്രഹിച്ചിട്ടുണ്ടെന്നും നിനക്കു തോന്നുന്നെങ്കിൽ, നിനക്കറിഞ്ഞുകൂടാത്ത മറനവധി കാര്യങ്ങളുണ്ടെന്നു ധരിച്ചുകൊൾക.

നിന്റെ വിചാരത്തിൽ നീ അഹങ്കരിക്കണ്ടാ; പ്രത്യുത, നിന്റെ അറിവില്ലായ്മ മുഴുവനും സമ്മതിച്ചു പറയുക.

നിന്നെക്കാൾ പഠിപ്പുള്ളവരും കൂടുതൽ നിയമജ്ഞന്മാരുമായി പലരുമുള്ളപ്പോൾ നീ മറ്റാരെയെങ്കിലുംകാൾ കൂടുതൽ അറിവുള്ളവനെന്നു നടിക്കുന്നതെന്തു?

ഉപകാരപ്രദമായ വല്ലതും അറിവാനും പഠിക്കാനും നീ ആശിക്കുന്നെങ്കിൽ ശേഷംപേർ നിന്നെ അപ്രസിദ്ധനും നിസ്സാരനുമായിഗണിക്കുവാൻ ആഗ്രഹിച്ചുകൊള്ളുക.

4. തന്നെത്തന്നേ യഥാർത്ഥമായി അറിയുകയും നിന്ദിക്കയും ചെയ്യാൻ പഠിക്കുന്നതാണു് എത്രയും ശ്രേഷ്ഠവും പ്രയോജനകരവുമായ പാഠം.

തന്നെക്കുറിച്ചു യാതൊരു മതിപ്പും ഇല്ലാതിരിക്കുന്നതും മറ്റുള്ളവരെക്കുറിച്ചു സദാ

ഗുണമായും മേന്മയായും ചിന്തിക്കുന്നതും ഉന്നതമായ ജ്ഞാനവും പരിപൂർണ്ണതയുമത്രേ.

മറെറാരുത്തൻ പരസ്യമായി പാപം ചെയ്യുയോ അഥവാ ഗൗരവമുള്ള വല്ല ഹീനതയും പ്രവർത്തിക്കയോ ചെയ്യുന്നതു കണ്ടാൽ നീ അവനേക്കാൾ യോഗ്യനാണെന്നു വിചാരിക്കരുതു്; എന്തുകൊണ്ടെന്നാൽ നിനക്കു് എത്രകാലത്തേയ്ക്കു നന്മയിൽ നിലനില്ക്കാൻ സാധിക്കുമെന്നു നിനക്കറിഞ്ഞുകൂടാ.

നാം എല്ലാവരും ബലഹീനരാണു്; നിന്നെക്കാൾ കൂടുതൽ ബലഹീനനെന്നു നീ ഒരുത്തനെയും ഗണിക്കരുതു്.

3–ാം അധ്യായം

സത്യം പഠിപ്പിക്കുന്നവ

വരകുളാലും നിലനില്ക്കാത്ത നാടങ്ങളാലുമല്ല, പിന്നെയൊ സത്യം എങ്ങനെയിരിക്കുന്നെന്നു തന്നെത്താൻ കാണിച്ചു് **സത്യം** തന്നേ ആരെപ്പഠിപ്പിക്കുന്നുവോ അവൻ ഭാഗ്യവാൻ.

നമ്മുടെ അഭിപ്രായവും ഇന്ദ്രിയങ്ങളും പലപ്പോഴും നമ്മെ വഞ്ചിക്കുന്നു; അല്പംമാത്രം നാം കാണുകയും ചെയ്യുന്നു.

നിഗ്രഹവും അവ്യക്തവുമായ കാര്യങ്ങളെക്കുറിച്ചു വലിയ തർക്കം നടത്തിയിട്ടു പ്രയോജനമെന്തു്? അവ അറിയാത്തതിനെപ്പറ്റി വിധിദിവസത്തിൽ നമ്മോടു ചോദ്യം ചെയ്കയില്ല.

പ്രയോജനമുള്ളവയും ആവശ്യമുള്ളവയും അവഗണിച്ചിട്ടു് കൗതുകകരങ്ങളും ഉപദ്രവകരങ്ങളുമായ കാര്യങ്ങളിൽ ശ്രദ്ധപതിക്കുന്നതു വലിയ മൂഢതയാകുന്നു. നമുക്കു കണ്ണുകളുണ്ടെങ്കിലും നാം കാണുന്നില്ല.

ജാതികളെയും വർഗ്ഗങ്ങളെയുംപറ്റിയുള്ള വിവാദംകൊണ്ടു നമുക്കെന്തുപ്രയോജനം? നിത്യവചനം ആരോടു സംസാരിക്കുന്നുവോ അവൻ നാനാവിധ അഭിപ്രായങ്ങളിൽനിന്നു വിമുക്തനാകുന്നു.

ഏകമായ ആ വചനത്തിൽനിന്നു സകലവുമുണ്ടായി, സകലവും ആ ഒന്നുതന്നെ സംസാരിക്കയും ചെയ്യുന്നു. ഇതുതന്നെയാണു് സുവ്വാരംഭം. ഇതു നമ്മോടു സംസാരിക്കയും ചെയ്യുന്നു. ഇതില്ലാഞ്ഞാൽ യാതൊരുത്തനും ഗ്രഹിക്കുകയോ ശരിയായി വിധിക്കയോ ചെയ്യുന്നില്ല.

ആകെ എല്ലാം ഒന്നായിരിക്കയും ആകെ എല്ലാം ഒന്നിനോടു സംബന്ധിപ്പിക്കയും,

എല്ലാം ഒന്നിൽ കാണുകയും ചെയ്യുന്നവോ അവനു ഹൃദയത്തിൽ സ്ഥിരതയും ദൈവത്തിൽ സമാധാനവുമുള്ളവനായി ജീവിക്കാൻ കഴിയും.

ഓ! സത്യംതന്നെ ആയ ദൈവമേ! അനന്തമായ സ്നേഹത്തിൽ എന്നെ നിന്നോടുകൂടി ഒന്നാക്കണമേ.

വളരെ സംഗതികളെക്കുറിച്ചു വായിക്കുന്നതും, കേൾക്കുന്നതും എനിക്കു പലപ്പോഴും വെറുപ്പായിത്തീരുന്നുണ്ട്; ഞാൻ ഇഷ്ടപ്പെടുന്നതും ആഗ്രഹിക്കുന്നതും എല്ലാം നിന്നിലുണ്ട്.

നിന്റെ സന്നിധിയിൽ സകല ശാസ്ത്രജ്ഞരും മൗനം അവലംബിക്കട്ടെ; സൃഷ്ടികളും നിശ്ശബ്ദരുമായിരിക്കട്ടെ. നീ മാത്രം എന്നോടു സംസാരിക്ക.

2. ഒരു മനുഷ്യൻ തന്നിൽത്തന്നെ എത്രമാത്രം യോജിച്ചും ഉള്ളിൽ കപടമില്ലാതെയും ഇരിക്കുന്നുവോ അത്ര അധികം അവൻ ഉന്നതകാര്യങ്ങളെ ആയാസംകൂടാതെ ഗ്രഹിക്കുന്നു; എന്തെന്നാൽ മുകളിൽ നിന്നു് അവന്റെ ബുദ്ധിക്കു വെളിച്ചം കിട്ടുന്നു. ശുദ്ധവും, പരമാർത്ഥവും സ്ഥിരവുമായ മനസ്സു പല ജോലികളാൽ പതറിപ്പോകുന്നില്ല; അവൻ എല്ലാം ദൈവസ്തുതി

ക്കായി ചെയ്യുന്നു; എല്ലാ സ്വാർത്ഥതകളിൽ നിന്നും വിരമിച്ചു തന്നിൽത്തന്നെ സമാധാനമായിരിപ്പാൻ യത്നിക്കുന്നു.

നിന്റെ ഹൃദയത്തിന്റെ അമരാത്ത ആസക്തിയെക്കാൾ നിനക്കു പ്രതിബന്ധവും ഉപദ്രവവുമായി മറ്റെന്തുണ്ടു"?

നല്ലവനും ഭക്തനുമായ മനുഷ്യൻ പുറമേ ചെയ്യാനുള്ള പ്രവൃത്തികളെല്ലാം ആദ്യംതന്നെ അകമേ ക്രമപ്പെടുത്തുന്നു. അവ അവനെ ഒരാഗ്രഹങ്ങളിലേയ്ക്കു ആകർഷിക്കുന്നില്ല; പ്രത്യുത, നേർമുഖിയുടെ ഇഷ്ടത്തിനു അവൻ അവയെ വായിക്കുന്നു.

തന്നെത്തന്നെ ജയിക്കാൻ ശ്രമിക്കുന്നവന്റെ യുദ്ധത്തെക്കാൾ വലുതായ യുദ്ധം ചെയ്യാനുള്ളതാക്കാണു"?

നമ്മെത്തന്നെ അടക്കുവാനും ദിനംപ്രതി നമ്മുടെമേൽ അധികം ജയമുണ്ടാകുവാനും അങ്ങനെ നന്മയിൽ അല്പമെങ്കിലും വളരുവാനുമായിരിക്കണം നമ്മുടെ ഉദ്യമം.

3. ഈ ജീവിതത്തിലെ ഓരോ പൂർണ്ണതയ്ക്കും അതിനോടു ചേർന്നിരിക്കുന്ന ഏതെങ്കിലും ന്യൂനതയുണ്ടായിരിക്കും. നമ്മുടെ എല്ലാ ആലോചനകളിലും അല്പമെങ്കിലും തെളിവു കുറവു കണ്ടേക്കാം.

ശാസ്ത്രസംബന്ധമായ അഗാധാന്വേഷ

ണത്തെക്കാൾ നിന്നെക്കുറിച്ചുതന്നേയുള്ള വിനയപൂർവ്വമായ അറിവാണു് ദൈവത്തിങ്കലേക്കുള്ള ഏറ്റവും സുഗമമായ മാർഗ്ഗം.

വിദ്യയെയോ, സ്വതേ നല്ലതും ദൈവകല്പിതവുമായ കായ്ത്തെപ്പറ്റിയുള്ള സാമാന്യജ്ഞാനത്തെയോ പഠിക്കേണ്ട ആവശ്യമില്ല; എന്നാൽ നല്ല മനസ്സാക്ഷിയെയും സുകൃതജീവിതത്തെയുമാണു് അതിലും നന്നായി മതിക്കേണ്ടതു്.

വളരെ ആളുകൾ നല്ല ജീവിതത്തെക്കാൾ വിജ്ഞാനസമ്പാദനത്തിനു കൂടുതൽ പ്രയത്നിക്കുന്നതുകൊണ്ടു അവർ അബദ്ധത്തിൽ ഉൾപ്പെടുന്നു, മിക്കവാറും നിഷ്ഫലമായി പ്രയത്നിക്കുന്നു; ഫലമുണ്ടെങ്കിലോ അതു് അല്പംമാത്രമായിരിക്കയും ചെയ്യുന്നു.

4. വിവാദങ്ങൾ പുറപ്പെടുവിക്കുന്നതിലുള്ളത്ര ഉത്സാഹം ഗുർഗ്രണങ്ങളെ നിർമ്മൂലമാക്കുന്നതിലും സൽഗ്രണങ്ങളെ നട്ടുപിടിപ്പിക്കുന്നതിലും കാണിച്ചിരുന്നെങ്കിൽ ജനങ്ങളുടെ ഇടയിൽ ഇത്രവളരെ തിന്മകളും ഇടർച്ചകളും സന്യാസഭവനങ്ങളിൽ ഇത്രയധികം അയവും ഉണ്ടാകയില്ലായിരുന്നു.

നിശ്ചയമായും നാം എന്തുപഠിച്ചെന്നല്ല, എന്തു ചെയ്യുന്നു മാത്രമേ വിധിദിവസത്തിൽ നമ്മോടു ചോദ്യം ചെയ്യുകയുള്ളു.

അതുപോലെതന്നെ എത്ര ഭംഗിയായി പ്രസംഗിച്ചെന്നല്ല, എത്ര ഭക്തിയോടെ ജീവിച്ചെന്നു മാത്രമേ ചോദിക്കയുള്ളൂ.

പഠനംകൊണ്ടു മഹാ പ്രസിദ്ധന്മാരായി ജീവിച്ചവരും നിന്റെ പരിചയക്കാരും ആയിരുന്ന ശാസ്ത്രജ്ഞന്മാരും പണ്ഡിതന്മാരും ഇപ്പോൾ എവിടെ എന്നു ഏതാനോട്ടു പറയുക.

അവരുടെ സ്ഥാനോന്നതി വേറേ ആളുകളുടെ അനുഭവത്തിലാണു; അവരേപ്പറ്റി ഇവർ ചിന്തിക്കുന്നുണ്ടെന്നുപോലും തോന്നുന്നില്ല.

അവരുടെ ജീവിതകാലത്തു് അവർ എന്തൊ വലിയവർ ആയിരുന്നു എന്നു തോന്നിയിരുന്നു; ഇപ്പോൾ അവരെക്കുറിച്ചു ആരും ഒന്നും പറയുന്നില്ല.

5. ഹാ! ലോകമഹിമ എത്രവേഗം കടന്നുപോകുന്നു! അവരുടെ ജീവിതം അവരുടെ അറിവിനു അനുയോജ്യമായിരുന്നെങ്കിൽ നന്നായിരുന്നു. അങ്ങനെ ആയിരുന്നുവെങ്കിൽ അവർ വായിച്ചതും പഠിച്ചതും പ്രയോജനകരമായിരുന്നേനേ.

ദൈവശുശ്രൂഷയിൽ അത്ര ഉത്സാഹം ഇല്ലാത്ത എത്രയോ പേർ വ്യർത്ഥമായ അറിവുമൂലം ലോകത്തിൽ നശിക്കുന്നു.

ഏളിമയുള്ളവരാകുന്നതിനേക്കാൾ മഹിമയുള്ളവരാകുന്നതിനു അവർ ആഗ്രഹിക്കുന്നതുകൊണ്ടു് അവരുടെ വ്യാമോഹങ്ങളിൽത്തന്നെ മുഴുകി അവർ നശിച്ചുപോകുന്നു.

വലിയ സ്നേഹമുള്ളവൻ യഥാർത്ഥത്തിൽ വലിയവനാകുന്നു.

സ്വന്തം അഭിപ്രായത്തിൽ ചെറിയവനും ബഹുമാനത്തിന്റെ അത്യുച്ചസ്ഥാനത്തെ നിസ്സാരമായി ഗണിക്കുന്നവനും സാക്ഷാൽ വലിയവനാണു്.

ലൗകികമായതെല്ലാം അമേദ്യത്തിനു തുല്യമായി ഗണിച്ചു മിശിഹായെ സമ്പാദിക്കുന്നവൻ സാക്ഷാൽ വിവേകിയാണു്.

ദൈവേഷ്ടം നിവ്വഹിക്കയും സ്വേഷ്ടം ഉപേക്ഷിക്കയും ചെയ്യുന്നവനാണു് നല്ലതും യഥാർത്ഥവുമായ അറിവുള്ളവൻ.

4-ാം അധ്യായം

പ്രവൃത്തികളിൽ വേണ്ട വിവേകം

എല്ലാ വാക്കുകളെയും നിർദ്ദേശങ്ങളെയും പെട്ടെന്നു നാം വിശ്വസിക്കരുതു്; പിന്നെയോ, ദൈവതിരുമനസ്സനുസരിച്ചു സംഗതിയെ സൂക്ഷ്മതയോടും ക്ഷമയോടും പരിശോധിക്കണം.

കഷ്ടം! പലപ്പോഴും അന്യരെപ്പറ്റി നന്മയെക്കാൾ തിന്മയെ നാം എളുപ്പത്തിൽ വിശ്വസിക്കയും പറകയും ചെയ്യുന്നു; നാം എത്ര ബലഹീനരാണു്.

എന്നാൽ പരിപൂർണ്ണരായ മനുഷ്യർ കേൾവികളെയെല്ലാം അത്ര എളുപ്പം വിശ്വസിക്കയില്ല. തിന്മയിലേയ്ക്കു ചാഞ്ഞിരിക്കുന്നതും വചനങ്ങളിൽ എളുപ്പം പിഴയ്ക്കുന്നതുമായ മനുഷ്യസ്വഭാവത്തിന്റെ ബലഹീനത അവർക്കറിയാം.

2. നാം ചെയ്യേണ്ട കാര്യങ്ങളിൽ തിടുക്കവും സ്വന്തം അഭിപ്രായങ്ങളിൽ ശാഠ്യവുമില്ലാതിരിക്കുന്നതു വലിയ വിജ്ഞാനമാകുന്നു.

അതുപോലെതന്നേ മനുഷ്യരുടെ എല്ലാ ഭാഷണങ്ങളെയും വിശ്വസിക്കാതെയും, കേക്കുന്നതോ വിശ്വസിക്കുന്നതോ എല്ലാം തൽക്ഷണം ശേഷംപേരോടു പറയാതെയുമിരിക്കുന്നതും വിജ്ഞാനമത്രേ.

അറിവും മനസ്സാക്ഷിയുമുള്ള മനുഷ്യനോടു് ആലോചന ചോദിക്കുക. നീ സ്വന്ത കൗശലബുദ്ധിയെ അനുഗമിക്കാതെ അതിയോഗ്യനായ ഒരാളിന്റെ ഉപദേശം സ്വീകരിക്കുക.

ഉത്തമജീവിതം ഒരുത്തനെ ദൈവ

ത്തിന്റെ ദൃഷ്ടിയിൽ വിജ്ഞനും പല കാര്യങ്ങളിൽ സമർത്ഥനുമാകുന്നു.

ഒരു മനുഷ്യൻ ഹൃദയത്തിൽ എത്ര വിനയമുള്ളവനും ദൈവത്തിനു അനുസരണമുള്ളവനുമാണോ അത്രത്തോളം അധികം അവൻ എല്ലാക്കാര്യങ്ങളിലും ബുദ്ധിമാനും സമാധാനമുള്ളവനുമാകും.

5-ാം അധ്യായം

വിശുദ്ധഗ്രന്ഥ പാരായണം

വിശുദ്ധ ഗ്രന്ഥത്തിൽ അന്വേഷിക്കേണ്ടതു സത്യത്തെയാണു; വാഗ്വിലാസത്തെയല്ല.

വിശുദ്ധ ഗ്രന്ഥമെല്ലാം അതെഴുതിയ മനോഭാവത്തോടുകൂടെത്തന്നേ വായിക്കണം. നാം വിശുദ്ധ ഗ്രന്ഥത്തിൽ ഭാഷാവൈശിഷ്ട്യത്തെക്കാൾ പ്രയോജനത്തെയാണു് അന്വേഷിക്കേണ്ടതു്.

ഉൽകൃഷ്ടവും ഗഹനവുമായവയെപ്പോലെതന്നേ ഭക്തിജനകവും ലഘുതരവുമായ പുസ്തകങ്ങളെ സന്തോഷപൂർവ്വം വായിക്കേണ്ടതാകുന്നു.

ഗ്രന്ഥകർത്താവിന്റെ പ്രാമാണ്യം, അ

തായതു അയാൾ സാഹിത്യഗുണം കുറഞ്ഞ ആളോ കൂടിയ ആളോ എന്നുള്ളതു നിനക്കു രസക്കേടു തോന്നിക്കരുതു്. പ്രത്യുത, കേവലം സത്യത്തെക്കുറിച്ചുള്ള സ്നേഹംമാത്രം വായിക്കാൻ നിന്നെ പ്രോത്സാഹിപ്പിക്കട്ടെ.

പറഞ്ഞതാരാണെന്നനോക്ഷിക്കാതെ പറഞ്ഞിരിക്കുന്നതെന്താണെന്നു ശ്രദ്ധിക്ക.

മനുഷ്യർ കടന്നുപോകുന്നു; തിരുനാഥന്റെ സത്യം എല്ലാക്കാലവും നിലനിൽക്കുന്നു.

2. മുഖദാക്ഷിണ്യം കൂടാതെ ദൈവം പല വിധത്തിൽ നമ്മോടരുളിച്ചെയ്യുന്നു.

കൌതുകാസക്തി നമുക്കു പലപ്പോഴും വിശുദ്ധ ഗ്രന്ഥപാരായണത്തിൽ വിഘ്നം വരുത്തുന്നു. വൃഥാ വിട്ടുകളയേണ്ടതു് ഗ്രഹിപ്പാനും പരിശോധിപ്പാനും നാം ആഗ്രഹിക്കുന്നതാണു് ഇതിനു കാരണം.

അഭിവൃദ്ധി പ്രാപിപ്പാൻ നീ ആശിക്കുന്നെങ്കിൽ എളിമയോടും പരമാർത്ഥതയോടും വിശ്വസ്ഥതയോടുംകൂടി വായിക്കുക. പണ്ഡിതനെന്നുള്ള പേരു സമ്പാദിക്കാൻ ഒരിക്കലും ആഗ്രഹിക്കരുതു്.

നല്ല മനസ്സോടെ വിശുദ്ധന്മാരുടെ വാക്കുകളെ അന്വേഷിച്ചു് അവയെ മൗനമായിരുന്നു കേട്ടുകൊൾക. പൂവ്വികന്മാരുടെ

ഉപമാവാക്യങ്ങളിൽ നിനക്കു അരുചി തോന്നരുതു; അവയൊന്നും കാരണംകൂടാതല്ല പറഞ്ഞിട്ടുള്ളതു.

6-ാം അധ്യായം

ക്രമരഹിതമായ ആഗ്രഹങ്ങൾ

മനുഷ്യൻ ക്രമരഹിതമായി എന്തെങ്കിലും ആഗ്രഹിക്കുമ്പോളൊക്കെയും അവന്റെ ഹൃദയത്തിൽ തൽക്ഷണം സമാധാനക്കേടുണ്ടാകുന്നു.

അഹങ്കാരിക്കും അത്യാഗ്രഹിക്കും ഒരിക്കലും മനസ്സിൽ സമാധാനമുണ്ടാകയില്ല.

തന്നിൽത്തന്നേ പൂർണ്ണമായി മരിച്ചിട്ടില്ലാത്ത മനുഷ്യൻ എളുപ്പത്തിൽ പ്രലോഭനങ്ങളിൽ അകപ്പെടുകയും അല്പങ്ങളും നിസ്സാരങ്ങളുമായ കാര്യങ്ങളിൽ തോൽവിപ്പെടുകയും ചെയ്യുന്നു.

മനശ്ശുദ്ധി കുറഞ്ഞവനും ഒരു പ്രകാരത്തിൽ ഇപ്പോഴും ജഡമോഹങ്ങൾക്കു വശംവദനും ഇന്ദ്രിയവിഷയങ്ങളിലേക്കു ചാഞ്ഞിരിക്കുന്നവനും ലൗകികാശകളിൽനിന്നു പരിപൂർണ്ണമായി പിൻമാറുന്നതു വളരെ പ്രയാസത്തോടുകൂടിയാണു.

അതുകൊണ്ടു അവയിൽനിന്നു പിൻമാ

ുമ്പോൾ അവനു പലപ്പോഴും വിക്ഷോഭം തോന്നുകയും ആരെങ്കിലും വിപരീതമായി പ്രവർത്തിച്ചാൽ അവരോടു മുഷിപ്പത്തിൽ അവൻ കോപിക്കയും ചെയ്യുന്നു.

എന്നാൽ അവൻ ആഗ്രഹിച്ചതു സാധിച്ചാൽ ഉടനെ അവന്റെ മനസ്സാക്ഷിയുടെ പീഡനം അവൻ സഹിക്കുന്നു. എന്തുകൊണ്ടെന്നാൽ അവൻ ആരാഞ്ഞിരുന്ന സമാധാനത്തിനു ഒട്ടും ഉപകരിക്കാത്ത ദുരാശയുടെ പുറകെയാണു അവൻ പോയതു്.

ആകയാൽ ദുരാശകൾക്കു കീഴ്പ്പെടാതെ അവയോടെതിർത്തുകൊണ്ടതേ യാഥാർത്ഥമായ ഹൃദയസമാധാനംപ്രാപിക്കേണ്ടതു്.

അതിനാൽ ജഡമോഹത്തിൽ മുഴുകിയിരിക്കുന്നവന്റെ ഹൃദയത്തിലാകട്ടെ, ബാഹ്യകാര്യങ്ങളിൽ പൂർണ്ണമായി ഉൾപ്പെട്ടിരിക്കുന്നവനിലാകട്ടെ, സമാധാനമുണ്ടാകയില്ല; ആത്മീയകാര്യങ്ങളിൽ ശ്രദ്ധാന്തിയുള്ളവനിൽ മാത്രമേ അതുണ്ടാകയുള്ളു.

7-ാം അധ്യായം

വ്യർത്ഥാശയും അഹങ്കാരവും

മനുഷ്യരെയോ മറ്റു സൃഷ്ടികളെയോ ശരണീകരിക്കുന്ന മനുഷ്യൻ ഭോഷനാണു്.

ഈശോമിശിഹായോടുള്ള സ്നേഹത്തെ പ്രതി അന്യർക്കു ശുശ്രൂഷ ചെയ്യാനും ഈ ലോകത്തിൽ ദരിദ്രനെപ്പോലെ ആയിരിക്കുവാനും നീ ലജ്ജിക്കരുത്.

നിന്നിൽത്തന്നേ നീ ആശ്രയിക്കരുത്; പ്രത്യുത ദൈവത്തിൽ നീ ശരണപ്പെട്ടുകൊള്ളുക.

നിനക്കു കഴിയുന്നതു ചെയ്യുക; ദൈവം നിന്റെ നന്മയ്ക്കായി സഹായിക്കും.

എളിമയുള്ളവരെ സഹായിക്കയും അഹങ്കാരികളെ താഴ്ത്തുകയും ചെയ്യുന്ന ദൈവത്തിന്റെ കൃപയെയല്ലാതെ നിന്റെ വിജ്ഞാനത്തെയോ വല്ലൊരു മനുഷ്യന്റെ കൗശലത്തെയോ നീ ആശ്രയിക്കരുത്.

2. നിനക്കു സമ്പത്തുണ്ടെങ്കിൽ അതിനെക്കുറിച്ചും നിനക്കു സ്നേഹിതന്മാരുണ്ടെങ്കിൽ അവർ പ്രബലന്മാരാണെന്നതിനെക്കുറിച്ചും നീ അഭിമാനിക്കരുത്. സമസ്തവും തരുന്നവനും സർവ്വോപരി തന്നെത്തന്നേ തരുന്നതിനാഗ്രഹിക്കുന്നവനുമായ ദൈവത്തിൽ അഭിമാനിച്ചുകൊള്ളുക.

നിന്റെ ശരീരത്തിന്റെ വലിപ്പത്തെക്കുറിച്ചോ അല്പമായ രോഗത്താൽ ക്ഷയിച്ചു വിരൂപമാകുന്ന ശരീരത്തിന്റെ സൗന്ദര്യത്തെക്കുറിച്ചോ നീ വൻപു പറയരുത്.

നിന്റെ യുക്തിസാമർത്ഥ്യത്തെയോ ബുദ്ധിശക്തിയെയോ കുറിച്ചു അഹങ്കരിക്കരുത്. അഹങ്കരിച്ചാൽ നിനക്കു പ്രകൃത്യാ ഉള്ള സകല നന്മകളുടെയും ദാതാവായ ദൈവത്തിനു നീ അപ്രീതിയുണ്ടാക്കും.

3. നീ മറ്റുള്ളവരെക്കാൾ നല്ലവനാണെന്നു വിചാരിക്കരുത്. മനുഷ്യനിൽ എന്തുണ്ടെന്നറിയുന്ന ദൈവത്തിന്റെ സന്നിധിയിൽ ഒരുപക്ഷേ നീ ഏറ്റവും മോശക്കാരനായിത്തീർന്നേക്കാം.

നല്ല പ്രവൃത്തികളെപ്പറ്റി അഹങ്കരിക്കണ്ടാ; എന്തെന്നാൽ ദൈവത്തിന്റെ ന്യായവിധികൾ മനുഷ്യരുടേതിൽനിന്നു വ്യത്യാസമുള്ളവയാകുന്നു. മനുഷ്യക്കിഷ്ടമായതു പലപ്പോഴും തനിക്കിഷ്ടമാകുന്നില്ല.

നിനക്കു വല്ല നന്മയുമുണ്ടെങ്കിൽ അതു മറ്റുള്ളവക്കു നിന്നെക്കാൾ അധികമുണ്ടെന്നു വിശ്വസിച്ചുകൊള്ളുക. അങ്ങനെ നിനക്കു വിനയശീലം പരിപാലിക്കാം.

നിന്നെ എല്ലാവരുടെയും കീഴാക്കുന്നതുകൊണ്ടു യാതൊരു ദോഷവുമില്ല; എന്നാൽ നീ ആരെയെങ്കിലുംകാൾ യോഗ്യനാണെന്നു പരിഗണിച്ചാൽ അതു വളരെ ദോഷകരമാണ്.

എളിമയുള്ളവനു നിരന്തരമായ സമാ

ധാനം അനുഭവപ്പെട്ടും. അഹങ്കാരിയുടെ ഹൃദയത്തിലാകട്ടെ അസൂയയും ഇടവിടാതുള്ള കോപവും കുടികൊള്ളുന്നു.

8-ാം അധ്യായം

അമിതമായ മമത

നിന്റെ ഹൃദയം എല്ലാവർക്കും തുറന്നു കാണിച്ചുകൊടുക്കരുത്. വിജ്ഞാനവും ദൈവഭയവുമുള്ളവനോടു നിന്റെ കാര്യങ്ങളെപ്പറ്റി ആലോചിക്കുക.

യുവജനങ്ങളോടും പരിചയമില്ലാത്തവരോടും ചുരുക്കമായേ സഹവസിക്കാവു.

സമ്പന്നന്മാരുടെനേരേ മുഖസ്തുതി പറയണ്ടാ; വലിയവരുടെ കൂട്ടത്തിൽ സ്വമനസ്സാ പോകയുമരുത്.

നിന്റെ സംസർഗ്ഗം എളിമയും പരമാർത്ഥവും ഭക്തിയും സുകൃതവും ഉള്ളവരുടെകൂടെ ആയിരിക്കട്ടെ. നല്ലകാര്യങ്ങളെപ്പറ്റി പ്രതിപാദിക്ക.

യാതൊരു സ്ത്രീയോടും അതിപരിചയം അരുത്; എന്നാൽ എല്ലാ നല്ലസ്ത്രീകളെയും പൊതുവായി ദൈവത്തുങ്കൽ ഭരമേല്പിക്കുക.

ദൈവത്തോടും ദൈവഭൃത്തന്മാരോടും

മാത്രം പരിചയപ്പെടുവാൻ ആഗ്രഹിക്കുക; മനുഷ്യരോടുള്ള അടുപ്പം വിടുക.

2. എല്ലാവരോടും സ്നേഹംവേണം, എന്നാൽ അതിപരിചയം നന്നല്ല.

അജ്ഞാതനായ ഒരാൾ ചിലപ്പോൾ കീർത്തിമാനായി ശോഭിക്കാറുണ്ട്. എന്നാൽ അവൻ സന്നിഹിതനാകുമ്പോൾ കാണികളിൽ നീരസം ജനിപ്പിച്ചേക്കാം.

നമ്മുടെ സംസർഗ്ഗത്താൽ ചിലപ്പോൾ ശേഷംപേരെ സന്തോഷിപ്പിക്കുന്നുണ്ടെന്നു നാം വിചാരിക്കാറുണ്ട്. പക്ഷേ നമ്മിലുള്ള ദോഷങ്ങളാൽ നാം അവർക്കു ഇഷ്ടമില്ലാത്തവരാകുവാൻ തുടങ്ങുകയാണു ചെയ്യുന്നത്.

9-ാം അധ്യായം

അനുസരണവും കീഴടക്കവും

കീഴ്വഴക്കത്തിലിരിക്കയും ഒരു തലവന്റെ കീഴിൽ ജീവിക്കയും തന്നിഷ്ടംപോലെ വർത്തിക്കാതിരിക്കയും ചെയ്യുന്നതു വലിയ കാര്യമാണു്.

അധികാരം വഹിക്കുന്നതിനേക്കാൾ അധികം സുരക്ഷിതമായ സ്ഥിതി അധികാരത്തിനു വിധേയമായിരിക്കുന്നതാണു്.

ദൈവസ്നേഹംകൊണ്ട് എന്നതിനെക്കാൾ ആവശ്യം നിമിത്തം കീഴ്വഴക്കത്തിൽ ജീവിക്കുന്നവർ വളരെയുണ്ട്. ഇങ്ങനെയുള്ളവർ കഷ്ടതയനുഭവിക്കയും എളുപ്പത്തിൽ പിഴുപിഴുക്കയും ചെയ്യുന്നു.

ദൈവത്തെപ്രതി പൂർണ്ണഹൃദയത്തോടെ സ്വയം കീഴ്പ്പെടുത്താത്തപക്ഷം അവർക്കു മനഃസ്വാതന്ത്ര്യം ലഭിക്കയില്ല.

എവിടെയെല്ലാം ഓടിനടന്നാലും ശ്രേഷ്ഠന്റെ ഭരണത്തിനു വിനയപൂർവ്വം അനുസരിച്ചാലല്ലാതെ സമാധാനം നീ കണ്ടെത്തുകയില്ല.

ഒരു സ്ഥലം മറെറാന്നിനെക്കാൾ നന്നെന്നുള്ള സങ്കല്പവും സ്ഥലംമാറ്റവും പലരെയും വഞ്ചിച്ചിട്ടുണ്ട്.

2. ഓരോരുത്തനും അവനവന്റെ അഭിപ്രായമനുസരിച്ചു പ്രവർത്തിക്കയും അവനവന്റെ അഭിപ്രായത്തിൽ യോജിപ്പുള്ളവരെ കൂടുതലായി അനുകൂലിക്കയും ചെയ്യുന്നതു നേരുതന്നെ.

എന്നാൽ ദൈവം നമ്മുടെകൂടെയുണ്ടെങ്കിൽ സമാധാനത്തിനുവേണ്ടി ചില പ്പോഴൊക്കെ സ്വാഭിപ്രായം ത്യജിക്കുന്നതു് ആവശ്യമാണു്.

സമസ്തവും പൂർണ്ണമായി അറിയാൻകഴി

യത്തക്കവണ്ണം അത്ര ബുദ്ധിമാനായി അ
രുണ്ട്?

അതുകൊണ്ടു നിന്റെ സ്വന്തം അഭിപ്രാ
യത്തെ ക്രമത്തിലധികം ആശ്രയിക്കാതെ മ
റുള്ളവരുടെ അഭിപ്രായം സസന്തോഷം
കേൾക്കുന്നതിനുസമ്മതമുള്ളവനായിരിക്കുക.

നിന്റെ സ്വന്തം അഭിപ്രായം നല്ല
താണെങ്കിലും ദൈവത്തെപ്രതി അതു ഉപേ
ക്ഷിച്ചു മറൊരുവന്റെ അഭിപ്രായത്തെ
അനുസരിച്ചാൽ അതിൽനിന്നു നിനക്കു
കൂടുതൽ പ്രയോജനമുണ്ടാകും.

3. എന്തുകൊണ്ടെന്നാൽ ഉപദേശം
കേട്ടു അതു സ്വീകരിക്കുന്നതാണു് ഉപദേ
ശം കൊടുക്കുന്നതിനേക്കാൾ അപകടം കു
ഞ്ഞതെന്നു പലപ്പോഴും കേട്ടിട്ടുണ്ടു്.

അവനവന്റെ അഭിപ്രായം നല്ലതാ
ണെന്നു വരാം. എന്നാൽ ന്യായമോ കാരണ
മോ ഉള്ളപ്പോൾ മറുള്ളവരെ അനുസരി
ക്കാത്തതു നിഗളത്തിന്റെയും ശാഠ്യത്തി
ന്റെയും അടയാളമാകുന്നു.

10-ാം അധ്യായം

അമിതമായ സംസാരം

മനുഷ്യരുടെ ബഹളത്തിൽനിന്നു കഴി
യുന്നതു ഒഴിഞ്ഞുമാറുക; ലോകകാര്യങ്ങളെ

പ്പറ്റിയുള്ള വ്യവഹാരം നല്ല ഉദ്ദേശത്തോടുകൂടിത്തന്നെ നടത്തിയാലും അതു വലിയ പ്രതിബന്ധമുണ്ടാക്കും. എന്തുകൊണ്ടെന്നാൽ നാം പെട്ടെന്നു ലോകമായയാൽ മലിനീകൃതരായി അതിന് അടിമകളായിത്തീരുന്നു.

പലപ്പോഴും ഞാൻ മൗനമായിരിക്കയും മനുഷ്യരുടെ കൂട്ടത്തിൽ പോകാതിരിക്കയും ചെയ്തിരുന്നെങ്കിൽ നന്നായിരുന്നു.

എന്നാൽ നാം സംസാരം നിറുത്തി മൗനം അവലംബിക്കുമ്പോൾ പലപ്പോഴും മനസ്സാക്ഷിക്കു ദോഷംപറ്റിയതായി കണ്ടിട്ടും ഇതു സ്വതന്ത്രമായി സംസാരിക്കയും വാഗ്വാദം ചെയ്കയും ചെയ്യുന്നത് എന്തുകൊണ്ടാണ്?

അന്യോന്യസംഭാഷണംകൊണ്ടു പരസ്പരം ആശ്വസിപ്പിക്കാൻ ശ്രമിക്കയും വിവിധ വിചാരങ്ങളാൽ ക്ഷീണിച്ച ഹൃദയത്തെ വിശ്രമിപ്പിക്കുവാൻ ആഗ്രഹിക്കയും ചെയ്യുന്നതുകൊണ്ടാണ് നാം ഇത്ര സന്തോഷപൂർവ്വം സംസാരിക്കാറുള്ളത്.

നാം വളരെ സ്നേഹിക്കയോ ആഗ്രഹിക്കയോ അഥവാ നമുക്കു പ്രതികൂലമെന്നു വിചാരിക്കയോ ചെയ്യുന്ന കാര്യങ്ങളെക്കുറി

ച്ചാണ് നാം വളരെ സന്തോഷവും സംസാരിക്കയും ചിന്തിക്കയും ചെയ്യുന്നത്.

എന്നാൽ കഷ്ടം! അതു പലപ്പോഴും വ്യർത്ഥവും ഫലമില്ലാത്തതുമത്രേ; എന്തെന്നാൽ, ബാഹ്യമായ ഈ ആശ്വാസം ആഭ്യന്തരവും ദൈവികവുമായ ആശ്വാസത്തിനു് അനല്പമായ വിഘ്നമായിത്തീരുന്നു.

2. ആകയാൽ സമയം നിഷ്ഫലമായി കടന്നുപോകാതിരിപ്പാൻ നാം ഉണർന്നിരുന്നു പ്രാർത്ഥിക്കണം.

സംസാരിക്കാൻ ന്യായവും ആവശ്യവുമുള്ളപ്പോൾ നല്ല മാതൃകാപരമായവയെക്കുറിച്ചു് സംസാരിച്ചുകൊള്ളുക.

നീചതഴക്കവും പുണ്യാഭിവൃദ്ധിയിലുള്ള ഉദാസീനതയുമാണ് നമ്മുടെ സംസാരത്തിലുള്ള സൂക്ഷ്മക്കേടിനു മുഖ്യകാരണം.

എന്നാൽ ആത്മീയ കാര്യങ്ങളെക്കുറിച്ചുള്ള ഭക്തിപൂർവ്വമായ സംഭാഷണം, വിശിഷ്യ ഒരേ മനഃസ്ഥിതിയും ആത്മാവുമുള്ളവർ ഒരുമിച്ചുകൂടുമ്പോൾ പുണ്യാഭിവൃദ്ധിക്കു വളരെ സഹായമായിരിക്കും.

11-ാം അധ്യായം

സമാധാനവും പ്രകൃതിനിരീക്ഷണതയും

മറ്റുള്ളവരുടെ വാക്കുകളിലും പ്രവൃത്തികളിലും നമ്മെ സംബന്ധിക്കാത്ത കാര്യങ്ങളിലും ഇടപെടാതിരുന്നാൽ നമുക്കു വളരെ സമാധാനമുണ്ടാകും.

അന്യരുടെ കാര്യങ്ങളിൽ ഇടപെടുകയും ബാഹ്യസാഹചര്യങ്ങൾ അന്വേഷിക്കയും അപൂർവ്വമായിട്ടോ അഥവാ അല്പം മാത്രമായിട്ടോ ആന്തരമായ ഏകാഗ്രതയോടിരിക്കുകയും ചെയ്യുന്നവന് എങ്ങനെ ഏറെനാൾ സമാധാനമായിരിക്കാൻ കഴിയും?

ഏകാഗ്രമായ ഹൃദയമുള്ളവർ ഭാഗ്യവാന്മാർ; എന്തുകൊണ്ടെന്നാൽ അവർക്കു വളരെ സമാധാനമുണ്ടാകും.

2. എന്തുകൊണ്ടാണ് ചില വിശുദ്ധന്മാർ അധികം പുണ്യപൂർണ്ണതയും ധ്യാനതല്പരതയും ഉള്ളവരായത്?

എല്ലാ ലൗകികാഗ്രഹങ്ങളിൽനിന്നും തങ്ങളെ നിശ്ശേഷം മാറുവാൻ അവർ പരിശ്രമിച്ചുവന്നതുകൊണ്ടത്രേ. തന്മൂലം പൂർണ്ണഹൃദയത്തോടെ ദൈവത്തോടു യോജിക്കു

ന്നതിനും സ്വതന്ത്രമായി തങ്ങളെപ്പറ്റി ശ്ര
ദ്ധിക്കുന്നതിനും അവർ പ്രാപ്തരായി.

നാം നമ്മുടെ ദുരാശകളിൽ സ്വയ്ത്ര
മുഴുകിയിരിക്കയും കടന്നുപോകുന്ന വസ്തു
ക്കളെക്കുറിച്ച് അത്യന്താ ഉൽക്കണ്ഠയുള്ളവരാ
യിരിക്കയും ചെയ്യുന്നു.

ഒരു ദുർഗ്രഹത്തെപ്പോലും പൂർണ്ണമായി
നാം ജയിക്കുന്നതും പ്രതിദിനാഭിവൃദ്ധിയിൽ
ഉത്സാഹിക്കുന്നതും അപൂർവ്വമത്രേ. അതുകൊ
ണ്ടാണു നാം ഉദാസീനരും അലസന്മാരുമാ
യിരിക്കുന്നത്.

3. നാം നമുക്കുവേണ്ടിത്തന്നെ പൂർണ്ണ
മായി മരിച്ച് ആഭ്യന്തരമായ യഥാർത്ഥ
സ്വാതന്ത്ര്യം പ്രാപിച്ചവരായിരുന്നെങ്കിൽ
നമുക്കു അപ്പോൾ ദൈവികകാര്യങ്ങളെ ആ
സ്വദിക്കാനും സ്വർഗ്ഗീയ പരമധ്യാനത്തി
ന്റെ ഫലം എത്രാണ്ടു അനുഭവിക്കുന്നതി
നും സാധിച്ചേനേ.

പൂർണ്ണവും ഏറ്റം വലുതുമായ വിഘ്നം
ദുരാശകളിൽനിന്നും ജഡമോഹങ്ങളിൽനി
ന്നും നാം വിമുക്തരായിട്ടില്ലാത്തതും വിശു
ദ്ധന്മാരുടെ ഉത്തമ വഴിയിൽക്കൂടി നട
ക്കാൻ ശ്രമിക്കാത്തതുമത്രേ.

ഏതെങ്കിലും ചെറുതായ ഒരു അന
ർത്ഥം നേരിടുമ്പോൾ നാം അതിവേഗത്തിൽ

മനസ്സുമടുത്തു മനുഷ്യരിൽനിന്നു് ആശ്വാസങ്ങൾ അനേഷിക്കുന്നു.

4. നാം ധീരന്മാരെപ്പോലെ യുദ്ധത്തിൽ ഉറച്ചു നില്ക്കാൻ ശ്രമിച്ചാൽ നിശ്ചയമായും സ്വർഗ്ഗത്തിൽനിന്നു തിരുനാഥൻ നമ്മെ സഹായിക്കുന്നതു കാണും.

എന്തെന്നാൽ സമരം ചെയ്കയും തന്റെ കൃപയിൽ ആശ്രയിക്കയും ചെയ്യുന്നവരെ സഹായിക്കാൻ താൻ സന്നദ്ധനാണു്. നാം വിജയം വരിപ്പാൻ സമരത്തിനുള്ള അവസരങ്ങളെ താൻ നമുക്കു തരികയാണു ചെയ്യുന്നതു്.

നമ്മുടെ പുണ്യാഭിവൃദ്ധി പുറമേയുള്ള ആചാരങ്ങളിൽമാത്രം സ്ഥിതിചെയ്യാൽ നമ്മുടെ ഭക്തിക്കു വേഗത്തിൽ അവസാനമുണ്ടാകും.

ദുരാശകളിൽനിന്നു വിമുക്തരായി മനസ്സമാധാനം പ്രാപിക്കുവാൻ അവയുടെ വേരിനു നമുക്കു കോടാലിവെയ്ക്കാം.

5. നാം ആണ്ടുതോറും ഓരോ ദുർഗ്ഗുണത്തെ നിർമ്മൂലമാക്കിയിരുന്നെങ്കിൽ വേഗത്തിൽ പരിപൂർണ്ണരായ മനുഷ്യരായിത്തീർന്നേനേ.

എന്നാൽ നാം സന്യാസവ്രതം തുടങ്ങിയിട്ടു് ഇപ്പോൾ വളരെ സംവത്സരം കഴി

ഞതശേഷം കാണുന്നത് നാം അതിന്റെ ആരംഭത്തിൽ ഇപ്പോഴത്തേതിൽ അധികം നല്ലവരും വിശുദ്ധരുമായിരുന്നു എന്നാണ്.

നമ്മുടെ തീക്ഷ്ണതയും അഭിവൃദ്ധിയും ദിവസംപ്രതി വളരേണ്ടതായിരുന്നു. എന്നാൽ ഇപ്പോൾ ഒരാൾക്കു അവന്റെ ആദ്യ ശുഷ്കാന്തിയുടെ അല്പാംശമെങ്കിലും ഉണ്ടെന്നവന്നാൽ അതു ഒരു വലിയ കാര്യമായിട്ടാണു വിചാരിക്കുന്നത്.

ആരംഭത്തിൽ സ്വല്പം ബലാല്ക്കാരം പ്രയോഗിച്ചിരുന്നെങ്കിൽ പിന്നീടു സകല കാര്യവും എളുപ്പത്തിലും സന്തോഷത്തോടുകൂടെയും ചെയ്യാൻ നമുക്കു കഴിയുമായിരുന്നു.

6. തഴക്കമായിത്തീർന്ന ഉപേക്ഷിക്കുന്നതു പ്രയാസമാണ്; എന്നാൽ സ്വന്തം മനസ്സിനെതിരായി പ്രവർത്തിക്കുന്നത് അതിലും പ്രയാസമാണ്.

പക്ഷേ ചെറുതും ലഘുവുമായ സംഗതികളെ ജയിച്ചില്ലെങ്കിൽ അവയെക്കാൾ വൈഷമ്യം കൂടിയത് എങ്ങനെ ജയിക്കും?

ആരംഭത്തിൽ നിന്റെ മനോഗതിയെ നിയന്ത്രിക്കുക; നിന്ദ്യപരിശീലനത്തെ ജയിക്കയും ചെയ്ക. അല്ലാത്തപക്ഷം ക്രമേണ ഏറെയും പ്രയാസം കൂടിയതിനെ നീ എതിരിടേണ്ടിവരും.

ഹാ! നിന്റെ നല്ല നടത്തയാൽ നിനക്കുതന്നെ എത്ര സമാധാനവും മറ്റുള്ളവർക്ക് എത്ര ആനന്ദവും വരുത്തുവാൻ സാധിക്കുമെന്നു നീ അറിഞ്ഞിരുന്നെങ്കിൽ പുണ്യാഭിവൃദ്ധിയിൽ നിനക്കു അധികം ജാഗ്രതയുണ്ടാകുമായിരുന്നെന്നു ഞാൻ വിചാരിക്കുന്നു.

12-ാം അധ്യായം

കഷ്ടപ്പാടിന്റെ പ്രയോജനം

നമുക്കു ചിലപ്പോൾ കഷ്ടപ്പാടുകളും വിരോധങ്ങളും ഉണ്ടാകുന്നതു നല്ലതാകുന്നു; എന്തുകൊണ്ടെന്നാൽ അവ മനുഷ്യൻ പരദേശിയാണെന്നു ഗ്രഹിച്ച് അവന്റെ ശരണം ലൌകികവസ്തുക്കളിൽ നിക്ഷേപിക്കാതിരിപ്പാൻ അവനെ ഓർമ്മപ്പെടുത്തുന്നു.

നാം നന്നായി പ്രവർത്തിക്കയും നമ്മുടെ ഉദ്ദേശം നന്നായിരിക്കയും ചെയ്താലും ചിലപ്പോഴൊക്കെ നാം വിരോധങ്ങൾ സഹിക്കയും ശേഷംപേർ നമ്മെ മോശക്കാരും പോരായ്മയുള്ളവരുമായി വിചാരിക്കയും ചെയ്യുന്നത് നല്ലതാണ്.

ഇതുകൾ പലപ്പോഴും എളിമ സമ്പാദിപ്പാൻ സഹായിക്കുന്നു. ആത്മപ്രശംസയിൽനിന്നു നമ്മെ സംരക്ഷിക്കയും ചെയ്യുന്നു.

എന്തുകൊണ്ടെന്നാൽ പുറമേ മനുഷ്യർ നമ്മെ നിന്ദിച്ചു വേണ്ടപോലെ മാനിക്കാതിരിക്കുമ്പോൾ നമ്മുടെ ആഭ്യന്തരസാക്ഷിയായ ദൈവത്തെ നാം അധികം നന്നായി അനേക്ഷിക്കും.

2. അതുകൊണ്ടു മനുഷ്യരിൽ നിന്ന് അധികം ആശ്വാസം അനേക്ഷിക്കാനുള്ള ആവശ്യം നേരിടാതിരിക്കുന്നതിന് മനുഷ്യൻ തന്നെത്തന്നേ ദൈവത്തിൽ പൂർണ്ണമായി ഉറപ്പിക്കേണ്ടതാകുന്നു.

നന്മനസ്സുള്ള മനുഷ്യനു കഷ്ടതകളോ പരീക്ഷകളോ നേരിടുമ്പോൾ അഥവാ, ഭയപ്പീഡാരങ്ങൾ അവനെ പീഡിപ്പിക്കുമ്പോൾ, ദൈവത്തെകൊണ്ടു അവന് എത്ര ആവശ്യമുണ്ടെന്നും ദൈവത്തെക്കൂടാതെ യാതൊരു നന്മയും ചെയ്യാൻ പാടില്ലെന്നും അവൻ നല്ലപോലെ മനസ്സിലാക്കുന്നു.

അപ്പോൾ അവൻ അനുഭവിക്കുന്ന കഷ്ടതകൾ നിമിത്തം അവൻ ദുഃഖിക്കയും വിലപിക്കയും പ്രാർത്ഥിക്കയും ചെയ്യും.

അപ്പോൾ ദീർഘനാൾ ജീവിക്കാൻ അവനു മടുപ്പു തോന്നുകയും മരണം പ്രാപിച്ച് മിശിഹായോടുകൂടെ ചേരുവാൻ അവൻ ആഗ്രഹിക്കയും ചെയ്യുന്നു.

പൂർണ്ണമായ സുരക്ഷിതത്വവും സമാധാ

നവും ഈ ലോകത്തിൽ കണ്ടെത്തുന്നത് അസാദ്ധ്യമെന്ന് അപ്പോൾ നല്ലപോലെ അവൻ മനസ്സിലാക്കുന്നു.

13-ാം അദ്ധ്യായം

പ്രലോഭനങ്ങൾ

നാം ഈ ലോകത്തിൽ ജീവിക്കുന്ന കാലത്തോളം കഷ്ടപ്പാടും പ്രലോഭനങ്ങളും കൂടാതെ ഇരിക്കാൻ സാധിക്കയില്ല.

ഇതിനാലാണ് ഭൂമിയിൽ മനുഷ്യന്റെ ജീവിതം ഒരു പ്രലോഭനമാകുന്നു എന്നു യോബിന്റെ പുസ്തകത്തിലെഴുതിയിരിക്കുന്നത്.

അതുകൊണ്ട് ഓരോരുത്തർ അവരവരുടെ പ്രലോഭനങ്ങളെപ്പറ്റി ജാഗ്രുകരായി പ്രാർത്ഥനകളിൽ ഉണർന്നിരിക്കണം. എന്നാൽ ഒരിക്കലും ഉറങ്ങാതെ ആരെ വിഴുങ്ങേണ്ടു എന്നന്വേഷിച്ചു ചുറ്റിനടക്കുന്ന പിശാചു വഞ്ചിപ്പാൻ അവസരം കണ്ടെത്തുകയില്ല.

ഒരിക്കലും പ്രലോഭനങ്ങൾ ഉണ്ടാകാതിരിക്കത്തക്കവണ്ണം ആരും പുണ്യപൂർണ്ണതയുള്ളവരായി ആരുമില്ല. പ്രലോഭനങ്ങൾ ഒട്ടും ഇല്ലാതിരിക്കാനും അസാദ്ധ്യം.

2. പ്രലോഭനങ്ങൾ ഉപദ്രവകരവും വിഷമതരവുമാണെങ്കിലും അവ പലപ്പോഴും മനുഷ്യനു വളരെ പ്രയോജനകരമാണു്. എന്തുകൊണ്ടെന്നാൽ അവ വഴിയായി മനുഷ്യൻ എളിമയും പരിശുദ്ധിയും അറിവും പ്രാപിക്കുന്നു.

എല്ലാ വിശുദ്ധന്മാരും ഒട്ടുവളരെ പ്രലോഭനങ്ങളും അരിഷ്ടതകളും തരണം ചെയ്തു പുണ്യത്തിൽ അഭിവൃദ്ധി പ്രാപിച്ചവരാണു്.

പ്രലോഭനങ്ങളോടെതിർക്കാൻ കഴിയാഞ്ഞവർ നിത്യശിക്ഷാവിധിക്കു യോഗ്യരായി നശിച്ചുപോയി. പ്രലോഭനങ്ങളും വിഷമതകളും ഉണ്ടാകാതിരിക്കത്തക്കവണ്ണം അത്ര പരിശുദ്ധമായ സന്യാസസഭയോ അത്ര ഏകാന്തമായ സ്ഥലമോ ഇല്ല.

3. മനുഷ്യൻ ജീവിച്ചിരിക്കുന്ന കാലത്തോളം പ്രലോഭനങ്ങളിൽനിന്നു് നിശ്ശേഷം ഒഴിയുന്നതല്ല. എന്തുകൊണ്ടെന്നാൽ നാം ജഡമോഹത്തിൽ ജനിച്ചവരാകയാൽ പ്രലോഭനങ്ങൾക്കുള്ള ഹേതു നമ്മിൽത്തന്നേ ഉണ്ടു്.

ഒരു പ്രലോഭനമോ കഷ്ടതയോ വിട്ടുമാറുമ്പോൾ വേറൊന്നു വരുന്നു. എപ്പോഴും എന്തെങ്കിലും സഹിക്കാൻ നമുക്കുണ്ടാകും. എ

തുകൊണ്ടെന്നാൽ നമ്മുടെ ഭാഗ്യസ്ഥിതിയിലെ നന്മ നമുക്കു നഷ്ടപ്പെട്ടിരിക്കയാണ്.

പലർ പ്രലോഭനങ്ങളിൽനിന്ന് ഒഴിഞ്ഞോടുവാൻ ശ്രമിക്കുന്നു; എന്നാൽ അധികം ഉത്കോടെ അവയിൽ വീഴുന്നു.

ഓടി ഒളിക്കുന്നതുകൊണ്ടുമാത്രം നമുക്കു വിജയം പ്രാപിക്കാൻ ഒക്കുകയില്ല. എന്നാൽ ക്ഷമകൊണ്ടും പരമാർത്ഥമായ എളിമകൊണ്ടുമത്രേ നാം നമ്മുടെ ശത്രുക്കളേക്കാൾ ശക്തിയുള്ളവരാകുന്നത്.

4. വേരു പറിച്ചുകളയാതെ ബാഹ്യമായി മാത്രം തിന്മയിൽനിന്നു പിന്മാറുന്നവൻ അഭിവൃദ്ധി പ്രാപിക്കയില്ല. മാത്രമല്ല, പ്രലോഭനങ്ങൾ ഏറ്റവും വേഗത്തിൽ അവനെ വീണ്ടും ആക്രമിക്കയും അവൻ മുൻപിലത്തേതിലും ഹീനമായതിലാണെന്നു അവനു അനുഭവപ്പെടുകയും ചെയ്യും.

കടുപ്പംകൊണ്ടും നിർബന്ധംകൊണ്ടും സാധിക്കുന്നതിനെക്കാൾ ശാന്തമായ ക്ഷമകൊണ്ട് ക്രമേണ ദൈവസഹായത്താൽ വളരെ നന്നായി നീ അവയെ ജയിക്കും.

പ്രലോഭനങ്ങൾ നേരിടുമ്പോൾ ക്രൂടെക്കൂടെ ആലോചന ചോദിക്ക. പ്രലോഭനത്തിൽ അകപ്പെട്ടിരിക്കുന്നവനോട് കടുപ്പമായി പ്രവർത്തിക്കരുത്; പ്രത്യുത, നീ ആശ്വാ

സം ആഗ്രഹിക്കുന്നതുപോലെ അവനെയും ആശ്വസിപ്പിക്ക.

5. എല്ലാ പ്രലോഭനങ്ങളുടെയും ആരംഭം മനസ്സിന്റെ അസ്ഥിരതയും ദൈവത്തിൽ വേണ്ട വിശ്വാസമില്ലായ്മയുമാണ്.

ചൂക്കാനില്ലാത്ത കപ്പൽ ഓളങ്ങളാൽ അങ്ങുമിങ്ങും അലയുന്നതുപോലെ ഉദാസീനനും പ്രതിജ്ഞയിൽ അസ്ഥിരനുമായ മനുഷ്യന് നാനാവിധ പ്രലോഭനങ്ങൾ നേരിടുന്നു.

അഗ്നി ഇരുമ്പിനെ ശുദ്ധിയാക്കുന്നു; പ്രലോഭനം നീതിമാനെയും.

നമുക്കു എന്തു സാധിക്കുമെന്നു പലപ്പോഴും നമുക്കറിഞ്ഞുകൂടാ; എന്നാൽ പ്രലോഭനങ്ങൾ നമ്മൾ എങ്ങനെയുള്ളവരാണെന്നു വെളിപ്പെടുത്തുന്നു.

പ്രലോഭനങ്ങളുടെ ആരംഭത്തിൽ പ്രത്യേകം സൂക്ഷിക്കണം. എന്തുകൊണ്ടെന്നാൽ മനസ്സിന്റെ വാതലിനകത്തു ശത്രു ഒരു പ്രകാരത്തിലും പ്രവേശിക്കാൻ സമ്മതിക്കാതെ പുറത്തുനിന്നു അതിന്മേൽ മുട്ടുന്ന ക്ഷണത്തിൽത്തന്നെ എതിർക്കുന്നതായാൽ എളുപ്പത്തിൽ അവനെ തോല്പിക്കാം.

'പ്രാരംഭങ്ങൾ തടുക്കേണം; പിൻചി

കിസ്ത ഫലിച്ചിടാ.' എന്നാണ് ഒരാപൂവാക്യമുള്ളത്.

എന്തുകൊണ്ടെന്നാൽ ആദ്യമായി മനസ്സിൽ വെറും ഒരു വിചാരം ഉദിക്കുന്നു. പിന്നീടു ശക്തിയായ ഒരു ഭാവന; പുറകേ സന്തോഷവും ഇഷ്ടമായ ഒരു വികാരവും സമ്മതവും.

ആരംഭത്തിൽ എതിക്കാത്തപ്പോൾ ദുഷ്ടശത്രു ഇങ്ങനെ ക്രമേണ മുഴുവനായി അകത്തു കടക്കുന്നു.

എത്രയധികം എതിക്കുന്നതിൽ ഒരുവൻ ഉദാസീനനാണോ അത്രയധികം ദിവസം പ്രതി ബലഹീനനാകയും ശത്രു അവന്റെ മേൽ പ്രബലപ്പെടുകയും ചെയ്യും.

6. ചിലക്ക് അവരുടെ പുണ്യജീവിതത്തിന്റെ ആരംഭത്തിൽ കഠിന പ്രലോഭനങ്ങളുണ്ടാകാറുണ്ട്. മറ്റു ചിലക്കോ അതിന്റെ അവസാനത്തിലത്രേ. വേറെ ചിലരോ ഒരു പ്രകാരത്തിൽ അവരുടെ ജീവിതകാലം മുഴുവൻ അരിഷ്ടതകൾ അനുഭവിക്കുന്നു.

ദൈവനിശ്ചയത്തിന്റെ ജ്ഞാനത്തിനും നീതിക്കും തക്കവണ്ണം ചിലക്ക് നന്നാലഘുവായ പ്രലോഭനങ്ങളേ ഉണ്ടാകുന്നുള്ളു. ദൈവം മനുഷ്യരുടെ സ്ഥിതിയും യോഗ്യത

യും പരിഗണിച്ചു താൻ തെരഞ്ഞെടുത്ത വരുടെ ശിക്ഷയ്ക്കായി സകലവും മുൻകൂട്ടി ക്രമീകരിക്കുന്നു.

7. ആകയാൽ നമുക്കു പ്രലോഭനങ്ങൾ നേരിടുമ്പോൾ നിരാശപ്പെടേണ്ടാ; എല്ലാ ഞെരുക്കങ്ങളിലും നമ്മെ ദയാപൂർവ്വം ആദരിക്കുന്നതിനായി ശുഷ്കാന്തിയോടെ ദൈവത്തോടു പ്രാർത്ഥിച്ചുകൊള്ളണം. വി. പൗലോസു പറയുന്നതുപോലെ 'തീച്ചൂയായിട്ടും ദൈവം പരീക്ഷകളെ നമുക്കു എതിർത്തു നില്ക്കാൻ തക്കവണ്ണം ആക്കിത്തീർക്കും.''

ആകയാൽ എല്ലാ പ്രലോഭനങ്ങളിലും കഷ്ടതകളിലും നമ്മുടെ ആത്മാക്കളെ ദൈവത്തിന്റെ തൃക്കരങ്ങളുടെ കീഴിൽ എളിമപ്പെടുത്തണം. എന്തുകൊണ്ടെന്നാൽ ദൈവം മനസ്സിൽ എളിമയുള്ളവരെ രക്ഷിച്ച് അവരെ ഉയർത്തും.

8. പ്രലോഭനങ്ങളും കഷ്ടതകളും ഒരുവൻ പുണ്യത്തിൽ എത്രമാത്രം വർദ്ധിച്ചു എന്നു തെളിയിക്കുന്നു; അവയിൽ അവനു കൂടുതൽ യോഗ്യതയുണ്ടായി. പുണ്യം അധികം പ്രത്യക്ഷപ്പെടുന്നു.

കഷ്ടത അനുഭവിക്കാത്തപ്പോൾ ഒരുത്തൻ ഭക്തിയും ശുഷ്കാന്തിയും ഉള്ളവനായിരിക്കുന്നതു വലിയ കാര്യമല്ല. അനർത്ഥകാ

ലത്ത് ക്ഷമയോടെ എല്ലാം സഹിക്കുന്നവ ക്ഷം അവനു വലിയ പുണ്യവർദ്ധനയുണ്ടാകുമെന്നാശിക്കാം.

ചിലർ വലിയ പ്രലോഭനങ്ങളിൽനിന്നു രക്ഷപെട്ടാലും ദിനംപ്രതിയുണ്ടാകുന്ന നിസ്സാരപരീക്ഷകളിൽ ക്രൂടെക്രൂടെ വീഴുന്നു; ഇത് നിസ്സാരസംഗതികളിൽ വീഴ്ചക്കാരാകകൊണ്ടെളിമപ്പെട്ടു സാരമേറിയതുകളിൽ ഒരിക്കലും തങ്ങളെത്തന്നേ ആശ്രയിക്കാതിരിക്കുന്നതിനാണ്.

14-ാം അധ്യായം

അവിവേകമായ വിധി

നിന്റെ കണ്ണുകളെ നിന്നിലോട്ടുതന്നേ തിരിക്കുക; അന്യന്മാരുടെ പ്രവൃത്തികളെ വിധിക്കുന്നതിൽ സൂക്ഷ്മമുള്ളവനായിരിക്കണം.

അന്യന്മാരെ വിധിക്കാൻ ഒരു മനുഷ്യൻ ചെയ്യുന്ന പ്രയത്നം നിഷ്ഫലമാകുന്നു. പലപ്പോഴും അവൻ തെറ്റിപ്പോകയും എളുപ്പത്തിൽ പാപം ചെയ്കയും ചെയ്യുന്നു. തന്നെത്താൻ പരിശോധിച്ചു വിധിക്കുന്ന ജോലി എപ്പോഴും ഫലവത്താണ്.

ഒരു കാര്യത്തെപ്പറ്റിയുള്ള നമ്മുടെ വിധി പ്രായേണ നമ്മുടെ ഹൃദയത്തിലെ വാസനയ്ക്കനുരൂപമായിരിക്കും; എന്തുകൊണ്ടെന്നാൽ സ്വാർത്ഥതനിമിത്തം നേരായി വിധിക്കാൻ നമുക്കു സാധിക്കുന്നില്ല.

ദൈവം എല്ലായ്പോഴും നമ്മുടെ ആഗ്രഹത്തിന്റെ ഏകവിഷയമായിരുന്നെങ്കിൽ നമ്മുടെ അഭിപ്രായങ്ങൾക്ക് എതിരുണ്ടാകുമ്പോൾ നാം ഇത്ര എളുപ്പം വിഷമിക്കയില്ലായിരുന്നു.

എന്നാൽ നമ്മെ ആകർഷിക്കുന്ന എന്തോ ഒന്നു പലപ്പോഴും നമ്മുടെ ഉള്ളിൽ മറഞ്ഞുകിടക്കുന്നു; അഥവാ പുറമേനിന്നു സഹായിക്കയും ചെയ്യുന്നു.

2. മിക്കവരും തങ്ങളുടെ പ്രവൃത്തികളിൽ ആന്തരമായി സ്വാർത്ഥതയുള്ളവരാകുന്നു; അവർ അതറിയുന്നില്ല.

അവരുടെ മനസ്സിനും അഭിപ്രായത്തിനും അനുസരിച്ചു കാര്യങ്ങൾ നടക്കുമ്പോൾ, അവർ നല്ല സമാധാനത്തിലിരിക്കുന്നെന്നു തോന്നും; എന്നാൽ അവരുടെ ആഗ്രഹം പോലെ അല്ലാതെ സംഭവിച്ചാൽ എളുപ്പത്തിൽ മനസ്സിളകി അവർ കുണ്ഠിതപ്പെടുന്നു.

വിചാരങ്ങളിലും അഭിപ്രായങ്ങളിലും ഉള്ള വ്യത്യാസത്താൽ സ്നേഹിതന്മാരുടെയും

അയൽവാസികളുടെയും ഇടയിലും സന്യാസികളുടെയും ഭക്തന്മാരുടെയും ഇടയിലും പലപ്പോഴും ഭിന്നതകൾ ഉണ്ടാകുന്നു.

പഴകിയ തഴക്കം ഉപേക്ഷിക്കാൻ എളുപ്പമല്ല. സ്വാഭിപ്രായം ഉപേക്ഷിക്കാൻ ഒരുത്തക്കും മനസ്സുണ്ടാകയുമില്ല.

ഈശോമിശിഹായ്ക്കു കീഴ്പ്പെട്ടുക എന്ന ഗുണവിശേഷത്തെക്കാൾ നിന്റെ സ്വന്തം ബുദ്ധിയെയോ പ്രയത്നത്തെയോ നീ ആശ്രയിക്കുന്നപക്ഷം നിനക്കു പ്രകാശമുണ്ടാകാൻ പ്രയാസം; ഉണ്ടായാലും വളരെ സാവധാനത്തിലേ അതുണ്ടാകയുള്ളു.

എന്തുകൊണ്ടെന്നാൽ നാം പൂർണ്ണമായി തനിക്കു കീഴ്പ്പെട്ടു നമ്മിൽ ജ്വലിക്കുന്ന സ്നേഹത്താൽ നമ്മുടെ ബുദ്ധിയെക്കാൾ കവിഞ്ഞു നിൽക്കണമെന്നു ദൈവം തിരുമനസ്സായിരിക്കുന്നു.

15-ാം അധ്യായം

സ്നേഹപരമായ പ്രവൃത്തികൾ

ലോകത്തിലെ ഏതൊരു സംഗതിക്കു വേണ്ടിയുമാകട്ടെ ഏതൊരു മനുഷ്യനോടുള്ള സ്നേഹം നിമിത്തവുമാകട്ടെ യാതൊരു തിന്മ

യും ചെയ്യരുത്. എന്നാൽ ആവശ്യത്തിൽ ഇരിക്കുന്നവന്റെ പ്രയോജനത്തിനായി ഒരു സൽകൃത്യം സ്വതന്ത്രമായി ഉപേക്ഷിക്കയോ അഥവാ പകരം അതിലും നല്ലതായ മറെറാന്നു ചെയ്യുകയോ ആകാം.

ഇങ്ങനെ ചെയ്യുന്നതുകൊണ്ടു നാം ഒരു സൽപ്രവൃത്തിയെ നഷ്ടപ്പെടുത്തുകയല്ല, അധികം നല്ലതായ മറെറാന്നാക്കിത്തീർക്കയാണു ചെയ്യുന്നത്.

ദൈവസ്നേഹം കൂടാതെ ബാഹ്യമായ പ്രവൃത്തികൊണ്ടു യാതൊരു പ്രയോജനവുമില്ല. ദൈവസ്നേഹം നിമിത്തം ചെയ്യുന്ന പ്രവൃത്തികളോ, അവ എത്രതന്നെ നിസ്സാരവും തുച്ഛവുമായിരുന്നാലും, എല്ലാം ഫലപ്രദമത്രേ. എന്തുകൊണ്ടെന്നാൽ ദൈവം അധികം നോക്കുന്നത് ഒരുത്തൻ എത്രമാത്രം വേലചെയ്തു എന്നതിനെക്കാൾ എത്ര സ്നേഹത്തോടെ പ്രവർത്തിച്ചു എന്നാണ്.

2. അധികം സ്നേഹിക്കുന്നവൻ അധികം പ്രവർത്തിക്കുന്നു.

താൻ ചെയ്യുന്ന കാര്യം നല്ലവണ്ണം ചെയ്യുന്നവൻ അധികം ചെയ്യുന്നു.

സ്വന്തം മനസ്സിനെക്കാൾ പൊരുളുനോക്കി പ്രവർത്തിക്കുന്നവൻ നന്നായി പ്രവർത്തിക്കുന്നു.

പലപ്പോഴും ദൈവസ്നേഹം എന്നു തോന്നുന്നതു സ്വാഭാവികമായ സ്നേഹം മാത്രമാകുന്നു. എന്തുകൊണ്ടെന്നാൽ സ്വാഭാവികമായ മനോഗതി, തന്നിഷ്ടം, പ്രതിഫലം കിട്ടുമെന്നുള്ള പ്രതീക്ഷ, നമ്മുടെ സൗകര്യത്തിലുള്ള താല്പര്യം എന്നിവ അതിൽ കാണാതിരിക്കുന്നതു ദുർല്ലഭമാണ്.

3. യഥാർത്ഥവും പരിപൂർണ്ണവുമായ ദൈവസ്നേഹമുള്ളവൻ ഒരു സംഗതിയിലും തൻകാര്യം തേടുന്നില്ല; പിന്നെയോ എല്ലാത്തിലും ദൈവമഹത്വം ഉണ്ടാകണമെന്നു മാത്രം ആഗ്രഹിക്കുന്നു.

അവൻ സ്വാർത്ഥപരമായ സന്തോഷം ഇച്ഛിക്കാത്തതിനാൽ ഒരുത്തരോടും അവനു അസൂയയില്ല.

തന്നിൽത്തന്നെ ആനന്ദിക്കാതെ എല്ലാ നന്മകൾക്കും ഉപരിയായി ദൈവത്തിൽ ഭാഗ്യം അനുഭവിക്കാനാഗ്രഹിക്കുന്നു.

അവൻ നന്മയായിട്ടുള്ളതു യാതൊന്നും മനുഷ്യരിൽനിന്നു വന്നതെന്നു ഗണിക്കാതെ ഒരു ഉറവയിൽ നിന്ന് എന്നപോലെ സകല നന്മയും പുറപ്പെടുന്ന ദൈവത്തിന്റേതായി അതിനെ പരിഗണിക്കുന്നു. അതുപോലെതന്നെ സകല വിശുദ്ധന്മാരും പരമാനന്ദമാ

യി ആശ്വസിക്കുന്നതു അവരുടെ പരമ ലക്ഷ്യമായ ആ ദൈവത്തിലാണ്.

ഹാ! ഒരുത്തനു സാക്ഷാലുള്ള ദൈവ സ്നേഹാഗ്നിയുടെ ഒരു പൊരിയെങ്കിലും ഉണ്ടായിരുന്നെങ്കിൽ നിശ്ചയമായിട്ടും അവനു ലോകവസ്തുക്കളെല്ലാം മായകൊണ്ടു നിറഞ്ഞതായി തോന്നിയേനേ.

16-ാം അധ്യായം

അന്യരുടെ കുറവുകൾ സഹിക്കണം

തന്നിലോ അന്യരിലോ തനിക്കു നന്നാക്കാൻ സാധിക്കാത്തവ ദൈവം മറുവിധത്തിൽ ക്രമപ്പെടുത്തുന്നതുവരെ മനുഷ്യൻ ക്ഷമയോടെ സഹിക്കണം.

പക്ഷേ ഇപ്രകാരം ചെയ്യുന്നത് നിന്നെ പരീക്ഷിക്കുന്നതിനും ക്ഷമ അഭ്യസിപ്പിക്കുന്നതിനുമായിരിക്കാം എന്നു വിചാരിച്ചുകൊള്ളുക; എന്തെന്നാൽ ഇവ കൂടാതെ നമ്മുടെ യോഗ്യതകൾക്കു വലിയ വിലയില്ല.

എന്നു വരികിലും ഇപ്രകാരമുള്ള തടസ്സങ്ങളുണ്ടാകുമ്പോൾ ദൈവം നിന്നെ സഹായിച്ച് അവയെ ശാന്തമായി സഹിക്കാൻ

നിനക്കു കഴിവുണ്ടാക്കുന്നതിനുവേണ്ടി നീ പ്രാർത്ഥിക്കണം.

2. ആരോടെങ്കിലും നീ ഒന്നുരണ്ടുപ്രാവശ്യം ഗുണദോഷിച്ചിട്ടു സമ്മതിച്ചില്ലെങ്കിൽ അവനോടു വാദിക്കണ്ടാ; പിന്നെയോ ദൈവതിരുമനസ്സു നിറവേറുന്നതിനായിട്ടും, തന്റെ ദാസന്മാർ മുഖാന്തരം തനിക്കു ബഹുമാനം ഉണ്ടാകുന്നതിനായിട്ടും തിന്മയെ നന്മയായി മാറുവാൻ വേണ്ടുംവിധം അറിയാവുന്ന ദൈവത്തിങ്കൽ സമസ്തവും ഭരമേല്പിച്ചുകൊള്ളുക.

മറുള്ളവരുടെ ന്യൂനതകളും ഏതുതരത്തിലുള്ള വീഴ്ചകളും ക്ഷമിക്കാൻ ശ്രമിക്കുക; ശേഷംപേക്ഷ ക്ഷമിക്കാൻ പലതുനിന്നിലുമുണ്ട്.

നീ ആഗ്രഹിക്കുന്നതുപോലെ നിന്നെത്തന്നേ ആക്കിത്തീർക്കാൻ നിനക്കു സാധിക്കുന്നില്ലെങ്കിൽ അന്യനെ നിന്റെ ഹിതംപോലെ ആക്കിത്തീർക്കാൻ നിനക്കു കഴിയുന്നതെങ്ങനെ?

അന്യർ പുണ്യപൂർണ്ണരാകണമെന്നു നാം ഹൃദയപൂർവ്വം ആഗ്രഹിക്കുന്നു; എന്നാൽ നമ്മുടെ കുറവുകളെ തീർക്കാൻ നമുക്കു മനസ്സില്ല.

3. മറുള്ളവർ കണിശമായ ശാസ

നന്മയ്ക്കു വിധേയരാകണമെന്നു നാം ആഗ്രഹിക്കുന്നു; എന്നാൽ ശാസനയ്ക്കു വിധേയരാകാൻ നമുക്കു മനസ്സില്ല.

ശേഷംപേർക്ക് അധികം സ്വാതന്ത്ര്യം ലഭിക്കുന്നതു നമുക്കു രസിക്കുന്നില്ല; നാം ചോദിക്കുന്നതു നിഷേധിച്ചാൽ നമുക്കു നീരസമുണ്ടാകുന്നു.

മറ്റുള്ളവരെ നിയമങ്ങളാൽ ബന്ധിക്കണമെന്നു നമുക്കു നിർബ്ബന്ധമാണ്; നമ്മെ നിയന്ത്രിക്കുന്നതു ഒരുപ്രകാരത്തിലും നാം സഹിക്കയില്ല.

നമ്മെപ്പോലെ നാം ശേഷംപേരെയും ഗണിക്കുന്നതു എത്ര ദുർല്ലഭമാണെന്നു് ഇതിൽനിന്നു സ്പഷ്ടമാകുന്നു.

എല്ലാവരും പരിപൂർണ്ണരായിരുന്നെങ്കിൽ ദൈവത്തിനുവേണ്ടി അന്യരോടു ക്ഷമിക്കാൻ നമുക്കു എന്തുണ്ടായിരിക്കുമായിരുന്നു?

4. എന്നാൽ പരസ്പരം ഭാരംവഹിക്കാൻ പഠിക്കാനായിട്ടു് ദൈവം ഇപ്പോൾ ഇങ്ങനെ ക്രമപ്പെടുത്തിയിരിക്കുന്നു; യാതൊരുത്തനും കുറവില്ലാത്തവനല്ല; ഭാരം ചുമക്കേണ്ടാത്തവൻ ആരുമില്ല. തനിക്കുതാൻ പോരുന്നവനായി ആരുമില്ല. തനിക്കുവേണ്ട ബുദ്ധി തികച്ചുള്ളവനുമില്ല; എന്നാൽ നാം അന്യോന്യം താങ്ങണം, ആശ്വസിപ്പിക്ക

ണം; പരസ്പരം സഹായിക്കയും, പഠിപ്പിക്കയും ഉപദേശിക്കയും ചെയ്യണം.

ഓരോരുത്തന്റെയും പുണ്യം എത്രത്തോളം ഉണ്ടെന്ന് അനർത്ഥങ്ങൾ നേരിടുന്ന അവസരത്തിൽ നന്നായി വെളിപ്പെടും.

എന്തുകൊണ്ടെന്നാൽ സന്ദർഭങ്ങൾ ഒരു മനുഷ്യനെ ബലഹീനനാക്കുകയല്ല; അവൻ എങ്ങനെയുള്ളവനാണെന്നു കാണിക്കുകയാണു ചെയ്യുന്നത്.

17-ാം അധ്യായം

സന്യാസജീവിതം

മറുള്ളവരുമായി സമാധാനത്തിലും രമ്യതയിലും ഇരിക്കാനാഗ്രഹമുണ്ടെങ്കിൽ പല കാര്യങ്ങളിൽ നിന്നെത്തന്നെ ജയിക്കാൻ പഠിക്കണം.

ആശ്രമങ്ങളിലോ ഭക്തസമൂഹങ്ങളിലോ വാസിച്ചു്, അവിടെ ആവലാതിക്കൂടാതെ ജീവിച്ചു്, മരണപര്യന്തം വിശ്വസ്തനായി നിലനില്ക്കുന്നതു നിസ്സാരകാര്യമല്ല.

അവിടെ നല്ലവണ്ണം ജീവിച്ചു് മഹത്വം നിറഞ്ഞ അവസാനം പ്രാപിക്കുന്നവൻ ഭാഗ്യവാൻ.

വേണ്ടപോലെ നിന്ന് പുണ്യത്തിൽ വർദ്ധിക്കണമെന്നു നിനക്കാഗ്രഹമുണ്ടെങ്കിൽ ഈ ഭൂമിയിൽ നീ ഒരു വിദേശിയും സഞ്ചാരിയും ആണെന്നു വിചാരിച്ചുകൊള്ളുക.

സന്യാസജീവിതം നയിക്കണമെന്നുണ്ടെങ്കിൽ മിശിഹായെപ്രതി ഭോഷനായിത്തീരണം.

2. ഉടുപ്പും പട്ടവും അത്ര ഉപകരിക്കുന്നില്ല; പ്രത്യുത നടപടികളുടെ വ്യത്യാസവും ദുരാശകളുടെ പരിപൂർണ്ണ നിഗ്രഹവുമാണു് ഒരുത്തനെ യഥാർത്ഥ സന്യാസിയാക്കുന്നതു്.

ദൈവത്തെയും ആത്മാവിന്റെ നിത്യരക്ഷയെയും മാത്രമല്ലാതെ വേറെന്തും അന്വേഷിക്കുന്നവൻ കഷ്ടതകളും ദുഃഖവുമല്ലാതെ മറെറാന്നും കണ്ടെത്തുകയില്ല.

ഏറവും നിസ്സാരനും എല്ലാവർക്കും വിധേയനുമാകാൻ ശ്രമിക്കാത്തവനു് ദീർഘനാൾ സമാധാനം അനുഭവിക്കാൻ സാധിക്കയില്ല.

3. നീ ഭരിക്കാനല്ല സേവിക്കാനാണു് ഇവിടെ വന്നിരിക്കുന്നതു്. ക്ഷമിക്കുവാനും അദ്ധ്വാനിക്കുവാനുമായിട്ടാണു നിന്നെ വിളിച്ചിരിക്കുന്നതു്. മടിയനും വായാടിയുമായിരിക്കാനല്ല.

ഇവിടെ തീച്ചൂളയിൽ സ്വർണ്ണത്തെപ്പോലെ മനുഷ്യരെ ശോധന ചെയ്യുന്നു.

ദൈവത്തെപ്രതി പൂർണ്ണഹൃദയത്തോടെ തന്നെത്താൻ എളിമപ്പെടുത്തുവാൻ മനസ്സുള്ളവനല്ലാതെ മറ്റാർക്കും ഇവിടെ നിലനില്ക്കാൻ സാധിക്കയില്ല.

18-ാം അധ്യായം

വിശുദ്ധ പിതാക്കന്മാരുടെ ദൃഷ്ടാന്തങ്ങൾ

യഥാർത്ഥമായ പുണ്യപൂർണ്ണതയും ദൈവഭക്തിയും ഏറ്റവും ഉജ്ജ്വലമായി ശോഭിച്ചിരുന്ന വിശുദ്ധ പിതാക്കന്മാരുടെ സജീവദൃഷ്ടാന്തങ്ങൾ നോക്കുക; നാം ചെയ്യുന്നതു് എത്ര സ്വല്പം, എന്നല്ല മിക്കവാറും ഒന്നുംതന്നെ ഇല്ല എന്നു നീ മനസ്സിലാക്കും.

കഷ്ടം! അവരുടെ ജീവിതത്തോടു് ഒത്തു നോക്കിയാൽ നമ്മുടെ ജീവിതം എന്താണു്?

വിശുദ്ധന്മാരും മിശിഹായുടെ സ്നേഹിതന്മാരും തിരുനാഥനെ സേവിച്ചതു് വിശപ്പിലും ദാഹത്തിലും തണുപ്പിലും നഗ്നതയിലും അദ്ധ്വാനത്തിലും ക്ഷീണത്തിലും ഉറക്കിളപ്പിലും ഉപവാസത്തിലും പ്രാർത്ഥനകളിലും

ഭക്ഷണങ്ങളിലും ഒട്ടധികം ഞെരുക്കങ്ങളിലും അപകീർത്തിയിലും ആയിരുന്നു.

2. സ്ത്രീഹന്മാരും രക്തസാക്ഷികളും "വന്ദക"ന്മാരും കന്യകകളും മിശിഹായെ അനുകരിച്ചിരുന്ന മറ്റെല്ലാവരും ഓ! എത്രയധികമായ കഠിനഞെരുക്കങ്ങളാണു സഹിച്ചത്!

എന്തുകൊണ്ടെന്നാൽ നിത്യജീവിതത്തിനായിട്ട് തങ്ങളുടെ ആത്മാക്കളെ കാക്കുന്നതിന് ഈലോകത്തിൽ അവയെ അവർ അത്ര കാര്യമായി ഗണിച്ചില്ല.

ഹാ! എത്ര നിഷ്കൃഷ്ടയും ആത്മത്യാഗവുമുള്ള ജീവിതമാണ് വിശുദ്ധ പിതാക്കന്മാർ വനത്തിൽ കഴിച്ചിരുന്നത്! എത്ര ദീർഘവും കഠിനവുമായ പ്രലോഭനങ്ങളാണു അവർക്കുണ്ടായിരുന്നത്? എത്രയധികം പ്രാവശ്യം ശത്രു അവരെ ഉപദ്രവിച്ചു! എത്ര കൂടെക്കൂടെ മനമുരുകി അവർ ദൈവത്തോടു പ്രാർത്ഥിച്ചു! എത്ര കർശനമായ ഉപവാസങ്ങൾ അവർ അനുഷ്ഠിച്ചു; എത്ര മഹത്തായ തീക്ഷ്ണതയും ശുഷ്കാന്തിയും തങ്ങളുടെ പുണ്യാഭിവൃദ്ധിയിൽ അവർക്കുണ്ടായിരുന്നു! ദുർഗ്രഹണങ്ങളെ കീഴടക്കുന്നതിനു എത്ര ശക്തിയേറിയ സമരം അവർ നടത്തി. ദൈ

വത്തിങ്കലേയ്ക്കുള്ള അവരുടെ ഉദ്ദേശം എത്ര പരിശുദ്ധവും പരമാർത്ഥവുമായിരുന്നു.

3. അവർ പകൽ മുഴുവൻ വേലചെയ്തിരുന്നു; രാത്രികാലം ദീർഘമായ പ്രാർത്ഥനയിൽ വിനിയോഗിച്ചിരുന്നു. വേല ചെയ്തിരുന്നപ്പോഴും അവർ ധ്യാനത്തിൽനിന്നു വിരമിച്ചിരുന്നില്ല.

അവരുടെ സമയമെല്ലാം അവർ പ്രയോജനകരമായി ചെലവഴിച്ചിരുന്നു. ദൈവത്തോടുകൂടെ ചെലവഴിച്ചിരുന്ന ഓരോ മണിക്കൂറും അവർക്കു അല്പസമയമായി തോന്നിയിരുന്നു. ധ്യാനത്തിന്റെ മഹാമാധുര്യത്താൽ ശരീരത്തിന്റെ ആഹാരം പോലും അവർ മറന്നുപോയിരുന്നു.

സകല സമ്പത്തുകളെയും സ്ഥാനമാനങ്ങളെയും സ്നേഹിതന്മാരെയും ബന്ധുക്കളെയും അവർ പരിത്യജിച്ചു. ലോകത്തിൽ ഒന്നും വേണമെന്നു അവർക്കാഗ്രഹമില്ലായിരുന്നു. ജീവിതത്തിനാവശ്യമായവ ദുർല്ലഭമായേ അവർ അനുഭവിച്ചിരുന്നുള്ളു. ആവശ്യം വരുമ്പോൾ ശരീരത്തെ ശുശ്രൂഷിക്കുന്നതുപോലും അവർക്കു ക്ലേശകരമായിരുന്നു.

അതുകൊണ്ടു ലൗകികവസ്തുക്കളെ സംബന്ധിച്ചിടത്തോളം അവർ ദരിദ്രരായിരു

ന്നു; എന്നാൽ വരപ്രസാദത്തിലും പുണ്യത്തിലും അവർ ബഹുസമ്പന്നന്മാരായിരുന്നു.

ബാഹ്യമായി അവർ ദരിദ്രരായിരുന്നു, ആഭ്യന്തരമായി ദൈവനന്മകളിലും ആശ്വാസങ്ങളിലും സമ്പന്നരുമായിരുന്നു.

4. അവർ ലോകത്തിനു വിദേശികളായിരുന്നു; ദൈവത്തിനു അടുത്തവരും സുപരിചിതമിത്രങ്ങളുമായിരുന്നു.

അവർ നിസ്സാരന്മാരാണെന്ന് അവർക്കുതന്നേ തോന്നിയിരുന്നു; ഈ ലോകത്തിൽ അവർ നിന്ദാവിഷയങ്ങളുമായിരുന്നു. എന്നാൽ ദൈവദൃഷ്ടിയിൽ അവർ വളരെ വിലയുള്ളവരും സ്നേഹഭാജനങ്ങളുമായിരുന്നു.

അവർ യഥാർത്ഥമായ വിനയമുള്ളവരായിരുന്നു.; പരമാർത്ഥമായ അനുസരണത്തിലും അവർ വ്യാപരിച്ചിരുന്നു. അവർ ദൈവസ്നേഹത്തോടും ക്ഷമയോടുംകൂടെ വർത്തിച്ചു; അതുകൊണ്ട് അവർ ദിവസംപ്രതി ആത്മീയമായി അഭിവൃദ്ധിപ്പെടുകയും ദൈവത്തിങ്കൽനിന്നു വലുതായ കൃപ പ്രാപിക്കയും ചെയ്തു.

അവരെ എല്ലാ സന്യാസികൾക്കും മാതൃകകളായി തന്നിരിക്കുന്നു. മറ്റൊരുത്തരുടെ സംഖ്യ നമ്മെ ഉദാസീനന്മാരാക്കുന്നതി

നേക്കാൾ ഇവർ നമ്മെ ആത്മീയാഭിവൃദ്ധി പ്രാപിക്കുവാൻ പ്രേരിപ്പിക്കുന്നു.

5. ഹാ! തങ്ങളുടെ വിശുദ്ധ സഭയുടെ ആരംഭത്തിൽ എല്ലാ സന്യാസികളുടെയും തീക്ഷ്ണത എത്ര വലുതായിരുന്നു.

പ്രാർത്ഥനയിൽ അവരുടെ ഭക്തി എത്ര വലുത്; പുണ്യത്തിൽ പരസ്പരമത്സരം എത്ര മഹത്തായത്; എത്ര വിശിഷ്ടമായ ശിക്ഷണരീതി അവരുടെയിടയിൽ നിലവിലിരുന്നു; എത്ര വണക്കവും എത്ര അനുസരണവും ഒരു മേലധികാരിയുടെ ചട്ടവട്ടത്തിൽ എല്ലാവരിലും പരിലസിച്ചിരുന്നു!

ഇത്ര കഠിനമായ യുദ്ധംചെയ്ത് ലോകത്തെ തങ്ങളുടെ പാദത്തിൻ കീഴിട്ടു മെതിച്ച ഇവരുടെ ഇപ്പോഴും അവശേഷിച്ചിരിക്കുന്ന കാലടികൾ ഇവർ യഥാർത്ഥത്തിൽ പരിശുദ്ധരും പരിപൂർണ്ണരുമായ വീരാത്മാക്കളായിരുന്നു എന്നു സാക്ഷ്യം വഹിക്കുന്നു.

പ്രമാണം ലംഘിക്കാത്തവനും താൻ ഭരമേറ്റ കാര്യത്തെ ക്ഷമയോടെ വഹിക്കാൻ പ്രാപ്തിയുള്ളവനും മഹാനാണെന്ന് ഇപ്പോൾ വിചാരിച്ചുപോകുന്നു.

6. ഹാ! നമ്മുടെ സന്യാസവൃത്തിയിൽ നമുക്കുള്ള മന്ദതയും ഉദാസീനതയും! നമ്മുടെ ആദ്യശ്രേഷ്ഠക്കാന്തി എത്രവേഗം

നാം ഉപേക്ഷിച്ചു. മടിയാലും മന്ദതയാലും ജീവിതംതന്നേ നമുക്കു അസഹ്യമായിത്തീർന്നിരിക്കുന്നു.

ഭക്തന്മാരുടെ ഒട്ടധികം ദൃഷ്ടാന്തങ്ങൾ കണ്ടിട്ടുള്ള നിന്നിൽ പുണ്യാഭിവൃദ്ധി തീരെ ശൂന്യമാകാതിരുന്നെങ്കിൽ കൊള്ളാമായിരുന്നു.

19-ാം അധ്യായം

ഒരു നല്ല സന്യാസിയുടെ അനുഷ്ഠാനങ്ങൾ

ഒരു നല്ല സന്യാസിയുടെ ജീവിതം എല്ലാപുണ്യങ്ങളാലും സമ്പന്നമായിരിക്കണം. എന്നാൽ മാത്രമേ പുറമേ മനുഷ്യർ കാണുന്നതുപോലെ ഉള്ളിലും ആയിരിക്കയുള്ളൂ.

അത്രയുമല്ല, പുറമേ കാണുന്നതിനേക്കാൾ വളരെ അധികം ഉള്ളിൽ ഉണ്ടായിരിക്കാൻ ന്യായമുണ്ട്. എന്തുകൊണ്ടെന്നാൽ നമ്മെ നോക്കിക്കണ്ടറിയുന്നതു ദൈവമാകുന്നു. നാം എവിടെയാണെങ്കിലും ദൈവത്തെ അത്യധികം ഭയഭക്തിബഹുമാനങ്ങൾ ആദരിക്കണം; ദൈവഭൃത്തന്മാരെപ്പോലെ തന്റെ ദൃഷ്ടിയിൽ പരിശുദ്ധന്മാരായി വർത്തിക്കയും വേണം.

ദിവസന്തോറും നമ്മുടെ പ്രതിജ്ഞ പുതുക്കുകയും, നമ്മുടെ മാനസാന്തരത്തിന്റെ ആദ്യ ദിവസത്തിലെപ്പോലെ നമ്മിൽ ഭക്തി തീക്ഷ്ണത വർദ്ധിപ്പിക്കാനായി ഇപ്രകാരം പ്രാർത്ഥിക്കയും ചെയ്യണം.

എന്റെ ദൈവമായ തിരുനാഥാ, എന്റെ നല്ല പ്രതിജ്ഞയിലും നിന്റെ പരിശുദ്ധമായ സേവനത്തിലും എന്നെ സഹായിക്കണമേ; ഇപ്പോൾ, ഇന്നുതന്നെ പൂർണ്ണമായി ആരംഭിക്കുന്നതിനും എനിക്കു കൃപചെയ്യണമേ; എന്തുകൊണ്ടെന്നാൽ ഇതുവരെ ഞാൻ ഒന്നും ചെയ്തിട്ടില്ല.

2. നമ്മുടെ പ്രതിജ്ഞപോലിരിക്കും പുണ്യാഭിവൃദ്ധി; പുണ്യത്തിൽ നല്ലവണ്ണം വർദ്ധിക്കാനാഗ്രഹമുണ്ടെങ്കിൽ അധികമായ ഉത്സാഹം ആവശ്യമാണ്.

ഉറപ്പായി പ്രതിജ്ഞ ചെയ്യുന്നവർപോലും പലപ്പോഴും അതിനു ഭംഗം വരുത്തുന്നെങ്കിൽ ദുർല്ലഭമായിട്ടോ, അഥവാ ഉറപ്പില്ലാതെയോ പ്രതിജ്ഞ ചെയ്യുന്നവന്റെ അനുഭവം എന്തായിരിക്കും?

നമ്മുടെ പ്രതിജ്ഞകളിൽനിന്നു നാം തെറ്റിപ്പോകുന്നതു പലവിധത്തിലാണ്; പുണ്യാഭ്യാസത്തിൽ വരുത്തുന്ന സാമ്പത്തിക

പോലും നമുക്ക് അല്പമെങ്കിലും നഷ്ടത്തിനു ഇടയാക്കാതിരിക്കയില്ല.

നീതിമാന്മാരുടെ പ്രതിജ്ഞ സ്വന്തം അറിവിനെ എന്നതിനെക്കാൾ ദൈവാനുഗ്രഹത്തെ അധികം ആശ്രയിക്കുന്നു; അവർ ഏതു കാര്യങ്ങളിൽ ഏർപ്പെട്ടാലും അവരുടെ വിശ്വാസം അവർ എപ്പോഴും ദൈവത്തിൽ നിക്ഷേപിക്കുന്നു.

എന്തുകൊണ്ടെന്നാൽ മനുഷ്യൻ നിരൂപിക്കുന്നു; എന്നാൽ ദൈവം തീരുമാനിക്കുന്നു; മനുഷ്യൻ നടക്കാനുള്ള വഴി മനുഷ്യന്റെ സ്വാധീനത്തിലല്ലതാനും.

3. ഭക്ഷ്യാഹാരത്തിനായോ സഹോദരന്മാരുടെ പ്രയോജനത്തിനായോ വല്ലപ്പോഴും പതിവായ പുണ്യാഭ്യാസങ്ങൾ വിട്ടുകളഞ്ഞാൽ അവയെ പിന്നീടു നമുക്കു എളുപ്പം നിവൃഹിക്കാവുന്നതാണ്.

എന്നാൽ മനസ്സിന്റെ ഉദാസീനതയോ, ഉപേക്ഷയോ ഹേതുവായിട്ടാണ് അവയെ അതു എളുപ്പം ഉപേക്ഷിച്ചു കളഞ്ഞതെങ്കിൽ അതു വലിയ കുറ്റമാകുന്നു; ദോഷകാരണമായിത്തീരുകയും ചെയ്യും.

നമുക്കു കഴിയുന്നിടത്തോളം പരിശ്രമിക്കാം. എന്നുവരികിലും പലതിലും അല്പമായ വീഴ്ചകൾ നമുക്കുണ്ടാകാം.

പക്ഷേ എപ്പോഴും നിശ്ചയമായ ഒരു പ്രതിജ്ഞ ചെയ്യണം. വിശേഷിച്ച് നമുക്ക വിഘ്നം വരുത്തുന്നവയ്ക്ക് എതിരായ പ്രതിജ്ഞ ചെയ്യണം.

ആഭ്യന്തരമായും ബാഹ്യമായും നമുക്കുള്ളവ ഒരുപോലെ പരിശോധിച്ചു ക്രമപ്പെടുത്തണം; രണ്ടും പുണ്യാഭിവൃദ്ധിക്കുപയുക്തങ്ങളാണ്.

4. നിനക്കു മനസ്സിനെ നിരന്തരം ഏകാഗ്രതയോടെ വെച്ചുകൊള്ളുവാൻ സാധിക്കുകയില്ലെങ്കിൽ ചിലപ്പോഴെങ്കിലും ചുരുങ്ങിയാൽ ദിവസത്തിലൊരിക്കലെങ്കിലും കാലത്തോ വൈകിട്ടോ അപ്രകാരം ചെയ്തുകൊള്ളുക.

കാലത്തു പ്രതിജ്ഞചെയ്യുക. വൈകുന്നേരം വാക്ക്, പ്രവൃത്തി, വിചാരം എന്നിവയാൽ ആ ദിവസത്തെ നിന്റെ നടത്ത എങ്ങനെ ആയിരുന്നു എന്നു പരിശോധിക്കുക. എന്തുകൊണ്ടെന്നാൽ ഇവയിൽ നീ ദൈവത്തെയും അയൽക്കാരനെയും ഉപദ്രവിച്ചിരിക്കാം.

പരമാത്മാവിനെ വിശ്വാസിന്റെ ആ ക്രമങ്ങളെ തടയുവാനായി അരമുക്കിക്കൊള്ളുക. കൊതി നിയന്ത്രിക്കുക; അപ്പോൾ ശാരീരികമായ സകല ദുർമോഹങ്ങളെയും ഏ

റവും എളുപ്പത്തിൽ നിയന്ത്രിക്കാൻ നിനക്കു കഴിയും.

ഒരിക്കലും മുഴുമടിയനായിരിക്കരുത്. ഒന്നുകിൽ എഴുതുകയോ അഥവാ വായിക്കയോ പ്രാർത്ഥിക്കയോ, ധ്യാനിക്കയോ പൊതുവെ പ്രയോജനകരമായതെന്തെങ്കിലും പ്രവർത്തിക്കയോ ചെയ്ക.

എന്നാൽ ശാരീരികമായ അഭ്യാസങ്ങളിൽ വിവേകം വേണ്ടതാകുന്നു; എല്ലാവരും ഒരുപോലെ അവ ചെയ്യേണ്ടതല്ല.

5. പൊതുവല്ലാത്തവ പരസ്യമായി ചെയ്യരുത്. പ്രത്യേകമായവ രഹസ്യത്തിൽ ചെയ്യുന്നതായാൽ അപകടം കുറഞ്ഞിരിക്കും.

പൊതുവായവയിൽ ഉദാസീനനും പ്രത്യേകമായവയിൽ അത്യുത്സാഹിയുമാകാതിരിപ്പാൻ സൂക്ഷിക്കണം. നിനക്കു കടമുള്ളവയും നിന്നോടു കല്പിച്ചിട്ടുള്ളവയും പൂർണ്ണമായും വിശ്വാസപൂർവ്വമായും നിവൃത്തിച്ചിട്ട്. പിന്നെയും സമയം ശേഷിക്കുന്നപക്ഷം നിന്റെ ഭക്തികൊത്തപോലെ പ്രത്യേകാനുഷ്ഠാനങ്ങളെ നിവൃത്തിച്ചുകൊള്ളുക.

എല്ലാവർക്കും ഒരേ അഭ്യാസം ഉണ്ടായിരിക്കാൻ വയ്യാ. ചിലർക്കൊന്ന്, മറ്റു ചിലർക്കു വേറൊന്നു കൂടുതൽ സഹായകമായിരിക്കും.

ഓരോ കാലത്തിനനുസരിച്ചും വെ

വ്വേറേ പുണ്യാഭ്യാസങ്ങൾ ഹൃദ്യമായി ഭവിക്കുന്നു. ചിലതു തിരുനാൾ ദിവസങ്ങളിലും മറു ചിലതു സാമാന്യ ദിവസങ്ങളിലും കൂടുതൽ ആസ്വദനീയങ്ങളാണ്.

പ്രലോഭനസമയങ്ങളിൽ നമുക്കാവശ്യമുള്ളതു ഒരുതരവും, സമാധാനവും വിശ്രമവും അനുഭവിക്കുമ്പോൾ ആവശ്യമുള്ളവ വേറൊരുതരവുമാണ്.

ദുഃഖമുള്ളപ്പോൾ ചിലതിനെക്കുറിച്ചും, കർത്താവിൽ സന്തോഷമുണ്ടാകുമ്പോൾ മറു ചിലതിനെക്കുറിച്ചും ചിന്തിപ്പാൻ നമുക്കിഷ്ടംതോന്നും.

6. പ്രധാനമായ തിരുനാളുകളോടടുത്തു നമ്മുടെ സുകൃതാഭ്യാസങ്ങളെ പുതുക്കി വിശുദ്ധന്മാരുടെ മാധ്യസ്ഥ്യം വളരെ തീക്ഷ്ണതയോടെ അപേക്ഷിക്കണം.

അന്നു നാം ഇഹലോകവാസം വെടിഞ്ഞു നിത്യതിരുനാളിൽ പ്രവേശിക്കാനിരുന്നാൽ എന്നപോലെ ഓരോ തിരുനാളിനോടും നമ്മുടെ പ്രതിജ്ഞകൾ ചെയ്യണം. അതുകയാൽ ഭക്തിക്കുപയുക്തങ്ങളായ കാലങ്ങളിൽ ശ്രദ്ധാപൂർവ്വം നമ്മെത്തന്നേ തയ്യാറാക്കണം, അധിക ഭക്തിയോടെ ജീവിക്കയും വേണം. ദൈവത്തിൽനിന്നു നമ്മുടെ പ്രയത്നത്തിനു

ശീഘ്രം പ്രതിഫലം ലഭിക്കാതിരിക്കുന്ന എ
ന്നുള്ള വിചാരത്തോടുകൂടെ ആചരിക്കേണ്ട
വ എല്ലാം ഏറ്റവും ഭക്തിയോടുകൂടെ ആച
രിക്കയും വേണം.

7. പിന്നത്തേതിന് ആ കാര്യം നീട്ടിവെ
ച്ചാണെങ്കിൽ നാം വേണ്ടപോലെ തയാ
റായിട്ടില്ലെന്നും നിശ്ചിതസമയത്തു വെളി
പ്പെടാനിരിക്കുന്ന അത്ര വലിയ മഹിമയ്ക്ക
നാം യോഗ്യരല്ലെന്നും വിശ്വസിച്ചു നമ്മെ
ആ യാത്രയ്ക്ക് ഏറ്റവും നന്നായി തയാറാ
ക്കുവാൻ ശ്രമിക്കാം.

വി. ലൂക്കാസുവിശേഷകൻ ഇതു സം
ബന്ധിച്ചു് എഴുതിയിരിക്കുന്നതു ഇങ്ങനെ
യാണു്: "തന്റെ യജമാനൻ വരുമ്പോൾ
ഇപ്രകാരം ചെയ്യുന്നവനായി അവൻ കാണ
ന്ന ആ ഭൃത്യൻ ഭാഗ്യവാൻ. അവൻ ത
ന്റെ സകല സമ്പാദ്യത്തിന്മേലും അവ
നെ നിയമിച്ചാക്കുമെന്നു ഞാൻ സത്യമാ
യി നിങ്ങളോടു പറയുന്നു.

20-ാം അധ്യായം

ഏകാന്തതയും മൗനവും

നിന്റെ കാര്യം ശ്രദ്ധിക്കുവാൻ തക്ക
മിശിഹാ. 3

സമയം അനേഷിച്ചു് ദൈവത്തിന്റെ അനുഗ്രഹങ്ങളെപ്പറ്റി ക്കൂടെക്കൂടെ ചിന്തിക്കുക.

കൗതുകകരങ്ങളായവ ഉപേക്ഷിക്കുക.

നേരംകളയാനുപകരിക്കുന്ന സംഗതികളേക്കാൾ നിന്നിൽ പശ്ചാത്താപം ജനിക്കുന്നവയെ മുഖ്യമായി വായിച്ചുകൊള്ളുക.

അതിഭാഷണത്തിൽനിന്നും അലസസന്ദർശനങ്ങളിൽനിന്നും വർത്തമാനങ്ങളും ശ്രുതികളും കേൾക്കുന്നതിൽനിന്നും നീ വിരമിച്ചാൽ നല്ലപോലെ ധ്യാനിപ്പാൻ തക്ക സമയം നിനക്കു ധാരാളമായി കിട്ടും.

മഹാപുണ്യവാന്മാർ കഴിയുന്നിടത്തോളം മനുഷ്യസഹവാസം ഉപേക്ഷിക്കയും ദൈവത്തെ നിശ്ശബ്ദമായി സേവിക്കുവാൻ ഇഷ്ടപ്പെടുകയും ചെയ്തിരുന്നു.

2. ഞാൻ മനുഷ്യരുടെ ഇടയിൽ എത്രപ്രാവശ്യം പോയിരുന്നുവോ അപ്പോഴൊക്കെയും മനുഷ്യത്വം കുറഞ്ഞവനായിട്ടാണു് തിരിയെപ്പോന്നതു എന്നു ഒരു പണ്ഡിതൻ (സേനെക്കാ) പറഞ്ഞിട്ടുണ്ടു്. ഇതുതന്നെ ദീർഘസംഭാഷണത്തിനുശേഷം നമുക്കു പല പ്പോഴും അനുഭവപ്പെടുന്നുണ്ടു്.

നിശ്ശേഷം മൗനം അനുഷ്ഠിക്കുന്നതാണു് അധികമായി സംസാരിക്കുന്നതിനേക്കാൾ എളുപ്പം.

വീട്ടിൽ അടങ്ങിയൊതുങ്ങി ഇരിക്കുന്നതാണു് പുറത്തുപോയി വേണ്ടപോലെ തന്നെത്തന്നേ സൂക്ഷിക്കുവാൻ ശ്രമിക്കുന്നതിനേക്കാൾ എളുപ്പം.

ആകയാൽ ആകെക്കിലും ആന്തരവും ആത്മീയവുമായവയിൽ ചെന്നുചേരണമെന്നുദ്ദേശമുണ്ടെങ്കിൽ അയാൾ ഈശോയോടുകൂടെ പുരുഷാരത്തിൽനിന്നു പിന്മാറിപ്പോകണം.

സന്തോഷപൂർവ്വം രഹസ്യജീവിതം കഴിക്കുന്നവനേ അപകടംകൂടാതെ വെളിയിൽ പ്രത്യക്ഷപ്പെടാൻ സാധിക്കയുള്ളൂ.

സന്തോഷപൂർവ്വം മൗനം അനുഷ്ഠിക്കുന്നവനേ അപകടംകൂടാതെ സംസാരിക്കാൻ സാധിക്കയുള്ളൂ.

സന്തോഷപൂർവ്വം അനുസരിക്കാൻ പഠിച്ചിട്ടല്ലാതെ ഒരുത്തക്കും അപകടമില്ലാതെ ആജ്ഞാപിക്കാൻ സാധിക്കയില്ല.

നല്ല മനസ്സാക്ഷിയുടെ സാക്ഷ്യം ഉള്ളിൽ ഇല്ലാതെ ആർക്കും നിർഭയം ആനന്ദിക്കാൻ കഴിയുകയുമില്ല.

3. എന്നാൽ വിശുദ്ധന്മാർക്കു നിർഭയാവസ്ഥയുണ്ടായിരുന്നതു് അവർ എപ്പോഴും ദൈവഭയം ഉള്ളവരായിരുന്നതുകൊണ്ടാണു്

അവർ വലിയ പുണ്യത്താലും ദൈവാനുഗ്രഹത്താലും ശോഭിച്ചിരുന്നതുകൊണ്ട് ശ്രദ്ധക്കുറവോ ഏളിമക്കുറവോ ഉള്ളവർ അല്ലായിരുന്നു.

ദുഷ്ടന്മാരുടെ നിർഭയാവസ്ഥ അഹങ്കാരത്തിലും ദുരിതത്തിലും നിന്നുത്ഭവിക്കയും, അവസാനത്തിൽ അതവരെ വഞ്ചിക്കയും ചെയ്യുന്നു.

നീ ഒരു സന്യാസി അഥവാ ഒരു ഭക്തനായ വനവാസി, ആണെന്നു തോന്നിയാലും ഈ ജീവിതത്തിൽ നിനക്കു അപകടമില്ലെന്ന് ഒരിക്കലും വിചാരിക്കരുത്.

4. മനുഷ്യരുടെ മതിപ്പിനു ഉത്തമന്മാരായിരുന്നവർ തങ്ങളിൽത്തന്നെ അമിതമായി വിശ്വസിച്ചതിനാൽ പലപ്പോഴും അപകടത്തിൽ വീണിട്ടുണ്ട്.

ആകയാൽ പലക്കും പ്രലോഭനങ്ങൾ ഒട്ടും ഇല്ലാതിരിക്കുന്നതിനെക്കാൾ കൂടെക്കൂടെ പ്രലോഭനങ്ങളുടെ ആക്രമണം ഉണ്ടാകുന്നതാണു നല്ലത്. അല്ലാത്തപക്ഷം അപകടമുണ്ടാകയില്ലെന്നു വിചാരിച്ച് അവർ അഹങ്കരിച്ചേക്കാം; അതുപോലെതന്നെ ബാഹ്യാശ്വാസങ്ങളെ വളരെ സന്തോഷപൂർവ്വം അന്വേഷിക്കയും ചെയ്തേക്കാം.

ഹാ! ക്ഷണത്തിൽ കഴിഞ്ഞുപോകുന്ന സന്തോഷത്തെ ഒരിക്കലും തേടാതിരിക്കയും, ലോകകാര്യങ്ങളിൽ ഒരിക്കലും ഇടപെടാതിരിക്കയും ചെയ്യുന്നവന് എത്ര നല്ല മനസ്സാക്ഷി ഉണ്ടായിരിക്കും.

വ്യർത്ഥമായ എല്ലാ ആകുലചിന്തകളെയും പരിത്യജിച്ച് രക്ഷാകരവും ദൈവികവുമായവയെ മാത്രം ചിന്തിച്ച് അവർ പൂർണ്ണമായി ദൈവത്തിൽ ശരണപ്പെട്ടിരുന്നെങ്കിൽ എത്ര വലിയ സമാധാനവും സ്വസ്ഥതയും അനുഭവിക്കുമായിരുന്നു.

5. വിശുദ്ധ മനഃസ്സാക്ഷി ഉത്സാഹപൂർവ്വം പരിശീലിച്ചിട്ടില്ലെങ്കിൽ ഒരു മനുഷ്യനും സ്വർഗ്ഗീയാശ്വാസത്തിനു യോഗ്യനല്ല.

നിന്റെ ഹൃദയത്തിൽ പശ്ചാത്താപമുണ്ടാകണമെങ്കിൽ "നിങ്ങളുടെ കിടക്കകളിൽ പശ്ചാത്തപിക്കുവിൻ" എന്നു എഴുതിയിരിക്കുന്നതുപോലെ നീ നിന്റെ കിടക്കയിൽ പ്രവേശിച്ച് ലൗകികമായ അസ്വസ്ഥതകളെ ത്യജിച്ചുകൊള്ളുക.

പുറത്തുവെച്ചു പലപ്പോഴും നഷ്ടപ്പെടുന്നതു ആശ്രമമുറിയിൽ നീ കണ്ടെത്തും.

നിന്റെ മുറിയിൽ നീ തുടർച്ചയായി വസിച്ചാൽ ആ വാസം സന്തോഷകരമാകും.

നേരേമറിച്ച് അതിൽ അധികം താമസിക്കാതിരുന്നാൽ അതു മടുപ്പു വരുത്തും.

നിന്റെ മാനസാന്തരത്തിന്റെ ആരംഭത്തിൽ നീ നിന്റെ മുറിയിലിരുന്നു ശീലിക്കയും ആ ശീലത്തെ നല്ലപോലെ സൂക്ഷിക്കയും ചെയ്താൽ അതു പിന്നീടു നിന്റെ പ്രിയ സ്നേഹിതനും ഏറ്റവും ആനന്ദകരമായ ആശ്വാസദാതാവും ആയിരിക്കും.

6. മൌനത്തിലും സമാധാനത്തിലുമാണു കേഴിയുള്ള ആത്മാവ് അഭിവൃദ്ധി പ്രാപിക്കുന്നതും വിശുദ്ധ ഗ്രന്ഥങ്ങളിലെ രഹസ്യങ്ങൾ പഠിക്കുന്നതും.

രാത്രിതോറും തന്നെ കഴുകി ശുദ്ധിവരുത്തുന്ന കണ്ണുനീർപ്രവാഹം അവിടെ കണ്ടെത്തും. ഇങ്ങനെ എല്ലാ ലൌകിക കൂപ്പുങ്ങളിലും നിന്നു ഏറ്റം അകന്നു ജീവിക്കുന്നവോ അത്രത്തോളം ആത്മാവു സ്രഷ്ടാവിന് വളരെ സ്നേഹജനകമായിത്തീരും.

ആകയാൽ നിന്റെ പരിചയക്കാരിലും സ്നേഹിതന്മാരിലും നിന്നു പിന്മാറുന്നിടത്തോളം ദൈവം തന്റെ വിശുദ്ധന്മാരോടും മാലാകാമാരോടുംകൂടെ നിന്നെ സമീപിക്കും.

തന്റെ കാര്യം ഉദാസീനമായിട്ട് അന്യതങ്ങളെ ചെയ്യുന്നതിനേക്കാൾ അപ്രസി

ലനായി ജീവിച്ച് സ്വന്തം കായ്ത്തിൽ ശ്രദ്ധിക്കുന്നതാണു നല്ലത്.

അപൂർവ്വമായി മാത്രം പുറമേ സഞ്ചരിക്കുന്നതും, മനുഷ്യദൃഷ്ടിയിൽനിന്നു ഓടിയൊളിക്കുന്നതും, മനുഷ്യരെ കാണാൻ ആഗ്രഹിക്കാത്തതും സന്ന്യാസിയെ സംബന്ധിച്ചിടത്തോളം പ്രശംസാർഹമാണ്.

7. നിനക്കു സമ്പാദിക്കാൻ വയ്യാത്തതു കാണാൻ ആഗ്രഹിക്കുന്നതെന്തിന്? "ലോകംതന്നെയും അതിന്റെ ഒരാശയും കടന്നു പോകുന്നു."

ശാരീരികമായ ആശകൾ നിന്നെ പുറത്തേയ്ക്കാകർഷിക്കുന്നു; എന്നാൽ ആ സമയം കഴിയുമ്പോൾ മനസ്സാക്ഷിക്കു ഭാരവും ഹൃദയത്തിനു പതർച്ചയുമല്ലാതെ എന്താണു നിനക്കു തിരിയെ കൊണ്ടുവരാനുള്ളത്?

സന്തോഷത്തോടെ വെളിയിലോട്ടു പോയിട്ട് പലപ്പോഴും ദുഃഖത്തോടെയാണു പിന്തിരിയുന്നത്. സന്തോഷകരമായ രാത്രി വിഷാദകരമായ പ്രഭാതത്തെ ഉളവാക്കുകയും ചെയ്യും.

ഇങ്ങനെ ശാരീരികമായ സന്തോഷമെല്ലാം ഇമ്പത്തോടെ ആരംഭിച്ചു ഒടുവിൽ മനസ്സാക്ഷിക്കു ദുഃഖമുണ്ടാക്കി നാശം വരുത്തുന്നു.

ഇവിടെ കാണാത്ത എന്താണു നിനക്കു മറെവിടെയെങ്കിലും കാണാൻ കഴിയുന്നത്? ആകാശവും ഭൂമിയും പഞ്ചഭൂതങ്ങളും നോക്കുക; എന്തെന്നാൽ ഇവകൊണ്ടാണു സമസ്തവും ഉണ്ടായിരിക്കുന്നത്.

8. ദീർഘകാലം നിലനില്ക്കുവാൻ കഴിയുന്നതായി സൂര്യനുകീഴേ വല്ലയിടത്തും നീ വല്ലതും കാണുമോ?

പക്ഷേ നീ തൃപ്തിപ്പെട്ടതായി നീ വിശ്വസിക്കുന്നു; എന്നാൽ ആ സ്ഥിതി നിനക്കു പ്രാപിക്കാവുന്നതല്ല.

സമസ്തവും നിന്റെ കണ്ണിനു മുൻപാകെ പ്രത്യക്ഷമായി വന്നാലും അത് ഒരു വ്യർത്ഥമായ കാഴ്ചയല്ലാതെ മറെറന്താണ്?

ഉന്നതങ്ങളിൽ ദൈവത്തിന്റെ അടുക്കലേയ്ക്കു നിന്റെ കണ്ണുകളെ ഉയർത്തി നിന്റെ പാപങ്ങളെയും ഉദാസീനതകളെയും കുറിച്ചു പ്രാർത്ഥിക്ക.

വ്യർത്ഥങ്ങളായ വസ്തുക്കൾ മൂഢന്മാക്കായി വിട്ടുകളയുക; നിന്നോടു ദൈവം കല്പിച്ച കാര്യങ്ങളിൽ നീ ശ്രദ്ധ പതിക്കുക.

കതകുകൾ അടച്ചു നിന്റെ പ്രിയനായ ഈശോയെ നിന്റെ പക്കലേയ്ക്കു ക്ഷണിക്കുക.

തന്നോടുക്കൂടെ നീ മുറിയിൽ താമസി

ക്കുക; എന്തുകൊണ്ടെന്നാൽ ഇതു വലിയ സമാധാനം മറെറങ്ങും നീ കാണുകയില്ല.

നീ വെളിയിൽ പോയി ശ്രുതികൾക്കു ചെവികൊടുക്കാതിരുന്നെങ്കിൽ നിനക്കു നല്ലപോലെ സമാധാനത്തിൽ വസിക്കാമായിരുന്നു. എന്നാൽ വർത്തമാനങ്ങൾ കേൾക്കാൻ ചിലപ്പോൾ നിനക്കിഷ്ടമുള്ളതുകൊണ്ടാണ് ഹൃദയത്തിൽ അശാന്തത അനുഭവിക്കാൻ ആവശ്യമായി വരുന്നത്.

21-ാം അധ്യായം

പശ്ചാത്താപ പാരവശ്യം

പുണ്യത്തിൽ നിനക്ക് അല്പമെങ്കിലും അഭിവൃദ്ധി പ്രാപിക്കണമെങ്കിൽ ദൈവഭയത്തോടെ ഇരിക്കുക. അതിരുകവിഞ്ഞ സ്വാതന്ത്ര്യം ഉണ്ടായിരിക്കരുത്. നിന്റെ ഇന്ദ്രിയങ്ങളെ എല്ലാം ശിക്ഷണത്തിനു കീഴ്പ്പെടുത്തി ഉചിതമല്ലാത്ത സന്തോഷത്തിൽ ഉൾപ്പെടാതെയും ഇരിക്കുക.

ഹൃദയത്തിൽ പശ്ചാത്താപം ഉണ്ടായിരിക്കട്ടെ, നീ ഭക്തിയുള്ളവനാകും.

പശ്ചാത്താപം ഏറെ നന്മയിലേക്കു വഴി തുറക്കുന്നു; എന്നാൽ ദുർവൃത്തി ആ നന്മയെ വേഗത്തിൽ നശിപ്പിക്കാറുണ്ട്.

താൻ ഈ ലോകത്തിൽ ഒരു വിദേശിയാണെന്നും തന്റെ ആത്മാവിനു വളരെ അപകടങ്ങളുണ്ടെന്നും ചിന്തിച്ചറിയുന്ന മനുഷ്യനു് ഈ ജീവിതത്തിൽ വല്ലപ്പോഴും പൂർണ്ണസന്തോഷമുണ്ടാവാൻ കഴിയുന്നതു ആശ്ചര്യമാണു്.

2. ഹൃദയചാപല്യവും നമ്മുടെ ന്യൂനതകളെക്കുറിച്ചുള്ള വിചാരക്കുറവും നിമിത്തം നമ്മുടെ ആത്മാവിന്റെ ദുഃഖങ്ങളെ നാം അറിയുന്നില്ല; പ്രത്യുത നാം ന്യായപൂർവ്വം കരയേണ്ട സമയങ്ങളിൽ പലപ്പോഴും വൃഥാമായി ചിരിക്കയാണു ചെയ്യുന്നതു്.

നല്ല മനസ്സാക്ഷിയോടുകൂടിയ ദൈവഭയത്തിലല്ലാതെ യഥാർത്ഥമായ സ്വാതന്ത്ര്യവും പരമാർത്ഥമായ ആനന്ദവുമില്ല.

അന്യവിചാരങ്ങൾ മൂലമുള്ള പ്രതിബന്ധങ്ങളെ അകറ്റി പരിശുദ്ധ പശ്ചാത്താപം മുഖേന ഐക്യം പ്രാപിക്കാൻ കഴിയുന്നവൻ സൗഭാഗ്യവാനാകുന്നു.

തന്റെ മനസ്സാക്ഷിയെ മലിനമാക്കാനോ ഭാരപ്പെടുത്താനോ ഇടയുള്ള സകലവും തന്നിൽനിന്നു മാറുന്നവൻ ഭാഗ്യവാൻ.

ധീരതയോടെ യുദ്ധം ചെയ്യുക; തഴക്കം വഴിയായി തഴക്കപ്പെട്ട കീഴടക്കണം.

നിനക്കു മറ്റു മനുഷ്യരെ വിട്ടുമാറാൻ

കഴിയുമെങ്കിൽ അവരും നിന്റെ ജോലി ചെയ്യാൻ നിന്നെ വിട്ടേക്കും.

3. മറ്റുള്ളവരുടെ കാര്യങ്ങളെ നീ ഭരമേല്പിക്കണ്ടാ, വലിയവരുടെ കാര്യങ്ങളിൽ ഇടപെടുകയും വേണ്ടാ.

ഒന്നാമതായി എപ്പോഴും നിന്റെ കണ്ണ് നിന്റെമേൽ വെച്ചിരിക്കണം. നിനക്ക് ഏറ്റവും പ്രിയമുള്ളവരോട് ഉപദേശിക്കുന്നതിനു മുൻപ് പ്രത്യേകമായി നിന്നോടുതന്നെ ഉപദേശിക്കുക.

നിനക്കു മനുഷ്യരുടെ പ്രീതി ഇല്ലെങ്കിൽ അതുകൊണ്ടു സങ്കടപ്പെടണ്ടാ. ഒരു ദൈവശുശ്രൂഷകനും ഭക്തിയുള്ള സന്യാസിയും വ്യാപരിക്കേണ്ടതുപോലെ വേണ്ടിടത്തോളം നന്നായും വിവേകത്തോടുകൂടെയും നീ വ്യാപരിക്കുന്നില്ല എന്നുള്ളതു നിനക്കു അസ്വസ്ഥതയ്ക്കു കാരണമാകട്ടെ.

ഒരു മനുഷ്യനു ഈ ജീവിതത്തിൽ വളരെ ആശ്വാസങ്ങൾ - വിശിഷ്യ ശരീരസംബന്ധമായവ - ഇല്ലാതിരിക്കയാണ് അധികം ഉപകാരപ്രദവും രക്ഷാകരവും. എന്നാൽ നമുക്കു ദൈവികാശ്വാസങ്ങൾ ഇല്ലാതാകയോ അഥവാ അവയെ ദുർല്ലഭമായി മാത്രം നാം അനുഭവിക്കയോ ചെയ്യുന്നതു നമ്മുടെ സ്വന്തം കുറ്റംകൊണ്ടാണ്; എപ്പോ

കൊണ്ടെന്നാൽ, നാം ഹൃദയപശ്ചാത്താപം അന്വേഷിക്കുന്നില്ല. വ്യർത്ഥമായവയും ബാഹ്യമായവയും നാം പൂർണ്ണമായി ഉപേക്ഷിക്കുന്നില്ല.

4. നീ ദൈവികാശ്വാസങ്ങൾക്കു പാത്രമല്ലെന്നും പ്രത്യുത, പീഡകൾക്കാണ് അധികം യോഗ്യനെന്നും ഗ്രഹിച്ചുകൊള്ളുക.

ഒരു മനുഷ്യനു പൂർണ്ണമായ പശ്ചാത്താപമുള്ളപ്പോൾ ഈ ലോകം മുഴുവനും അവനു ഭാരവും കയ്പും ഉള്ളതാകുന്നു.

നല്ല മനുഷ്യൻ ദുഃഖിക്കുന്നതിനും കരയുന്നതിനും ധാരാളം സംഗതികൾ കണ്ടെത്തുന്നു.

തന്നെക്കുറിച്ചു ആലോചിച്ചാലും തന്റെ അയൽക്കാരനെക്കുറിച്ചു ചിന്തിച്ചാലും ഇവിടെ കഷ്ടതകളില്ലാതെ ഒരുത്തരും ജീവിക്കുന്നില്ലെന്നു അവനു് അറിയാം.

തന്നെക്കുറിച്ചു ഒരുവൻ എത്ര കൃത്യമായി ചിന്തിക്കുന്നുവോ അത്ര അധികം ദുഃഖിക്കയും ചെയ്യും.

ന്യായമായ ദുഃഖത്തിന്റെയും ആഭ്യന്തരമായ പശ്ചാത്താപത്തിന്റെയും വിഷയങ്ങൾ നമ്മുടെ പാപങ്ങളും ദുർഗ്ഗുണങ്ങളുമാകുന്നു; ഇവയിൽ നാം കുടുങ്ങിക്കിടക്കുന്നതുകൊണ്ടു സാഹ്ലീയകാര്യങ്ങളെപ്പറ്റി ചുരുക്കമായേ ധ്യാനിക്കാൻ സാധിക്കുന്നുള്ളു.

5. നീ ദീർഘകാലം ജീവിച്ചിരിക്കേണ്ടതിനെപ്പറ്റി ചിന്തിക്കുന്നതിനെക്കാൾ നിന്റെ മരണത്തെപ്പറ്റി ക്കൂടെക്കൂടെ ചിന്തിച്ചാൽ കൂടെക്കൂടെ ശുഷ്കാന്തിപൂർവ്വം ജീവിതനവീകരണം നിർവ്വഹിക്കും എന്നതിനു സംശയമില്ല.

അതുപോലെതന്നെ വരുവാനിരിക്കുന്ന നരകത്തിലെ അഥവാ ശുദ്ധീകരണസ്ഥലത്തെ പീഡകളെക്കുറിച്ച് ഹൃദയപൂർവ്വം ചിന്തിച്ചാൽ അജ്ഞാനവും ദുഃഖവും സന്തോഷപൂർവ്വം സഹിക്കയും യാതൊരു തരത്തിലുള്ള തപോനിഷ്ഠയെയും ഭയപ്പെടാതിരിക്കയും ചെയ്യുമെന്നാണ് എന്റെ വിശ്വാസം.

പക്ഷേ, ഇവയൊന്നും ഹൃദയത്തിൽ തട്ടാതിരിക്കയാലും നമ്മെ പ്രീണിപ്പിക്കുന്ന സംഗതികളെ നാം ഇപ്പോഴും സ്നേഹിക്കയാലും നാം മന്ദന്മാരും മടിയന്മാരുമായിത്തന്നെ ജീവിക്കുന്നു.

6. പലപ്പോഴും ആത്മീയചൈതന്യത്തിന്റെ കുറവാണ് ഈ നിർഭാഗ്യശീലം അഥവാ പറയാൻ ഇടയാക്കുന്നത്.

അതുകൊണ്ട് പശ്ചാത്താപമുള്ള മനഃസ്ഥിതി നിനക്കു തരുവാൻ തിരുനാഥനോടു വിനയപൂർവ്വം പ്രാർത്ഥിച്ച് ദീർഘദൃശിയോടുകൂടെ ഇങ്ങനെ പറയുക; തിരുനാഥാ, കണ്ണുനീരാ

കന്ന ആഹാരംകൊണ്ട് എന്നെപ്പോറ്റുക; ധാരാളമായി കണ്ണുനീർ എനിക്കു കുടിക്കാനും തരിക.

22-ാം അധ്യായം

മനുഷ്യരുടെ അരിഷ്ടതകൾ

നീ എവിടെ ആയിരുന്നാലും എങ്ങോട്ടുപോയാലും ദൈവത്തിങ്കലേക്കു നീ തിരിയുന്നില്ലെങ്കിൽ നീ ഹീനഭാഗ്യനാണ്.

നിന്റെ ഹിതവും ആഗ്രഹവും അനുസരിച്ചു കാര്യം സാധിക്കാത്തതുകൊണ്ടു നീ എന്തിനു കുണ്ഠലപ്പെടുന്നു? എല്ലാം ഇഷ്ടാനുസരണം സാധിക്കുന്നവനായി ആരാണുള്ളത്?

ഞാനുമില്ല, നീയുമില്ല, ഈ ലോകത്തിലുള്ള യാതൊരു മനുഷ്യനുമില്ല.

വല്ല അനർത്ഥമോ ഞെരുക്കമോ ഇല്ലാത്തവരായി, മഹാരാജാവായാലും മാപ്പാപ്പാ ആയാലും, ലോകത്തിൽ ആരുമില്ല.

ഏറ്റവും സുഖമുള്ളതാക്കാണ്? തീർച്ചയായും അതു ദൈവത്തെപ്രതി എന്തെങ്കിലും സഹിക്കാൻ കഴിയുന്നവനത്രേ.

2. ബുദ്ധിഹീനരും ദുർബ്ബലരുമായ പ

ലർ കണ്ടോ, ആ മനുഷ്യൻ എത്ര സുഖമായി ജീവിക്കുന്നു; എത്ര സമ്പന്നൻ, എത്ര ശക്തിമാൻ, എത്ര പ്രതാപവാൻ എന്നൊക്കെ പറയാറുണ്ട്.

എന്നാൽ സ്വർഗ്ഗീയനന്മകളെപ്പറ്റി ശ്രദ്ധിക്കുക. ലൗകികസംഗതികളൊക്കെയും നിസ്സാരമാണെന്നും ആകുലതയും ഭയവും ഇല്ലാതെ അവയെ അനുഭവിക്കാൻ കഴിയാത്തതുകൊണ്ട് അവ ശാശ്വതമറവയും നിലനില്പില്ലാത്തവയും ഭാരമേറിയവയും ആണെന്നും നീ കാണും.

ലൗകികവസ്തുക്കൾ സമൃദ്ധിയായുണ്ടായിരിക്കുന്നതിലല്ല മനുഷ്യന്റെ ഭാഗ്യം; അവ മിതമായുണ്ടായാൽ അവനു മതിയാകും.

ഈ ലോകത്ത് ജീവിക്കുന്നതു സാക്ഷാൽ അഭാഗ്യമാകുന്നു.

ഒരു മനുഷ്യൻ ആദ്ധ്യാത്മികജീവിതം കഴിക്കാൻ എത്രമാത്രം ആഗ്രഹിക്കുന്നുവോ അത്രമാത്രം ഐഹികജീവിതം അവനു കൈയ്പുള്ളതായിത്തീരും. എന്തുകൊണ്ടെന്നാൽ അവൻ മനുഷ്യവക്ഷളത്തത്തിന്റെ ന്യൂനതകൾ നന്നായി കണ്ടു തെളിവായി ഗ്രഹിക്കുന്നു.

തിന്നുന്നതും കുടിക്കുന്നതും, ഉറങ്ങുന്നതും ഉറക്കമിളയ്ക്കുന്നതും വിശ്രമിക്കുന്നതും വേ

ലചെയ്യുന്നതും പ്രകൃതിയുടെ മറാവശ്യങ്ങൾ
ക്കു വിധേയനാകുന്നതും ഭക്തനായ മനുഷ്യ
നു സാക്ഷാൽ വലിയ അരിഷ്ടതയും സങ്കട
വുമാണ്. സകല പാപത്തിൽനിന്നും ഒഴി
ഞ്ഞു സ്വതന്ത്രനാകണമെന്നു വളരെ സന്തോ
ഷപൂർവ്വം അയാൾ ആഗ്രഹിക്കയും ചെയ്യും.

8. ആത്മീയ മനുഷ്യനെ ശാരീരാവ
ശ്യങ്ങൾ ഈ ലോകത്തു വളരെ ഭാരപ്പെ
ടുത്തുന്നു.

അതിനാൽ എന്റെ ആവശ്യങ്ങളിൽ
നിന്നു എന്നെ സ്വതന്ത്രനാക്കണമേ, തിരു
നാഥാ! എന്നു പ്രാർത്ഥിച്ചുകൊണ്ടു അവ
യിൽനിന്നൊഴിയുവാൻ ദീർഘദൃശി ഭക്തി
പൂർവ്വം യാചിക്കുന്നു.

എന്നാൽ തങ്ങളുടെ നിർഭാഗ്യം മന
സ്സിലാകാത്തവർക്കു കഷ്ടം! ഈ അരിഷ്ടതയും
വഷളത്തവും നിറഞ്ഞ ജീവിതത്തെ സ്നേ
ഹിക്കുന്നവർക്കു അതിലും അധികം കഷ്ടം!

എന്തുകൊണ്ടെന്നാൽ വേല ചെയ്യോ
പിച്ചയിരന്നോ കഷ്ടിച്ചുപോലും തങ്ങളുടെ
ആവശ്യങ്ങളെ നിവൃഹിക്കാൻ സാധിക്കാ
ത്ത ചിലർ ഈ ജീവിതത്തെ മുറുകെപ്പിടി
ക്കുന്നു, ഇവിടത്തന്നേ എന്നും പാർക്കാൻ കഴി

യുമായിരുന്നെങ്കിൽ ദൈവരാജ്യത്തെ അവർ തീരെ സാരമാക്കുകയില്ലായിരുന്നു.

4. ഹാ! ബുദ്ധിഹീനരും ഹൃദയത്തിൽ വിശ്വാസമില്ലാത്തവരും ശാരീരികമായ കാര്യങ്ങളൊഴിച്ചു മറെറാന്നും അവക്കു രസിക്കാതിരിക്കത്തക്കവണ്ണം ലൌകികകാര്യങ്ങളിൽ അത്ര അഗാധമായി അവർ മുഴുകികിടക്കുന്നു.

എന്നാൽ നിർഭാഗ്യരായ ഇവർ ഇത്ര ആസക്തിയോടെ സ്നേഹിച്ചത് എത്ര നീചവും ശൂന്യവും ആയിരുന്നു എന്നു ഒടുവിൽ മനസ്സിലാക്കും.

ദൈവത്തിന്റെ വിശുദ്ധന്മാരും ഭക്തിപൂർവ്വം മിശിഹായെ സ്നേഹിച്ചവരും ശരീരത്തിന് ഇൻപം നൽകിയിരുന്നതിനെയോ ഈ ജീവിതത്തിൽ തഴച്ചിരുന്നതിനെയോ ഗണ്യമാക്കിയില്ല. അവരുടെ സമസ്ത പ്രത്യാശയും ഉദ്ദേശവും നിത്യനന്മകളെ പ്രാപിക്കണമെന്നായിരുന്നു.

ദൃശ്യവസ്തുക്കളോടുള്ള സ്നേഹം അവരെ കീഴ്പോട്ടു വളരെ വലിക്കാതിരിക്കാൻ അവരുടെ ആഗ്രഹം മുഴുവനും നിലയുള്ളതും അദൃശ്യവുമായവയിലേക്കു മേലോട്ടു തിരിച്ചിരുന്നു.

സഹോദരരേ! ആത്മീയകാര്യങ്ങളിൽ

അഭിവൃദ്ധി പ്രാപിക്കണമെന്നുള്ള ഉറപ്പു നഷ്ടപ്പെടുത്തരുത്. കാലം ഇനിയുമുണ്ട്; സമയം കഴിഞ്ഞുപോയിട്ടില്ല.

5. നീ എന്തിനു നിന്റെ നിശ്ചയത്തെ മാറിവെക്കുന്നു? എഴുനേല്ക്ക. ഇക്ഷണംതന്നേ തുടങ്ങുക. ഇപ്പോൾ പ്രവർത്തിക്കാനുള്ള നേരമാണ്. യുദ്ധം ചെയ്യാനുള്ള നേരവും ഇപ്പൊഴാണ്. ജീവിതശുദ്ധീകരണത്തിനു തക്ക നേരവും ഇപ്പോൾത്തന്നേ.

നീനക്കു സുഖമില്ല, പീഡകളും നേരിടുന്നു എങ്കിൽ അപ്പൊഴാണ് പുണ്യയോഗ്യത പ്രാപിക്കാനുള്ള സമയം.

നീ ആശ്വാസത്തിൽ ചെന്നെത്തുന്നതിനു മുൻപു തീയിലും വെള്ളത്തിലുംക്കൂടി കടക്കണം.

നിന്നോടുതന്നെ ബലംപ്രയോഗിക്കാതെ ദുർഗ്രണത്തെ നീ ജയിക്കയില്ല.

ഈ ബലഹീനമായ ശരീരം നീ വഹിക്കുന്നിടത്തോളംകാലം പാപമില്ലാതെ ഇരിക്കാൻ സാധിക്കയില്ല. അസുഖവും ദുഃഖവുംക്കൂടാതെ ജീവിക്കുവാനും സാധിക്കയില്ല.

എല്ലാ നിർഭാഗ്യങ്ങളിൽനിന്നും ആശ്വാസം പ്രാപിക്കണമെന്ന് നാം വളരെ ആഗ്രഹിക്കുന്നു. എന്നാൽ പാപം വഴിയായി കുറവില്ലായ്മ നഷ്ടപ്പെടുത്തിക്കളഞ്ഞതു

കൊണ്ട് നമുക്കു യഥാർത്ഥമായ ഭാഗ്യവും നഷ്ടപ്പെട്ടിരിക്കുന്നു.

ആകയാൽ ഈ തിന്മ നീങ്ങിപ്പോകയും മരണം നിത്യജീവനിൽ ജയിക്കയും ചെയ്യുന്നതുവരെ നാം ക്ഷമയോടെ ദൈവാനുഗ്രഹം പ്രതീക്ഷിക്കണം.

6. സദാ തിന്മയിലേക്കു ചാഞ്ഞിരിക്കുന്ന മാനുഷഭൗർബല്യം എത്ര വലുതായിരിക്കുന്നു.

ഇന്നു നിന്റെ പാപങ്ങൾ നീ ഏറ്റു പറയുന്നു, ഏറ്റു പറഞ്ഞ പാപങ്ങളെ നാളെ വീണ്ടും ചെയ്യുന്നു.

ഇപ്പോൾ സൂക്ഷിച്ചുകൊള്ളാമെന്നു നിശ്ചയം ചെയ്യുന്നു. ഒരു മണിക്കൂറിനകം യാതൊരു നിശ്ചയവും ചെയ്തിട്ടില്ലാത്തതുപോലെ പ്രവർത്തിക്കുന്നു.

ആകയാൽ ന്യായപൂർവ്വം നമ്മെത്തന്നേ എളിമപ്പെടുത്താം; നമ്മെപ്പറ്റി വലുതായി ഒന്നും ചിന്തിക്കാനും വയ്യാ. എന്തുകൊണ്ടെന്നാൽ നാം അത്ര ബലഹീനരും സ്ഥിരതയില്ലാത്തവരുമാകുന്നു.

സൂക്ഷമില്ലെങ്കിൽ വലിയ അധ്വാനഫലമായി ദൈവകൃപയാൽ കഷ്ടിച്ചു സമ്പാദിച്ചത് ഒരു ക്ഷണംകൊണ്ടു നശിപ്പിച്ചു എന്നുവരാം.

7. ഇത്ര നേരത്തേ മന്ദന്മാരായിത്തീരുന്ന നമുക്ക ഇനി അവസാനത്തിൽ എന്തു സംഭവിക്കാൻ പോകുന്നു?

നമ്മുടെ ജീവിതത്തിൽ യഥാർത്ഥമായ പുണ്യത്തിന്റെ അടയാളംപോലും ഇല്ലാതിരുന്നിട്ടും എല്ലാം സമാധാനവും ഭദ്രതയും ആണ് എന്നപോലെ ആശ്വസിക്കാൻ ഒരുങ്ങുകയാണെങ്കിൽ നമുക്ക കഷ്ടം.

നല്ല നവസന്യാസികളെപ്പോലെ ഉത്തമവ്യാപാരങ്ങളിൽ വീണ്ടും അഭ്യാസം തേടുന്നത് നമുക്ക വളരെ ആവശ്യമാണ്. ഇങ്ങനെ ചെയ്യാൽ ഒരു പക്ഷേ ഭാവിയിൽ ജീവിതനവീകരണവും ഏറ്റവും വലിയ പുണ്യാഭിവൃദ്ധിയും സമ്പാദിക്കാൻ സാധിച്ചേക്കും.

23-ാം അധ്യായം

മരണചിന്ത

വളരെവേഗം ഇവിടെ നിന്റെ കാര്യം അവസാനിക്കും. അതിനാൽ നിന്റെ സ്ഥിതി എന്താണെന്നു പരിശോധിക്കുക. ഒരു മനുഷ്യൻ ഇന്നുണ്ട്; നാളെ അവനെ കാണുകയില്ല.

അവൻ കാഴ്ചയിൽനിന്നു മറയുമ്പോൾ അതിവേഗം മനസ്സിൽനിന്നു മറയുന്നു.

ഹാ! മനുഷ്യഹൃദയത്തിന്റെ മന്ദതയും കാഠിന്യവും! താല്ക്കാലികമായതിനെ മാത്രം ചിന്തിക്കയും വരുവാനിരിക്കുന്നതിനെക്കുറിച്ചു കരുതൽക്കൂടാതിരിക്കയും ചെയ്യുന്നു.

ഇന്നു തന്നെ മരിക്കാനുള്ളവനെന്നപോലെ എല്ലാ പ്രവൃത്തികളിലും വിചാരങ്ങളിലും നീ നിന്നെത്തന്നെ നിയന്ത്രിക്കണം.

നിനക്കു നല്ല മനസ്സാക്ഷിയുണ്ടായിരുന്നെങ്കിൽ മരണത്തെ അധികം ഭയപ്പെടുകയില്ലായിരുന്നു.

മരണത്തെ ഭയപ്പെടുന്നതിനെക്കാൾ നല്ലത് പാപങ്ങളെ വിട്ടൊഴിയുകയാണ്.

ഇന്നു നീ തയ്യാറില്ലെങ്കിൽ നാളെ എങ്ങനെ തയ്യാറാകും?

നാളെ എന്നുള്ളതു നിശ്ചയമില്ലാത്ത ദിവസമാണ്. നിനക്കു നാളത്തെ ദിവസം കിട്ടുമോ എന്നാരറിഞ്ഞു?

2. നാം ജീവിതം നന്നാക്കുന്നില്ലെങ്കിൽ ദീർഘനാൾ ജീവിച്ചതുകൊണ്ട് എന്ത് പ്രയോജനം?

ഹാ! ദീർഘായുസ്സു ജീവിതത്തെ എല്ലാപ്പോഴും നന്നാക്കാറില്ല. പലപ്പോഴും അതു കുറേറം വഷളാക്കുന്നേയുള്ളൂ.

ഒരു ദിവസമെങ്കിലും ഇഹലോകത്തിൽ നാം നല്ലപോലെ ജീവിച്ചെങ്കിൽ മതിയായിരുന്നു!

പലരും മാനസാന്തരത്തിനു ശേഷമുള്ള വർഷങ്ങളുടെ കണക്കു കൂട്ടുന്നു; എന്നാൽ പലപ്പോഴും ജീവിതഗ്രണീകരണത്തിന്റെ ഫലം കുറവാണ്.

നിനക്കു മരിക്കാൻ ഭയമാണെങ്കിൽ ദീർഘകാലം ജീവിക്കുന്നത് അതിലേറെ അപകരമായിരിക്കും.

തന്റെ മരണനാഴിക സദാ കൺമുൻപിൽവെച്ചു ദിനംപ്രതി മരിക്കാൻ തയ്യാറാകുന്നവൻ ഭാഗ്യവാൻ.

വല്ലപ്പോഴും ഒരാൾ മരിക്കുന്നതു കാണാനിടവന്നാൽ ആ വഴിയേതന്നെ നീയും കടന്നുപോകണം എന്നു ചിന്തിക്കുക.

3. നീ സന്ധ്യവരെ ജീവിക്കയില്ലെന്നു രാവിലെ സങ്കല്പിക്കുക.

സന്ധ്യയാകുമ്പോൾ, വെളുക്കുവോളം ജീവിച്ചിരിക്കുമെന്നു നീ ഉറപ്പുണ്ടോ?

അതുകയാൽ എപ്പോഴും ഒരുങ്ങിയിരുന്നുകൊള്ളുക. മരണം ഒരുക്കമില്ലാത്തവനായി ഒരിക്കലും നിന്നെ കണ്ടുമുട്ടാതിരിക്കത്തക്കവണ്ണം ജീവിച്ചുകൊള്ളുക.

പലരും പെട്ടെന്നും നിനച്ചിരിക്കാത്ത

പ്പൊഴും മരിക്കുന്നുണ്ട്. എന്തുകൊണ്ടെന്നാൽ "നിങ്ങൾ വിചാരിക്കാത്തനേരത്തു മനുഷ്യപുത്രൻവരും."

ആ അവസാന നാഴിക വരുമ്പോൾ കഴിഞ്ഞ ജീവിതത്തെപ്പറ്റി വളരെ വ്യത്യാസമായി നീ വിചാരിക്കാൻ തുടങ്ങും; ഇത്ര ഉദാസീനനും ഉപേക്ഷയുള്ളവനുമായിരുന്നതിനെപ്പറ്റി നീ ദുഃഖിക്കും.

4. മരണസമയത്ത് എങ്ങനെ ആയിരിക്കാൻ ഇച്ഛിക്കുന്നോ അപ്രകാരം ജീവിതകാലത്ത് ആയിരിക്കാൻ ശ്രമിക്കുന്നവൻ എത്ര ഭാഗ്യവാനും വിവേകിയും!

എന്തുകൊണ്ടെന്നാൽ ലോകത്തെക്കുറിച്ചുള്ള പൂർണ്ണമായ നിന്ദയും, പുണ്യങ്ങളിൽ അഭിവൃദ്ധി പ്രാപിക്കാനുള്ള തീവ്രമായ ആഗ്രഹവും ശിക്ഷണത്തിന്മേലുള്ള സ്നേഹവും, പ്രായശ്ചിത്തപ്രവൃത്തികളിലുള്ള ശ്രമവും അനുസരണത്തിലുള്ള ഉത്സാഹവും ആത്മപരിത്യാഗവും ഏതൊരനർത്ഥങ്ങളും മിശിഹായുടെ സ്നേഹത്തെപ്രതി സഹിക്ക എന്നതും ധൈര്യം ഉളവാക്കി സൗഭാഗ്യപൂർണ്ണമായ മരണം പ്രാപിക്കുവാൻ സഹായിക്കും.

നിനക്കു സുഖമുള്ളപ്പോൾ പല സുകൃതങ്ങൾ ചെയ്യാൻ കഴിയും; സുഖക്കേടാണെങ്കിൽ എന്തു സാധിക്കുമെന്നറിഞ്ഞുകൂടാ.

വളരെ ചുരുക്കം ആളുകളേ ദീനം കൊണ്ടു നന്നാകുന്നുള്ളു. അതുപോലെതന്നേ വീടുവിട്ടു അധികം ചുറ്റി നടക്കുന്നവരും അപൂർവ്വമായിട്ടേ പരിശുദ്ധരാകുന്നുള്ളു.

5. സ്നേഹിതന്മാരെയും ബന്ധുക്കളെയും ആശ്രയിക്കരുത്. നിന്റെ രക്ഷയുടെ കാര്യം പിന്നെയാകട്ടെ എന്നു വയ്ക്കയും അരുത്. നീ വിചാരിക്കുന്നതിനെക്കാൾ വേഗം മനുഷ്യർ നിന്നെ മറന്നുകളയും.

മറുള്ളവരുടെ സഹായത്തെ ആശ്രയിക്കുന്നതിനെക്കാൾ ഉത്തമം ഇപ്പോൾ യഥാസമയത്തു കരുതിവെക്കുന്നതും ചില സുകൃതങ്ങളെ നിനക്കു മുൻപേ അയയ്ക്കുന്നതുമാണ്.

ഇപ്പോൾ നീ നിന്റെ കാര്യത്തിൽ ശ്രദ്ധിച്ചില്ലെങ്കിൽ ആരു ഭാവിയിൽ നിന്റെ കാര്യത്തിൽ ശ്രദ്ധവെക്കും?

ഇപ്പോൾ സമയം വളരെ വിലയേറിയതാണ്. "ഇതാ ഇപ്പോൾ സ്വീകൃതമായ സമയം, ഇന്നു രക്ഷയുടെ ദിവസം."

എന്നാൽ ഹാ കഷ്ടം, നിത്യജീവന്നായി യോഗ്യത പ്രാപിക്കാനുള്ള ഈ സമയത്തെ നീ അധികം പ്രയോജനകരമായി ഉപയോഗിക്കുന്നില്ലല്ലോ.

നിന്റെ ജീവിതം നന്നാകുന്നതിന്

ഒരു ദിവസമെങ്കിലും, ഒരു നാഴികയെങ്കിലും കിട്ടണമെന്നു നീ ആഗ്രഹിക്കുന്ന കാലം വരും; അപ്പോൾ കിട്ടുമോ എന്നറിഞ്ഞുകൂടാ.

6. ഓ! വാത്സല്യഭാജനമേ, നീ സദാ മരണത്തെ ഭയന്നു അതിനെ പ്രതീക്ഷിച്ചുകൊണ്ടിരിക്കയാണെങ്കിൽ എത്ര വലിയ അപകടത്തിൽനിന്ന് ഒഴിവാനും എത്ര വലിയ ഭീതിയിൽനിന്ന് അകന്നിരിപ്പാനും നിനക്കു കഴിയും. നിന്റെ മരണസമയത്തു ഭയപ്പെടാതെ സന്തോഷിക്കാൻ സംഗതിയാകത്തക്കവണ്ണം ഇപ്പോൾ ജീവിക്കുവാൻ ശ്രമിച്ചുകൊള്ളുക.

അപ്പോൾ മിശിഹായോടുകൂടെ ജീവിക്കാനാരംഭിക്കുന്നതിനുവേണ്ടി ഇപ്പോൾ ലോകത്തിനായി മരിക്കാൻ പഠിക്കുക.

അപ്പോൾ സ്വാതന്ത്ര്യമായി മിശിഹായുടെ പക്കൽ ചെല്ലുവാൻ കഴിയുന്നതിനുവേണ്ടി ഇപ്പോൾ എല്ലാം വെടുക്കുവാനഭ്യസിക്കുക.

അപ്പോൾ നിനക്കു നിശ്ചയമായ ധൈര്യം ഉണ്ടാകേണ്ടതിന് ഇപ്പോൾ തപസ്സുവഴിയായി നിന്റെ ശരീരത്തെ പീഡിപ്പിക്കുക.

7. ഹാ! മഠയാ, നിനക്ക് ഒരു ദിവസംപോലും നിശ്ചയമില്ലാത്തപ്പോൾ ദീർഘ

നാൾ ജീവിക്കുമെന്നു വിചാരിക്കുന്നതെന്തിന്?

എത്രയോ അധികംപേർക്കു മതിവുപറഞ്ഞു ഒട്ടും പ്രതീക്ഷിക്കാതിരുന്ന നേരത്തു് അവർ ശരീരത്തിൽനിന്നു വേർപിരിയേണ്ടിവന്നു.

ഒരുവൻ വാളാലേ മരിച്ചെന്നും വേറൊരുവൻ മുങ്ങിച്ചത്തെന്നും, ഉയരത്തിൽനിന്നു വീണു വേറൊരുത്തന്റെ കഴുത്തൊടിഞ്ഞെന്നും, പിന്നെയൊരുവൻ ഉണ്ടിരിക്കുമ്പോൾ മരിച്ചെന്നും, മറ്റവൻ കുളിച്ചുകൊണ്ടിരുന്നപ്പോൾ ആയുസ്സിനുതി വന്നെന്നും എത്ര പ്രാവശ്യം പറഞ്ഞുകേട്ടിരിക്കുന്നു?

ചിലർ തീയിൽപ്പെട്ടു മരിച്ചിട്ടുണ്ടു്; ചിലർ വാളാലും ചിലർ പകർച്ചവ്യാധികളാലും ചിലർ കവർച്ചക്കാരാലും അപായപ്പെട്ടിട്ടുണ്ടു്. ഇപ്രകാരം എല്ലാവരുടെയും അവസാനം മരണംതന്നേ; മനുഷ്യജീവിതം ഒരു നിഴലുപോലെ ശീഘ്രം കടന്നു പോകുന്നു.

8. മരണത്തിനുശേഷം നിന്നെ ആരോക്കും? ആരു നിനക്കുവേണ്ടി പ്രാർത്ഥിക്കും?

പ്രിയഭാജനമേ, നിനക്കു കഴിവുള്ളതെല്ലാം ഇപ്പോൾ ചെയ്തുകൊള്ളുക; എന്തുകൊണ്ടെന്നാൽ എന്നു മരിക്കുമെന്നു നിനക്കറി

ഞ്ഞുക്കൂടാ; മരണത്തിനുശേഷം നിനക്ക് എ
ന്തു സംഭവിക്കുമെന്നും നിനക്കറിഞ്ഞുകൂടാ.

സമയമുള്ളപ്പോൾ അനശ്വരങ്ങളായ
സമ്പത്തുകളെ ശേഖരിച്ചുകൊള്ളുക.

നിന്റെ രക്ഷയെക്കുറിച്ചല്ലാതെ മ
റ്റൊന്നും ചിന്തിക്കണ്ടാ. ദൈവകാര്യങ്ങളെ
പ്പറ്റി മാത്രം ചിന്തിച്ചാൽ മതി.

ദൈവത്തിന്റെ വിശുദ്ധന്മാരെ ബഹു
മാനിച്ച് അവരുടെ നടപടികൾ അനുക
രിച്ച്, നീ മരിക്കുമ്പോൾ നിത്യക്രൂടാരങ്ങ
ളിൽ നിന്നെ അവർ സ്വീകരിക്കുന്നതിന്നാ
യി ഇപ്പോൾ നിനക്കു സ്നേഹിതന്മാരെ
ഉണ്ടാക്കിക്കൊള്ളുക.

ലൌകികകാര്യങ്ങളുമായി ഒരു ബന്ധ
വുമില്ലാത്ത ഒരു തീർത്ഥയാത്രക്കാരനെയും പ
രദേശിയെയുംപോലെ നീ ഭൂമിയിൽ നട
ന്നുകൊള്ളുക. നിന്റെ ഹൃദയം സ്വതന്ത്രവും
ഉന്നതത്തിലേക്ക്, ദൈവത്തിങ്കലേക്ക്, ഉയ
രുന്നതും ആയിരിക്കട്ടെ. എന്തുകൊണ്ടെന്നാൽ
ഇവിടെ നിനക്കു നിലനില്ക്കുന്ന നഗരമില്ല.

നിന്റെ ആത്മാവു മരിച്ചശേഷം ഭാ
ഗ്യപൂർവ്വം തിരുനാഥന്റെ പക്കലേക്കു കടന്നു
ചെല്ലുന്നതിന് നിന്റെ അനുദിന പ്രാർത്ഥന
കളും ഒടുവീർപ്പുകളും കണ്ണുനീരോടെ അ
ങ്ങോട്ടു തിരിച്ചുകൊള്ളുക.

24-ാം അധ്യായം

വിധിയും പാപത്തിനുള്ള ശിക്ഷയും.

സകല കാര്യങ്ങളിലും നിന്റെ അന്ത്യത്തെപ്പറ്റി ചിന്തിക്ക. യാതൊന്നും തന്നിൽ നിന്നു മറഞ്ഞിരിക്കാതെ സൂക്ഷ്മവും കണ്ടറിയുകയും കൈക്കൂലി വാങ്ങുകയോ ഒഴിവുകഴിവു സ്വീകരിക്കയോ ചെയ്യാതെ നീതിപ്രകാരം വിധിക്കയും ചെയ്യുന്ന ഒരു നിർദ്ദാക്ഷിണ്യനായ വിധികർത്താവിന്റെ മുൻപിൽ നീ എങ്ങനെ നിൽക്കുമെന്നു ചിന്തിക്കുക.

ഹാ, ഏറ്റവും നിർഭാഗ്യനും ബുദ്ധിയില്ലാത്തവനുമായ പാപീ, കോപിച്ചിരിക്കുന്ന ഒരു മനുഷ്യന്റെ നോട്ടങ്ങളെപ്പോലും ചിലപ്പോൾ ഭയപ്പെടുന്ന നീ നിന്റെ എല്ലാത്തിന്മകളും അറിഞ്ഞിരിക്കുന്ന ദൈവത്തോട് എന്തുത്തരം പറയും?

വിധിദിവസത്തേക്കു വേണ്ടത് എന്തുകൊണ്ടാണ് നീ കാലേക്കൂട്ടിക്കരുതാത്തത്? അന്ന് ഒരുത്തനു മറ്റൊരാൾക്കുവേണ്ടി ഒഴിവുകഴിവു പറവാനോ വാദിക്കുവാനോ സാധിക്കയില്ല. എന്നല്ല ഓരോരുത്തനുതന്നെതന്നെക്കുറിച്ചു സമാധാനം പറയുവാൻ വേണ്ടുവോളം കാണും.

ഇപ്പോൾ നിന്റെ അദ്ധ്വാനത്തിനു ഫലമുണ്ട്; നിന്റെ കണ്ണുനീരുകൾ സ്വീകാര്യമാണ്. നിന്റെ നെടുവീർപ്പു കേൾക്കുകയും നിന്റെ ദുഃഖം പാപങ്ങളെ പരിഹരിച്ച് ആത്മാവിനെ ശുദ്ധീകരിക്കയും ചെയ്യും.

2. അന്യന്റെ ഉപദ്രവങ്ങൾ സഹിച്ചിട്ട് തനിക്കുവന്ന സൈ്വരക്കേടിനെക്കാൾ അവന്റെ തിന്മയെക്കുറിച്ചു ദുഃഖിക്കയും, തന്റെ വിരോധികൾക്കുവേണ്ടി സന്തോഷപൂർവ്വം പ്രാർത്ഥിക്കയും അവരുടെ തെറ്റുകളെ ദയയപൂർവ്വം ക്ഷമിക്കയും, മറ്റുള്ളവരോടു മാപ്പു ചോദിക്കുന്നതിന് എപ്പോഴും ഒരുങ്ങിയിരിക്കയും, കോപിക്കുന്നതിനെക്കാൾ എളുപ്പം അനുഗ്രഹിക്കയും, തന്നോടുതന്നേ പലപ്പോഴും ബലം പ്രവർത്തിച്ചു ശരീരത്തെ പൂർണ്ണമായി ആത്മാവിനു കീഴ്പ്പെടുത്തുവാൻ ശ്രമിക്കയും ചെയ്യുന്ന ക്ഷമയുള്ള മനുഷ്യൻ മഹനീയവും രക്ഷാകരവുമായ ഒരു ശുദ്ധീകരണസ്ഥലത്തെയാണ് അനുഭവിക്കുന്നത്.

നമ്മുടെ പാപങ്ങളെ ഇപ്പോൾ ദൂരീകരിക്കുന്നതും ദുർഗ്രഹണങ്ങളെ നിർമ്മൂലമാക്കുന്നതുമാണ് അവയെ പിന്നീടു ശുദ്ധീകരിക്കുവാൻവേണ്ടി മാറ്റിവെയ്ക്കുന്നതിനെക്കാൾ നല്ലത്.

നമ്മുടെ ക്രമമില്ലാത്ത ജഡസ്നേഹം നിമിത്തം നാം നമ്മെത്തന്നേ സത്യമായി വഞ്ചിക്കുന്നു.

3. നിന്റെ പാപങ്ങളെയല്ലാതെ മറ്റെന്തിനെയാണ് ആ തീ വിഴുങ്ങാനിരിക്കുന്നത്.

നീ ഇപ്പോൾ എത്ര അധികം നിന്നോടു ക്ഷമിക്കയും നിന്റെ ജഡമോഹത്തെ പിൻചെല്ലുകയും ചെയ്യുന്നോ അത്ര അധികം പിന്നീടു കഷ്ടപ്പെടുകയും അത്രത്തോളം അധികം വിറകു ആ അഗ്നിക്കായി ശേഖരിക്കയും ചെയ്യുന്നു.

ഒരു മനുഷ്യൻ ഏതു സംഗതികളിൽ പാപം ഏറെച്ചെയ്യുവോ അവയിൽ അവൻ അധികമായി ശിക്ഷ അനുഭവിക്കും.

അവിടെ മടിയന്മാരെ എരിയുന്ന മുള്ളുകൾകൊണ്ടു കുത്തിത്തുളയ്ക്കും. ഭോജനപ്രിയന്മാർ വിശപ്പും ദാഹവും നിമിത്തമുള്ള ഭീതം അനുഭവിക്കും. അവിടെ ജഡമോഹികളെയും ഭോഗപ്രിയന്മാരെയും ഉരുകുന്ന കീലുകൊണ്ടും നാറുന്ന ഗന്ധകംകൊണ്ടും അഭിഷേകം ചെയ്യും. അസൂയാലുക്കൾ സങ്കടപ്പെട്ട പേപ്പട്ടികളെപ്പോലെ ഓലിയിടും.

4. അതിനു തുല്യ പീഡകളില്ലാത്ത ഒരു ദുർഗ്ഗണവും അവിടെ ഉണ്ടായിരിക്കയില്ല.

അവിടെ അഹങ്കാരികൾ എല്ലാത്തരം

ലജ്ജകൊണ്ടും നിറയും; അത്ഥാഗ്രഹികൾ ക്ലേശസംപുഷ്ടമായ ദാരിദ്ര്യത്താൽ ഞെരുങ്ങുകയും ചെയ്യും.

അവിടെ ഒരു നാഴികനേരത്തേക്കുള്ള കഷ്ടപ്പാട് ഇവിടെ ആറുവഷ്ക്കാലത്തേക്കുള്ള മഹാ കഠിനതപസ്സിനെക്കാൾ കടുപ്പമായിരിക്കും.

അവിടെ ശിക്ഷാവിധിയിൽ അകപ്പെട്ടിരിക്കുന്നവർക്കു യാതൊരു സമാധാനവും ആശ്വാസവുമില്ല. ഇവിടെ ആകട്ടെ ചിലപ്പോൾ ഒക്കെ എങ്കിലും അല്പാനം നിറുത്തിവെച്ചു സ്നേഹിതന്മാരിൽനിന്ന് ആശ്വാസം അനുഭവിക്കാം.

വിധിദിവസത്തിൽ ഭാഗ്യവാന്മാരോടുകൂടെ അപകടമില്ലാതെ ഇരിക്കുവാൻ ഇപ്പോൾ ശ്രദ്ധാലുവായി നിന്നെ പാപങ്ങളെപ്പറ്റി പരിതപിച്ചുകൊള്ളുക.

5. എന്തുകൊണ്ടെന്നാൽ അപ്പോൾ നീതിമാന്മാർ തങ്ങളെ പീഡിപ്പിച്ചു ഞെരുക്കിയവർക്കു എതിരായി മഹാ സ്ഥൈര്യത്തോടെ നിലകൊള്ളും.

ഇപ്പോൾ തന്നെത്തന്നേ മനുഷ്യരുടെ വിധികൾക്കു കീഴ്പ്പെടുത്തുന്നവൻ അന്നു വിധിക്കാൻ നില്ക്കും.

അന്നു ദരിദ്രനും എളിയവനും വലുതായ

ധൈര്യമുണ്ടായിരിക്കും. അഹങ്കാരി എല്ലാ പ്രകാരത്തിലും ഭയപ്പെടുകയും ചെയ്യും.

മിശിഹായെപ്രതി ഭോഷനും നിന്ദിതനും ആകാൻ ഈലോകത്തുവെച്ചു പരിശീലിച്ചിരുന്നവൻ ബുദ്ധിമാനായിരുന്നു എന്നു അപ്പോൾ കാണും.

ക്ഷമയോടെ സഹിച്ച എല്ലാ കഷ്ടപ്പാടുകളും അപ്പോൾ സന്തോഷപ്രദമായിരിക്കയും "എല്ലാ ദുഷ്കൃതയും വായ് പൊത്തുകയും ചെയ്യും."

അപ്പോൾ ദൈവഭക്തന്മാർ എല്ലാം സന്തോഷിക്കും; ഭക്തിയില്ലാത്തവരേവരും ദുഃഖിക്കും.

അപ്പോൾ ഇന്ദ്രിയനിഗ്രഹത്തിനു വിധേയമായിരുന്ന ശരീരം എപ്പോഴും സുഖാനുഭോഗങ്ങൾ അനുഭവിച്ചിരുന്നാലത്തേതിനെക്കാൾ അധികം ആനന്ദിക്കും.

അപ്പോൾ ദരിദ്രവസ്ത്രം ശോഭിക്കയും മോടിയേറിയതിന്റെ ശോഭ കെട്ടുപോകയും ചെയ്യും.

അപ്പോൾ തങ്കം പൂശിയ മന്ദിരത്തെക്കാൾ ദരിദ്രമായ കുടിലിന് അധികം പ്രശംസയുണ്ടാകും.

അപ്പോൾ ലോകത്തിലെ എല്ലാ ശ

ക്കുറിയെയുംകാൾ സുസ്ഥിരമായ ക്ഷമ അധികം ഫലപ്രദമായിരിക്കും.

അപ്പോൾ നിഷ്കൃപടമായ അനുസരണമായിരിക്കും എല്ലാ ലൗകികതന്ത്രങ്ങളെയുംകാൾ വിലമതിപ്പുള്ളത്.

അപ്പോൾ നല്ല നിർമ്മലമായ മനസ്സാക്ഷി തത്ത്വശാസ്ത്രപാണ്ഡിത്യത്തെക്കാൾ വലിയ സന്തോഷം നൽകും.

അപ്പോൾ സമ്പത്തിനോടുള്ള വെറുപ്പ് ലൗകികരുടെ സകല നിക്ഷേപത്തെയുംകാൾ വിലയേറിയതായിരിക്കും.

രുചികരമായി ഭക്ഷിച്ചതിൽനിന്നു എന്നതിനെക്കാൾ അധികം ആശ്വാസം ഭക്ഷിപ്പാൻ പ്രാർത്ഥിച്ചതിൽനിന്നു അപ്പോൾ നീ അനുഭവിക്കും.

ദീർഘസംഭാഷണം ചെയ്തുകൊണ്ട് എന്നതിനെക്കാൾ മൌനമായിരുന്നതുകൊണ്ട് നീ അപ്പോൾ അധികം സന്തോഷിക്കും.

പല മനോഹരവചനങ്ങളെക്കാൾ നന്മപ്രവൃത്തികൾക്കു അധികം വിലയുണ്ടാകും.

അപ്പോൾ സകല ലൌകിക സന്തോഷങ്ങളെയുംകാൾ നിഷ്കൃഷ്ടമായ ജീവിതവും കഠിനതപസ്സും അധികം സന്തോഷപ്രദമായിരിക്കും.

6. അപ്പോൾ ഉഗ്രപീഡകളിൽനിന്നു

മോചനം പ്രാപിക്കുവാൻ ഇപ്പോൾ നിസ്സാരകാര്യങ്ങൾ സഹിക്കാൻ പഠിക്കുക.

ഭാവിയിൽ നിനക്കു എന്തു സഹിക്കാൻ കഴിയുമെന്നു് ഇപ്പോൾ ആദ്യമായി പരീക്ഷിക്കുക.

ഇപ്പോൾ ഇത്ര കുറച്ചുമാത്രമേ സഹിക്കാൻ കഴികയുള്ളു എങ്കിൽ എങ്ങനെ അനന്തമായ പീഡകൾ സഹിക്കാൻ നിനക്കു കഴിയും?

ഇപ്പോൾ അല്പമായ കഷ്ടപ്പാടു നിന്നെ ഇത്ര ക്ഷമയില്ലാത്തവനാക്കുന്നെങ്കിൽ അപ്പോൾ നരകാഗ്നി എന്തുമാത്രം ചെയ്യും?

ഇതാ തീർച്ചയായും നിനക്കു രണ്ടു സുഖങ്ങൾ സാദ്ധ്യമല്ല; ഈ ലോകത്തിൽ ആനന്ദിക്കുവാനും, അതുകഴിഞ്ഞു മിശിഹായോടുകൂടെ രാജ്യഭരണം നടത്തുവാനും.

7. നീ ഇന്നുവരെ എല്ലാപ്പോഴും ബഹുമാനങ്ങളിലും സുഖാനുഭവങ്ങളിലും മുഴുകി ജീവിച്ചുവന്നെങ്കിൽ, ഈ നിമിഷം നീ മരിക്കാനിടവന്നാൽ ഇതെല്ലാംകൊണ്ടു നിനക്കു് എന്തു പ്രയോജനം?

അതുകയാൽ ദൈവത്തെ സ്നേഹിക്കയും തന്നെമാത്രം സേവിക്കയും ചെയ്യുകയെന്നതൊഴിച്ചു സകലവും മായയത്രേ.

എന്തുകൊണ്ടെന്നാൽ പൂർണ്ണഹൃദയ

ത്തോടുകൂടി ദൈവത്തെ സ്നേഹിക്കുന്നവൻ മരണത്തെയാകട്ടെ, ശിക്ഷയെയാകട്ടെ, വിധിയെയാകട്ടെ, നരകത്തെയാകട്ടെ ഭയപ്പെടുന്നില്ല. പൂർണ്ണസ്നേഹം ദൈവത്തിങ്കലേക്കു നിർഭയമായ പ്രവേശനം നൽകുന്നു.

ഇനിയും പാപം ചെയ്യുന്നതിൽ സന്തോഷമുള്ളവർ മരണത്തെയും വിധിയെയും ഭയപ്പെടുന്നെങ്കിൽ അത്ഭുതപ്പെടുവാൻ വകയില്ല.

എന്നു വരികിലും ദൈവസ്നേഹം നിന്നെ പാപത്തിൽനിന്നു പിൻമാറുന്നില്ലെങ്കിൽ നരകഭയമെങ്കിലും നിന്നെ അതിൽ നിന്നു അകറ്റുമാറാകട്ടെ.

എന്നാൽ ദൈവഭയത്തെ ഉപേക്ഷിക്കുന്നവൻ നന്മയിൽ അധികകാലം നിലനില്ക്കയില്ല. പ്രത്യുത, അവൻ കാലതാമസംകൂടാതെ പിശാചിന്റെ കണികളിൽ അകപ്പെടുന്നതാണ്.

25-ാം അധ്യായം

ജീവിതപരിഷ്കരണം

ദൈവസേവനത്തിൽ ജാഗ്രതകാണും ഉത്സാഹിയുമായിരിക്ക. നീ എന്തിനായി വന്നു എന്നും, എന്തുകൊണ്ടു ലോകം ഉപേ

ക്ഷിച്ചു എന്നും ക്രൂടെക്രൂടെ ചിന്തിക്കുക. ദൈവത്തിനുവേണ്ടി ജീവിക്കുവാനും ഒരു ആത്മീയമനുഷ്യനായിത്തീരുന്നതിനുമല്ലയോ?

അതുകൊണ്ടു നിന്റെ പുണ്യാഭിവൃദ്ധിയിൽ ശ്രദ്ധാന്തിയുള്ളവനായിരിക്കുക; എന്തുകൊണ്ടെന്നാൽ നിന്റെ അദ്ധ്വാനങ്ങളുടെ സമ്മാനം താമസിയാതെ നിനക്കു കിട്ടും. അപ്പോൾ ഭയവും ദുഃഖവും മേലാൽ നിന്റെ അടുക്കൽ വരികയില്ല.

നീ ഇപ്പോൾ അല്പം പ്രയത്നിച്ചാൽ വലിയ ആശ്വാസമല്ല, നിത്യമായ ആനന്ദം പ്രാപിക്കും.

നീ പ്രവൃത്തിയിൽ വിശ്വസ്തനും ശ്രദ്ധാന്തിയുള്ളവനും ആയി നിലനില്ക്കുന്നെങ്കിൽ പ്രതിഫലം തരുന്നതിൽ ദൈവം വിശ്വസ്തനും ഉദാരനുമായിരിക്കും, സംശയമില്ല.

വിജയമകുടം നിനക്കു കിട്ടുമെന്നുള്ള ദൃഢമായ ഒരു നല്ല പ്രത്യാശ നിനക്കുണ്ടായിരിക്കണം. എന്നാൽ ഉദാസീനനോ അഹങ്കാരിയോ ആയിത്തീരാതിരിക്കുവാൻ നീ അപകടമില്ലാത്ത സ്ഥിതിയിലെത്തിയെന്നു വിചാരിക്കരുത്.

2. ഒരാൾ ഭയവും പ്രത്യാശയും ഇടകലന്ന അശുദ്ധിയോടെ ചഞ്ചലപ്പെട്ടിരിക്കു

യിൽ ഒരു സന്ദർഭത്തിൽ ദുഃഖത്താൽ കുഴങ്ങി, ഒരു പള്ളിയിലെ പീഠത്തിൻമുൻപാകെ സാഷ്ടാംഗം വീണു പ്രാർത്ഥിക്കയിൽ ഇങ്ങനെ ആത്മഗതം ചെയ്തു. ഓ, ഞാൻ അവസാനംവരെ നിലനില്ക്കുമെന്നറിഞ്ഞിരുന്നെങ്കിൽ! അപ്പോൾ അവൻ അന്തരംഗത്തിൽ ദൈവത്തിന്റെ മറുപടി കേട്ടു: നീ അറിഞ്ഞെങ്കിൽ എന്തു ചെയ്യും? അപ്പോൾ എന്തു ചെയ്യണമെന്നാഗ്രഹിക്കുന്നുവോ അത് ഇപ്പോൾ ചെയ്യുക. അങ്ങനെ ചെയ്യാൽ നിനക്കു നിർഭയനായിരിക്കാം.

അക്ഷണത്തിൽത്തന്നെ അവന് ആശ്വാസവും ധൈര്യവും ഉണ്ടായി. അവൻ തന്നെത്തന്നേ ദൈവതിരുമനസ്സിനു സമർപ്പിച്ചു; അവന്റെ ഉൽക്കണ്ഠ മാറുകയും ചെയ്തു.

ഭാവിയിൽ തനിക്ക് എന്തു സംഭവിക്കാനിരിക്കുന്നു എന്ന കൗതുകത്തെ അനേഷിപ്പാൻ അവൻ ഒട്ടും മനസ്സുവെച്ചതുമില്ല; പ്രത്യുത, ഓരോ നന്മപ്രവൃത്തികൾ ആരംഭിച്ചു പൂർത്തിയാക്കുന്നതിനുവേണ്ട സഹീകാര്യവും പൂർണ്ണവുമായ ദൈവതിരുമനസ്സ് എന്തെന്നറിവാൻ അവൻ മുഖ്യമായി പരിശ്രമിച്ചു.

3. തിരുനാഥനിൽ പ്രത്യാശപ്പെട്ടു നന്മചെയ്തു ഭൂമിയിൽ വസിക്ക; നീ അതി

ന്റെ സമ്പത്തുകൾ അനുഭവിക്കും എന്നു ദീഷ്ടദർശി പറഞ്ഞിരിക്കുന്നു.

പലരെയും പുണ്യാഭിവൃദ്ധിയിലും ശ്രേഷ്ഠാന്തിയുള്ള ജീവിതഗ്രണീകരണത്തിലും നിന്നും പിൻമാറുന്ന ഒരു കാര്യമുണ്ട്; അതു വിഷമതയെപ്പറ്റിയുള്ള ഭയം, അഥവാ സമരത്തിലുള്ള പ്രയാസം ആകുന്നു.

തങ്ങൾക്കു അധികം വിഷമവും വിരുദ്ധവുമായവയെ ധൈര്യപൂർവ്വം ജയിക്കുവാൻ ശ്രമിക്കുന്നവർ മറ്റുള്ളവരെക്കാൾ പുണ്യത്തിൽ വളരെ അധികം വർദ്ധിക്കും.

എന്തുകൊണ്ടെന്നാൽ മനുഷ്യൻ തന്നെത്തന്നേ അധികമായി ജയിക്കയും ആത്മീയമായി നിഗ്രഹിക്കയും ചെയ്യുമ്പോഴൊക്കെയും അവൻ അധികമായ അഭിവൃദ്ധി പ്രാപിക്കയും ധാരാളമായ ദൈവാനുഗ്രഹം അർഹിക്കയും ചെയ്യും.

4. എന്നാൽ തന്നെത്താൻ ജയിക്കാനും നിഗ്രഹിക്കാനുമുള്ള സംഗതികൾ എല്ലാവർക്കും ഒരുപോലെ അല്ല. പാപമില്ലാതെ ജീവിക്കുന്നവനെങ്കിലും പുണ്യാഭ്യാസത്തിൽ അത്ര ശ്രേഷ്ഠാന്തിയില്ലാത്തവനെക്കാൾ, പുണ്യത്തിൽ അധികം അഭിവൃദ്ധിപ്പെടാൻ അനേകം ദുരാശകളോടുകൂടിയവനെങ്കിലും ഉത്സാഹവും ശ്രേഷ്ഠാന്തിയുമുള്ളവനു സാധിക്കും.

രണ്ടു സംഗതികൾ മഹത്തായ ഗുണീകരണത്തിനു പ്രത്യേകം ഉപകരിക്കും. പ്രകൃത്യാ ഒരുവൻ ദോഷകരമായ ഏതിലേക്കു ചാഞ്ഞിരിക്കുന്നോ അതിൽനിന്നും നിഷ്കൃഷ്ടയോടെ പിന്തിരിയുക; നിനക്കു ഏറ്റവും ആവശ്യമുള്ള സൽഗുണം സമ്പാദിക്കുവാൻ തീക്ഷ്ണതാപൂർവ്വം പ്രയത്നിക്കുക: ഇവയാണ് ഈ രണ്ടു കായ്ക്കങ്ങൾ.

അതുപോലെതന്നെ നിനക്കു വലപ്പോഴും നീരസം ഉളവാക്കുന്നവയായി അന്യരിൽ കാണുന്നവ നിന്നിലുണ്ടാകാതിരിപ്പാൻ അവയെ വഞ്ജിക്കാനും ജയിച്ചടക്കാനും നീ വളരെ ശ്രമിക്കുക.

5. എവിടെയായിരുന്നാലും നിന്റെ പുണ്യാഭിവൃദ്ധിയിൽ ശ്രദ്ധാലുവായിരിക്ക. സന്മാതൃകകൾ കാണുകയോ അവയെക്കുറിച്ചു കേൾക്കുകയോ ചെയ്യാൽ അവയെ അനുകരിക്കാൻ ജാഗ്രൃകനായിരിക്ക.

എന്നാൽ വല്ലതും ആക്ഷേപയോഗ്യമായി തോന്നിയാൽ അതു ചെയ്യാതെ ഇരിക്കാൻ സൂക്ഷിച്ചുകൊള്ളുക. അഥവാ വല്ലപ്പോഴും ചെയ്യുപോയെങ്കിൽ കഴിയുന്ന വേഗത്തിൽ പരിഹരിക്കുക.

നിന്റെ കണ്ണുകൾ മറ്റുള്ളവരെ സൂ

ക്ഷിച്ചുനോക്കുന്നതുപോലെ മറുള്ളവർ നിന്നെയും നോക്കുന്നുണ്ട്.

ശുഷ്കാന്തിയും ഭക്തിയും ഉള്ളവരും നിയമങ്ങളനുസരിക്കുന്നവരും സുകൃതാചാരമുള്ളവരുമായ സഹോദരങ്ങളെ കാണുന്നത് എത്ര മാധുര്യപ്രദവും ആനന്ദകരവുമാണ്.

ക്രമമില്ലാതെ വ്യാപരിച്ച് തങ്ങളുടെ സന്യാസപ്രവൃത്തിയുടെ കടമകളെ നിവൃഹിക്കാത്തവരെ കാണുന്നതു എത്ര വ്യസനകരവും പ്രലാപയോഗ്യവും!

തങ്ങളുടെ സന്യാസവൃത്തിയുടെ ഉദ്ദേശത്തെ അവഗണിച്ച് തങ്ങൾക്ക് ചുമതലയില്ലാത്തവയിലേക്കു ശ്രദ്ധ തിരിക്കുന്നത് എത്ര ഉപദ്രവകരം!

6. നീ ചെയ്യിരിക്കുന്ന പ്രതിജ്ഞയെ ഓർത്തുകൊണ്ട് കുരിശിൽ പതിച്ച രൂപം നിന്റെ മുൻപിൽ വെച്ചുകൊള്ളുക.

ഈശോമിശിഹായുടെ ജീവിതം സൂക്ഷിച്ചുനോക്കുന്നതായാൽ ദീർഘകാലം മൈവത്തിന്റെ വഴിയിൽ നടന്നിട്ടും നിന്നെ തന്നോടു അനുരൂപപ്പെടുത്തുവാൻ ശ്രമിക്കാതിരുന്നതു നിനക്കു വളരെ ലജ്ജാവഹമാണ്.

തിരുനാഥന്റെ എത്രയും പരിശുദ്ധമായ ജീവിതത്തെയും പീഡാനുഭവത്തെയും ചിന്തിച്ച് ശ്രദ്ധയോടും ഭക്തിയോടുംകൂടെ

തപഃക്രിയകൾ അഭ്യസിക്കുന്ന സന്യാസി തനിക്കു പ്രയോജനവും ആവശ്യവുമുള്ള സകലവും സമൃദ്ധിയായി അവിടെ കണ്ടെത്തും. ഈശോയ്ക്കു പുറമേ വിശേഷമായി വല്ലതും അന്വേഷിക്കേണ്ട ആവശ്യമുണ്ടാകയില്ല.

ഓ! കുരിശിൽ തൂങ്ങി മരിച്ച ഈശോ നമ്മുടെ ഹൃദയത്തിൽ വന്നിരുന്നെങ്കിൽ ആവശ്യമുള്ളടത്തോളം പഠനം എത്രയോ വേഗം നമുക്കുണ്ടാകുമായിരുന്നു.

7. ഭക്തിതീക്ഷ്ണതയുള്ള ഒരു സന്യാസിയോടു ആജ്ഞാപിക്കുന്നതെല്ലാം അയാൾ സ്വീകരിച്ചു നിവൃഹിക്കുന്നു.

അലസനും ഉദാസീനനുമായ സന്യാസിക്കു അനർത്ഥങ്ങളുടെമേൽ അനർത്ഥങ്ങളുണ്ടാകുന്നു; എല്ലാ വശങ്ങളിലുംനിന്ന് അയാൾ ഞെരുക്കം അനുഭവിക്കയും ചെയ്യുന്നു: എന്തുകൊണ്ടെന്നാൽ ആന്തരികമായ ആശ്വാസം അയാൾക്കില്ല; ബാഹ്യമായതു നേടുവാൻ തടസ്സവുമുണ്ട്.

ക്രമാനുസരണം ജീവിക്കാത്ത സന്യാസിക്കു കഠിനമായ നാശം നേരിടുന്നു.

അധികസ്വാതന്ത്ര്യവും നിഷ്കൃഷ്ടയില്ലായ്മയും അന്വേഷിക്കുന്നവൻ എപ്പോഴും ഞെരുക്കത്തിൽ വസിക്കും; എന്തുകൊണ്ടെന്നാൽ

ഒരു സംഗതി അല്ലെങ്കിൽ മറൊന്നു അയാൾക്കു വിരസത ഉളവാക്കും.

8. എത്രയും നിഷ്ക്കർഷയുള്ള ആശ്രമജീവിതക്രമം അനുസരിച്ചു ജീവിക്കുന്നമാറനേകം സന്യാസികൾ എങ്ങനെ കഴിഞ്ഞുകൂടുന്നു?

അവർ ദുർല്ലഭമായി മാത്രമേ പുറത്തുപോകുന്നുള്ളു; അവർ ഏകാന്തമായി ജീവിക്കുന്നു; അവരുടെ ആഹാരം വളരെ ദരിദ്രോചിതവും അവരുടെ വസ്ത്രം പരുപരുത്തതും ആണ്; അവർ വളരെ അല്പാനിക്കുന്നു, അല്പംമാത്രം സംഭാഷിക്കുന്നു. അവർ വളരെ നേരം ഉറക്കിളയ്ക്കുന്നു; രാവിലേ എഴുനേൽക്കുന്നു; അധികസമയം പ്രാർത്ഥനയിൽ ചെലവിടുന്നു; ക്രൂടെക്രൂടെ വായിക്കുന്നു. എല്ലാവിധ ക്രമങ്ങളെയും അനുസരിച്ചു ജീവിക്കയും ചെയ്യുന്നു

കർത്തൂസ്യൻ സഭക്കാരും സിസ്റ്റേഷ്യൻ സഭക്കാരും മറു വിവിധ സഭകളിൽപ്പെട്ട സന്യാസികളും സന്യാസിനികളും രാത്രിതോറും ദൈവത്തെ സങ്കീർത്തനങ്ങൾ പാടി സ്തുതിക്കുന്നതിനായി എഴുനേൽക്കുന്നു എന്നതു ചിന്തിക്കുക. അതുകൊണ്ടു ഇത്ര വളരെ സന്യാസികൾ സന്തോഷപൂർവ്വം ദൈവസ്തോത്രം ചെയ്യുന്നതിനാരംഭിക്കുന്ന ആ പരിശ്ര

ലാമായ നേരത്ത് നീ മടിയായിരിക്കുന്നതു ലജ്ജാവഹമായിരിക്കും.

9. ഓ! നമ്മുടെ ദൈവമായ നാഥനെ പൂർണ്ണഹൃദയംകൊണ്ടും അധരംകൊണ്ടും സ്തുതിക്കയല്ലാതെ മറ്റു യാതൊന്നും നമുക്കു ചെയ്യേണ്ടതായില്ലായിരുന്നുവെങ്കിൽ! ഓ! നമുക്ക് ഒരിക്കലും ഭക്ഷിക്കാനും കുടിക്കാനും ഉറങ്ങാനും ആവശ്യം നേരിടാതെ എല്ലാപ്പോഴും ദൈവത്തെ സ്തുതിക്കയും ആത്മീയമായ പരിശ്രമങ്ങളിൽ എപ്പോഴും ഏർപ്പെട്ടിരിക്കയും ചെയ്യാൻ സാധിച്ചെങ്കിൽ എത്ര നന്നായിരുന്നു! അപ്പോൾ, നീ ശരീരത്തെ ശുശ്രൂഷിക്കേണ്ട ആവശ്യകതയ്ക്കു പല പ്രകാരം കീഴ്പ്പെട്ടിരിക്കുന്ന ഇപ്പോഴത്തെക്കാൾ അധികം സൗഭാഗ്യവാനായിരുന്നേനേ.

ആത്മാവിന്റെ ധ്യാനങ്ങളല്ലാതെ വേറേ ആവശ്യങ്ങൾ ഇല്ലാതിരുന്നെങ്കിൽ കൊള്ളാമായിരുന്നു; ഹാ! ആത്മീയപോഷണങ്ങൾ നാം ആസ്വദിക്കുന്നത് എത്ര ദുർല്ലഭമായി മാത്രം!

10. ഒരു മനുഷ്യൻ യാതൊരു സൃഷ്ടിയിലും നിന്നു തന്റെ ആശ്വാസം അന്വേഷിക്കാത്ത സ്ഥിതിയിൽ ചെന്നെത്തുമ്പോഴാണ അയാൾ ദൈവത്തെ ആദ്യമായിട്ടും പൂർണ്ണമായിട്ടും ആസ്വദിക്കാൻ തുടങ്ങുന്നതു;

അപ്പോൾ എന്തൊക്കെ സംഭവിച്ചാലും അയാൾ വളരെ സന്തുഷ്ടനായിരിക്കയും ചെയ്യും.

അപ്പോൾ അയാൾ ധാരാളം ഉള്ളതിനാൽ സന്തോഷിക്കയോ അല്പംമാത്രം ഉള്ളതിനാൽ ദുഃഖിക്കയോ ചെയ്കയില്ല; പ്രത്യുത, അയാൾ പൂർണ്ണമായും ശരണത്തോടും ദൈവത്തിങ്കൽ തന്നെ സമർപ്പിക്കുന്നു; ദൈവം അയാൾക്കു സഖ്യസഹായുമാകുന്നു; അയാളെ സംബന്ധിച്ചിടത്തോളം ഒന്നും നശിക്കയോ മരിക്കയോ ചെയ്യുന്നുമില്ല; സർവ്വവും അയാൾക്കുവേണ്ടി ജീവിക്കുന്നു; അവ അയാളുടെ ആജ്ഞകൾ വിധേയമായി തൽക്ഷണം ആജ്ഞ നിർവ്വഹിച്ച് അയാൾക്കു സേവനം ചെയ്യുന്നു.

11. എല്ലാപ്പോഴും നിന്റെ അന്ത്യം ഓർക്കുക; നഷ്ടപ്പെട്ട സമയം ഒരിക്കലും തിരിച്ചുവരികയില്ലെന്നും ഓർത്തുകൊള്ളുക.

ശ്രദ്ധയും ജാഗ്രതയും കൂടാതെ നീ ഒരിക്കലും പുണ്യം സമ്പാദിക്കയില്ല.

നീ മനോഹ്ലനായി ജീവിക്കാൻ തുടങ്ങുകയാണെങ്കിൽ നീ ദുഃസ്ഥിതിയിലാകാനും തുടങ്ങും.

പ്രത്യുത, നീ ഭക്തിതീക്ഷ്ണതയുള്ളവനാകുന്നെങ്കിൽ നീ വലിയ സമാധാനം കണ്ടെ

ത്തും. അദ്ധ്വാനം ലഘുവായിത്തോന്നുകയും ചെയ്യും.

ശുഷ്കാന്തിയും ഉത്സാഹവും ഉള്ള മനുഷ്യൻ എല്ലാക്കാര്യങ്ങൾക്കും സന്നദ്ധനാണ്.

ശരീരാദ്ധ്വാനങ്ങളിൽ പ്രയത്നിക്കുന്നതിനെക്കാൾ ക്ലേശകരമായ അദ്ധ്വാനമാണ് ദുർഗ്രഹണങ്ങളെയും ദുരാശകളെയും അമർത്തുന്നത്.

ചെറിയ കുറങ്ങളെ വിട്ടൊഴിയാത്തവൻ ക്രമേണ വലിയവയിൽ വീഴും.

നീ പകൽസമയം പ്രയോജനകരമായി ചെലവഴിച്ചാൽ വൈകുന്നേരം സദാ സന്തോഷമനുഭവിക്കും.

നീ തന്നെത്താൻ സന്തോഷിക്കുക; തന്നെത്താൻ ഉത്സാഹിപ്പിക്കുക; ഗ്രണദോഷിക്കുക. മറുള്ളവർക്ക് എന്തു സംഭവിച്ചാലും നിന്നെപ്പറ്റി ഉപേക്ഷ വരുത്തരുത്.

എത്രമാത്രം നിന്നോടുതന്നെ ബലം ചെയ്യുന്നോ, അത്രയും നീ അഭിവൃദ്ധി പ്രാപിക്കയും ചെയ്യും. ആമ്മേൻ.

ആദ്ധ്യാത്മികജീവിതത്തെ ഉദ്ദേശിച്ചുള്ള ഉപദേശങ്ങൾ തീർന്നിരിക്കുന്നു.

മിശിഹാനുകരണം

രണ്ടാം പുസ്തകം

ആഭ്യന്തര ജീവിതത്തിലേയ്ക്കു നയിക്കുന്ന ഉപദേശങ്ങൾ

1-ാം അധ്യായം

ആഭ്യന്തര ജീവിതം

"ദൈവരാജ്യം നിങ്ങളുടെ ഉള്ളിൽത്തന്നേയുണ്ട്" എന്നു തിരുനാഥൻ അരുളിച്ചെയ്യുന്നു.

നീ പൂർണ്ണഹൃദയത്തോടെ തിരുനാഥനിലേയ്ക്കു തിരിഞ്ഞ്, ഈ നിർഭാഗ്യലോകം ഉപേക്ഷിക്കുക: അപ്പോൾ നിന്നാത്മാവു വിശ്രമം കണ്ടെത്തും.

ബാഹ്യമായവയെ വെടിഞ്ഞു ആഭ്യന്തരമായവയെ സ്നേഹിക്കാനും പഠിക്കുക; അ

പ്പോൾ ദൈവരാജ്യം നിന്നിൽ വരുന്നതു നീ കാണും.

എന്തെന്നാൽ ദൈവരാജ്യം പരിശുദ്ധാത്മാവിലുള്ള സമാധാനവും സന്തോഷവുമാകുന്നു; അതു ദുഷ്ടന്മാർക്കു ദൈവം കൊടുക്കുന്നുമില്ല.

മിശിഹായ്ക്കു യോഗ്യമായ വാസസ്ഥലം നിന്റെ ഉള്ളിൽ നീ തയാറാക്കുന്നതായാൽ താൻ തന്റെ ആശ്വാസം നിന്നെ കാണിച്ചുകൊണ്ടു നിന്റെ അടുക്കൽ വരും.

തന്റെ മഹിമയും സൌന്ദര്യവും എല്ലാം ഉള്ളിലാകുന്നു. അവിടെ അത്രേ തന്റെ ആനന്ദം.

താൻ ക്രൂടക്രൂടെ ആദ്ധ്യാത്മിക മനുഷ്യനെ സന്ദർശിക്കുന്നു; തന്റെ സംഭാഷണം ഹൃദ്യവും തന്റെ ആശ്വാസം ആനന്ദപ്രദവും തന്റെ സമാധാനം സമൃദ്ധവും തന്റെ സ്നേഹം അത്യന്തം വിസ്മയകരവുമാണ്.

2. അല്ലയോ വിശ്വാസമുള്ള ആത്മാവേ, ഈ വരവു നിന്റെ ഹൃദയം തയ്യാറാക്കുക; എന്തുകൊണ്ടെന്നാൽ ഈ മണവാളൻ നിന്നിൽ വന്നു വാസിക്കാൻ കനിഞ്ഞിരിക്കുന്നു.

താൻ പറയുന്നത് ഇങ്ങനെയാണ്;

"എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം അനുസരിക്കും. എന്റെ പിതാവു അവനെ സ്നേഹിക്കും. ഞങ്ങൾ അവന്റെ അടുക്കൽ വന്നു ഞങ്ങളുടെ വാസം അവന്റെകൂടെ ആക്കുകയും ചെയ്യും."

ആകയാൽ നിന്റെ ഉള്ളിൽ മിശിഹായ്ക്കു നീ ഇടം കൊടുക്കുക; മറ്റാർക്കും പ്രവേശനം അനുവദിക്കയുമരുത്:

നിനക്കു മിശിഹായുണ്ടെങ്കിൽ നീ സമ്പന്നനായിരിക്കും; താൻ നിനക്കു മതിയാകും.

താൻ നിനക്കാവശ്യമുള്ളത് അന്വേഷിക്കയും എല്ലാക്കാര്യങ്ങളിലും നിന്റെ വിശ്വസ്തനായ വിചാരിപ്പുകാരനായിരിക്കയും ചെയ്യും. നീ മനുഷ്യരെ ആശ്രയിക്കേണ്ടിവരികയുമില്ല.

എന്തുകൊണ്ടെന്നാൽ മനുഷ്യർക്കു വളരെ വേഗത്തിൽ മാറ്റം വരുന്നു, അവർ ക്ഷണത്തിൽ വിശ്വാസയോഗ്യരല്ലാതാകയും ചെയ്യുന്നു. മിശിഹായാകട്ടെ എന്നേയ്ക്കും നിലനില്ക്കുന്നു; അവസാനംവരെ ഉറപ്പായി നമ്മെ താങ്ങുകയും ചെയ്യുന്നു.

ബലഹീനനും മരണവശഗനുമായ മനുഷ്യൻ ഉപകാരവും വാത്സല്യവുമുള്ളവനായാലും അവനെ പൂർണ്ണമായി വിശ്വസിക്കരുത്. അവൻ ചിലപ്പോൾ ദ്രോഹിക്കയും

എന്നിക്കയും ചെയ്യാൽ അത്ര സങ്കടപ്പെടുക യും വേണ്ടാ.

ഇന്ന നിൻെറക്കൂടെ നില്ക്കുന്നവൻ നാ ളെ എതിരായി നിന്നേക്കാം; പലപ്പോഴും അവൻ കാറുപോലെ മാറിക്കൊണ്ടിരിക്കും.

3. നിൻെറ പ്രത്യാശ മുഴുവൻ ദൈ വത്തിൽ സമർപ്പിക്കുക. നീ ഭയപ്പെടുന്നതും, സ്നേഹിക്കുന്നതും ദൈവത്തെയായിരിക്കട്ടെ.

താൻ നിനക്കുവേണ്ടി ന്യായവാദം ചെ യ്യുകയും ഏറ്റം നല്ലത എന്തോ അത നിന ക്കു നൽകയും ചെയ്യും.

നിനക്കു ഇവിടെ നിലനില്ക്കുന്ന ഒരു നഗരമില്ല; നീ എവിടെ ആണെങ്കിലും ഒരു വിദേശിയും ഒരു സഞ്ചാരിയുമത്രേ. മിശിഹാ യോടു നീഅന്തരമായി യോജിക്കാതിരുന്നാൽ നിനക്കു ഒരിക്കലും ആശ്വാസം ഉണ്ടാകയില്ല.

4. ഇത നിൻെറ വിശ്രമസ്ഥലം അ ല്ലാത്ത സ്ഥിതിക്കു നീ ഇവിടെ ചുറ്റും നോ ക്കിക്കൊണ്ടു നില്ക്കുന്നതെന്തിനു"?

നിൻെറ വാസസ്ഥലം സ്വർഗ്ഗത്തിലായി രിക്കണം; ലൗകിക വസ്തുക്കളെയെല്ലാം നി ൻെറ വഴിയാത്രയിൽ കാണുന്നവയെപ്പോ ലെ വിചാരിക്കുക.

എല്ലാം കടന്നുപോകുന്നു; അവയോടു ക്കൂടെ നീയും.

അവയിൽ കുടുങ്ങി നീ നശിക്കാതിരിക്കാൻ— അവയോടു പറ്റിച്ചേരാതിരിക്കാൻ— ജാഗ്രതകനായിരിക്ക.

നിന്റെ ചിന്ത അത്യന്നതന്റെകൂടെയും, നിന്റെ പ്രാർത്ഥന മുടങ്ങാതെ മിശിഹായുടെ സന്നിധിയിലേയ്ക്കും ആയിരിക്കട്ടെ.

ഉന്നതവും സ്വർഗ്ഗീയവുമായ കാര്യങ്ങളെപ്പറ്റി ധ്യാനിക്കാൻ നിനക്കറിഞ്ഞുകൂടാഎങ്കിൽ മിശിഹായുടെ പീഡാനുഭവത്തെപ്പറ്റി വിചാരിച്ചു വിശ്രമിക്കുക; തന്റെ തിരുമുറിവുകളിൽ സന്തോഷപൂർവ്വം വസിക്കയും ചെയ്ക.

എന്തെന്നാൽ ഈശോയുടെ തിരുമുറിവുകളിലും തന്റെ വിലയേറിയ മുറിപ്പഴുതുകളിലും ഭക്തിപൂർവ്വം നീ അഭയം തേടുന്നതായാൽ സങ്കടങ്ങളിൽ നിനക്കു വലിയ ആശ്വാസം ഉണ്ടാകും; മനുഷ്യരുടെ നിന്ദനങ്ങളെ നീ അത്ര കാര്യമായിക്കരുതുകയുമില്ല; മാത്രമല്ല, അവരുടെ അപവാദങ്ങളെ നിഷ്പ്രയാസം സഹിക്കയും ചെയ്യും.

5. മിശിഹായും ഈ ലോകത്തിൽവെച്ചു മനുഷ്യരുടെ നിന്ദനങ്ങൾ സഹിക്കയുണ്ടായി; തന്റെ ഏറ്റവും കഠിനമായ പീഡനസമയത്ത് തന്റെ സ്നേഹിതന്മാരും പരിചിതന്മാരും താൻ നിന്ദാവമാനങ്ങൾ

സഹിക്കാൻ തന്നെ ഉപേക്ഷിക്കയാണുണ്ടായത്.

മിശിഹായ്ക്കു കഷ്ടതകൾ സഹിക്കുവാനും അപമാനം സ്വീകരിക്കാനും ആഗ്രഹമായിരുന്നു. നിനക്ക് എന്തിനെപ്പറ്റി എങ്കിലും ആവലാതി പറയാൻ തുനിവു വരുന്നുണ്ടോ?

മിശിഹായ്ക്കു വിരോധികളും ഏഷണിക്കാരും ഉണ്ടായിരുന്നു; നിനക്കാകട്ടെ എല്ലാവരും സ്നേഹിതന്മാരും ഉപകാരികളുമായിരുന്നാൽക്കൊള്ളാമെന്നുണ്ട്.

നിനക്കു വിരോധമായി ഒന്നും സംഭവിക്കാത്തപക്ഷം ക്ഷമയ്ക്കുള്ള സമ്മാനം എങ്ങനെ കിട്ടും?

വിരോധമായതൊന്നും സഹിക്കാൻ മനസ്സില്ലെങ്കിൽ നീ എങ്ങനെ മിശിഹായ്ക്കു സ്നേഹിതനാകും?

നിനക്കു മിശിഹായുടെകൂടെ വാഴണമെങ്കിൽ മിശിഹായോടുകൂടെയും മിശിഹായ്ക്കുവേണ്ടിയും സഹിക്കുവാൻ നിന്നെത്തന്നെ നിർബന്ധിക്ക.

6. ഒരിക്കലെങ്കിലും ഈശോനാഥനിൽ പരിപൂർണ്ണമായി പ്രവേശിച്ചു തന്റെ ജ്വലിക്കുന്ന സ്നേഹത്തെപ്പറ്റി അല്പം ജ്ഞാനമെങ്കിലും നീ പ്രാപിച്ചിരുന്നെങ്കിൽ നി

ന്റെ സ്വന്തം സുഖത്തെപ്പറ്റിയോ അസുഖത്തെപ്പറ്റിയോ നീ ഒട്ടും ക്ലേശിക്കുകയില്ലായിരുന്നു. പ്രത്യുത, നിനക്കു നേരിടുന്ന നിന്ദകളെപ്പറ്റി മുഖ്യമായി സന്തോഷിക്കുമായിരുന്നു: എന്തെന്നാൽ ഈശോയോടുള്ള സ്നേഹം ഒരു മനുഷ്യനെ തന്നെത്താൻ നിന്ദിക്കുവാൻ ശക്തനാക്കുന്നു.

ഈശോയെയും സത്യത്തെയും സ്നേഹിക്കുന്നവനും സാക്ഷാൽ ആത്മീയജീവിതം നയിച്ചു്, ക്രമക്കേടായ എല്ലാ സ്നേഹങ്ങളിൽ നിന്നും സ്വതന്ത്രനും ആയ ഒരാൾക്കു് സ്വയം ദൈവത്തിങ്കലേയ്ക്കു സ്വതന്ത്രമായി തിരിയുന്നതിനും ആത്മാവിൽ തന്നെത്തന്നേ തനിക്കുമേൽ ഉയർത്തി ആനന്ദത്തിൽ വിശ്രമം അനുഭവിക്കുന്നതിനും സാധിക്കും.

7. എല്ലാവസ്തുക്കളും, മനുഷ്യർ അവയെപ്പറ്റി പറകയോ പരിഗണിക്കുകയോ ചെയ്യുന്നതുപോലെ അറിയുന്നവൻ ആരോ അയാൾ യഥാർത്ഥത്തിൽ ജ്ഞാനിയാകുന്നു; അയാളുടെ അറിവു ദൈവത്തിൽനിന്നാകുന്നു, മനുഷ്യരിൽ നിന്നല്ല.

അയാൾക്കു് ആഭ്യന്തരമായി വ്യാപരിക്കാനറിയാം; ബാഹ്യമായ സംഗതികളെ അയാൾ നിസ്സാരമായി ഗണിക്കുന്നു; ഭക്ഷ്യാ

സങ്ങൾക്കായി സ്ഥലമോ സന്ദർഭമോ ഒട്ടനേപക്ഷിക്കുന്നുമില്ല.

ആഭ്യന്തരമായി വ്യാപരിക്കുന്നവൻ ക്ഷണത്തിൽ ഏകാഗ്രത പ്രാപിക്കുന്നു, എന്തെന്നാൽ അയാൾ ഒരിക്കലും തന്നെ മുഴുവനും ബാഹ്യകാര്യങ്ങളിലേക്കു വിട്ടുകൊടുക്കുന്നില്ല.

പുറമേയുള്ള വേലയോ അതാതു സമയത്തു് ആവശ്യമായ ജോലിയോ അവനു തടസ്സമായി നില്ക്കുന്നില്ല. ഓരോ കാര്യങ്ങൾ സംഭവിക്കുന്നതനുസരിച്ചു് അവൻ പ്രവർത്തിക്കുന്നു.

ഉള്ളിൽ നല്ല ഒരുക്കവും ക്രമവുമുള്ളവൻ മനുഷ്യരുടെ അസാമാന്യവും വഷളുമായ നടപടികളെ ഗണിക്കുന്നില്ല.

ഒരു മനുഷ്യൻ ലോകകാര്യങ്ങളിൽ എത്രമാത്രം ഇടപെടുന്നുവോ അത്രമാത്രം പുണ്യവർദ്ധനയിൽ തടസ്സവും ബോധപ്പുതർച്ചയും അനുഭവിക്കുന്നു.

8. നിന്റെ ആന്തരികകാര്യങ്ങളെല്ലാം ശരിയായിരിക്കയും നീ പാപമാലിന്യം ഒട്ടും ഇല്ലാത്തവനായി വർത്തിക്കയും ചെയ്തിരുന്നെങ്കിൽ സമസ്തകാര്യങ്ങളും നിന്റെ നന്മയ്ക്കും പുണ്യാഭിവൃദ്ധിക്കും ഉതകുമായിരുന്നു.

നീ ഇതേവരെ നിനക്കുതന്നേ മരിക്കാത്തവനും ലൌകിക കാര്യങ്ങളെല്ലാറ്റിലും

നിന്നെ മാറി ജീവിക്കാത്തവനെമാകയാലാണ് പല സംഗതികൾ നിന്നെ മുഷിപ്പിക്കയും നീ പലപ്പോഴും മനഃശല്യം അനുഭവിക്കയും ചെയ്യുന്നത്.

സൃഷ്ടികളോടുള്ള ശുദ്ധമല്ലാത്ത സ്നേഹം പോലെ മനുഷ്യഹൃദയത്തെ മലിനമാക്കി കളുകിലകപ്പെടുത്തുന്ന മറെറാന്നുമില്ല.

നീ പുറമേയുള്ള ആശ്വാസം ഉപേക്ഷിക്കുന്നെങ്കിൽ നിനക്കു സ്വർഗ്ഗീയകാഴ്ചകളെപ്പററി ധ്യാനിക്കുവാനും പലപ്പോഴും ആന്തരികമായ ആനന്ദം അനുഭവിക്കുവാനും സാധിക്കും.

2-ാം അധ്യായം

വിനീതമായ കീഴടക്കം

നിന്നെ അനുകൂലിക്കയോ പ്രതികൂലിക്കയോ ചെയ്യുന്നതു ആരു് എന്നതു വലിയ കാര്യമായി ഗണിക്കേണ്ടാ; പ്രത്യുത, നിന്റെ പ്രവൃത്തിയും ശ്രദ്ധയും നീ ചെയ്യുന്ന എല്ലാ കാര്യങ്ങളിലും ദൈവം നിന്നോടുകൂടെയുണ്ടായിരിക്കുന്നതിനായിരിക്കണം.

നിന്റെ മനസ്സാക്ഷി നന്നായിരിക്കട്ടെ; എന്നാൽ ദൈവം നിന്നെ നല്ലപോലെ ആദരിക്കും. എന്തെന്നാൽ ദൈവം ആരെ സ

ഹായിപ്പാൻ കൃപ ചെയ്യുന്നുവൊ അവനു ഒരുത്തരുടെയും ഉപദ്രവകരമാകയില്ല.

നിനക്കു മൌനമായിരുന്നു സഹിക്കാൻ അറിയാമെങ്കിൽ നീ ദൈവസഹായം കാണും. സംശയമില്ല.

നിന്നെ രക്ഷിക്കാനുള്ള സമയവും വിധവും തനിയ്ക്കറിയാം. ആകയാൽ നീ നിന്നെത്തന്നേ പൂർണ്ണമായി തനിക്കു ഏൽപ്പിച്ചുകൊള്ളണം.

നിന്നെ സഹായിച്ചു എല്ലാക്കലക്കങ്ങളിൽനിന്നും രക്ഷിക്കുന്നതു് ദൈവത്തിന്റെ കൃപ്പയാണു്.

മറുള്ളവർ നമ്മുടെ കുറങ്ങൾ അറിഞ്ഞു നമ്മെ കുറപ്പെടുത്തുന്നതു് അധികം എളിമയുള്ളവരാക്കാൻ വലപ്പോഴും പ്രയോജനപ്പെടും.

2. ഒരു മനുഷ്യൻ തന്റെ കുറുകളെപ്പറ്റി തന്നെത്താൻ താഴ്ത്തുമ്പോൾ അവൻ മറുള്ളവരെ എളുപ്പം സമാധാനപ്പെടുത്തുകയും തന്നോടു കോപിച്ചിരിക്കുന്നവരെ പ്രയാസംകൂടാതെ തൃപ്തിപ്പെടുത്തുകയും ചെയ്യുന്നു.

എളിമയുള്ളവനെ ദൈവം ആദരിച്ചു രക്ഷിക്കുന്നു; അവനെ സ്നേഹിച്ചാശ്വസിപ്പിക്കയും ചെയ്യുന്നു. എളിമയുള്ളവനിലേയ്ക്കു

താൻ എഴുന്നള്ളിവരുന്നു, അവനു തന്റെ വരങ്ങൾ ധാരാളമായി കൊടുക്കയും ചെയ്യുന്നു; എളിമയുള്ളവൻ താണശേഷം ദൈവം അവനെ ഉയത്തി മഹിമപ്പെടുത്തുന്നു.

എളിമയുള്ളവനു് തന്റെ രഹസ്യങ്ങൾ വെളിപ്പെടുത്തുന്നു; അവനെ തന്നിലേയ്ക്കു ആകർഷിക്കയും മധുരമായി ക്ഷണിക്കയും ചെയ്യുന്നു.

എളിമയുള്ളവൻ അപമാനം അനുഭവിക്കുമ്പൊഴും ശാന്തനായിത്തന്നേ ഇരിക്കുന്നു; അവൻ ദൈവത്തിലാണു്, ലോകത്തിലല്ല നിലകൊണ്ടിരിക്കുന്നതു്.

നീ എല്ലാവരെയുംകാൾ താണവനാണെന്നു തന്നെത്താൻ വിചാരിക്കുന്നതുവരെ നിനക്കു് അല്പമെങ്കിലും പുണ്യാഭിവൃദ്ധിയുണ്ടായെന്നു് ഒരിക്കലും വിചാരിച്ചുപോകരുതു്.

3-ാം അധ്യായം

സമാധാനപ്രിയനായ നല്ല മനുഷ്യൻ

ഒന്നാമതായി നീ സമാധാനമായിരിക്കു; അപ്പോൾ മറ്റുള്ളവരെ സമാധാനപ്പെടുത്തുവാൻ നിനക്കു കഴിയും.

സമാധാനമുള്ള മനുഷ്യൻ വളരെ പ

ഠനമുള്ളവനെക്കാൾ കൂടുതൽ പ്രയോജനമുള്ളവനാണ്.

വികാരങ്ങൾക്കു അടിമയായ മനുഷ്യൻ നല്ലതിനെപ്പോലും തിന്മയിലേക്കാകർഷിക്കയും തിന്മയിൽ വേഗം വിശ്വസിക്കയും ചെയ്യും.

സമാധാനശീലനായ നല്ല മനുഷ്യൻ എല്ലാം നന്മയാക്കിപ്പകർത്തുന്നു.

സമാധാനശീലൻ ഒരുത്തരെയും സംശയിക്കുന്നില്ല.

എന്നാൽ തൃപ്തിയില്ലാതെ കലങ്ങിയിരിക്കുന്നവനെ പലവിധ സംശയങ്ങൾ അലട്ടിക്കൊണ്ടിരിക്കുന്നു. അയാൾക്കു ആശ്വാസമില്ല; മറ്റുള്ളവർ ആശ്വസിക്കാൻ അയാൾ ഒട്ടു സമ്മതിക്കയുമില്ല.

പറയരുതാത്തതു അയാൾ പലപ്പോഴും പറയുന്നു; താൻ ചെയ്യാൻ പ്രത്യേകം ആവശ്യമായിരുന്നതുപേക്ഷിച്ചുകളകയും ചെയ്യുന്നു.

മറ്റുള്ളവർക്കു ചെയ്യാൻ കടമയുള്ളതിനെപ്പറ്റി അയാൾ ചിന്തിക്കുന്നു; തനിക്കു ചുമലതയുള്ളതിനെ അവഗണിക്കയും ചെയ്യുന്നു.

ആകയാൽ ഒന്നാമതായി നിൻെറമേൽത്തന്നേ ശ്രദ്ധയുള്ളവനായിരിക്കു; അ

പ്പോൾ നിനക്കു നിന്റെ അയൽക്കാരന്റെ കാര്യത്തിലും ന്യായമായ ശ്രദ്ധ ക്കാന്തിയുള്ള വനായിരിക്കാം.

2. നിന്റെ പ്രവൃത്തികളെക്കുറിച്ച് ഒഴികഴിവു പറയാനും നിന്റെ പ്രവൃത്തി കളെ വണ്ണിപ്പാനും നിനക്കു നല്ലപോലെ അറിയാം; എന്നാൽ മറുള്ളവരുടെ സമാ ധാനം സ്വീകരിക്കുവാൻ മനസ്സില്ല.

നീ നിന്നെത്തന്നേ കുറ്റം ചുമത്തുകയും നിന്റെ സഹോദരനെ കുറ്റത്തിൽ നിന്നൊ ഴിവാക്കുകയും ചെയ്തിരുന്നെങ്കിൽ അത് അ ധികം നീതിയായിരിക്കുമായിരുന്നു.

നിന്നോടു മറുള്ളവർ ക്ഷമിക്കണമെ ന്നു നിനക്കാഗ്രഹമുണ്ടെങ്കിൽ നീയും ക്ഷമി ക്കുക.

തന്നോടുതന്നേ അല്ലാതെ മറ്റു യാ തൊരുത്തരോടും കോപിക്കുന്നതിനോ ദ്വേ ഷം ഭാവിക്കുന്നതിനോ അറിഞ്ഞുകൂടാത്ത യഥാർത്ഥമായ സ്നേഹത്തിലും വിനയത്തിലും നിന്നു നീ എത്ര അകലെയാണെന്നു കാ ണുക.

നല്ലവരോടും ക്ഷമയുള്ളവരോടും സ ഹവസിക്കുന്നത് അത്ര വലിയ കാര്യമല്ല; ഇത് എല്ലാവർക്കും പ്രകൃത്യാ ഇഷ്ടമുള്ളതാണ്. തങ്ങളോടു അഭിപ്രായയോജ്യതയുള്ളവരോട്

എല്ലാവർക്കും സന്തോഷമാണ്, സമാധാനവുമാണ്; അവരെ അധികമായി, വളരെ അധികമായി, സ്നേഹിക്കയും ചെയ്യുന്നു.

എന്നാൽ കുടുംബക്കാരോടും ഉർബുദ്ധികളോടും, അഥവാ ഉദ്ദ്യോഗക്കാരോടും നമ്മോടെതിർക്കുന്നവരോടുംകൂടെ സമാധാനപൂർവ്വം ജീവിക്കാൻ കഴിയുന്നതു വലിയ ഒരനുഗ്രഹവും ഏറ്റവും സൂക്ഷ്മർഹവും പുരുഷോചിതകർമമാകുന്നു.

3. ചിലരുണ്ട്; അവർ തങ്ങളെ സമാധാനത്തിൽ സംരക്ഷിക്കയും മറുള്ളവരോടും സമാധാനപൂർവ്വം വർത്തിക്കയും ചെയ്യുന്നു. വേറേ ചിലരുണ്ട്; അവർക്കു സമാധാനമില്ല; ശേഷംപേർ സമാധാനമായി കഴിയാൻ ഒട്ടു സമ്മതിക്കയുമില്ല. ഇവർ മറുള്ളവർക്കു ഉപദ്രവം ചെയ്യുന്നു; തങ്ങളോടുതന്നെ കൂടുതൽ ഉപദ്രവം ചെയ്തുകൊണ്ടിരിക്കുന്നു.

തങ്ങളെത്തന്നേ സമാധാനത്തിൽ നിറുത്തിയിട്ട് മറുള്ളവരെ സമാധാനത്തിലേക്കു കൊണ്ടുവരാൻ ശ്രമിക്കുന്നവരുണ്ട്.

എന്നാൽ ഈ നിർഭാഗ്യജീവിതത്തിൽ നമ്മുടെ സമാധാനം മുഴുവൻ വിനയമുള്ള സഹനത്തിലാണു നിലനിറുത്തേണ്ടതു്. നിനക്കു അരിഷ്ടതകൾ ഉണ്ടാകാതിരുന്നാൽ എല്ലാം സമാധാനമാണെന്നു വിചാരിക്കയും വേണ്ട.

നല്ലപോലെ സഹിക്കാൻ വേണ്ടവണ്ണം അറിയാവുന്നവനാണു ക്രൂടതൽ സമാധാനം അനുഭവിക്കാനിരിക്കുന്നത്.

അയാൾ തന്നെത്തന്നെ ജയിച്ചവനും ലോകത്തിന്റെ നാഥനും മിശിഹായുടെ സ്നേഹിതനും സ്വർഗ്ഗത്തിന്റെ അവകാശിയുമാകുന്നു.

4–ാം അധ്യായം

നിർമ്മലമായ മനസ്സും പരിശുദ്ധമായ ഉദ്ദേശവും.

മനുഷ്യൻ ലൗകികവസ്തുക്കളിൽനിന്നു യരുന്നതു രണ്ടു ചിറകുകൾകൊണ്ടാണ്. അവ പരമാർത്ഥതയും നിർമ്മലതയുമത്രേ.

പരമാർത്ഥത ഉദ്ദേശത്തിലും നിർമ്മലത സ്നേഹത്തിലുമാണുണ്ടായിരിക്കേണ്ടത്.

പരമാർത്ഥത ദൈവത്തെ ലക്ഷ്യമാക്കുന്നു; നിർമ്മലത ദൈവത്തെ പ്രാപിച്ചു ആസ്വദിക്കുന്നു.

നീ ക്രമമില്ലാത്ത ആഗ്രഹത്തിൽനിന്നു ആന്തരികമായി സ്വതന്ത്രനാണെങ്കിൽ യാതൊരു പ്രവൃത്തിയും നിനക്കു വിഘ്നമായിരിക്കയില്ല.

ദൈവത്തിന്റെ തിരുമനസ്സും അയൽക്കാരന്റെ പ്രയോജനവും അല്ലാതെ ഒന്നും

നീ ഉദ്ദേശിക്കയോ അന്വേഷിക്കയോ ചെയ്യുന്നില്ലെങ്കിൽ ആന്തരികമായ സ്വാതന്ത്ര്യം നീ അനുഭവിക്കും.

നിന്റെ ഹൃദയം ചൊവ്വുള്ളതായിരുന്നെങ്കിൽ സമസ്ത സൃഷ്ടികളും നിന്റെ ജീവിതത്തിന്റെ കണ്ണാടിയും വിശ്വജ്ഞാനം അടങ്ങിയിരിക്കുന്ന പുസ്തകവും ആയിരുന്നേനേ.

സൃഷ്ടികളെല്ലാം അവ ഏതു ചെറുതും നിസ്സാരവുമായിരുന്നാലും ദൈവത്തിന്റെ നന്മയെ പ്രതിബിംബിപ്പിക്കുന്നു.

2. നീ ഉള്ളിൽ നല്ലവനും നിർമ്മലനും ആയിരുന്നെങ്കിൽ സകലവും തടസ്സം കൂടാതെ കാണുകയും നന്നായി ഗ്രഹിക്കയും ചെയ്യുന്നേനേ.

നിർമ്മലമായ ഒരു ഹൃദയം സത്യത്തിന്റെയും നരകത്തിന്റെയും ഉള്ളിൽ കടക്കുന്നു.

ഓരോരുത്തനും ആന്തരികമായി എങ്ങനെ ആണോ അങ്ങനെ ബാഹ്യമായി വിധിക്കുന്നു.

ഈലോകത്തു സന്തോഷം ഉണ്ടെങ്കിൽ അതു നിശ്ചയമായും നിർമ്മലഹൃദയനത്രേ അനുഭവിക്കുന്നത്.

എവിടെയെങ്കിലും കഷ്ടതയോ ഞെരു

ക്കമോ ഉണ്ടെങ്കിൽ ഒരു ഭൂഷ്മമനസ്സാക്ഷി അതു് ഏറ്റവും അധികമായി അറിയുന്നു.

തീയിലിട്ട ഇരുമ്പു മുഴുവൻ അഗ്നിമയമായി മാറുന്നതുപോലെ തന്നെത്താൻ ദൈവത്തിങ്കലേയ്ക്കു പരിപൂർണ്ണമായി തിരിക്കുന്ന മനുഷ്യൻ തന്റെ മന്ദതയെ മുഴുവനായി വർജ്ജിക്കയും ഒരു പുതിയ മനുഷ്യനായി മാറുകയും ചെയ്യുന്നു.

3. ഒരു മനുഷ്യൻ മന്ദഭക്തനാകാൻ തുടങ്ങുമ്പോൾ അല്പമായ അദ്ധ്വാനത്തെ ഭയപ്പെടുകയും ബാഹ്യമായ ആശ്വാസം സന്തോഷപൂർവ്വം സ്വീകരിക്കയും ചെയ്യുന്നു. എന്നാൽ സ്വയം ജയിക്കാൻ പൂർണ്ണമായി ആരംഭിക്കയും ധൈര്യപൂർവ്വം ദൈവത്തിന്റെ വഴിയിൽ നടക്കയും ചെയ്യുമ്പോൾ മുൻപു ഭാരമെന്നു തോന്നിയവ അവന്നു ലഘുവായിത്തീരുന്നു.

5-ാം അധ്യായം

ആത്മപരിശോധന.

നമുക്കു നമ്മെത്തന്നേ അധികം ആശ്രയിക്കാൻ നിവൃത്തിയില്ല. എന്തെന്നാൽ പലപ്പോഴും ദൈവാനുഗ്രഹവും വിവേചനാശക്തിയും നമുക്കില്ലാതെപോകുന്നു.

നമുക്കു നമ്മിൽത്തന്നേ അല്പം പ്രകാശമേയുള്ളു; അതും അശ്രദ്ധമൂലം വേഗത്തിൽ നാം നഷ്ടമാക്കുന്നു.

നാം ആന്തരികമായി എത്ര വലിയ കുരുടന്മാരാണെന്നു മനസ്സിലാക്കുന്നേയില്ല.

പലപ്പോഴും മോശമായി പ്രവർത്തിക്കുയും അതിലും മോശമായി ഒഴിവുകഴിവു പറകയും ചെയ്യുന്നു.

ചിലപ്പോഴെല്ലാം നാം വികാരങ്ങൾക്കു വശഗന്മാരാകുന്നു. അതു ശ്രേഷ്ക്കാന്തിയാണെന്നു വിചാരിക്കയും ചെയ്യുന്നു.

നാം മറുള്ളവരെ അല്പകാര്യങ്ങളിൽ ശാസിക്കുന്നു. നമ്മുടെ വളരെ വലിയ കാര്യങ്ങളെ ഗണിക്കുന്നുമില്ല.

നാം മറുള്ളവരിൽനിന്ന് സഹിക്കുന്നതു വളരെ വേഗം മനസ്സിലാക്കുയും അതിന്റെ ഗൌരവം നിസ്സാരീകരിക്കയും ചെയ്യുന്നു. എന്നാൽ മറുള്ളവർ നമ്മിൽനിന്നു എത്രമാത്രം സഹിക്കുന്നു എന്നുള്ളത് നാം ഗണിക്കുന്നില്ല.

സ്വന്തം കാര്യങ്ങളെപ്പറ്റി നന്നായും ശരിയായും ആലോചിക്കുന്നവൻ മറുള്ളവരെപ്പറ്റി കഠിനമായി വിധിക്കാൻ ഒന്നും കാണുകയില്ല.

2. ഒരു ആത്മീയ മനുഷ്യൻ മറ്റെല്ലാ

റിനും മുൻപായി സ്വന്തം കാര്യങ്ങളെപ്പറ്റി ശ്രദ്ധിക്കുന്നു. തന്റെ കാര്യത്തിൽ ജാഗ്രതയോടെ ശ്രദ്ധിക്കുന്നവൻ മറ്റുള്ളവരെപ്പറ്റി എളുപ്പം മൌനമായിരിക്കും.

നീ മറ്റുള്ളവരെപ്പറ്റി ഒന്നും പറയാതിരിക്കയും നിന്നെപ്പറ്റി പ്രത്യേകമായി ശ്രദ്ധിക്കയും ചെയ്യാത്തപക്ഷം നീ ഒരിക്കലും ഒരു ആത്മീയമനുഷ്യനും ഭക്തനുമാകയില്ല.

നീ നിന്റെയും ദൈവത്തിന്റെയും സംഗതികളിൽ പൂർണ്ണമായ ശ്രദ്ധ പതിച്ചാൽ വെളിയിൽ സംഭവിക്കുന്നതു നിന്നെ അല്പം മാത്രമേ ബാധിക്കയുള്ളു.

നിന്റെ ബോധം പതറിയിരിക്കുമ്പോൾ നീ എവിടെയാണ്?

നിന്റെ കാര്യം ഉപേക്ഷിച്ചു മറ്റെല്ലാകാര്യങ്ങളും നിവ്വഹിച്ചപ്പോൾ നിനക്കു എന്തു ഗുണമുണ്ടായി? നിനക്കു യഥാർത്ഥമായ സമാധാനവും പൂർണ്ണമായ ഒരുമയും പ്രാപിക്കണമെന്നാഗ്രഹമുണ്ടെങ്കിൽ മറ്റു കാര്യങ്ങളെല്ലാം ഉപേക്ഷിച്ചു നിന്നെമാത്രം നിന്റെ ദൃഷ്ടിയിൽ വെച്ചുകൊള്ളുക.

3. എല്ലാ ലൌകിക കാര്യങ്ങളിലും നിന്നു നീ ഒഴിഞ്ഞുമാറിയാൽ ആ മാറ്റംമൂലം നിനക്കു വലിയ അഭിവൃദ്ധിയുണ്ടാകും.

വല്ല ലൌകികവസ്തുവിനെയും നീ കാംക്ഷ

മായി ഗണിച്ചാൽ നിനക്കു വലുതായ വീഴ്ച നേരിടും.

ദൈവമോ ദൈവത്തെ സംബന്ധിച്ചതോ അല്ലാതെ മറെറാന്നും നിനക്കു വലുതോ ഉയന്നതോ ഇഷ്ടമുള്ളതോ സ്വീകാര്യമോ ആകരുത്.

ഏതെങ്കിലും സൃഷ്ടിയിൽനിന്നുളവാകുന്ന ആശ്വാസമെല്ലാം പൂർണ്ണമായ വ്യർത്ഥതയാണെന്നു കണക്കാക്കിക്കൊള്ളുക.

ദൈവത്തെ സ്നേഹിക്കുന്ന ഒരു ആത്മാവു ദൈവത്തെക്കാൾ താണതെല്ലാം വെറുക്കുന്നു.

എപ്പോഴും നിലനില്ക്കുന്നവനും അളവില്ലാത്തവനും എല്ലാത്തിലും നിറഞ്ഞിരിക്കുന്നവനുമായ ദൈവം മാത്രമാണ ആത്മാവിന്റെ ആശ്വാസവും ഹൃദയത്തിന്റെ യഥാർത്ഥമായ ആനന്ദവും.

6-ാം അധ്യായം

ഒരു നല്ല മനസ്സാക്ഷിയുടെ ആനന്ദം

ഒരു നല്ല മനുഷ്യന്റെ മഹിമ ഒരു നല്ല മനസ്സാക്ഷിയുടെ സാക്ഷ്യമാകുന്നു.

ഒരു നല്ല മനസ്സാക്ഷി നിനക്കുണ്ടായിരിക്കട്ടെ; നിനക്ക് എപ്പോഴും സന്തോഷം ഉണ്ടായിരിക്കും.

ഒരു നല്ല മനസ്സാക്ഷിക്കു വളരെ അധികം സഹിക്കാൻ കഴിയും; അതു് അനർത്ഥങ്ങളിൽ വളരെ ആനന്ദിക്കും.

ദുഷ്ടമനസ്സാക്ഷി എപ്പോഴും ഭയമുള്ളതും സമാധാനമില്ലാത്തതുമാണു്. നിന്റെ ഹൃദയം നിന്നെ ശാസിക്കുന്നില്ലെങ്കിൽ നീ സന്തോഷപൂർവ്വം വിശ്രമിക്കും.

നീ നന്നായി പ്രവർത്തിക്കുമ്പോളല്ലാതെ സന്തോഷിക്കരുതു്.

ദുഷ്ടന്മാക്കു ഒരിക്കലും യഥാർത്ഥമായ ആനന്ദം ഇല്ല; അവർ ആന്തരികമായ സമാധാനം അനുഭവിക്കുന്നുമില്ല: എന്തുകൊണ്ടെന്നാൽ ദുഷ്ടന്മാക്കു സമാധാനം ഇല്ലെന്നു തിരുനാഥൻ പറയുന്നു.

"ഞങ്ങൾ സമാധാനം അനുഭവിക്കുന്നു, ഞങ്ങളുടെമേൽ യാതൊരു തിന്മയും വരികയില്ല, ഞങ്ങളെ ഉപദ്രവിക്കാൻ ആർക്കു കഴിയും" എന്നു അവർ പറഞ്ഞാൽ നീങ്ങൾ അവരെ വിശ്വസിക്കരുതു്.

എന്തുകൊണ്ടെന്നാൽ ദൈവകോപം പെട്ടെന്നുതന്നെ അവരുടെ പ്രവൃത്തികളെ ഇല്ലാതാക്കും, അവരുടെ ആലോചനകളും നശിക്കും.

2. അരിഷ്ടതകളിൽ സന്തോഷിക്കുന്നതു സ്നേഹമുള്ളവനു പ്രയാസമുള്ളതല്ല: എ

ന്തുകൊണ്ടെന്നാൽ ഇപ്രകാരം സന്തോഷിക്കുന്നതു തിരുനാഥന്റെ കരിശിൽ സന്തോഷിക്കുന്നതാണ്.

മനുഷ്യൻ തരികയും സ്വീകരിക്കയും ചെയ്യുന്ന മഹിമ കുറച്ചുനേരത്തേയ്ക്കു മാത്രമേ ഉള്ളു.

ലോകമഹിമയോടുകൂടെ എപ്പോഴും ദുഃഖവും ഉണ്ടായിരിക്കും.

നല്ലവരുടെ മഹിമ അവരുടെ മനസ്സാക്ഷിയിലാണ്, മനുഷ്യരുടെ നാവുകളിലല്ല.

നീതിമാന്മാരുടെ ആനന്ദം ദൈവത്തെപ്രതിയും ദൈവത്തിലുമാണ്; അവരുടെ സന്തോഷം സത്യത്തെക്കുറിച്ചുമാണ്.

സത്യവും അതിയില്ലാത്തതുമായ മഹിമയെ ആഗ്രഹിക്കുന്നവൻ ലൗകികമായതിനെപ്പറ്റി ശ്രദ്ധിക്കുന്നില്ല.

ലൗകികമഹിമയെ അനേഷിക്കയോ അഥവാ അതിനെ ഹൃദയപൂർവ്വം വെറുക്കാതിരിക്കയോ ചെയ്യുന്നവൻ സ്വർഗ്ഗീയമായതിനെ അത്ര മതിക്കുന്നില്ലെന്നു തെളിയിക്കുന്നു.

സ്തുതികളെയോ നിന്ദകളെയോ വകവെയ്ക്കാത്തവനു വലിയ ഹൃദയസമാധാനം ഉണ്ടായിരിക്കും.

3. നിർമ്മല മനസ്സാക്ഷിയുള്ളവൻ ഏ

ളുപ്പത്തിൽ സംതൃപ്തനാകയും സമാധാനത്തിൽ വർത്തിക്കയും ചെയ്യുന്നു.

നിന്നെ മറുള്ളവർ സ്തുതിക്കുന്നതുകൊണ്ടു നീ അധികമായി ശ്രേഷ്ഠനാകുന്നില്ല; നിന്ദിക്കുന്നതുകൊണ്ട് അധികം ഹീനനാകുന്നുമില്ല.

നീ എന്തായിരിക്കുന്നുവോ നീ അതുതന്നേ. ദൈവദൃഷ്ടിയിൽ നീ എന്തായിരിക്കുന്നുവോ അതിനെക്കാൾ വലിയവനാണു നീ എന്നു പറയാൻവയ്യാ.

നീ ആന്തരികമായി എന്താണെന്നു നല്ലവണ്ണം നിരൂപിക്കുന്നെങ്കിൽ മനുഷ്യർ നിന്നെപ്പറ്റി എന്തു പറയുന്നു എന്നതിനെക്കുറിച്ചു നീ ശ്രദ്ധിക്കയില്ല.

മനുഷ്യൻ മുഖം കാണുന്നു; ദൈവമാകട്ടെ ഹൃദയം കാണുന്നു.

മനുഷ്യൻ പ്രവൃത്തികളെപ്പറ്റി ചിന്തിക്കുന്നു; ദൈവം ഉദ്ദേശങ്ങളെ സൂക്ഷിച്ചുനോക്കുന്നു.

എപ്പോഴും നന്നായി പ്രവർത്തിക്കയും തന്നെത്തന്നേ നിസ്സാരനായി ഗണിക്കയും ചെയ്യുന്നതു വിനയമുള്ള ഒരാത്മാവിന്റെ ലക്ഷണമാകുന്നു.

ഒരു സൃഷ്ടിയിൽനിന്നു ആശ്വാസം സ്വീകരിക്കാൻ മനസ്സില്ലാത്തത് വലിയ നിർമ്മല

തയുടെയും ആന്തരിക വിശ്വാസത്തിന്റെയും അടയാളമാകുന്നു.

4. പുറമേനിന്നു യാതൊരു സാക്ഷ്യവും തനിക്കുവേണ്ടി അന്വേഷിക്കാത്തവൻ തന്നെ പരിപൂർണ്ണമായി ദൈവത്തിനു ഭരമേല്പിച്ചിരിക്കുന്നു എന്നു സ്പഷ്ടമാണ്.

എന്തുകൊണ്ടെന്നാൽ തന്നത്താൻ പുകഴ്ത്തുന്നവനല്ല, തിരുനാഥൻ പുകഴ്ത്തുന്നവൻ അത്രേ കൊള്ളാവുന്നവൻ എന്നു വി. പൗലോസു പറയുന്നു.

ദൈവത്തോടുകൂടെ ആഭ്യന്തരമായി വർത്തിക്കുന്നതും ബാഹ്യമായ യാതൊരുവക സ്നേഹങ്ങൾക്കും വശപ്പെടാതെ ജീവിക്കുന്നതുമാണു ഭക്തനായ മനുഷ്യന്റെ അവസ്ഥ.

7-ാം അധ്യായം

സർവ്വോപരി ഈശോയെ സ്നേഹിക്ക.

ഈശോയെ സ്നേഹിക്കുന്നതും ഈശോയെപ്രതി സ്വയം നിന്ദിക്കുന്നതും എന്താണെന്നറിയാവുന്നവൻ ഭാഗ്യശാലി.

ഈ സ്നേഹിതനുവേണ്ടി നീ സ്നേഹിക്കുന്നതെല്ലാം ഉപേക്ഷിക്കാനാവശ്യമാണ്; എന്തുകൊണ്ടെന്നാൽ ഈശോയെമാത്രം സ

പ്പോപരി സ്നേഹിക്കണമെന്നു ഞാനാഗ്രഹിക്കുന്നു.

സൃഷ്ടികളുടെ സ്നേഹം വഞ്ചനയുള്ളതും അസ്ഥിരവുമാണ്: ഈശോയുടേതോ വിശ്വസ്തതയുള്ളതും നിലനില്ക്കുന്നതും.

സൃഷ്ടികളോടു ചേർന്നുനില്ക്കുന്നവൻ വീണുപോകുന്ന അവയോടുകൂടെ വീഴും.

ഈശോയെ ആശ്ലേഷിക്കുന്നവൻ നിത്യമായി ഉറച്ചുനില്ക്കും.

തന്നെ സ്നേഹിച്ചു നിന്റെ സ്നേഹിതനായി വെച്ചുകൊണ്ടിരിക്കയും ചെയ്യും: എല്ലാവരും വിട്ടുപോയാലും ഈശോ നിന്നെ ഉപേക്ഷിക്കയില്ല; നീ അവസാനമായി നശിച്ചുപോകുവാൻ ഒട്ടനുവദിക്കയുമില്ല.

നിനക്കു മനസ്സുണ്ടെങ്കിലും ഇല്ലെങ്കിലും എല്ലാവരിൽനിന്നും നീ ഒരിക്കൽ വേർപിരിവേണ്ടിവരും.

2. നീ ജീവിക്കുമ്പോഴും മരിക്കുമ്പോഴും ഈശോയോടുകൂടെ ഇരിക്കുക; തന്റെ സംരക്ഷണയിൽ നിന്നെത്തന്നെ സമർപ്പിച്ചുകൊള്ളുക; എല്ലാവരും നിനക്കു നഷ്ടപ്പെട്ടാലും തനിക്കുമാത്രം നിന്നെ സഹായിക്കാൻ സാധിക്കും.

അന്യരെ സ്വീകരിക്കാത്ത പ്രകൃതിയാണ് നിന്റെ പ്രിയന്റേത്; നിന്റെ ഹൃദ

യം തനിക്കു സ്വന്തമായി വേണമെന്നാണു ഈശോയുടെ ഇഷ്ടം; ഒരു രാജാവു സ്വന്തം സിംഹാസനത്തിലെന്നപോലെ അവിടെ ഇരിക്കാനും ഈശോ ഇഷ്ടപ്പെടുന്നു.

എല്ലാ സൃഷ്ടികളിൽനിന്നും നിന്നെത്തന്നെ നല്ലപോലെ വേർതിരിക്കാൻ നിനക്കു റിയാമായിരുന്നെങ്കിൽ ഈശോ സന്തോഷപൂർവ്വം നിൻറെകൂടെ വസിക്കുമായിരുന്നു.

ഈശോയിലല്ലാതെ മനുഷ്യരിൽ നീ നിക്ഷേപിച്ചിട്ടുള്ളതെല്ലാം മിക്കവാറും നഷ്ടപ്പെട്ടതായി നീ കാണും.

കാറടിയേറു ഞങ്ങണയെ വിശ്വസിക്കയോ ആശ്രയിക്കുകയോ ചെയ്യരുത്. എന്തുകൊണ്ടെന്നാൽ എല്ലാ ജഡവും പുല്ലാകുന്നു; അതിൻറെ മഹിമയെല്ലാം പുല്ലിൻറെ പൂപോലെ വീണുപോകും.

3. നീ മനുഷ്യരിൽ പുറമേ കാണുന്നതുമാത്രം നോക്കിയാൽ എളുപ്പം വഞ്ചനയിൽ അകപ്പെടും. എന്തെന്നാൽ നീ നിൻറെ ആശ്വാസവും ലാഭവും അന്യരിൽനിന്നു തേടുന്നപക്ഷം നിനക്കു പലപ്പോഴും നഷ്ടം അനുഭവപ്പെടും.

എല്ലാക്കാര്യങ്ങളിലും ഈശോയെ അന്വേഷിച്ചാൽ നീ നിശ്ചയമായും ഈശോയെ കണ്ടെത്തും. എന്നാൽ നീ നിന്നെത്ത

ന്നേ അന്വേഷിച്ചാൽ നിന്നെത്തന്നേ കണ്ടെത്തും. പക്ഷേ അതു നിന്റെ നാശത്തിനായിരിക്കും.

എന്തുകൊണ്ടെന്നാൽ ഒരു മനുഷ്യൻ ഈശോയെ അന്വേഷിക്കുന്നില്ലെങ്കിൽ അവൻ തനിക്കുതന്നേ വരുത്തുന്ന ഉപദ്രവം ലോകം മുഴുവനും അവന്റെ സകല്ശത്രുക്കളും അവനു വരുത്താവുന്നതിനെക്കാൾ വലുതാകുന്നു.

8-ാം അധ്യായം

ഈശോയോടുള്ള മമത

ഈശോ അടുത്തുള്ളപ്പോൾ എല്ലാം നന്നായിരിക്കും; യാതൊന്നും പ്രയാസമായിതോന്നുകയില്ല. എന്നാൽ ഈശോ അടുത്തില്ലാത്തപ്പോൾ എല്ലാം വിഷമമായിരിക്കും.

ഈശോ ഉള്ളിൽ സംസാരിക്കാത്തപ്പോൾ ആശ്വാസം നിസ്സാരമാണ്. എന്നാൽ ഈശോ ഒരു വാക്കുമാത്രം പറയുമ്പോൾ വലിയ ആശ്വാസം അനുഭവപ്പെടുന്നു.

ഹൃദയം നിന്നെ വിളിക്കുന്നു എന്നു മത്താ മഗ്ദലെത്താമറിയത്തോടു പറഞ്ഞപ്പോൾ അവൾ കരഞ്ഞുകൊണ്ടിരുന്ന സ്ഥലത്തുനിന്നു ഉടനേ എഴുന്നേറ്റില്ലയോ?

കണ്ണുനീരുകളിൽനിന്ന് ആത്മീയാനന്ദത്തിലേയ്ക്കു നിന്നെ വിളിക്കുന്ന ആ നേരം എത്ര ഭാഗ്യകരം!

ഈശോ ക്രൂടെയില്ലാതിരുന്നാൽ നീ എത്ര രുചികെട്ടവനും ഉന്മേഷമില്ലാത്തവനുമാണ്! ഈശോയില്ലാതെ വല്ലതും നീ ആഗ്രഹിച്ചാൽ നീ എത്ര മഠയനും വ്യർത്ഥനുമാണ്!

നീ ലോകം മുഴുവൻ നഷ്ടപ്പെടുത്തുന്നതിനേക്കാൾ വലിയ നഷ്ടമല്ലയോ ഇത്?

ഈശോയെ ക്രൂടാതെ നിനക്കു എന്തുതരാൻ ലോകത്തിനു കഴിയും?

2. ഈശോയെക്രൂടാതെ ഇരിക്കുന്നതു കഠിന നരകവും, ഈശോയോടുക്രൂടെ ഇരിക്കുന്നത് ഇൻപമുള്ള പറുദീസായുമാകുന്നു.

ഈശോ നിന്നോടുക്രൂടെ ഉണ്ടായിരുന്നാൽ യാതൊരു ശത്രുവിനും നിന്നെ ഉപദ്രവിക്കാൻ സാധിക്കയില്ല.

ഈശോയെ കണ്ടെത്തുന്നവൻ നല്ല നിക്ഷേപം കണ്ടെത്തുന്നു, അതേ സകല നന്മകളേയുംകാൾ വലിയ നന്മയത്രേ അത്.

അതുപോലെ ഈശോ നഷ്ടമായിപ്പോകുന്നവനു വളരെ അധികം നഷ്ടം— അതേ, ഈ ലോകം മുഴുവനും നഷ്ടപ്പെടുന്നതിനേക്കാൾ വലിയ നഷ്ടമാണു നേരിടുന്നത്.

ഈശോയെക്കൂടാതെ ജീവിക്കുന്നവൻ അതിദരിദ്രനാണ്. ഈശോയുമായി സ്നേഹത്തിൽ ജീവിക്കുന്നവൻ വലിയ ധനികനുമാകുന്നു.

3. ഈശോയുമായി സംഭാഷിക്കുന്നത് എങ്ങനെയെന്നറിയുന്നത് ഒരു മഹാവിദ്യയാകുന്നു, ഈശോയെ നിൻെറകൂടെ വെച്ചുകൊള്ളുവാൻ അറിയുന്നതു വലിയ വിവേകവുമാണ്.

നീ വിനീതനും സമാധാനശീലനുമായിരിക്കുക; എന്നാൽ ഈശോ നിൻെറകൂടെ ആയിരിക്കും. നീ ഭക്തനും ശാന്തനുമായിരിക്ക; ഈശോ നിൻെറകൂടെ വസിക്കുകയും ചെയ്യും.

നീ ബാഹ്യകാര്യങ്ങളിലേയ്ക്കു തിരിഞ്ഞാൽ ഈശോയെ വേഗം ഓടിച്ചുകളവാനും തൻെറ വരങ്ങളെ നശിപ്പിപ്പാനും ഇടയാകും.

ഈശോയെ നിന്നിൽനിന്നു അകറ്റി നഷ്ടപ്പെടുത്തിക്കളഞ്ഞാൽ നീ ആരുടെ അടുക്കൽ അഭയം തേടും? ആരെ നിൻെറ സ്നേഹിതനായി സ്വീകരിക്കും?

ഒരു സ്നേഹിതനെക്കൂടാതെ നിനക്കു നന്നായി ജീവിക്കാൻ വയ്യാ; ഈശോ നിനക്ക് എല്ലാവരിലുംവെച്ചു ഉപരിയായ സ്നേ

ഹിതനാകാത്തപക്ഷം നീ അത്യധികം ദുഃഖിച്ചു ആശ്വാസരഹിതനായി ഭവിക്കും.

ആകയാൽ നീ വേറെ ആരിലെങ്കിലും ആശ്രയിക്കയോ ആനന്ദിക്കയോ ചെയ്യാൽ അതു ബുദ്ധിഹീനതയാണ്.

ഈശോയെ അതുപോനാകുന്നതിനേക്കാൾ ലോകം മുഴുവനും എതിരായിരിക്കട്ടെ എന്നാണു വയ്ക്കേണ്ടതു്.

ആകയാൽ എല്ലാ സ്നേഹിതന്മാരെയുംകാൾ ഈശോമാത്രം പ്രത്യേകമായ സ്നേഹത്തിനു പാത്രമായിരിക്കട്ടെ.

4. എല്ലാവരെയും ഈശോയെപ്രതി സ്നേഹിക്കു; ഈശോയെ— ഈശോയെപ്രതി മാത്രവും.

ഈശോയെ മാത്രമേ പ്രത്യേകവിധത്തിൽ സ്നേഹിക്കേണ്ടതുള്ളു; താൻ മാത്രമാണു മറെറല്ലാ സ്നേഹിതന്മാരെയുംകാൾ നല്ലവനും വിശ്വസ്തനും.

ഈശോയെക്കുറിച്ചും ഈശോയിലും, സ്നേഹിതന്മാരെയും ശത്രുക്കളെയും ഒരുപോലെ സ്നേഹിക്കുക; എല്ലാവരും ഈശോയെ അറിഞ്ഞു സ്നേഹിക്കുവാൻ എല്ലാവർക്കുംവേണ്ടി പ്രാർത്ഥിക്കയും വേണം.

നിന്നെ പ്രത്യേകമായി പ്രശംസിക്കണമെന്നോ സ്നേഹിക്കണമെന്നോ നീ ഒരിക്ക

ലും ആഗ്രഹിക്കരുത്; എന്തെന്നാൽ ഈ ദൈവത്തിനു മാത്രമുള്ളതാകുന്നു: തനിക്കു തുല്യനായി ആരുമില്ലല്ലോ.

ആരെങ്കിലും അയാളുടെ ഹൃദയത്തിൽ നിന്നെ പ്രത്യേകമായി പ്രതിഷ്ഠിക്കണമെന്നും ആഗ്രഹിക്കണ്ടാ. നീയും ആരോടുമുള്ള സ്നേഹത്തിൽ നിന്റെ ഹൃദയം മുഴുകിയിരിക്കാൻ സമ്മതിക്കരുത്. പിന്നെയോ ഈ ശോ നിന്നിലും എല്ലാ മനുഷ്യരിലും ഉണ്ടായിരിക്കട്ടെ.

5, യാതൊരു സൃഷ്ടിയുടെയും ബന്ധമില്ലാതെ ആന്തരിക വിശുദ്ധിയും സ്വാതന്ത്ര്യവുമുള്ളവനായിരിക്ക.

ദൈവം എത്ര മധുരനാകുന്നു എന്നു സാവകാശമായി കണ്ടു ഗ്രഹിക്കുവാൻ നിനക്കാഗ്രഹമുണ്ടെങ്കിൽ നീ നഗ്നനും നിന്റെ ഹൃദയം ദൈവത്തിരുമുൻപാകെ നിർമ്മലവുമായിരിക്കണം.

ഈ നിലയിൽ വന്നു ചേരണമെങ്കിൽ മറെല്ലാക്കാര്യങ്ങളിൽനിന്നും വിരമിച്ച് അവയെ നിന്നിൽനിന്നകറ്റിയശേഷം നീ ഏകനായി ഏകനായ ഈശോയോടു ഒന്നിക്കാൻ തക്കവണ്ണം തന്റെ ദിവ്യവരത്തിന്റെ ആലംബം നിന്നെ സഹായിച്ചു ആകർഷിക്കാനാവശ്യമുണ്ട്.

എന്തുകൊണ്ടെന്നാൽ ദൈവാനുഗ്രഹം ഉണ്ടാകുമ്പോൾ മനുഷ്യൻ എന്തും ചെയ്യാൻ ശക്തനായിത്തീരുന്നു. അത് അകന്നുപോകുമ്പോൾ അവൻ ദരിദ്രനും ബലഹീനനും ശിക്ഷയ്ക്കു പാത്രീഭൂതനുമാകുന്നു.

ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ നിരാശയിൽ ഉൾപ്പെടുകയോ മനസ്സിടിഞ്ഞുപോകയോ അരുത്; പ്രത്യുത, സമചിത്തതയോടെ ദൈവതിരുമനസ്സിനു കീഴ്പ്പെട്ടു നിനക്കു നേരിടുന്നതെല്ലാം ഈശോമിശിഹായുടെ സ്തുതിക്കായി സഹിക്കണം; എന്തെന്നാൽ വസ്തുതിനുശേഷം വേനൽ വരുന്നു; രാത്രി കഴിയുമ്പോൾ പകൽ മടങ്ങിവരുന്നു; കൊടുങ്കാറ്റിനുശേഷം വലിയ പ്രശാന്തതയും അനുഭവപ്പെടുന്നു.

9-ാം അധ്യായം

ആശ്വാസമില്ലാത്ത നില

ദൈവത്തിൽനിന്നുള്ള ആശ്വാസമുള്ളപ്പോൾ മനുഷ്യനിൽനിന്നു കിട്ടുന്ന ആശ്വാസം ഉപേക്ഷിക്കാൻ അത്ര പ്രയാസമില്ല. ദൈവികവും മാനുഷികവുമായ ആശ്വാസം ഇല്ലാതിരിക്കയും ദൈവമഹിമയെ

പ്രതിമാനസികമായ ഏകാകിത്വം സന്തോഷപൂർവ്വം സഹിക്കയും യാതൊന്നിലും തൻകാര്യം അനേഷിക്കാതെയും ഒന്നിലും സ്വന്തം യോഗ്യതയെപ്പറ്റി ചിന്തിക്കാതെയും ഇരിക്കുകയും ചെയ്യുന്നതു വലിയ കാര്യമാണ്, അതേ, വളരെ വലിയ കാര്യമാണ്.

ദൈവാനുഗ്രഹം ഉള്ളപ്പോൾ നീ പ്രസന്നനും ഭക്തനുമാണെങ്കിൽ അതൊരു വലിയ കാര്യമാണോ? ആ സമയം എല്ലാവരും അനുഗ്രഹിക്കുന്നതാണല്ലോ!

ദൈവാനുഗ്രഹം ആരെ വഹിക്കുന്നുവോ അവൻ വളരെ സന്തോഷപൂർവ്വം സവാരി ചെയ്യുന്നു.

സർവ്വശക്തൻ ആരെ വഹിക്കയും പരമനായകൻ ആരെ നടത്തുകയും ചെയ്യുന്നുവോ അവനു ഭാരം തോന്നുന്നില്ലെങ്കിൽ എന്തത്ഭുതമാണുള്ളത്?

2. ആശ്വാസപ്രദമായി വല്ലതും ഉണ്ടാകുന്നതു നമുക്കു സന്തോഷപ്രദമാണ്; തന്നെത്താൻ ത്യജിക്കുവാൻ ഒരു മനുഷ്യനു വളരെ പ്രയാസമുണ്ട്.

വി. ലൊറന്തിയോസ് രക്തസാക്ഷിതന്റെ അദ്ധ്യായനോട്ടുകൂടെ ലോകത്തെ ജയിച്ചു; എന്തുകൊണ്ടെന്നാൽ ലോകത്തിൽ സന്തോഷകരമായി കണ്ടതെല്ലാം അദ്ദേഹം

വെറുത്ത്, താൻ ഏറ്റവും അധികം സ്നേഹിച്ചിരുന്ന ദൈവത്തിന്റെ പ്രധാനാചാര്യനായ സിക്കസ് ത്തൂസിനെപ്പോലും തന്നിൽനിന്നു പേർതിരിച്ചതു മിശിഹായോടുള്ള സ്നേഹത്താൽ ക്ഷമയോടെ സഹിച്ചു.

ആകയാൽ സൃഷ്ടാവിനോടുള്ള സ്നേഹം കൊണ്ട് അദ്ദേഹം മനുഷ്യരോടുള്ള സ്നേഹത്തെ ജയിച്ചു; മനുഷ്യാശ്വാസത്തിനു പകരം ദൈവതിരുമനസ്സു തെരിഞ്ഞെടുക്കയും ചെയ്തു.

ഇതുപോലെ നീയും ദൈവസ്നേഹത്തെപ്രതി നിനക്കു വളരെ സ്നേഹമുള്ള ആത്മമിത്രത്തെ ഉപേക്ഷിക്കാൻ പഠിക്ക.

നിന്റെ സ്നേഹിതൻ നിന്നെ ഉപേക്ഷിക്കുന്നപക്ഷം നിനക്ക് അത്ര വലിയ സങ്കടം ഉണ്ടാകരുത്. എന്തെന്നാൽ നാം എല്ലാവരും ഒരിക്കൽ അന്യോന്യം വേർപെടേണ്ടവരാണെന്നറിയാമല്ലോ.

3. തന്നെത്താൻ പരിപൂർണ്ണമായി ജയിച്ചു തന്റെ സ്നേഹം മുഴുവൻ ദൈവത്തിങ്കലേയ്ക്കു തിരിക്കാൻ പഠിക്കുന്നതിനു മുൻപായി ഒരു മനുഷ്യൻ തന്നിൽത്തന്നേ ധാരാളമായും അധികം നാളത്തേയ്ക്കും യുദ്ധം ചെയ്യാൻ ആവശ്യമുണ്ട്.

ഒരു മനുഷ്യൻ തന്നിൽത്തന്നേ ആശ്ര

യിക്കുമ്പോൾ മനുഷ്യാശ്വാസങ്ങളിലേയ്ക്ക് എളുപ്പം ചായുന്നു.

എന്നാൽ മിശിഹായുടെ യഥാർത്ഥസ്നേഹിതനും പുണ്യങ്ങൾ ഉത്സാഹപൂർവ്വം തേടുന്നവനും ആശ്വാസങ്ങളിലേയ്ക്കു ചായുകയും ആ മാതിരി ഇന്ദ്രിയസന്തോഷങ്ങളെ അന്വേഷിക്കയും ചെയ്യാതെ മിശിഹായെപ്രതി ശക്തിയേറിയ പ്രലോഭനങ്ങളെയും കഠിനാദ്ധ്വാനങ്ങളെയും സഹിക്കാൻ സന്നദ്ധനാകുന്നു.

4. അതുകൊണ്ട് ദൈവം ആത്മീയാനന്ദം തരുമ്പോൾ അതിനെ നന്ദിപൂർവ്വം കൈക്കൊള്ളുക. എന്നാൽ നീ അതിനു യോഗ്യനല്ല, ദൈവത്തിന്റെ ദാനമാണത് എന്നു മനസ്സിലാക്കുക.

നീ അഹങ്കരിക്കയോ അതിരുകടന്നു സന്തോഷിക്കയോ കഥയില്ലാതെ ധിക്കരിക്കയോ ചെയ്യരുത്; പ്രത്യുത, ഈ ദാനത്തെക്കുറിച്ചു കൂടുതൽ വിനീതനും, നിന്റെ എല്ലാ പ്രവൃത്തികളിലും കൂടുതൽ ശ്രദ്ധയും ഭയവുമുള്ളവനും ആയിരിക്കുക. എന്തെന്നാൽ ഈ മണിക്കൂറുകഴിഞ്ഞുപോകും. ഇതു കഴിഞ്ഞു പരീക്ഷ പിറകേ വരികയും ചെയ്യും.

ആശ്വാസം നിന്നിൽനിന്നു നീക്കികളയുമ്പോൾ നീ നിരാശപ്പെടരുത്. പി

ന്നെയോ എളിമയോടും ക്ഷമയോടുംകൂടെ സ്വർഗ്ഗത്തിൽനിന്നുള്ള സന്ദർശനം കാത്തിരിക്കുക; എന്തുകൊണ്ടെന്നാൽ ധാരാളം ആശ്വാസം നിനക്കു വീണ്ടും തരുവാൻ ദൈവത്തിനു ശക്തിയുണ്ട്.

ദൈവത്തിന്റെ വഴി പരിചയമുള്ളവർക്ക് ഇതു നൂതനവും അസാധാരണവുമല്ല; എന്തുകൊണ്ടെന്നാൽ മഹാ പുണ്യവാന്മാർക്കും പുരാതനകാലത്തെ ദീർഘദർശികൾക്കും ഈവക അവസ്ഥാന്തരങ്ങൾ പലപ്പോഴും അനുഭവപ്പെട്ടിട്ടുണ്ട്.

5. ആകയാൽ ഒരാൾ ദൈവകൃപ ഉണ്ടായിരുന്നപ്പോൾ ഇങ്ങനെ പറഞ്ഞു: "ഞാൻ ഒരിക്കലും ഇളകുകയില്ല എന്ന് എന്റെ സമൃദ്ധിയിൽ ഞാൻ പറഞ്ഞു."

എന്നാൽ ദൈവകൃപയില്ലാതായപ്പോൾ അനുഭവിച്ചതെന്തെന്ന് ഇങ്ങനെ ആണ് അയാൾ പറഞ്ഞത്: "നിന്റെ തിരുമുഖം എന്നിൽ നിന്നു നീ മാറിക്കളഞ്ഞു; ഞാൻ വിഷാദത്തിൽ മഗ്നനായിരിക്കുന്നു."

എന്നാലും ഇതിനിടയ്ക്കു അയാൾ നിരാശപ്പെടാതെ കൂടുതൽ താല്പര്യത്തോടെ ദിവ്യനാഥനോടു പ്രാർത്ഥിച്ച് ഇങ്ങനെ പറയുന്നു: "ദിവ്യനാഥാ ഞാൻ നിന്റെ അടുക്ക

ലേക്കു നിലവിളിക്കും. ഞാൻ എന്റെ ദൈവത്തോടു പ്രാർത്ഥിക്കയും ചെയ്യും." ഒടുവിൽ അയാളുടെ പ്രാർത്ഥനയുടെ ഫലം പ്രാപിക്കയും, "ദിവ്യനാഥൻ എന്റെ പ്രാർത്ഥന കേട്ട് എന്നോടു കരുണയുള്ളവനായി; ദിവ്യനാഥൻ എന്റെ സഹായി ആയിരിക്കുന്നു" എന്നു പറകയും ചെയ്തുകൊണ്ട്, ദൈവം തന്റെ പ്രാർത്ഥന കേട്ടു എന്നു അയാൾ സാക്ഷ്യപ്പെടുത്തുന്നു.

എന്നാൽ അതെങ്ങനെ? അയാൾ പറയുന്നു: "നീ എന്റെ വിലാപത്തെ സന്തോഷമായി പകർത്തി, എന്നെ ആനന്ദം കൊണ്ടു ചുഴന്നു."

മഹാ പരിശുദ്ധന്മാരുടെ സ്ഥിതി ഇങ്ങനെ ആയിരുന്നെങ്കിൽ ബലഹീനരും ദരിദ്രരുമായ നമുക്ക് നാം ചിലപ്പോൾ ശുഷ്കാന്തിയുള്ളവരും മറു ചിലപ്പോൾ ശുഷ്കാന്തിയില്ലാത്തവരുമാണെന്നു വന്നാൽ നിരാശയ്ക്കു അവകാശമില്ല. എന്തുകൊണ്ടെന്നാൽ ദൈവഹിതംപോലെ അവ വരികയോ പോകയോ ചെയ്യുന്നു.

ഇതിനാൽ വി. യോബ് പറയുന്നതു "നീ അതിരാവിലെ അവനെ സന്ദർശിക്കുന്നു; പിന്നെ പെട്ടെന്നു അവനെ ക്ലേശിപ്പിക്കുന്നു" എന്നാണ്.

6. ആകയാൽ ദൈവത്തിന്റെ വലിയ കരുണയിലും സ്വർഗ്ഗീയ വരങ്ങൾ ലഭിക്കുമെന്നുള്ള ആശയിലും മാത്രമല്ലാതെ മറെന്തിൽ എനിക്കു ശരണപ്പെടുവാൻ കഴിയും; എന്തിൽ വിശ്വസിക്കേണ്ടു?

എന്തുകൊണ്ടെന്നാൽ നല്ല മനുഷ്യരോ ഭക്തിയുള്ള സഹോദരങ്ങളോ അഥവാ വിശ്വസ്തരായ സ്നേഹിതന്മാരോ, അഥവാ പരിശുദ്ധങ്ങളായ ഗ്രന്ഥങ്ങളോ, മനോഹരങ്ങളായ പ്രബന്ധങ്ങളോ അഥവാ മധുരഗീതങ്ങളോ കീർത്തനങ്ങളോ ഇവ എല്ലാം ഉണ്ടെങ്കിലും ഞാൻ വരപ്രസാദം നഷ്ടപ്പെടുത്തി എന്റെ സ്വന്തം ദരിദ്രാവസ്ഥയിൽ വന്നെത്തിയിരിക്കയാണെങ്കിൽ ഇവ ഒന്നും എനിക്ക് ഉപകാരപ്രദമല്ല; എനിക്കു രസകരവുമല്ല.

ഇങ്ങനെയുള്ള സമയത്തു ക്ഷമയോടിരുന്ന് എന്നെത്തന്നേ ദൈവതിരുമനസ്സിനു ഭരമേല്പിക്കുന്നതിനെക്കാൾ ഏറെ നന്നായ പ്രതിവിധിയില്ല.

7. ചിലപ്പോഴെങ്കിലും ദൈവാനുഗ്രഹം നഷ്ടപ്പെടുത്താത്തവനും ശുഷ്കാന്തി കുറഞ്ഞുപോയതായി അനുഭവപ്പെടാത്തവനുമായി അത്ര ദൈവവിശ്വാസവും ഭക്തിയുമുള്ള ഒരുവനെ ഞാൻ ഒരിക്കലും കണ്ടിട്ടില്ല.

ആദ്യമല്ലെങ്കിൽ ഒടുവിൽ പരീക്ഷയിൽ ഉൾപ്പെടാത്തവനായി അത്ര ഉന്നതമായ ആനന്ദപാരവശ്യത്തിലും ദൈവപ്രകാശത്തിലും ഇരുന്ന ഒരു പുണ്യവാനും ഉണ്ടായിട്ടില്ല.

എന്തുകൊണ്ടെന്നാൽ ദൈവത്തെപ്രതി വല്ല അനർത്ഥങ്ങളും അനുഭവിച്ചിട്ടില്ലാത്തവൻ ഉൽകൃഷ്ടമായ ദൈവധ്യാനത്തിനു യോഗ്യനല്ല.

സാധാരണമായി വരുവാനിരിക്കുന്ന ആശ്വാസത്തിന്റെ അടയാളമാണ് ആദ്യമായി ഉണ്ടാകുന്ന പരീക്ഷ.

എന്തുകൊണ്ടെന്നാൽ പരീക്ഷയിൽ വിജയം പ്രാപിക്കുന്നവനു 'ഞാൻ ആയുസ്സിന്റെ വൃക്ഷത്തിൽനിന്നു ഭക്ഷിക്കാൻ കൊടുക്കും' എന്നു പറഞ്ഞിരിക്കുന്നു.

8. ദൈവികാശ്വാസം നൽകുന്നതു മനുഷ്യൻ അരിഷ്ടതകൾ സഹിക്കുവാൻ അധികം ശക്തനാകുവാനാണ്.

ചെയ്ത നന്മയെപ്പറ്റി അഹങ്കരിക്കാതിരിക്കാൻ പരീക്ഷ തുടർന്നും എന്നും വരാം.

പിശാച് ഉറങ്ങുന്നില്ല, മാംസം ഇതുവരെ മരിച്ചിട്ടില്ല; ആകയാൽ യുദ്ധത്തിനു നിന്നെത്തന്നേ തയാറാക്കുവാൻ അമാന്തിക്കരുത്; എന്തുകൊണ്ടെന്നാൽ ഒരിക്കലും വി

ശ്രമിക്കാത്ത ശത്രുക്കൾ വലത്തും ഇടത്തുമുണ്ട്.

10-ാം അധ്യായം

ദൈവാനുഗ്രഹം ലഭിച്ചതിനു നന്ദി

നീ അദ്ധ്വാനിക്കാനായി ജനിച്ചിരിക്കയിൽ എന്തുകൊണ്ടു ആശ്വാസം അന്വേഷിക്കുന്നു?

ആശ്വാസത്തിനെന്നതിനെക്കാൾ സഹനത്തിനും സന്തോഷത്തിനെന്നതിനെക്കാൾ കുരിശു ചുമക്കുന്നതിനും നീ ഒരുങ്ങിക്കൊള്ളുക.

എന്തുകൊണ്ടെന്നാൽ ആശ്വാസവും ആത്മീയാനന്ദവും എപ്പോഴും കിട്ടുന്നതായിരുന്നാൽ സന്തോഷത്തോടെ അവ സ്വീകരിക്കാത്തവനായി ലൗകികമനുഷ്യരിലാരെങ്കിലുമുണ്ടോ?

എന്തെന്നാൽ ആത്മീയാശ്വാസം ലോകത്തിലെ എല്ലാ സന്തോഷങ്ങളെയും ജഡത്തിന്റെ സുഖഭോഗങ്ങളെയുംകാൾ ഉൽകൃഷ്ടമാണ്.

ലൗകികസന്തോഷങ്ങൾ ഒന്നുകിൽ വ്യർത്ഥമോ അല്ലെങ്കിൽ നീചമോ ആണല്ലോ.

ആത്മീയാശ്വാസങ്ങൾ മാത്രമാണ് ഇൻപമുള്ളവയും കളങ്കമറ്റവയും. അവ പുണ്യങ്ങളിൽനിന്നുത്ഭവിച്ചവയും ദൈവം നിർമ്മലഹൃദയത്തിൽ ചൊരിയുന്നവയുമാണ്.

പക്ഷേ ഒരുത്തനും യത്നിച്ചാൽ ഈ ദൈവികാശ്വാസങ്ങളെ അനുഭവിക്കാൻ സാധിക്കയില്ല; എന്തുകൊണ്ടെന്നാൽ പരീക്ഷയുടെ കാലം ഏതൊരാൾ മാറിനില്ക്കയില്ല.

2. ആത്മാവിന്റെ കപടമായ സ്വാതന്ത്ര്യവും തന്നിൽത്തന്നേയുള്ള അമിതവിശ്വാസവും സ്വഗുണത്തിൽനിന്നുള്ള സന്തുഷ്ടത്തിനു വലിയ തടസ്സമായിരിക്കുന്നു.

ആശ്വാസമാകുന്ന വരം തരുമ്പോൾ ദൈവം നല്ലതാണു പ്രവർത്തിക്കുന്നത്. പക്ഷേ നന്ദിപൂർവ്വം അതിനെ മുഴുവൻ ദൈവത്തിനു വീണ്ടും സമർപ്പിക്കാതിരിക്കുമ്പോൾ മനുഷ്യൻ തിന്മയാണു ചെയ്യുന്നത്.

നാം വരങ്ങൾ തരുന്ന ദൈവത്തോടു നന്ദിയില്ലാത്തവരാകയാലും അവയെ അവയുടെ ഉല്പത്തിസ്ഥാനത്തേക്കു സമർപ്പിക്കാത്തതിനാലുമാണ് അനുഗ്രഹവരങ്ങൾക്കു നമ്മളിൽ ഒഴുകാൻ കഴിയാതെ പോകുന്നത്.

വേണ്ടപോലെ കൃതജ്ഞത പ്രദർശിപ്പിക്കുന്നവൻ ഏറ്റവും വരപ്രസാദത്തിനർഹനാണ്; ഏളിമയുള്ളവനു കൊടുക്കാറു

ള്ളത് അഹങ്കാരിയിൽനിന്നു എടുത്തുകളയുന്നതുതന്നെയാകുന്നു.

3. എന്നിൽനിന്നു മനസ്സാപത്തെ അകറ്റിക്കളയുന്ന ആശ്വാസം കിട്ടാൻ എനിക്കാഗ്രഹമില്ല അഹങ്കാരിയാകുന്ന ധ്യാനവും ഞാൻ ഇച്ഛിക്കുന്നില്ല.

എന്തുകൊണ്ടെന്നാൽ ഉന്നതമായതെല്ലാം വിശുദ്ധമല്ല. മധുരമായതെല്ലാം നല്ലതുമല്ല. ആഗ്രഹങ്ങളെല്ലാം നിർമ്മലങ്ങളുമല്ല. നമുക്കു ഇഷ്ടമുള്ളതെല്ലാം ദൈവത്തിനു പ്രസാദകരവുമല്ല.

എപ്പോഴും എന്നെ കൂടുതൽ എളിമയും, ഭയവും, ആത്മത്യാഗത്തിനു സന്നദ്ധതയും ഉള്ളവനാകുന്ന വരം ഞാൻ സന്തോഷപൂർവ്വം സ്വീകരിക്കും.

ദൈവാനുഗ്രഹവരത്താൽ അറിവു സമ്പാദിച്ചവനും ദൈവാനുഗ്രഹവരം നഷ്ടപ്പെടുന്നതുമൂലം പാഠം പഠിച്ചിട്ടുള്ളവനും തനിക്കെന്തെങ്കിലും നന്മയുണ്ടെന്നു പറവാൻ തുനികയില്ല; പ്രത്യുത, താൻ കേവലം ദരിദ്രനും നഗ്നനുമാണെന്നു തന്നെ ഞാൻ സമ്മതിക്കും.

ദൈവത്തിന്റേതു ദൈവത്തിനു കൊടുക്കുക; നിന്റേതു നീയും എടുക്കുക. അതായതു ദൈവത്തിനു തന്റെ അനുഗ്രഹത്തി

നായി നന്ദിപറയുക; നിനക്കാകട്ടെ പാപവും പാപത്തിനു തക്ക ശിക്ഷയുടെ അവകാശവും മാത്രമുണ്ട് എന്നും ധരിക്ക.

4. എല്ലാപ്പോഴും ഏറ്റവും താണസ്ഥാനത്തു ഇരിക്കുക; അപ്പോൾ ഏറ്റവും ഉയർന്ന സ്ഥാനം നിനക്കു കിട്ടും. എന്തുകൊണ്ടെന്നാൽ ഏറ്റവും താണതിലല്ലാതെ ഏറ്റവും ഉയർന്നത് എങ്ങനെ നില്ക്കും?

ദൈവദൃഷ്ടിയിൽ ഏറ്റവും വലിയ പരിശുദ്ധന്മാർ സ്വന്തം ദൃഷ്ടിയിൽ നിസ്സാരന്മാരായിരുന്നു. അതവർ എത്രത്തോളം മഹിമയുള്ളവരായിരുന്നോ അത്രത്തോളം വിനയമുള്ളവരുമായിരുന്നു.

സത്യവും സ്വർഗ്ഗീയമഹിമയും നിറഞ്ഞവരായിരുന്നതിനാൽ അവർക്കു വ്യർത്ഥമായ പ്രഭാവത്തെപ്പറ്റി ആഗ്രഹമില്ലായിരുന്നു.

അവർ ദൈവത്തിൽ അടിയുറച്ചു സ്ഥിരപ്പെട്ടവരായിരുന്നതിനാൽ അവർക്ക് ഒരു പ്രകാരത്തിലും അഹങ്കരിക്കുവാൻ സാധിക്കയില്ലായിരുന്നു.

തങ്ങൾക്കു കിട്ടുന്ന നന്മ മുഴുവൻ ദൈവത്തിൽനിന്നാണെന്നു വിശ്വസിക്കുന്നവർ ഏതെങ്കിലും നന്മ കിട്ടുമ്പോൾ ദൈവത്തിൽനിന്നുള്ള മഹിമയല്ലാതെ പരസ്പരബഹുമാനം ആഗ്രഹിച്ചിരുന്നില്ല. അവർ തങ്ങ

ളിലും എല്ലാ വിശ്വാസന്മാരിലും ദൈവ സ്നേഹം വർദ്ധിക്കണമെന്നു സർവ്വോപരി ആഗ്ര ഹിക്കയും അതിനായി സദാ ഉത്സാഹിക്കയും ചെയ്തിരുന്നു.

5. ആകയാൽ ഏറ്റവും ചെറിയ ദാന ത്തിനും നന്ദിയുള്ളവനായിരിക്ക; അപ്പോൾ അധികം വലിയ ദാനങ്ങൾ പ്രാപിക്കാൻ നീ യോഗ്യനാകും.

ഏറ്റവും ചെറുതു നിനക്കു ഏറ്റം വലുതുപോലെയുമാകട്ടെ; ഏതുമേ ഹീനമായത് ഒരു വലിയ അനുഗ്രഹമായും ഇരിക്കട്ടെ.

ദാതാവിന്റെ മഹത്വം നോക്കിയാൽ തന്നതു യാതൊന്നും ചെറുതും നിസ്സാരവുമാ ണെന്നു തോന്നുകയില്ല. അത്യുന്നതനായ ദൈവം തരുന്ന ദാനം ചെറുതല്ലല്ലോ.

ശിക്ഷയും അടിയും തന്നാലും നന്ദിയു ള്ളവരായിരിക്കണം. എന്തുകൊണ്ടെന്നാൽ ന മുക്കു സംഭവിക്കാൻ അനുവദിക്കുന്നതെല്ലാം നമ്മുടെ രക്ഷയ്ക്കായി താൻ ചെയ്യുന്നു.

വരപ്രസാദം സംരക്ഷിക്കാനാഗ്രഹമു ള്ളവൻ തനിക്കു കിട്ടിയ വരത്തെക്കുറിച്ചു നന്ദിയുള്ളവനായിരിക്കണം; നഷ്ടപ്പെട്ടതി നെപ്പറ്റി അക്ഷമനാകരുത്.

അതു തിരിച്ചുവരാൻ പ്രാർത്ഥിക്കണം;

നഷ്ടപ്പെട്ടുത്താതിരിക്കാൻ കരുതലും എളിമയും ഉള്ളവനുമായിരിക്കണം.

11-ാം അധ്യായം

കുരിശിനെ സ്നേഹിക്കാത്തവർ

ഈശോയിക്കു ഇപ്പോൾ തന്റെ സ്വർഗ്ഗരാജ്യത്തെ സ്നേഹിക്കുന്നവരായി പലരുണ്ട്. പക്ഷേ തന്റെ കുരിശു വഹിക്കുന്നവരായിട്ടു കുറച്ചുപേരേയുള്ളു.

തന്റെ ആശ്വാസം ആഗ്രഹിക്കുന്നവരായി പലരുണ്ട്, എന്നാൽ കഷ്ടപ്പാടാഗ്രഹിക്കുന്നവർ വളരെച്ചുരുക്കം.

തന്റെ കൂടെയിരുന്നു ഭക്ഷണം കഴിക്കുന്നവരായി പലരെ കാണുന്നുണ്ട്. എന്നാൽ തന്റെ ഉപവാസത്തിൽ കൂട്ടുകാർ ചുരുക്കംപേരേയുള്ളു.

എല്ലാവർക്കും തന്റെകൂടെ സന്തോഷിക്കാൻ ആഗ്രഹമാണ്; ഈശോയിയ്ക്കുവേണ്ടി എന്തെങ്കിലും ചെയ്യാൻ വളരെ കുറച്ചുപേർക്കേ മനസ്സുള്ളു. പലർ ഈശോയെ അപ്പം മുറിക്കുന്നതുവരെ അനുഗമിക്കുന്നു; എന്നാൽ തന്റെ പീഡാനുഭവ പാനപാത്രം കുടിക്കു

ന്നതുവരെ തന്നെ അനുഗമിക്കുവാൻ ചുരു
ക്കംപേരേയുള്ളൂ.

വളരെപ്പേർ ഈശോയുടെ അത്ഭുത
ങ്ങൾ കൊണ്ടാടുന്നു. കുറച്ചുപേരേ തന്നെ
അപമാനകരമായ കുരിശിനെ പിൻചെല്ലു
ന്നുള്ളൂ.

അനർത്ഥങ്ങളൊന്നും നേരിടാത്തിടത്തോ
ളംകാലം പലർ ഈശോയെ സ്നേഹിക്കുന്നു.
അതിൽനിന്നു വല്ല ആശ്വാസങ്ങളും കിട്ടു
ന്നിടത്തോളംകാലം പലർ തന്നെ സ്തുതിച്ചു
വാഴ്ത്തുന്നു.

എന്നാൽ ഈശോ മറഞ്ഞിരിക്കയും സ്വ
ല്പകാലത്തേക്ക് അവരെ ഉപേക്ഷിക്കയും
ചെയ്യുൽ അവർ ഒന്നുകിൽ ആവലാതി പ
റകയോ അല്ലെങ്കിൽ വലിയ നിരാശയിൽ
ആണ്ടുപോകയോ ചെയ്യും.

2. എന്നാൽ തങ്ങളുടെ ഏതെങ്കിലും
സ്വന്തം ആശ്വാസത്തിനല്ലാതെ ഈശോ
യെപ്രതി മാത്രം ഈശോയെ സ്നേഹിക്കുന്ന
വർ എല്ലാക്ലേശതകളിലും ഹൃദയവേദനക
ളിലും ഏറ്റവും വലിയ ആശ്വാസത്തിലെ
ന്നപോലെ തന്നെ വാഴ്ത്തുന്നു.

എന്നല്ല അവക്ക് ഒരിക്കലും ആശ്വാ
സം ഈശോ നൽകാതിരുന്നാലും എപ്പോ
ഴും അവർ തന്നെ സ്തുതിച്ചേനേ. എപ്പോ

ഴം നന്ദിപറയുവാൻ ആഗ്രഹിക്കയും ചെയ്യേണ്ടേ.

ഈശോയുടെ നേരേയുള്ള പരിശുദ്ധ സ്നേഹം സ്വന്ത സൗകര്യമോ സ്വസ്നേഹമോ കലരാത്തതാണെങ്കിൽ എത്ര ശക്തിമത്താണ്?

എപ്പോഴും ആശ്വാസങ്ങളന്വേഷിച്ചു കൊണ്ടിരിക്കുന്നവർ ക്രൂശിലേലക്കാരെന്നപേരിനല്ലേ അർഹർ?

അവർ തങ്ങളുടെ സുഖവും ലാഭവും വിചാരിച്ചുകൊണ്ടിരിക്കുന്നതുകൊണ്ട് അവർ ഈശോയെ സ്നേഹിക്കുന്നവരെന്നതിനെക്കാൾ തങ്ങളെത്തന്നേ സ്നേഹിക്കുന്നവരാണെന്നു സ്പഷ്ടമല്ലയോ?

ദൈവത്തെ പ്രതിഫലം ഇച്ഛിക്കാതെ സേവിക്കാൻ മനസ്സുള്ളവനെ എവിടെ കാണാൻ കഴിയും?

3. എല്ലാ വസ്തുക്കളിൽ നിന്നും പൂർണ്ണമായി മാറിയിരിക്കത്തക്കവണ്ണം അത്രമാത്രം ആത്മീയകാര്യങ്ങളിൽ അഗ്രഗണ്യനായ ഒരാളെ വളരെ വളരെ അപൂർവ്വമായിട്ടേ കാണുകയുള്ളൂ.

എന്തുകൊണ്ടെന്നാൽ ആത്മാവിൽ യഥാർത്ഥമായ ദാരിദ്ര്യവും സൃഷ്ടികളിൽനിന്നു പൂർണ്ണമായ പേർപാടും അനുഷ്ഠിക്കുന്ന മനു

ഷ്യനെ ആരു കണ്ടെത്തും? അവന്റെ വില ദൂരെനിന്നും, ഏറ്റവും അകലെയുള്ള അതിർത്തികളിൽനിന്നും കൊണ്ടുവന്നവയുടെ വില പോലെയാണ്.

ഒരു മനുഷ്യൻ തന്റെ സകല വസ്തുക്കളും ദാനം ചെയ്താലും അത് ഒന്നുമല്ല.

അവൻ വലിയ തപസ്സുചെയ്താലും അതു നിസ്സാരമാണ്.

അവൻ സർവ്വ വിജ്ഞാനങ്ങളും സമ്പാദിച്ചാലും അടുത്തെങ്ങും വന്നിട്ടില്ല

അവനു വലിയ പുണ്യവും വളരെ തീവ്രമായ ഭക്തിയും ഉണ്ടായിരുന്നാലും പിന്നെയും കുറവു വളരെയുണ്ട്. അതായതു് അവന് അത്യാവശ്യമായ ഒരു കാര്യമുണ്ട്.

അതെന്താണ്? അതോ, എല്ലാം ഉപേക്ഷിച്ചു തന്നെപ്പോലും ഉപേക്ഷിക്കയും, തന്നിൽനിന്നു മുഴുവനായി പുറത്തുകടക്കയും സ്വസ്നേഹം അല്പംപോലും ഇല്ലാതിരിക്കയും ചെയ്യുന്നതാകുന്നു.

ചെയ്യാൻ കടമയുണ്ടെന്നറിഞ്ഞതെല്ലാം ചെയ്തശേഷം താൻ ഒന്നും ചെയ്തില്ലെന്നുള്ള ബോധവും അവനുണ്ടായിരിക്കട്ടെ.

വളരെ മതിക്കത്തക്കതു് വലിയ കാര്യമായി ഗണിക്കാതിരിക്കട്ടെ. സത്യസ്വരൂപൻ ഇങ്ങനെ കല്പിച്ചു— "നിങ്ങളോടാജ്ഞാപി

ച്ചതെല്ലാം ചെയ്തുകഴിയുമ്പോൾ ഞങ്ങൾ പ്രയോജനമില്ലാത്ത ഭൃത്യന്മാരാണെന്നു നിങ്ങൾ പറയുവിൻ.''

അപ്പോൾ യഥാർത്ഥത്തിൽ ദരിദ്രനും ആത്മാവിൽ നഗ്നനും ആകാൻ കഴിയും. ''ഞാൻ ഏകാകിയും ദരിദ്രനും ആണ്'' എന്നു ദീർഘദർശിയോടുകൂടെ പറവാനും കഴിയും.

എന്നാൽ തന്നെത്തന്നെയും മറ്റെല്ലാ വസ്തുക്കളെയും ഉപേക്ഷിച്ച് എല്ലാറ്റിനും കീഴായി തന്നെ ഗണിപ്പാൻ അറിയാവുന്നവനെക്കാൾ അധികം സമ്പന്നനോ ശക്തനോ സ്വതന്ത്രനോ ആരുമില്ല

12-ാം അധ്യായം

വി. കുരിശാകുന്ന രാജപാത

''നിന്നെത്തന്നേ പരിത്യജിക്ക, നിന്റെ കുരിശെടുത്ത് ഈശോയെ അനുഗമിക്ക'' എന്ന ഈ ഉപദേശം പലർക്കും കഠിനമാണെന്നു തോന്നും.

എന്നാൽ ''ശാപമേറ്റവരേ, എന്നെ വിട്ടകന്നു നിത്യനരകത്തിലേക്കു പോകുവിൻ'' എന്ന അവസാനവചനം കേൾക്കുന്നതിനേക്കാൾ അധികം കടുപ്പമാണ്.

എന്തുകൊണ്ടെന്നാൽ ഇപ്പോൾ കുരിശിന്റെ വചനം സന്തോഷപൂർവ്വം കേട്ട് അനുസരിക്കുന്നവർ അന്ത്യ നിത്യശിക്ഷാവിധികേട്ട് ഭയപ്പെടുകയില്ല.

തിരുനാഥൻ വിധിക്കാൻ വരുമ്പോൾ കുരിശിന്റെ ഈ അടയാളം ആകാശത്തുണ്ടായിരിക്കും.

അപ്പോൾ ഈ ജീവിതത്തിൽ കുരിശിൽ മരിച്ച തിരുനാഥനോടു അനുരൂപരായിരുന്ന കുരിശിന്റെ ദാസന്മാരെല്ലാം വിധികർത്താവായ മിശിഹായുടെ പക്കൽ വലിയ വിശ്വാസത്തോടെ അടുത്തുചെല്ലും.

2. ആകയാൽ നീ എന്തുകൊണ്ടു സ്വർഗ്ഗരാജ്യത്തിലേക്കു നയിക്കുന്ന നിന്റെ കുരിശിനെ എടുക്കാൻ ഭയപ്പെടുന്നു?

കുരിശിൽ രക്ഷയുണ്ട്; കുരിശിൽ ആയുസ്സുണ്ട്; ശത്രുക്കളിൽനിന്നുള്ള സംരക്ഷണവും കുരിശിലുണ്ട്.

കുരിശിൽനിന്നാകുന്നു സ്വർഗ്ഗീയമാധുര്യവും ഒഴുകിവരുന്നത്. കുരിശിലാകുന്നു മനസ്സിന്റെ ധൈര്യവും ആത്മാവിന്റെ സന്തോഷവും.

പുണ്യങ്ങളുടെ പൂർണ്ണതയും വിശുദ്ധിയുടെ പൂർത്തിയും കുരിശിൽത്തന്നേയത്രേ;

കുരിശിലല്ലാതെ ആത്മാവിന്റെ രക്ഷയോ നിത്യജീവന്റെ ആശയോ ഇല്ല.

ആകയാൽ നിന്റെ കുരിശെടുത്തു ഈശോയുടെ പിറകേ ചെല്ലുക; എന്നാൽ നീ നിത്യായുസ്സിൽ ചെന്നെത്തും.

കുരിശു ചുമന്നുകൊണ്ടു ഈശോ മുൻപേ പോയിട്ടുണ്ട്; നിനക്കുവേണ്ടി കുരിശിൽ മരിക്കയും ചെയ്തു. ഇത് നീയും നിന്റെ കുരിശു ചുമക്കാനും കുരിശിൽ മരിക്കാനും ഇഷ്ടപ്പെടുന്നതിനായിട്ടാണ്.

എന്തുകൊണ്ടെന്നാൽ നീ ഈശോയോടുകൂടെ മരിക്കുന്നെങ്കിൽ തന്നോടുകൂടെ ജീവിക്കയും ചെയ്യും. പീഡാനുഭവങ്ങളിൽ പങ്കാളിയായിരുന്നാൽ മഹിമയിലും ഓഹരിക്കാരനാകും.

3. കണ്ടാലും കുരിശിൽ എല്ലാം ഉണ്ട്. മരിക്കുന്നതിൽ സകലവും അടങ്ങിയിരിക്കുന്നു. വിശുദ്ധ കുരിശിന്റെയും പ്രതിദിന ആശാനിഗ്രഹത്തിന്റെയും വഴിയല്ലാതെ ജീവനും സത്യമായ ആന്തരികസമാധാനവും പ്രാപിക്കാൻ മറ്റുവഴിയില്ല.

നിനക്കിഷ്ടമുള്ള വഴിയൊക്കെ നടക്കുക; നിനക്കിഷ്ടമുള്ളതൊക്കെ അന്വേഷിക്കുക; എങ്കിലും വിശുദ്ധ കുരിശിന്റെ വഴിയെക്കാൾ ഉയർന്ന ഒരു വഴി മീതേയും അവ

കടം കൊണ്ടതു കീഴ്മേലും നീ കാണുകയില്ല.

എല്ലാക്കാര്യങ്ങളും നിന്റെ ഇഷ്ടംപോലെയും നിന്റെ ദൃഷ്ടിയിൽ തോന്നുന്ന രീതിയിലും ക്രമപ്പെടുത്തുക എന്നാലും മനസ്സോടോ മനസ്സില്ലാതെയോ എപ്പോഴും വല്ലതും സഹിക്കാൻ നിനക്കുണ്ടാകാതിരിക്കയില്ല; ഇങ്ങനെ എല്ലാപ്പോഴും നീ കുരിശിനെ കണ്ടെത്തുകയും ചെയ്യും.

ഒന്നുകിൽ നീ ശരീരത്തിൽ വല്ല വേദനയും അനുഭവിക്കും; അതല്ലെങ്കിൽ നിനക്കു മനസ്സിൽ ക്ലേശം ഉണ്ടാകും.

4. ചിലപ്പോൾ ദൈവം നിന്നെ ഉപേക്ഷിച്ചുകളയും; മറ്റു ചിലപ്പോൾ അയൽക്കാർ നിന്നെ ഉപദ്രവിക്കും; എന്നാൽ പലപ്പോഴും നീ നിനക്കുതന്നേ അതിലധികം ഉപദ്രവകാരിയായിരിക്കും.

പക്ഷേ, ദൈവം തിരുമനസ്സാകുന്നതുവരെ നീ അതു സഹിക്കണം. യാതൊരാശ്വാസവുമില്ലാതെ നീ ഞെരുക്കം അനുഭവിക്കാൻ പഠിക്കണമെന്നാണു ദൈവത്തിന്റെ തിരുമനസ്സ്.

നീ പുണ്ണുമായി നിന്നെത്തന്നേ ദൈവത്തിനു കീഴ്പ്പെടുത്തി ഞെരുക്കം വഴി

യായി അധികം എളിമയുള്ളവനാക്കണമെ ന്നും മൈപം തിരുമനസ്സായിരിക്കുന്നു.

മിശിഹാ സഹിച്ചതുപോലുള്ള കഷ്ടത കൾ സഹിച്ചവനല്ലാതെ മറാക്കും തന്റെ പീഡാനുഭവങ്ങൾ അത്ര ഹൃദയാകർഷ്മായി ബോധപ്പെടുകയില്ല.

അതുകയാൽ കുരിശ് എപ്പോഴും തയാ റുണ്ട്. അത് എല്ലായിടത്തും നിന്നെ കാ ത്തിരിക്കയും ചെയ്യുന്നു.

നീ എങ്ങോട്ടോടിയാലും അതിനെ വി ട്ടൊഴിയാൻ സാധിക്കയില്ല; എന്തുകൊണ്ടെ ന്നാൽ നീ എവിടെപ്പോയാലും നിന്നെത്ത ന്നേ നീ കൂടെക്കൊണ്ടുപോകയും സദാ നി ന്നെത്തന്നേ കാണുകയും ചെയ്യും.

നീ മേലോട്ടോ കീഴോട്ടോ, പുറത്തേ ക്കോ അകത്തേക്കോ തിരിഞ്ഞാലും അവി ടെയെല്ലാം നീ കുരിശുകാണും.

ആന്തരികമായ സമാധാനം അനുഭ വിക്കുന്നതിനും നിത്യമായ സമ്മാനത്തിനു അർഹനാകുന്നതിനും നിനക്കാഗ്രഹമുണ്ടെ ങ്കിൽ നീ എല്ലായിടത്തും ക്ഷമയോടിരിക്കാൻ ആവശ്യമാകുന്നു.

5. നീ കുരിശിനെ സന്തോഷപൂർവ്വം ചുമന്നാൽ അതു നിന്നെ വഹിക്കയും നീ ആഗ്രഹിക്കുന്ന അന്ത്യത്തിലേക്ക്, അതായത്

ഈ ലോകത്ത് കഷ്ടപ്പാടിന് അതിതീയില്ലെങ്കിലും, അതുള്ളയിടത്തേക്കു നിന്നെ കൊണ്ടുപോകയും ചെയ്യും.

നീ മനസ്സില്ലാതെ അതിനെ ചുമന്നാൽ നീ അതിനെ നിനക്കൊരു വലിയ ഭാരമാക്കിത്തീർക്കും; എന്നുവരികിലും നീ അതിനെ വഹിക്കയുംവേണം.

നീ ഒരു കുരിശു ദൂരെ എറിഞ്ഞുകളഞ്ഞാൽ മറെറാന്നിനെ കണ്ടെത്തും, സംശയമില്ല. ഒരുപക്ഷേ അതു ഭാരമേറിയതുമായിരിക്കാം.

6. മർത്യനായ യാതൊരുവനും വിട്ടുമാറാൻ കഴിയാത്തതിൽനിന്നു നിനക്കൊഴിഞ്ഞുമാറാമെന്നു നീ വിശ്വസിക്കുന്നോ? പുണ്യവാന്മാരിൽ ആർക്കാണു കുരിശും കഷ്ടതകളും ഇല്ലാതെ ഈ ലോകത്ത് ജീവിക്കാൻ കഴിഞ്ഞത്?

നമ്മുടെ തിരുനാഥനായ ഈശോമിശിഹാ ജീവിച്ചിരുന്ന കാലത്തോളം ഒരു മണിക്കൂറെങ്കിലും കഷ്ടപ്പാടുകൊണ്ടുള്ള ദുഃഖം അനുഭവിക്കാതിരുന്നിട്ടില്ല. മിശിഹാ പീഡകൾ സഹിച്ച് മരിച്ചവരിൽനിന്നുയിർക്കയും അങ്ങനെ തന്റെ മഹിമയിൽ പ്രവേശിക്കയും ചെയ്യേണ്ടതായിരുന്നു എന്നു താൻ പറയുന്നു.

അതുകൊണ്ട് ഈ രാജപാതയായ വി
ശുദ്ധ കുരിശിന്റെ വഴിയല്ലാതെ വേറേ
ഏതെങ്കിലുംവഴി നീ അന്വേഷിക്കുന്നതെ
ങ്ങനെ?

7. മിശിഹായുടെ ജീവിതം മുഴുവനും
കുരിശും, രക്തസാക്ഷിത്വവുമായിരുന്നു; നീ
യാകട്ടെ നിനക്ക് ആശ്വാസവും സന്തോഷ
വും അന്വേഷിക്കുന്നു.

നിനക്കു തെറ്റിപ്പോയി, കഷ്ടതകൾ
സഹിക്കാനല്ലാതെ മറ്റേതെങ്കിലും നീ അ
ന്വേഷിച്ചെങ്കിൽ നിനക്കു തെറ്റിപ്പോയി,
എന്തുകൊണ്ടെന്നാൽ ഈ മർത്യജീവിതം
മുഴുവനും കഷ്ടതകൾ നിറഞ്ഞതാണ്; ഇതി
നെ കുരിശുകൾ ആവരണം ചെയ്യുമിരി
ക്കുന്നു.

ഒരു മനുഷ്യൻ എത്രത്തോളം ഉയർന്ന
പുണ്യാഭിവൃദ്ധിയിൽ എത്തിയിട്ടുണ്ടോ അത്ര
കഠിനമായ കുരിശുകളെ അവൻ പല
പ്പോഴും കണ്ടിട്ടുമുണ്ട്; എന്തുകൊണ്ടെന്നാൽ
അവൻ സ്നേഹത്തിൽ എത്ര വർദ്ധിക്കുമോ
അത്രമാത്രം താൻ പരദേശത്താണെന്നുള്ള
പീഡാനുഭവം അവനുണ്ടായിരിക്കും.

8. പക്ഷേ, ഇങ്ങനെ പല പ്രകാര
ത്തിലുള്ള പീഡകൾ അനുഭവിക്കുന്ന മനു
ഷ്യൻ ആശ്വാസത്തിന്റെ പരിശാന്തി തീരെ

ഇല്ലാത്തവനല്ല; എന്തെന്നാൽ തന്റെ കുരിശുകൾ സഹിക്കുന്നതിൽനിന്നും വലിയ ഫലം തനിക്കു കിട്ടുമെന്നു അവനനുഭവപ്പെട്ടും.

എന്തുകൊണ്ടെന്നാൽ അവൻ സ്വമനസ്സാലെ അതിനു തന്നെത്താൻ കീഴ്പ്പെടുമ്പോൾ കഷ്ടതകളുടെ ഭാരം മുഴുവനും ദൈവികാശ്വാസം ലഭിക്കുമെന്നുള്ള പ്രത്യാശയായി മാറുന്നു.

പീഡാനുഭവത്താൽ ശരീരം എത്ര അധികം തകരുന്നോ അത്ര അധികം ആത്മാവ് ആന്തരികവശത്താൽ ശക്തി പ്രാപിക്കയും ചെയ്യുന്നു.

എന്നല്ല ചിലപ്പോൾ മിശിഹായുടെ കുരിശിനോട് അനുരൂപപ്പെടാനുള്ള ആഗ്രഹംമൂലം കഷ്ടതകളും ഞെരുക്കങ്ങളും ഇല്ലാതിരിക്കരുതെന്നു ആഗ്രഹിക്കത്തക്കവണ്ണം, പീഡാനുഭവത്തിലും ഞെരുക്കങ്ങളിലുമുള്ള താല്പര്യത്തിന്റെ ഫലമായി ആത്മശക്തി പ്രാപിക്കയും ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ ദൈവത്തിനുവേണ്ടി എത്ര വളരെ വിഷമതകൾ സഹിക്കാൻ കഴിയുമോ അത്ര അധികം തനിക്കു പ്രിയപ്പെട്ടവനാകുമെന്ന് അവൻ വിശ്വസിക്കുന്നു.

പ്രകൃത്യാ ഒരു മനുഷ്യൻ എപ്പോഴും വെറുത്തുപേക്ഷിക്കുന്നതിനെ ആത്മാവിന്റെ

ശക്തിയാൽ സ്വീകരിച്ചു സ്നേഹിക്കത്തക്കവണ്ണം ബലഹീനമായ ജഡത്തിൽ ഇത്ര മഹത്തായവിധം പ്രവർത്തിക്കുന്നതു മനുഷ്യന്റെ ശക്തിയല്ല, പ്രത്യുത, മിശിഹായുടെ വരപ്രസാദമാകുന്നു.

9. കുരിശു ചുമക്കുക, കുരിശിനെ സ്നേഹിക്കുക; ശരീരത്തെ പീഡിപ്പിച്ച് അതിനെ കീഴടക്കുക; ബഹുമാനങ്ങളിൽനിന്നു ഓടി രക്ഷപെടുക; നിന്ദകളെ സന്തോഷപൂർവ്വം സഹിക്ക; തന്നെത്താൻ വെറുക്കുക; ശേഷംപേരും വെറുക്കണമെന്നാഗ്രഹിക്ക; എല്ലാ അനർത്ഥങ്ങളും നഷ്ടങ്ങളും സഹിക്ക. ഈലോകത്തിൽ യാതൊരഭിവൃദ്ധിയും ആഗ്രഹിക്കാതിരിക്ക ഇവയൊന്നും മനുഷ്യസ്വഭാവത്തിനു യോജിക്കുന്നതല്ല.

നീ നിന്നിലേക്കുതന്നേ നോക്കിയാൽ ഇതൊന്നും നിന്നെക്കൊണ്ടു സാധിക്കയില്ലെന്നു മനസ്സിലാകും.

എന്നാൽ നീ തിരുനാഥനെ ആശ്രയിച്ചാൽ സ്വർഗ്ഗത്തിൽനിന്നു ധൈര്യം കിട്ടും; ലോകവും ജഡവും നിന്റെ ആധിപത്യത്തിൻകീഴാകയും ചെയ്യും.

നിനക്കു വിശ്വാസമെന്ന ആയുധം ഉണ്ടായിരിക്കയും കുരിശു നിന്റെ അടയാള

മായിരിക്കയും ചെയ്യാൽ ശത്രുവായ പിശാചിനെപ്പോലും നീ ഭയപ്പെടണ്ടാ.

10. ആകയാൽ മിശിഹായുടെ നല്ല വിശ്വസ്തദാസനെപ്പോലെ നിനക്കുവേണ്ടി സ്നേഹത്താൽ കുരിശിൽ തൂങ്ങിമരിച്ച നിന്റെ തിരുനാഥന്റെ കുരിശു ചുമക്കാൻ നീ ഒരുങ്ങിക്കൊള്ളുക.

ഈ നിർഭാഗ്യജീവിതത്തിൽ വളരെ കഷ്ടതകളും പല തരത്തിലുള്ള ഉപദ്രവങ്ങളും സഹിക്കാൻ നിന്നെത്തന്നേ തയാറാക്കുക; എന്തുകൊണ്ടെന്നാൽ നീ എവിടെ ആയിരുന്നാലും അവ നിന്നെക്കൂടെ ഉണ്ടായിരിക്കും; നീ എവിടെപ്പോയി ഒളിച്ചാലും നിന്നെ നിശ്ചയമായും അവ പിടിക്കും.

ഇത്, അപ്രകാരമായേ മതിയാവൂ. ഞെരുക്കവും ദുഃഖവും ക്ഷമയോടെ സഹിക്കയല്ലാതെ അവയിൽനിന്നു ഒഴിവാൻ മാർഗ്ഗമില്ല.

നീ തിരുനാഥന്റെ സ്നേഹിതനായിത്തന്നോടുകൂടെ ഓഹരി ലഭിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ തന്റെ പാനപാത്രത്തിൽനിന്നു സന്തോഷപൂർവ്വം കുടിക്കുക.

ആശ്വാസങ്ങൾ ദൈവത്തെ ഏല്പിക്കുക, ഇഷ്ടംപോലെ താൻ അവയെ പ്രയോഗിച്ചുകൊള്ളട്ടെ.

നീ ചെയ്യേണ്ടതു് ഞെരുക്കങ്ങൾ സഹിക്കുവാൻ തയാറായിരിക്കയാണു്. അതുകളെ വലിയ ആശ്വാസങ്ങളായും ഗണിക്കുക. എന്തുകൊണ്ടെന്നാൽ അവയെല്ലാം സഹിക്കാൻ നിനക്കു സാധിച്ചാലും ഇക്കാലത്തെ കഷ്ടതകൾ നമ്മിൽ വെളിപ്പെടുവാനുള്ള മഹിമയോടു തുല്യപ്പെടുത്താവുന്നതല്ല.

11. ഞെരുക്കങ്ങൾ നിനക്കു മധുരമായിരിക്കയും മിശിഹായെപ്രതി നീ അവയെ ആസ്വദിക്കയും ചെയ്യുന്ന സ്ഥിതിയിൽ നീ എത്തിച്ചേരുമ്പോൾ നിന്റെ നില നന്നായിരിക്കുന്നു എന്നു വിശ്വസിച്ചുകൊള്ളുക; എന്തുകൊണ്ടെന്നാൽ നീ ഭൂമിയിൽ ഒരു പറുദീസാ കണ്ടെത്തിയിരിക്കുന്നു.

കഷ്ടാനുഭവങ്ങൾ നിനക്കു ഭാരമായി തോന്നുകയും നീ അവയെ വിട്ടൊഴിയാൻ ശ്രമിക്കുകയും ചെയ്യുന്ന കാലമെല്ലാം നിന്റെ സ്ഥിതി മോശമാണു്. നീ വിട്ടൊഴിയാൻ ശ്രമിക്കുന്ന ഞെരുക്കങ്ങൾ എല്ലായിടത്തും നിന്നെ പിൻതുടരുകയും ചെയ്യും.

12. നീ ചെയ്യേണ്ടതു ചെയ്യാൻ ഒരുങ്ങുകയാണെങ്കിൽ, അതായതു പീഡാനുഭവങ്ങൾക്കും മരണത്തിനും തയാറായാൽ നീ ശീഘ്രം നല്ലനിലയിലെത്തും; സമാധാനം കണ്ടെത്തുകയും ചെയ്യും.

വി. പൌലോസിനോടൊരുമിച്ചു നീ സ്വർഗ്ഗത്തിന്റെ മൂന്നാം തട്ടുവരെ കയറിയാലും അതു നിമിത്തം ഒരു വിശ്വാസിയും സഹിക്കാനില്ലാത്ത ഉറപ്പുള്ള സ്ഥിതിയിൽ നീ എത്തുകയില്ല. "എന്റെ നാമത്തെപ്രതി എത്രമാത്രം സഹിക്കാനുണ്ടെന്നു ഞാൻ അവനെ കാണിക്കും" എന്നാണ് ഈശോ അരുളിച്ചെയ്യുന്നത്.

അതുകൊണ്ടു നീ ഈശോയെ സ്നേഹിക്കാനും തനിക്കു സദാ ശുശ്രൂഷ ചെയ്യാനും ആഗ്രഹിക്കുന്നെങ്കിൽ സഹനം ഒന്നുമാത്രം നിനക്കു ശേഷിച്ചിരിക്കുന്നു.

13. ഈശോയുടെ നാമത്തെപ്രതി അല്പമെങ്കിലും സഹിക്കാൻ നീ യോഗ്യനായിരുന്നെങ്കിൽ നന്നായിരുന്നു. അത് നിനക്കു എത്ര വലിയ മഹിമയായി ശേഷിച്ചേനേ! ദൈവത്തിന്റെ സകല വിശുദ്ധന്മാർക്കും അതെത്ര ആനന്ദവും അയൽക്കാർക്കു എത്ര നല്ല സുകൃതദൃഷ്ടാന്തവുമായിരുന്നേനേ.

സഹിക്കുന്നതിനുള്ള മനസ്സു അധികം പേർക്കില്ലെങ്കിലും എല്ലാവരും ക്ഷമയെ കാര്യമായി ഗണിക്കാറുണ്ട്.

പലരും ലോകത്തെപ്രതി വിഷമമായവ സഹിക്കുമ്പോൾ മിശിഹായെപ്രതി

അല്ലമെങ്കിലും സഹിക്കേണ്ടതു ന്യായമാണല്ലോ.

14. നീ മരിക്കുവാനായി ജീവിക്കണം എന്നു നിശ്ചയമായി അറിഞ്ഞുകൊള്ളുക. എന്നാൽ ഒരു മനുഷ്യൻ തനിക്കുതന്നേ എത്രമാത്രം മരിക്കുന്നുവോ അത്രയ്ക്കു ദൈവത്തിൽ ജീവിക്കാൻ തുടങ്ങുന്നു.

മിശിഹായെപ്രതി വിരോധങ്ങൾ സഹിക്കുവാൻ തന്നെത്താൻ കീഴ്പ്പെടുത്തുന്നവനല്ലാതെ ആക്കം സ്വർഗ്ഗീയ കാര്യങ്ങൾ ഗ്രഹിക്കുവാൻ യോഗ്യതയുണ്ടാകയില്ല.

മിശിഹായെപ്രതി സന്തോഷപൂർവ്വം സഹിക്കുന്നതിനെക്കാൾ ദൈവത്തിന് അധികം സ്വീകാര്യമോ, നിനക്ക് അധികം രക്ഷാകരമോ ആയി ഒന്നും ഈ ലോകത്തില്ല.

നിനക്കു തെരഞ്ഞെടുക്കാൻ സ്വാതന്ത്ര്യമുണ്ടെങ്കിൽ വളരെ ആശ്വാസങ്ങളാൽ ആനന്ദം അനുഭവിക്കുന്നതിനെക്കാൾ മിശിഹായെപ്രതി വിരോധങ്ങൾ സഹിക്കാൻ നീ ആഗ്രഹിക്കണം. എന്തുകൊണ്ടെന്നാൽ അപ്പോൾ നീ മിശിഹായോടു കൂടുതൽ തുല്യതയുള്ളവനും എല്ലാ വിശുദ്ധന്മാരോടും കൂടുതൽ അനുരൂപതയുള്ളവനുമാകും.

നമ്മുടെ യോഗ്യതയും നമ്മുടെ സ്ഥിതിയുടെ അഭിവൃദ്ധിയും വളരെ ആനന്ദത്തി

ലും ആശ്വാസങ്ങളിലുമല്ല അടങ്ങിയിരിക്കുന്നത്; പ്രത്യുത, വലിയ വിഷമതകളും കഷ്ടതകളും അനുഭവിക്കുന്നതിലാണ്.

15. സഹിക്കുന്നതിനെക്കാൾ മനുഷ്യരക്ഷയ്ക്ക് അധികം നല്ലതും പ്രയോജനകരവുമായി എന്തെങ്കിലും ഉണ്ടായിരുന്നെങ്കിൽ നിശ്ചയമായും മിശിഹാ അതു വചനത്താലും ദൃഷ്ടാന്തത്താലും നമുക്കു കാട്ടിത്തന്നേനേ.

എങ്ങനെയെന്നാൽ തന്നെ അനുഗമിച്ച ശിഷ്യന്മാരോടും തന്നെ അനുഗമിക്കുന്നതിനാഗ്രഹിക്കുന്ന എല്ലാവരോടും കുരിശു ചുമപ്പാൻ സ്പഷ്ടമായി താൻ ഉപദേശിക്കുന്നു. "എന്റെ പിറകേ വരുവാൻ മനസ്സുള്ളവൻ തന്നെത്തന്നേ പരിത്യജിച്ചു തന്റെ കുരിശു എടുത്ത് എന്റെ പിറകേ വരട്ടെ."

അതിനാൽ എല്ലാം വായിച്ചു പരിശോധിച്ചിട്ടുള്ള അനുമാനം ഇതായിരിക്കട്ടെ. "നാം അനവധി സങ്കടങ്ങൾ വഴിയായി ദൈവരാജ്യത്ത് പ്രവേശിക്കേണ്ടതാകുന്നു.

ആഭ്യന്തരജീവിതത്തിലേയ്ക്കു നയിക്കുന്ന ഉപദേശങ്ങൾ സമാപിച്ചിരിക്കുന്നു.

മിശിഹാനുകരണം

— :*: —

മൂന്നാം പുസ്തകം

ആത്മീയാശ്വാസം

1-ാം അധ്യായം

മിശിഹായും വിശ്വസ്താത്മാവും

ദൈവമായ നാഥൻ എന്നിൽ സംസാരിക്കുന്നതു ഞാൻ കേൾക്കും.

തിരുനാഥൻ സംസാരിക്കുന്നതു തന്റെ ഉള്ളിൽ കേൾക്കുകയും, അവന്റെ വായിൽ നിന്നും ആശ്വാസവചനങ്ങൾ കൈക്കൊള്ളുകയും ചെയ്യുന്ന ആത്മാവു ഭാഗ്യമുള്ളതു്.

ദൈവം ചെവിയിൽ മന്ത്രിക്കുന്നതു കേൾക്കുകയും ഈ ലോകത്തിന്റെ മർമ്മരശബ്ദങ്ങളെ ഒട്ടും ശ്രദ്ധിക്കാതിരിക്കയും ചെയ്യുന്ന ചെവികളും ഭാഗ്യമുള്ളവ.

പുറമേ ശബ്ദിക്കുന്ന സ്വരത്തെയല്ല,

ഉള്ളിൽ സത്യം പഠിപ്പിക്കുന്നതിനെ ശ്രദ്ധിക്കുന്ന ചെവികൾ നിശ്ചയമായും ഭാഗ്യമുള്ളവ.

ബാഹ്യമായവയെ അകത്തു കടത്താതെ ആഭ്യന്തരമായവയിൽമാത്രം ശ്രദ്ധിക്കുന്ന കണ്ണുകളും ഭാഗ്യമുള്ളവ.

ആഭ്യന്തരകായ്ക്കുങ്ങളുടെ ഉള്ളിലേയ്ക്കു കടക്കുകയും സ്വർഗ്ഗീയ രഹസ്യങ്ങൾ ഗ്രഹിക്കേണ്ടതിനായി പ്രതിദിനാഭ്യാസങ്ങളാൽ അധികമധികം തങ്ങളെത്തന്നേ തയാറാക്കുന്നതിനു ശ്രമിക്കയും ചെയ്യുന്നവർ ഭാഗ്യവാന്മാർ.

ദൈവത്തിൽ മാത്രം ശ്രദ്ധ പതിച്ചു ലൌകികമായ എല്ലാ തടസ്സങ്ങളിൽനിന്നും തങ്ങളെത്തന്നേ സ്വതന്ത്രരാക്കുന്നവർ ഭാഗ്യവാന്മാർ!

എന്റെ ആത്മാവേ, ഇവയെ ശ്രദ്ധിക്കയും നിന്റെ നാഥനായ ദൈവം നിന്റെ ഉള്ളിൽ സംസാരിക്കുന്നതു കേൾക്കാൻ നിന്റെ ഇന്ദ്രിയങ്ങളിലെ വാതലുകൾ അടച്ചിടുകയും ചെയ്യുക.

2. നിന്റെ പ്രിയൻ പറയുന്നു: ഞാൻ നിന്റെ രക്ഷയും, നിന്റെ സമാധാനവും നിന്റെ ആയുസ്സും ആകുന്നു.

നീ എന്റെ അടുക്കൽ വസിക്കുക, എന്നാൽ നീ സമാധാനം പ്രാപിക്കും.

കടന്നുപോകുന്നവയെല്ലാം വിട്ടുകളക. നിത്യമായവ അന്വേഷിക്കുക.

താൽക്കാലികങ്ങളായ കാര്യങ്ങൾ ചതിക്കുന്നവയല്ലാതെ പിന്നെയെന്താണു? നിന്റെ സ്രഷ്ടാവു നിന്നെ ഉപേക്ഷിക്കുന്നെങ്കിൽ സൃഷ്ടികളെല്ലാംകൊണ്ടു നിനക്കെന്തു പ്രയോജനമുണ്ടാകും?

ആകയാൽ നിനക്കു യഥാർത്ഥമായ ഭാഗ്യം പ്രാപിപ്പാൻ ലോകവസ്തുക്കളെല്ലാം ഉപേക്ഷിച്ചു നിന്റെ സ്രഷ്ടാവിനു പ്രിയംകരനും വിശ്വസ്തനും ആയിരിക്ക.

2–ാം അധ്യായം

സത്യം നമ്മുടെ ഉള്ളിൽ ഒച്ചകൂടാതെ ഓതുന്നു.

തിരുനാഥാ, അരുളിച്ചെയ്യണമേ, നിന്റെ ദാസൻ കേൾക്കുന്നു. ഞാൻ നിന്റെ ഭൃത്യനാകുന്നു, നിന്റെ സാക്ഷ്യങ്ങൾ ഗ്രഹിക്കുവാൻ എനിക്കു ബുദ്ധിതന്നരുളുക.

നിന്റെ തിരുവായിൽനിന്നു പുറപ്പെടുന്ന വചനങ്ങളിലേയ്ക്കു എന്റെ ഹൃദയത്തെ ചായിക്കണമേ. നിന്റെ വചനങ്ങൾ മഞ്ഞുപോലെ പെയ്യട്ടെ.

ഒരിക്കൽ ഇസ്രായേൽ ജനത മൂശെയോട് ഇങ്ങനെ പറഞ്ഞു: നീ ഞങ്ങളോടു സംസാരിക്കുക; ഞങ്ങൾ കേൾക്കാം. തിരുനാഥൻ ഞങ്ങളോടു സംസാരിക്കരുത്; സംസാരിച്ചാൽ ഞങ്ങൾ ഒരുപക്ഷേ മരിച്ചുപോയേക്കാം.

ഇങ്ങനെയല്ല, തിരുനാഥാ, ഇങ്ങനെയല്ല ഞങ്ങൾ പറയുന്നത്. ശമുയേൽ ദീഘദർശിയെപ്പോലെ എളിമയോടും താല്പര്യത്തോടും കൂടെ "നാഥാ, അരുളിച്ചെയ്യുക. നിന്റെ ദാസൻ കേൾക്കുന്നു" എന്നു ഞാൻ പ്രാർത്ഥിക്കുന്നു.

മൂശെയോ, ദീർഘദർശികളിൽ ഒരുവനെങ്കിലുമോ എന്നോടു സംസാരിക്കണ്ടാ, എന്നാൽ തിരുനാഥനായ ദൈവമേ എല്ലാ ദീർഘദർശികളുടെയും ബുദ്ധിയെ പ്രകാശിപ്പിക്കയും മനസ്സിനെ പ്രചോദിപ്പിക്കയും ചെയ്യുന്നതു നീ തന്നെ എന്നോടു സംസാരിക്കുക. എന്തുകൊണ്ടെന്നാൽ നിനക്കുമാത്രം അവരെക്കൂടാതെ എന്നെ പൂർണ്ണമായി പഠിപ്പിക്കാൻ കഴിയും; നിന്നെക്കൂടാതെ അവർ ഒന്നിനും പ്രാപ്തരുമല്ല.

2. അവർക്കു വാക്കുകൾ ഉച്ചരിക്കാൻ കഴിയും, എന്നാൽ അവർ ചൈതന്യം തരുന്നില്ല.

അവർ ഭംഗിയായി സംസാരിക്കും; എന്നാൽ നീ മൌനമായിരിക്കുന്നപക്ഷം ഹൃദയത്തെ എരികയില്ല.

അവർ എഴുതുന്നു; നീ അർത്ഥം വെളിപ്പെടുത്തുന്നു.

അവർ രഹസ്യങ്ങൾ പ്രസ്താവിക്കുന്നു; നീ രഹസ്യങ്ങളുടെ അർത്ഥം വെളിവാക്കുന്നു.

അവർ പ്രമാണങ്ങൾ പ്രസിദ്ധപ്പെടുത്തുന്നു; നീ അവയെ അനുവർത്തിക്കാൻ സഹായിക്കുന്നു.

അവർ വഴികാണിക്കുന്നു. നീ നടക്കാൻ ശക്തിതരുന്നു.

അവർ ബാഹ്യമായി മാത്രം പ്രവർത്തിക്കുന്നു; നീ ഹൃദയങ്ങളെ പാകിപ്പിച്ചു പ്രകാശിപ്പിക്കുന്നു.

അവർ പുറമേ വെള്ളം ഒഴിക്കുന്നു; നീ ഫലസമൃദ്ധി നൽകുന്നു.

അവർ വാക്കുകൾ ഉച്ചത്തിൽ ശബ്ദിക്കുന്നു; നീ ഗ്രഹിക്കാൻ ശക്തിയരുളുന്നു.

3. അതുകയാൽ എന്റെ ദൈവമായ തിരുനാഥാ, നിത്യസത്യമേ, പുറമേമാത്രം എന്നോടുപദേശിക്കയും ഉള്ളിൽ എന്നെ ജ്വലിപ്പിക്കാതിരിക്കയും ചെയ്താൽ; പക്ഷേ ഞാൻ മരിച്ചു ഫലശൂന്യനായിത്തീരാതിരി

ക്കാൻ മൂശെ എന്നോടു സംസാരിക്കാതെ നീ തന്നേ എന്നോടരുളിച്ചെയ്യുക.

മാത്രമല്ല ഞാൻ വചനം കേട്ടിട്ടും അതനുസരിച്ചു പ്രവർത്തിക്കാതിരിക്കയും, അറിഞ്ഞിട്ടും സ്നേഹിക്കാതിരിക്കയും, വിശ്വസിച്ചിട്ടും അനുസരിക്കാതിരിക്കയും ചെയ്യുന്ന നിമിത്തം അത് എന്റെ ശിക്ഷാവിധിയായിത്തീരാതിരിപ്പാൻ

"തിരുനാഥാ അരുളിച്ചെയ്യണമേ. നിന്റെ ദാസൻ കേൾക്കുന്നു." എന്തുകൊണ്ടെന്നാൽ നിത്യജീവന്റെ വചനം നിനക്കുണ്ടല്ലോ.

എന്റെ ആത്മാവിന് അല്പമെങ്കിലും ആശ്വാസം ഉണ്ടാകുന്നതിനും എന്റെ ജീവിതം മുഴുവനും നന്നാകുന്നതിനും നിന്റെ സ്തുതിക്കും മഹിമയ്ക്കും നിത്യമായ ബഹുമാനത്തിനും വേണ്ടിക്കൂടെയും നീ എന്നോടരുളിച്ചെയ്യണമെ.

3-ാം അധ്യായം

ദൈവവചനം എളിമയോടെ കേൾക്കണം

മിശിഹാ- 1. മകനേ, എന്റെ വാക്കുകൾ കേൾക്കുക. അത്യധികം മാധുര്യമുള്ള

വയും ഈ ലോകത്തിലെ തത്ത്വശാസ്ത്രികളുടെയും വിജ്ഞാനികളുടെയും അറിവിനെ എല്ലാം അതിശയിക്കുന്നവയുമാണ് അവ.

എന്റെ വചനങ്ങൾ ആത്മാവും ജീവനുമാകുന്നു; അവ മനുഷ്യബുദ്ധികൊണ്ടു മതിക്കാവുന്നവയുമല്ല.

അവയെ വ്യർത്ഥമായ ഇഷ്ടസംതൃപ്തിക്കായി ഉപയോഗിക്കാതെ മൌനമായി കേൾക്കയും പൂർണ്ണവിനയത്തോടും വലിയ താല്പര്യത്തോടും സ്വീകരിക്കയും ചെയ്യേണ്ടതാണ്.

ശിഷ്യൻ– തിരുനാഥാ, നീ ആരെ ഉപദേശിക്കയും നിന്റെ പ്രമാണത്തിൽനിന്നു പഠിപ്പിക്കയും ചെയ്യുന്നോ ആ മനുഷ്യൻ ഭാഗ്യവാൻ. അതിനാൽ നീ ദുർദിവസങ്ങളിൽ അവനു ആശ്വാസം കൊടുക്കയും അവൻ ഈലോകത്ത് ആശ്വാസമില്ലാത്തവനാകാതിരിക്കയും ചെയ്യും.

മിശിഹാ– 2. ഞാനാണ് ദീക്ഷദശികളെ ആരംഭം മുതൽ പഠിപ്പിച്ചത്. ഇപ്പൊഴും ഞാൻ എല്ലാവരോടും സംസാരിച്ചുവരുന്നു.

എന്നാൽ പലരും എന്റെ വചനങ്ങൾക്കു ചെകിടന്മാരും കഠിനന്മാരുമാകുന്നു. വളരെപ്പേർ ദൈവത്തെക്കാൾ ലോ

കത്തെ സന്തോഷപൂർവ്വം പെരുവിക്കൊള്ളുന്നു; ദൈവേഷ്ടത്തെക്കാൾ തങ്ങളുടെ മാംസത്തിന്റെ ഇഷ്ടങ്ങളെ അനുസരിക്കുന്നു.

ലോകം താല്ക്കാലികവും അല്പവും ആയവയെ വാഞ്ഛിക്കുന്നു; അതിനെ വലിയ ആഗ്രഹത്തോടെ അവർ സേവിക്കുന്നു. ഞാൻ ഏറ്റവും വിശിഷ്ടവും നിത്യവുമായവയെ വാഞ്ഛിക്കുന്നു; എന്നാൽ മനുഷ്യഹൃദയങ്ങൾ മന്ദതയിൽത്തന്നേ ഇരിക്കുന്നു.

ലോകത്തിനും തങ്ങളുടെ യജമാനന്മാർക്കും സേവനം ചെയ്യുന്നതുപോലെ അത്ര ശ്രദ്ധാപൂർവ്വം എല്ലാക്കാര്യങ്ങളിലും ആര് എന്നെ സേവിക്കയും അനുസരിക്കയും ചെയ്യും? സീദോനേ, ലജ്ജിച്ചുകൊള്ളുക എന്നു സമുദ്രം പറയുന്നു.

കാരണം നീ അന്വേഷിക്കുന്നെങ്കിൽ എന്തുകൊണ്ടെന്നു കേട്ടുകൊള്ളുക.

3. സ്വല്പം ആദായത്തിനുവേണ്ടി മനുഷ്യർ വളരെ ദൂരം ഓടിനടക്കുന്നു; നിത്യായുസ്സിനുവേണ്ടി പലരും നിലത്തുനിന്ന് ഒരു ചുവടുപോലും പൊക്കുന്നില്ല.

അവർ നിസ്സാരമായ ലാഭം തേടുന്നു; ചിലപ്പോൾ ഒരു കാശിനുവേണ്ടി നാണമില്ലാതെ വഴക്കിടുന്നു; വ്യർത്ഥകാര്യത്തിനും

നിസ്സാരവാശ്യാനത്തിനുംവേണ്ടി രാപ്പകൽ അദ്ധ്വാനിക്കുന്നതിന് അവൎക്കു ഭയമില്ല.

എന്നാൽ കഷ്ടം! മാറമില്ലാത്ത ഒരു നന്മയ്ക്കും വിലമതിക്കവയ്യാത്ത ഒരു സമ്മാനത്തിനും, അതിശ്രേഷ്ഠമായ ബഹുമാനത്തിനും അവസാനമില്ലാത്ത മഹിമയ്ക്കുംവേണ്ടി അല്പമെങ്കിലും അദ്ധ്വാനിക്കാൻ അവർ മടിക്കുന്നു.

ആകയാൽ മടിയനും ആവലാതിക്കാരനുമായ ഭൃത്യാ, നീ ആയുസ്സിനുവേണ്ടി എന്നതിനെക്കാൾ അവർ നാശത്തിനായി അദ്ധ്വാനിക്കാൻ എത്ര അധികം തയാറായിരിക്കുന്നു എന്നു കണ്ടു ലജ്ജിക്കുക. നീ സത്യത്തെക്കുറിച്ചു സന്തോഷിക്കുന്നതിനെക്കാൾ അധികം അവർ വ്യൎത്ഥമായവയെക്കുറിച്ചു സന്തോഷിക്കുന്നു.

അവരുടെ ആശ ചിലപ്പോഴെങ്കിലും വിഫലമാകുന്നുണ്ട്; എന്നാൽ എന്റെ വാഗ്ദാനം ഒരുത്തരെയും വഞ്ചിക്കുന്നില്ല. എന്നിൽ വിശ്വസിക്കുന്നവനെ അത്ര വെറുംകൈയായി പറഞ്ഞയക്കുന്നില്ല.

ആരെങ്കിലും എന്റെ സ്നേഹത്തിൽ അവസാനത്തോളം വിശ്വസിച്ചു നിലനിന്നാൽ വാഗ്ദാനം ചെയ്യുന്നതു ഞാൻ കൊടുക്കും; ഞാൻ പറഞ്ഞതു ഞാൻ നിറവേറുകയും ചെയ്യും.

നല്ലവർക്കെല്ലാവർക്കും സമ്മാനം കൊടുക്കുന്നവനും ഭക്തന്മാരെ എല്ലാം ശക്തിയായി പരീക്ഷിക്കുന്നവനും ഞാനാകുന്നു.

4. എന്റെ വചനങ്ങൾ നിന്റെ ഹൃദയത്തിൽ എഴുതുക, അവയെപ്പറ്റി ഉത്സാഹപൂർവ്വം ധ്യാനിക്കുക. എന്തുകൊണ്ടെന്നാൽ പ്രലോഭനങ്ങളുണ്ടാകുമ്പോൾ അവ നിനക്കു വളരെ ആവശ്യമായിരിക്കും.

നീ വായിക്കുമ്പോൾ മനസ്സിലാകാത്തതു ഞാൻ സന്ദർശിക്കുവാൻ വരുമ്പോൾ നിനക്കു മനസ്സിലാകും.

ഞാൻ തെരഞ്ഞെടുത്തവരെ രണ്ടുവിധത്തിലാണു സന്ദർശിക്കാറുള്ളത്, പരീക്ഷവഴിയായും ആശ്വാസംകൊണ്ടും.

ഞാൻ ദിനംപ്രതി രണ്ടു പാഠങ്ങൾ അവരെ വായിച്ചുകേൾപ്പിക്കുന്നു. ഒന്ന് അവരുടെ ദുർഗ്ഗുണങ്ങളെപ്പറ്റി ശാസിക്കുന്നത്, മറ്റൊന്നു പുണ്യാഭിവൃദ്ധിക്കായി ഉപദേശിക്കുന്നത്.

എന്റെ വാക്കുകൾ സ്വീകരിച്ചിട്ട് അവയെ നിന്ദിക്കുന്നവനെ അവസാനദിവസം വിധിപ്പാൻ ഒരാളുണ്ട്.

ഭക്തി ലഭിക്കാനുള്ള പ്രാർത്ഥന

5. എന്റെ ദൈവമായ തിരുനാഥാ, എന്റെ നന്മയെല്ലാം നീയാകുന്നു. നിന്നോടു സംസാരിക്കുന്നതിനു ധൈര്യമാൻ ഞാനാര്? ഞാൻ ഏറ്റവും നികൃഷ്ടനായ ദാസനും വളരെ നീചമായ ഒരു കൊച്ചു പുഴുവുമാണ്. ഞാൻ എനിക്കറിയാവുന്നതിലും ഞാൻ പറയാൻ ധൈര്യപ്പെടുന്നതിലും അധികം ദരിദ്രനും നിന്ദ്യനുമാണ്.

എങ്കിലും തിരുനാഥാ, ഞാൻ ഇല്ലായ്മയാണെന്നും എനിക്കു ഒന്നുമില്ലെന്നും ഒന്നും സാധിക്കയില്ലെന്നും നീ ഓർക്കണമേ.

നീ മാത്രം നല്ലവനും പരിശുദ്ധനും ആകുന്നു. നിനക്കു എല്ലാം കഴിയും. നീ എല്ലാം തരുന്നു; എല്ലാം നിറവേറുന്നു; പാപിയെമാത്രം ഒന്നും കൊടുക്കാതെ വിട്ടുകളയുന്നു.

നിന്റെ പ്രവൃത്തികൾ ശൂന്യമായിപ്പോകുവാൻ ഇഷ്ടപ്പെടാത്ത നീ നിന്റെ കരുണയെ ഓർത്തു എന്റെ ഹൃദയത്തെ നിന്റെ കരുണകൊണ്ടു നിറയ്ക്കുക.

നിന്റെ കരുണയും ആശ്ലേഷവും എന്നെ ശക്തിപ്പെടുത്തിയില്ലെങ്കിൽ ഈ ഭാ

ഗൃമറാജീവിതത്തിൽ ഞാൻ എന്നെത്തന്നേ എങ്ങനെ താങ്ങും?

നിന്റെ തിരുമുഖം എന്നിൽനിന്നു തിരിച്ചുകളയരുതേ, നിന്റെ സന്ദർശനം താമസിപ്പിക്കരുതേ. എന്റെ ആത്മാവു് നിനക്കു വെള്ളമില്ലാത്ത ഭൂമിപോലെ ആകരുതേ.

തിരുനാഥാ, നിന്റെ തിരുമനസ്സുപോലെ പ്രവർത്തിക്കാൻ എന്നെ പഠിപ്പിക്കണമേ. നിന്റെ മുൻപിൽ യോഗ്യമായും വിനീതമായും ജീവിക്കുവാൻ എന്നെ പഠിപ്പിക്ക; എന്തുകൊണ്ടെന്നാൽ എന്നെ സത്യത്തിൽ അറിയുന്നവനും ഭൂമിയുണ്ടാകുന്നതിനും ഞാൻ ഈ ഭൂമിയിൽ ജനിക്കുന്നതിനും മുൻപേതന്നേ എന്നെ അറിഞ്ഞവനുമായ നീ തന്നേയാകുന്നു എന്റെ ജ്ഞാനം.

4-ാം അധ്യായം

സത്യത്തിലും എളിമയിലും ജീവിക്കണം.

മകനേ, എന്റെ മുൻപിൽ സത്യത്തിൽ വ്യാപരിക്കുക; നിന്റെ ഹൃദയപരമാർത്ഥതയോടുകൂടെ എന്നെ എപ്പോഴും അന്വേഷിക്കയും ചെയ്ക.

എന്റെ മുൻപിൽ സത്യത്തിൽ വ്യാപ

രിക്കുന്നവൻ തിന്മകളുടെ ആക്രമണത്തിൽ നിന്നു രക്ഷ പ്രാപിക്കും, സത്യം അവനെ വഞ്ചകരിൽനിന്നും ദുഷ്ടന്മാരുടെ അപവാദങ്ങളിൽനിന്നും സ്വതന്ത്രനാക്കുകയും ചെയ്യും.

സത്യം നിന്നെ സ്വതന്ത്രനാക്കുന്നെങ്കിൽ നീ സാക്ഷാൽ സ്വതന്ത്രനായിരിക്കും. നീ മനുഷ്യരുടെ വ്യർത്ഥമായ വാക്കുകളെ വകവെയ്ക്കയുമില്ല.

ശിഷ്യൻ-- തിരുനാഥാ, അതു സത്യമാകുന്നു. നീ പറയുന്നതുപോലെ എനിക്കു സംഭവിക്കട്ടെ എന്നു ഞാനപേക്ഷിക്കുന്നു; നിന്റെ സത്യം എന്നെ പഠിപ്പിക്കട്ടെ, അത് എന്നെ സംരക്ഷിക്കട്ടെ, ശ്രുഭമായ അന്തംവരെ അത് എന്നെ പരിപാലിക്കയും ചെയ്യട്ടെ.

അത് എല്ലാ ദുരാശകളിലും ക്രമമില്ലാത്ത സ്നേഹങ്ങളിലും നിന്നു എന്നെ മോചിക്കും. ഞാൻ നിന്റെകൂടെ വലിയ ഹൃദയസ്വാതന്ത്ര്യത്തോടെ നടക്കയും ചെയ്യും.

മിശിഹാ— 2. ശരിയായിട്ടുള്ളവയും എന്റെ ദൃഷ്ടിയിൽ ഇഷ്ടമുള്ളവയും ഞാൻ നിന്നെ പഠിപ്പിക്കാമെന്നു "സത്യം" അരുളിച്ചെയ്യുന്നു. മഹാ വെറുപ്പോടും ദുഃഖത്തോടുംകൂടെ നിന്റെ പാപങ്ങളെക്കുറിച്ചു ചിന്തിക്കുക; നിന്റെ നല്ല പ്രവൃത്തികൾ നിമി

ത്തം നീ കൂടെ നല്ലവനാണെന്നു ഒരിക്കലും വിചാരിക്കയുമരുത്.

യഥാർത്ഥത്തിൽ നീ പാപിയാണ്. പല ദുരാശകൾക്കും അടിമപ്പെട്ട അവയിൽ കുടുങ്ങിയിരിക്കുന്നവനുമാണ്.

നീ സ്വയമേവ ഇല്ലായ്മയിലേയ്ക്കു സദാ നീങ്ങിക്കൊണ്ടിരിക്കുന്നു; നീ വേഗം വീഴും, വേഗം തോല്ക്കും, പരിഭ്രമിക്കും, മുഴുവനായി തകർന്നുപോകയും ചെയ്യും.

നിനക്ക് അഭിമാനിക്കുവാൻ കഴിയുന്നതായി ഒന്നുമില്ല; എന്നാൽ അപമാനകരമായ പലതുമുണ്ട്. എന്തെന്നാൽ നിനക്കു മനസ്സിലാക്കാൻ കഴിയുന്നതിനെക്കാൾ വളരെ അധികം ബലഹീനനാണു നീ.

അതുകൊണ്ടു നീ ചെയ്യുന്നതൊന്നും വലുതായി ഗണിക്കരുത്.

നിത്യമല്ലാത്തതൊന്നും മഹത്തും വിലയേറിയതും അത്ഭുതകരവും ബഹുമാനത്തിനു യോഗ്യവും ഉൽകൃഷ്ടവും സാക്ഷാൽ ശ്ലാഘനീയവും അഭിലഷണീയവും അല്ല.

എല്ലാറ്റിനും മേലായി നിത്യസത്യം നിനക്കിഷ്ടമുള്ളതായിരിക്കട്ടെ. നിന്റെ മഹാനികൃഷ്ടത സദാ നിനക്കിഷ്ടമില്ലാത്തതുമായിരിക്കട്ടെ.

നിന്റെ ദുർഗ്ഗുണങ്ങളെയും പാപങ്ങളെയുംപോലെ മറെറാന്നിനെയും അത്രയധികം ഭയപ്പെടുകയും ശാസിക്കയും വെറുക്കയും വേണ്ടാ. എന്തെന്നാൽ ഏതു വസ്തുക്കളുടെയും നഷ്ടത്തെക്കാളും നിനക്കു അവ അനിഷ്ടമായിരിക്കേണ്ടവയാകുന്നു.

ചിലർ പരമാർത്ഥതയോടെ എന്റെ മുൻപിൽ വ്യാപരിക്കുന്നില്ല; പ്രത്യുത, എന്തോ കൗതുകപ്രിയത്തിന്റെയും അഹങ്കാരത്തിന്റെയും പ്രേരണയിൽപ്പെട്ടു എന്റെ രഹസ്യങ്ങളും ദൈവത്തിന്റെ ഉന്നതകൃത്യങ്ങളും അറിവാനാഗ്രഹിക്കുന്നു; തങ്ങളെയും തങ്ങളുടെ രക്ഷയെയും അവഗണിച്ചാണ് അവർ ഇങ്ങനെ ചെയ്യുന്നത്.

ഞാൻ ഇത്തരക്കാർക്കെതിരാകയാൽ അവർ പലപ്പോഴും തങ്ങളുടെ അഹങ്കാരവും കൌതുകപ്രിയവും നിമിത്തം വലിയ പരീക്ഷകളിലും പാപങ്ങളിലും അകപ്പെട്ടുപോകുന്നു.

4. ദൈവത്തിന്റെ വിധികളെ ഭയപ്പെടുക; സർവ്വശക്തന്റെ കോപത്തെ ഭയന്നു അടങ്ങുക. എന്നാൽ അത്യുന്നതന്റെ പ്രവൃത്തികളെ പരിശോധിക്കണ്ടാ; പ്രത്യുത, നിന്റെ പാപങ്ങളെ പരിചിന്തനം ചെയ്യു് ഏതെല്ലാംവിധത്തിൽ പാപം ചെ

യെന്നും എത്ര വലിയ നന്മകൾ അജ്ഞാത യാൽ വിട്ടുകളഞ്ഞെന്നും പരിശോധിക്കുക.

ചിലരുടെ ഭക്തി അവരുടെ പുസ്തകങ്ങളിൽ മാത്രവും മറു ചിലരുടേതു രൂപങ്ങളിലും വേറേ ചിലരുടേതു ബാഹ്യമായ അടയാളങ്ങളിലും പടങ്ങളിലും വെച്ചുകൊണ്ടു നടക്കുന്നു.

ചിലരുടെ നാവിൽ ഞാനുണ്ടു; എന്നാൽ അവരുടെ ഹൃദയത്തിൽ മീക്കവാറും ഇല്ല.

വേറേ ചിലരുണ്ടു, അവരുടെ ബുദ്ധി പ്രകാശം പ്രാപിച്ചു ഹൃദയം ശുദ്ധമായിരിക്കുന്നു. അവർ നിത്യമായവയെ സദാ ആഗ്രഹിക്കയും ലൗകികകാര്യങ്ങളെപ്പറ്റി കേൾക്കുവാൻ മനസ്സില്ലാത്തവരായിരിക്കയും സ്വാഭാവികാവശ്യങ്ങൾക്കു വശംവദരായാൽ സങ്കടപ്പെടുകയും ചെയ്യുന്നു. എന്നാൽ ഇപ്രകാരമുള്ളവർ സത്യത്തിന്റെ ആത്മാവു് അവരിൽ സംസാരിക്കുന്നതു ഗ്രഹിക്കുന്നു. എന്തുകൊണ്ടെന്നാൽ ലൗകിക കാര്യങ്ങളെ വെറുത്തു സ്വർഗ്ഗീയകാര്യങ്ങളെ സ്നേഹിക്കുന്നതിനും ലോകത്തെ അവഗണിച്ചു രാപ്പകൽ മുഴുവനും സ്വർഗ്ഗത്തെ ആഗ്രഹിക്കുന്നതിനും അതു് അവരെ പഠിപ്പിക്കുന്നു.

5-ാം അധ്യായം

ദൈവസ്നേഹത്തിന്റെ അത്ഭുതകര ഫലങ്ങൾ

ശിഷ്യൻ— 1. എന്റെ തിരുനാഥനായ ഈശോമിശിഹായുടെ പിതാവായ സ്വർഗ്ഗീയപിതാവേ, ഞാൻ നിന്നെ വാഴ്ത്തുന്നു. എന്തുകൊണ്ടെന്നാൽ സാധുവായ എന്നെ ഓർക്കുവാൻ നിനക്കു കൃപയുണ്ടായി.

കരുണയുള്ള പിതാവേ, സമസ്ത ആശ്വാസങ്ങളും തരുന്ന ദൈവമേ, നിനക്കു ഞാൻ നന്ദി പറയുന്നു; എന്തുകൊണ്ടെന്നാൽ യാതൊരാശ്വാസത്തിനും യോഗ്യനല്ലാത്ത എന്നെ നീ ചിലപ്പോഴൊക്കെ നിന്റെ ആശ്വാസത്താൽ പോഷിപ്പിക്കുന്നു.

നിന്റെ ഏകപുത്രനോടും ആശ്വാസപ്രദനായ പരിശുദ്ധാത്മാവിനോടും ചേർത്തു ഞാൻ നിന്നെ എപ്പോഴും വാഴ്ത്തുകയും എന്നെന്നേക്കും പുകഴ്ത്തുകയും ചെയ്യുന്നു.

ഹാ! ദൈവമായ നാഥാ, എന്റെ പരിശുദ്ധനായ സ്നേഹീ, നീ എന്റെ ഹൃദയത്തിൽ എഴുന്നള്ളുമ്പോൾ എന്റെ അന്തരിന്ദ്രിയങ്ങളെല്ലാം സന്തോഷത്താൽ കുതിച്ചുചാടും.

നീ എന്റെ മഹിമയും എന്റെ ഹൃദയപരമാനന്ദവുമാകുന്നു.

എന്റെ അനർത്ഥദിവസത്തിൽ നീ എന്റെ ശരണവും സങ്കേതവുമാകുന്നു.

2. എന്നാൽ ഞാൻ ഇന്നും സ്നേഹത്തിൽ ദുർബ്ബലനും പുണ്യത്തിൽ അപൂർണ്ണനും ആകയാൽ നീ എന്നെ ബലപ്പെടുത്തുവാനും ആശ്വസിപ്പിക്കാനും ആവശ്യമായിരിക്കുന്നു. അതുകൊണ്ട് എന്നെ ക്രൂടെക്കൂടെ സന്ദർശിച്ചു നിന്റെ വിശുദ്ധോപദേശങ്ങൾ എന്നെ പഠിപ്പിക്കണമേ.

ദുരിച്ഛകളിൽനിന്നു് എന്നെ സ്വതന്ത്രനാക്കുകയും ക്രമമല്ലാത്ത എല്ലാ സ്നേഹങ്ങളും ശമിപ്പിച്ചു് എന്റെ ഹൃദയത്തെ സുഖപ്പെടുത്തുകയും ചെയ്യണമേ. ഇപ്രകാരം ഞാൻ ആന്തരമായ സുഖവും നല്ല പരിതൃപ്തിയും പ്രാപിച്ചു്, സ്നേഹിക്കുവാൻ യോഗ്യനും സഹിക്കുവാൻ ധീരനും നിലനിൽക്കുവാൻ അചഞ്ചലനുമായിരിക്കുമാറാകട്ടെ.

3. സ്നേഹം ഒരു വലിയ കാര്യമാണു്; അതു് എല്ലാപ്രകാരത്തിലും ഒരു വലിയ നന്മയുമാകുന്നു. അതു മാത്രമേ ഭാരമേറിയതിനെ ലഘുവാക്കുകയും ഏറാക്കുറവുകളെ ഒരുപോലെ സഹിക്കുകയും ചെയ്യുകയുള്ളു.

എന്തുകൊണ്ടെന്നാൽ അതു ഭാരം തോ

ന്നാതെ ഭാരം വഹിക്കുന്നു; കയ്പുള്ളതെല്ലാം മധുരവും രുചികരവുമാക്കുന്നു.

ഈശോയോടുള്ള സ്നേഹം ഉൽകൃഷ്ടമാണു്. അതു വലിയ കാര്യങ്ങൾ ചെയ്യാൻ നമ്മെ പ്രോൽസാഹിപ്പിക്കയും എപ്പോഴും ഉത്തമമായവ ആഗ്രഹിക്കാൻ പ്രേരിപ്പിക്കയും ചെയ്യുന്നു.

സ്നേഹം മേലോട്ടുപോകുന്നു. കീഴേയുള്ള ഒന്നാനും അതിനെ തടുത്തുനിറുത്തുവാൻ അതു സമ്മതിക്കുന്നില്ല.

സ്നേഹം സ്വതന്ത്രവും എല്ലാ ലൌകികാസക്തികളിൽനിന്നു വിമുക്തവുമായിരിക്കാൻ ആഗ്രഹിക്കുന്നു. അല്ലെങ്കിൽ അതിന്റെ ആന്തരമായ കാഴ്ചയ്ക്കു തടസ്സമുണ്ടാകും; എന്തെങ്കിലും ലൌകിക നന്മയിൽ കുടുങ്ങുകയോ വല്ല അസൂയകയ്പുകളാലും അതു ക്ഷീണിച്ചുപോകയോ ചെയ്യു എന്നും വന്നേക്കാം.

സ്നേഹത്തേക്കാൾ മധുരമായതൊന്നുമില്ല; ബലവത്തായതും, ഉൽകൃഷ്ടമായതും, വിശാലമായതും, സന്തോഷകരമായതും പൂർണ്ണമായതും, ഉത്തമമായതും സ്വാഗ്രത്തും ഭൂമിയിലും ഒന്നുമില്ല. എന്തുകൊണ്ടെന്നാൽ സ്നേഹം ദൈവത്തിൽനിന്നു ജനിക്കുന്നു. എല്ലാ സൃഷ്ടികൾക്കും ഉപരിയായി ദൈവത്തിലു

ല്ലാതെ അതിനു വിശ്രമിപ്പാൻ സാധിക്കയില്ല.

4. സ്നേഹമുള്ളവൻ പാകുന്നു, ഓടുന്നു, സന്തോഷിക്കുന്നു; അവൻ സ്വതന്ത്രനാണ്; ആരും അവനെ തടുത്തുനിറുത്തുന്നില്ല.

അവൻ എല്ലാവർക്കുമായി എല്ലാം കൊടുക്കുന്നു; സകലതിലും സകലവും അവനുണ്ടായിരിക്കുന്നു; എന്തുകൊണ്ടെന്നാൽ സർവ്വനന്മയും പുറപ്പെട്ടൊഴുകിവരുന്ന ആ ഏക പരമനന്മയിലാണു എല്ലാറ്റിലും ഉപരിയായി അവൻ ആശ്വസിക്കുന്നത്.

അവൻ ദാനങ്ങളെ നോക്കുന്നില്ല; എല്ലാനന്മകൾക്കും മേലായി ദാതാവിലേയ്ക്കു തന്നെത്തന്നേ തിരിക്കുന്നു.

സ്നേഹത്തിനു പലപ്പോഴും അളവ് എന്തെന്നറിഞ്ഞുകൂടാ, പ്രത്യുത, അതു എല്ലാ അളവിനെയും കവിഞ്ഞ് ഉജ്ജ്വലിക്കുന്നു.

സ്നേഹത്തിനു ഭാരം എന്തെന്നറിഞ്ഞുകൂടാ, അതു അശക്തനങ്ങളെ ഗണിക്കുന്നില്ല; കഴിവുള്ളതിലധികം ചെയ്യാനാഗ്രഹിക്കുന്നു. അസാദ്ധ്യമെന്നു ആവലാതിപ്പെടുന്നില്ല; എന്തുകൊണ്ടെന്നാൽ എല്ലാം തനിക്കു സാധിക്കുമെന്നും വിഹിതമാണെന്നും അതു വിശ്വസിക്കുന്നു.

ആകയാൽ അതിനു എന്തും ചെയ്യാൻ

സാധിക്കും. സ്നേഹമില്ലാത്തവൻ ക്ഷീണിച്ചു വീണുപോകുമ്പോൾ സ്നേഹം പല കായ്ങ്ങളെ നിവ്വഹിച്ചു ഫലപ്രദമാകുന്നു.

5. സ്നേഹം ഉറക്കമിളച്ചിരിക്കുന്നു; ഉറങ്ങിയാലും അതു ബോധംവിട്ടു നിദ്രചെയ്യുന്നില്ല.

ക്ഷീണിച്ചാലും മടുക്കുന്നില്ല; ഞെരുങ്ങിയാലും വിഷമിക്കുന്നില്ല; ഭയന്നാലും പരിഭ്രമിക്കുന്നില്ല; പ്രത്യുത, ജീവനുള്ള ജ്വാലയും എരിയുന്ന പന്തവുംപോലെ മുകളിലോട്ടു കുതിക്കാളി എല്ലാറ്റിലുംകൂടി നിർബാധം കടക്കുന്നു.

സ്നേഹമുള്ളവനു ഈ നിലവിളിയുടെ ശബ്ദം മനസ്സിലാകും.

എന്റെ ദൈവമേ, എന്റെ സ്നേഹമേ, നീ മുഴുവൻ എന്റേതാകുന്നു; ഞാൻ മുഴുവൻ നിന്റേതുമാകുന്നു എന്നു പറയുന്ന ആത്മാവിന്റെ ഉജ്ജ്വലസ്നേഹം ദൈവത്തിന്റെ ചെവികളിൽ വലിയ നിലവിളിയാകുന്നു.

6. സ്നേഹിക്കുന്നതും സ്നേഹത്താൽ ഉരുകി അതിൽ നീന്തുന്നതും എത്ര മാധുര്യമുള്ളതാണെന്നു പഠിച്ചു് ഹൃദയത്തിന്റെ ആന്തരികമായ വാക്കൊണ്ടു് ആസ്വദിച്ചറിയുന്നതിനു് എന്നെ സ്നേഹത്തിൽ വികസിപ്പിക്ക.

ശുഷ്കാന്തിയുടെയും പാരവശ്യത്തിന്റെയും അധികൃത്തിൽ ഞാൻ എന്നെ വിട്ടയ ന്ന സ്നേഹത്തിനു മുഴുവനും കീഴ്പ്പെട്ടവ നാകട്ടെ.

ഞാൻ സ്നേഹത്തിന്റെ പാട്ടുപാടട്ടെ; എന്റെ സ്നേഹിതനായ നിന്നെ ഉന്നതത്തി ലേയ്ക്കു പിൻചെല്ലട്ടെ. എന്റെ ആത്മാവു സ്നേഹംകൊണ്ടാനന്ദിച്ചു നിന്റെ സൂതിക ളിൽ മുഴുകട്ടെ.

എന്നെക്കാൾ അധികം നിന്നെ ഞാൻ സ്നേഹിക്കട്ടെ. എന്നെ നിനക്കുവേണ്ടി മാത്ര വും യാഥാർത്ഥത്തിൽ നിന്നെ സ്നേഹിക്കുന്നവ രെ നിന്നിൽ മാത്രവും ഞാൻ സ്നേഹിക്കട്ടെ. നിന്നിൽനിന്നു പ്രകാശിക്കുന്ന സ്നേഹപ്രമാ ണം ഇങ്ങനെയാണല്ലോ കല്പിക്കുന്നത്.

7. സ്നേഹം വേഗവും, പരമാർത്ഥതയും, ഭക്തിയും, സന്തോഷവും, ആനന്ദപരിപൂർണ്ണ തയും ഉള്ളതാണ്; ശക്തിയും ക്ഷമയും വി ശ്വാസവും വിവേകവും, ദീർഘശാന്തതയും ധൈര്യവും തികഞ്ഞതാണ്; സ്വന്തം കാര്യം ഒരിക്കലും അന്വേഷിക്കാത്തതുമാകുന്നു.

എന്തെന്നാൽ എവിടെ എന്തെങ്കിലും സ്വന്തകാര്യം അന്വേഷിക്കുന്നുവോ, അവി ടെ സ്നേഹം വീണുപോകുന്നു.

സ്നേഹം വിവേകബുദ്ധിയുള്ളതും, എളി

മയുള്ളതും, ചൊവ്വുള്ളതുമാകുന്നു. അതു മൂർ
വും ലഘുവും ആയതല്ല. വ്യർത്ഥകാര്യങ്ങ
ളിൽ ശ്രദ്ധിക്കുന്നുമില്ല. സ്നേഹം മിതത്വവും,
നിർമ്മലതയും, സ്ഥിരതയും, അടക്കവുമുള്ള
തും സകല ഇന്ദ്രിയങ്ങളെയും നിയന്ത്രിക്കു
ന്നതിൽ ജാഗ്രതയുള്ളതുമാകുന്നു.

സ്നേഹം മേലധികാരികളോടു കീഴ്വഴ
ക്കവും അനുസരണവും ഉള്ളതാകുന്നു; സ്വ
ന്തം ഇഷ്ടപ്രകാരം അതു നിന്ദ്യവുമാകുന്നു. അതു
ദൈവത്തോടു ഭക്തിയും കൃതജ്ഞതയും ഉള്ള
താകുന്നു. എല്ലാപ്പോഴും, ദൈവമാധുര്യം അ
നുഭവിക്കാത്തപ്പോൾക്കൂടെയും അതു ദൈവ
ത്തിൽ വിശ്വസിച്ചു പ്രത്യാശയോടിരിക്കു
ന്നു. എന്തുകൊണ്ടെന്നാൽ സ്നേഹജീവിതം
എപ്പോഴും ദുഃഖരഹിതമല്ല.

8. എല്ലാം സഹിക്കുന്നതിനും തന്റെ
ദിവ്യസ്നേഹിതന്റെ ഇഷ്ടം അനുസരിക്കു
ന്നതിനും തയാറല്ലാത്തവൻ സ്നേഹി എന്ന
പേരിനു യോഗ്യനല്ല.

സ്നേഹിക്കുന്നവൻ തന്റെ ദിവ്യസ്നേ
ഹിതനുവേണ്ടി പ്രയാസമുള്ളതും കയ്പുള്ള
തുമെല്ലാം സന്തോഷപൂർവ്വം സ്വീകരിക്കയും
വിരോധങ്ങൾ എന്തുതന്നെ നേരിട്ടാലും
അവനിൽനിന്നകന്നുപോകാതിരിക്കയും വേ
ണം.

6-ാം അധ്യായം

യഥാർത്ഥ സ്നേഹിയുടെ ലക്ഷണം

മിശിഹാ- മകനേ, നീ ഇതുവരെയും ധൈര്യവും വിവേകവുമുള്ള സ്നേഹിയല്ല.

ശിഷ്യൻ- തിരുനാഥാ, എന്തുകൊണ്ട്?

മിശിഹാ- എന്തുകൊണ്ടെന്നാൽ സാ ല്പമായ വൈക്ലബ്യം നേരിട്ടാൽ നീ തുടങ്ങിയ കായ്മും വിട്ടുകളയുകയും അമിതമായ ആഗ്ര ഹത്തോടെ ആശ്വാസം അന്വേഷിക്കുകയും ചെയ്യുന്നു.

ഒരു ധീരനായ സ്നേഹി പരീക്ഷകൾ ഉണ്ടാകുമ്പോൾ സ്ഥിരമായി നില്ക്കുന്നു; ശത്രു വിന്റെ കൌശലമുള്ള പ്രേരണകളിൽ വി ശ്വസിക്കുന്നുമില്ല.

സൌഭാഗ്യകാലത്ത് എനിക്കവനിൽ ഇഷ്ടമാണ്; അനർത്ഥകാലത്ത് എനിക്ക് അ നിഷ്ടവുമില്ല.

2. വിവേകിയായ സ്നേഹി തന്റെ സ്നേഹഭാജനത്തിന്റെ ദാനത്തെ ദാതാവി ന്റെ സ്നേഹത്തോടൊപ്പം കായ്മായി ഗണി ക്കുന്നില്ല.

അവൻ അതിന്റെ വിലയേക്കാൾ സ്നേ ഹത്തെപ്പറ്റി കൂടുതലായി ശ്രദ്ധിക്കുന്നു; ദാന

ങ്ങളെയെല്ലാം ദിവ്യ സ്നേഹിതനെക്കാൾ ഉ
ലോം താഴെയായി ഗണിക്കുന്നു.

ഒരുത്തമസ്നേഹി മാനത്തിലല്ല പ്രത്യ
ത, എല്ലാ മാനങ്ങൾക്കും മേലായി എന്നിലാ
ണ് ആശ്വസിക്കുന്നത്.

അകയാൽ ചിലപ്പോൾ എന്നോടോ
എന്റെ പരിശുദ്ധന്മാരോടോ നീ അഗ്രഹി
ക്കുന്നിടത്തോളം ഭക്തി നിനക്കു തോന്നുന്നി
ല്ലെങ്കിൽ അതുകൊണ്ട് സർവ്വും പൊയ്പോ
യി എന്നു വരികയില്ല.

നിനക്കു ചിലപ്പോൾ അനുഭവപ്പെടു
ന്ന നല്ലതും മാധുര്യമുള്ളതുമായ ഭക്തി താൽ
ക്കാലികമായ ദൈവാനുഗ്രത്തിന്റെ ഫലമാ
ണ്; അതു സ്വർഗ്ഗമായ സ്വരാജ്യത്തിന്റെ
മുൻക്കൂട്ടിയുള്ള ഒരു ആസ്വദനവുമാണ്. നീ
അതിനെ അത്ര ആശ്രയിക്കണ്ടാ: എന്തുകൊ
ണ്ടെന്നാൽ അതു വന്നും പോയിയും ഇരിക്കും.

എന്നാൽ മനസ്സിലുണ്ടാകുന്ന ദുർവികാ
രങ്ങൾക്കെതിരായി യുദ്ധം ചെയ്യുകയും, പി
ശാചുതോന്നിക്കുന്നവയെ വെറുത്തു തള്ളുക
യും ചെയ്യുന്നതു പുണ്യത്തിന്റെയും വലിയ
യോഗ്യതയുടെയും അടയാളമാകുന്നു.

3. അകയാൽ നിന്റെ മനസ്സിലുണ്ടാ
കുന്ന അസാധാരണസങ്കല്പങ്ങൾ, അവ എതു

കായ്ക്കുന്നതിനെക്കുറിച്ചായാലും നിന്നെ ചഞ്ചലപ്പെടുത്താതിരിക്കട്ടെ.

നിന്റെ നിശ്ചയം ഉറപ്പായും നിന്റെ ഉദ്ദേശം നേരായും ദൈവത്തിന്റെ മുൻപാകെ പരിപാലിക്ക.

ചിലപ്പോൾ നീ പെട്ടെന്നു പരമാനന്ദം അനുഭവിക്കയും, പെട്ടെന്നുതന്നെ പതിവുള്ള ഹൃദയമാന്ദ്യത്തിലേക്കു പിൻതിരികയും ചെയ്യുന്നതു വെറും മായയല്ല.

എന്തുകൊണ്ടെന്നാൽ അവ നീ മനസ്സില്ലാതെ സഹിക്കുന്നതാണ്. മനസ്സോടെ ചെയ്യുന്നതല്ല; നിനക്കിഷ്ടമില്ലാതിരിക്കയും നീ എതിർത്തുനില്ക്കയും ചെയ്യുന്നിടത്തോളംകാലം അതു യോഗ്യതയാണുണ്ടാക്കുന്നത്, നാശമല്ല.

4. നന്മചെയ്യാനുള്ള നിന്റെ ആഗ്രഹം തടയുന്നതിനും, എല്ലാ ഭക്ത്യഭ്യാസങ്ങളിൽനിന്നും— ഉദാഹരണമായി വിശുദ്ധന്മാരുടെ നേരേയുള്ള വണക്കം, എന്റെ പീഡാനുഭവങ്ങളെക്കുറിച്ചുള്ള ഭക്തിപൂർവ്വകമായ ധ്യാനം, പാപത്തെക്കുറിച്ചുള്ള ഉപകാരപ്രദമായ ഓർമ്മ, സ്വന്തം ഹൃദയത്തിന്മേലുള്ള സൂക്ഷ്മം, പുണ്യത്തിൽ അഭിവൃദ്ധിപ്പെടണമെന്നുള്ള ഉറപ്പായ നിശ്ചയം എന്നിവയിൽനിന്നു— നിന്നെ മാറ്റി നിറുത്തുവാനും നി

ന്റെ പൂർവ്വശത്രു എല്ലാപ്രകാരത്തിലും ശ്രമിക്കുന്നുവെന്നറിഞ്ഞുകൊള്ളുക.

നിന്നെ മുക്തിപ്പിക്കുന്നതിനും ഭയപ്പെടുത്തുന്നതിനും പ്രാർത്ഥനയിലും ഭക്തിജനകമായ പുസ്തകവായനയിലും നിന്നു നിന്നെ പിൻവലിപ്പാനുമായി അനേക ദുർവിചാരങ്ങളെ അവൻ നിന്നിൽ ഉളവാക്കും.

അവന്നു എളിമയോടുകൂടിയ പാപോച്ചാരണം നീരസപ്രദമാണ്; നിവൃത്തിയുണ്ടെങ്കിൽ വി. കുർബാന ഉൾക്കൊള്ളാതിരിക്കാനും ഇടയാക്കും.

അവനെ വിശ്വസിക്കരുത്, അവനെ വകവെയ്ക്കുപോലും ചെയ്യരുത്. നിന്നെ ചതിക്കാൻ അവൻ നിനക്കു കുരുക്കുകൾ പലപ്പോഴും വെച്ചിരിക്കും.

അവൻ ദുഷ്ടവും അശ്ലീലവുമായവ മനസ്സിൽ ഉളവാക്കുമ്പോൾ അതിന്റെ കുറ്റം അവനിൽ ആരോപിച്ചു അവനോട് ഇങ്ങനെ പറയുക:

"അശ്ലീലാത്മാവേ പോ. നികൃഷ്ടാ നീ ലജ്ജിക്കു, എന്റെ ചെവിയിൽ ഇത്തരത്തിലുള്ളവ പ്രവേശിപ്പിക്കുന്ന നീ വളരെ അശ്ലീലനാണ്.

മഹാ ദുഷ്ടനായ ചതിയാ, നീ എന്നിൽ നിന്നു മാറിപ്പോ, നിനക്ക് എന്നിൽ യാതൊരു

പങ്കുമില്ല, പ്രത്യുത, ഈശോ എന്റെകൂടെ ധീരനായ യോദ്ധാവിനെപ്പോലെ ഉണ്ടായിരിക്കും. നീ ലജ്ജിച്ചുനില്ക്കയും ചെയ്യും.

നിന്നെ അനുസരിക്കുന്നതിനെക്കാൾ മരിക്കാനും എന്തു ശിക്ഷയായാലും സഹിക്കാനും ഞാൻ ആഗ്രഹിക്കുന്നു.

നീ മിണ്ടാതെ അടങ്ങിയിരിക്കുക, നീ എന്നെ വളരെ അലട്ടിയാലും ഞാൻ മേലാൽ നീ പറയുന്നതു കേൾക്കയില്ല.

തിരുനാഥൻ എന്റെ പ്രകാശവും എന്റെ രക്ഷയുമാകുന്നു. ഞാൻ ആരെ ഭയപ്പെടും?

എനിക്കു വിരോധമായി മുഴുസൈന്യങ്ങൾ പാളയമടിച്ചാലും എന്റെ ഹൃദയം ഭയപ്പെടുകയില്ല; തിരുനാഥൻ എന്റെ സഹായിയും രക്ഷകനും ആകുന്നു."

5. ഒരു നല്ല പടയാളിയെപ്പോലെ യുദ്ധംചെയ്യു; ബലഹീനതയാൽ ചിലപ്പോൾ നീ വീണാൽ കൂടുതലായ ദിവ്യാനുഗ്രഹത്തെ ആശ്രയിച്ചു മുൻപിലത്തെക്കാൾ അധികം ശക്തിയോടെ ധൈര്യപ്പെടുക; വ്യർത്ഥമായ ചാരിത്ര്യത്തിലും അഹങ്കാരത്തിലും വീഴാതെ സൂക്ഷിച്ചുകൊള്ളുക.

ഇതു നിമിത്തം അനേകം പേർ അബദ്ധത്തിൽ ചെന്നുചാടുന്നു; മിക്കവാറും സുഖ

പ്പെടാത്ത കരുട്ടാട്ടത്തിൽ വീഴുകയും ചെയ്യുന്നു.

ബുദ്ധിയില്ലാതെ സ്വന്ത ശക്തിയിൽ ആശ്രയിക്കുന്ന അഹങ്കാരികളുടെ ഈ വീഴ്ചനിനക്കു മുൻകരുതലിനും നിരന്തരമായ എളിമയ്ക്കും ഹേതുവായിരിക്കട്ടെ.

7-ാം അധ്യായം

ദൈവാനുഗ്രഹങ്ങളെ മറയ്ക്കാനുള്ള എളിമ.

മകനേ, ഭക്തി എന്ന അനുഗ്രഹം മറയ്ക്കുന്നതു നിനക്കു കൂടുതൽ പ്രയോജനകരവും അപകടം കുറഞ്ഞതുമായിരിക്കും. നീ അതിനെപ്പറ്റി അഹങ്കരിക്കയോ അധികം സംസാരിക്കയോ വളരെ ചിന്തിക്കയോ ചെയ്യാതെ നിന്നെത്തന്നെ അധികമായി നിന്ദിക്കയും അതു കിട്ടാൻ യോഗ്യതയില്ലാത്ത നിനക്കു തന്നിരിക്കുന്നല്ലോ എന്നു വിചാരിച്ചു ഭയപ്പെട്ടുകയും ചെയ്ക.

നീ ഈ മനോവികാരത്തിൽ അത്ര അധികമായി ആശ്രയിക്കണ്ടാ; അതു വളരെ വേഗം നേരേ വിപരീതമായി മാറാവുന്നതാണ്.

ദൈവാനുഗ്രഹം ഉള്ളപ്പോൾ, അതി

ല്ലാതെ നീ എത്ര ഹീനനും ദരിദ്രനും ആയിരുന്നു എന്നു ചിന്തിക്കുക.

ആത്മീയ ജീവിതത്തിലുള്ള അഭിവൃദ്ധി ആശ്വാസം എന്ന ദിവ്യാനുഗ്രഹത്തിൽ മാത്രമല്ല, പ്രത്യുത, അതു പിൻവലിക്കുമ്പോൾ എളിമയും പരിത്യാഗവും ക്ഷമയുമുള്ള മനസ്സോടെ അതു സഹിക്കുന്നതിലുമാണു അടങ്ങിയിരിക്കുന്നതു്. ഇതിന്റെ ഫലമായി ആ സമയത്തു പ്രാർത്ഥനയിൽ ഉദാസീനനാകയോ നീ പതിവായി ചെയ്യുന്ന മറ്റു പ്രവൃത്തികൾ ഉപേക്ഷിക്കയോ ചെയ്യുവാൻ സമ്മതിക്കാതെ, നിനക്കു കഴിയുന്നിടത്തോളം നന്നായി, നിന്റെ അറിവനുസരിച്ചു വളരെ സന്തോഷപൂർവ്വം നിന്നാലാവതു ചെയ്കയും നീ അനുഭവിക്കുന്ന രസഹീനതയോ മനഃക്ലേശമോ നിമിത്തം നീ നിന്നെത്തന്നേ മുഴുവനായി ഉപേക്ഷിച്ചുകളയാതിരിക്കയും വേണം.

2. എന്തെന്നാൽ പലരുണ്ടു്. കായ്ക്കുങ്കൽ വിജയകരമായില്ലെങ്കിൽ അവർ ക്ഷമയില്ലാത്തവരോ അലസന്മാരോ ആയിത്തീരുന്നു.

എന്നാൽ മനുഷ്യന്റെ വഴി എപ്പോഴും അവനു സ്വാധീനമല്ല. പ്രത്യുത, ദൈവം വിചാരിക്കുമ്പോഴും വിചാരിക്കുന്നിടത്തോളവും തനിക്കിഷ്ടമുള്ളവനും, ഇഷ്ടമു

ള്ളിടത്തോളവും അതിൽ ഒട്ടും ക്രൂരാതെയും തന്റെ അനുഗ്രഹം കൊടുത്താശ്വസിപ്പിക്കുന്നതു ദൈവത്തിന്റെ കാര്യമാകുന്നു.

ചില വിവേകഹീനന്മാർ ഭക്തി എന്ന ദൈവാനുഗ്രഹം ഹേതുവാൽ തങ്ങളെത്തന്നേ നശിപ്പിച്ചിട്ടുണ്ട്. എന്തെന്നാൽ അവക്കു കഴിയുമായിരുന്നതിൽ അധികം ചെയ്യാൻ അവരാഗ്രഹിച്ചു. അവരുടെ അല്പത്വത്തിന്റെ അളവ് അവർ ആലോചിച്ചില്ല. പ്രത്യുത, ബുദ്ധിയുടെ ആലോചനയെക്കാൾ ഹൃദയത്തിന്റെ വികാരത്തെയാണ് അവർ കൂടുതലായി പിൻചെന്നത്.

ദൈവത്തിനിഷ്ടമായിരുന്നതിനെക്കാൾ കൂടുതൽ കാര്യങ്ങൾ ചെയ്യാൻ തുനിഞ്ഞതുകൊണ്ടു അവർ വരപ്രസാദം വേഗം നഷ്ടമാക്കികളഞ്ഞു.

സഭയിൽ തങ്ങൾക്കു കൂടുകൾ കെട്ടിയവർ ദരിദ്രരും അരിഷ്ടതയുള്ളവരുമായി. ഇങ്ങനെ തങ്ങളുടെ സ്വന്ത ചിറകുകൾകൊണ്ടു പറക്കാതെ എന്റെ ചിറകുകളിൽ ആശ്രയിക്കുന്നതിനു പഠിക്കാൻ അവർ ദരിദ്രരും എളിമയുള്ളവരുമായി.

തിരുനാഥന്റെ വഴിയിൽ ഇന്നോളം ആരംഭക്കാരും പരിചയമില്ലാത്തവരുമായവർ വിവേകികളുടെ ഉപദേശമനുസരിച്ചു

തങ്ങളെ നടത്താത്തപക്ഷം എളുപ്പത്തിൽ വഞ്ചനയിൽപ്പെട്ടു തോറ്റുപോകാവുന്നതാണ്.

3. പരിചയമുള്ളവരെ വിശ്വസിക്കാതെ സ്വന്തം തോന്നലുകളെ കൂട്ടുതലായി ചിൽചെല്ലാനിഷ്ടപ്പെടുന്നവർ, സ്വാഭിപ്രായത്തെ വിട്ടുപേക്ഷിക്കാൻ മടിക്കുന്നപക്ഷം, അവരുടെ അവസാനം അപകടകരമായിരിക്കും.

തന്നെത്താൻ ബുദ്ധിമാന്മാർ എന്നു ഗണിക്കുന്നവർ വളരെ ചുരുക്കമായേ മറ്റുള്ളവരുടെ വരുതിപ്രകാരം വിനയപൂർവ്വം പ്രവർത്തിക്കയുള്ളൂ.

അഹംഭാവത്തോടെ അറിവിന്റെ വലിയ നിധികൾ ഉണ്ടായിരിക്കുന്നതിനെക്കാൾ നല്ലത് വിനയത്തോടുകൂടെ കുറേ അറിവും അല്പബുദ്ധിയും ഉണ്ടായിരിക്കയാണ്.

നിന്നെ അഹങ്കാരിയാക്കത്തക്ക അധികൃതത്തെക്കാൾ കുറച്ചുമാത്രം നിനക്കുണ്ടായിരിക്കുന്നതാണ് ഏറെ നല്ലത്.

തന്റെ മുൻപിലത്തെ ദാരിദ്ര്യാവസ്ഥയും, തനിക്കു ലഭിച്ച ദാനം നഷ്ടപ്പെട്ടുപോയേക്കുമോ എന്നു ഭയപ്പെടുന്ന നിർമ്മലമായ ദൈവസ്നേഹവും മറന്നു സന്തോഷത്തിൽപാടേ മുഴുകുന്നവൻ വേണ്ടത്ര വിവേകപൂർവ്വം പ്രവർത്തിക്കുന്നില്ല.

അനർത്ഥവും ഏതെങ്കിലും കഷ്ടതയും നേരിട്ടുമ്പോൾ വളരെ നിരാശയോടെ വർത്തിക്കയും എന്നെക്കുറിച്ചു വേണ്ടിടത്തോളം വിശ്വാസമില്ലാതെ തോന്നുകയും ചിന്തിക്കയും ചെയ്യുന്നവനോ അവൻ അത്ര വിവേകിയല്ല.

4. സമാധാനകാലത്തു ക്രമത്തിലധികം നിർഭയനായിരിക്കുന്നവൻ യുദ്ധകാലത്തു മിക്കവാറും ക്രമത്തിലധികം ധൈര്യം കെട്ടവനും ഭീരുവുമായിത്തീരുന്നതു കാണാം.

നിന്റെ സ്വന്തം ദൃഷ്ടിയിൽ വിനീതനും അല്പനും ആയിരുന്ന നിന്റെ മനസ്സിനെ നല്ലപോലെ നിയന്ത്രിക്കുന്നതിനും ഭരിക്കുന്നതിനും നിനക്കു കഴിയുമെങ്കിൽ നീ അത്ര എളുപ്പം ആപത്തുകളിൽ വീഴുകയോ അബദ്ധങ്ങളിൽ ഉൾപ്പെടുകയോ ചെയ്കയില്ല.

നിനക്ക് ആത്മീയ തീക്ഷ്ണത അനുഭവപ്പെടുമ്പോൾ അതു നിന്നിൽനിന്നു മാറുന്നേരം നിനക്കെന്തു സംഭവിക്കും എന്നതിനെപ്പറ്റി ധ്യാനിക്കണം. ഇതൊരു നല്ല ഉപദേശമാണ്.

ഇങ്ങനെ സംഭവിക്കുമ്പോൾ നീ പഠിക്കുന്നതിനും എനിക്കു മഹിമയുണ്ടാകുന്നതിനുമായി ഞാൻ സ്വല്പനേരത്തേയ്ക്കു പിൻവലിച്ച പ്രകാരം തിരിയെ വരുവുന്നതാണെന്നോർത്തുകൊള്ളുക.

5. ഇത്തരത്തിലുള്ള പരീക്ഷണമാണ നിന്റെ ആഗ്രഹംപോലെ സഭാനിനക്ക ക്ഷേമമായിരിക്കുന്നതിനെക്കാൾ പലപ്പോഴും നല്ലത്.

എന്തുകൊണ്ടെന്നാൽ ഒരുത്തന് അനേകം ദിവ്യദർശനങ്ങളോ ആശ്വാസങ്ങളോ ഉള്ളതു നോക്കിയോ, അഥവാ അവൻ വിശുദ്ധ ഗ്രന്ഥങ്ങളിൽ പാണ്ഡിത്യമുള്ളവനോ വലിയ ഉന്നതസ്ഥാനത്തെത്തിയവനോ ആണെന്നുള്ളതു നോക്കിയോ അല്ല അയാളുടെ യോഗ്യതയുടെ വില മതിക്കേണ്ടത്.

പ്രത്യുത, സാക്ഷാലുള്ള എളിമയിൽ അടിയുറച്ചു ദിവ്യസ്നേഹത്താൽ നിറഞ്ഞ് ദൈവമഹത്വം മാത്രം പൂർണ്ണമായി എപ്പോഴും അന്വേഷിക്കയും, തന്നെത്താൻ ഒന്നുമില്ലാത്തവനായി വിചാരിക്കയും യഥാർത്ഥത്തിൽ തന്നെത്താൻ നിന്ദിക്കയും മറുള്ളവരുടെ നിന്ദനവും അവമാനവും അവരുടെ ബഹുമാനത്തെക്കാൾ കായ്മയായി മതിക്കയും ചെയ്യുന്നുണ്ടോ എന്നു നോക്കിവേണം.

8-ാം അധ്യായം

നമ്മുടെ ഹീനസ്ഥിതി

ശിഷ്യൻ. 1. കേവലം പൊടിയും ചാമ്പലും അണെങ്കിലും ഞാൻ എന്റെ ദിവ്യനാഥനോടു സംസാരിക്കും.

ഇതിലും നന്നായി എന്നെക്കുറിച്ചു ഞാൻ വിചാരിച്ചാൽ, ഇതാ, നീ എനിക്കു എതിരായി നില്ക്കും; എന്റെ പാപങ്ങൾ സത്യമായ സാക്ഷ്യം വഹിക്കുന്നു; എനിക്കു മറിച്ചു പറവാനും നിവൃത്തിയില്ല.

എന്നാൽ ഞാൻ എന്നെത്തന്നേ ഹീനനാക്കി എന്റെ ഒന്നുമില്ലായ്മയെ സമ്മതിക്കയും എന്റെ സ്വന്തം കീഴ്ത്തി ആസകലം ഉപേക്ഷിച്ചു ഞാൻ സാക്ഷാൽ ആകുന്നതുപോലെ എന്നെ വെറും പൊടിയാക്കുകയും ചെയ്താൽ നിന്റെ അനുഗ്രഹം എനിക്കനുകൂലമായിരിക്കയും നിന്റെ പ്രകാശം എന്റെ ഹൃദയത്തെ സമീപിക്കയും എന്റെ അഭിമാനം, അതെത്ര നിസ്സാരമായിരുന്നാലും, എന്റെ ഇല്ലായ്മ എന്ന ആഴത്തിൽ താണ് എന്നേക്കുമായി നശിക്കയും ചെയ്യും.

അവിടെ ഞാൻ എന്താണെന്നും എന്തായിരുന്നെന്നും ഞാൻ എങ്ങോട്ടു വന്നിരിക്കുന്നെ

ന്നും നീ എനിക്കു കാണിച്ചുതരുന്നു; എന്തുകൊണ്ടെന്നാൽ ഞാൻ ഇല്ലായ്മയാണ്, അതു ഞാൻ അറിഞ്ഞതുമില്ല.

എന്നെ തനിയേ വിട്ടേക്കുകയാണെങ്കിൽ ഇതാ ഞാൻ ഒന്നുമല്ല. ഞാൻ മുഴുവനും ബലഹീനത തന്നേ. എന്നാൽ നീ ക്ഷണനേരത്തേക്ക് എന്നെ കടാക്ഷിക്കുന്നെങ്കിൽ ഞാൻ ശക്തിയുള്ളവനാകും, നൂതനമായ സന്തോഷത്താൽ നിറയുകയും ചെയ്യും.

എന്റെ സ്വന്തം ഭാരത്താൽ സദാ കീഴോട്ടു താണുപോകുന്ന എന്നെ ഇത്ര കരുണയോടെ ആശ്ലേഷിച്ചു പെട്ടെന്നു മേലോട്ടുയർത്തുന്നതു എത്ര വലിയ ആശ്ചര്യമാണ്.

2. എന്റെ ഇത്ര വളരെ ആവശ്യങ്ങളെ മുൻകൂട്ടിക്കണ്ടു കരുണയോടെ എന്നെ സഹായിക്കയും വലുതായ ആപത്തുകളിൽ നിന്ന് എന്നെ സംരക്ഷിച്ച് അനവധി ദുർഘടങ്ങളിൽ നിന്ന്, എനിക്കു സത്യമായി പറയാവുന്നതുപോലെ, എന്നെ മുക്തനാക്കുകയും ചെയ്യുന്ന നിന്റെ സ്നേഹമാണ് ഇതു നിവർത്തിക്കുന്നത്.

എന്നാൽ വിഷമായ സ്നേഹത്താൽ എന്നെത്തന്നേ സ്നേഹിച്ചതുകൊണ്ട് ഞാൻ എന്നെ നശിപ്പിച്ചു; എന്നാൽ നിന്നെ മാത്രം അന്വേഷിച്ചു നിർമ്മലമായി സ്നേഹിച്ചതു

കൊണ്ടു എന്നെത്തന്നെയും നിന്നെയും കണ്ടെത്തി; ഈ സ്നേഹത്താൽ എന്നെത്തന്നേ വളരെയധികം ഇല്ലായ്മയാക്കയും ചെയ്തു.

എന്തുകൊണ്ടെന്നാൽ എത്രയും മാധുര്യം നിറഞ്ഞ നാഥാ, എന്റെ എല്ലാ യോഗ്യതയ്ക്കും മേലായും ആശിക്കുന്നതിനോ അപേക്ഷിക്കുന്നതിനോ എനിക്കു തുനിയുവാൻ കഴിയുന്നതിലധികം നീ എന്നോടു പ്രവർത്തിക്കുന്നു.

3. എന്റെ ദൈവമേ, നിനക്കു സ്തുതിയുണ്ടായിരിക്കട്ടെ; എന്തെന്നാൽ ഞാൻ യാതൊരു നന്മയ്ക്കും അർഹനല്ലെങ്കിലും, നിന്റെ ഉൽകൃഷ്ടമായ മഹത്വവും അളവറ്റ നന്മയും നന്ദിഹീനർക്കും നിന്നിൽനിന്നു തിരിഞ്ഞുകളഞ്ഞവർക്കും നന്മ ചെയ്യുന്നതിന് ഒരിക്കലും മടുക്കും വരുത്തുന്നില്ല.

ഞങ്ങളെ നിന്റെ പക്കലേയ്ക്കു തിരിക്കു, ഞങ്ങൾ കൃതജ്ഞതയും വിനീതരും ഭക്തരും ആയിത്തീരട്ടെ; എന്തെന്നാൽ ഞങ്ങളുടെ രക്ഷയും ഞങ്ങളുടെ ശക്തിയും ധൈര്യവും നീയാകുന്നു.

9-ാം അധ്യായം

എല്ലാറ്റിന്റെയും ലക്ഷ്യം ദൈവംതന്നെ

മിശിഹാ— മകനേ, നീ യഥാർത്ഥമായി ഭാഗ്യവാനാകാൻ ആഗ്രഹിക്കുന്നെങ്കിൽ ഞാൻ നിന്റെ ഏറ്റവും ഉന്നതവും അവസാനവുമായ ലക്ഷ്യമായിരിക്കണം.

പലപ്പോഴും നിന്നിലേക്കുതന്നെയും സൃഷ്ടികളിലേക്കും ക്രമമില്ലാതെ മാഞ്ഞിരിക്കുന്ന നിന്റെ സ്നേഹത്തെ ഈ ഉദ്ദേശത്താൽ ശുദ്ധീകരിക്കണം.

എന്തുകൊണ്ടെന്നാൽ ഏതിലെങ്കിലും നീ നിന്റെ കാംക്ഷംമാത്രം ആരായുന്നതായാൽ തൽക്ഷണം നീ ഹൃദയത്തിൽ ക്ഷയിച്ചു വരണ്ടുപോകും.

ആകയാൽ എല്ലാക്കാംക്ഷങ്ങളും നീ ഒന്നാമതായി എനിക്കുവേണ്ടി ഉദ്ദേശിക്കുക; എന്തെന്നാൽ സകലവും തന്നിരിക്കുന്നതു ഞാനാണ്".

ഓരോന്നും നന്മസ്വരൂപനിൽനിന്നു പുറപ്പെട്ടതെന്നു വിചാരിച്ചുകൊള്ളുക, ആകയാൽ ഓരോന്നും അതിന്റെ ഉല്പത്തിസ്ഥാനത്തേക്കെന്നവണ്ണം എന്നിലേക്കു തിരിച്ചുകൊണ്ടുവരികയും വേണം.

2. ചെറിയവനും, വലിയവനും, ദരിദ്രനും ധനവാനും ഉറവയിൽ നിന്നെന്നപോലെ എന്നിൽനിന്നു് ജീവജലം കോരുന്നു; എന്നെ സ്വതന്ത്രമായും സന്തോഷത്തോടും സേവിക്കുന്നവർ കൃപയ്ക്കുമേൽ കൃപപ്രാപിക്കും.

എന്നാൽ എന്നിലല്ലാതെ അഭിമാനിക്കുന്നതിനോ സ്വന്തമായ വല്ല നന്മയിലും സന്തോഷിക്കുന്നതിനോ തുനിയുന്നവനു സാക്ഷാലുള്ള സന്തോഷം സ്ഥിരമായി അനുഭവിക്കുന്നതിനോ ഹൃദയവികാസം പ്രാപിക്കുന്നതിനോ സാധിക്കയില്ല. പ്രത്യുത പല പ്രകാരത്തിലുള്ള തടസ്സങ്ങളും ഞെരുക്കങ്ങളും അവനു നേരിടും.

അതുകൊണ്ടു യാതൊരു നന്മയും നിന്റേതായി ഗണിക്കണ്ടാ; യാതൊരു മനുഷ്യനും സ്വന്തമായി ഏതെങ്കിലും ഒരു പുണ്യം ഉണ്ടെന്നു വിചാരിക്കയും വേണ്ടാ; പ്രത്യുത, സമസ്തവും, ദൈവത്തിൽ സമർപ്പിക്കുക; എന്നെക്കൂടാതെ മനുഷ്യന് ഒന്നുമില്ല.

ഞാൻ സകലവും തന്നിരിക്കുന്നു; എനിക്കെല്ലാം തിരിയെ വേണം; കൃതജ്ഞതാപ്രകടനങ്ങൾ ഞാൻ വളരെ കണിശമായി ആവശ്യപ്പെടുകയും ചെയ്യുന്നു.

3. വ്യാർത്ഥാഭിമാനത്തെ ദൂരെ ഓടിച്ചുകളയുന്ന സത്യം ഇതാണ്.

സ്വർഗ്ഗീയമായ അനുഗ്രഹവും യഥാർത്ഥമായ സ്നേഹവും ഉള്ളിൽ പ്രവേശിക്കുന്നതായാൽ അസൂയയോ വൃഥയത്തിന്റെ വിശാലതക്കുറവോ സ്വാർത്ഥപരമായ സ്നേഹമോ അതിൽ ഉണ്ടായിരിക്കയില്ല.

എന്തുകൊണ്ടെന്നാൽ ദൈവസ്നേഹം എല്ലാം ജയിക്കയും ആത്മാവിന്റെ ശക്തികളെ എല്ലാം വികസിപ്പിക്കയും ചെയ്യും.

നിനക്കു നേരായ ബുദ്ധിയുണ്ടെങ്കിൽ എന്നിൽമാത്രമേ നീ സന്തോഷിക്കയുള്ളൂ, എന്നിൽമാത്രം പ്രത്യാശപ്പെടുകയുമുള്ളൂ. എന്തെന്നാൽ ദൈവമൊരുവനല്ലാതെ നല്ലവനാരുമില്ല. തനിക്ക് എല്ലാവരിലും ഉപരിയായി എല്ലാക്കാര്യങ്ങളിലും സ്തുതിക്കും പുകഴ്ച്ചക്കും അർഹതയുണ്ടായിരിക്കുന്നു.

10-ാം അധ്യായം

ദൈവസേവനം മാധുര്യമുള്ളതാണ്.

ശിഷ്യൻ— 1. ഞാൻ ഇപ്പോൾ വീണ്ടും സംസാരിക്കും. തിരുനാഥാ, ഞാൻ മൌനമായിരിക്കയില്ല; ഞാൻ ഉന്നതത്തിലിരിക്കുന്ന എന്റെ ദൈവത്തിന്റെയും എന്റെ തിരുനാഥന്റെയും എന്റെ രാജാവിന്റെയും ചെവികളിൽ പറയും:

തിരുനാഥാ, നിന്നെ ഭയപ്പെടുന്നവ
ക്കായി നീ ഒളിച്ചുവെച്ചിരിക്കുന്ന നിന്റെ
മാധുര്യം എത്രയധികം.

എന്നാൽ നിന്നെ സ്നേഹിക്കുന്നവക്കു നീ
എന്ത്? തങ്ങളുടെ മുഴുഹൃദയത്തോടെ നി
ന്നെ സേവിക്കുന്നവക്കു നീ എന്താകുന്നു?

നിന്നെ സ്നേഹിക്കുന്നവക്കു നീ നൽകു
ന്ന ധ്യാനനിഷ്ഠയുടെ മാധുര്യം തീർച്ചയായും
പറഞ്ഞറിയിക്കാൻ വയ്യാത്തതാണ്.

ഞാൻ ഇല്ലാതിരിക്കയിൽ എന്നെ സൃ
ഷ്ടിക്കയും ഞാൻ വഴിതെറ്റി നിന്നിൽനിന്നു
വളരെ അകന്നുപോയപ്പോൾ നിന്നെ സേ
വിക്കുന്നതിനായി എന്നെ തിരിയെ കൊണ്ടു
വരികയും ഞാൻ നിന്നെ സ്നേഹിക്കണമെ
ന്നു എന്നോടു കല്പിക്കയും ചെയ്യുതിൽ നി
ന്റെ സ്നേഹമാധുര്യം എന്നോടു മുഖ്യമായി
കാണിച്ചിരിക്കുന്നു.

2. ഓ! ഒരിക്കലും വറ്റാത്ത സ്നേഹ
ത്തിന്റെ ഉറവയേ, നിന്നെപ്പറ്റി ഞാനെ
ന്താണു പറയേണ്ടത്?

നിന്നെ മറക്കുവാൻ എനിക്കെങ്ങനെ
കഴിയും? ഞാൻ വഷളനായി നശിച്ചുപോ
യതിനുശേഷവും നീ കൃപയോടെ എന്നെ
ഓർത്തു.

എന്റെ എല്ലാ പ്രതീക്ഷയും കവിഞ്ഞു

നിന്റെ ദാസനോട് നീ കരുണപ്രവർത്തിച്ചു. എന്റെ യോഗ്യതയെക്കാളെല്ലാം ഉപരിയായി നീ കൃപയും സ്നേഹവും കാണിച്ചു.

ഈ അനുഗ്രഹത്തിനുപകരം ഞാനെന്തുതരും? എന്തുകൊണ്ടെന്നാൽ സർവ്വവും ഉപേക്ഷിച്ചു ലോകത്തെ വെടിഞ്ഞു സന്യാസജീവിതം സ്വീകരിക്കുക എന്നത് എല്ലാവർക്കും സാധിച്ചിട്ടില്ല.

സർവ്വസൃഷ്ടികളും സേവിക്കാൻ ചുമതലപ്പെട്ടിരിക്കുന്ന നിന്നെ സേവിക്കുന്നത് ഒരു വലിയ കാര്യമാണോ?

നിന്നെ സ്നേഹിക്കുന്നതു ഞാൻ ഒരു വലിയ കാര്യമായി കരുതേണ്ടതല്ല. എന്നാൽ ഛത്രു ദരിദ്രനും അയോഗ്യനുമായ ഒരുവനെ നിന്റെ ദാസനായി സ്വീകരിച്ച് നിന്റെ വാത്സല്യഭൃത്യന്മാരുടെ കൂട്ടത്തിൽ ഒരാളായി എണ്ണുവാൻ തിരുമനസ്സായതു അതിവിസ്മയനീയമായ കാര്യമായി എനിക്കു തോന്നുന്നു.

3. കണ്ടാലും, എനിക്കുള്ളതും നിന്റെ ശുശ്രൂഷയ്ക്കു ഞാൻ പ്രയോഗിക്കുന്നതും എല്ലാം നിന്റേതാകുന്നു.

എന്നു വരികിലും നേരേമറിച്ചു ഞാൻ നിന്നെ എന്നതിനെക്കാൾ നീ എന്നെയാണ് കൂടുതൽ സേവിക്കുന്നത്.

ഇതാ! മനുഷ്യന്റെ പ്രയോജനത്തി

നായി നീ സൃഷ്ടിച്ചിരിക്കുന്ന ആകാശവും ഭൂമിയും തയാറായി നില്ക്കുന്നു, നീ കല്പിച്ചിരിക്കുന്നതെല്ലാം ദിനംപ്രതി നിവൃഹിക്കയും ചെയ്യുന്നു.

എന്നാൽ ഇതു സാരമില്ല. എന്തുകൊണ്ടെന്നാൽ ദൈവഭൂതന്മാരെയും മനുഷ്യന്റെ ശുശ്രൂഷയ്ക്കായി നീ നിയമിച്ചിരിക്കുന്നു.

നീതന്നേ മനുഷ്യനെ ശുശ്രൂഷിക്കാൻ കൃപയായി നിന്നെത്തന്നേ അവനു നൽകാമെന്നു വാഗ്ദാനം ചെയ്തിരിക്കുന്നത് ഇതിനെയെല്ലാം കടന്നിരിക്കുന്നു.

4. ഈ അനേകായിരം ഉപകാരങ്ങൾക്കു പകരം നിനക്കു ഞാൻ എന്തുതരും? എന്റെ ആയുസ്സിന്റെ എല്ലാ ദിവസങ്ങളിലും നിന്നെ സേവിക്കാൻ കഴിവുണ്ടായിരുന്നെങ്കിൽ കൊള്ളായിരുന്നു.

ഒരു ദിവസമെങ്കിലും യോഗ്യമായ ശുശ്രൂഷ ചെയ്യാൻ സാധിച്ചിരുന്നെങ്കിൽ ഭാഗ്യമായിരുന്നു.

സത്യമായും നീ സർവ്വവിധ ശുശ്രൂഷയ്ക്കും എല്ലാ മഹിമയ്ക്കും അനന്തമായ സ്തുതിക്കും യോഗ്യനാകുന്നു.

സത്യമായും നീ എന്റെ നാഥനും ഞാൻ നിന്റെ സാധുവായ ദാസനുമാണ്. എന്റെ ശക്തി മുഴുവനോടുംകൂടെ നിന്നെ

സേവിക്കാൻ എനിക്കു കടമയുണ്ട്; നിന്നെ സ്തുതിക്കുന്നതിൽ എനിക്കു ഒരിക്കലും മടുപ്പുണ്ടാകേണ്ടതുമല്ല.

ഇത് എന്റെ നിശ്ചയവും എന്റെ ആഗ്രഹവുമാകുന്നു. എന്നിൽ കുറവുള്ളതു നീ കൃപാകടാക്ഷത്താൽ തികയ്ക്കുണമേ.

5. നിന്നെ സേവിക്കുന്നതും നിന്നെ പ്രതി എല്ലാം വെറുത്തുപേക്ഷിക്കുന്നതും വലിയ ബഹുമാനവും മഹാമഹിമയുമാകുന്നു.

എന്തുകൊണ്ടെന്നാൽ സ്വമനസാ നിന്റെ പരിപാവനമായ സേവനത്തിനു തങ്ങളെത്തന്നേ കീഴ്പ്പെടുത്തിയവർക്കു വലിയ വരപ്രസാദം ലഭിക്കും.

നിന്നോടുള്ള സ്നേഹംനിമിത്തം എല്ലാ ജഡസന്തോഷങ്ങളെയും ത്യജിച്ചവർ പരിശുദ്ധാത്മാവിന്റെ അതിമധുരമായ ആശ്വാസം കണ്ടെത്തും.

നിന്റെ തിരുനാമത്തെപ്രതി ഇടുങ്ങിയ വഴിയിൽ പ്രവേശിച്ചു ലൗകികമായ സകല താല്പര്യങ്ങളെയും ത്യജിച്ചവർ വലുതായ മനഃസ്വാതന്ത്ര്യം പ്രാപിക്കും.

6. ഓ, സന്തോഷകരവും ആനന്ദപ്രദവുമായ ഒരു ദിവസസേവനം! അത് ഒരു മനുഷ്യനെ സാക്ഷാൽ സ്വതന്ത്രനും പരിശുദ്ധനും ആക്കുന്നു.

മനുഷ്യനെ മാലാകാസ്സു സമനും, ദൈവത്തിനു ഇഷ്ടനും പിശാചുക്കൾക്കു ഭയങ്കരനും എല്ലാ വിശ്വാസികൾക്കും ദൃഷ്ടാന്തീഭൂതനുമാക്കിത്തീർക്കുന്ന സന്യാസദാസ്യം എത്ര പരിശുദ്ധമാകുന്നു.

ഓ, പരമമായ നന്മ സമ്പാദിക്കുന്നതും ഒരിക്കലും അവസാനിക്കാത്ത സന്തോഷം ലഭിപ്പിക്കുന്നതുമായ സേവനം എത്ര ബഹുമാനനീയവും അഭിലഷണീയവുമാണ്.

11-ാം അധ്യായം

ആശകളെ പരിശോധിച്ചു നിയന്ത്രിക്കണം

മിശിഹാ— മകനേ, ഇതേവരെ നന്നായി പഠിച്ചിട്ടില്ലാത്ത ഒട്ടനവധി കാര്യങ്ങൾ നിനക്കു പഠിക്കാനുണ്ട്.

ശിഷ്യൻ— തിരുനാഥാ, അവ ഏതെല്ലാമാണ്.

മിശിഹാ— നിന്റെ ആഗ്രഹം എന്റെ ഇഷ്ടത്തിനു പൂർണ്ണമായി അനുരൂപമാക്കണം; നീ തന്നെത്താൻ സ്നേഹിക്കാതെ, എന്റെ ഇഷ്ടം നിറവേറുവാൻ നല്ല ഉത്സാഹിയായിരിക്കണം.

പലവിധ ആഗ്രഹങ്ങൾ നിന്നെ പല

പ്പൊഴും എരിച്ചു ബലമായി മുന്നോട്ടു തള്ളി വിടുന്നു; പക്ഷേ, ഈ പ്രേരണ എന്റെ മഹിമയെക്കുറിച്ചാണോ അതോ നിന്റെ സുഖത്തിനായിട്ടാണോ എന്നാലോചിക്കുക.

അത് എന്നെപ്രതിയാണെങ്കിൽ ഞാൻ എങ്ങനെ നിശ്ചയിച്ചാലും നീ സംതൃപ്തനാകും; എന്നാൽ വല്ല സ്വാർത്ഥവും നിന്നിൽ ഒളിഞ്ഞിരിക്കുന്നെങ്കിൽ അതാണു നിനക്കു വിഘ്നമായിത്തീർന്നു നിന്നെ അസഹ്യപ്പെടുത്തുന്നത്.

2. ആകയാൽ എന്നോടാലോചിക്കാതെ നിന്നിൽ അങ്കുരിച്ചിരിക്കുന്ന ആഗ്രഹത്തിൽ അത്രവളരെ വിശ്വാസംവെയ്ക്കാതിരിക്കാൻ സൂക്ഷിച്ചുകൊള്ളുക; അല്പാത്തപക്ഷം നീ പിന്നീടു് അനുതാപപ്പെടുകയോ, ആദ്യം നീ ഇഷ്ടപ്പെട്ടു് ഏറ്റവും നല്ലതായി താല്പര്യപൂർവ്വം ആഗ്രഹിച്ചതിൽതന്നേ അതൃപ്തി ഉണ്ടാകാൻ ഇടവരികയോ ചെയ്തേക്കാം.

എന്തെന്നാൽ നല്ലതെന്നു തോന്നുന്ന ഏതാഗ്രഹത്തെയും ഉടനേ അനുവർത്തിക്കേണ്ടതല്ല; അതുപോലെതന്നേ വിപരീതമായ എല്ലാ ആഗ്രഹങ്ങളെയും പെട്ടെന്നു ത്യജിക്കേണ്ടതുമല്ല.

നല്ല ആഗ്രഹങ്ങളുടെയും ഉദ്യമങ്ങളുടെയും നിയന്ത്രണം ചിലപ്പോൾ ആവശ്യ

മാണ്; അല്ലെങ്കിൽ അതിയായ ഉത്സാഹം ഏകാഗ്രതയെ നശിപ്പിക്കയോ, ശിക്ഷണത്തിനു വിധേയമല്ലാത്ത നിന്റെ നടപടി ശേഷംപേർക്ക് ഇടർച്ച വരുത്തുകയോ, അഥവാ ശേഷംപേർ എതിക്കുമ്പോൾ നീ പെട്ടെന്നു ചഞ്ചലപ്പെട്ടു വീണുപോകയോ ചെയ്യേക്കാം.

3. ചിലപ്പോൾ ബലംപ്രയോഗിച്ചു നിന്റെ ജഡമോഹങ്ങളെ ധൈര്യത്തോടെ എതിക്കയും ശരീരം എത്ര ഇഷ്ടപ്പെടുന്നെന്നോ ഇഷ്ടപ്പെടാതിരിക്കുന്നെന്നോ നോക്കാതെ അതിനു മനസ്സില്ലാത്തപ്പോഴും അതിനെ ആത്മാവിനു കീഴ്പ്പെടുത്തുവാൻ പരിശ്രമിക്കയും ചെയ്യേണ്ടതാണ്.

വിശിഷ്യ, ശരീരം സകല കായ്ത്തിനും തയാറായിരിക്കുന്നു. അല്പംകൊണ്ടു തൃപ്തിയായിരിക്കാനും സാധാരണമായതിൽ സന്തോഷിക്കാനും യാതൊരു അസൌഖ്യത്തെക്കുറിച്ചും പിറുപിറുക്കാതിരിക്കാനും പഠിക്കുന്നതുവരെ അതിനെ ശിക്ഷിച്ച് അടിമപ്പെടുത്തണം.

12-ാം അധ്യായം

ക്ഷമ അഭ്യസിക്കണം

ശിഷ്യൻ- ദൈവമായ തിരുനാഥാ, എനിക്കു ക്ഷമ വളരെ ആവശ്യമാണെന്നു ഞാൻ കാണുന്നു. എന്തെന്നാൽ ഈ ജീവിതത്തിൽ അനേകം അനർത്ഥങ്ങൾ നേരിടുന്നു. എന്റെ സമാധാനത്തിനായി ഞാൻ എന്തെല്ലാം ചെയ്യാലും എന്റെ ജീവിതം യുദ്ധവും സങ്കടവുമില്ലാത്തതാകാൻ വയ്യാ.

മിശിഹാ- 2. മകനേ, അതു ശരിയാണ്. എന്നാൽ പ്രലോഭനങ്ങളില്ലാത്തതോ അനർത്ഥങ്ങൾ നേരിടാത്തതോ ആയ സമാധാനം നീ അന്വേഷിക്കരുതെന്നാണു എന്റെ ആഗ്രഹം. നീ പലവിധ അനർത്ഥങ്ങൾ സഹിക്കയും പല വിപത്തുകൾ നിന്നെ പരിശോധിക്കയും ചെയ്യുമ്പോൾ, ആപ്പോഴും നിനക്കു സമാധാനം കിട്ടിയിരിക്കുന്നു എന്നു വിചാരിച്ചുകൊള്ളുക.

നിനക്കധികം സഹിക്കാൻ സാധിക്കയില്ലെന്നു നീ പറയുന്നെങ്കിൽ, ശുദ്ധീകരണസ്ഥലത്തെ അഗ്നി നീ എങ്ങനെ സഹിക്കും?

രണ്ടു തിന്മകളിൽവെച്ചു കുറഞ്ഞതിനെ വേണം ഏപ്പോഴും തെരിഞ്ഞെടുക്കാൻ.

ആകയാൽ വരാനിരിക്കുന്ന നിത്യശിക്ഷയിൽനിന്നു രക്ഷപെടാൻ താൽക്കാലിക തിന്മകളെ ദൈവത്തെപ്രതി ക്ഷമാപൂർവ്വം സഹിക്കാൻ ശ്രമിക്കുക.

പ്രാപഞ്ചികന്മാർ ഒട്ടും സഹിക്കുന്നില്ല. അഥവാ കുറച്ചുമാത്രമേ സഹിക്കുന്നുള്ളൂ എന്നാണോ നീ വിചാരിക്കുന്നത്? ഏറ്റവും സുഖമായി ജീവിക്കുന്നവരുടെപോലും അനുഭവം ഇങ്ങനെയല്ലെന്നു അന്വേഷിക്കുമ്പോൾ നിനക്കു മനസ്സിലാകും.

3. പക്ഷേ, അവർക്കു പല സന്തോഷങ്ങൾ ഉണ്ട്, അവർ അവരുടെ ഇഷ്ടാനുസരണം ജീവിക്കുന്നു. ആകയാൽ അവരുടെ കഷ്ടതകളെ അവർ ഗണിക്കുന്നില്ല എന്നു നീ പറയും.

4. അങ്ങനെ ആണെന്നു വെയ്ക്കുക, അവർക്കു ഇഷ്ടമുള്ളതെല്ലാം ഉണ്ടായിരിക്കട്ടെ. പക്ഷേ അതെത്ര നാളത്തേക്കാണെന്നാണു നീ വിചാരിക്കുന്നത്?

കണ്ടാലും, ഈ ലോകത്തിൽ ധനസമൃദ്ധിയുള്ളവർ പുകപോലെ ക്ഷയിച്ചുപോകും, കഴിഞ്ഞുപോയ അവരുടെ സന്തോഷങ്ങളുടെ ഓർമ്മപോലും ഉണ്ടാകയില്ല.

എന്നാൽ അവർ ജീവിച്ചിരുന്നപ്പോൾ തന്നെയും കയ്പും മടുപ്പും ഭയവും കൂടാ

തെ അല്ല അവർ അവയിൽ ആശ്വസിച്ചിരുന്നത്.

എന്തുകൊണ്ടെന്നാൽ അവക്ക് ഏതു സംഗതികൾ ആനന്ദപ്രദങ്ങളായിരുന്നോ അവയിൽനിന്നുതന്നേ അവർക്കു പലപ്പോഴും ദുഃഖം ഉണ്ടായി അവർ പീഡയനുഭവിച്ചിരുന്നു.

അവക്കു ന്യായപൂർവ്വം അങ്ങനെ സംഭവിച്ചു; അവർ സന്തോഷങ്ങളെ ക്രമമില്ലാതെ അന്വേഷിച്ചു അവയുടെ പുറകേ പോയതിനാൽ ലജ്ജയും കയ്പും കൂടാതെ അവയെ അനുഭവിച്ചിരുന്നില്ല.

ഓ! എത്ര വേഗം കഴിഞ്ഞുപോകുന്നവയും ചതിവുചെയ്യുന്നവയും ക്രമംകെട്ടവയും ലജ്ജാവഹങ്ങളുമാണു ഇവയെല്ലാം!

എന്നു വരികിലും സുഖസന്തോഷലഹരിയാലും, അന്ധതയാലും അവർ ഇതറിയുന്നില്ല; മിണ്ടാപ്രാണികളെപ്പോലെ നശിച്ചുപോകുന്ന ജീവിതത്തിലെ അല്പസന്തോഷത്തെപ്രതി അവർ ആത്മാവിന്റെ മരണത്തിനിടയാക്കുന്നു.

ആകയാൽ മകനേ, നീ നിന്റെ ദുർമ്മോഹങ്ങളുടെ പുറകേ പോകാതെ നിന്റെ മനസ്സിൽനിന്നു അവയെ അകറ്റിക്കളക.

തിരുനാഥനിൽ ആനന്ദിക്കുക; താൻ നിന്റെ ഹൃദയത്തിന്റെ ആഗ്രഹങ്ങളെ നിനക്കു സാധിച്ചുതരും.

5. എന്തുകൊണ്ടെന്നാൽ നിനക്കു യഥാർത്ഥത്തിൽ ആനന്ദിക്കണമെന്നും എന്നിൽ നിന്നു ധാരാളമായ ആശ്വാസം പ്രാപിക്കണമെന്നും ആഗ്രഹമുണ്ടെങ്കിൽ ഇതാ, ലൌകികങ്ങളായ സകലവും വെറുത്ത് നീചമായ എല്ലാ സന്തോഷങ്ങളെയും തൃജിക്കുന്നെങ്കിൽ നിനക്കു ആശീർവ്വാദം ലഭിക്കും, ധാരാളമായ ആശ്വാസം നിനക്കു കിട്ടുകയും ചെയ്യും.

സൃഷ്ടികളുടെയെല്ലാം ആശ്വാസത്തിൽ നിന്നു നീ എത്രയധികം പിൻമാറുന്നോ അത്രയധികം മാധുര്യവും ശക്തിയുമേറിയ ആശ്വാസങ്ങൾ എന്നിൽ കാണും.

പക്ഷേ, ആദ്യമായി ദുഃഖവും സമരത്തിന്റെ അദ്ധ്വാനവുംകൂടാതെ ഇവ നിനക്കു പ്രാപിപ്പാൻ കഴികയില്ല.

നിന്റെ പഴയ ശീലങ്ങൾ നിന്നോടു എതിർക്കും. എന്നാൽ നല്ല ശീലങ്ങളാൽ അവയെ നീ ജയിക്കണം.

ശരീരം പിറുപിറുക്കും, എന്നാൽ ആത്മാവിന്റെ ശുഷ്ക്കാന്തിയാൽ അതിനെ കീഴടക്കണം.

പഴയസഭ്യം നിന്നെ പരീക്ഷിക്കയും അസഹ്യപ്പെടുത്തുകയും ചെയ്യും. എന്നാൽ പ്രാർത്ഥനയാൽ അതിനെ ഓടിക്കണം. വിശിഷ്യ പ്രയോജനകരമായ അദ്ധ്യാനം വഴിയായി അവന്റെ പ്രവേശനത്തെ തടയുകയും ചെയ്യണം.

13-ാം അധ്യായം

അനുസരണം

മിശിഹാ- മകനേ, അനുസരണത്തിൽ നിന്നു പിൻവലിയുന്നതിനു ശ്രമിക്കുന്നവൻ ദൈവാനുഗ്രഹത്തിൽനിന്നു ഒഴിഞ്ഞുമാറുകയാണു ചെയ്യുന്നത്. സ്വന്തമായവ അന്വേഷിക്കുന്നവരും പൊതുവായവ നഷ്ടപ്പെടുന്നു.

ഒരുത്തൻ സന്തോഷത്തോടും നല്ല മനസ്സോടും തന്റെ മേലാവിനെ അനുസരിക്കാതിരുന്നാൽ അത് അവന്റെ ജഡം ഇതേവരെ മുണ്ണുമായി അവനെ അനുസരിക്കുന്നില്ലെന്നും പ്രത്യുത അതു പലപ്പോഴും എതിർത്തു ആവലാതിപ്പെടുന്നെന്നും ഉള്ളതിന്റെ അടയാളമാകുന്നു.

അതുകയാൽ നിന്റെ ജഡത്തെ നിനക്കു കീഴ്പ്പെടുത്താനാഗ്രഹമുണ്ടെങ്കിൽ നി

ന്റെ മേലാവിന്റെ വേഗം കീഴ്പ്പെട്ടുവാൻ പഠിച്ചുകൊള്ളുക.

എന്തുകൊണ്ടെന്നാൽ ആഭ്യന്തരമനുഷ്യനു നാശം നേരിട്ടില്ലെങ്കിൽ പുറമേനിന്നുള്ള ശത്രുവിനെ വേഗം തോല്പിക്കാം.

നീ നിന്റെ ആത്മാവുമായി നല്ലപോലെ യോജിക്കാത്തപ്പോൾ നീന്നെക്കാൾ ഉപദ്രവകാരിയോ വഷളനോ ആയ ശത്രു നിന്റെ ആത്മാവിനില്ല.

മാംസത്തെയും രക്തത്തെയും ജയിക്കണമെന്നു നിനക്കാഗ്രഹമുണ്ടെങ്കിൽ നീ നിന്നെത്തന്നേ യഥാർത്ഥമായി വെറുക്കുവാൻ പരിപൂർണ്ണമായി ശ്രമിക്കണം.

നീ ഇപ്പൊഴും നിന്നെത്തന്നേ ക്രമമില്ലാതെ സ്നേഹിക്കുന്നതുകൊണ്ടാണു മറ്റുള്ളവരുടെ മനസ്സിനു നിന്നെത്തന്നേ മുഴുവനായി കീഴ്പ്പെടുത്തുവാൻ ഭയപ്പെടുന്നത്.

2. ഇല്ലായ്മയിൽനിന്നു എല്ലാം സൃഷ്ടിച്ച സർവ്വശക്തനും അത്യന്നതനുമായ ഞാൻ നിനക്കുവേണ്ടി എന്നെത്തന്നേ മനുഷ്യനു വിനയപൂർവ്വം കീഴ്പ്പെടുത്തിയിരിക്കയിൽ ധൂളിയും ഇല്ലായ്മയുമായ നീ ദൈവത്തെപ്രതി നിന്നെത്തന്നേ മനുഷ്യനു കീഴ്പ്പെടുത്തുന്നതു വലിയ കാര്യമാണോ?

എന്റെ വിനയത്താൽ നിന്റെ അ

ഹങ്കാരത്തെ ജയിക്കുന്നതിനായി ഞാൻ എ
ല്ലാവരിലും വിനീതനും താണവനും ആയി.

ഹേ! ധൂളി, അനുസരിക്കുവാൻ പഠി
ക്കുക; മണ്ണും ചെളിയുമായവനേ, നിന്നെ
ത്തന്നേ എളിമപ്പെടുത്തി എല്ലാവരുടെയും
പാദങ്ങളിൽ കുമ്പിടുന്നതിനും പഠിക്കുക.

നിന്റെ ഇഷ്ടങ്ങളെ അമർത്തി പരിപൂ
ർണ്ണമായ അനുസരണത്തിൽ വർത്തിക്ക.

3. നിന്നോടുതന്നേ നീ കോപിക്കുക;
അഹങ്കാരം നിന്നിൽ വളരാൻ സമ്മതിക്കരുത്. എല്ലാവർക്കും നിന്റെ മീതേ ചവിട്ടി
നടക്കുന്നതിനും തെരുവുകളിലെ ചെളിപോ
ലെ നിന്നെ ചവിട്ടി മെതിക്കുന്നതിനും കഴി
യത്തക്കവണ്ണം നീ അത്ര അനുസരണമുള്ള
വനും ചെറിയവനുമായിത്തീരുക.

കഥയില്ലാത്ത മനുഷ്യാ, നിനക്ക് ആ
വലാതിപ്പെടാൻ എന്താണുള്ളത്?

നീചനായ പാപീ, ദൈവത്തെ ഇ
ത്രയേറെ പ്രാവശ്യം ഉപദ്രവിക്കയും പല
പ്രാവശ്യം നരകത്തിനു യോഗ്യനാകയും
ചെയ്തു നിനക്കു നിന്നെ നിന്ദിക്കുന്നവരോടു
എന്തുപറയുവാൻ കഴിയും? എന്നാൽ നിന്റെ
ആത്മാവു എന്റെ ദൃഷ്ടിയിൽ വിലയേറിയ
തായിരുന്നതിനാൽ എന്റെ കടാക്ഷം നിന്നെ

രക്ഷിച്ചു. ഇതു എന്റെ സ്നേഹം അറിഞ്ഞു എപ്പോഴും എന്റെ ഉപകാരങ്ങളെക്കുറിച്ചു നീ നന്ദിയുള്ളവനായിരിക്കുന്നതിനും, യഥാർത്ഥമായ കീഴ്വഴക്കവും എളിമയും നിരന്തരമായി അഭ്യസിച്ചു ക്ഷമാപൂർവ്വം നിനക്കു നേരിടുന്ന അവമാനങ്ങളെ നീ സഹിക്കുന്നതിനുമായിട്ടാണ്.

14-ാം അധ്യായം

ദൈവത്തിന്റെ രഹസ്യവിധികളും

ശിഷ്യൻ— 1. തിരുനാഥാ, നിന്റെ വിധികൾ എന്റെ തലയ്ക്കുമീതേ ഇടിവെട്ടുപോലെ മുഴങ്ങുകയും എന്റെ അസ്ഥികളെ എല്ലാം ഭയവും വിറയലുംകൊണ്ടു കുലുക്കുകയും ചെയ്യുന്നു; എന്റെ ആത്മാവു വളരെ ഭയപ്പെട്ടുകയും ചെയ്യുന്നു.

ഞാൻ വിസ്മയഭരിതനായി! നിന്റെ ദൃഷ്ടിയിൽ ആകാശങ്ങൾ പരിശുദ്ധമല്ലെന്നു ചിന്തിക്കുന്നു.

നീ മാലാകാമാരിൽ പാപം കണ്ടു. എന്നാൽ അവരോടു ക്ഷമിച്ചില്ല. ഇങ്ങനെയെങ്കിൽ എനിക്കു എന്തു സംഭവിക്കാനിരിക്കുന്നു?

ആകാശത്തുനിന്നു നക്ഷത്രങ്ങൾ വീണുപോയിരിക്കുന്നെങ്കിൽ പൊടിയായ ഞാൻ എങ്ങനെ ധൈര്യപ്പെടും?

പ്രശംസായോഗ്യമെന്നു തോന്നിയിരുന്ന പ്രവൃത്തികൾ ചെയ്യുവർ വലിയ ആഴത്തിലേയ്ക്കു വീണുപോയിരിക്കുന്നു. മാലാകാമാരുടെ അപ്പം ഭക്ഷിച്ചിരുന്നവർ പന്നികളുടെ തീറ്റിതിന്നു തൃപ്തിപ്പെടുന്നതും ഞാൻ കണ്ടു.

2. ആകയാൽ തിരുനാഥാ, നിന്റെ തൃക്കൈ പിൻവലിച്ചാൽ യാതൊരു വിശ്വാസിയുമില്ല.

നീ ഭരണം നിറുത്തിവെച്ചാൽ യാതൊരറിവുകൊണ്ടും പ്രയോജനമില്ല.

നീ ഞങ്ങളെ താങ്ങാതെയിരുന്നാൽ ബലമൊന്നും ഫലിക്കയില്ല.

നീ സംരക്ഷിച്ചില്ലെങ്കിൽ വിരക്തി ഭദ്രമല്ല.

നിന്റെ പരിശുദ്ധമായ പരിപാലനമില്ലെങ്കിൽ ഞങ്ങളുടെ സ്വന്തം സൂക്ഷ്മം ഉപകാരപ്രദമാകയില്ല.

എന്തുകൊണ്ടെന്നാൽ ഞങ്ങളെ തനിയേവിട്ടാൽ ഞങ്ങൾ മുങ്ങിനശിക്കും; നീ ഞങ്ങളെ സന്ദർശിച്ചാൽ ഞങ്ങൾ വരികയും ജീവിക്കയും ചെയ്യും.

ഞങ്ങൾ സ്ഥിരതയില്ലാത്തവരാണല്ലോ. എന്നാൽ നീ ഞങ്ങളെ സ്ഥിരതയുള്ളവരാ

ക്കുന്നു, ഞങ്ങൾ അലസരാണ്, എന്നാൽ നീ ഞങ്ങളെ ശ്രുഷ്ക്കാന്തിപ്പെടുത്തുന്നു.

3. ഹാ, എന്നെക്കുറിച്ചു എത്ര വിനീതമായും താണരീതിയിലുമാണു ഞാൻ വിചാരിക്കേണ്ടത്! എനിക്കു വല്ല നന്മയും ഉള്ളതായി തോന്നിയാൽപോലും അതിനെ എത്ര നിസ്സാരമായി ഗണിക്കണം.

തിരുനാഥാ, നിന്റെ അത്യഗാധമായ വിധികളുടെ കീഴെ എത്ര ആഴത്തിൽ എന്നെ ഞാൻ താഴ്ത്തുണ്ടിയിരിക്കുന്നു! അവിടെ ഞാൻ വെറും ഇല്ലായ്മ, അതെ വെറും ഇല്ലായ്മയല്ലാതെ മറ്റൊന്നുമല്ല എന്നു ഞാൻ മനസ്സിലാക്കുന്നു.

ഓ! അളവില്ലാത്ത ഭാരമേ, ഓ അപാരമായ സമുദ്രമേ, അവിടെ എന്റേതായി വെറും ഇല്ലായ്മയല്ലാതെ ഒന്നും ഞാൻ കാണുന്നില്ല.

ആ സ്ഥിതിക്ക് ആത്മപ്രശംസയ്ക്ക് ഒളിച്ചിരിക്കാൻ സ്ഥലം എവിടെ? എന്റെ പുണ്യത്തെപ്പറ്റി ചിന്തിച്ചുണ്ടാകുന്ന വിശ്വാസം എവിടെ?

എല്ലാ വ്യർത്ഥാഭിമാനവും എന്നെപ്പറ്റിയുള്ള നിന്റെ വിധിയുടെ ആഴത്തിൽ മുങ്ങിപ്പോയിരിക്കുന്നു.

4. സകല ജഡവും നിന്റെ ദൃഷ്ടിയിൽ എന്ത്?

കളിമണ്ണു തന്നെ മനയുന്നവനു എതിരായി ആത്മപ്രശംസ ചെയ്യുമോ?

സത്യമായി ദൈവത്തിനു കീഴ്പ്പെട്ടവന്റെ ഹൃദയം വ്യർത്ഥസംഭാഷണത്താൽ എങ്ങനെ അഹങ്കരിക്കും?

എന്തെന്നാൽ സത്യം തനിക്കു കീഴ്പ്പെടുത്തിയിരിക്കുന്നവനെ ലോകം മുഴുവൻകൂടിയാലും അഹങ്കരിപ്പിക്കാൻ സാധിക്കയില്ല.

തന്റെ ശരണം മുഴുവൻ ദൈവത്തിൽ ഉറപ്പായി വെച്ചിരിക്കുന്നവനെ ഇളക്കുവാൻ എല്ലാ പ്രശംസകന്മാരുടെ വാക്കുകൾക്കും സാധിക്കയില്ല.

കണ്ടാലും ഈ സംസാരിക്കുന്ന എല്ലാവരുംതന്നെയും ഇല്ലായ്മയല്ലയോ; അവരുടെ വാക്കുകളുടെ സ്വരത്തോടുകൂടെ അവരും ലയിച്ചുപോകും; എന്നാൽ തിരുനാഥന്റെ സത്യം എന്നേയ്ക്കും നിലനിൽക്കുന്നു.

15-ാം അധ്യായം

ആഗ്രഹിക്കത്തക്ക കാര്യങ്ങൾ

മിശിഹാ- മകനേ, എല്ലാക്കാര്യങ്ങളിലും ഇപ്രകാരം പഠിയുക: തിരുനാഥാ,

നിനക്ക് ഇഷ്ടമെങ്കിൽ ഇത് ഇങ്ങനെ സംഭവിക്കട്ടെ.

തിരുനാഥാ, നിന്റെ മഹിമയ്ക്കുവേണ്ടിയാണെങ്കിൽ നിന്റെ നാമത്തിൽ ഇതു ഞങ്ങൾ ചെയ്യട്ടെ.

തിരുനാഥാ, ഇതെനിക്കു യുക്തമാണെന്നു കാണുകയും ഹൃദ്യകരമാണെന്നു നീ അംഗീകരിക്കയും ചെയ്യുന്നെങ്കിൽ ഇതു നിന്റെ മഹിമയ്ക്കായി ഉപയോഗിപ്പാൻ എനിക്കു കൃപചെയ്യുക.

എന്നാൽ ഇതു എനിക്ക് ദോഷകരമായിരിക്കുമെന്നും എന്റെ ആത്മരക്ഷയ്ക്കു ഉപകരിക്കയില്ലെന്നും നീ അറിയുന്നെങ്കിൽ ഇതിനായുള്ള ആഗ്രഹം എന്നിൽനിന്നു നീക്കിക്കളയണമേ.

എന്തുകൊണ്ടെന്നാൽ എല്ലാ ആഗ്രഹങ്ങളും, അവ നല്ലതും ശരിയായതും എന്നു മനുഷ്യനു തോന്നിയാലും, പരിശുദ്ധാത്മാവിൽനിന്നല്ല.

ഒന്നല്ലെങ്കിൽ മറ്റൊന്നു ആഗ്രഹിക്കാൻ നിന്നെ പ്രേരിപ്പിക്കുന്നത് നല്ല ആത്മാവൊ ദുഷ്ടാത്മാവൊ എന്നും അതല്ല നിന്റെ സ്വന്തം ആഗ്രഹമാണോ അതിലേയ്ക്കു നിന്നെ പ്രേരിപ്പിക്കുന്നതെന്നും യഥാർത്ഥമായി വിധിക്കുക അത്ര എളുപ്പമല്ല.

നല്ല ആത്മാവിന്റെ പ്രേരണയാൽ പ്രവർത്തിച്ചിരുന്നെന്നു ആദ്യം വിചാരിച്ചിരുന്ന പലരും അവസാനത്തിൽ വഞ്ചനയിൽ അകപ്പെട്ടുപോയി.

2. ആകയാൽ എപ്പോഴും ദൈവഭയത്തോടും ഹൃദയത്തിൽ എളിമയോടും മനസ്സിനു ആഗ്രഹിക്കത്തക്കതായി തോന്നുന്നതിനെ ആഗ്രഹിക്കയും, അതിനായി അപേക്ഷിക്കയും വേണം.

എന്നാൽ സർവ്വോപരി സ്വയം പരിത്യജിച്ചു സകലവും എന്നെ ഭരമേല്പിച്ചിട്ടു ഇങ്ങനെ പറയണം:

തിരുനാഥാ, ഏറ്റവും നല്ലതു എന്താണെന്നു നിനക്കറിയാമല്ലോ. ഇതല്ലെങ്കിൽ അതു നിന്റെ ഇഷ്ടംപോലെ സംഭവിക്കട്ടെ.

നിനക്കു ഇഷ്ടമുള്ളതും ഇഷ്ടമുള്ളിടത്തോളവും ഇഷ്ടമുള്ളപ്പോഴും തന്നരുളുക. നിനക്കറിയാവുന്നതുപോലെയും നിനക്കധികം ഇഷ്ടമായതുപോലെയും നിന്റെ അധികമഹിമയനുസരിച്ചും എന്നോടു പ്രവർത്തിക്ക.

നിനക്കിഷ്ടമുള്ളടത്തു് എന്നെയാക്കി എല്ലാക്കാര്യങ്ങളിലും ഇഷ്ടംപോലെ എന്നോടു പെരുമാറുക.

ഞാൻ നിന്റെ തൃക്കൈയിലാണു്; നീ

നിശ്ചയിക്കുന്നതുപോലെ എന്നെ എങ്ങോട്ടെങ്കിലും തിരിച്ചുവിടുക.

ഇതാ ഞാൻ നിന്റെ ദാസനാണ്; എല്ലാറ്റിനും തയാറുമാണ്; ഞാൻ എനിക്കായിട്ടല്ല, നിനക്കായിട്ട് ജീവിക്കാനാഗ്രഹിക്കുന്നു; യോഗ്യമായും പരിപൂർണ്ണമായും നിനക്കുവേണ്ടി ജീവിക്കാൻ കഴിഞ്ഞെങ്കിൽ!

ദൈവഹിതം അനുവർത്തിക്കാനുള്ള പ്രാർത്ഥന

3. ഏറ്റവും കരുണയുള്ള ഈശോ, എനിക്കു നിന്റെ കൃപതരിക. അതു എന്റെകൂടെ ഉണ്ടായിരുന്ന് എന്നോടുകൂടെ പ്രയത്നിക്കട്ടെ: എന്നോടുകൂടെ അവസാനംവരെ നിലനില്ക്കയും ചെയ്യട്ടെ.

നിനക്ക് അധികം ഇഷ്ടമായതും ഏറ്റവും പ്രിയമായതും എന്തോ അതു സദാ ആഗ്രഹിക്കാനും അതിൽ മനസ്സുവെയ്ക്കാനും എനിക്കു കൃപചെയ്യുക.

നിന്റെ തിരുമനസ്സു എന്റെ മനസ്സായിരിക്കട്ടെ, എന്റെ മനസ്സ് എപ്പോഴും നിന്റെ തിരുമനസ്സിനെ പിൻചെന്നു ഏറ്റവും നന്നായി അതിനോടു യോജിച്ചിരിക്കയും ചെയ്യട്ടെ.

നീ വേണമെന്നും വേണ്ടാ എന്നും വെ യ്ക്കുന്നതുപോലെ ഞാനും ചെയ്യട്ടെ; നീ വേ ണമെന്നോ വേണ്ടെന്നോ വയ്ക്കുന്നതല്ലാതെ മറെറാന്നും ഞാൻ വേണമെന്നോ വേണ്ടെ ന്നോ വയ്ക്കാൻ എനിക്കു കഴിയാതെയുമിരി ക്കട്ടെ.

ലോകത്തിലുള്ളതെല്ലാം വിട്ട് ഞാൻ മരിക്കാനും നിന്നെപ്രതി ഈ ഭൂമിയിൽ നി ന്നുകൾ അനുഭവിച്ച് ഒരുത്തനും അറിയാ ത്തവനായി ജീവിക്കുവാനും കൃപചെയ്ക.

ആഗ്രഹിക്കത്തക്ക സകലത്തിനും ഉപ രിയായി നിന്നിൽ സമാധാനം പ്രാപി ക്കാനും കൃപചെയ്ക.

നീ ഹൃദയത്തിന്റെ യഥാർത്ഥസമാധാ നവും ഏകാശ്വാസവും ആകുന്നു. നിനക്കു പുറമേ എല്ലാം വിഷമവും അസ്വസ്ഥവു മാണ്.

ഈ സമാധാനത്തിൽ, അതേ ഇതിൽ ത്തന്നേ— ഏകവും അത്യുന്നതവുമായ ഈ നിത്യനന്മയിൽ— ഞാൻ ഉറങ്ങി ആശ്വ സിക്കും. ആമ്മേൻ.

16-ാം അധ്യായം

യഥാർത്ഥമായ ആശ്വാസം ദൈവത്തിൽമാത്രം

ശിഷ്യൻ— എന്റെ ആശ്വാസത്തിനായി ഞാൻ ആഗ്രഹിക്കയോ ആലോചിക്കയോ ചെയ്യാൻ കഴിയുന്നതൊക്കെയും ഞാൻ പ്രതീക്ഷിക്കുന്നതു ഇപ്പോഴല്ല ഇനി മേലാണ്.

ലോകത്തിലെ ആശ്വാസങ്ങളെല്ലാം എനിക്കു മാത്രമുണ്ടായിരിക്കയും എല്ലാ സന്തോഷങ്ങളും അനുഭവിക്കാൻ എനിക്കു സാധിക്കയും ചെയ്താലും അവസ്സു് അധികനാൾ നിലനില്ക്കാൻ സാധിക്കയില്ലെന്നുള്ളതു നിശ്ചയമാണ്.

ആകയാൽ എന്റെ ആത്മാവേ, ദരിദ്രരെ ആശ്വസിപ്പിക്കുന്നവനും എളിയവരെ സ്വീകരിക്കുന്നവനുമായ ദൈവത്തിലല്ലാതെ മുഴുവനായ ആശ്വാസം പ്രാപിച്ചു പൂർണ്ണമായി സന്തോഷിക്കാൻ നിനക്കു സാധിക്കയില്ല.

എന്റെ ആത്മാവേ, സ്വല്പനേരം പാർത്തിരിക്ക; ദൈവത്തിന്റെ വാഗ്ദാനത്തെ കാത്തിരിക്ക; സ്വർഗ്ഗത്തിൽ എല്ലാ നന്മകളും ധാരാളമായി നിനക്കു കിട്ടും.

ഈ താൽക്കാലികങ്ങളായവയെ വളരെ ക്രമമല്ലാത്ത രീതിയിൽ നീ ആഗ്രഹി

ച്ചാൽ നിത്യവും സ്വർഗ്ഗീയവുമായവ നിനക്കു നഷ്ടപ്പെട്ടും.

താൽക്കാലികമായവ ഉപയോഗിക്കയും നിത്യമായവയെ ആഗ്രഹിക്കയും ചെയ്ക.

ലൗകികമായ യാതൊരു നന്മകളും നിന്നെ തൃപ്തനാക്കുകയില്ല. ഇവയെ അനുഭവിക്കാനല്ല നിന്നെ സൃഷ്ടിച്ചിരിക്കുന്നത്.

2. സൃഷ്ടിച്ച വസ്തുക്കളെല്ലാംതന്നേ നിനക്കുണ്ടായിരുന്നാലും നീ ഭാഗ്യവാനും സന്തുഷ്ടനും ആകയില്ല. പ്രത്യുത, എല്ലാം സൃഷ്ടിച്ച ദൈവത്തിലാണ് നിന്റെ സമസ്ത ഭാഗ്യവും ആനന്ദവും അടങ്ങിയിരിക്കുന്നത്.

ലോകത്തെ സ്നേഹിക്കുന്ന മടയന്മാർ കാണുകയോ പ്രശംസിക്കയോ ചെയ്യുന്നതരത്തിലുള്ളതല്ല, പിന്നെയോ അത് മിശിഹായുടെ വിശ്വസ്തരായവർ പ്രതീക്ഷിക്കയും, അവരുടെ സംസർഗ്ഗം സ്വർഗ്ഗത്തിലാണെന്നു ആരെക്കുറിച്ചു പറയുന്നുവോ ആ ഭക്തരും ഹൃദയപരിശുദ്ധരുമായവർ ചില പ്പോഴെല്ലാം മുൻകൂട്ടി ആസ്വദിക്കയും ചെയ്യുന്ന വിധത്തിലുള്ളതാകുന്നു.

മനുഷ്യാശ്വാസങ്ങളെല്ലാം വ്യർത്ഥവും ചുരുങ്ങിയതുമാകുന്നു.

സത്യത്തിൽനിന്നു ആന്തരികമായി അനു

ഭവിപ്പെട്ടുന്ന ആശ്വാസം ഭാഗ്യമുള്ളതും യഥാർത്ഥവുമാകുന്നു.

ഒരു ഭക്തനായ മനുഷ്യൻ എല്ലായിടത്തും തന്റെ ആശ്വാസദാതാവായ ഈശോയെ കൂടെക്കൊണ്ടുപോയി ഇങ്ങനെ പറയുന്നു. ഈശോനാഥാ, എല്ലാ സ്ഥലത്തും സമയത്തും എന്റെകൂടെ ഉണ്ടായിരിക്കണമേ!

യാതൊരു മാനുഷികമായ സാന്ത്വനവും ഇല്ലാതിരിക്കുന്നതിനു സന്തോഷപൂർവ്വം ആഗ്രഹിക്കുക എന്ന ഈ ആശ്വാസം എനിക്കുണ്ടായിരിക്കട്ടെ.

കൂടാതെയും നിന്റെ ആശ്വാസം ഇല്ലാതെപോയാൽ നിന്റെ തിരുമനസ്സും നീതിയുള്ള പരീക്ഷണവും എല്ലാറ്റിലും ഉപരിയായ ആശ്വാസമായിരിക്കട്ടെ.

എന്തുകൊണ്ടെന്നാൽ നീ എല്ലാപ്പോഴും കോപിച്ചിരിക്കയില്ല; നീ നിത്യമായി ഭയപ്പെടുത്തുകയുമില്ല.

17-ാം അധ്യായം

ഉൽക്കണ്ഠകളെ ദൈവത്തിൽ സമർപ്പിക്കണം.

മിശിഹാ— മകനേ, എന്റെ ഇഷ്ടംപോലെ നിന്നോടു ചെയ്യാൻ സമ്മതിക്കുക; നിനക്കു ഏറ്റവും നല്ലതെന്തെന്നെനിക്കറിയാം.

നീ മനുഷ്യൻ വിചാരിക്കുന്നതുപോലെ വിചാരിക്കുന്നു; പലതിലും മനുഷ്യസ്നേഹം തോന്നിക്കുന്നതുപോലെ നീ വിധിക്കുന്നു.

ശിഷ്യൻ— തിരുനാഥാ, നീ അരുളിച്ചെയ്യുന്നതു പരമാർത്ഥമാണ്. എനിക്കു എന്നെപ്പറ്റിയുണ്ടാകാവുന്ന ശ്രദ്ധ മുഴുവനെയുംകാൾ വലുതാണു നിനക്കു എന്നെപ്പറ്റിയുള്ള ശ്രദ്ധ.

ആകയാൽ തന്റെ ചിന്താകുലത എല്ലാം നിന്നിൽ സമർപ്പിക്കാത്തവന്റെ നില വലിയ അപകടത്തിലാണ്.

തിരുനാഥാ, നിനക്കിഷ്ടമുള്ളപോലെ എന്നോടു ചെയ്തുകൊള്ളുക; എന്റെ മനസ്സു ചൊവ്വുള്ളതും നിന്നിൽ ഉറച്ചതും ആയിരുന്നാൽ മതി.

നീ എന്നോടു ചെയ്യുന്നതെല്ലാം നന്മയാകാതിരിക്കാൻ നിവൃത്തിയില്ല.

ഞാൻ ഇരുട്ടിൽ ആയിരിക്കണമെന്നു നീ തിരുമനസ്സാകുന്നെങ്കിൽ നിനക്കു സ്തുതി. എന്നാൽ ഞാൻ വെളിച്ചത്തിൽ ആയിരിക്കണമെന്നു നീ തിരുമനസ്സാകുന്നെങ്കിൽ വീണ്ടും നിനക്കു സ്തുതി ഉണ്ടായിരിക്കട്ടെ. എനിക്കു ആശ്വാസം തരുന്നെങ്കിൽ നിനക്കു സ്തുതിയായിരിക്കട്ടെ; എനിക്കു കലക്കങ്ങൾ ഉണ്ടാകണമെന്നാണു നിന്റെ തിരുമനസ്സെ

ങ്കിൽ അതുപോലെതന്നേ എപ്പോഴും നിന
ക്കു സ്തുതിയുണ്ടായിരിക്കട്ടെ.

മിശിഹാ. 2. മകനേ, എന്റെകൂടെ നടക്കണമെങ്കിൽ നീ ഇങ്ങനെ ആയിരിക്കണം.

സന്തോഷിക്കുന്നതിനു എങ്ങനെയോ സഹിക്കുന്നതിനും അങ്ങനെ ഒരുങ്ങിയിരിക്കണം. ക്ഷേമമുള്ളവനും സമ്പന്നനും ആകുന്നതുപോലെ സന്തോഷപൂർവ്വം നിർദ്ധനനും അഗതിയും ആകണം.

ശിഷ്യൻ. തിരുനാഥാ എനിക്കു നേരിടണമെന്നു നീ തിരുമനസ്സാകുന്നതെല്ലാം നിന്നെപ്രതി ഞാൻസന്തോഷപൂർവ്വംസഹിക്കാം.

നിന്റെ കൈയിൽനിന്നു നന്മയും തിന്മയും, മധുരവും കയ്പും, സന്തോഷവും സന്താപവും, ഞാൻ ഒരുപോലെ സ്വീകരിക്കയും എനിക്കു സംഭവിക്കുന്നവയെല്ലാംവേണ്ടി നിനക്കു സ്തോത്രം അർപ്പിക്കയും ചെയ്യുന്നതിനു മനസ്സാകുന്നു.

എന്നെ എല്ലാപ്രാപത്തിൽനിന്നും കാത്തുകൊള്ളണമേ. ഞാൻ മരണത്തെയോ നരകത്തെയോ ഭയപ്പെടുകയില്ല.

നീ നിത്യമായി എന്നെ തള്ളിക്കളകയോ ആയുസ്സിന്റെ പുസ്തകത്തിൽനിന്നു എന്റെ പേരു നീക്കിക്കളകയോ ചെയ്യാതിരി

കുന്നിടത്തോളംകാലം എനിക്കു ഏതെല്ലാം ഞെരുക്കങ്ങളുണ്ടായാലും അവ ഒന്നും എനിക്കു ചഞ്ചലകരമായിരിക്കയില്ല.

18-ാം അധ്യായം

മിശിഹായെപ്പോലെ താല്ക്കാലികമായ അനർത്ഥങ്ങൾ സഹിക്കണം.

മിശിഹാ. മകനേ, നിന്റെ രക്ഷയ്ക്കായി ഞാൻ സ്വർഗ്ഗത്തിൽനിന്നിറങ്ങി. ഞാൻ നിന്റെ ദുഃഖങ്ങളെ സ്വീകരിച്ചതു കടമയുണ്ടായിട്ടല്ല, സ്നേഹത്തിന്റെ ആകർഷണത്താലാണ്; നീ ക്ഷമ അഭ്യസിക്കാനും ലൌകിക ദുഃഖങ്ങൾ അതുപുറുക്കൂടാതെ സഹിക്കാനുമായിട്ടാണ്.

എന്തെന്നാൽ എന്റെ ജനനസമയം മുതൽ കുരിശിൽ ഞാൻ മരിച്ചതുവരെ ദുഃഖങ്ങൾ ഒരിക്കലും എനിക്കു ഇല്ലാതിരുന്നിട്ടില്ല. എനിക്കു ലൌകികവസ്തുക്കളുടെ പോരായ്മ വളരെയുണ്ടായിരുന്നു.

എന്നെപ്പറ്റി പല അപവാദികളും കൂടക്കൂടെ കേട്ടിരുന്നു; അപമാനങ്ങളും നിന്ദകളും ഞാൻ ശാന്തമായി സഹിച്ചു; ഉപകാരങ്ങൾക്കു പകരം നന്ദികേടും അത്ഭുത

ങ്ങൾക്കുപകരം ദൈവഭക്ഷണങ്ങളും ഉപദേശങ്ങൾക്കുപകരം ശാസനകളും എനിക്കു കിട്ടി.

ശിഷ്യൻ. 2. തിരുനാഥാ, നിന്റെ പിതാവിന്റെ കല്പന നിവൃഹിച്ചുകൊണ്ടു നിന്റെ ജീവിതകാലത്തു നീ ക്ഷമയുള്ളവനായിരുന്നതിനാൽ ഏറ്റവും ഭാഗ്യംകെട്ട പാപിയായ ഞാൻ നിന്റെ ഇഷ്ടാനുസരണം ക്ഷമയോടുവത്തിച്ചു നീ തിരുമനസ്സാകുന്നതുവരെ ഈ അഴിഞ്ഞുപോകുന്ന ജീവിതത്തിന്റെ ഭാരം എന്റെ ആത്മരക്ഷയ്ക്കായി വഹിക്കുന്നതു ഉചിതമാകുന്നു; എന്തുകൊണ്ടെന്നാൽ ഈ ജീവിതം ഭാരമുള്ളതായി തോന്നിയാലും നിന്റെ അനുഗ്രഹത്താൽ വളരെ യോഗ്യതയുള്ളതും നിന്റെ ദൃഷ്ടാന്തത്താലും പുണ്യവാന്മാരുടെ മാതൃകയാലും ബലഹീനന്മാർക്കു വഹിക്കാവുന്നതും തെളിവുള്ളതും ആയിരിക്കുന്നു.

ജീവിതമാകട്ടെ മുൻപു പഴയനിയമത്തിലായിരുന്നതിനെക്കാൾ വളരെ അധികം ആശ്വാസപ്രദമായിരിക്കുന്നു. അന്നു സ്വർഗ്ഗവാതൽ അടഞ്ഞിരുന്നു; സ്വർഗ്ഗത്തിലേയ്ക്കുള്ള വഴിയും തെളിവില്ലാത്തതായിരുന്നു; സ്വർഗ്ഗരാജ്യം അന്വേഷിക്കാൻ വളരെ ചുരുക്കം പേരുമാത്രമേ താല്പര്യപ്പെട്ടിരുന്നുള്ളു.

മാത്രമല്ല, നീതിമാന്മാക്കും രക്ഷപ്രാപിക്കാനുള്ളവക്കും നിന്റെ പീഡാനുഭവവും വിശുദ്ധമരണവുംകൊണ്ടുള്ള പരിഹാരത്തിനുമുൻപു സ്വർഗ്ഗരാജ്യത്തു പ്രവേശിക്കാനും നിവൃത്തിയില്ലായിരുന്നു.

3. നിന്റെ നിത്യരാജ്യത്തിലേയ്ക്കുള്ള ചൊവ്വായതും നല്ലതുമായ വഴി എനിക്കും സമസ്ത വിശ്വാസികൾക്കും കാണിച്ചുതരുവാൻ തിരുമനസ്സായതിനു നിനക്കു നന്ദി പറവാൻ എനിക്കു കടമയുണ്ട്.

എന്തുകൊണ്ടെന്നാൽ നിന്റെ ജീവിതം ഞങ്ങളുടെ വഴിയാകുന്നു; ഞങ്ങളുടെ കിരീടമായ നിന്റെ അടുക്കലേയ്ക്കു പരിശുദ്ധമായ ക്ഷമാശീലത്തിൽ ഞങ്ങൾ അടുക്കയും ചെയ്യും.

നീ ഞങ്ങളുടെ മുൻപേ നടന്നു ഞങ്ങളെ പഠിപ്പിച്ചില്ലായിരുന്നെങ്കിൽ ആരു പുറകേ വരുന്നതിനു ശ്രമിക്കുമായിരുന്നു?

ഇതാ! നിന്റെ ഇത്ര ഏറെ അത്ഭുതങ്ങളും ഉപദേശങ്ങളും കേട്ടിട്ടും ഞങ്ങൾ ഉദാസീനരായിരിക്കുന്നു; നിന്നെ പിൻചെല്ലുന്നതിനു ഇത്ര അധികം വെളിച്ചം ഇല്ലായിരുന്നെങ്കിൽ എന്തു സംഭവിക്കുമായിരുന്നു?

19-ാം അധ്യായം

സഹനം

മിശിഹാ. മകനേ, നീ പറയുന്നതെന്ത്? എന്നെയും മറ്റു വിശുദ്ധന്മാരുടെയും പീഡാനുഭവങ്ങളെ ചിന്തിച്ചു നീ ആവലാതി പറച്ചിൽ നിറുത്തുക.

നീ ഇന്നോളം രക്തംകൊണ്ട് എതിർത്തു നിന്നിട്ടില്ല. വളരെ കഷ്ടതകൾ സഹിക്കയും, ശക്തിയായ പ്രലോഭനങ്ങൾ അനുഭവിക്കയും ഉഗ്രമായ പീഡനങ്ങൾക്കു വിധേയരാകയും പല വിധത്തിലുള്ള പരീക്ഷകളിലും ശിക്ഷകളിലും ഉൾപ്പെട്ടുകയും ചെയ്യുവരുടെതിനോടു തുല്യപ്പെടുത്തിയാൽ നീ സഹിക്കുന്നതു വളരെ കുറച്ചു മാത്രമാണ്.

നിന്നെ തുലോം ചെറിയ ഉപദ്രവങ്ങൾ എളുപ്പത്തിൽ സഹിക്കാനായി മറ്റുള്ളവരുടെ കഠിനമായവയെ ഓർമ്മിക്കുന്നതാവശ്യമാകുന്നു.

നിന്നെ കഷ്ടതകൾ നിനക്കു ചെറിയവയായി തോന്നുന്നില്ലെങ്കിൽ നിന്നെ ക്ഷമ കേടല്ലയോ ഇതിനു കാരണമെന്നു ആലോചിക്കുക.

എന്നാൽ അവ ചെറുതായാലും വലുതാ

യാലും എല്ലാം ക്ഷമയോടെ സഹിക്കാൻ ശ്രമിക്കണം.

2. ക്ഷമിക്കുന്നതിനു എത്ര നന്നായി നിന്നെത്തന്നേ നീ ഒരുക്കമുള്ളവനാക്കുന്നോ അത്രയും ബുദ്ധിപൂർവ്വം നീ പ്രവർത്തിക്കയും അത്രയധികം സമ്മാനാർഹനാകയും ചെയ്യുന്നു; മാത്രമല്ല, ജാഗ്രതാപൂർവ്വം സഹിക്കുവാൻ മനസ്സും തഴക്കവും സന്നദ്ധമായിരിക്കയാൽ സഹനം വളരെ എളുപ്പവുമായിരിക്കും.

അത്തരത്തിലുള്ള ഒരു മനുഷ്യനിൽ നിന്നു അതു സഹിക്കാൻ എനിക്കു വയ്യാ; ഇത്തരത്തിലുള്ളവ ഞാൻ സഹിക്കേണ്ട ആവശ്യമില്ല; എന്നോട്ടു അവൻ വലിയ ദ്രോഹം ചെയ്തു. ഞാൻ ഒരിക്കലും വിചാരിക്കാത്ത കുറങ്ങൾ എന്നിൽ ആരോപിക്കുന്നു. എന്നാൽ മറ്റൊരുത്തനിൽ നിന്നാണെങ്കിൽ ഞാൻ സഹിക്കേണ്ടതാണെന്നു കാണുന്നവ ഞാൻ സന്തോഷപൂർവ്വം സഹിക്കാം, എന്നൊക്കെ നീ പറയരുത്.

ഈ വിധത്തിലുള്ള വിചാരം ബുദ്ധിഹീനമാണ്. ഇതു ക്ഷമയെന്ന പുണ്യത്തെയും അതിനു മകുടം ചൂടേണ്ട ആളിനെയും കുറിച്ചു ചിന്തിക്കാതെ, ഉപദ്രവിച്ച ആളുകളെയും ചെയ്ത ഉപദ്രവങ്ങളെയും അളന്നു തൂക്കുകയാകുന്നു.

3. തനിക്കു തോന്നുന്നിടത്തോളവും തനിക്കിഷ്ടമുള്ളവരിൽനിന്നു മാത്രമല്ലാതെയും കഷ്ടതകൾ സഹിക്കാൻ മനസ്സില്ലാത്തവൻ സാക്ഷാൽ ക്ഷമയുള്ളവനല്ല.

എന്നാൽ സാക്ഷാൽ ക്ഷമയുള്ളവൻ തനിക്കു ആരിൽനിന്നു്— തന്നെറ മേലാവിൽനിന്നോ സമന്മാരിൽനിന്നോ കീഴുള്ളവരിൽനിന്നോ, അഥവാ നല്ലവനും പരിശുദ്ധനുമായ ആളിൽനിന്നോ, ദുഷ്ടനും അയോഗ്യനുമായ മനുഷ്യനിൽനിന്നോ— വിഷമതകൾ ഉണ്ടാകുന്നു എന്നു നോക്കുന്നില്ല.

പ്രത്യുത, എത്രമാത്രമെങ്കിലും എത്ര പ്രാവശ്യമെങ്കിലും വിഷമതകൾ നേരിട്ടാലും എല്ലാ സൃഷ്ടികളെപ്പുറിയും സമചിത്തതയോടെ വിചാരിച്ചു് എല്ലാം ദൈവത്തുകൈയിൽനിന്നു നന്ദിപൂർവ്വം കൈക്കൊള്ളുകയും എല്ലാം വലിയ ലാഭമായി വിചാരിക്കയും ചെയ്യുന്നു.

എന്തുകൊണ്ടെന്നാൽ എത്ര നിസ്സാരമായാലും ദൈവത്തെപ്രതി സഹിക്കുന്നതിനു ദൈവം സമ്മാനം കൊടുക്കാതിരിക്കയില്ല.

4. ആകയാൽ വിജയം പ്രാപിക്കാനാഗ്രഹമുണ്ടെങ്കിൽ യുദ്ധത്തിനൊരുങ്ങിക്കൊള്ളുക.

യുദ്ധംക്കൂടാതെ ക്ഷമയുടെ കിരീടം കിട്ടുകയില്ല.

സഹിക്കാൻ നിനക്കു മനസ്സില്ലെങ്കിൽ നീ കിരീടം നിഷേധിക്കയാണ്. എന്നാൽ കിരീടം പ്രാപിക്കാനാഗ്രഹിക്കുന്നെങ്കിൽ ധൈര്യപൂർവ്വം യുദ്ധം ചെയ്യുക. ക്ഷമാപൂർവ്വം സഹിക്കയും ചെയ്ക.

പ്രയത്നംക്കൂടാതെ ആശ്വാസം പ്രാപിക്കയില്ല; സമരംക്കൂടാതെ വിജയവും സാദ്ധ്യമല്ല.

ശിഷ്യൻ. 5. തിരുനാഥാ, പ്രകൃത്യാ എനിക്കു അസാദ്ധ്യമെന്നു തോന്നുന്നത് വരപ്രസാദത്താൽ എനിക്കു സാദ്ധ്യമാകുവാൻ കൃപചെയ്യണമേ.

എനിക്കല്പം മാത്രമേ സഹിക്കാൻ കഴിയൂ എന്നും എതിരായി എന്തെങ്കിലും ഉണ്ടാകുമ്പോൾ എന്റെ ധൈര്യം കെട്ടുപോകുന്നെന്നും നീ അറിയുന്നല്ലോ.

നിന്റെ തിരുനാമത്തെപ്രതി എന്തെങ്കിലും കഷ്ടതകൾ സഹിക്കുന്നതു എനിക്കു പ്രിയംകരവും അഭിലഷണീയവും ആക്കുക. എന്തുകൊണ്ടെന്നാൽ നിനക്കുവേണ്ടി സഹിക്കുന്നതും കഷ്ടതയനുഭവിക്കുന്നതും എന്റെ ആത്മാവിനു വളരെ രക്ഷാകരമാകുന്നു.

20-ാം അധ്യായം

ഈ ജീവിതത്തിലെ അവശതകൾ.

ശിഷ്യൻ. എനിക്കു വിരോധമായി എ ന്റെ അനീതി ഞാൻ ഏറ്റു പറയും. തിരു നാഥാ, എന്റെ ബലഹീനത നിന്നോടു ഞാൻ ഏറ്റുപറയും.

പലപ്പോഴും എന്നെ നിരാശപ്പെടുത്തി ദുഃഖിപ്പിക്കുന്നതു ചെറുതായ ഒരു സംഗതി യാണ്.

ഞാൻ ധൈര്യപൂർവ്വം പ്രവർത്തിക്കുമെ ന്നു നിശ്ചയംചെയ്യുന്നു; എന്നാൽ അല്പമായ പരീക്ഷ വരുന്ന സമയം എനിക്കു വലിയ വിഷമമുണ്ടാകുന്നു.

പലപ്പോഴും വലിയ പരീക്ഷ ഉണ്ടാകു ന്നതു വളരെ നിസ്സാരമായ സംഗതിയിൽ നിന്നാണു്.

ഞാൻ ഒരുവിധം അപകടമില്ലാതെയി രിക്കുന്നു എന്നു വിചാരിക്കുന്ന സമയം നിന ച്ചിരിയാതെതന്നേ അല്പമായ ഒരു കാറ്റടി കൊണ്ടു ഞാൻ മിക്കവാറും തോൽവി പറ്റി യതായി കാണുന്നു.

2. ആകയാൽ തിരുനാഥാ, എന്റെ ഹീനതയും എല്ലാപ്രകാരത്തിലും നിനക്കു

അറിയാവുന്ന എന്റെ ബലഹീനതയും നീ കടാക്ഷിക്കണമേ.

എന്നോടു കൃപതോന്നി ചെളിയിൽനിന്നും എന്നെ വലിച്ചുകയറണമെ. അല്ലെങ്കിൽ ഞാൻ അതിൽ താണുപോകും; ഞാൻ എന്നേയ്ക്കും നിരാശനായി അവിടെ കിടന്നുപോകയും ചെയ്യും.

എന്നെ ക്രൂടക്കൂടെ പുറകോട്ടു ഓടിച്ചു നിന്റെ സന്നിധിയിൽ എന്നെ ലജ്ജിപ്പിക്കുന്നതു ഞാൻ ഇത്ര എളുപ്പം വീഴുന്നവനും വികാരങ്ങളെ എതിർക്കുന്നതിൽ ഇത്ര ബലഹീനനും ആണല്ലോ എന്നതാണ്.

ഞാൻ അവയ്ക്കു മുഴുവനായി സമ്മതിക്കുന്നില്ലെങ്കിലും അവയുടെ ആക്രമണങ്ങൾ എനിക്കു ഉപദ്രവകരവും വിഷമവുമത്രേ. ഇപ്രകാരം ദിനംപ്രതി സമരത്തിലേർപ്പെട്ടു ജീവിക്കുന്നതും എനിക്കു വളരെ വെറുപ്പു വരുത്തുന്നു.

ഇതു നിമിത്തം എന്റെ ബലഹീനത എനിക്കു സ്പഷ്ടമായിത്തീരുന്നു; എന്തെന്നാൽ ദുർവിചാരങ്ങൾ വളരെ എളുപ്പം എന്റെ മേൽ പാഞ്ഞുവരികയും വളരെ സാവധാനത്തിൽ വിട്ടുമാറുകയും ചെയ്യുന്നു.

3. ഇസ്രായേലിന്റെ ഏകരക്ഷകനായ ദൈവമേ, വിശ്വസ്തരായ ആത്മാക്ക

ളുടെ സ്നേഹിതാ, നിന്റെ ദാസന്റെ അ
ഭ്യാനവും ദുഃഖവും കടാക്ഷിക്ക. അവൻ എ
പ്പെട്ടുന്ന സകല കാര്യങ്ങളിലും അവനു തുണ
യായിരിക്ക.

സ്വാർത്ഥീയമായ ധൈര്യംകൊണ്ടു അവ
നെ ബലവാനാക്കുക; അല്ലെങ്കിൽ പഴയ
മനുഷ്യൻ, ആത്മാവിനു ഇതുവരെ പൂർണ്ണമാ
യി കീഴ്പ്പെട്ടിട്ടില്ലാത്ത നിർഭാഗ്യമായ
ജഡം, ശക്തിപ്രാപിച്ചു് അധികാരിയായി
ത്തീരും; അതിനെതിരായി ഈ അത്യന്ത
നിർഭാഗ്യജീവിതത്തിൽ ഉയിരോടെ ഇരി
ക്കുന്നിടത്തോളംകാലം യുദ്ധം ചെയ്യേണ്ടി
വരും.

കഷ്ടം ഇതെന്തൊരു ജീവിതം ഇവിടെ
ഞെരുക്കങ്ങൾക്കും കഷ്ടതകൾക്കും ഒരു കു
റവുമില്ല; ഇവിടമെല്ലാം കണികളെയും ശത്രു
ക്കളെയുംകൊണ്ടു നിറഞ്ഞിരിക്കുന്നു.

എങ്ങനെയെന്നാൽ ഒരു അനർത്ഥമോ
അഥവാ പരീക്ഷയോ വിട്ടുമാറുമ്പോൾ മ
റ്റൊന്നു വന്നുചേരുന്നു; എന്നല്ല ആദ്യത്തെ
സമരം നടന്നുകൊണ്ടിരിക്കുമ്പോൾ വേറെ
പലതും പ്രതീക്ഷിക്കാതിരിക്കുന്ന നേരത്തു
വന്നുകൊണ്ടിരിക്കയും ചെയ്യുന്നു.

4. ഇത്ര അധികം കയ്പുള്ളതും ഇത്ര
മേറെ ആപത്തുകൾക്കും ദുരിതങ്ങൾക്കും വി

ധേയവുമായ ഒരു ജീവിതത്തെ എങ്ങനെ സ്നേഹിക്കാൻ കഴിയും?

ഇത്രയധികം മരണങ്ങളും മഹാവ്യാധികളും ജനിപ്പിക്കുന്നതിനെ എങ്ങനെ ജീവിതം എന്നു വിളിക്കും?

എന്നുവരികിലും അതിനെ സ്നേഹിക്കുന്നവരുണ്ട്; അനേകർ അതിൽ ആനന്ദം തേടുകയും ചെയ്യുന്നു.

ലോകം വഞ്ചനയും മായയും ഉള്ളതാണെന്നു ആക്ഷേപമുണ്ട്, എന്നുവരികിലും അതിനെ ആരും അത്ര എളുപ്പം ത്യജിക്കുന്നില്ല; എന്തെന്നാൽ ജഡമോഹങ്ങൾ വളരെ ശക്തിപ്രാപിച്ചിരിക്കുന്നു.

ചില കാര്യങ്ങൾ ലോകത്തെ സ്നേഹിക്കാനും ചിലവ അതിനെ നിന്ദിക്കാനും പ്രേരിപ്പിക്കുന്നു.

ലോകത്തെ സ്നേഹിക്കുന്നതിനു പ്രേരിപ്പിക്കുന്നവ ശരീരത്തിന്റെ മുമ്മോഹവും കണ്ണുകളുടെ മുരാശയും ലൌകികാഭിമാനവുമാകുന്നു. എന്നാൽ ന്യായപൂർവ്വം അവയെ തുടർന്നുണ്ടാകുന്ന ബന്ധനങ്ങളും ദുരിതങ്ങളും ലോകത്തോടു വെറുപ്പും മടുപ്പും നമ്മിൽ ഉളവാക്കുന്നു.

5. എന്നാൽ കഷ്ടം! ലൌകികകാര്യങ്ങളിൽ മുഴുകിയിരിക്കുന്ന മനസ്സിനെ നീചസ

ന്തോഷങ്ങൾ കീഴടക്കുകയും, മൽപ്പടപ്പുകളുടെ ഇടയിൽ സന്തോഷമുണ്ടെന്നു മനസ്സുവിചാരിക്കയും ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ ദൈവത്തിന്റെ മാധുര്യവും പുണ്യത്തിന്റെ ആഭ്യന്തരമായ ലാവണ്യവും അതു കാണുകയോ അവയിൽ രസിക്കയോ ചെയ്തിട്ടില്ല.

എന്നാൽ ലോകത്തെ അശേഷം നിന്ദിക്കയും വിശുദ്ധമായ ശിക്ഷണത്തിൻകീഴ് ദൈവത്തിനായി ജീവിക്കയും ചെയ്യുവാൻ ശ്രമിക്കുന്നവർ സാക്ഷാൽ ത്യാഗികൾക്കു വാഗ്ദാനം ചെയ്തിരിക്കുന്ന ദൈവികമാധുര്യം അറിയാതിരിക്കയില്ല; ലോകം സങ്കടകരമായ തെറ്റിലകപ്പെട്ടുന്നെന്നും നാനാപ്രകാരത്തിലുള്ള വഞ്ചനയ്ക്കു വിധേയമാകുന്നെന്നും അധികം സ്പഷ്ടമായി അവർ കാണുകയും ചെയ്യും.

21-ാം അധ്യായം

ദൈവത്തിൽ ആശ്വസിക്കണം

ശിഷ്യൻ. എന്റെ ആത്മാവേ, എല്ലാറ്റിനും ഉപരിയായി എല്ലാക്കാര്യങ്ങളിലും എപ്പോഴും തിരുനാഥനിൽ വിശ്രമിച്ചുകൊള്ളുക. എന്തുകൊണ്ടെന്നാൽ താൻ പുണ്യവാന്മാരുടെ നിത്യമായ ആശ്വാസമാകുന്നു.

എത്രയും മാധുര്യവും സ്നേഹവുമുള്ള ഈ

ശോയേ, എല്ലാ സൃഷ്ടികൾക്കും ഉപരിയായി എല്ലാ സൗഖ്യത്തിനും സൗന്ദര്യത്തിനും ഉപരിയായി, എല്ലാ പ്രതാപത്തിനും മഹിമയ്ക്കും ഉപരിയായി, എല്ലാ അധികാരത്തിനും സ്ഥാനത്തിനും ഉപരിയായി, എല്ലാ വിജ്ഞാനത്തിനും ബുദ്ധിവിശേഷതയ്ക്കും ഉപരിയായി, സകല സമ്പത്തുകൾക്കും കലകൾക്കും ഉപരിയായി, എല്ലാ ആനന്ദത്തിനും സന്തുഷ്ടിക്കും ഉപരിയായി, എല്ലാ കീർത്തിക്കും സ്തുതിക്കും ഉപരിയായി, എല്ലാ മാധുര്യത്തിനും ആശ്വാസത്തിനും ഉപരിയായി, സകല പ്രതീക്ഷയ്ക്കും വാഗ്ദാനത്തിനും ഉപരിയായി, എല്ലാ യോഗ്യതയ്ക്കും ആഗ്രഹത്തിനും, ഉപരിയായി, നിനക്കു തരാനും ചൊരിയുവാനും കഴിയുന്ന സകല ദാനങ്ങൾക്കും സമ്മാനങ്ങൾക്കും ഉപരിയായി, മനസ്സിനു പ്രാപിക്കുവാനും അനുഭവിക്കുവാനും കഴിയുന്ന സകല ആനന്ദത്തിനും സന്തോഷപ്രകടനത്തിനും ഉപരിയായി, അവസാനമായി ദൈവദൂതന്മാർക്കും മുഖ്യദൂതന്മാരും സകല സ്വർഗ്ഗീയസേനകൾക്കും ഉപരിയായി, കാണാവുന്നതും കാണാൻ വയ്യാത്തതുമായ സകലത്തിനും ഉപരിയായി, എന്റെ ദൈവമായ നീ അല്ലാത്ത എല്ലാവരിനും ഉപരിയായി നിന്നിൽ ആശ്വസിക്കുന്നതിന് എനിക്കു കൃപ തരേണമേ.

2. എന്തുകൊണ്ടെന്നാൽ എന്റെ ദൈവമായ തിരുനാഥാ, നീ എല്ലാവരിലും ഏറ്റവും നല്ലവൻ, നീമാത്രം ഏറ്റവും ഉന്നതൻ, നീ മാത്രം സർവ്വവല്ലഭൻ, നീ മാത്രം ഏറ്റവും മതിയായവൻ, നീ മാത്രം ഏറ്റവും പരിപൂർണ്ണൻ, നീ മാത്രം ഏറ്റവും മാധുര്യവാൻ, നീ മാത്രം ആശ്വാസപ്രദൻ.

നീ മാത്രം ഏറ്റവും ശ്രേഷ്ഠതയുള്ളവൻ, എല്ലാ വസ്തുക്കളെക്കാളും മഹിമയുള്ളവൻ, നീ മാത്രം ഏറ്റവും സൗന്ദര്യവും സ്നേഹവുമുള്ളവൻ, നിന്നിലാണ എല്ലാനന്മയും ഒന്നിച്ചു പരിപൂർണ്ണാവസ്ഥയിലുള്ളതും, എന്നും ഉണ്ടായിരുന്നതും ഉണ്ടായിരിക്കുന്നതും.

അതുകൊണ്ട് നിന്നെത്തന്നേയല്ലാതെ എന്തുതന്നെ എനിക്കു തന്നാലും, നിന്നെക്കണ്ടു പൂർണ്ണമായി അനുഭവിക്കുവാൻ കഴിയാതെ നിന്നെ സംബന്ധിച്ചു എന്തെല്ലാം എനിക്കു വെളിപ്പെടുത്തിയാലും, വാഗ്ദാനം ചെയ്യാലും, അതൊക്കെ എനിക്കു കുറവുള്ളതും മതിയാകാത്തതുമാണ്. എന്നാൽ എന്റെ ഹൃദയം നിന്നിൽ ആശ്വസിച്ച് നിന്റെ സകല ദാനങ്ങളെയും സകല സൃഷ്ടികളെയും വിട്ടുയർന്നില്ലെങ്കിൽ അതിനു സത്യമായി ആശ്വസിക്കുന്നതിനോ പൂർണ്ണമായി തൃപ്തി കൈക്കൊള്ളുവാനോ സാധിക്കയില്ല.

3. ഈശോമിശിഹായേ, എന്റെ ആത്മാവിന്റെ ഏറ്റവും പ്രിയമുള്ള മണവാളാ, ഏറ്റവും നിർമ്മലനായ സ്നേഹിതാ, സൃഷ്ടികളുടെയും തിരുനാഥാ, പറന്നുവന്നു നിന്നിൽ വിശ്രമമടയുന്നതിനു സാക്ഷാൽ സ്വാതന്ത്ര്യത്തിന്റെ ചിറകുകൾ എനിക്കു ആരുതരും?

എന്റെ ദൈവമായ തിരുനാഥാ, നീ എത്ര മാധുര്യവാനാണെന്നു സൈരമായിരുന്നു പരിപൂർണ്ണമായി അറിവാൻ എനിക്ക് എപ്പോൾ കൃപലഭിക്കും.

നിന്നോടുള്ള സ്നേഹംകൊണ്ടു എന്നെ മറന്നു നിന്നെമാത്രം എല്ലാ അറിവിനും അളവിനും മേലായി എല്ലാവക്കും അറിയാൻ സാധിച്ചിട്ടില്ലാത്ത വിധത്തിൽ അനുഭവിക്കുവാൻ എപ്പോൾ നിന്നിൽ പൂർണ്ണമായ ഏകാഗ്രത ഞാൻ പ്രാപിക്കും?

ഇപ്പോഴാകട്ടെ ഞാൻ ക്ഷുദ്രശ്വാസം വിടുകയും എന്റെ അഭാഗ്യത്തെ സങ്കടപൂർവ്വം സഹിക്കയും ചെയ്യുന്നു.

എന്തുകൊണ്ടെന്നാൽ ഈ അരിഷ്ടതകളുടെ താഴ്വരയിൽ എനിക്കു അനവധി തിന്മകൾ നേരിടുന്നു; അവ പലപ്പോഴും എന്നെ ചഞ്ചലപ്പെടുത്തി എന്റെ മനസ്സിനെ ഇരുളാക്കുന്നു. അതിലുമധികമായി, അവ എനിക്കു

നിന്റെ അടുക്കലേക്കു സ്വതന്ത്രമായ പ്രവേശനം ഉണ്ടാകാതിരിക്കാനും ഭാഗ്യമുള്ള ആത്മാക്കൾ എപ്പോഴും അനുഭവിക്കാറുള്ള നിന്റെ മാധുര്യമേറിയ ആലിംഗനങ്ങൾ ഞാൻ അനുഭവിക്കാതിരിക്കാനുമായി എന്നെ തടയുകയും എനിക്കു ബോധപ്പുതർച്ച ഉണ്ടാക്കുകയും എന്നെ വശീകരിച്ചു കൂടുക്കിലകപ്പെടുത്തുകയും ചെയ്യുന്നു.

4. ഓ! ഈശോയേ, നിത്യമഹിമയുടെ ശോഭയേ, പരദേശവാസിയായ ആത്മാവിന്റെ ആശ്വാസമേ, നിന്റെ ദീഘ്ശ്വാസങ്ങളും എനിക്കു ഈ ലോകത്തിൽ നേരിട്ടിരിക്കുന്ന ബഹുവിധമായ സങ്കടങ്ങളും നിന്നിൽ അനുകമ്പ ഉളവാക്കട്ടെ. എന്റെ വായ് നിന്റെ അടുക്കൽ മൌനമായിരിക്കുന്നു; എന്റെ മൌനം നിന്നോടു സംസാരിക്കയും ചെയ്യുന്നു.

എന്റെ തിരുനാഥൻ വരാൻ എത്രനാൾ താമസിക്കും? താൻ സാധുദാസനായ എന്റെ അടുക്കൽവന്നു എന്നെ ആനന്ദിപ്പിക്കട്ടെ. തന്റെ തൃക്കൈ നീട്ടി ഈ നിർഭാഗ്യനെ എല്ലാ വിഷമതകളിൽനിന്നും രക്ഷിക്കട്ടെ.

വരിക വരിക, എന്തുകൊണ്ടെന്നാൽ നിന്നെക്കൂടാതെ ആനന്ദപ്രദമായ ഒരു ദിവസമോ ഒരു നാഴികയോ എനിക്കുണ്ടാകയി

ല്ല. നിന്നെക്കൂടാതെ എന്റെ വിരുന്നുശാല ഒഴിഞ്ഞതായിരിക്കയും ചെയ്യും.

നിന്റെ സാന്നിദ്ധ്യത്തിന്റെ പ്രകാശത്താൽ എന്നെ ആശ്വസിപ്പിച്ചു എനിക്കു സ്വാതന്ത്ര്യം തരികയും എന്നോടു സ്നേഹമുള്ള തിരുമുഖം കാണിക്കയും ചെയ്യുന്നതുവരെ ഞാൻ നിർഭാഗ്യനും ഒരു പ്രകാരത്തിൽ കാരാഗൃഹത്തിലകപ്പെട്ടു വിലങ്ങിൽ ജീവിക്കുന്നവനെപ്പോലെയുമാകുന്നു.

മറുള്ളവർ നിനക്കു പകരം അവർക്കിഷ്ടമുള്ളതെന്തെങ്കിലും അന്വേഷിക്കട്ടെ; എന്നാൽ എനിക്കു എന്റെ ദൈവവും എന്റെ ശരണവും നിത്യരക്ഷയുമായ നീ അല്ലാതെ മറ്റൊന്നും ഇഷ്ടമാകയില്ല.

നിന്റെ അനുഗ്രഹം എനിക്കു തിരിയെ കിട്ടുകയും നീ എന്റെ ഉള്ളിൽ സംസാരിക്കയും ചെയ്യുന്നതുവരെ ഞാൻ മൌനമായിരിക്കയില്ല; ഞാൻ പ്രാർത്ഥിക്കുന്നതിനു മുടക്കം വരുത്തുകയുമില്ല.

മിശിഹാ. കണ്ടാലും ഞാൻ ഇവിടെയുണ്ടു; നീ എന്നെ വിളിച്ചതിനാൽ ഞാൻ നിന്റെ അടുക്കൽ വന്നിരിക്കുന്നു.

നിന്റെ കണ്ണുനീരുകളും നിന്റെ ആത്മാവിന്റെ ആഗ്രഹവും നിന്റെ ഹൃദയത്തിന്റെ വിനയവും മനസ്താപവും എന്നെ

ചായിച്ചു നിന്റെ അടുക്കലേയ്ക്കു കൊണ്ടുവ
ന്നിരിക്കുന്നു.

ശിഷ്യൻ. 5. തിരുനാഥാ, ഞാൻ നി
ന്നെ വിളിച്ചു, നിന്നെ അനുഭവിക്കുന്നതിനാ
ഗ്രഹിച്ചു; നിന്നെ പ്രതി എല്ലാം ഉപേക്ഷി
ക്കുവാൻ ഞാൻ ഒരുങ്ങിയിരിക്കുന്നു എന്നു
ഞാൻ പറഞ്ഞു.

എന്തുകൊണ്ടെന്നാൽ ഞാൻ നിന്നെ
അന്വേഷിക്കുവാൻ നീ എന്നെ ആദ്യമായി
പ്രേരിപ്പിച്ചു.

ആകയാൽ തിരുനാഥാ, നിനക്കു സ്തുതി
യുണ്ടായിരിക്കട്ടെ; എന്തുകൊണ്ടെന്നാൽ നി
ന്റെ ധാരാളമായ കരുണയാൽ നിന്റെ
ദാസനോടു ഈ നന്മ നീ ചെയ്തു. എപ്പോ
ഴും എന്റെ സ്വന്തം പാപങ്ങളും നികൃഷ്ട
തയും ഓർത്തു നിന്റെ മുൻപിൽ സ്വയം
വളരെ വിനീതനാക്കുക എന്നല്ലാതെ നി
ന്റെ മുൻപിൽ ഈ ദാസൻ എന്തു പറയും?

എന്തെന്നാൽ ആകാശത്തും ഭൂമിയിലു
മുള്ള അത്ഭുതകരങ്ങളായ സകലത്തിലും
നിനക്കു തുല്യമായി ഒന്നുമില്ല.

നിന്റെ പ്രവൃത്തികൾ വളരെ നല്ല
വയും വിധികൾ സത്യമുള്ളവയുമാകുന്നു.

നിന്റെ പരിപാലനം വിശ്വത്തെ
ഭരിക്കുന്നു. ഓ, പിതാവിന്റെ ജ്ഞാനമേ,

നിനക്കു സ്തുതിയും മഹിമയും ഉണ്ടായിരിക്കട്ടെ. എന്റെ വായും എന്റെ ആത്മാവും എല്ലാ സൃഷ്ടികളും ഏകീഭവിച്ചു് നിന്നെ സ്തുതിക്കയും വാഴ്ത്തുകയും ചെയ്യട്ടെ.

22-ാം അധ്യായം

ദൈവത്തിന്റെ വിവിധ കൃപാദാനങ്ങൾ

ശിഷ്യൻ. തിരുനാഥാ, നിന്റെ പ്രമാണത്തിനു എന്റെ ഹൃദയം തുറന്നു് നിന്റെ കല്പനകളെ അനുസരിക്കുവാൻ എന്നെ പഠിപ്പിക്കണമേ.

യോഗ്യമായ വിധം നിനക്കു നന്ദിപറയാൻ എനിക്കു കഴിയുന്നതിനായി നിന്റെ തിരുമനസ്സു ഗ്രഹിക്കുന്നതിനും നിന്റെ കൃപാദാനങ്ങളെ പൊതുവായും പ്രത്യേകമായും വലിയ വണക്കത്തോടും ശ്രദ്ധാപൂർവ്വമായ ആലോചനയോടുംകൂടെ സ്മരിക്കുന്നതിനും എനിക്കു കൃപ തരിക.

എന്നാൽ യഥാർത്ഥത്തിൽ ഏറ്റം ചെറുതായ ഒന്നിനുപോലും വേണ്ടവിധം നന്ദി പറയുവാൻ ഞാൻ പ്രാപ്തനല്ലെന്നു ഞാനറിയുന്നു, ഏറ്റു പറയുകയും ചെയ്യുന്നു.

നീ എനിക്കു ചെയ്തിട്ടുള്ള നന്മകളിൽ

വെച്ച് ഏറവും നിസ്സാരമായതിനുപോലും ഞാൻ യോഗ്യനല്ല. നിന്റെ മഹത്വത്തെ ഞാൻ ചിന്തിക്കുമ്പോൾ അതിന്റെ വലിപ്പത്തിന്റെ മുൽപിൽ എന്റെ ആത്മാവു തളർന്നുപോകുന്നു.

2. ആത്മാവിലും ശരീരത്തിലുമുള്ളതെല്ലാം, ബാഹ്യമായോ ആഭ്യന്തരമായോ പ്രകൃതിക്കനുസരണമായും പ്രകൃതിക്കതീതമായും ഞങ്ങൾക്കുള്ളതെല്ലാം നിന്റെ കൃപാദാനങ്ങൾ ആകുന്നു. അവയെല്ലാം നീ നന്മചെയ്യുന്നവനും കരുണയുള്ളവനും നല്ലവനും ആകുന്നു എന്നും നിന്നിൽ നിന്നു എല്ലാ കൃപകളും ഞങ്ങൾ കൈക്കൊള്ളുന്നെന്നും പ്രകീർത്തിക്കുന്നു.

ഒരുത്തൻ വളരെയും വേറൊരുത്തൻ കുറച്ചും സ്വീകരിച്ചാലും സമസ്തവും നിന്റേതുതന്നേയാണ്. നിന്നെക്കൂടാതെ ഏറവും ചെറുതുപോലും കിട്ടാൻ നിവൃത്തിയില്ല.

അധികം പ്രാപിച്ചവൻ തന്റെ യോഗ്യതയെപ്പറ്റി പ്രശംസിക്കയോ ശേഷംപേരെക്കാൾ വലിപ്പം നടിക്കയോ കുറച്ചുള്ളവനെ ആക്ഷേപിക്കയോ ചെയ്യാവുന്നതല്ല. എന്തുകൊണ്ടെന്നാൽ തന്റെ സ്വന്തമായി കുറച്ചേ ഉള്ളു എന്നു വിചാരിച്ചു അധികം വിനയത്തോടും ഭക്തിയോടുംകൂടി നന്ദിപറ

യുന്നവൻ ആരോ അവൻ വലിയവനും ഉത്തമനുമാകുന്നു.

എല്ലാവരെയുംകാൾ താൻ നികൃഷ്ടനാണെന്നു വിചാരിക്കയും എല്ലാവരെയുംകാൾ തന്നെത്തന്നേ അയോഗ്യനെന്നു വിധിക്കയും ചെയ്യുന്നവൻ അധികം കിട്ടുന്നതിനു കൂടുതൽ യോഗ്യനാണ്.

3. എന്നാൽ കുറച്ചുമാത്രം കിട്ടുന്നവൻ ദുഃഖിക്കയോ ഈർഷ്യപ്പെടുകയോ അധികം കിട്ടിയവനോടു അസൂയപ്പെടുകയോ ചെയ്യരുത്. പ്രത്യുത, അവൻ നിന്നെ സമീപിച്ചു നിന്റെ നന്മയെ ധാരാളമായി പുകഴ്ത്തുകയാണുവേണ്ടത്. എന്തുകൊണ്ടെന്നാൽ നീ ധാരാളമായും സൌജന്യമായും നന്മനസ്സോടെയും യാതൊരു മുഖാന്തോട്ടം ഇല്ലാതെയും നിന്റെ ദാനങ്ങൾ കൊടുക്കുന്നു.

എല്ലാം നിന്നിൽനിന്നാണ്; ആകയാൽ എല്ലാറ്റിലും നീ സ്തുതിക്കർഹനുമാണ്.

ഓരോരുത്തക്കും കൊടുക്കാൻ യുക്തമായതെന്തെന്നു നിനക്കറിയാം. ഒരാൾക്കു കുറച്ചും മറ്റൊരാൾക്കു അധികവും ഉണ്ടാകേണ്ടതു എന്തുകൊണ്ടാണെന്നു തീരുമാനിക്കേണ്ടതു ഞങ്ങളുടെ കാര്യമല്ല. അതു ഓരോരുത്തന്റെയും യോഗ്യതകളെപ്പറ്റി ക്ലിപ്തമായ അറിവുള്ള നിന്റേതത്രേ.

4. അതുകൊണ്ട് ദൈവമായ തിരുനാഥാ, ബാഹ്യമായും മനുഷ്യരുടെ അഭിപ്രായമനുസരിച്ചും സ്തുതിയ്ക്കും മഹിമയ്ക്കും യോഗ്യമായവ എനിയ്ക്കധികമില്ല എന്നുള്ളതു വലിയ അനുഗ്രഹമായി ഞാൻ ഗണിക്കുന്നു. ഇങ്ങനെയിരിക്കെ ഒരുത്തൻ തന്റെ ദാരിദ്ര്യവും നികൃഷ്ടാവസ്ഥയും ആലോചിച്ച് അതു നിമിത്തം ഈർഷ്യപ്പെടുകയോ സങ്കടപ്പെടുകയോ അധൈര്യപ്പെടുകയോ ചെയ്യരുത്. പ്രത്യുത, വലിയ ആശ്വാസവും സന്തോഷവും അനുഭവിക്കണം.

എന്തുകൊണ്ടെന്നാൽ ദൈവമേ, നീ ദരിദ്രരെയും വിനീതരെയും ഈ ലോകം നിന്ദിക്കുന്നവരെയും നിനക്ക് ആപ്തമിത്രങ്ങളായും കുടുംബത്തിലെ അംഗങ്ങളായും തെരിഞ്ഞെടുത്തിരിക്കുന്നു.

നീ സകല ഭൂമിയുടെയും പ്രഭുക്കളായി നിയമിച്ച ശ്ലീഹന്മാർതന്നെ ഇതിനു സാക്ഷികളാണ്.

എന്നു വരികിലും അവർ ആവലാതി പറയാതെയും വിനീതരും പരമാർത്ഥികളുമായതൊരു ഉപ്പുതയോ വഞ്ചനയോ ഇല്ലാത്തവരുമായി ലോകത്തു ജീവിച്ചു. അതിനാൽ നിന്റെ നാമത്തെപ്രതി നിന്ദകൾ അനുഭവിച്ചതിൽ അവർ സന്തോഷിക്കയും ലോകം

വെറുക്കുന്നവയെ അവർ വലിയ ആഗ്രഹത്തോടെ സ്വീകരിക്കയും ചെയ്യു.

5. ആകയാൽ നിന്നെ സ്നേഹിക്കയും നിന്റെ നന്മകളെ അറിയുകയും ചെയ്യുന്ന ഒരാളിനു നിന്റെ തിരുമനസ്സും നിന്റെ നിത്യവ്യവസ്ഥകൾ സംബന്ധിച്ചുള്ള ഇഷ്ടവും തന്നിൽ നിറവേറുന്നതുപോലെ സന്തോഷകരമായി ഒന്നുമുണ്ടാകാൻ പാടില്ല.

ഇതുകൊണ്ടുമാത്രം അവൻ തൃപ്തിയായി ആശ്വസിക്കേണ്ടതാണ്. വേറൊരുവൻ ഏറ്റവും വലിയവനാകുവാനാഗ്രഹിക്കുന്നതുപോലെ സന്തോഷപൂർവ്വം ഏറ്റവും ചെറിയവനാകാൻ അവനു മനസ്സുണ്ടായിരിക്കണം. ഏറ്റവും താണസ്ഥലത്തു അവൻ ഒന്നാം സ്ഥാനത്തു ആയിരുന്നാലെന്നപോലെ സമാധാനവും തൃപ്തിയുമുള്ളവനായിരിക്കണം. ശേഷം പേരേക്കാൾ ലോകത്ത് അധികം ബഹുമാനമുള്ളവനും വലിയവനും ആകുന്നതുപോലെതന്നെ നിന്ദ്യനും ഹീനനും യാതൊരു പേരും പെരുമയും ഇല്ലാത്തവനും ആയിരിക്കാൻ സന്തോഷപൂർവ്വം സമ്മതിക്കണം.

എന്തുകൊണ്ടെന്നാൽ നിന്റെ തിരുമനസ്സും നിന്റെ ബഹുമാനത്തെപ്പറ്റിയുള്ള സ്നേഹവും എല്ലാറ്റിനും ഉപരിയായിരിക്കണം. തനിക്കു കിട്ടിയതോ കിട്ടാവുന്നതോ

ആയ എല്ലാ നന്മകളെക്കാളും ഇതു അവനെ ആശ്വസിപ്പിക്കയും പ്രസാദിപ്പിക്കയും ചെയ്യണം.

23-ാം അധ്യായം

സമാധാനപ്രദമായ നാലു കാര്യങ്ങൾ

മകനേ, ഇപ്പോൾ സമാധാനത്തിന്റെയും യഥാർത്ഥ സ്വാതന്ത്ര്യത്തിന്റെയും വഴി നിന്നെ ഞാൻ പഠിപ്പിക്കാം.

ശിഷ്യൻ. തിരുനാഥാ, നീ പറയുന്നപോലെ ചെയ്ക. എന്തെന്നാൽ ഇതു കേൾക്കുന്നതു എനിക്കു സന്തോഷകരമാണ്.

മിശിഹാ. മകനേ, നിന്റെ മനസ്സിനെക്കാൾ മറ്റൊരുത്തന്റെ മനസ്സനുസരിച്ചു പ്രവർത്തിക്കാൻ ശ്രമിക്ക.

അധികം ഉണ്ടാകുന്നതിനെക്കാൾ കുറച്ചുണ്ടാകുവാൻ എപ്പോഴും ആഗ്രഹിക്ക.

എപ്പോഴും ഏറ്റവും താഴ്ന്ന സ്ഥലം അന്വേഷിക്കുക; എല്ലാവർക്കും കീഴായിരിക്കാനും ശ്രമിച്ചുകൊള്ളുക.

ദൈവതിരുമനസ്സു നിന്നിൽ നിറവേറുന്നതിനായി എപ്പോഴും ആഗ്രഹിക്ക; പ്രാർത്ഥിക്കയും ചെയ്ക.

ഇതാ ഇങ്ങനെയുള്ള മനുഷ്യൻ സമാ

ധാനത്തിന്റെയും ശാന്തതയുടെയും അതിരിക്കുള്ളിൽ പ്രവേശിക്കുന്നു.

ശിഷ്യൻ. 2. തിരുനാഥാ, നിന്റെ ഈ ചെറിയ ഉപദേശത്തിൽ വലിയ പുണ്യപൂർണ്ണത അടങ്ങിയിരിക്കുന്നു.

അതു വാക്കുകളിൽ ചുരുങ്ങിയതെങ്കിലും അർത്ഥപൂർണ്ണവും ഫലസമൃദ്ധവുമാണ്.

എന്തെന്നാൽ എനിക്കു ഇതു വിശ്വസ്തതയോടെ അനുഷ്ഠിക്കാൻ സാധിച്ചെങ്കിൽ എന്റെ ഉള്ളിൽ അതു എളുപ്പം അസ്വസ്ഥത ഉണ്ടാകയില്ല.

ഞാൻ അസ്വസ്ഥനും ക്ലേശപൂർണ്ണനുമാകുമ്പോഴൊക്കെയും ഈ ഉപദേശത്തിൽ നിന്നു ഞാൻ പിൻമാറിയിരിക്കുന്നതായി കാണുന്നു.

എന്നാൽ സർവ്വശക്തനും ആത്മീയാഭിവൃദ്ധിയെ സ്നേഹിക്കുന്നവനുമായ നീ, നിന്റെ ഉപദേശം ഞാൻ നിറവേറ്റുന്നതിനും എന്റെ രക്ഷയെ നിവർത്തിപ്പാൻ എനിക്കു സാധിക്കുന്നതിനുമായി നിന്റെ വരപ്രസാദം ധാരാളമായി എന്നിൽ വർദ്ധിപ്പിക്കണമേ.

3. ദുർവിചാരങ്ങളെ വിരോധിക്കാനുള്ള പ്രാർത്ഥന.

എന്റെ ദൈവമായ തിരുനാഥാ, എ

ന്നിൽനിന്നു അകന്നുപോകല്ലേ. എന്റെ ദൈവമേ, എന്നെ സഹായിക്കാൻ വേഗം വരിക. എന്തുകൊണ്ടെന്നാൽ എന്റെ ആത്മാവിനെ പീഡിപ്പിക്കുന്നതിനു പലവിധ വിചാരങ്ങളും വലുതായ ഭയവും എനിക്കു വിരോധമായി പുറപ്പെട്ടിരിക്കുന്നു.

അപകടം കൂടാതെ ഞാൻ എങ്ങനെ അവയുടെ ഇടയിൽക്കൂടെ കടന്നുപോകും?

എങ്ങനെ അവയെ ഞാൻ തകർക്കും?

"ഞാൻ നിന്റെ മുൻപേ പോകയും ഭൂലോകത്തുള്ള മഹാന്മാരെ താഴ്ത്തുകയും ചെയ്യും.

ഞാൻ കാരാഗൃഹത്തിന്റെ വാതലുകൾ തുറക്കും. നിഗൂഢരഹസ്യങ്ങളെ നിനക്കു വെളിപ്പെടുത്തുകയും ചെയ്യും" എന്നു നീ അരുളിച്ചെയ്യുന്നു.

തിരുനാഥാ, നീ അരുളിച്ചെയ്യുന്നതുപോലെ പ്രവർത്തിക്കണമേ, എല്ലാ ദുർവിചാരങ്ങളും നിന്റെ തിരുമുൻപിൽ നിന്നോടിപ്പോകട്ടെ.

സകല അനർത്ഥങ്ങളിലും നിന്റെ പക്കൽ അഭയം പ്രാപിച്ചു നിന്നിൽ ശരണപ്പെട്ട ഹൃദയപൂർവ്വം നിന്നോടു പ്രാർത്ഥിക്കയും ക്ഷമാപൂർവ്വം നിന്റെ ആശ്വാസത്തെ പ്രതീ

ക്ഷിക്കയും ചെയ്ക എന്നതത്രേ എന്റെ പ്രത്യാശയും എന്റെ ഏകാശ്വാസവും.

4. ബുദ്ധിക്കു പ്രകാശം കിട്ടുവാനുള്ള പ്രാർത്ഥന

നല്ല ഈശോ, ആന്തരികമായ വെളിച്ചത്തിന്റെ പ്രകാശത്താൽ എന്നെ പ്രകാശിപ്പിക്ക. എന്റെ ഹൃദയമാകുന്ന വസതിയിൽനിന്നു എല്ലാ ഇരുട്ടും പുറത്താക്കണമേ.

ബഹുവിധങ്ങളായ എന്റെ ബോധപ്പുതർച്ച നിയന്ത്രിച്ചു എന്നെ ബലമായി ആക്രമിക്കുന്ന പ്രലോഭനങ്ങളെ പുറത്തുതള്ളണമേ.

എനിക്കുവേണ്ടി ധൈര്യപൂർവ്വം യുദ്ധം ചെയ്യു, എന്നെ വശീകരിക്കുന്ന ജഡമോഹങ്ങളെന്ന ദുഷ്ടമൃഗങ്ങളെ തോല്പിക്കണമേ, അങ്ങനെ നിന്റെ ശക്തിയാൽ സമാധാനം ഉണ്ടാകട്ടെ, നിർമ്മലമനസ്സാക്ഷി എന്ന വിശുദ്ധ ശാലയിൽ നിന്റെ ധാരാളമായ സ്തുതി മാറ്റൊലികൊള്ളട്ടെ.

നീ കാറ്റുകളോടും കൊടുങ്കാറ്റുകളോടും കല്പിക്കുക. കടലിനോടു ശാന്തമായിരിക്ക എന്നും വടക്കൻകാറ്റിനോടു വീശാതിരിക്ക എന്നും കല്പിക്ക. വലുതായ ഒരു ശാന്തത ഉണ്ടാകയും ചെയ്യും.

ഭൂമിമേൽ പ്രകാശിക്കുന്നതിനായി നിന്റെ പ്രകാശവും സത്യവും അയയ്ക്കുക. എന്തുകൊണ്ടെന്നാൽ നീ എന്നെ പ്രകാശിപ്പിക്കുന്നതുവരെ ഞാൻ ശൂന്യവും വെറുമയുമായ ഭൂമിയാകുന്നു.

മേലിൽനിന്നു നിന്റെ വരം വർഷിക്കുക; സ്വർഗ്ഗീയമഞ്ഞുതുള്ളികൊണ്ടു എന്റെ ഹൃദയത്തെ നനയ്ക്കുക. നല്ലതും ഉത്തമവുമായ ഫലം വിളയിക്കുന്നതിനു ഭൂമുഖത്തെ നനയ്ക്കുവാൻ ഭക്തി എന്ന ജലപ്രവാഹത്തെ അയയ്ക്കുണമേ.

പാപഭാരത്തിൻകീഴ് അമർന്നുകിടക്കുന്ന എന്റെ മനസ്സിനെ മേലോട്ടു പൊക്കുകയും സ്വർഗ്ഗീയകാര്യങ്ങളിലേയ്ക്ക് എന്റെ ആഗ്രഹമെല്ലാം ഉയർത്തുകയും ചെയ്യുണമേ. എന്നാൽ സ്വർഗ്ഗീയപരമാനന്ദത്തിന്റെ മാധുര്യം അനുഭവിച്ചുകഴിഞ്ഞാൽ ലൌകികകാര്യങ്ങളെപ്പറ്റി ചിന്തിക്കാൻപോലും വെറുപ്പായിരിക്കും.

സൃഷ്ടികളുടെ അസ്ഥിരമായ സകല ആശ്വാസത്തിൽനിന്നും എന്നെ അകറ്റി രക്ഷിക്കണമേ; എന്തുകൊണ്ടെന്നാൽ സൃഷ്ടികളിൽ ഒന്നിനും എന്റെ ആഗ്രഹത്തെ പൂർണ്ണമായി തൃപ്തിപ്പെടുത്തുവാനും ശമിപ്പിക്കുവാനും കഴികയില്ല.

സ്നേഹത്തിന്റെ അഴിഞ്ഞുപോകാത്ത ഒരു ബന്ധത്താൽ എന്നെ നിന്നോടു യോജിപ്പിക്കണമേ; എന്തുകൊണ്ടെന്നാൽ സ്നേഹിക്കുന്നവനെ തൃപ്തിപ്പെടുത്തുവാൻ നിനക്കു മാത്രമേ സാധിക്കയുള്ളു; നിന്നെക്കൂടാതെ സകല കാര്യങ്ങളും നിസ്സാരങ്ങളാണ്.

24-ാം അധ്യായം

ഇതരന്മാരുടെ ജീവിതത്തെക്കുറിച്ചുള്ള ജിജ്ഞാസ

മിശിഹാ. മകനേ, കൌതുകതല്പരനായിരിക്കരുത്. പ്രയോജനമില്ലാത്ത വിചാരങ്ങൾക്കു ഇടംകൊടുക്കയുമരുത്.

ഇതുകൊണ്ടു് അല്ലെങ്കിൽ അതുകൊണ്ടു് നിനക്കെന്ത്. നീ എന്റെ പുറകേ വരിക.

അവൻ ഇപ്രകാരമുള്ളവനോ അപ്രകാരമുള്ളവനോ ആണെങ്കിൽ അഥവാ ആ മനുഷ്യൻ ഇതു അല്ലെങ്കിൽ അതു ചെയ്കയോ പറകയോ ആണെങ്കിൽ നിനക്കു് എന്തു കാര്യം?

നീ മറുള്ളവക്കുവേണ്ടി ഉത്തരം പറയണ്ടാ; നിനക്കുവേണ്ടി മാത്രം സമാധാനം പറഞ്ഞാൽ മതി. ആ സ്ഥിതിക്കു് നീ എന്തിനു അനാവശ്യകാര്യത്തിൽ പ്രവേശിക്കുന്നു?

കണ്ടാലും, ഞാൻ സകലവും അറിയുന്നു, സൂര്യനു കീഴേ സംഭവിക്കുന്നതെല്ലാം ഞാൻ കാണുന്നു. ഓരോരുത്തന്റെ സ്ഥിതി എന്തെന്നും അവൻ എന്തു വിചാരിക്കുന്നെന്നും എന്താഗ്രഹിക്കുന്നെന്നും അവന്റെ ഉദ്ദേശമെന്തെന്നും എനിക്കറിയാം.

ആകയാൽ എല്ലാം എനിക്കു ഭരമേല്പിച്ചിട്ടു നീ നല്ല സമാധാനത്തിൽ ഇരിക്കുക. ഉപദ്രവിക്കുന്നവൻ ഇഷ്ടംപോലെ ഉപദ്രവിക്കട്ടെ.

അവൻ പ്രവർത്തിച്ചതും പറഞ്ഞതും എല്ലാം അവന്റെ തലയിൽത്തന്നേ വീഴും; എന്തെന്നാൽ എന്നെ വഞ്ചിക്കാൻ അവനു സാധിക്കയില്ല.

2. പെരിയ പോരാകുന്ന നിഴലിനോ, പലരുടെ പരിചയത്തിനോ മനുഷ്യരുടെ പ്രത്യേക സ്നേഹത്തിനോ നീ താല്പര്യപ്പെടരുത്.

അവയൊക്കെ പലവിചാരങ്ങളും ഹൃദയത്തിൽ വലിയ ഇരുളും ഉളവാക്കുന്നു.

നീ എന്റെ വരവിനെ ശ്രദ്ധാപൂർവ്വം പാർത്തിരുന്നു നിന്റെ ഹൃദയത്തിന്റെ വാതൽ എനിക്കു തുറന്നുതന്നിരുന്നെങ്കിൽ ഞാൻ സന്തോഷപൂർവ്വം നിന്നോടു സംസാരിക്കയും

എന്റെ രഹസ്യങ്ങളെ നിനക്കു വെളിപ്പെടുത്തിത്തരികയും ചെയ്യുമായിരുന്നു.

നീ ശ്രദ്ധാലുവായി പ്രാർത്ഥനയിൽ ഉണർന്നിരിക്കയും എല്ലാറ്റിലും നിന്നെ എളിമപ്പെടുത്തുകയും ചെയ്ക.

25-ാം അധ്യായം

സമാധാനവും പുനഃപ്രതിഷ്ഠയും

മിശിഹാ. മകനേ, ഞാൻ ഒരിക്കൽ പറഞ്ഞതിങ്ങനെയാണ്: "സമാധാനം നിങ്ങൾക്കായി ഞാൻ വിട്ടേച്ചിരിക്കുന്നു. എന്റെ സമാധാനം നിങ്ങൾക്കു ഞാൻ തരുന്നു. ലോകം തരുന്നതുപോലെയല്ല ഞാൻ നിങ്ങൾക്കു തരുന്നത്."

എല്ലാവരും സമാധാനം ആഗ്രഹിക്കുന്നു; എന്നാൽ യഥാർത്ഥമായ സമാധാനത്തിനാവശ്യമായവ എല്ലാവരും കൂട്ടാക്കുന്നില്ല.

എന്റെ സമാധാനം എളിമയും ഹൃദയത്തിൽ സൗമ്യതയും ഉള്ളവരുടെ കൂടെയാണ്; വളരെ ക്ഷമിച്ചാൽ നിനക്കു സമാധാനം ഉണ്ടായിരിക്കും.

നീ എന്നെ കേൾക്കുകയും എന്റെ സ്വരത്തെ പിൻചെല്ലുകയും ചെയ്യുന്നെ

ങ്കിൽ വലിയ സമാധാനം അനുഭവിക്കാൻ നിനക്കു സാധിക്കും.

ശിഷ്യൻ. 2. അതുകയാൽ തിരുനാഥാ, ഞാൻ എന്തു ചെയ്യണം?

മിശിഹാ. എല്ലാക്കാര്യങ്ങളിലും നീ എന്തു ചെയ്യുന്നു, എന്തു പറയുന്നു എന്നു സൂക്ഷിക്കുക. എന്നെമാത്രം പ്രസാദിപ്പിക്കാനും എന്നെയല്ലാതെ മറ്റൊന്നിനെയും ആഗ്രഹിക്കയും അന്വേഷിക്കയും ചെയ്യാതിരിക്കാനും നിന്റെ ശ്രദ്ധ മുഴുവനും വെച്ചുകൊള്ളുക.

എന്നാൽ മറ്റുള്ളവരുടെ വചനങ്ങളെക്കുറിച്ചോ പ്രവൃത്തികളെക്കുറിച്ചോ ഒന്നും അവിവേകമായി വിധിക്കരുത്.

നിന്നെ ഏൽപ്പിച്ചിട്ടില്ലാത്ത കാര്യങ്ങളിൽ ഇടപെടുകയുമരുത്.

ഇങ്ങനെയാണെങ്കിൽ നിന്റെ സമാധാനത്തിനു അല്പമായൊ ദുർലഭമായൊ മാത്രമേ ഭംഗം നേരിടുകയുള്ളൂ.

എന്നാൽ ഒരിക്കലും യാതൊരു അസമാധാനവും തോന്നാതിരിക്കുന്നതും ഹൃദയത്തിന്റെയോ ശരീരത്തിന്റെയോ വേദന സഹിക്കാതിരിക്കുന്നതും നിത്യമായ വിശ്രാന്തിയുടെ സ്ഥിതിക്കല്ലാതെ ഈ താല്ക്കാലിക ജീവിതത്തിനു യോജിച്ചതല്ല. അതുകയാൽ നീ ഒരു കഷ്ടപ്പാടും അനുഭവിക്കുന്നി

ല്ലെങ്കിൽ യഥാർത്ഥമായ സമാധാനം പ്രാപിച്ചിരിക്കുന്നു എന്നു വിചാരിക്കണ്ടാ.

നിനക്കു യാതൊരു ശത്രുവുമില്ലാത്തതുകൊണ്ടു് എല്ലാം ശുഭമായിരിക്കുന്നെന്നോ, നിന്റെ ഇഷ്ടംപോലെ എല്ലാം സംഭവിച്ചാൽ നീ പരിപൂർണ്ണത പ്രാപിച്ചെന്നോ, നീ വലിയ ഭക്തിയും ആനന്ദവും അനുഭവിക്കുന്നെങ്കിൽ നീ വലിയവനാണെന്നും ദൈവം നിന്നെ പ്രത്യേകമായി സ്നേഹിക്കുന്നെന്നുമോ നിനയ്ക്കരുതു്; എന്തുകൊണ്ടെന്നാൽ ഈ സംഗതികളാലല്ല സാക്ഷാൽ പുണ്യത്തെ സ്നേഹിക്കുന്നവനെ തിരിച്ചറിയുന്നതു്? ഒരു മനുഷ്യന്റെ അഭിവൃദ്ധിയും പുണ്യപൂർണ്ണതയുമടങ്ങിയിരിക്കുന്നതു ഇതുകളിലല്ല.

ശിശ്യൻ. 3. പിന്നെ എന്തിലാണു തിരുനാഥാ?

മിശിഹാ. നിസ്സാരമായതിലോ വലുതായതിലോ, തൽക്കാലത്തേയ്ക്കോ നിത്യകാലത്തേയ്ക്കോ നിന്റേതു അനേഷിക്കാതെ നിന്നെ പൂർണ്ണഹൃദയത്തോടെ ദൈവത്തിനു സമർപ്പിക്കുന്നതിലത്രേ.

അങ്ങനെ ക്ഷേമത്തിലും അനർത്ഥത്തിലും, സമചിത്തതയോടെ നന്ദി പ്രദർശിപ്പിക്കുന്നതിൽ സുസ്ഥിരനായി നിന്നു് എല്ലാം ഒരുപോലെ ഗണിക്കണം.

ആന്തരികമായ ആശ്വാസം പിൻവലിക്കുമ്പോൾ നിന്റെ ഹൃദയത്തെ അതിലുമധികം സഹിക്കാൻ ഒരുക്കത്തക്കവണ്ണം നീ അത്ര ധീരനും പ്രത്യാശയിൽ ദീർഘക്ഷമയുള്ളവനുമായിരിക്കയും, ഇത്ര വലുതായ ഇവയെ നീ അനുഭവിക്കേണ്ടതല്ലെന്നു തന്നെത്താൻ നീതീകരിക്കാതെ എന്റെ എല്ലാ നിർദ്ദേശങ്ങളും നീതിപരമാണെന്നു സമ്മതിക്കയും എന്നെ പരിശുദ്ധനെന്നു സ്തുതിക്കയും ചെയ്താൽ നീ യഥാർത്ഥമായതും ചൊവ്വുള്ളതുമായ സമാധാനത്തിന്റെ വഴിയെ നടക്കുകയാണു ചെയ്യുന്നത്. എന്റെ മുഖത്തെ മഹാ സന്തോഷത്തോടുകൂടെ വീണ്ടും കാണുമെന്നു സംശയംകൂടാതെ നിനക്കു പ്രത്യാശയുണ്ടാകും.

നീ നിന്നെത്തന്നേ പൂർണ്ണമായി നിന്ദിക്കുന്നുണ്ടെങ്കിൽ നിനക്കു നിന്റെ ഈ പരദേശവാസകാലത്തു അനുഭവിക്കാവുന്നിടത്തോളം സമൃദ്ധിയായി സമാധാനം അനുഭവിക്കാൻ സാധിക്കുമെന്നറിഞ്ഞുകൊള്ളുക.

26-ാം അധ്യായം

പ്രാർത്ഥനയിൽ സിദ്ധിക്കേണ്ട മനഃസ്വാതന്ത്ര്യം

ശിഷ്യൻ. തിരുനാഥാ, സ്വർഗ്ഗീയകാര്യങ്ങളെക്കുറിച്ചുള്ള ചിന്തയിൽനിന്നു മനസ്സിനെ ഒരിക്കലും മാറാത്തതും, അനവധി വിഷമതകളിൽക്കൂടെ ഒരു വിഷമതയും ഇല്ലാത്തതുപോലെ കടന്നുപോകുന്നതും, അതുമടിയന്റെ സമ്പ്രദായത്തിലല്ല, യാതൊരു സൂക്ഷ്മിയോടും ക്രമരഹിതമായ സ്നേഹത്തോടുകൂടെ പറ്റിപ്പിടിച്ചിരിക്കാത്ത ഒരു സ്വതന്ത്രമനസ്സിന്റെ ഏതൊ ഒരു പ്രത്യേകയോഗ്യതയാലെന്നപോലെ ചെയ്യുന്നതും പുണ്യനായ ഒരു മനുഷ്യന്റെ പ്രവൃത്തിയാകുന്നു.

2. കരുണാനിധിയായ എന്റെ ദൈവമേ, ഞാൻ ഈ ജീവിതത്തിന്റെ ആകുലചിന്തകളിൽ അധികമായി കുടുങ്ങിപ്പോകാതിരിക്കാൻ അവയിൽനിന്നും സുഖഭോഗങ്ങളുടെ അടിമയാകാതിരിക്കാൻ ശരീരത്തിന്റെ അനവധി ആവശ്യങ്ങളിൽനിന്നും പീഡകൾ എന്നെ ജയിക്കുമ്പോൾ ഭഗ്നാശയനാകാതിരിക്കാൻ ആത്മീയമായ സകലപ്രതിബന്ധങ്ങളിൽനിന്നും എന്നെ രക്ഷിക്കണമേ.

ലൗകികമായ മിഥ്യാഭിമാനം മഹാ താല്പര്യത്തോടെ ആഗ്രഹിക്കുന്ന കാര്യങ്ങളെപ്പറ്റിയല്ല, പിന്നെയോ മരണമുള്ള എല്ലാവരേയും ബാധിക്കുന്ന ശാപത്തിന്റെ ശിക്ഷയായി നിന്റെ ദാസന്റെ മനസ്സിനെ അമർത്തുകയും മുൻപോട്ട് വിടാതെയിരിക്കയും അതിനു ഇഷ്ടമുള്ളപ്പോൾ ആത്മാവിന്റെ സ്വാതന്ത്ര്യത്തിൽ പ്രവേശിക്കാതിരിക്കത്തക്കവണ്ണം തടുക്കുകയും ചെയ്യുന്ന ആ ഉരിതങ്ങളെപ്പറ്റിയാണു ഞാൻ പറയുന്നത്.

3. ഓ! എന്റെ ദൈവമേ, വർണ്ണിപ്പാൻ കഴിവതല്ലാത്ത മാധുര്യമേ, നിത്യകാര്യങ്ങളോടുള്ള സ്നേഹത്തിൽനിന്നു എന്നെ അകറ്റുന്ന ജഡികാശ്വാസങ്ങളെയെല്ലാം നീ എനിക്കു കയ്പുള്ളതാക്കിത്തീർക്കണമേ. ഈ ജഡികാശ്വാസങ്ങൾ സന്തോഷപ്രദമായ എന്തിനെയെങ്കിലും താല്ക്കാലികമായി കാണിച്ചുതന്ന് എന്നെ അവയിലേയ്ക്കു ദുഷ്ടതയോടെ വശീകരിക്കുന്നു.

എന്റെ ദൈവമേ, അവ എന്നെ ജയിക്കാനനുവദിക്കരുതേ. ജഡവും രക്തവും എന്നെ തോല്പിക്കാനനുവദിക്കരുതേ. ലോകവും അതിന്റെ നിസ്സാര മഹിമയും എന്നെ വഞ്ചിക്കാനനുവദിക്കരുതേ. പിശാചും അവ

ന്റെ കൌശലവും എന്നെ പരാജയപ്പെടുത്തുവാനനുവദിക്കരുതേ.

എതിർക്കാനുള്ള ധൈര്യവും സഹിക്കാനുള്ള ക്ഷമയും അവസാനംവരെ നിലനില്ക്കാനുള്ള സ്ഥൈര്യവും എനിക്കു തരണമേ.

ലോകത്തിലെ എല്ലാ ആശ്വാസങ്ങൾക്കും പകരം നിന്റെ പരിശുദ്ധാത്മാവിന്റെ എത്രയും ആനന്ദകരമായ ദിവ്യാശ്വാസം തരണമേ. ജഡികമായ സ്നേഹത്തിനു പകരം നിന്റെ തിരുനാമത്തോടുള്ള സ്നേഹം എന്നിൽ ചൊരിയണമെ.

4. കണ്ടാലും ഭക്ഷ്യം പാനീയം വസ്ത്രം മുതലായ ശരീരസംരക്ഷണ പദാർത്ഥങ്ങൾ ഭക്തിതീക്ഷ്ണതയുള്ള ഒരു ആത്മാവിനു ഭാരമുള്ളതാകുന്നു.

ഇപ്രകാരമുള്ള ഉപകരണങ്ങൾ മിതമായി ഉപയോഗിപ്പാനും അവയെപ്പറ്റിയുള്ള അത്യാസക്തിയിൽ കടുങ്ങാതിരിപ്പാനും കൃപചെയ്യണമേ.

എല്ലാം ഉപേക്ഷിക്കാവുന്നതല്ല; എന്തെന്നാൽ പ്രകൃതിയെ സംരക്ഷിക്കാൻ ചുമതലയുണ്ട്. എന്നാൽ ആവശ്യത്തിലധികമുള്ളവയും സന്തോഷത്തിനുവേണ്ടി മാത്രമുള്ളവയും ഉപയോഗിക്കരുതെന്നു പരിശുദ്ധ നിയമം വിലക്കുന്നു. എന്തുകൊണ്ടെന്നാൽ ആ

ങ്ങനെ അല്ലെങ്കിൽ ശരീരം ആത്മാവിന്റെ നിയന്ത്രണത്തിനു കീഴ്പ്പെടാതാകും.

ഇവയിലെല്ലാം ഞാൻ യാതൊന്നും അതിരുകവിഞ്ഞു പ്രവർത്തിക്കാതിരിപ്പാൻ നിന്റെ തൃക്കരം എന്നെ നിയന്ത്രിക്കയും പഠിപ്പിക്കയും ചെയ്യണമെന്നു ഞാൻ പ്രാർത്ഥിക്കുന്നു.

27-ാം അധ്യായം

സ്നേഹം

മിശിഹാ. മകനേ, മുഴുവനും കിട്ടാൻ നീ മുഴുവനും കൊടുത്തുകളയണം; നീ ഒട്ടുപോലും നിന്റെ സ്വന്തമാക്കരുത്.

ഏതൊരു ലൌകികവസ്തുവിനെയും കാൾ നിന്റെ സ്വസ്നേഹം അധികദോഷകരമാണെന്നു അറിഞ്ഞുകൊള്ളുക.

ഒരു വസ്തുവിനോടു നിനക്കുള്ള സ്നേഹമോ താല്പര്യമോ അനുസരിച്ചാണു അതു നിന്നോടു എറെക്കുറെ ഒട്ടിച്ചേരുന്നത്.

നിന്റെ സ്നേഹം നിർമ്മലവും നിഷ്കപടവും നല്ല ക്രമമുള്ളതുമാണെങ്കിൽ നീ ഒരു കാര്യത്തിന്റെയും അടിമയാകയില്ല.

നിനക്കു സമ്പാദിക്കാൻ പാടില്ലാത്തതു ആഗ്രഹിക്കരുത്.

നിനക്കു തടസ്സമായി നിന്റെ ആത്മീയസ്വാതന്ത്ര്യത്തെ ഇല്ലാതാക്കുവാൻ കഴിയുന്നതിനെ സമ്പാദിക്കയുമരുത്.

നിനക്കു ആഗ്രഹിക്കാനോ സമ്പാദിക്കാനോ കഴിയുന്ന എല്ലാറ്റിനോടുംകൂടെ നിന്നെത്തന്നേ പൂർണ്ണഹൃദയത്തോടെ എനിക്കു ഭരമേല്പിക്കാത്തതു ആശ്ചര്യകരമായിരിക്കുന്നു.

2. നീ എന്തിനാണു വ്യർത്ഥമായ ദുഃഖത്താൽ വലഞ്ഞു തളരുന്നത്? എന്തിനു അനാവശ്യവിചാരങ്ങൾകൊണ്ടു ക്ഷീണിക്കുന്നു?

എന്റെ ഇഷ്ടത്തിനൊത്തു നിൽക്കുക. എന്നാൽ യാതൊരു ദോഷവും നീ സഹിക്കേണ്ടിവരികയില്ല.

നിന്റെ സ്വന്തം സൌകര്യവും സ്വന്തം ഇഷ്ടവും നോക്കി ഇതോ അതോ അന്വേഷിക്കയോ, ഇവിടെയോ അവിടെയോ ആയിരിക്കാൻ ആഗ്രഹിക്കയോ ചെയ്യാൽ നീ ഒരിക്കലും സമാധാനം അനുഭവിക്കയോ ആകുല ചിന്തകളിൽനിന്നു ഒഴിഞ്ഞിരിക്കയോ ചെയ്കയില്ല. എന്തുകൊണ്ടെന്നാൽ എല്ലാ സംഗതികളിലും എന്തെങ്കിലും ന്യൂനത കാണുകയും ഏതു സ്ഥലത്തും എതിരായി ആരെങ്കിലും ഉണ്ടായിരിക്കയും ചെയ്യും.

3. ആകയാൽ പുറമേയുള്ള വസ്തുക

ളെ സമ്പാദിക്കയോ വർദ്ധിപ്പിക്കയോ ചെയ്യുന്നതിലല്ല, അവയെ വെറുത്തു നിന്റെ ഹൃദയത്തിൽനിന്നു വേരോടെ പിഴുതുകളയുന്നതിലാണു നിനക്കു പ്രയോജനമുണ്ടാകുന്നത്. ഇപ്പറഞ്ഞതു പണത്തെയും സമ്പത്തുകളെയും കുറിച്ചു മാത്രമല്ല എന്നു മനസ്സിലാക്കണം. ബഹുമാനത്തെക്കുറിച്ചുള്ള ആഗ്രഹത്തെയും വ്യർത്ഥമായ സ്തുതി ലഭിക്കാനുള്ള ആശയെയും കുറിച്ചുമാണ്. ഇവയെല്ലാം ലോകത്തോടുകൂടെ കൂടെയുപോകുന്നു.

നിനക്കു ആത്മീയശുശ്രൂഷാന്തിയില്ലെങ്കിൽ സ്ഥലം ഏതായാലും അത് ഒട്ടും സുരക്ഷിതമാക്കുകയില്ല. ഹൃദയത്തിന്റെ നില ശരിയായ അടിസ്ഥാനമില്ലാത്തതാണെങ്കിൽ പുറമേനിന്നു ലഭിക്കുന്ന സമാധാനം അധികനാൾ നിലനില്ക്കയില്ല. എന്നു പറഞ്ഞാൽ നീ എന്നിൽ സ്ഥിരമായി നില്ക്കാത്തപക്ഷം നിന്നിൽ മാറ്റങ്ങൾ ഉണ്ടാകാൻ പാടുണ്ട്. പക്ഷേ, അതു നന്മയിലേയ്ക്കുള്ള മാറ്റമായിരിക്കയില്ല.

എങ്ങനെയെന്നാൽ അവസരം വരുമ്പോൾ നീ ഉപേക്ഷിച്ചു മാറിയതും അതിനെക്കാൾ ക്രൂരതലും നീ കാണും.

ഹൃദയശുദ്ധീകരണത്തിനും
സ്വർഗ്ഗീയജ്ഞാനത്തിനുമായുള്ള പ്രാർത്ഥന.

4. ദൈവമേ, നിന്റെ പരിശുദ്ധാത്മാവിന്റെ അനുഗ്രഹത്താൽ എന്നെ ഉറപ്പിക്ക. ആഭ്യന്തരമായി ശക്തി പ്രാപിക്കുന്നതിനും പ്രയോജനമില്ലാത്ത എല്ലാ ആകുലചിന്തകളെയും വ്യസനങ്ങളെയും എന്റെ ഹൃദയത്തിൽനിന്നു പുറത്താക്കുന്നതിനും എനിക്കു ധൈര്യം തരിക. വിലകുറഞ്ഞതോ കൂടിയതോ ആയ ഏതു സാധനത്തെയും കുറിച്ചുള്ള വിവിധ ആശകൾ എന്നെ ആകർഷിക്കാതെ എല്ലാം കടന്നുപോകുന്ന വിധത്തിൽ കാണുവാനും ഞാനും അവയോടൊപ്പം കടന്നുപോകുമെന്നു നിനയ്ക്കുവാനും എന്നെ പഠിപ്പിക്കണമേ.

സൂര്യനു കീഴേ സ്ഥിരമായി ഒന്നുമില്ല. അവിടെ എല്ലാം വ്യർത്ഥവും ആത്മാവിന്റെ പീഡയുമത്രേ. ഇപ്രകാരം പരിഗണിക്കുന്നവൻ എത്ര ബുദ്ധിമാൻ.

തിരുനാഥാ, എല്ലാറ്റിനും ഉപരിയായി നിന്നെ അന്വേഷിക്കാനും കണ്ടെത്തുവാനും എല്ലാറ്റിനും ഉപരിയായി അറിവാനും സ്നേഹിപ്പാനും ശ്രേഷ്ഠമുള്ളവ നിന്റെ ജ്ഞാനത്തിനധീനമായി ഭവിച്ചിരിക്കുന്നതു

പോലെ മനസ്സിലാക്കുവാനും പഠിക്കാനുമാ
യി സ്വർഗ്ഗീയ ജ്ഞാനം എനിക്കു തരണമേ.

മുഖസ്തുതി പറയുന്നവനിൽനിന്നു വി
വേകപൂർവ്വം ഒഴിഞ്ഞുമാറുവാനും എതിർത്തു
സംസാരിക്കുന്നവനെ ക്ഷമാപൂർവ്വം വിട്ടുമാറു
വാനും കൃപതരിക.

എന്തുകൊണ്ടെന്നാൽ വാക്കുകളുടെ ഓ
രോ കാറ്റിനാൽ അലഞ്ഞാടാതെയും മുഖ
സ്തുതി പറയുന്ന ദുഷ്ടയായ കിന്നരനാരിക്കു
(സീറേനാസിനു) ചെവികൊടുക്കാതെയും
ഇരിക്കുന്നതു ഏറ്റവും വലിയ ജ്ഞാനമാകു
ന്നു. എന്തെന്നാൽ ഇങ്ങനെ ആയാൽ നാം
ആരംഭിച്ച വഴിയേ അപകടംകൂടാതെ നമു
ക്കു നടക്കാം.

28-ാം അധ്യായം

പരദൂഷണം

മിശിഹാ. മകനേ, ചിലർ നിനക്കു
വിരോധമായി അഭിപ്രായപ്പെടുകയും കേൾ
ക്കാൻ ഇഷ്ടമില്ലാത്തതു സംസാരിക്കയും ചെ
യ്യാൽ നിനക്കു നീരസം തോന്നരുത്.

നീ നിന്നെക്കുറിച്ചു അതിലും മോശമാ
യി വിചാരിക്കയും നിന്നെക്കാൾ ബലഹീന

നായി ആരുമില്ലെന്നു നീ വിശ്വസിക്കയും ചെയ്യണം.

നീ ആത്മീയവഴിയിൽ നടക്കുന്നെങ്കിൽ പറന്നു പോകുന്ന വാക്കുകളെ അത്ര ഗണ്യമാക്കുകയില്ല.

ഭിഷ്ക്കാലത്തിൽ മൌനമായിരുന്നു ഉള്ളേ എന്നിലേയ്ക്കു തിരിഞ്ഞു മനുഷ്യവിധിയാൽ ചഞ്ചലപ്പെടാതിരിക്കുന്നതു അത്ര നിസ്സാരമായ വിവേകമല്ല.

2. നിന്റെ സമാധാനം മനുഷ്യരുടെ നാവിനെ ആശ്രയിച്ചിരിക്കരുത്. അവർ നന്നായിട്ടോ മോശമായിട്ടോ വ്യാഖ്യാനിച്ചാലും അതുകൊണ്ടു നീ വേറൊരു മനുഷ്യനാകുന്നില്ല.

യഥാർത്ഥമായ സമാധാനവും യഥാർത്ഥമായ മഹിമയും എവിടെയാണ്? എന്നിൽ അല്ലയോ?

മനുഷ്യരെ തൃപ്തിപ്പെടുത്താൻ ആഗ്രഹിക്കയോ അവർക്ക് അതൃപ്തി വരുത്താൻ ഭയപ്പെടുകയോ ചെയ്യാത്തവൻ വലിയ സമാധാനം അനുഭവിക്കും.

ക്രമമില്ലാത്ത സ്നേഹത്തിൽനിന്നും വ്യർത്ഥമായ ഭയത്തിൽനിന്നും ഹൃദയക്കലക്കവും ഇന്ദ്രിയങ്ങളുടെ പതർച്ചയും ഉണ്ടാകുന്നു.

29-ാം അധ്യായം

അനർത്ഥങ്ങൾ

ശിഷ്യൻ. തിരുനാഥാ, നിന്റെ തിരുനാമം എന്നേയ്ക്കും അനുഗ്രഹീതമാകട്ടെ. എന്തുകൊണ്ടെന്നാൽ ഈ പരീക്ഷയും കഷ്ടപ്പാടും എനിക്കു നേരിടുവാൻ നീ തിരുമനസ്സായല്ലോ.

എനിക്ക് അതിൽനിന്നൊഴിഞ്ഞുമാറാൻ സാധിക്കയില്ല. എന്നാൽ നീ എന്നെ സഹായിച്ച് അതു എനിക്കു നന്മയായി മാറുവാൻ വേണ്ടി ഞാൻ നിന്റെ പക്കൽ അഭയം പ്രാപിക്കണം.

തിരുനാഥാ, ഞാൻ ഇപ്പോൾ കഷ്ടപ്പെടുന്നു, എന്റെ ഹൃദയത്തിൽ സമാധാനമില്ല; എന്റെ ഇപ്പോഴത്തെ കഷ്ടപ്പാടിനാൽ ഞാൻ വളരെ പീഡയനുഭവിക്കുന്നു.

പ്രിയ പിതാവേ, എന്നാൽ ഇപ്പോൾ ഞാൻ എന്തു പറയാനാണ്? ഞാൻ ഈ അനർത്ഥങ്ങളിൽ അകപ്പെട്ടിരിക്കുന്നു. ഈ നാഴികയിൽ നിന്നു എന്നെ രക്ഷിക്കണമേ.

എന്നാൽ ഞാൻ മുഴുവനായി എളിമപ്പെട്ടശേഷം നീ എന്നെ സ്വതന്ത്രനാക്കുമ്പോൾ നിന്റെ മഹത്വം പ്രകാശിക്കുവാനാണ് ഞാൻ ഇതിലകപ്പെട്ടത്.

തിരുനാഥാ, എന്നെ രക്ഷിക്കുന്നതിനു കൃപയുണ്ടാകണമേ. എന്തുകൊണ്ടെന്നാൽ സാധുവായ എനിക്കു എന്തു ചെയ്യാൻ കഴിയും? നിന്നെക്കൂടാതെ ഞാൻ എങ്ങോട്ടു പോകും?

തിരുനാഥാ, ഇപ്രാവശ്യവും എനിക്കു മാപ്പു തരണമേ.

എന്റെ ദൈവമേ, എന്നെ സഹായിക്ക. എനിക്ക് എത്ര അധികം കഷ്ടതകൾ നേരിട്ടാലും ഞാൻ ഭയപ്പെടുകയില്ല.

2. ഇപ്പോൾ ഈ അനർത്ഥങ്ങളുടെ മദ്ധ്യേ ഞാൻ എന്തു പറയും? തിരുനാഥാ, നിന്റെ തിരുമനസ്സു നിറവേറട്ടെ. എനിക്ക് ഈ അനർത്ഥങ്ങളും കഷ്ടതകളും നേരിടാൻ ഞാൻ ധാരാളം അർഹനാണ്.

ഞാൻ ഇതു സഹിക്കാനാവശ്യമാണ്. ഈ കൊടുങ്കാറ്റു ശമിച്ചു നല്ല സമാധാനം ഉണ്ടാകുവോളം ക്ഷമയോടെ സഹിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ!

എന്റെ ദൈവമേ, കരുണാനിധിയേ! നീ ഇതിനു മുൻപു പലപ്പോഴും ചെയ്തിട്ടുള്ളതുപോലെ ഞാൻ പ്രലോഭനത്തിൽ മുഴുവനായി വീണുപോകാതിരിപ്പാൻ അതിനെ എന്നിൽനിന്നകറ്റി അതിന്റെ ശക്തി കുറയ്ക്കുന്നതിനും നിന്റെ സർവ്വശക്തിയുള്ള കരത്തിനു സാധിക്കും.

അത്യന്നതന്റെ വലങ്കൈയുടെ ഈ മാറ്റം, എനിക്കു എത്ര അധികം പ്രയാസമുള്ളതാണോ, നിനക്കു അത്ര അധികം എളുപ്പമുള്ളതാണ്.

30-ാം അധ്യായം

ദിവ്യസഹായം

മിശിഹാ. മകനേ, അനന്തകാലത്തെയ്ക്കും തരുന്ന നാഥൻ ഞാനാകുന്നു. നിനക്കു എന്തെങ്കിലും വിഷമതയുള്ളപ്പോൾ എന്റെ അടുക്കൽ വരിക.

നീ വളരെ അധികം താമസിച്ചു പ്രാർത്ഥനയിൽ ഏർപ്പെടുന്നുള്ളു എന്നതാണു, സ്വർഗ്ഗീയാശ്വാസത്തിനു പ്രധാന തടസ്സമായിരിക്കുന്നത്.

എങ്ങനെയെന്നാൽ എന്നോടു മറിപ്പായി ചോദിക്കുന്നതിനു മുൻപേ താല്ക്കാലികമായ പല ആശ്വാസങ്ങൾ അന്വേഷിക്കയും പുറമേയുള്ള കാര്യങ്ങളിൽ സന്തോഷം അനുഭവിക്കയും ചെയ്യുന്നു.

അതുകയാൽ എന്നെ ശരണീകരിക്കുന്നവരെ രക്ഷിക്കുന്നവൻ ഞാനാകുന്നു എന്നു നീ മനസ്സിലാക്കുന്നതുവരെ ഇതൊന്നുകൊണ്ടും

നിനക്കു പ്രയോജനമില്ല. എന്നിൽനിന്നല്ലാതെ ശക്തിയുള്ള സഹായമോ പ്രയോജനകരമായ ഉപദേശമോ നിലനില്ക്കുന്ന ഉപശാന്തിയോ കിട്ടുകയില്ല.

എന്നാൽ കൊടുങ്കാറ്റിനുശേഷം നീ ധൈര്യം അവലംബിച്ചിരിക്കയാൽ എന്റെ അനുഗ്രഹമെന്ന വെളിച്ചത്തിൽ നീ വീണ്ടും ശക്തി പ്രാപിക്കും. എന്തുകൊണ്ടെന്നാൽ സമസ്തവും മുഴുവനായിട്ടു മാത്രമല്ല സമൃദ്ധിയായും ധാരാളമായും തിരിച്ചു തരുവാൻ ഞാൻ സമീപത്തുണ്ടെന്നു തിരുനാഥൻ അരുളിച്ചെയ്യുന്നു.

2. എനിക്കു പ്രയാസമുള്ളതായി വല്ലതുമുണ്ടോ? അഥവാ പറയുകയും പറഞ്ഞതനുസരിച്ചു പ്രവർത്തിക്കാതിരിക്കയും ചെയ്യുന്നവനെപ്പോലെയാണോ ഞാൻ?

നിന്റെ വിശ്വാസം എവിടെ? ധൈര്യത്തോടും സ്ഥിരതയോടുംകൂടെ നില്ക്കുക; ദീർഘക്ഷമയും ധൈര്യവുമുള്ളവനായിരിക്കുക; തക്ക സമയത്ത് ആശ്വാസം നിനക്കു ലഭിക്കും.

എന്നെ പ്രതീക്ഷിക്കുക; കാത്തിരിക്കുക. ഞാൻ വന്നു നിന്നെ സുഖമാക്കാം.

നിന്നെ വിക്ഷമിപ്പിക്കുന്നതു ഒരു പരീക്ഷയാണ്; നിന്നെ വിറപ്പിക്കുന്നതു വ്യർത്ഥമായ ഭയവുമാണ്.

വരാനിരിക്കുന്ന കാര്യങ്ങളെക്കുറിച്ചു ആകുലചിത്തനായിരുന്നാൽ ദുഃഖത്തിനു മേൽ ദുഃഖം ഉണ്ടാകുന്നതല്ലാതെ എന്തു പ്രയോജനം? അതതുദിവസത്തിനു അതതിന്റെ കഷ്ടതമതി.

പക്ഷേ ഒരിക്കലും സംഭവിക്കയില്ലാത്ത ഭവിഷ്യത്തുകളെക്കുറിച്ചു ദുഃഖിക്കുന്നതും സന്തോഷിക്കുന്നതും വ്യർത്ഥവും പ്രയോജനശൂന്യവുമായ കാര്യമാണ്.

3. എന്നാൽ ഈ മാതിരി സങ്കല്പങ്ങൾ മനുഷ്യനെ വഞ്ചിക്കുന്നതു സ്വാഭാവികമാണ്. അത്, ശത്രു തോന്നിക്കുന്നവയാൽ ഇത്ര എളുപ്പം ഇളകുന്ന ദുർബലമായ ഒരാത്മാവിന്റെ അടയാളമാണ്.

എന്തുകൊണ്ടെന്നാൽ സത്യമായവയോ അസത്യമായവയോ ഏതാണു നിന്നെ മയക്കിച്ചതിക്കാനുപയോഗിക്കുന്നതെന്നും, നിന്നെ തോല്പിക്കുന്നതു താല്ക്കാലികകാര്യങ്ങളോടുള്ള സ്നേഹമാണോ ഭാവിസംഗതികളെപ്പറ്റിയുള്ള ഭയമാണോ എന്നും ആ ശത്രു പരിഗണിക്കുന്നില്ല.

ആകയാൽ നിന്റെ ഹൃദയം കലങ്ങണ്ടാ, ഭയപ്പെടുകയും വേണ്ടാ.

എന്നിൽ വിശ്വസിക്ക; എന്റെ കരുണയിൽ ശരണം വെയ്ക്കുക.

നീ എന്നിൽനിന്നു വളരെ അകന്നാണെന്നു വിചാരിക്കുമ്പോൾ പലപ്പോഴും ഞാൻ വളരെ അടുത്താണ്.

എല്ലാം നശിച്ചുപോയെന്നു നീ വിചാരിക്കുമ്പോൾ മിക്കവാറും ഏറ്റവും വലിയ യോഗ്യതകൾ സമ്പാദിക്കാനുള്ള അവസരം നിനക്കുണ്ട്.

വിപരീതമായി എന്തെങ്കിലും സംഭവിച്ചാൽ എല്ലാം നഷ്ടപ്പെട്ടുപോയില്ല.

നിന്റെ അപ്പഴപ്പോഴുള്ള തോന്നലനുസരിച്ചു നീ ഒന്നും തീരുമാനിക്കരുത്; കഷ്ടപ്പാട് ഏതു വഴിക്കു വന്നാലും അതിൽനിന്നു രക്ഷപെടാനുള്ള ആശ മുഴുവൻ നഷ്ടപ്പെട്ടാലെന്നപോലെ നീ അതിനെ സ്വീകരിക്കരുത്.

4. നിനക്കു കൂടെക്കൂടെയുള്ള വല്ല കഷ്ടതകളും ഞാൻ വരുത്തുകയോ നീ ആഗ്രഹിച്ചിരുന്ന ആശ്വാസം പിൻവലിക്കയോ ചെയ്യാലും നിന്നെ ഞാൻ മുഴുവനായി ഉപേക്ഷിച്ചുകളഞ്ഞു എന്നു വിചാരിക്കരുത്. ഇങ്ങനെയാണു സ്വർഗ്ഗരാജ്യത്തെയ്ക്കു പോകുന്നതും.

എല്ലാം നിങ്ങളുടെ ഇഷ്ടംപോലെ ആകാതെ അനർത്ഥങ്ങൾ അനുഭവിച്ചു ശീലിക്കുന്നതു നിനക്കും എന്റെ മറ്റു ദാസന്മാർക്കും ഗുണകരമാണ്, സംശയമില്ല.

ഞാൻ നിന്റെ രഹസ്യവിചാരങ്ങളെ അറിയുന്നുണ്ട്. നിന്റെ ആത്മരക്ഷയ്ക്കു അതു വളരെ പ്രയോജനമുള്ളതുകൊണ്ടാണു ചില പ്പോൾ നിന്നെ അരോചകാവസ്ഥയിൽ വിടുന്നതു; അല്ലെങ്കിൽ ഒരു പക്ഷേ നിന്റെ സൗഭാഗ്യം മൂലം അഹങ്കരിച്ചു നിനക്കു ഇല്ലാത്തതുണ്ടെന്നു നിരൂപിച്ചു നീ നിന്നിൽ തന്നെ തൃപ്തിപ്പെടുവാൻ ആഗ്രഹിക്കും.

ഞാൻ തന്നിട്ടുള്ളതു യഥേഷ്ടം എടുത്തു കളകയോ വീണ്ടും തരികയോ ചെയ്യാൻ എനിക്കു കഴിയും.

5. ഞാൻ തരുമ്പോൾ അതു എന്റെ വകയാണു. ഞാൻ പിൻവലിക്കുമ്പോൾ നിന്റേതല്ല എടുത്തുകളയുന്നതു. എന്തുകൊണ്ടെന്നാൽ സകല നല്ല ദാനവും എല്ലാ പൂർണ്ണമായ ദാനവും ഉന്നതങ്ങളിൽനിന്നാകുന്നു.

ഞാൻ നിനക്കു വല്ല സങ്കടമോ അനർത്ഥമോ അയച്ചുതന്നാൽ നീ വ്യസനിക്കണ്ടാ, നിന്റെ ഹൃദയം നിരാശയിലകപ്പെടുകയുമരുതു.

നിനക്കുവേഗം മോചനം നൽകുവാനും ഭാരമെല്ലാം സന്തോഷമായി പകർത്തുവാനും എനിക്കു കഴിയും.

എങ്കിലും ഞാൻ നിന്നോടിങ്ങനെ ചെ

യ്യുമ്പോൾ ഞാൻ നീതിമാനും സൂതികൃ അത്യന്തം യോഗ്യനുമാണ്.

6. നീ ശരിയായി മനസ്സിലാക്കുകയും യഥാർത്ഥമായി ചിന്തിക്കയും ചെയ്യുന്നപക്ഷം യാതൊരനർത്ഥം നിമിത്തവും വലിയ നിരാശയിലും സമാധാനമില്ലായ്മയിലും അകപ്പെടരുതെന്നും, പ്രത്യുത സന്തോഷിക്കയും കൃതജ്ഞത പ്രദർശിപ്പിക്കയും ചെയ്യണമെന്നും നീ കാണും.

മാത്രമല്ല, നിന്നെ ഞാൻ ദുഃഖങ്ങളാൽ പീഡിപ്പിക്കുമ്പോൾ നിന്നെ ശിക്ഷിക്കാതെ വിടുന്നില്ലെന്നുള്ളതു ഒരു പ്രത്യേകമായ സന്തോഷകാരണമായി നീ പരിഗണിക്കണം.

പിതാവു എന്നെ സ്നേഹിച്ചതുപോലെ ഞാനും നിങ്ങളെ സ്നേഹിക്കുന്നു എന്നു ഞാൻ എന്റെ പ്രിയ ശിഷ്യന്മാരോടു പറഞ്ഞു. എന്നാൽ അവരെ ഞാൻ ലൗകികസന്തോഷങ്ങൾ അനുഭവിക്കാനല്ല അയച്ചതു; വലിയ യുദ്ധം ചെയ്യാനാണ്. ബഹുമാനങ്ങൾക്കായിട്ടല്ല, അവമാനങ്ങൾക്കായിട്ടാണു; മടിയായിരിക്കാനല്ല, അദ്ധ്വാനിക്കാനാണ്. ആശ്വാസിക്കാനല്ല, ക്ഷമകൊണ്ടു ധാരാളം ഫലം ഉളവാക്കാനാണ്. എന്റെ മകനേ, ഈ വാക്കുകളെ നീ ഓർത്തുകൊള്ളുക.

31-ാം അധ്യായം

സൃഷ്ടാവിനെ കണ്ടെത്തണം

ശിഷ്യൻ. തിരുനാഥാ, മനുഷ്യക്കോ മറ്റു സൃഷ്ടികൾക്കോ എന്നെ തടയാൻ കഴിയാത്ത ഇടത്തു ഞാൻ ചെന്നെത്തണമെങ്കിൽ എനിക്കു ഇനിയും ക്രൂടതലായ വരപ്രസാദം വളരെ ആവശ്യമാണ്.

എന്തെന്നാൽ ഏതെങ്കിലും വസ്തു എന്നെ പുറകോട്ടു പിടിക്കുന്നിടത്തോളംകാലം എനിക്കു നിന്നെ പക്കലേയ്ക്കു സ്വതന്ത്രമായി പറന്നെത്താൻ സാധിക്കയില്ല.

പ്രാവിനേപ്പോലുള്ള ചിറകുകൾ എനിക്കാരുതരും? എങ്കിൽ ഞാൻ പറന്നു ദൂരെപ്പോയി ആശ്വസിച്ചു പാർക്കുമായിരുന്നു എന്നു പറഞ്ഞയാളിനു് സ്വതന്ത്രമായി പറക്കാനാഗ്രഹമുണ്ടായിരുന്നു.

കപടമില്ലാത്ത കണ്ണിനേക്കാൾ ആശ്വാസം അനുഭവിക്കാൻ കഴിയുന്നതായി എന്തുണ്ടു്?

ഭൂമിയിലുള്ളതൊന്നും ആഗ്രഹിക്കാത്തവനേക്കാൾ സ്വതന്ത്രനായിരിക്കാൻ ആർക്കു കഴിയും?

ആകയാൽ സകല സൃഷ്ടികൾക്കുംമേൽ ഉയർന്നു തന്നെത്തന്നേ മുഴുവനായി ഉപേ

ക്ഷിച്ച് ആത്മപരവശതയിൽപെട്ട് സകലത്തിന്റെയും സ്രഷ്ടാവായ നിനക്കു തുല്യമായി സൃഷ്ടികളുടെയിടയിൽ ഒന്നുമില്ലെന്നു മനുഷ്യൻ കാണേണ്ടതാണ്.

ആകയാൽ ഒരു മനുഷ്യൻ എല്ലാ സൃഷ്ടികളിൽനിന്നും സ്വാതന്ത്ര്യം പ്രാപിക്കാതെ അവനു ദൈവകാര്യങ്ങളിൽ സ്വതന്ത്രമായി ശ്രദ്ധപതിയ്ക്കാൻ സാധിക്കയില്ല.

സൃഷ്ടികളിൽനിന്നും നശിച്ചുപോകുന്നവയിൽനിന്നും തങ്ങളെത്തന്നേ പൂർണ്ണമായി മാറ്റി നിറുത്താൻ അറിയാവുന്നവർ ചുരുക്കമാകയാലാണ് ധ്യാനനിഷ്ഠയുള്ളവർ വളരെ കുറച്ചുമാത്രമായിരിക്കുന്നത്.

2. ഇതിന് ആത്മാവിനെ മേലോട്ടുയർത്തി സ്നേഹപാരവശ്യത്തിൽ കൊണ്ടുചെല്ലുന്ന വലിയ വരപ്രസാദം ആവശ്യമാണ്.

ഒരു മനുഷ്യൻ ആത്മീയമായി ഉയർന്ന് എല്ലാ സൃഷ്ടികളിൽനിന്നും സ്വതന്ത്രനായി ദൈവത്തോടു പരിപൂർണ്ണമായി യോജിക്കാതിരുന്നാൽ അവൻ എത്ര പഠിച്ചറിഞ്ഞാലും എന്തെല്ലാം സമ്പാദിച്ചാലും അവയെല്ലാം നിസ്സാരങ്ങളാണ്.

ഏകവും, അളവില്ലാത്തതും, നിത്യവുമായ [illegible]നന്മയല്ലാതെ മറ്റു വല്ലതും വലുതാ

ണെന്നു വിചാരിക്കുന്നവൻ വളരെനാൾ നിസ്സാരനായി നിലത്തു കിടന്നിഴയും.

ദൈവമല്ലാത്തതെല്ലാം ഇല്ലായ്മയാണ്, അതിനെ ഇല്ലായ്മയായി ഗണിക്കയും വേണം.

ദൈവവെളിവും ഭക്തിയുമുള്ള ഒരാളിന്റെ ജ്ഞാനവും പഠനമുള്ളവനും ഉത്സാഹിയുമായ ഒരു ശാസ്ത്രിയുടെ വിജ്ഞാനവും, തമ്മിൽ വലിയ വ്യത്യാസമുണ്ട്.

ദൈവപ്രേരണയാൽ മുകളിൽനിന്നു പുറപ്പെടുന്ന ജ്ഞാനം, വളരെ പരിശ്രമിച്ചു മനുഷ്യബുദ്ധികൊണ്ടു സമ്പാദിക്കുന്ന വിജ്ഞാനത്തെക്കാൾ ശ്രേഷ്ഠമാകുന്നു.

3. ധ്യാനം ആഗ്രഹിക്കുന്നവർ വളരെയുണ്ട്; പക്ഷേ അതു സമ്പാദിക്കാനാവശ്യമുള്ള കായ്ക്കങ്ങൾ നിവൃത്തിക്കാൻ അവർ ശ്രമിക്കുന്നില്ല.

നാം അടയാളങ്ങളിലും പുറമേയുള്ള ഭാവങ്ങളിലും ആശ്രയിക്കുന്നതും പൂർണ്ണമായ ആശയടക്കത്തെപ്പറ്റി ശ്രദ്ധിക്കാതിരിക്കുന്നതും വലിയ പ്രതിബന്ധമാണ്.

നാം ആത്മീയ കായ്ക്കങ്ങളിൽ താല്പര്യമുള്ളവരാണെന്നാണു മറ്റുള്ളവർക്കു തോന്നുന്നത്. എന്നാൽ കടന്നുപോകുന്നതും നിസ്സാരവുമായ കായ്ക്കങ്ങളെക്കുറിച്ച് ഇത്രമാത്രം കഷ്ടപ്പെടുകയും ഇത്രവളരെ ആകുലചിന്തരായാ

ടിരിക്കയും നമ്മുടെ ആഭ്യന്തരകാര്യങ്ങളെ ക്കുറിച്ചു കണ്ടറിച്ചു ചിലപ്പോൾമാത്രം പൂർണ്ണമായ ഏകാഗ്രതയോടെ ചിന്തിക്കയും ചെയ്യുന്നതു എന്തുകൊണ്ടാണെന്നോ ഇതിനു നമ്മെ പ്രേരിപ്പിക്കുന്ന മനഃസ്ഥിതി എന്താണെന്നോ ഇതിൽ നാം എന്തു ഭാവിക്കുന്നെന്നോ എനിക്കറിഞ്ഞുകൂടാ.

4. കഷ്ടം! അല്പനേരം ബോധം അടങ്ങിയിരുന്നശേഷം നാം പെട്ടെന്നു വീണ്ടും വെളിയിലേയ്ക്കു പോകുന്നു; നമ്മുടെ പ്രവൃത്തികളെ നിഷ്കൃഷ്ടയോടെ തുക്കിനോക്കുന്നുമില്ല.

നമ്മുടെ ആസക്തികൾ എവിടെ കിടക്കുന്നു എന്നും ശ്രദ്ധിക്കുന്നില്ല. അവ എത്ര അശുദ്ധമായിരിക്കുന്നു എന്നു നാം സങ്കടപ്പെടുന്നുമില്ല.

"സകല ജഡവും ഭൂമിയിൽ തന്റെ വഴി വഷളാക്കി. ആകയാൽ വലിയ ജലപ്രളയം വരികയും ചെയ്തു."

ആകയാൽ നമ്മുടെ ആഭ്യന്തരാസക്തി വളരെ ദുഷിച്ചുപോകുമ്പോൾ അതിൽനിന്നു പുറപ്പെടുന്ന നമ്മുടെ പ്രവൃത്തികളും വഷളായിരിക്കേണ്ടതാവശ്യമാണ്; ഈ വഷളത്തം ആന്തരികമായ ശക്തി ഇല്ലാത്തതിന്റെ ഒരടയാളമാകുന്നു.

നിർമ്മലമായ ഹൃദയത്തിൽ നിന്നു നല്ല ജീവിതം എന്ന ഫലം പുറപ്പെടുന്നു.

5. ഒരു മനുഷ്യൻ എത്രയധികം പ്രവർത്തിച്ചു എന്നു അന്വേഷിക്കാറുണ്ട്. എന്നാൽ എത്രമാത്രം പുണ്യമായി പ്രവർത്തിച്ചു എന്നു അത്ര ശ്രദ്ധയോടെ ആലോചിക്കാറില്ല.

അവൻ ശക്തനോ സമ്പന്നനോ, സുന്ദരനോ സമർത്ഥനോ, നല്ല എഴുത്തുകാരനോ, നല്ല പാട്ടുകാരനോ, നല്ല അദ്ധ്യാനിയോ എന്നന്വേഷിക്കാറുണ്ട്. അവൻ ഹൃദയത്തിൽ എത്ര ദരിദ്രനെന്നോ, എത്ര ക്ഷമയും സൗമ്യതയും ഉള്ളവനെന്നോ, എത്ര ഭക്തനും ആത്മീയകാര്യങ്ങളിൽ ശ്രദ്ധയുള്ളവനും എന്നോ പലരും മിണ്ടാറില്ല.

പ്രകൃതി മനുഷ്യന്റെ ബാഹ്യാവസ്ഥയെപ്പറ്റി ശ്രദ്ധിക്കുന്നു; ദൈവവരപ്രസാദം ആത്മീയമായവയെ നോക്കുന്നു.

പ്രകൃതി പലപ്പോഴും തെറ്റിലകപ്പെടുന്നു. വരപ്രസാദം വഞ്ചനയിൽ അകപ്പെടാതിരിക്കാനായി ദൈവത്തിൽ ശരണപ്പെടുന്നു.

32-ാം അധ്യായം

ധനമോഹ വജ്ജനം

മിശിഹാ. മകനേ, നീ നിന്നെത്തന്നേ മുഴുവനായി ത്യജിക്കാതെ നിനക്കു പരിപൂർണ്ണമായ സ്വാതന്ത്ര്യം പ്രാപിക്കാൻ സാധിക്കയില്ല.

തൻകാര്യക്കാരായി തങ്ങളെമാത്രം സ്നേഹിക്കുന്നവരെല്ലാവരും, അത്യാഗ്രഹികളും കൌതുകപ്രിയന്മാരും, ചുറ്റി നടപ്പുകാരും തങ്ങളുടെ കാലുകളിൽ ചങ്ങല ഉള്ളവരുമാണു്. അവർ അവരുടെ സുകൃത്യമല്ലാതെ ഈശോമിശിഹായുടെ കാര്യങ്ങളെ അന്വേഷിക്കയില്ല. എന്നാൽ പലപ്പോഴും നിലനില്ക്കാത്തവയെ അവർ നിർദ്ദേശിക്കയും ശുപവല്ക്കരിക്കയും ചെയ്യുന്നു.

എന്തെന്നാൽ ദൈവത്തിൽനിന്നുത്ഭവിക്കാത്തതെല്ലാം നശിക്കും.

എല്ലാം ഉപേക്ഷിക്കുക; എന്നാൽ നിനക്കു സ്വർഗ്ഗവും കിട്ടും. അത്യാഗ്രഹം വെടിയുക; എന്നാൽ നീ സമാധാനം കണ്ടെത്തും എന്ന ചുരുങ്ങിയതും പരിപൂർണ്ണവുമായ വാക്യത്തെ സ്ഥിരമായി സ്വീകരിച്ചുകൊള്ളുക.

ഇതിനെക്കുറിച്ചു ചിന്തിക്കുക, ഇതുപോ

ലെ പ്രവൃത്തിക്കുമ്പോൾ നിനക്കു സകല കാ
ര്യങ്ങളും മനസ്സിലാകും.

ശിഷ്യൻ. തിരുനാഥാ, ഇതു ഒരു ദിവസ
ത്തെ വേലയല്ല, കുട്ടികളുടെ കളിയുമല്ല.
എന്നു വേണ്ടാ, ഈ ചുരുങ്ങിയ വാക്യത്തിൽ
സന്യാസികളുടെ പരിപൂർണ്ണത മുഴുവനും
അടങ്ങിയിരിക്കുന്നു.

മിശിഹാ. 2. മകനേ, പരിപൂർണ്ണരായ
വരുടെ ജീവിതരീതി എന്തെന്നു കേൾക്കു
മ്പോൾ നീ പുറകോട്ടു തിരിയരുത്, പെട്ടെ
ന്നു നിരാശനാകയും ചെയ്യരുത്; പ്രത്യുത,
വലിയ കാര്യങ്ങൾ ചെയ്വാൻ അതു ഒരു
പ്രേരണയായിരിക്കട്ടെ; ചുരുങ്ങിയപക്ഷം
അവയെ അത്യന്തം താല്പര്യത്തോടെ ആഗ്ര
ഹിക്കാനെങ്കിലും ഇടയാകട്ടെ.

നീ നിന്റെ സ്വസ്നേഹം ഉപേക്ഷിച്ച്
എന്റെയും നിന്റെ മേലധികാരിയായി
ഞാൻ നിയമിച്ചിരിക്കുന്ന പിതാവിന്റെയും
കല്പനകൾ പൂർണ്ണമായി അനുസരിക്കത്തക്ക
നിലയിൽ എത്തിയിരുന്നെങ്കിൽ എനിക്കു വ
ളരെ സന്തോഷമായിരുന്നേനേ; നിന്റെ
ജീവിതകാലം മുഴുവൻ നീ സന്തോഷത്തി
ലും സമാധാനത്തിലും കഴിഞ്ഞുകൂടുകയും
ചെയ്യേനേ.

നീ ഉപേക്ഷിയ്ക്കേണ്ടതായി ഇനിയും

ഒട്ടു വളരെ കാര്യങ്ങളുണ്ട്. അവയെല്ലാം നീ മുഴുവനായി എന്നെ ഏല്പിക്കാത്തപക്ഷം നീ ആഗ്രഹിക്കുന്നതു സാധിക്കയില്ല.

നീ ധനവാനാകേണ്ടതിനു അഗ്നിയിൽ ശോധന ചെയ്ത സ്വർണ്ണം വാങ്ങുവാൻ ഞാൻ നിന്നോടുപദേശിക്കുന്നു. താഴെ ഉള്ളതെല്ലാം കാലുകൊണ്ടു ചവിട്ടിമെതിക്കുന്ന സ്വർഗ്ഗീയ ജ്ഞാനമത്രേ ഇത്.

ലൌകികവിജ്ഞാനം നിസ്സാരമായി വിചാരിക്ക; അതായത് മനുഷ്യരെയും നിന്നെത്തന്നെയും പ്രസാദിപ്പിക്കുന്നവയെല്ലാം നിസ്സാരമാണ്.

3. മനുഷ്യകാര്യങ്ങളിൽ ഏറ്റവും വിലയേറിവയും ശ്രേഷ്ഠമായവയും പകരം നിന്ദ്യമായവയെ വാങ്ങണമെന്നു നിന്നോടു ഞാൻ പറഞ്ഞല്ലോ.

എന്തെന്നാൽ തന്നെത്താൻ വലിയവനെന്നു വിചാരിക്കയോ ഭൂമിയിൽ മഹത്വം കിട്ടണമെന്നാഗ്രഹിക്കയോ ചെയ്യാത്ത നേരായ സ്വർഗ്ഗീയജ്ഞാനം വളരെ ഹീനവും അല്പവും മനുഷ്യർ മിക്കവാറും മറന്നുകളയുന്നതുമായിട്ടാണ് സാധാരണ കാണുന്നത്. അതിനെ പലരും വായ്കൊണ്ടുമാത്രം പ്രശംസിക്കുന്നു. എന്നാൽ അവരുടെ ജീവിതത്തിൽ അവർ അതിൽനിന്നു വളരെ അക

ന്നിരിക്കുന്നു. എന്നുവരികിലും പലരിൽനിന്നും മറഞ്ഞിരിക്കുന്ന വിലയേറിയ മുത്ത് അതു തന്നേയാണ്.

33-ാം അധ്യായം

ഹൃദയചാപല്യം

മിശിഹാ. മകനേ നിന്റെ ഇപ്പോഴത്തെ വികാരത്തെ വിശ്വസിക്കരുത്. അത് ക്ഷണം മറ്റൊന്നായി മാറിപ്പോകും.

നീ ജീവിക്കുന്നിടത്തോളംകാലം, നിനക്കു മനസ്സിലെങ്കിലും, നീ മാറ്റങ്ങൾക്കു കീഴ്പ്പെടേണ്ടിവരും. അതിനാൽ നീ ഒരിക്കൽ സന്തോഷമുള്ളവനും മറ്റൊരിക്കൽ ദുഃഖമുള്ളവനും, ഒരിക്കൽ സമാധാനമുള്ളവനും മറ്റൊരിക്കൽ മനസ്സു കലങ്ങിയവനും, ഒരിക്കൽ ഭക്തിയുള്ളവനും മറ്റൊരിക്കൽ ഭക്തിയില്ലാത്തവനും, ഒരിക്കൽ ഉത്സാഹിയും മറ്റൊരിക്കൽ അലസനും, ഒരിക്കൽ ഗൗരവമുള്ളവനും മറ്റൊരിക്കൽ ചാപല്യമുള്ളവനുമായിരിക്കും.

എന്നാൽ ബുദ്ധിയും ആദ്ധ്യാത്മികമായ അഭ്യാസവുമുള്ളവൻ ഈ മാറ്റങ്ങൾക്കു കീഴ്പ്പെടാതെ നില്ക്കുന്നു; തന്റെ സ്വന്തം

വികാരങ്ങളെക്കുറിച്ചോ അസ്ഥിരതയാകുന്ന കാറ്റു ഏതു വശത്തേയ്ക്കു ഊതുന്നുവെന്നോ ശ്രദ്ധിക്കാതെ അവന്റെ മനസ്സിന്റെ ശ്രദ്ധ മുഴുവനും ആവശ്യമുള്ളതും അഗ്രഹിക്കുന്നതുമായ സാദ്ധ്യത്തിലേയ്ക്കു പുരോഗമിക്കുന്നതിനായി ഉത്സാഹിച്ചുകൊണ്ടിരിക്കും.

എങ്ങനെയെന്നാൽ ഇപ്രകാരം പല വിധ സംഭവങ്ങൾക്കിടയിൽ അവന്റെ പരമാത്മമായ ഉദ്ദേശമെന്ന കണ്ണ് എന്റെ നേക്കു സദാ തിരിച്ചുകൊണ്ട് ഒരിക്കലും ഇളകാതെ അവൻ എങ്ങനെ ആയിരുന്നോ അതുപോലെ യാതൊരു മാറ്റവുമില്ലാത്തവനായി എപ്പോഴും പ്രവർത്തിക്കുവാൻ അവനു സാധിക്കും.

2. ഉദ്ദേശം എന്ന കണ്ണ് എത്ര പരിശുദ്ധമാണോ. അതുയും സ്ഥിരതയോടെ പലവിധമായ കൊടുങ്കാറ്റുകളുടെ ഇടയിൽക്കൂടി കടന്നുപോകാം.

എന്നാൽ പലരിലും ശുദ്ധോദ്ദേശം എന്ന കണ്ണ് ഇരുണ്ടാണിരിക്കുന്നത്. എന്തെന്നാൽ മനുഷ്യർ അവരുടെ വഴിയേവരുന്ന രസകരമായവയിലേയ്ക്കു എളുപ്പം തിരിയും; സ്വാർത്ഥത എന്ന കറയിൽനിന്നു മുഴുവനായി സ്വതന്ത്രനായ ഒരാളെ കാണുന്നതു വളരെ ദുർല്ലഭമാണ്.

പണ്ടു യൂദന്മാർ ബെഥനിയായിൽ മത്തായുടെയും മറിയത്തിന്റെയും പക്കൽവന്നു. അത് ഈശോയെ കാണുന്നതിനുമാത്രമല്ലായിരുന്നു, ലാസറിനെക്കൂടെ കാണണം എന്നുള്ള ഉദ്ദേശവും അവർക്കുണ്ടായിരുന്നു.

ആകയാൽ ഉദ്ദേശമെന്ന ദൃഷ്ടി പരമാർത്ഥവും ചൊവ്വുള്ളതും ആയിരിക്കാൻവേണ്ടി അതിനെ ശുദ്ധീകരിച്ച് ഇടയിൽ വരാവുന്ന എല്ലാ വസ്തുക്കളെയും കടന്ന് എന്നിലേയ്ക്കു തിരിച്ചുവിടണം

34-ാം അധ്യായം

ദൈവത്തിലിൻപം

ശിഷ്യൻ. ഇതാ എന്റെ ദൈവവും എന്റെ സമസ്തവും! ഇതിൽ കൂടുതലായി എനിക്കെന്തുവേണം? ഇതിനേക്കാൾ കൂടുതൽ ഭാഗ്യകരമായി എനിക്ക് എന്താഗ്രഹിക്കാൻ കഴിയും?

ഓ! മധുരവും രുചികരവുമായ വാക്ക്! എന്നാൽ വചനത്തെ സ്നേഹിക്കുന്നവനുമാത്രമാണ്; ലോകത്തെയും ലോകത്തിലുള്ളവയെയും സ്നേഹിക്കുന്നവനല്ല.

എന്റെ ദൈവം എന്റെ സമസ്തവും!

ബുദ്ധിയുള്ളവനു ഇപ്പറഞ്ഞതു ധാരാളം മതി; ക്രൂടെക്കൂടെ ആവർത്തിക്കുന്നതു സ്നേഹിക്കുന്നവനു ഇൻപമുള്ളതുമാണു്.

എന്തെന്നാൽ നീ സന്നിഹിതനായിരിക്കുമ്പോൾ എല്ലാം ഇൻപമുള്ളതാണു്; നീ സന്നിഹിതനല്ലെങ്കിൽ എല്ലാം വെറുപ്പുതോന്നിക്കുന്നു.

നീ ഹൃദയത്തെ വിശ്രമിപ്പിക്കയും അതിനു വലിയ സമാധാനവും അത്യധികമായ ആനന്ദവും നൽകുകയും ചെയ്യുന്നു.

സഹ്കാര്യ്യങ്ങളെയും സംബന്ധിച്ചു ഞങ്ങൾ നന്നായി വിചാരിക്കുന്നതിനും സഹ്കാര്യ്യങ്ങളിലും നിന്നെ സ്തുതിക്കുവാനും നീ ഇടയാക്കുന്നു. നിന്നെക്കൂടാതെ യാതൊന്നിനും നീണ്ടുനില്ക്കുന്ന സന്തോഷം തരാനും സാധിക്കയില്ല. എന്നാൽ വല്ലതും ഞങ്ങൾക്കു് ഇഷ്ടകരവും രസജനകവുമാകണമെങ്കിൽ നിന്റെ ദിവ്യവരം ഉണ്ടായി നിന്റെ ജ്ഞാനത്തിന്റെ രസത്താൽ അതിനെ രുചിയുള്ളതാക്കയും ചെയ്യണം.

2. നിന്നിൽ രസം തോന്നുന്നവനു എന്താണു ശരിയായി രസിക്കാത്തതു്?

നിന്നിൽ രസം തോന്നാത്തവനു് എന്തുരസമാണു് ഉണ്ടാകാൻ കഴിയുന്നതു്?

എന്നാൽ ഈ ലോകത്തിലെ വിജ്ഞാ

നികളിലും ജഡികമായ വസ്തുക്കളെ സ്നേഹിക്കുന്നവരിലും നിന്നെപ്പറ്റിയുള്ള ജ്ഞാനം ക്ഷയിച്ചുപോകുന്നു. എന്തുകൊണ്ടെന്നാൽ ലോകത്തിൽ വലിയ മായയും ജഡത്തിൽ മരണവുമാണു കാണുന്നത്.

എന്നാൽ ലൌകികവസ്തുക്കളെ വെറുത്ത് ജഡത്തെ നിഗ്രഹിച്ച് നിന്നെ അനുഗമിക്കുന്നവർ വാസ്തവത്തിൽ ജ്ഞാനികളാണെന്നു ഞങ്ങൾക്കറിയാം. എന്തെന്നാൽ അവർ മായയിൽനിന്നു സത്യത്തിലേയ്ക്കും ജഡത്തിൽനിന്നു ആത്മാവിലേയ്ക്കുമാണു കടന്നുപോകുന്നത്.

അവർ ദൈവത്തെ ആസ്വദിക്കുന്നു. സൃഷ്ടികളിൽ കാണുന്ന നന്മയെല്ലാം അവർ തങ്ങളുടെ സ്രഷ്ടാവിന്റെ സ്തുതിക്കായി വിനിയോഗിക്കുന്നു.

എങ്കിലും സ്രഷ്ടാവിന്റെയും സൃഷ്ടിയുടെയും സ്വാദുകൾക്കും, നിത്യത്വത്തിന്റെയും കാലത്തിന്റെയും സ്വാദുകൾക്കും, ഒരുത്തരും സൃഷ്ടിക്കാത്ത പ്രകാശത്തിന്റെയും മനുഷ്യനുണ്ടാക്കിയ പ്രകാശത്തിന്റെയും സ്വാദുകൾക്കും തമ്മിൽ വലുതായ– വളരെ വലുതായ– വ്യത്യാസമുണ്ട്.

3. ഹാ! സൃഷ്ടിയിലുള്ള സകല വെളിച്ചങ്ങളെയും പിന്നിലാക്കുന്ന നിത്യപ്രകാ

ശമേ! എന്റെ ഹൃദയത്തിന്റെ അടിത്തട്ടിലും പ്രവേശിക്കത്തക്കവണ്ണം നിന്റെ പ്രകാശത്തെ മിന്നിക്കണമേ.

എന്റെ ആത്മാവു അതിന്റെ ശക്തികളോടുകൂടെ ആനന്ദപാരവശ്യത്തിൽ നിന്നോടുകൂടെ ഒന്നിക്കുന്നതിനായി അതിനെ വിശുദ്ധീകരിച്ചു സന്തോഷിപ്പിച്ചു പ്രകാശിപ്പിച്ചു ജീവിപ്പിക്കണമേ.

നിന്റെ സാന്നിദ്ധ്യത്താൽ എന്നെ തൃപ്തനാക്കി നീ എനിക്കു എല്ലാത്തിലും എല്ലാം ആയിരിക്കാനുള്ള ഭാഗ്യപൂർണ്ണവും ആഗ്രഹിക്കത്തക്കതുമായ സമയം എപ്പോൾ വരും?

ഇത് കിട്ടാത്തിടത്തോളംകാലം എന്റെ സന്തോഷം പൂർണ്ണമായിരിക്കയില്ല.

ഓ! കഷ്ടം, പഴയ മനുഷ്യൻ ഇപ്പോഴും എന്നിൽ ജീവിക്കുന്നു; അവനെ പൂർണ്ണമായി കുരിശിൽ തറച്ചിട്ടില്ല; അവൻ പൂർണ്ണമായി മരിച്ചിട്ടുമില്ല.

അവൻ ഇപ്പോഴും ആത്മാവിന് എതിരായി ശക്തിയായ ദുർമ്മോഹങ്ങളെ ജനിപ്പിക്കുന്നു, അവൻ എന്റെ ഉള്ളിൽ യുദ്ധം നടത്തുന്നു, ആത്മാവിന്റെ രാജ്യത്തു സമാധാനം ഉണ്ടായിരിക്കാൻ സമ്മതിക്കുന്നുമില്ല.

4. എന്നാൽ സമുദ്രത്തിന്റെ ശക്തിയെ ഭരിക്കയും അതിലെ തിരകളുടെ ഇളക

ത്തെ ശമിപ്പിക്കയും ചെയ്യുന്ന നീ എഴുന്നേ
റ്റു എന്നെ സഹായിക്കണമേ.

യുദ്ധപ്രിയന്മാരായ ജാതികളെ ചിത
റിക്കണമേ, നിന്റെ ശക്തിയാൽ അവരെ
തകർത്തുകളയണമേ.

നിന്റെ അത്ഭുതങ്ങളെ കാണിച്ചു നി
ന്റെ വലങ്കൈ മഹിമപ്പെട്ടതണമേ എന്നു
ഞാൻ പ്രാർത്ഥിക്കുന്നു.

എന്തുകൊണ്ടെന്നാൽ എന്റെ ദൈവ
മായ കർത്താവേ, നിന്നിലല്ലാതെ എനിക്കു
വേറെ പ്രത്യാശയോ സങ്കേതമോ ഇല്ല.

35-ാം അധ്യായം

പ്രലോഭനങ്ങൾ

മിശിഹാ. മകനേ, ഈ ജീവിതത്തിൽ
നിനക്ക് ഒരിക്കലും അപകടമില്ലാത്ത നില
യിൽ എത്താൻ സാധിക്കയില്ല; നീ ജീവി
ച്ചിരിക്കുന്ന കാലമെല്ലാം നിനക്ക് ആത്മീയ
മായ ആയുധങ്ങൾ എപ്പോഴും ആവശ്യ
മാണ്.

നീ ശത്രുക്കളുടെ നടുവിൽ ജീവിക്കു
ന്നു, വലത്തുനിന്നും ഇടത്തുനിന്നും അവർ
നിന്നെ ആക്രമിക്കും.

ആകയാൽ നീ എല്ലാഭാഗത്തും ക്ഷമയാകുന്ന പരിശ ഉപയോഗിക്കുന്നില്ലെങ്കിൽ മുറിവു പറാതെ ഇരിക്കാൻ ഏറെക്കാലത്തേയ്ക്കു സാധിക്കയില്ല.

ക്രൂടാതെയും എന്നെപ്രതി എല്ലാം സഹിക്കുവാനുള്ള പരമാത്മമായ മനസ്സോടുകൂടെ നീ നിന്റെ ഹൃദയത്തെ എന്നിൽ സമർപ്പിക്കാത്തപക്ഷം ഈ യുദ്ധത്തിന്റെ ഉഗ്രതയെ സഹിക്കാനോ ഭാഗ്യവാന്മാരുടെ വിജയമഹിമം പ്രാപിക്കുവാനോ നിനക്കു സാധിക്കയില്ല.

ആകയാൽ ധൈര്യപൂർവ്വം എല്ലാം കടന്നു നിന്നെ തടുക്കുന്നവയ്ക്കു എതിരായി ശക്തിയുള്ള കൈ പ്രയോഗിക്കയും വേണം.

എന്തുകൊണ്ടെന്നാൽ വിജയം പ്രാപിക്കുന്നവനു മന്നാ ലഭിക്കും, അലസനു വളരെ അരിഷ്ടതകളായിരിക്കും ശേഷിക്കുന്നത്.

2. നീ ഈ ജീവിതത്തിൽ വിശ്രമം അനേഷിക്കുന്നെങ്കിൽ നിത്യമായ വിശ്രമം നീ എങ്ങനെ പ്രാപിക്കും?

വലിയ വിശ്രമത്തിനല്ല വലിയ ക്ഷമയ്ക്കാണ് നീ ഒരുങ്ങാനുള്ളത്.

യഥാർത്ഥമായ സമാധാനം അനേഷിക്ക, എന്നാൽ അതു ഭൂമിയിലല്ല, സ്വർഗ്ഗത്തി

ലാണ്; മനുഷ്യരിലോ മറ്റു സൃഷ്ടികളിലോ അല്ല ദൈവത്തിൽ മാത്രമാണ്.

ദൈവസ്നേഹത്തെപ്രതി എല്ലാം, അതായതു അദ്ധ്വാനങ്ങളും സങ്കടങ്ങളും, പ്രലോഭനങ്ങളും അസഹ്യതകളും, ആകുലചിന്തകളും, ആവശ്യങ്ങളും, അവശതകളും, ഉപദ്രവങ്ങളും, ദൂഷണങ്ങളും, ശകാരങ്ങളും, നിന്ദയും, ലജ്ജയും, ശിക്ഷയും, അവമാനവും നീ സന്തോഷപൂർവ്വം സഹിക്കണം.

ഇവ പുണ്യം സമ്പാദിപ്പാനുപകരിക്കുന്നു; ഇവ മിശിഹായുടെ നവസന്യാസിയെ പരീക്ഷിക്കയും സ്വർഗ്ഗീയ കിരീടം പണിതു പൂർത്തിയാക്കയും ചെയ്യുന്നു.

അല്പമായ വേലയ്ക്കു പകരം നിത്യസമ്മാനവും, താല്ക്കാലികമായ അവമാനങ്ങൾക്കു പകരം അളവില്ലാത്ത മഹിമയും ഞാൻ നിനക്കു നൽകും.

3. നിന്റെ ഇഷ്ടംപോലെ എന്നും ആത്മീയാശ്വാസങ്ങൾ ഉണ്ടായിരിക്കുമെന്നാണോ നീ വിചാരിക്കുന്നത്?

എന്റെ പുണ്യവാന്മാർക്കു എല്ലാപ്പോഴും ആശ്വാസങ്ങൾ ഉണ്ടായിരുന്നില്ല. പ്രത്യുത, വളരെ കഷ്ടതകളും വിവിധ പ്രലോഭനങ്ങളും വലിയ മനക്കലക്കങ്ങളുമാണ് അവർക്കുണ്ടായിരുന്നത്.

എന്നാൽ എല്ലാം ക്ഷമാപൂർവ്വം സഹിക്കയും തങ്ങളെക്കാൾ ദൈവത്തെ അവർ അധികം ആശ്രയിക്കയും ചെയ്തു. ഇക്കാലത്തെപ്പീഡകൾ നമ്മിൽ വെളിപ്പെടുത്തുവാനിരിക്കുന്ന മഹത്വത്തിനു തുല്യമല്ല എന്നു അവർക്കു അറിയാമായിരുന്നു.

അനേകർ വളരെ കണ്ണുനീർ തൂകി, അധികമായി അദ്ധ്വാനിച്ചു കഷ്ടപ്പെട്ടു സമ്പാദിച്ചത് നിനക്കു പെട്ടെന്നു കിട്ടണമെന്നാണോ നിന്റെ ആഗ്രഹം?

തിരുനാഥനെ പ്രതീക്ഷിക്ക, ധൈര്യപൂർവ്വം പ്രവർത്തിക്ക; ഉറപ്പായിരിക്കയും ചെയ്ക. നിരാശനാകരുത്, പിന്മാറുകയുമരുത്, ആത്മാവിനെയും ശരീരത്തെയും ദൈവസ്തുതിക്കായി നിരന്തരം പ്രതിഷ്ഠിക്ക.

ഞാൻ ധാരാളം സമ്മാനം തരും. എല്ലാ ഞെരുക്കങ്ങളിലും ഞാൻ നിന്റെകൂടെ ഉണ്ടായിരിക്കും.

36-ാം അധ്യായം

വ്യർത്ഥമായ വിധികൾ

മിശിഹാ. മകനേ, നിന്റെ ഹൃദയം തിരുനാഥനിൽ സ്ഥിരമായി പ്രതിഷ്ഠിക്ക. നിന്റെ മനസ്സാക്ഷി നിന്നെപ്രതി ഭക്തനും

കുറ്റമില്ലാത്തവനാണെന്ന് സാക്ഷ്യപ്പെടുത്തുമ്പോൾ മനുഷ്യവിധിയെ ഭയപ്പെടണ്ടാ.

ഇപ്രകാരം സഹിക്കുന്നതു നല്ലതും ഭാഗ്യമുള്ളതുമാകുന്നു, എളിമയോടുകൂടിയ ഹൃദയമുള്ളവനും തന്നെത്തന്നേ ആശ്രയിക്കുന്നതിനെക്കാൾ അധികം ദൈവത്തെ ആശ്രയിക്കുന്നവനും ഇതു പ്രയാസമായിരിക്കയില്ല.

പലരും പലവിധത്തിൽ പറയും; അതുകൊണ്ടു അവയെ അത്ര വിശ്വസിക്കണ്ടാ.

എന്നാൽ എല്ലാവരെയും തൃപ്തിപ്പെടുത്താൻ സാദ്ധ്യമല്ല.

വി. പൗലോസ് തിരുനാഥനിൽ എല്ലാവരെയും തൃപ്തിപ്പെടുത്താൻ ശ്രമിക്കയും എല്ലാവക്കും എല്ലാം ആയിത്തീരുകയും ചെയ്തെങ്കിലും മനുഷ്യർ അദ്ദേഹത്തെപ്പറ്റി കല്പിച്ച വിധികളെ അദ്ദേഹം അത്ര ഗണ്യമാക്കിയിരുന്നില്ല.

2. മറുള്ളവരുടെ നല്ല ദൃഷ്ടാന്തത്തിനും രക്ഷയ്ക്കുംവേണ്ടി അദ്ദേഹം കഴിവുള്ളിടത്തോളം പരിശ്രമിച്ചു. എന്നാവരികിലും മറുള്ളവർ ചിലപ്പോഴൊക്കെ അദ്ദേഹത്തെ കുറ്റം വിധിക്കയും നിന്ദിക്കയും ചെയ്തിരുന്നതു തടയുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല.

ആകയാൽ എല്ലാം അറിഞ്ഞിരിക്കുന്ന

ദൈവത്തിനു സമസ്തവും സമർപ്പിച്ച് ക്ഷമ കൊണ്ടും എളിമകൊണ്ടുമാണു ദുഷ്ടതകൾ സംസാരിച്ചിരുന്നവരുടെ നാവിൽനിന്നും, വ്യർത്ഥതയും അസത്യവും ചിന്തിച്ച് തങ്ങളുടെ ഇഷ്ടംപോലെ എന്തും പറഞ്ഞു നടത്തിയിരുന്നവരിൽനിന്നും അദ്ദേഹം തന്നെത്താൻ രക്ഷിച്ചത്.

എന്നാൽ ബലഹീനർക്കു തന്റെ മേൽ നാമൂലം ഇടർച്ച നേരിടാതിരിക്കാനായി ചിലപ്പോൾ മറുപടി പറകയും ചെയ്തു.

3. മരണമുള്ള മനുഷ്യനെ ഭയപ്പെടാൻ നീ ആര്? അവൻ ഇന്നുണ്ട്; നാളെ ഇല്ല.

ദൈവത്തെ ഭയപ്പെടുക. എന്നാൽ നീ മനുഷ്യരുടെ ഭീഷണികളെ ഭയപ്പെടുകയില്ല.

ഒരു മനുഷ്യന് അവന്റെ വാക്കുകളും ഉപദ്രവങ്ങളുംകൊണ്ടു നിന്നോടു എന്തു ചെയ്യാൻ സാധിക്കും?

അവൻ നിനക്കെന്നതിനെക്കാൾ തനിക്കുതന്നെയാണ് ഉപദ്രവം ചെയ്യുന്നത്; അവൻ ആരാണെങ്കിലും ദൈവത്തിന്റെ വിധിയിൽനിന്നു രക്ഷപെടാൻ അവനു സാധിക്കയുമില്ല.

ദൈവം നിന്റെ കണ്ണുകളുടെ മുൻ

പിൽ ഉണ്ടായിരിക്കട്ടെ. ആവലാതി പറഞ്ഞു തക്കിക്കരുത്.

തല്ക്കാലം നീ തോറെന്നും നീ അനുഭവിക്കേണ്ടാത്ത അവമാനം സഹിക്കുന്നെന്നും വന്നാൽ അതുകൊണ്ടു കോപിച്ചു നിന്റെ ക്ഷമകേടിനാൽ നിന്റെ കിരീടത്തിനു കുറവു വരുത്തരുത്. പ്രത്യുത, സ്വർഗ്ഗത്തിൽ എന്റെ അടുക്കലേയ്ക്കു നിന്റെ ദൃഷ്ടി തിരിക്കുക. എല്ലാ അപമാനങ്ങളിലും ഉപദ്രവങ്ങളിലും നിന്നു മോചിക്കാനും ഓരോരുത്തനും അവനവന്റെ പ്രവൃത്തികളനുസരിച്ചു പ്രതിഫലം കൊടുക്കാനും എനിക്കു ശക്തിയുണ്ട്.

37-ാം അധ്യായം

ആത്മസമർപ്പണം

മിശിഹാ. മകനേ, നിന്നെത്തന്നെ ഉപേക്ഷിക്കുക, എന്നാൽ എന്നെ നീ കണ്ടെത്തും.

ഒന്നും പ്രത്യേകമായി തെരിഞ്ഞെടുക്കാതെയും സ്വാർത്ഥപരമായി ഒന്നും ആഗ്രഹിക്കാതെയും ഇരിക്കുക. എന്നാൽ എപ്പോഴും നിനക്കു ലാഭമേ ഉണ്ടാകയുള്ളൂ.

എന്തെന്നാൽ നീ എന്റെ മനസ്സിനു പൂർണ്ണമായി കീഴ്പ്പെടുകയും അതിൽനിന്നു പിൻവാങ്ങാതിരിക്കയും ചെയ്യുന്നെങ്കിൽ തൽക്ഷണം നിനക്കു മുൻപിലത്തെക്കാൾ ധാരാളമായ വരപ്രസാദം ലഭിക്കും.

ശിഷ്യൻ 2. തിരുനാഥാ, എത്ര പ്രാവശ്യം ഞാൻ എന്നെ നിന്റെ തിരുമനസ്സിനു സമർപ്പിക്കണം? ഏതിലൊക്കെയാണു ഞാൻ എന്നെ ഉപേക്ഷിക്കേണ്ടത്?

മിശിഹാ. എല്ലാപ്പോഴും, ഓരോ നാഴികയിലും, ചെറുതിലും വലുതിലും ഒരുപോലെ. ഒന്നിനെയും ഞാൻ ഒഴിവാക്കുന്നില്ല. പ്രത്യുത, എല്ലാറ്റിലും സർവ്വവും ഉപേക്ഷിച്ചവനായി നിന്നെ കാണാൻ ഞാനാഗ്രഹിക്കുന്നു.

അല്ലാത്തപക്ഷം, നീ അകമേയും പുറമേയും സ്വന്തം മനസ്സിനെ മുഴുവനായി ഉപേക്ഷിക്കാതിരുന്നാൽ, നീ മുഴുവനും എന്റെയും ഞാൻ മുഴുവൻ നിന്റെയും ആകുവാൻ എങ്ങനെ സാധിക്കും?

ഇതു നീ എത്രവേഗം ചെയ്യുമോ അത്രത്തോളം നിനക്കു നല്ലതായിരിക്കും; എത്ര പൂർണ്ണമായും പരമാർത്ഥമായും ചെയ്യുമോ അത്രയും എനിക്കധികം പ്രസാദകരമാകയും നിനക്കു കൂടുതൽ ലാഭകരമാകയും ചെയ്യും.

3. ചിലർ തങ്ങളെത്തന്നേ സമർപ്പിക്കുന്നുണ്ട്; എന്നാൽ ചില ഒഴികഴിവുകളോടുകൂടെയാണ്. അവർ ദൈവത്തെ പൂർണ്ണമായി ആശ്രയിക്കുന്നില്ല. അതുകൊണ്ടു തങ്ങളുടെ കാര്യം തന്നെത്താൻ നോക്കുവാൻ വളരെ ശ്രമിക്കുന്നു.

ചിലർ ആദ്യം മുഴുവനും സമർപ്പിക്കുന്നു, എന്നാൽ പിന്നീടു പ്രലോഭനങ്ങൾ നേരിടുമ്പോൾ വീണ്ടും സ്വന്തം ഇഷ്ടത്തിലേയ്ക്കു പിന്തിരിയുന്നു. അതിനാൽ ഇവർ പുണ്യത്തിൽ അഭിവൃദ്ധി പ്രാപിക്കുന്നില്ല.

ഇവർ തങ്ങളെത്തന്നേ പരിപൂർണ്ണമായി സമർപ്പിച്ചു ദിവസംതോറും തങ്ങളെത്തന്നേ എനിക്കു ബലി സമർപ്പിക്കാതെ യഥാർത്ഥമായ ഹൃദയസ്വാതന്ത്ര്യവും എന്നോടുള്ള ആനന്ദപ്രദമായ അടുപ്പമെന്ന അനുഗ്രഹവും പ്രാപിക്കയില്ല. ഈ സമർപ്പണമില്ലാതെ ദൈവത്തെ അനുഭവിക്കാനിടയാക്കുന്ന ഐക്യം ഇല്ല, ഉണ്ടാകയുമില്ല.

4. ഞാൻ നിന്നോടു പലപ്പോഴും പറഞ്ഞിട്ടുണ്ട്, ഇപ്പോൾ വീണ്ടും പറയുന്നു: നിന്നെത്തന്നേ ഉപേക്ഷിക്കു, നിന്നെ എനിക്കു ഭരമേല്പിക്കു. എന്നാൽ നീ വലുതായ ആന്തരസമാധാനം അനുഭവിക്കും.

സമസ്തത്തിനുവേണ്ടി സമസ്തവും തരി

ക. ഒന്നും ആവശ്യപ്പെടരുത്. ഒന്നും തിരിയെച്ചോദിക്കരുത്. വിശ്വാസ്യതയോടും സംശയം ക്കടാതെയും എന്നിൽ ഉറച്ചുനില്ക്ക. നിനക്ക് എന്നെ സ്വന്തമായി കിട്ടും.

നീ ഹൃദയത്തിൽ സ്വതന്ത്രനായിരിക്കും അന്ധകാരം നിന്നെ കീഴടക്കുകയുമില്ല.

സ്വന്തം ഇഷ്ടം മുഴുവൻ ഉപേക്ഷിച്ച നഗ്നനായ ഈശോയെ നഗ്നനായി അനുഗമിക്കാൻ നീ നിനക്കുതന്നേ മരിച്ച് എനിക്കായി നിത്യകാലത്തേയ്ക്കു ജീവിക്കാൻ ശ്രമിക്ക, ഇതിനായി പ്രാർത്ഥിക്ക, ഇതു സദാ ആഗ്രഹിക്കുക.

അപ്പോൾ വ്യർത്ഥമായ സകല മനോരാജ്യങ്ങളും ദോഷകരങ്ങളായ സകല അസ്വസ്ഥതകളും അതിയായ ആധികളും ഇല്ലാതാകും.

അപ്പോൾ ക്രമംവിട്ട ഭയം പിൻമാറും. ക്രമമില്ലാത്ത സ്നേഹം ഇല്ലാതാകയും ചെയ്യും.

38-ാം അധ്യായം

ആത്മനിയന്ത്രണം

മിശിഹാ. മകനേ, ഇതിനായി നീ ഉത്സാഹപൂർവ്വം ശ്രമിക്കണം. എല്ലാ സ്ഥല

ത്തും എല്ലാ പ്രവൃത്തികളിലും അഥവാ ബാഹ്യമായ തൊഴിലുകളിലും സ്വതന്ത്രനും ആത്മനിയന്ത്രണമുള്ളവനുമായിരിക്കണം. സകല കാര്യങ്ങളും നിനക്കു കീഴ്പ്പെട്ടിരിക്കണം. നീ അവയ്ക്കധീനനാകരുത്.

നിന്റെ പ്രവൃത്തികളുടെ നാഥനും ഭരണാധികാരിയും നീ ആയിരിക്കണം; അടിമയോ കൂലിവേലക്കാരനോ ആകരുത്.

ദൈവമക്കളുടെ അവകാശവും സ്വാതന്ത്ര്യവും പ്രാപിച്ചു സ്വതന്ത്രനും സാക്ഷാൽ ഒരു എബ്രായക്കാരനുമായിരിക്കണം.

താല്ക്കാലികവസ്തുക്കളുടെ മീതേനിന്നു ദൈവത്തിന്റെ മക്കൾ നിത്യമായവയെപ്പറ്റി ചിന്തിക്കുന്നു. കടന്നുപോകുന്നവയെ ഇടത്തേക്കണ്ണുകൊണ്ടും സ്വർഗ്ഗീയമായവയെ വലത്തേക്കണ്ണുകൊണ്ടും നോക്കുന്നു.

ലൗകികവസ്തുക്കൾ തങ്ങളെ ആകർഷിച്ചു ബന്ധിക്കുന്നതിനു സമ്മതിക്കാതെ അവർ അവയെ ദൈവം നിശ്ചയിച്ചപോലെയും, ക്രമമില്ലാത്തതായി ഒന്നും തന്റെ സൃഷ്ടികളിൽ ഉണ്ടായിരിക്കാൻ അനുവദിക്കാത്ത പരമശില്പി വ്യവസ്ഥ ചെയ്തിട്ടുള്ളതുപോലെയും ദൈവത്തെ നല്ലപോലെ സേവിക്കുന്നതിനായി അവയെ അവർ ആകർഷിക്കയാണു ചെയ്യുന്നത്.

2. അതുപോലെതന്നേ ഏതു സന്ദർഭങ്ങളിലും പുറമേ കാണുന്നതുപോലെ സംഗതികളെ നീ ആശ്രയിക്കാതെയും, കാണുകയും കേൾക്കുകയും ചെയ്യുന്നവയെ ശാരീരികമായ കണ്ണുകൊണ്ടു നോക്കാതെയും മൂശെയെപ്പോലെ വേഗം തിരുനാഥനോടാലോചിക്കാനായി തൂക്കുടാരത്തിൽ പ്രവേശിക്കുന്നപക്ഷം ചിലപ്പോഴെല്ലാം നീ ദൈവത്തിന്റെ ഉത്തരം കേൾക്കും. താല്ക്കാലികവും വരാനിരിക്കുന്നവയുമായ പല കാര്യങ്ങളെപ്പറ്റി അറിവു ലഭിച്ചിട്ടു നീ പിന്തിരിയുകയും ചെയ്യും.

എങ്ങനെയെന്നാൽ സംശയങ്ങൾ നീക്കുന്നതിനും കാര്യങ്ങൾ അറിയുന്നതിനും മൂശെ എപ്പോഴും തൂക്കുടാരത്തിലേയ്ക്കു പോയിരുന്നു. ആപത്തുകളിൽനിന്നും മനുഷ്യരുടെ ദുഷ്ടതകളിൽനിന്നും രക്ഷപെടുവാനായി പ്രാർത്ഥന എന്ന സഹായത്തിൽ അദ്ദേഹം അഭയം പ്രാപിച്ചിരുന്നു.

ഇതുപോലെ നീയും നിന്റെ ഹൃദയത്തിന്റെ ഉള്ളറയിൽ അഭയംതേടി ദൈവസഹായത്തിനുവേണ്ടി ഏറ്റവും ഉത്സാഹപൂർവ്വം പ്രാർത്ഥിക്കണം. തിരുനാഥനോടു ആദ്യമായി ആലോചിക്കാതിരുന്നതിനാൽ ഈശോ ബ്ബർനോനും (യോശുവായും) ഇസ്രായേൽ

ക്കാരും ശൈവ ശാൻകാരുടെ മധുരവാക്കുകൾ കേട്ടു വേഗം വിശ്വസിച്ചു അവരുടെ കപടഭക്തിയാൽ മയങ്ങിപ്പോയതുകൊണ്ടു വഞ്ചനയിൽ അകപ്പെട്ടു എന്നു നാം വായിക്കുന്നു.

39-ാം അധ്യായം

സ്വന്തം കായ്ങ്ങളിലുള്ള അതിശ്രദ്ധ

മിശിഹാ. മകനേ, എപ്പൊഴും നിന്റെ കായ്യം എന്നെ ഏല്പിച്ചുകൊള്ളുക. തക്കസമയത്തു ഞാൻ എല്ലാം നന്നായി ക്രമപ്പെടുത്തിക്കൊള്ളാം.

എന്റെ നിശ്ചയത്തെ കാത്തിരിക്ക. അതിൽനിന്നു നിനക്കു അഭിവൃദ്ധിയുണ്ടാകും.

ശിഷ്യൻ. 2. തിരുനാഥാ, ഏറ്റവും വലിയ സന്തോഷത്തോടെ എല്ലാകായ്ങ്ങളും നിനക്കു ഞാൻ ഭരമേല്പിക്കുന്നു; എന്തുകൊണ്ടെന്നാൽ എന്റെ ആലോചനകൊണ്ടു വലിയ പ്രയോജനമില്ല.

ഞാൻ വരുവാനിരിക്കുന്ന കായ്ങ്ങളെക്കുറിച്ചു് അധികം വിചാരിക്കാതെ നിന്റെ തിരുവിഷ്ടത്തിനു എന്നെ സംശയംകൂടാതെ സമർപ്പിച്ചെങ്കിൽ കൊള്ളാമായിരുന്നു.

മിശിഹാ. 3. മകനേ, പലപ്പൊഴും

ഒരു മനുഷ്യൻ താനാഗ്രഹിക്കുന്ന കാര്യം സാധിക്കാനായി ഉത്സാഹപൂർവ്വം പ്രയത്നിക്കുന്നു; എന്നാൽ അതു സാധിക്കുമ്പോൾ വേറേവിധം ചിന്തിക്കാൻ തുടങ്ങും.

എന്തുകൊണ്ടെന്നാൽ ഏതെങ്കിലും ഒന്നിനോടുള്ള മനുഷ്യന്റെ സ്നേഹവികാരങ്ങൾ ഉറച്ചുനില്ക്കാതെ ഒന്നിൽനിന്നു മറ്റൊന്നിലേയ്ക്കു മാറിപ്പോകുന്നു.

ആകയാൽ നിസ്സാരകാര്യങ്ങളിൽക്കൂടെയും തന്നെത്താൻ ഉപേക്ഷിക്കുന്നതു് അതു നിസ്സാരമല്ല.

4. ഒരു മനുഷ്യന്റെ യഥാർത്ഥമായ പുണ്യവൃദ്ധി അവന്റെ ആത്മത്യാഗത്തെ ആശ്രയിച്ചിരിക്കും. സ്വയം പരിത്യജിച്ച മനുഷ്യൻ വളരെ സ്വാതന്ത്ര്യമുള്ളവനും അപകടമില്ലാത്തവനുമാണു്.

എന്നാൽ എല്ലാ നന്മകൾക്കും വിരോധിയായ പൂർവ്വശത്രു പരീക്ഷ നിറുത്തുന്നില്ല, പ്രത്യുത രാപ്പകൽ കഠിനമായ കണികൾ ഉണ്ടാക്കുന്നു, ഒരുപക്ഷേ കരുതലില്ലാതെ അവന്റെ കണിയിൽ വീഴും എന്നാണു് അവന്റെ പ്രതീക്ഷ.

നിങ്ങൾ പ്രലോഭനങ്ങളിൽ ഉൾപ്പെടാതിരിക്കാൻ ഉണർന്നിരുന്നു പ്രാർത്ഥിപ്പിൻ എന്നു തിരുനാഥൻ അരുളിച്ചെയ്യുന്നു.

40-ാം അധ്യായം

മനുഷ്യനു ആത്മപ്രശംസയ്ക്കു വകയില്ല

ശിഷ്യൻ. തിരുനാഥാ, നീ മനുഷ്യനെ ഓർക്കാൻ അവൻ ആര്? അവനെ സന്ദർശിക്കാൻ മനുഷ്യപുത്രൻ ആര്?

നീ അവനു വരപ്രസാദം നൽകാൻ അവനു് എന്തു യോഗ്യതയാണുള്ളതു്?

തിരുനാഥാ, നീ എന്നെ ഉപേക്ഷിക്കുന്നെങ്കിൽ എനിക്കു എന്തു ആവലാതി പറയാനാണുള്ളതു്? അഥവാ ഞാൻ പ്രാർത്ഥിക്കുന്നതു നീ എനിക്കു തരുന്നില്ലെങ്കിൽ എനിക്കു ന്യായമായി എന്തു പറവാൻ കഴിയും?

നിശ്ചയമായും എനിക്കു ഇങ്ങനെ സത്യമായി ചിന്തിക്കയും പറകയും ചെയ്യാം. തിരുനാഥാ, ഞാൻ ഇല്ലായ്മയാണു്, എനിക്കു ഒന്നും സാധിക്കയില്ല, എന്നിൽ നന്മയായി ഒന്നുമില്ല, എന്നാൽ ഞാൻ എല്ലാത്തിലും കുറവുള്ളവനാണു്, സദാ ഇല്ലായ്മയിലേയ്ക്കു പോകയും ചെയ്യുന്നു.

നീ എന്നെ സഹായിക്കയും ആത്മീയമായ പഠനം തരികയും ചെയ്യാതിരുന്നാൽ ഞാൻ മുഴുവനും മന്ദഭക്തനും കൊള്ളരുതാത്തവനുമായിത്തീരും.

2. എന്നാൽ തിരുനാഥാ, നീ എല്ലാപ്പൊഴും മാറ്റമില്ലാത്തവനും നിത്യമായി സ്ഥിതിചെയ്യുന്നവനും എപ്പൊഴും നല്ലവനും നീതിയും പരിശുദ്ധിയുമുള്ളവനും സമസ്തവും നന്നായും നീതിപൂർവ്വവും പരിശുദ്ധതയോടെയും പ്രവർത്തിച്ചു സർവ്വവും ജ്ഞാനത്തോടെ പരിപാലനം ചെയ്യുന്നവനുമാകുന്നു.

എന്നാൽ മുൻപോട്ട പോകുന്നതിനെക്കാൾ പുറകോട്ട പോകുന്നതിനു അധികം ചാഞ്ഞിരിക്കുന്ന ഞാൻ എല്ലാപ്പൊഴും ഒരേ നിലയിൽ നിലുക്കുന്നില്ല. എന്തുകൊണ്ടെന്നാൽ വ്യത്യാസമുള്ള ഏഴു ഋതുക്കൾക്കു ഞാൻ വശംവദനാകുന്നു.

എങ്കിലും നീ പ്രസാദിച്ചു എന്നെ സഹായിക്കാൻ കൈ നീട്ടുമ്പോൾ ഞാൻ വേഗം നന്നാകുന്നു; എന്തുകൊണ്ടെന്നാൽ മനുഷ്യസഹായംകൂടാതെ നിനക്കു മാത്രമേ എന്നെ സഹായിക്കാനും മേലാൽ ഒരിക്കലും എന്റെ മുഖഭാവം മാറാതെ നിന്നിലേയ്ക്കു മാത്രം എന്റെ ഹൃദയം തിരിഞ്ഞു നിന്നിൽ മാത്രം ആശ്വസിക്കുന്നതുകൊണ്ടും എന്നെ ഉറപ്പിക്കാനും കഴികയുള്ളൂ.

3. ആകയാൽ ഭക്തി സമ്പാദിക്കാനോ, എന്നെ ആശ്വസിപ്പിക്കാൻ കഴിയുന്ന മനുഷ്യർ ഇല്ലാത്തതിനാൽ നിന്നെ അന്വേഷി

ക്കാനുള്ള ആവശ്യം എനിക്കു നേരിട്ടിട്ടുള്ളതിനാലോ, സകല മാനുഷികാശ്വാസങ്ങളും ത്യജിക്കാൻ ഞാൻ നല്ലപോലെ പഠിച്ചെങ്കിൽ നിന്റെ വരപ്രസാദത്തിൽ ആശ്രയിച്ചു പുതുതായ ആശ്വാസദാനത്തെപ്പറ്റി എനിക്കാനന്ദിക്കാമായിരുന്നു.

4. എനിക്കു നന്മ സംഭവിക്കുമ്പോഴെല്ലാം എല്ലാറ്റിന്റെയും ഉല്പത്തിസ്ഥാനമായ നിനക്കു ഞാൻ നന്ദിപറയുന്നു.

നിന്റെ തിരുമുൻപിൽ ഞാൻ പ്രയോജനമില്ലാത്തവനും ഇല്ലായ്മയും അസ്ഥിരനും ബലഹീനനുമാകുന്നു.

ആകയാൽ എനിക്കു അഭിമാനിക്കാൻ എന്തുണ്ട്? അഥവാ എന്തിനായി ഞാൻ ബഹുമാനം ആഗ്രഹിക്കുന്നു?

ഒരുപക്ഷേ എന്റെ ഇല്ലായ്മയെക്കുറിച്ചാണോ? ഇതു ഏറ്റവും വലിയ മൂഢതയാകുന്നു.

വ്യർത്ഥാഭിമാനം യഥാർത്ഥത്തിൽ ഒരു മഹാവ്യാധിയും ഏറ്റവും വലിയ മായയും ആകുന്നു. എന്തുകൊണ്ടെന്നാൽ അതു യഥാർത്ഥ മഹിമയിൽനിന്നു അകറ്റുകയും സത്യിയവരത്തെ അപഹരിക്കയും ചെയ്യുന്നു.

മനുഷ്യൻ തന്നിൽത്തന്നേ പ്രസാദിക്കുമ്പോൾ അവൻ നിനക്കു അപ്രീതി വരുത്തു

ന്നു; മനുഷ്യപ്രശംസയെ ആഗ്രഹിക്കുമ്പോൾ യഥാർത്ഥമായ പുണ്യങ്ങൾ ഇല്ലാതാകുന്നു.

5. എന്നാൽ നേരായ മഹിമയും പരിശുദ്ധമായ ആനന്ദവും അടങ്ങിയിരിക്കുന്നത് തന്നിൽത്തന്നേ അഭിമാനിക്കാതെ നിന്നിൽ അഭിമാനിക്കുന്നതിലും സ്വന്തം പുണ്യത്തിൽ സന്തോഷിക്കാതെ നിന്റെ തിരുനാമത്തിൽ സന്തോഷിക്കുന്നതിലും നിന്നെപ്രതിയല്ലാതെ യാതൊരു സൃഷ്ടിയെയും ഇഷ്ടപ്പെടാതിരിക്കുന്നതിലുമാകുന്നു.

എന്റെ നാമത്തിനല്ല നിന്റെ നാമത്തിനു സ്തുതിയുണ്ടായിരിക്കട്ടെ. എന്റെ പ്രവൃത്തിക്കല്ല നിന്റേതിനു മഹത്വം ഉണ്ടായിരിക്കട്ടെ. നിന്റെ വിശുദ്ധ നാമം അനുഗ്രഹീതമാകട്ടെ. മനുഷ്യരുടെ സ്തുതികളിൽ ഒരു പങ്കിനും എനിക്കവകാശമില്ലാതിരിക്കട്ടെ.

നീ എന്റെ മഹിമയും എന്റെ ഹൃദയത്തിന്റെ ആനന്ദവുമാകുന്നു.

ഞാൻ നിന്നിൽ ദിവസം മുഴുവനും അഭിമാനിക്കയും ആനന്ദിക്കയും ചെയ്യും. എന്നാൽ എന്നെക്കുറിച്ചാണെങ്കിൽ എന്റെ ബലഹീനതകളിലല്ലാതെ ഞാൻ പ്രശംസിക്കയില്ല.

ഒരുത്തൻ മറ്റൊരുവനിൽനിന്നു സ്തു

കരിക്കുന്ന ബഹുമാനം യൂദന്മാർ അന്വേഷിക്കട്ടെ. ഞാൻ ദൈവത്തിൽനിന്നുള്ളതുമാത്രം അന്വേഷിക്കും.

എന്തെന്നാൽ എല്ലാ മാനുഷികമഹിമയും എല്ലാ താല്ക്കാലികബഹുമാനവും, ലൗകികമായ എല്ലാ ഉയർച്ചയും നിന്റെ നിത്യമഹിമയോടു താരതമ്യപ്പെടുത്തിയാൽ വ്യർത്ഥതയും മായത്തവുമാണ്.

എന്റെ സത്യസ്വരൂപാ, എന്റെ ദയാനിധേ, എന്റെ ദൈവമേ, ഭാഗ്യപൂർണ്ണമായ ത്രിത്വമേ, നിനക്കുമാത്രം സ്തുതിയും ബഹുമാനവും ശക്തിയും മഹിമയും അളവില്ലാത്ത കാലത്തേക്ക് ഉണ്ടായിരിക്കട്ടെ.

41-ാം അധ്യായം

ലൗകികബഹുമാനത്തോടുള്ള അവജ്ഞ

മിശിഹാ. മകനേ, മനുഷ്യർ മറ്റുള്ളവരെ ബഹുമാനിക്കയും ഉയർത്തുകയും നിന്നെ നിന്ദിക്കയും താഴ്ത്തുകയും ചെയ്യുന്നതു കണ്ടാൽ നീ വ്യസനിക്കരുത്.

നിന്റെ ഹൃദയം സ്വർഗ്ഗത്തിൽ എന്റെ അടുക്കലേക്കുയർത്തുക; എന്നാൽ ഭൂമിയിൽ മനുഷ്യരുടെ നിന്ദ നിന്നെ സങ്കടപ്പെടുത്തുകയില്ല.

ശിഷ്യൻ. തിരുനാഥാ, ഞങ്ങൾ കുരുടന്മാരാണ്, അന്ധകാരത്തിലാണു നടക്കുന്നത്. വ്യർത്ഥമായത് ഞങ്ങളെ ശീഘ്രം വഴിതെറ്റിക്കയും ചെയ്യുന്നു.

ഞാൻ എന്നെത്തന്നേ ശരിയായി പരിശോധിച്ചാൽ ഏതൊരു സൃഷ്ടി എങ്കിലും എനിക്കു ഒരിക്കലും ഉപദ്രവം ചെയ്തിട്ടില്ല. അതുകയാൽ എനിക്കു ന്യായപൂർവ്വം നിന്നെപ്പറ്റി ആവലാതി പറയാനും ഇല്ല.

എന്നാൽ ഞാൻ പലപ്പോഴും കഠിനമായും നിനക്കു വിരോധമായും പാപം ചെയ്തതുനിമിത്തം എല്ലാ സൃഷ്ടികളും എനിക്കെതിരായി ആയുധം എടുക്കാൻ ഞാൻ യോഗ്യനാണ്.

അതുകൊണ്ടു അവമാനവും നിന്ദയും ഞാൻ ന്യായപൂർവ്വം അർഹിക്കുന്നു; എന്നാൽ നീയോ, സ്തുതിയും ബഹുമാനവും മഹത്വവും.

എല്ലാ സൃഷ്ടികളും എന്നെ നിന്ദിച്ചുപേക്ഷിക്കയും ഒന്നുമില്ലാത്തവനായി ഗണിക്കയും ചെയ്യുവാൻ ഞാൻ സന്തോഷപൂർവ്വം തയാറായില്ലെങ്കിൽ ഉള്ളേ സമാധാനമുണ്ടായി ശക്തി പ്രാപിക്കുന്നതിനും ആത്മീയപ്രകാശം ലഭിച്ചു നിന്നോടു പൂർണ്ണമായി ഒന്നിക്കുന്നതിനും എനിക്കു സാധിക്കയില്ല.

42-ാം അധ്യായം

നമ്മുടെ സമാധാനം മനുഷ്യരിൽ നിക്ഷിപ്തമാകരുത്

മിശിഹാ. മകനേ, നിന്റെ സ്വന്തം തൃപ്തിക്കും ഒരു മനുഷ്യനോടു സഹവസിക്കുന്നതിനുംവേണ്ടി നിന്റെ സമാധാനം അവനിൽ ആശ്രയിച്ചിരിക്കാൻ സമ്മതിച്ചാൽ നീ സങ്കടം അനുഭവിക്കയും കുഴങ്ങുകയും ചെയ്യും.

പ്രത്യുത, എപ്പോഴും ജീവിക്കുന്നതും എന്നേയ്ക്കും നിലനില്ക്കുന്നതുമായ സത്യത്തെ ആശ്രയിച്ചിരുന്നാൽ ഒരു സ്നേഹിതൻ നിന്നെ ഉപേക്ഷിക്കയോ മരിച്ചുപോകയോ ചെയ്താൽ നീ അത്ര അധികം ദുഃഖിക്കയില്ല.

സ്നേഹിതന്റെ നേരേയുള്ള സ്നേഹം എന്നിൽ നിൽക്കേണ്ടതാണ്. നല്ലവനെന്നും ഈ ജീവിതത്തിൽ വളരെ സ്നേഹമുള്ളവനെന്നും നിനക്കു തോന്നുന്ന ആരെയും എന്നെപ്രതിമാത്രം സ്നേഹിക്കുക.

എന്നെക്കൂടാതെയുള്ള സ്നേഹം ബലമുള്ളതായിരിക്കയില്ല, അതു ഒട്ടു നിലനില്ക്കയുമില്ല; ഞാൻ സംയോജിപ്പിക്കാത്ത സ്നേഹം യഥാർത്ഥവും നിർമ്മലവുമായിരിക്കയില്ല.

നിന്നെ സംബന്ധിച്ചിടത്തോളം യാതൊരു മനുഷ്യന്റെ സഹവാസത്തെയും ആഗ്രഹിക്കാതിരിക്കത്തക്കവണ്ണം സ്നേഹിക്കുന്ന ആളുകളോടു നീ അത്ര ആസക്തിയില്ലാത്തവനായിരിക്കണം.

ഒരു മനുഷ്യൻ ലൌകികാശ്വാസങ്ങളിൽനിന്ന് എത്ര ദൂരം അകലുന്നോ അത്രയധികം അവൻ ദൈവത്തോടടുക്കുന്നു.

എത്ര അഗാധമായി തന്നിൽത്തന്നേ ഇറങ്ങി സ്വന്തദൃഷ്ടിയിൽ എത്ര അധികം ഹീനനാകുന്നോ അത്രയധികം അവൻ ദൈവത്തിങ്കലേയ്ക്കു ഉയർന്നു കയറുകയും ചെയ്യും.

2. തനിക്കു വല്ല നന്മയും ഉണ്ടെന്നു വിചാരിക്കുന്നവൻ വരപ്രസാദം തന്നിലേയ്ക്കു വരാതെ തടുക്കുന്നു. എന്തുകൊണ്ടെന്നാൽ പരിശുദ്ധാത്മാവിന്റെ ദാനം എല്ലാപ്പോഴും വിനീതമായ ഹൃദയത്തെയാണ് അന്വേഷിക്കുന്നത്.

നിന്നെത്തന്നേ പൂർണ്ണമായി ഇല്ലായ്മ ചെയ്തതാനും എല്ലാ സൃഷ്ടികളോടുമുള്ള സ്നേഹത്തിൽനിന്നു വിരമിക്കാനും നിനക്കറിയാമെങ്കിൽ ഞാൻ നിന്നിലേയ്ക്കു ധാരാളമായ വരപ്രസാദത്തോടുകൂടെ വരേണ്ടിയിരുന്നു.

നീ സൃഷ്ടികളിൽ ദൃഷ്ടിപതിക്കുമ്പോൾ

സൃഷ്ടാവു തന്റെ ദൃഷ്ടി നിന്നിൽനിന്നു പിൻവലിക്കുന്നു.

സൃഷ്ടാവിനുവേണ്ടി സകലത്തിലും നിന്നെത്തന്നേ ജയിക്കാൻ പഠിക്കു; അപ്പോൾ നിനക്കു ദൈവികജ്ഞാനം പ്രാപിക്കാൻ സാധിക്കും.

നീ ഒരു വസ്തുവിനെ, അതു തീരെ അല്പം മാത്രമാണെങ്കിലും, ക്രമത്തിലധികം സ്നേഹിക്കുന്നതും ശ്രദ്ധിക്കുന്നതും പരമനന്മയിൽനിന്നു നിന്നെ പിൻമാറി നിന്റെ ആത്മാവിനെ വഷളാക്കും.

43-ാം അധ്യായം

പാഴായ ലൗകികവിചാരം

മിശിഹാ. മകനേ, മനുഷ്യരുടെ കൗശലം കലർന്ന ഭംഗിവാക്കുകൾ നിന്നെ ഇളക്കരുത്. എന്തുകൊണ്ടെന്നാൽ ദൈവത്തിന്റെ രാജ്യം വചനത്തിലല്ല; പിന്നെയോ ശക്തിയിലാകുന്നു സ്ഥിതിചെയ്യുന്നത്.

ഹൃദയങ്ങളെ ഏരിയിക്കുകയും മനസ്സിനെ പ്രകാശിപ്പിക്കയും മനസ്താപം ഉളവാക്കയും പലവിധ ആശ്വാസങ്ങൾ ജനിപ്പിക്കയും ചെയ്യുന്ന എന്റെ വാക്കുകളെ ശ്രദ്ധിക്ക.

നീ പഠിപ്പും ബുദ്ധിയും ഉള്ളവനെന്നു ശേഷംപേർ വിചാരിക്കുന്നതിനുവേണ്ടി ഒരിക്കലും ഒന്നും വായിക്കണ്ടാ.

നിൻെറ ഉർഹ്ലണങ്ങളെ നിഗ്രഹിക്കാൻ ശ്രമിക്കുക; എന്തുകൊണ്ടെന്നാൽ പ്രയാസമുള്ള ഒട്ടുവളരെക്കാര്യങ്ങൾ അറിയുന്നതിനേക്കാൾ ഇതാണ് നിനക്കു അധികം പ്രയോജനകരമായിരിക്കുന്നത്.

2. നീ വളരെ സംഗതികൾ വായിക്കയും അറികയും ചെയ്താലും ഒരു മൂലതത്വത്തിലേയ്ക്കു എല്ലാപ്പോഴും പിൻതിരിയണം.

മനുഷ്യരെ ജ്ഞാനം പഠിപ്പിക്കുന്നവൻ ഞാനാണ്; മനുഷ്യർക്കു പഠിപ്പിക്കാൻ കഴിയുന്നതിനെക്കാൾ അധികം തെളിവായ അറിവു ശിശുക്കൾക്കു കൊടുക്കുന്നവനും ഞാനാണ്.

ആകയാൽ ഞാൻ ആരോടു സംസാരിക്കുന്നുവോ അവൻ എളുപ്പത്തിൽ ജ്ഞാനിയാകും, ആത്മീയമായി അഭിവൃദ്ധി പ്രാപിക്കയുമ് ചെയ്യും.

മനുഷ്യരിൽനിന്നു അധികം കൗതുകമുള്ള കാര്യങ്ങൾ അന്വേഷിച്ചറികയും എന്നെ സേവിക്കേണ്ട വഴിയെപ്പറ്റി ഒട്ടും ശ്രദ്ധിക്കാതിരിക്കയും ചെയ്യുന്നവർക്കു കഷ്ടം.

ഒരു സമയം വരും; അപ്പോൾ ഗുരു

കന്മാരുടെ ഗുരുവും മാലാകാമാരുടെ അധിനാഥനുമായ മിശിഹാ സകലരുടെയും പാഠം കേൾക്കുവാനായി, അതായതു ഓരോരുത്തരുടെയും മനസ്സാക്ഷി പരിശോധിക്കുന്നതിനായി പ്രത്യക്ഷനാകും.

അപ്പോൾ അവൻ ഓർശ്ലെമിനെ വിളക്കത്തു പരിശോധിക്കും. ഇരുട്ടിൽ മറഞ്ഞിരിക്കുന്നതെല്ലാം അന്നു വെളിപ്പെടും. ഹൃദയങ്ങളുടെ യുക്തിവാദം മൌനമായിരിക്കും.

3. വിദ്യാലയങ്ങളിൽ പത്തുവർഷം കൊണ്ടു പഠിക്കാൻ കഴിയുന്നതിൽ കൂടുതലായി നിത്യസത്യത്തിന്റെ ന്യായങ്ങൾ ഗ്രഹിക്കുവാൻ എളിമയുള്ള മനസ്സിനെ ഒരു ഞൊടിനേരംകൊണ്ടുയർത്തുന്നവൻ ഞാനാകുന്നു.

ഞാൻ വാക്കുകളുടെ ഒച്ചപ്പാടില്ലാതെയും, അഭിപ്രായത്തിന്റെ ഭിന്നതയില്ലാതെയും, ബഹുമതികൾക്കായിട്ടുള്ള മോഹമില്ലാതെയും, ന്യായവാദത്തിന്റെ മത്സരമില്ലാതെയുമാണ് പഠിപ്പിക്കുന്നത്.

ലൗകികമായവ നിന്ദിക്കാനും താല്ക്കാലികമായവ വെറുക്കാനും നിത്യമായവ തേടാനും അവയിൽ രസിക്കാനും ബഹുമാനങ്ങളിൽനിന്നു ഓടി മാറാനും അപവാദങ്ങളെ സഹിക്കാനും ആശ മുഴുവനും എന്നിൽ

സമർപ്പിക്കാനും എനിക്കു പുറമേ ഒന്നും ആ ഗ്രഹിക്കാതിരിക്കാനും എല്ലാറ്റിനും മേലായി എന്നെ തീക്ഷ്ണതയോടെ സ്നേഹിക്കാനും ഞാൻ പഠിപ്പിക്കുന്നു.

4. എന്തെന്നാൽ ചിലർ എന്നെ ഗാഢമായി സ്നേഹിച്ചതുകൊണ്ടു ദൈവികകാര്യങ്ങൾ ഗ്രഹിക്കയും അത്ഭുതകരമായ കാര്യങ്ങൾ സംസാരിക്കയും ചെയ്തിട്ടുണ്ട്.

സകലതും പരിത്യജിച്ചതുകൊണ്ട് അവർ വിഷമമായ രഹസ്യകാര്യങ്ങളെ പഠിച്ചുകൊണ്ടെന്നതിനെക്കാൾ പുണ്യവാന്മാർ പ്രാപിച്ചു.

എന്നാൽ ചിലരോടു ഞാൻ സാമാന്യമുള്ളവയെയും മറ്റു ചിലരോടു പ്രത്യേകമായവയെയും സംബന്ധിച്ചു സംസാരിക്കുന്നു. ചിലർക്കു അടയാളങ്ങളിലും രൂപങ്ങളിലും സന്തോഷകരമായി പ്രത്യക്ഷപ്പെടുന്നു. മറ്റു ചിലർക്കോ വലിയ പ്രകാശത്തോടെ രഹസ്യങ്ങൾ വെളിപ്പെടുത്തുന്നു.

പുസ്തകങ്ങളിലെ ഒരേ ശബ്ദം എല്ലാവരെയും ഒരുപോലെ അല്ല പഠിപ്പിക്കുന്നത്. എന്തുകൊണ്ടെന്നാൽ ഉള്ളിലിരുന്നു സത്യം പഠിപ്പിക്കയും ഹൃദയത്തെ പരിശോധിക്കയും വിചാരങ്ങളെ ഗ്രഹിക്കയും പ്രവൃത്തികളെ പ്രോത്സാഹിപ്പിക്കയും ഓരോരുത്തർക്കും വേ

ണ്ടത് അവനവന്റെ യോഗ്യതയനുസരിച്ചു വീതിച്ചുകൊടുക്കയും ചെയ്യുന്നവൻ ഞാനാകുന്നു.

44-ാം അധ്യായം

പുറമേയുള്ള സംഗതികളിൽ മുഴുകിയിരിക്കരുത്

മിശിഹാ. മകനേ, പല കാര്യങ്ങളിലും നീ അറിവില്ലാത്തവനായിരിക്കുന്നതും, ഭൂമിമേൽ നീ മരിച്ചവനായും നിന്റെ ദൃഷ്ടിയിൽ ലോകം മുഴുവൻ കുരിശിൽ തൂങ്ങിയിരിക്കുന്നതായും പരിഗണിക്കുന്നതും നിനക്കു നല്ലതാണു്.

അതുപോലെതന്നെ പല കാര്യങ്ങൾ കേൾക്കാത്തതുപോലെ വിട്ടുകളയാനും നിന്റെ സമാധാനത്തിനാവശ്യമായവയെപ്പറ്റി അധികം ചിന്തിക്കാനും ആവശ്യമായിരിക്കുന്നു.

നിനക്കു തൃപ്തികേടുളവാക്കുന്ന കാര്യങ്ങളിൽനിന്നു നിന്റെ കണ്ണുകൾ തിരിച്ചുകളയുന്നതും വാക്കുതർക്കങ്ങളിൽ ഏർപ്പെടുന്നതിനെക്കാൾ, ഓരോരുത്തനും സ്വന്തം അഭിപ്രായങ്ങളനുസരിച്ചു ചിന്തിച്ചുകൊള്ളട്ടെ എന്നു വിട്ടേക്കുന്നതുമാണു് അധികം പ്രയോജനമുള്ളതു്.

നീ ദൈവവുമായി രമ്യപ്പെട്ടുകയും തന്റെ ന്യായവിധികളെ ആദരിക്കുകയും ചെയ്യാൽ മനുഷ്യരിൽനിന്ന് തോൽവി സഹിക്കുന്നതിനു നിനക്കു കൂടുതൽ എളുപ്പമുണ്ടാകും.

ശിഷ്യൻ. 2. തിരുനാഥാ, ഞങ്ങൾ എവിടെ ചെന്നെത്തിയിരിക്കുന്നു? ഇതാ ഒരു താല്ക്കാലികനഷ്ടത്തെപ്പറ്റി ഞങ്ങൾ വിലപിക്കുന്നു; ആത്മീയനാശം മറന്നുപോകുന്നു; അതു പിന്നെ ഒരിക്കലും ഓർമ്മയിൽ വരുന്നുമില്ല.

ഒട്ടും പ്രയോജനമില്ലാത്തതോ അഥവാ അല്പംമാത്രം പ്രയോജനമുള്ളതോ ഞങ്ങൾ ശ്രദ്ധിക്കുന്നു; എന്നാൽ ഏറ്റവും ആവശ്യമുള്ളതു ഞങ്ങൾ അശ്രദ്ധയോടെ വിട്ടുകളയുന്നു. എന്തുകൊണ്ടെന്നാൽ മനുഷ്യൻ മുഴുവനും പുറമെയുള്ള കാഴ്ചകളിൽ മുഴുകിയിരിക്കുന്നു. വേഗം അതിൽനിന്നു പിന്മാറിയില്ലെങ്കിൽ ബാഹ്യമായവയിൽത്തന്നെ അവൻ സസന്തോഷം മുഴുകിക്കിടക്കുകയും ചെയ്യും.

45-ാം അധ്യായം

എല്ലാവരെയും വിശ്വസിക്കരുത്

ശിഷ്യൻ. തിരുനാഥാ, എന്റെ കഷ്ടപ്പാടിൽ എന്നെ സഹായിക്കേണമേ! എന്തുകൊണ്ടെന്നാൽ മനുഷ്യസഹായം വ്യർത്ഥമാകുന്നു.

വിശ്വസ്തതയുണ്ടെന്നു ഞാൻ വിചാരിച്ചിടത്തു എത്രയോ പ്രാവശ്യം അതില്ലെന്നു കണ്ടിരിക്കുന്നു.

അതുപോലെതന്നെ ഇല്ലെന്നു ഞാൻ വിചാരിച്ചിരുന്നിടത്തു എത്രയോ പ്രാവശ്യം അതു ഞാൻ കണ്ടിരിക്കുന്നു.

ആകയാൽ മനുഷ്യരിലുള്ള പ്രത്യാശ വ്യർത്ഥമാണ്. ദൈവമേ, നീതിമാന്മാരുടെ രക്ഷ നിന്നിൽനിന്നാകുന്നു. എന്റെ ദൈവമായ തിരുനാഥാ, ഞങ്ങൾക്കു സംഭവിക്കുന്ന സകലതിലും നിനക്കു സ്തുതിയുണ്ടായിരിക്കട്ടെ.

ഞങ്ങൾ ബലഹീനരും സ്ഥിരതയില്ലാത്തവരുമാണ്; ഞങ്ങൾ വേഗം വഞ്ചനയിലകപ്പെട്ടുന്നു, ഞങ്ങളുടെ അഭിപ്രായം മാറുകയും ചെയ്യുന്നു.

2. ചിലപ്പോഴെങ്കിലും വല്ല വഞ്ചനയിലോ വിഷമതയിലോ അകപ്പെടാതിരിക്ക

തക്കവണ്ണം അത്ര കരുതലോടും വിവേകത്തോടും എല്ലാക്കാര്യങ്ങളിലും തന്നെത്താൻ സൂക്ഷിക്കാൻ കഴിയുന്ന മനുഷ്യനാര്?.

എന്നാൽ തിരുനാഥാ, നിന്നിൽ ആശ്രയിക്കയും ഹൃദയപരമാർത്ഥതയോടെ നിന്നെ അന്വേഷിക്കയും ചെയ്യുന്നവൻ അത്ര എളുപ്പം വീഴുകയില്ല.

എന്നാൽ വല്ല കഷ്ടതയിലും അകപ്പെട്ട വല്ല വിധത്തിലും അതിൽ കുടുങ്ങിപ്പോയാൽ നീ അവനെ വളരെ എളുപ്പം രക്ഷിക്കയോ അഥവാ ആശ്വസിപ്പിക്കയോ ചെയ്യും; എന്തുകൊണ്ടെന്നാൽ നിന്നെ ആശ്രയിക്കുന്നവനെ അവസാനംവരെ നീ കൈവിടുകയില്ല.

തന്റെ സ്നേഹിതന്റെ സമ്പാനത്തങ്ങളിലും വിശ്വസ്തനായി നില്ക്കുന്ന സ്നേഹിതർ ദുർല്ലഭം.

തിരുനാഥാ, നീ മാത്രമാണ മറ്റെല്ലാവരെയുംകാൾ വിശ്വസ്തൻ. നീ അല്ലാതെ ഇതുപോലെ വേറെ ആരുമില്ല.

3. എന്റെ മനസ്സുറച്ചു് മിശിഹായിൽ വേരുന്നിയിരിക്കുന്നു എന്നു പറഞ്ഞ ആ പുണ്യാത്മാവിന്റെ ജ്ഞാനം എത്ര വിശിഷ്ടമായിരുന്നു!

ഞാനും അങ്ങനെയായിരുന്നെങ്കിൽ

മനുഷ്യരെക്കുറിച്ചുള്ള ഭയം അത്ര എളുപ്പം എന്നെ ചഞ്ചലപ്പെടുത്തുകയോ, വാക്കുകളാകുന്ന അമ്പുകൾ എന്നെ ഇളക്കുകയോ ചെയ്യുയില്ലായിരുന്നു.

എല്ലാം മുൻകൂട്ടി കാണാൻ ആർക്കു കഴിയും? വരുവാനിരിക്കുന്ന തിന്മകളെ തടുക്കാൻ ആർക്കു സാധിക്കും?

മുൻകൂട്ടി അറിഞ്ഞിട്ടുള്ളവ തന്നേയും നമ്മെ ഉപദ്രവിക്കുന്നെങ്കിൽ വിചാരിച്ചിരിക്കാത്തവ എങ്ങനെ ഗൗരവമായ ഉപദ്രവം വരുത്താതിരിക്കും? എന്നാൽ നിസ്സാരനായ ഞാൻ എന്തുകൊണ്ടാണു് എന്റെ കാര്യം മുൻകൂട്ടി കരുതാതിരുന്നതു്?

എന്തുകൊണ്ടു ശേഷംപേരെ ഞാൻ എളുപ്പം വിശ്വസിക്കയും ചെയ്തു?

പക്ഷേ നാം മനുഷ്യരാണു്. പലരും നമ്മെ മാലാകാമാരെന്നു വിളിക്കയും അങ്ങനെ ഗണിക്കയും ചെയ്യുന്നുണ്ടു്. നാം ബലഹീനരായ മനുഷ്യരല്ലാതെ മറാരുമല്ല.

തിരുനാഥാ, ഞാൻ ആരെ വിശ്വസിക്കേണ്ടു.

നിന്നെയല്ലാതെ ആരെയാണു് ഞാൻ വിശ്വസിക്കേണ്ടതു്? നീ വഞ്ചിക്കാനും വഞ്ചനയിൽ അകപ്പെടാനും കഴിയാത്ത സത്യമാകുന്നു.

നേരേമറിച്ചു ഓരോ മനുഷ്യനും കള്ളം പറയുന്നവനാണ്. ബലഹീനനും സ്ഥിരതയില്ലാത്തവനും വാക്കുകളിൽ മുഖ്യമായി തെറ്റിപ്പോകാവുന്നവനുമാണ്. അതിനാൽ പ്രത്യക്ഷത്തിൽ സത്യം എന്നു തോന്നുന്നതിനെപ്പോലും അത്ര വേഗം വിശ്വസിക്കേണ്ടതല്ല.

4. മനുഷ്യരേക്കുറിച്ചു സൂക്ഷിച്ചുകൊള്ളണമെന്ന് എത്ര വിവേകപൂർവ്വം നീ ഞങ്ങൾക്കു മുൻകരുതൽ തന്നിരിക്കുന്നു. എന്തുകൊണ്ടെന്നാൽ ഒരു മനുഷ്യന്റെ ശത്രുക്കൾ അവന്റെ വീട്ടുകാരാകുന്നു. ആരെങ്കിലും ഇതാ മിശിഹാ ഇവിടെയുണ്ട് അല്ലെങ്കിൽ അവിടെയുണ്ട് എന്നു പറഞ്ഞാൽ വിശ്വസിക്കരുത്.

ഞാൻ നഷ്ടം സഹിച്ചാണ് പഠിച്ചത്. എന്നാൽ ആ പാഠം എന്നെ അധികം ദോഷനാക്കാതെ കൂടുതൽ കരുതലുള്ളവനാക്കിയാൽ കൊള്ളാമായിരുന്നു.

സൂക്ഷിച്ചുകൊള്ളുക, സൂക്ഷിച്ചുകൊള്ളുക, ഞാൻ നിന്നോടു പറയുന്നത് രഹസ്യമായിരിക്കണം എന്ന് ഒരാൾ പറയുന്നു.

എന്നാൽ ഞാൻ മിണ്ടാതിരിക്കയും അതു ഒരു രഹസ്യമാണെന്നു വിശ്വസിക്കയും ചെയ്യിരിക്കുമ്പോൾ, രഹസ്യമായിരിക്കണമെന്നു

പറഞ്ഞതിനെപ്പറ്റി അവന്നു മൗനമായിരിക്കാൻ നിവൃത്തിയില്ലാതെ പെട്ടെന്നു എന്നെയും അവനെത്തന്നെയും ഒറ്റിക്കൊടുത്തിട്ട് അവൻ അവന്റെ വഴിക്കു പോകുന്നു.

തിരുനാഥാ, ഇത്തരം ഭോഷ്ഭോഷണത്തിൽനിന്നും കരുതലില്ലാത്ത മനുഷ്യരിൽനിന്നും എന്നെ രക്ഷിക്ക; ഞാൻ അവരുടെ കൈകളിൽ അകപ്പെടാതിരിക്കട്ടെ; അവർ പ്രവൃത്തിച്ചതുപോലെ പ്രവൃത്തിക്കാതെയുമിരിക്കട്ടെ.

ഞാൻ സംസാരത്തിൽ ഉറപ്പുള്ളവനാകട്ടെ; കപടമുള്ള സംസാരം എന്നിൽ ഉണ്ടാകരുതേ.

എനിക്കനുവദിക്കാൻ മനസ്സില്ലാത്തത് ഞാൻ സ്വപ്രകാരേണയും വഞ്ജിക്കേണ്ടതാണല്ലോ.

5. മറുള്ളവരെക്കുറിച്ചു ഒന്നും മിണ്ടാതിരിക്കുന്നതും കേൾക്കുന്നതെല്ലാം ഒന്നുപോലെ വിശ്വസിക്കാതിരിക്കുന്നതും, അതിനെ എളുപ്പം പറഞ്ഞുപരത്താത്തതും;

ചുരുക്കംപേക്കുമാത്രം തന്നെരഹസ്യം വെളിപ്പെടുത്തുന്നതും, ഹൃദയത്തെ പരിശോധിക്കുന്ന നിന്നെ എപ്പോഴും അന്വേഷിക്കുന്നതും;

വാക്കുകളുടെ ഓരോ കാറ്റാൽ അല ഞ്ഞാടാതെ ഉള്ളിലും പുറമേയുമുള്ളവയെ ല്ലാം നിന്റെ തിരുവുള്ളമനുസരിച്ചു പൂർത്തി യാക്കുവാനാഗ്രഹിക്കുന്നതും, എത്ര നല്ലതും സമാധാനമുള്ളതുമാകുന്നു!

സഭാസ്ഥീയവരത്തെ സംരക്ഷിക്കാനായി മനുഷ്യരെ കാണാതെ വിട്ടൊഴിയുന്നതും, പു റമേ അത്ഭുതത്തിനു കാരണമായവയെ ആ ഗ്രഹിക്കാത്തതും, ജീവിതനവീകരണത്തിനും ശുശ്രൂഷാന്തികം പാറിയവയെ ഉത്സാഹത്തോ ടെ പിൻചെല്ലുന്നതും എത്ര രക്ഷാകരമായ താണ്!

എത്ര പേർക്ക് തങ്ങളുടെ പുണ്യം പ്ര സിദ്ധമാകയും ശേഷംപേർ അതിനെ അ ത്രവേഗം സ്തുതിക്കയും ചെയ്യുന്നതിനിമിത്തം അ പകടം നേരിട്ടിരിക്കുന്നു!

പരീക്ഷയും യുദ്ധവും നിറഞ്ഞിരിക്കുന്ന ഈ ദുർബലമായ ജീവിതത്തിൽ മൌനമാ യി സംരക്ഷിച്ച വരപ്രസാദം എത്ര അധി കം പ്രയോജനകരമായിത്തീർന്നിട്ടുണ്ട്.

46-ാം അധ്യായം

വാക്കുകളാകുന്ന ശരപ്രയോഗമുണ്ടാകുമ്പോൾ
ദൈവത്തെ ആശ്രയിക്കണം

മിശിഹാ. മകനേ, ഉറപ്പായിനിന്നു എ
ന്നെ ആശ്രയിക്കുക. എന്തെന്നാൽ വാക്കുകൾ
വാക്കുകളല്ലാതെ പിന്നെ എന്താണ്?

അവ വായുവിൽക്കൂടി പറക്കുന്നു; എ
ന്നാൽ ഒരു പുല്ലിനുപോലും ഉപദ്രവം വരു
ത്തുന്നില്ല.

നീ കുറ്റക്കാരനാണെങ്കിൽ നിന്നെത്ത
ന്നേ നീ തിരുത്തുമെന്നു സന്തോഷപൂർവ്വം തീ
ർച്ചപ്പെടുക, നിന്റെ മനസ്സാക്ഷി ഒരു കുറ
വും ആരോപിക്കുന്നില്ലെങ്കിൽ ഈ വാക്ക്
ദൈവത്തെപ്രതി സന്തോഷപൂർവ്വം ക്ഷമി
ക്കുമെന്നു വിചാരിക്ക.

കഠിനമായ ചമ്മട്ടിയടികൾ സഹി
ക്കാൻ നിനക്കു ഇതുവരെ ധൈര്യമില്ലെങ്കിൽ
ചിലപ്പോഴൊക്കെ കഠിനവാക്കുകളെങ്കിലും
സഹിക്കുന്നത് അത്ര വലിയ കാര്യമല്ല.

നീ ഇപ്പോഴും ജഡപ്രിയനും വേണ്ട
തിലധികം മനുഷ്യരെ കാര്യമായി ഗണിക്കു
ന്നവനും ആകകൊണ്ടല്ലെങ്കിൽ പിന്നെ എ
ന്തുകൊണ്ടാണ് ഇത്ര നിസ്സാരമായവ നിന്റെ
ഹൃദയത്തിൽ തട്ടുന്നത്?

നിനക്ക് അവമാനത്തെ ഭയമാകയാലാണ് നിന്റെ കുറങ്ങൾക്കായി നിന്നെ ശാസിക്കുന്നതിൽ ഇഷ്ടമില്ലാതിരിക്കുന്നതും ഒഴികഴിവുകളുടെ മറ തേടാൻ നോക്കുന്നതും.

2. എന്നാൽ നിന്നെത്തന്നേ നല്ലപോലെ പരിശോധിക്കുക; ലോകവും മനുഷ്യരെ പ്രസാദിപ്പിക്കാനുള്ള വ്യർത്ഥമായ ആഗ്രഹവും ഇന്നും നിന്നിൽ ജീവിക്കുന്നു എന്നു നിനക്കു മനസ്സിലാകും.

എന്തുകൊണ്ടെന്നാൽ നിന്റെ കുറങ്ങളെക്കുറിച്ചു നിന്നെ എളിമപ്പെടുത്തുന്നതും ലജ്ജിപ്പിക്കുന്നതും നിനക്കിഷ്ടമില്ലാത്തതുകൊണ്ടു നീ യഥാർത്ഥത്തിൽ എളിമയുള്ളവനല്ലെന്നും, ലോകത്തിന്റെ വിഷയത്തിൽ നീ മരിച്ചവനും നിന്റെ ദൃഷ്ടിയിൽ ലോകം കുരിശിൽ തൂങ്ങിയതുമല്ലെന്നും സ്പഷ്ടംതന്നേ.

എന്നാൽ എന്റെ വാക്കുകൾ കേൾക്ക, അപ്പോൾ മനുഷ്യരുടെ പതിനായിരം വാക്കുകൾപോലും നീ വകവയ്ക്കയില്ല.

കണ്ടാലും, പരമദുഷ്കമായ വിധത്തിൽ സങ്കല്പിക്കാൻ കഴിയുന്നതെല്ലാം നിനക്കെതിരായി പറഞ്ഞാലും നീ ഒന്നും വകവയ്ക്കാതെ അവ കടന്നുപൊയ്ക്കൊള്ളുക എന്നു നിനയ്ക്കുയും വൈക്കോലിനെക്കാൾ കാമ്പുമായി അവ

യെ ഗണിക്കാതിരിക്കുകയും ചെയ്താൽ അവ നിനക്കു എന്തുപദ്രവം വരുത്തും?

നിന്റെ തലയിലെ ഒരു രോമംപോലും പിഴുതുകളയാൻ അവയ്ക്കു കഴിയുമോ?

3. എന്നാൽ ഉള്ളിൽ ഹൃദയത്തിന്റെ അടക്കവും ഭക്തിയിൽ തൈവവും ഇല്ലാത്തവൻ നിന്ദാവചനങ്ങൾ കേട്ടാൽ എളുപ്പം ഇളകിപ്പോകുന്നു.

എന്നാൽ എന്നെ ആശ്രയിക്കയും സ്വന്തവിധിപ്രകാരം നിൽക്കാൻ ആഗ്രഹിക്കാതിരിക്കയും ചെയ്യുന്നവൻ മനുഷ്യരെപ്പറ്റിയുള്ള ഭയമില്ലാതെ ജീവിക്കും.

എന്തുകൊണ്ടെന്നാൽ ന്യായാധിപനും എല്ലാ രഹസ്യങ്ങളും അറിയുന്നവനും ഞാനാണ്. സംഗതികൾ എങ്ങനെ സംഭവിക്കുന്നെന്നു എനിക്കറിയാം. ദ്രോഹിക്കുന്നവനെയും സഹിക്കുന്നവനെയും എനിക്കറിയാം.

പല ഹൃദയങ്ങളിൽനിന്നു വിചാരങ്ങൾ വെളിപ്പെട്ടുവാനായി ഈ വചനം എന്നിൽ നിന്നത്രേ പുറപ്പെട്ടത്; ഞാൻ അനുവദിച്ചിട്ടുള്ളതു സംഭവിക്കയും ചെയ്യു.

ഞാൻ കാരക്കാരനെയും കുറ്റമില്ലാത്തവനെയും വിധിക്കും, എന്നാൽ ഒരു രഹസ്യമായ വിധിയാൽ രണ്ടുപേരെയും മുൻകൂട്ടി പരിശോധിക്കാൻ എനിക്കു മനസ്സായി.

4. മനുഷ്യരുടെ സാക്ഷ്യം പലപ്പോഴും തെറ്റിപ്പോകുന്നു; എന്റെ വിധി സത്യമാണ്. അതു നിലനില്ക്കും; ഒരിക്കലും വീണുപോകയില്ല. അതു മിക്കവാറും മറഞ്ഞാണിരിക്കുന്നത്; ചുരുക്കം പേക്കുമാത്രമേ എല്ലാം തെളിവായിരിക്കുന്നുള്ളു; ഭോഷന്മാരുടെ ദൃഷ്ടിയിൽ ശരിയല്ലെന്നു തോന്നിയാലും അതു് ഒരിക്കലും തെറ്റുകയില്ല, തെറ്റാൻ നിവൃത്തിയുമില്ല.

അതുകയാൽ എല്ലാ വിധിയിലും എന്റെ അടുക്കലേയ്ക്കു ഓടിവരണം, സ്വന്തം ഹിതത്തെ ആശ്രയിക്കയുമരുതു്.

ദൈവത്തിൽനിന്നു തനിക്കു് എന്തു സംഭവിച്ചാലും നീതിമാൻ ഇളകുകയില്ല.

അനീതിയായി എന്തെങ്കിലും അവനു വിരോധമായി പറഞ്ഞാലും അവൻ അതിനെ അത്രയധികം പരിഗണിക്കയില്ല. അവൻ നിർദ്ദോഷിയാണെന്നു മറുള്ളവർ ന്യായപൂർവ്വം തെളിയിച്ചാൽ അവൻ വ്യർത്ഥമായി അഹങ്കാരിക്കയുമില്ല.

ഞാൻ ഹൃദയങ്ങളെയും സിരകളെയും പരിശോധിക്കുന്നെന്നും, മുഖംനോക്കിയോ മനുഷ്യദൃഷ്ടിയിൽ കാണുന്നതുപോലെയോ വിധിക്കുന്നില്ലെന്നും അവനു അറിയാം; എന്തെന്നാൽ മനുഷ്യവിധിയിൽ സ്വീകാർഹമെന്നു

തോന്നുന്നത് എന്റെ ദുഷ്ടിയിൽ പലപ്പോഴും കുറുമായി പ്രത്യക്ഷപ്പെടുന്നു.

ശിഷ്യൻ. 5. ദൈവമായ തിരുനാഥാ, മനുഷ്യരുടെ ബലഹീനതയും ദുഷ്ടതയും അറിഞ്ഞിരിക്കുന്നവനായ ക്ഷമയും ശക്തിയും നീതിയുമുള്ള ദൈവമേ, നീ എന്റെ ബലവും സുശരണവുമായിരിക്കണമേ; എന്തുകൊണ്ടെന്നാൽ എന്റെ സ്വന്തം മനസ്സാക്ഷിമാത്രം എനിക്കു മതിയാകുന്നില്ല.

എനിക്കറിയാൻ കഴിയാത്തതു നിനക്കറിയാമല്ലോ. ആകയാൽ എല്ലാ ശാസനകളിലും ഞാൻ എന്നെത്തന്നേ എളിമപ്പെടുത്തി സൌമ്യതയോടെ അവയെ സഹിക്കേണ്ടതാണ്.

ഞാൻ അപ്രകാരം ചെയ്തിട്ടില്ലാത്ത ഓരോ പ്രാവശ്യവും എന്നോടു കൃപയായിക്ഷമിക്കേണമേ; വീണ്ടും അതിലധികം സഹിക്കാനുള്ള വരപ്രസാദം തരികയും ചെയ്യേണമേ.

എന്തെന്നാൽ മറഞ്ഞുകിടക്കുന്ന എന്റെ മനസ്സാക്ഷിയെ താങ്ങാൻ എനിക്കുണ്ടെന്നു ഞാൻ വിചാരിക്കുന്ന നീതിയെക്കാൾ നല്ലത് പാപവിമോചനം പ്രാപിക്കാൻ ഇടയാക്കുന്ന നിന്റെ ധാരാളമായ കരുണയാകുന്നു.

എനിക്കു ഒന്നിനെപ്പറ്റിയും ബോധമി

ല്ലെങ്കിലും അക്കാരണത്താൽ എന്നെ നീതിമാനാക്കാൻ എനിക്കു നിവൃത്തിയില്ല. എന്തുകൊണ്ടെന്നാൽ നിന്റെ കരുണകൊണ്ടല്ലാതെ ജീവിച്ചിരിക്കുന്ന ഒരു മനുഷ്യനും നിന്റെ മുൻപിൽ നീതിമാനാകയില്ല.

47-ാം അധ്യായം

അനർത്ഥങ്ങൾ സഹിച്ചേ മതിയാവൂ

മിശിഹാ. മകനേ, എന്നെപ്രതി നീ ഏറെ അദ്ധ്വാനങ്ങൾ നിന്നെ ഞെരുക്കാതിരിക്കട്ടെ; അനർത്ഥങ്ങൾ എവിടെ നിന്നാണെങ്കിലും നിനക്കു മനസ്സിടിവു വരുത്തരുത്. എന്തു സംഭവിച്ചാലും എന്റെ വാഗ്ദാനം നിന്നെ ധൈര്യപ്പെടുത്തി ആശ്വസിപ്പിക്കട്ടെ.

എല്ലാ അളവിനും തൂക്കത്തിനും മേലായി പ്രതിഫലം തരുവാൻ ഞാൻ മതിയായവനാണ്.

നീ ദീർഘനാൾ ഇവിടെ അദ്ധ്വാനിക്കയില്ല. എല്ലായ്പ്പോഴും സങ്കടങ്ങൾ നിന്നെ പിടിപ്പിക്കയുമില്ല.

അല്പം ക്ഷമിക്കുക; തിന്മകൾ വേഗം അവസാനിക്കുന്നത് നീ കാണും,

ഒരു കാലം വരും, അപ്പോൾ അജ്ഞാനവും ബഹളവും എല്ലാം അവസാനിക്കും.

കാലത്തോടുകൂടെ കടന്നുപോകുന്നതെല്ലാം നിസ്സാരവും താല്ക്കാലികവുമാകുന്നു.

2. നീ ചെയ്യുന്നത് ശ്രദ്ധാപൂർവ്വം ചെയ്ക; എന്റെ മന്ദിരത്തോട്ടത്തിൽ വിശ്വസ്തതയോടെ വേല എടുക്കുക. നിന്റെ പ്രതിഫലം ഞാൻ തന്നെ ആയിരിക്കും.

എഴുതുക, വായിക്കുക, പാടുക, നെടുവീർപ്പിടുക, മൌനമായിരിക്കുക, പ്രാർത്ഥിക്കുക. വിപത്തുകൾ ധൈര്യപൂർവ്വം സഹിക്കുക. നിത്യജീവൻ ഇവയെല്ലാത്തിനും ഇതിലും വലിയ മല്ലുകൾക്കും തക്ക വിലയുള്ളതാകുന്നു.

തിരുനാഥൻ അറിയാവുന്ന ഒരു ദിവസം സമാധാനം വരും.

അന്ന് ഇപ്പോഴത്തെപ്പോലെ പകലും രാവും ഉണ്ടായിരിക്കാതെ, ശാശ്വതമായ വെളിച്ചവും, അവസാനമില്ലാത്ത പ്രകാശവും സ്ഥിരമായ സമാധാനവും, നിർബാധമായ വിശ്രമവും ഉണ്ടായിരിക്കും.

മരണാധീനമായ ഈ ശരീരത്തിൽനിന്നു ആരു എന്നെ രക്ഷിക്കും എന്നു നീ പറയുകയില്ല.

കഷ്ടം എന്റെ പരദേശവാസം നീണ്ടുപോയല്ലോ എന്നു ഒട്ടും സങ്കടപ്പെടുകയുമി

ല്ല. എന്തുകൊണ്ടെന്നാൽ ഒരിക്കലും ക്ഷയിക്കാത്ത ആരോഗ്യമല്ലാതെ ഇനി മരണം ഉണ്ടായിരിക്കയില്ല; യാതൊരു ആകുല ചിന്തയുമില്ലാതെ ഭാഗ്യപൂർണ്ണമായ ആനന്ദവും, മധുരവും മഹനീയവുമായ സംസർഗ്ഗവും ഇനി ഉണ്ടായിരിക്കും.

3. ഓ! സ്വർഗ്ഗത്തിലെ പുണ്യാത്മാക്കളുടെ നിത്യമായ കിരീടങ്ങളും, ഈ ലോകം നിന്ദ്യന്മാരും ജീവിക്കുന്നതിനു തന്നേ അയോഗ്യന്മാരുമെന്നു ഗണിച്ചിരുന്നവർ ഇപ്പോൾ എത്ര വലിയ മഹിമ അനുഭവിക്കുന്നു എന്നുള്ളതും നീ കണ്ടിരുന്നെങ്കിൽ നിശ്ചയമായും നീ നിന്നെത്തന്നേ നിലംവരെ എളിമപ്പെടുത്തി ഒരുത്തന്റെയും മേലേ ആകുന്നതിനേക്കാൾ എല്ലാവരുടെയും കീഴെ ആകുന്നതിനു ആഗ്രഹിക്കുമായിരുന്നു.

ഈ ജീവിതത്തിലെ സന്തോഷമുള്ള ദിവസങ്ങളെ ആഗ്രഹിക്കാതെ ദൈവത്തിനു വേണ്ടി അധികം കഷ്ടതകൾ അനുഭവിക്കുന്നതിൽ സന്തോഷിക്കയും മനുഷ്യർ ഒന്നുമില്ലാത്തവനായി നിന്നെ ഗണിക്കുന്നതു വലിയ നേട്ടമെന്നു നീ വിചാരിക്കയും ചെയ്യുമായിരുന്നു.

4. ഇതുകൾ നിനക്കു രസിക്കയും നി

ന്റെ ഹൃദയത്തിന്റെ ഉള്ളിലേക്കു കടക്കുകയും ചെയ്തിരുന്നെങ്കിൽ! അപ്പോൾ നീ ഒരിക്കൽപ്പോലും ആവലാതിപ്പെട്ടുവാൻ എങ്ങനെ തുനിയുമായിരുന്നു?

നിത്യജീവിതത്തിനായി പ്രയാസമുള്ളതെല്ലാം സഹിക്കേണ്ടതല്ലയോ?

ദൈവരാജ്യം നഷ്ടപ്പെടുത്തുകയോ സമ്പാദിക്കയോ എന്നതു നിസ്സാരമായ ഒരു കാര്യമല്ല.

ആകയാൽ നിന്റെ ദൃഷ്ടി സ്വർഗ്ഗത്തിലേക്കയയ്ക്കുക. ഇതാ ഞാനും എന്നോടുകൂടെ ഈ ലോകത്ത് വലിയ യുദ്ധം ചെയ്തവരായ എന്റെ പുണ്യവാന്മാരും! ഇപ്പോൾ അവർ സന്തോഷിക്കുന്നു, അവർ സമാശ്വസിക്കുന്നു. ഇപ്പോൾ അവർ നിർഭയരായിരിക്കുന്നു. വിശ്രമം അനുഭവിക്കയും ചെയ്യുന്നു; അധികമില്ലാത്ത കാലം മുഴുവൻ എന്നോടുകൂടെ എന്റെ പിതാവിന്റെ രാജ്യത്ത് അവർ വസിക്കയും ചെയ്യും.

48-ാം അധ്യായം

നിത്യതയിലെ ദിവസം

ശിഷ്യൻ ഓ, സ്വർഗ്ഗീയ നഗരത്തിലെ അത്യന്തം ഭാഗ്യഭവനമേ!

രാത്രി ഒരിക്കലും ഇരുട്ടാക്കാതെ പരമ

സത്യം എപ്പോഴും പ്രകാശിപ്പിച്ചുകൊണ്ടിരിക്കുന്ന നിത്യതയുടെ മഹാകാന്തിയുള്ള ദിവസമേ!

എന്നും ആനന്ദമുള്ളതും ഒരിക്കലും അപകടമില്ലാത്തതും പെട്ടെന്നു വിപരീതമായി മാറാത്തതുമായ ദിവസമേ!

ആ ദിവസം ഉദിക്കയും ഈ തല്ക്കാലികമായവയെല്ലാം അവസാനിക്കയും ചെയ്യുകിൽ!

അതു തീർച്ചയായും വിശ്വാസിമാരുടെ മേൽ നിത്യമായ തേജസ്സോടെ പ്രകാശിക്കുന്നുണ്ട്. എന്നാൽ ഈ ലോകത്ത് പരദേശികളായ നാം അതു ദൂരെ കണ്ണാടിയിൽക്കൂടെ എന്നപോലെയാണു കാണുന്നത്.

2. ആ ദിവസം എത്ര ആനന്ദപൂർണ്ണമാണെന്ന് സ്വർഗ്ഗവാസികൾക്കറിയാം; എന്നാൽ രാജ്യഭ്രഷ്ടരായ ഹാവായുടെ മക്കൾ ഈ ദിവസം വളരെ കയ്പും അസഹ്യതയും ഉള്ളതാണെന്നു വിലപിക്കുന്നു.

ഈ ജീവിതത്തിലെ ദിവസങ്ങൾ ചുരുങ്ങിയതും കഷ്ടതയുള്ളതും സങ്കടങ്ങളും അനർത്ഥങ്ങളുംകൊണ്ടു നിറഞ്ഞതും ആകുന്നു; അവയിൽ മനുഷ്യൻ പല പാപങ്ങളാൽ ഭൂമിക്കയും പല ഉരാശകളിൽ കുടുങ്ങിപ്പോകയും ചെയ്യുന്നു; നാനാതരത്തിലുള്ള ഭയ

ങ്ങളാൽ ക്ലേശിക്കയും, പല കാര്യങ്ങളിൽ അസ്വസ്ഥനാകയും വിവിധ കൌതുകപ്രിയത്താൽ ബോധപ്പുതർച്ച അനുഭവിക്കയും, പലതരം വ്യർത്ഥകാര്യങ്ങളാൽ കുഴങ്ങുകയും, പല തെറ്റുകളാൽ ആവൃതനാകയും, വളരെ അദ്ധ്വാനത്താൽ ഉലയുകയും, പരീക്ഷകളുടെ ഭാരം സഹിക്കയും. സുഖാനുഭോഗങ്ങളാൽ ക്ഷീണിക്കയും, ആവശ്യങ്ങളാൽ അരിഷ്ടത സഹിക്കയും ചെയ്യുന്നു.

3. ഓ! ഈ തിന്മകൾ എപ്പോൾ അവസാനിക്കും?

ഞാൻ ദുർഗ്രഹങ്ങളുടെ നിർഭാഗ്യദാസ്യത്തിൽനിന്നു എന്നു സ്വതന്ത്രനാകും?

തിരുനാഥാ, എന്നു നിന്നെമാത്രം ഞാൻ ഓർമ്മിക്കും?

എന്നു നിന്നിൽമാത്രം പൂർണ്ണമായി സന്തോഷിക്കും?

എന്നു യാതൊരു തടസ്സവുമില്ലാതെയും മനസ്സിന്റെയോ ശരീരത്തിന്റെയോ യാതൊരു അസ്വാസ്ഥ്യവുമില്ലാതെയും ഞാൻ യഥാർത്ഥ സ്വാതന്ത്ര്യം അനുഭവിക്കും?

എന്നു ദൃഢമായ സമാധാനം; കലക്കമില്ലാത്തതും സുസ്ഥിരവും, ആഭ്യന്തരവും ബാഹ്യവും, എല്ലാ പ്രകാരത്തിലും ഉറപ്പായതുമായ സമാധാനം എനിക്കുണ്ടാകും?

നല്ല ഈശോയേ, നിന്നെ കാണാൻ എന്നു എനിക്കു സാധിക്കും?

എന്നു നിന്റെ രാജ്യത്തിന്റെ മഹിമയെപ്പറ്റി ഞാൻ ധ്യാനനിരതനായിരിക്കും? എപ്പോൾ നീ എനിക്കു എല്ലാറ്റിലും എല്ലാമായിത്തീരും?

ഓ! എപ്പോൾ നിന്നോടുകൂടി നിന്നെ സ്നേഹിക്കുന്നവർക്കായി അനാദികാലം മുതൽ തയാറാക്കിയിട്ടുള്ള രാജ്യത്തു ഞാനിരിക്കും?

ദിവസംപ്രതി യുദ്ധങ്ങളും വളരെ വലിയ നിർഭാഗ്യങ്ങളും നേരിടുന്ന ശത്രുവിന്റെ രാജ്യത്ത് എന്നെ ദരിദ്രനും സ്വരാജ്യഭ്രഷ്ടനും ആയി ഇട്ടിരിക്കുന്നവല്ലോ.

4. എന്റെ പരദേശവാസത്തിൽ എന്നെ ആശ്വസിപ്പിക്കണമേ; എന്റെ സങ്കടം ലഘുവാക്കണമേ; എന്തുകൊണ്ടെന്നാൽ എന്റെ ആഗ്രഹമെല്ലാം നിങ്കലേയ്ക്കായിരുന്നു. ഇവിടെ ലോകം ആശ്വാസമായി തരുന്നതെല്ലാം എനിക്കു ഭാരമായിത്തീരുന്നു.

നിന്നെ പൂർണ്ണമായി അനുഭവിക്കാൻ ഞാനാഗ്രഹിക്കുന്നു. എന്നാൽ ഇതു പ്രാപിക്കാൻ എനിക്കു വയ്യാ.

സ്വർഗ്ഗീയ കാര്യങ്ങളോടു ചേർന്നിരിക്കാൻ ഞാനാഗ്രഹിക്കുന്നു; എന്നാൽ താല്ക്കാ

ലികകാംക്ഷങ്ങളും നിഗ്രഹിച്ചിട്ടില്ലാത്ത ദുർമ്മോഹങ്ങളും എന്നെ കീഴോട്ടമർത്തുന്നു.

മനസ്സുകൊണ്ടു എല്ലാകാംക്ഷങ്ങൾക്കും ഉപരിയായി നില്ക്കാൻ ഞാനാഗ്രഹിക്കുന്നു. എന്നാൽ എന്റെ ശരീരം നിമിത്തം ഞാൻ എന്റെ മനസ്സിനു വിപരീതമായി അവസ്ഥകീഴ്പ്പെട്ടിരിക്കാൻ നിർബ്ബന്ധനായിത്തീരുന്നു.

ഇപ്രകാരം നിർഭാഗ്യമനുഷ്യനായ ഞാൻ ഏറ്റോടുതന്നേ യുദ്ധം ചെയ്യുന്നു; ഞാൻ എനിക്കുതന്നേ ഭാരമായിതീർന്നിരിക്കുന്നു. എങ്ങനെയെന്നാൽ ആത്മാവു മേലോട്ടും ശരീരം കീഴോട്ടും പോകുന്നതിനു ശ്രമിക്കുന്നു.

5. ഞാൻ മനസ്സുകൊണ്ടു സ്വർഗ്ഗീയകാംക്ഷങ്ങളെക്കുറിച്ചു ചിന്തിക്കുമ്പോൾ പെട്ടെന്നു എന്റെ പ്രാർത്ഥനയുടെ മദ്ധ്യേ, ശാരീരികമായ ചിന്തകൾ തിക്കിക്കയറി എന്നോടു എതിരിടുകയാൽ ഞാൻ ആഭ്യന്തരമായി എത്രയധികം സങ്കടം സഹിക്കേണ്ടിവരുന്നു!

എന്റെ ദൈവമേ, എന്നിൽനിന്നു അകന്നുപോകരുതേ, നിന്റെ കോപത്താൽ ഈ ദാസനിൽനിന്നു മാറിപ്പോകരുതേ.

നിന്റെ മിന്നൽ പിണറിനെ അയച്ചു അവയെ ചിതറിക്കണമേ, നിന്റെ അസ്ത്രങ്ങളെ അയച്ചു ശത്രുവിന്റെ എല്ലാ മായ

ക്കാഴ്ചകളെയും തകർത്തുകളയണമേ. എന്റെ ഇന്ദ്രിയങ്ങളെ നിന്നിൽ ഒതുക്കി അടക്കണമേ!

ലൗകികകാര്യങ്ങൾ സകലവും ഞാൻ മറക്കുന്നതിനു സഹായിക്കണമേ. ദുർവിചാരങ്ങളെ ശീഘ്രം വെറുത്തു തള്ളിക്കളയാൻ കൃപചെയ്യണമേ.

നിത്യസത്യമേ, എന്നെ സഹായിക്കണമേ. വ്യർത്ഥമായ യാതൊന്നും എന്നെ ഇളക്കാതിരിക്കട്ടെ.

സ്വർഗ്ഗീയമാധുര്യമേ, വരിക; എല്ലാ മലിനതയും നിന്റെ മുൻപിൽനിന്നു ഓടി ഒളിക്കട്ടെ.

എന്റെ പ്രാർത്ഥനയിൽ നിന്നെ അല്ലാതെ മറ്റേതെങ്കിലും ഞാൻ വിചാരിക്കുമ്പോൾ എന്നോടു ക്ഷമിച്ചു കരുണാപൂരസ്സരം എനിക്കു മാപ്പുതരണമേ.

എന്തുകൊണ്ടെന്നാൽ ഞാൻ വളരെ അധികമായി അന്യചിന്തയിൽ മുഴുകാറുണ്ടായിരുന്നു എന്നു ഞാൻ സത്യമായി ഏറ്റുപറയുന്നു.

എങ്ങനെയെന്നാൽ പലപ്പോഴും എന്റെ ശരീരം ഇരിക്കയോ നില്ക്കയോ ചെയ്യുന്നിടത്തല്ല ഞാനുള്ളത്, പ്രത്യുത എന്റെ ചിന്തകൾ എന്നെ കൊണ്ടുപോകുന്ന സ്ഥലത്താണു ഞാൻ മുഖ്യമായി ഉള്ളത്.

എന്റെ വിചാരങ്ങൾ എവിടെയോ അവിടെയാണു ഞാൻ; ഞാൻ സ്നേഹിക്കുന്നത് എവിടെയോ അവിടെയാണ് പലപ്പോഴും എന്റെ ചിന്തകൾ.

പ്രകൃത്യാ സന്തോഷം തോന്നിക്കയോ തഴക്കത്താൽ ഇഷ്ടമായിരിക്കയോ ചെയ്യുന്ന കാര്യമാണ് എന്റെ മനസ്സിൽ എളുപ്പം വരുന്നത്.

6. ഇതുകൊണ്ടാണു സത്യമായ നീ "നിന്റെ നിക്ഷേപം എവിടെയോ നിന്റെ ഹൃദയവും അവിടെയാണ്" എന്നു സൂക്ഷ്മമായി അരുളിച്ചെയ്തിരിക്കുന്നത്.

ഞാൻ സ്വർഗ്ഗത്തെ സ്നേഹിക്കുന്നെങ്കിൽ സ്വർഗ്ഗീയസംഗതികളെപ്പറ്റി സന്തോഷപൂർവ്വം ചിന്തിക്കും.

ഞാൻ ലോകത്തെ സ്നേഹിക്കുന്നെങ്കിൽ ലൌകിക സൗഭാഗ്യങ്ങളിൽ സന്തോഷിക്കയും അതിലെ അനർത്ഥങ്ങളെപ്പറ്റി ദുഃഖിക്കയും ചെയ്യും.

ഞാൻ ശരീരത്തെ സ്നേഹിക്കുന്നെങ്കിൽ എപ്പോഴും ശരീരസംബന്ധമായവയെപ്പറ്റി സങ്കല്പിച്ചുകൊണ്ടിരിക്കും.

ഞാൻ ആത്മാവിനെ സ്നേഹിക്കുന്നെങ്കിൽ ആത്മീയകാര്യങ്ങളെപ്പറ്റി വിചാരിക്കുന്നതു എനിക്കു സന്തോഷമായിരിക്കും.

ഞാൻ ഏതിനെ സ്നേഹിക്കുന്നുവോ അതിനെപ്പറ്റി സന്തോഷപൂർവ്വം സംസാരിക്കയും കേൾക്കുകയും ചെയ്യും.

എന്നാൽ തിരുനാഥാ, നിന്നെപ്രതി സകല സൃഷ്ടികളെയും ഉപേക്ഷിച്ചുകളകയും, പ്രകൃതിയോടു ബലം പ്രയോഗിച്ചു ശരീരത്തിന്റെ ഭ്രാശകളെ ആത്മാവിന്റെ തീക്ഷ്ണതയാൽ കുരിശിൽ തറച്ച് ഇങ്ങനെ മനസ്സാക്ഷിയെ ശാന്തമാക്കി ശുദ്ധമായ പ്രാർത്ഥന നിനക്കു സമർപ്പിക്കയും; എല്ലാ ലൌകികകാര്യങ്ങളെയും പുറത്തും അകത്തും നിന്നു നീക്കി മാലാകമാരുടെ ഗായകഗണത്തിൽ ചേരാൻ യോഗ്യനാകയും ചെയ്യുന്ന മനുഷ്യൻ ഭാഗ്യവാൻ.

49-ാം അധ്യായം

അനന്തജീവിതത്തിനായുള്ള ആഗ്രഹം.

മിശിഹാ. മകനേ, അനന്തഭാഗ്യം പ്രാപിക്കണമെന്നുള്ള ഒരാഗ്രഹം മേലിൽനിന്നു നിന്നെറമേൽ ചൊരിഞ്ഞിരിക്കുന്നതായി നിനക്കു തോന്നുകയും എന്റെ പ്രഭയെപ്പറ്റി ഭാവഭേദത്തിന്റെ നിഴലില്ലാതെ ധ്യാനിക്കാൻവേണ്ടി ഈ ശരീരമെന്ന ക്ലേശാരത്തിൽ

നിന്നു പുറത്തു കടക്കുന്നതിനായി നീ ആഗ്രഹിക്കയും ചെയ്യുമ്പോൾ നിന്റെ ഹൃദയം വിശാലമായി തുറന്നു വലിയ താല്പര്യത്തോടെ ആ നല്ല തോന്നലിനെ സ്വീകരിച്ചുകൊള്ളുക.

നിന്റെ സ്വന്തം ഭാരത്താൽ താഴെ ലൌകിക സംഗതികളിലേയ്ക്കു് വീണുപോകാതിരിക്കാൻവേണ്ടി നിന്നോടു ഇത്ര സൗജന്യമായി പ്രവർത്തിക്കയും, കരുണയോടെ നിന്നെ സന്ദർശിക്കയും തീക്ഷ്ണതയോടെ ഉത്സാഹിപ്പിക്കയും, ശക്തിയോടെ പൊക്കി എടുക്കയും ചെയ്യുന്ന ദിവ്യനന്മയ്ക്കു് വളരെ സ്തോത്രം ചെയ്യുക.

എന്നാൽ ഇത്ര നീ കൈക്കൊള്ളുന്നതു നിന്റെ ആലോചനയോ പരിശ്രമമോകൊണ്ടല്ല. പ്രത്യുത, സ്വർഗ്ഗീയവരത്തിന്റെ അനുകൂല്യവും ദൈവകടാക്ഷവുംകൊണ്ടു മാത്രമാണ്. ഇപ്രകാരം നീ പുണ്യങ്ങളിലും അഗാധമായ എളിമയിലും വർദ്ധിക്കുന്നതിനും, വരുവാനിരിക്കുന്ന യുദ്ധങ്ങൾക്കു നിന്നെ തയ്യാറാക്കുന്നതിനും പൂർണ്ണസ്നേഹത്തോടെ എന്നോടു ചേർന്നിരുന്നു തീക്ഷ്ണതയുള്ള മനസ്സോടെ എന്നെ സേവിക്കാൻ പരിശ്രമിക്കുന്നതിനും വേണ്ടിയാകുന്നു അത്ര നിനക്കു നൽകിയിരിക്കുന്നത്.

2. മകനേ, പലപ്പോഴും തീ എരിയുന്നുണ്ട്, എന്നാൽ പുകക്കുടാതെ ജ്വാല മേലോട്ടുയരുന്നില്ല.

ഇപ്രകാരം ചിലരുടെ ആഗ്രഹങ്ങൾ സ്വർഗ്ഗീയ കാര്യങ്ങൾക്കായി എരിയുന്നു. എന്നുവരികിലും അവർ ശാരീരികസ്നേഹത്തിന്റെ പരീക്ഷകളിൽനിന്നു സ്വാതന്ത്ര്യം പ്രാപിച്ചിട്ടില്ല.

അതുകയാൽ അവർ അത്ര ആഗ്രഹത്തോടെ ദൈവത്തോടു പ്രാർത്ഥിക്കുന്നതു കേവലം ദൈവസ്തുതിക്കുവേണ്ടി മാത്രമല്ല.

ഇത്ര എരിവേറിയതെന്നു നീ ഭാവിക്കുന്ന നിന്റെ ആഗ്രഹവും ഒരു പക്ഷേ പലപ്പോഴും ഇത്തരത്തിലുള്ളതാണ്.

എന്തുകൊണ്ടെന്നാൽ സ്വന്തം കാര്യലാഭം കലർന്നിട്ടുള്ളതു നിർമ്മലവും ഉത്തമവുമല്ല.

3. നിനക്കു സന്തോഷകരവും സൗകര്യപ്രദവുമായതല്ല, പിന്നെയോ എനിക്കു സ്വീകാര്യവും ബഹുമാനകരവുമായിട്ടുള്ളതിനെയാണു മോദിക്കേണ്ടത്. എന്തുകൊണ്ടെന്നാൽ നീ ശരിയായി വിധിക്കുന്നപക്ഷം നിന്റെ ആഗ്രഹത്തെയും നീ ആഗ്രഹിക്കുന്ന ഏതിനെയുംകാൾ എന്റെ നിശ്ചയത്തെ കാര്യമായി ഗണിച്ച് അനുസരിക്കേണ്ടതാണ്.

നിന്റെ ആഗ്രഹം എന്താണെന്നു എനിക്കറിയാം. നിന്റെ കൂടക്കൂടെയുള്ള നെടുവീർപ്പുകളെ ഞാൻ കേട്ടിട്ടുണ്ട്.

ദൈവമക്കളുടെ മഹിമയുള്ള സ്വാതന്ത്ര്യത്തിൽ ഇപ്പോൾത്തന്നെ പ്രവേശിച്ചാൽ കൊള്ളാമെന്നു നിനക്കു മനസ്സുണ്ട്.

സന്തോഷസമ്പൂർണ്ണമായ സ്വർഗ്ഗമെന്ന പിതൃദേശവും നിത്യഭവനവും ഇപ്പോൾത്തന്നെ നിന്നെ സന്തോഷിപ്പിക്കുന്നു.

എന്നാൽ ഇതേവരെ ആ സമയം ആയിട്ടില്ല; ഇതു വേറെ ഒരു സമയമാണ്, അതായത് യുദ്ധത്തിന്റെയും അദ്ധ്വാനത്തിന്റെയും പരീക്ഷയുടെയും സമയം.

പരമനന്മയാൽ നിറയണമെന്നു നീ ആഗ്രഹിക്കുന്നു. എന്നാൽ ഇപ്പോൾ അതു പ്രാപിക്കാൻ നിനക്കു സാധിക്കയില്ല

ആ പരമനന്മ ഞാനാകുന്നു; ദൈവരാജ്യം വരുന്നതുവരെ എന്നെ കാത്തിരിക്കുക എന്നതിരുനാഥൻ അരുളിച്ചെയ്യുന്നു.

4. ഇനിയും നീ ഭൂമിയിൽ പ്രലോഭനങ്ങൾ സഹിക്കയും അനേക കാര്യങ്ങളിൽ അഭ്യാസം സമ്പാദിക്കയും ചെയ്യേണ്ടിയിരിക്കുന്നു.

ഇടയ്ക്കിടയ്ക്കു നിനക്കു ആശ്വാസം കിട്ടും; എന്നാൽ ധാരാളമായ തൃപ്തി കിട്ടുകയില്ല.

ആകയാൽ സ്വഭാവത്തിനു വിരോധമായവ പ്രവർത്തിക്കുന്നതിലും സഹിക്കുന്നതിലും ഉറപ്പും ധൈര്യവുമുള്ളവനായിരിക്ക.

നീ ഒരു പുതിയ മനുഷ്യനെ ധരിക്കണം; വേറൊരു മനുഷ്യനായി മാറുകയും വേണം.

പലപ്പോഴും നിനക്കിഷ്ടമില്ലാത്തതു ചെയ്യണം, നിനക്കിഷ്ടമുള്ളതു ഉപേക്ഷിക്കയും വേണം.

മറ്റുള്ളവർക്കു ഇഷ്ടമുള്ളതു അഭിവൃദ്ധിപ്പെടും. നിനക്കിഷ്ടമുള്ളതു സാധിക്കയുമില്ല.

മറ്റുള്ളവർ പറയുന്നതു എല്ലാവരും കേൾക്കും, നീ പറയുന്നതോ ഒട്ടും വകവെയ്ക്കയില്ല.

മറ്റുള്ളവർ ചോദിക്കും, അവർക്കു കിട്ടും. നീ അപേക്ഷിക്കും, നിനക്കു കിട്ടുകയുമില്ല.

മറ്റുള്ളവരെ മനുഷ്യർ മഹാന്മാരെന്നു പ്രശംസിക്കും. നിന്നെപ്പറ്റി ഒന്നും മിണ്ടുകയുമില്ല.

മറ്റുള്ളവർക്കു പല കാര്യങ്ങളുടെയും മുമ്പതല എൾപ്പിച്ചുകൊടുക്കും, നീ ഒന്നിനുംകൊള്ളാത്തവനാണെന്നു ഗണിക്കയും ചെയ്യും.

ഇതുനിമിത്തം മനുഷ്യസ്വഭാവം ചിലപ്പോൾ സങ്കടം അനുഭവിക്കും; എങ്കിലും നീ മൌനമായി അതു സഹിക്കുന്നതു് ഒരു മഹാകാര്യമാണു്.

5. ഈ സംഗതികളിലും ഇതുപോലുള്ള പലതിലുമാണ തിരുനാഥന്റെ വിശ്വസ്തദാസൻ തന്നെത്താൻ എല്ലാറ്റിലും ത്യജിക്കയും ജയിക്കയും ചെയ്വാൻ എത്രമാത്രം ശക്തിയുള്ളവനാണെന്നു പരീക്ഷിച്ചു നോക്കാവുള്ളതു്.

നിന്റെ മനസ്സിനു വിരോധമായവ കാണുകയും സഹിക്കയും ചെയ്യുമ്പോഴും, വിശിഷ്യ സൗകര്യമില്ലാത്തതും പ്രയോജനമില്ലാത്തതും എന്നു എനിക്കു തോന്നുന്നതു് ചെയ്വാൻ നിന്നോടു കല്പിക്കുമ്പോഴും നിന്നെ ത്യജിക്കേണ്ടതുപോലെ അത്ര അധികം സ്വയം ത്യജിക്കേണ്ട വേറെ സന്ദർഭമില്ല.

നീ അധികാരത്തിൻകീഴിൽ ഇരിക്കകൊണ്ടു് മേലധികാരത്തോടു എതിർക്കാൻ തുനിയുന്നില്ലെങ്കിലും, മറ്റൊരുത്തന്റെ വഴക്കിനു നടക്കുന്നതും നിന്റെ സ്വന്തം അഭിപ്രായത്തെ നിശ്ശേഷം ത്യജിക്കുന്നതും വളരെ പ്രയാസമുള്ള കാര്യമായി നീ വിചാരിച്ചേക്കാം.

6. എന്നാൽ മകനേ, ഈ അദ്ധ്വാനങ്ങളുടെ ഫലവും അവയുടെ പെട്ടെന്നുള്ള അവസാനവും അവയ്ക്കുള്ള വളരെ വലിയ സമ്മാനവും നീ പരിഗണിക്കുക; അപ്പോൾ നിനക്കു ഭാരം തോന്നുകയില്ല, മാത്രമല്ല നി

ന്റെ കഷ്ടതകളിൽ വളരെ ധൈര്യം തരുന്ന ആശ്വാസമായിരിക്കയും ചെയ്യും.

എങ്ങനെയെന്നാൽ, ഇപ്പോൾ നീ മനസ്സോടെ ഉപേക്ഷിക്കുന്ന ഈ അല്പമായ നിന്റെ ഇഷ്ടത്തിനു പകരം സ്വർഗ്ഗത്തിൽ നിന്റെ ഇഷ്ടംപോലെ എന്നും നിനക്കു സാധിക്കും.

അവിടെ നിശ്ചയമായും നീ ഇച്ഛിക്കുന്നതും നിനക്കു ആഗ്രഹിക്കാവുന്നതുമായ സകലവും നീ കണ്ടെത്തും.

അവിടെ സകല നന്മകളുടെയും സമ്പാദ്യം നഷ്ടമായിപ്പോകുമെന്നുള്ള ഭയം കൂടാതെ നിനക്കു ജീവിക്കാം.

അവിടെ നിന്റെ മനസ്സു് എപ്പോഴും എന്റേതിനോടു യോജിച്ചു ഒന്നായിരിക്കകൊണ്ടു എനിക്കു പുറമേയുള്ളതോ നിനക്കു സ്വന്തമായതോ ഒന്നും ആഗ്രഹിക്കയില്ല.

അവിടെ ആരും നിന്നെ എതിർക്കയില്ല, ഒരുത്തരും നിന്നെപ്പറ്റി ആവലാതി പറകയുമില്ല; ഒരുത്തരും നിന്നെ പിന്മാറുകയില്ലാ ഒന്നും നിനക്കു തടസ്സമായിരിക്കയുമില്ല; നീ ആഗ്രഹിക്കുന്നവയെല്ലാം ഒരേ സമയം അവിടെ ഉണ്ടായിരിക്കയും, അവ നിന്റെ ആഗ്രഹങ്ങളെ എല്ലാം മുഴുവനായി

നിറവേറുകയും, നിന്നെ സംപൂർണ്ണമായി തൃപ്തിപ്പെടുത്തുകയും ചെയ്യും.

നീ അനുഭവിച്ച അധ്വാനങ്ങൾക്കു പകരം മഹിമയും ദുഃഖത്തിനു പകരം സ്തുതിയുടെ വസ്ത്രവും ഏറാം താന്ന ഇരിപ്പിടത്തിനു പകരം എന്നേയ്ക്കുമുള്ള രാജസിംഹാസനവും അവിടെ നിനക്കു ഞാൻ തരും.

അവിടെ അനുസരണത്തിന്റെ ഫലം പ്രത്യക്ഷപ്പെടും. പ്രായശ്ചിത്തത്തിന്റെ അധ്വാനം സഹിച്ചവർ സന്തോഷിക്കും, വിനയപൂർവ്വം കീഴ്വഴങ്ങിയവർ മഹിമയോടെ കിരീടം ധരിക്കയും ചെയ്യും.

7. ആകയാൽ ഇപ്പോൾ നീ സകലരുടെയും കല്പനകൾ എളിമയോടെ അനുസരിക്ക. ആരു ഇതു പറഞ്ഞെന്നോ ആജ്ഞാപിച്ചെന്നോ നീ നോക്കണ്ടാ.

എന്നാൽ ഒരു കാര്യം പ്രത്യേകം സൂക്ഷിക്കണം. അതായത് നിന്റെ മേലധികാരിയോ കീഴുള്ളവനോ അഥവാ സമനോ നിന്നോടു എന്തെങ്കിലും ആവശ്യപ്പെടുകയോ സൂചിപ്പിക്കയോ ചെയ്താൽ നീ എല്ലാം നന്നായി സ്വീകരിച്ച് പരമാർത്ഥമനസ്സോടെ അതിനെ നിവൃത്തിക്കാൻ ശ്രമിക്കുക.

ഒരുത്തൻ ഇതും മറ്റൊരുത്തൻ അതും അന്വേഷിച്ചുകൊള്ളട്ടെ. ഒരു മനുഷ്യൻ ഇ

തിലും മറ്റൊരുത്തൻ അതിലും അഭിമാനിക്കയും ആയിരമായിരം പ്രാവശ്യം സ്തുതി സമ്പാദിക്കയും ചെയ്യട്ടെ. എന്നാൽ നീയോ അതിലും ഇതിലും അല്ല, നിന്റെ നിന്ദനത്തിലും എന്റെ മാത്രമായ ഇഷ്ടത്തിലും മഹിമയിലും സന്തോഷിക്കുക. ഇതുമാത്രമേ നീ ആഗ്രഹിക്കേണ്ടു അതായത് ജീവിച്ചാലും മരിച്ചാലും നിന്നിൽ ദൈവത്തിന് എല്ലാപ്പോഴും മഹിമയുണ്ടാകട്ടെ എന്നു നീ ആഗ്രഹിക്കണം.

50-ാം അധ്യായം

ഹൃദയാന്ധകാരം നേരിട്ടുമ്പോൾ ചെയ്യണ്ടതു്.

ദൈവമായ തിരുനാഥാ, പരിശുദ്ധനായ പിതാവേ, നീ ഇന്നും എന്നും അനുഗ്രഹീതനാകട്ടെ. എന്തുകൊണ്ടെന്നാൽ നീ തിരുമനസ്സാകുന്നതുപോലെ സംഭവിക്കുന്നു; നീ ചെയ്യുന്നതു നല്ലതുതന്നേ.

നിന്റെ ദാസൻ തന്നിൽത്തന്നേയോ മറ്റാരിലുമോ സന്തോഷിക്കാതെ നിന്നിൽ സന്തോഷിക്കട്ടെ. എന്തുകൊണ്ടെന്നാൽ നീ മാത്രം സത്യമായ സന്തോഷവും നീ എന്റെ ശരണവും എന്റെ കിരീടവും എന്റെ ആഹ്ലാദവും മഹിമയും ആകുന്നു.

തിരുനാഥാ, നിന്നിൽനിന്നു ലഭിച്ചതല്ലാതെ നിന്റെ ദാസനു എന്തുള്ളു. അതും അവന്റെ യോഗ്യതക്കുടാതെ ലഭിച്ചതല്ലയോ?

നീ കൊടുത്തതും ചെയ്തതും എല്ലാം നിന്റേതാണ്.

ഞാൻ ദരിദ്രനും എന്റെ യൌവനം മുതൽ അദ്ധ്വാനിച്ചവനുമാണ്. ചിലപ്പോൾ എന്റെ ആത്മാവു കണ്ണുനീർ ചൊരിയത്തക്കവണ്ണം ദുഃഖം അനുഭവിച്ചിട്ടുണ്ട്. ചിലപ്പോൾ അടുത്തിരിക്കുന്ന പീഡകളാൽ എന്റെ ഹൃദയം കലങ്ങുകയും ചെയ്തിട്ടുണ്ട്.

2. സാമാധനത്തിൽ നിന്നുളവാകുന്ന സന്തോഷം ഞാനാഗ്രഹിക്കുന്നു; നിന്റെ മക്കളുടെ സമാധാനം ഞാൻ പ്രാർത്ഥിക്കുന്നു; അവരെ നി ആശ്വാസമെന്ന വെളിച്ചത്തിൽ പോഷിപ്പിക്കുന്നു.

നീ സമാധാനം തരുന്നെങ്കിൽ, വിശുദ്ധ സന്തോഷം ചൊരിയുന്നെങ്കിൽ, നിന്റെ ദാസന്റെ ആത്മാവ് സംഗീതമാധുര്യത്താൽ നിറയുകയും നിന്നെ ഭക്തിയോടെ സ്തുതിക്കയും ചെയ്യും.

എന്നാൽ പലപ്പോഴും ചെയ്യാറുള്ളതുപോലെ നീ പിൻവാങ്ങുന്നെങ്കിൽ അവനു നിന്റെ കല്പനകളുടെ വഴിയിൽ ഓടാൻ സാധിക്കാതെ മുട്ടുകുനിച്ചു നെഞ്ചത്തടിക്കും.

എന്തുകൊണ്ടെന്നാൽ അവന്റെ സ്ഥിതി ഇ ന്നലത്തെയും മിനിയാന്നത്തെയുംപോലെ യല്ല. അപ്പോൾ നിന്റെ വിളക്കു അവന്റെ തലയ്ക്കുമീതേ പ്രകാശിച്ചിരുന്നു നിന്റെ ചി റകുകളുടെ കീഴേ പ്രലോഭനങ്ങളുടെ ആക്ര മണത്തിൽനിന്നു നീ അവനെ രക്ഷിക്കയും ചെയ്തിരുന്നു

3. നീതിമാനും നിരന്തരമായ സ്തുതി ക്കു യോഗ്യനുമായ പിതാവേ, നിന്റെ ദാസ നെ പരീക്ഷിക്കാനുള്ള നാഴിക വന്നിരി ക്കുന്നു.

സ്നേഹയോഗ്യനായ പിതാവേ, നിന്റെ ദാസൻ ഈ നാഴികയിൽ നിനക്കുവേണ്ടി വല്ലതും സഹിക്കുന്നതു യുക്തമാകുന്നു.

ശാശ്വതവണക്കത്തിനു യോഗ്യനായ പിതാവേ, അനാദികാലംമുതൽ നീ മുൻകൂ ട്ടിക്കണ്ടിരുന്ന നാഴിക,— അതായതു നിന്റെ ദാസൻ പുറമേ മർദ്ദനമേൽക്കയും എന്നാൽ അകമേ നിന്നിൽപക്കൽ നിത്യമായി ജീവി ക്കയും, കുറേ നാളത്തേയ്ക്കു നിന്ദകളനുഭവിച്ചു എളിമപ്പെടുകയും മനുഷ്യദൃഷ്ടിയിൽ വീഴ്ച്ച ക്കാരനാകയും കഷ്ടതകളാലും അവശതകളാ ലും പീഡയനുഭവിക്കയും ഇപ്രകാരം ഒരു പു തിയ വെളിച്ചം ഉദിക്കയും ചെയ്യുമ്പോൾ നിന്നോടുകൂടെ വീണ്ടും എഴുന്നേറ്റു സഭ

ത്തിൽ മഹിമപ്പെടാനുള്ള നാഴിക– വന്നിരിക്കുന്നു.

പരിശുദ്ധനായ പിതാവേ, ഇപ്രകാരം നീ നിശ്ചയിച്ചു തിരുമനസ്സായിരിക്കുന്നു. നീ ആജ്ഞാപിച്ചതുതന്നേ സംഭവിക്കയും ചെയ്തു.

4. എന്തെന്നാൽ നിന്റെ സ്നേഹത്തെ പ്രതി ഈ ലോകത്തിൽ എത്ര പ്രാവശ്യമായാലും ആരിൽനിന്നായാലും സംഭവിക്കുവാൻ നീ അനുവദിക്കുന്നതെല്ലാം സഹിക്കയും കഷ്ടതയനുഭവിക്കയും ചെയ്യുന്നത് നിന്നെ സ്നേഹിക്കുന്നവനു കിട്ടുന്ന ഒരു വരപ്രസാദമാകുന്നു.

നിന്റെ ഉദ്ദേശവും പരിപാലനവുമില്ലാതെയും, കാരണംകൂടാതെയും ഭൂമിയിൽ ഒന്നും സംഭവിക്കുന്നില്ല.

തിരുനാഥാ, നീ എന്നെ എളിമപ്പെടുത്തിയത് എനിക്കു നല്ലതാകുന്നു. അതുകൊണ്ട് നിന്റെ നീതിന്യായങ്ങളെ പഠിക്കുവാനും എന്റെ ഹൃദയത്തിലെ നിഗളവും തുനിവും ഉപേക്ഷിക്കുവാനും എനിക്കു സാധിക്കും.

അവമാനം എന്റെ മുഖം പൊതിഞ്ഞിരിക്കുന്നതു എനിക്കു പ്രയോജനകരമാണ്. അതുമൂലം ഞാൻ മനുഷ്യരുടെ പക്കൽ ആശ്വാസം അന്വേഷിക്കാതെ നിന്റെ പക്കൽ അന്വേഷിക്കും.

ന്യായത്തോടും നീതിയോടും കൂടെത്ത

ന്നെയാണെങ്കിലും ഉഷ്ണനോട്ടക്കൂടെ നീതിമാനെയും പീഡിപ്പിക്കുന്ന നിന്റെ ശ്രുഢമായ വിധികളെ ഭയപ്പെട്ടുവാനും ഇതിൽനിന്നു ഞാൻ പഠിച്ചു.

5. നിനക്കു ഞാൻ സ്തോത്രം ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ എന്റെ പാപവഴികളെ നീ ക്ഷമിച്ചില്ല, പിന്നെയോ, കഠിനമായ അടികളാലും ദുഃഖങ്ങൾ അനുഭവിപ്പിച്ചും, ഉള്ളിലും പുറത്തും അനർത്ഥങ്ങൾ വരുത്തിയും നീ എന്നെ പീഡിപ്പിച്ചു.

തിരുനാഥനായ ദൈവമേ, ആത്മാക്കളുടെ സ്വർഗ്ഗീയവൈദ്യാ, നീ അല്ലാതെ സ്വർഗ്ഗത്തിനു കീഴുള്ളവരിൽ ആരും എന്നെ ആശ്വസിപ്പിക്കാനില്ല. നീ മുറിവേല്പിച്ചു സുഖപ്പെടുത്തുകയും പാതാളത്തിലേയ്ക്കു് ഇറക്കിയിട്ടു അവിടെനിന്നു തിരിച്ചുകൊണ്ടുപോരികയും ചെയ്യുന്നവനാണല്ലോ.

നിന്റെ ശിക്ഷണത്തിനു ഞാൻ വിധേയനാണ്. നിന്റെ വടിതന്നേ എന്നെ പഠിപ്പിക്കും.

6. ഇതാ സ്നേഹമുള്ള പിതാവേ, ഞാൻ നിന്റെ കരങ്ങളിലാകുന്നു; നീ ശിക്ഷിക്കുന്ന വടിയുടെ കീഴേ ഞാൻ തലകുനിയുന്നു.

എന്റെ ചൊവ്വില്ലായ്മയെ നിന്റെ തിരുമനസ്സിനു കീഴ്പ്പെടുത്തുന്നതിനായി ഏ

ന്റെ പുറത്തും ചുമലുകളിലും അടിക്കണമേ.

നിന്റെ ഇഷ്ടംപോലെ ഞാൻ നടക്കുവാൻ നീ നന്നായിചെയ്ത പതിവായിരുന്നതുപോലെ എന്നെ ഭക്തിയും വിനയവുമുള്ള ശിഷ്യനാക്കുക.

എന്നെയും എന്റെ സമസ്തവും തിരുത്തുന്നതിനായി ഞാൻ നിന്നെ ഏല്പിക്കുന്നു. ഇവിടെ ശിക്ഷയനുഭവിക്കുന്നതാണ് ഭാവിയിൽ ശിക്ഷയനുഭവിക്കുന്നതിനെക്കാൾ നല്ലത്.

നിനക്കു സമസ്തവും ഓരോന്നു പ്രത്യേകമായും അറിയാം; മനുഷ്യന്റെ മനഃസാക്ഷിയിലുള്ളതു ഒന്നും നിന്നിൽനിന്നു മറഞ്ഞല്ല ഇരിക്കുന്നത്.

വരുവാനിരിക്കുന്നവ സംഭവിക്കുന്നതിനു മുൻപു നീ അറിയുന്നു; ഭൂമിയിൽ നടക്കുന്നതിനെപ്പറ്റി ആരും പഠിപ്പിക്കയോ ഉൽബോധിപ്പിക്കയോ ചെയ്യേണ്ട ആവശ്യകത നിനക്കില്ല.

എന്റെ പുണ്യാഭിവൃദ്ധിക്കുപയുക്തമായതെന്താണെന്നു നിനക്കറിയാം; എന്റെ ദുർഗ്രഹണങ്ങളുടെ കറകളയുവാൻ കഷ്ടപ്പാടു ഏതു പ്രയോജകരമാണെന്നും നിനക്കറിയാം.

നിന്റെ തിരുമനസ്സുപോലെ എന്നോടു

പ്രവൃത്തിക്ക; എന്റെ പാപകരമായ ജീവിതം ഹേതുവായിട്ടു എന്നെ ഉപേക്ഷിച്ചുകളയരുതേ, നിനക്കു എന്റെ ജീവിതം അറിയാവുന്നതുപോലെ നന്നായിട്ടോ വെളിവായിട്ടോ ഒരുത്തക്കും അറിഞ്ഞുകൂടാ.

7. തിരുനാഥാ, അറിയേണ്ടതിനെ അറിവാനും, സ്നേഹിക്കേണ്ടതിനെ സ്നേഹിപ്പാനും നിനക്കു ഏറ്റവും പ്രസാദമുള്ളതിനെ സ്തുതിക്കാനും നിനക്കു വിലയേറിയതെന്നു തോന്നുന്നതിനെ മതിക്കാനും നിന്റെ ദൃഷ്ടിയിൽ ഹീനമായതിനെ നിന്ദിക്കാനും എനിക്കു കൃപ ചെയ്യണമേ.

ഞാൻ പുറമേയുള്ള കണ്ണിന്റെ കാഴ്ച പ്രകാരം വിധിക്കാനോ, പരിചയമില്ലാത്ത മനുഷ്യരിൽനിന്നു കേൾക്കുന്നതുപോലെ അഭിപ്രായം പറയാനോ നീ സമ്മതിക്കരുതേ. കാണാവുന്നതും ആത്മീകവുമായ കാര്യങ്ങളെക്കുറിച്ചു ശരിയായി വിധിച്ചു വിവേചിച്ചറിവാനും സകലത്തിലും നിന്റെ പ്രസാദവും മനസ്സും എപ്പോഴും അന്വേഷിപ്പാനും ഇടയാക്കണമേ.

8. വിധിക്കുമ്പോൾ മനുഷ്യരുടെ മനസ്സു പലപ്പോഴും തെറ്റിലകപ്പെടുന്നു. ലോകത്തെ സ്നേഹിക്കുന്നവർ കാണാവുന്നവയെ മാത്രം സ്നേഹിച്ചുകൊണ്ടു തെറ്റിലകപ്പെടുന്നു.

ഒരു മനുഷ്യനെ മനുഷ്യർ വലിയവനെന്നു ഗണിക്കുന്നതുകൊണ്ട അവൻ ലേശമെങ്കിലും അധികം നല്ലവനാകുന്നുണ്ടോ?

ചുരിയൻ ചതിയനെയും കഥയില്ലാത്തവൻ കഥയില്ലാത്തവനെയും, കുരുടൻ കുരുടനെയും ബലഹീനൻ ബലഹീനനെയും പുകഴ്ത്തുമ്പോൾ വഞ്ചനയാണ് ചെയ്യുന്നത്. യഥാർത്ഥത്തിൽ, വ്യർത്ഥമായി സ്തുതിക്കുമ്പോൾ അവൻ അധികം ലജ്ജിപ്പിക്കയാണു ചെയ്യുന്നത്.

എന്തെന്നാൽ ഓരോരുത്തൻ നിന്നെറ ദൃഷ്ടിയിൽ എത്രത്തോളമുണ്ടോ അത്രമാത്രമേ അവനുള്ളു, ഒട്ടും കൂടുതലില്ല എന്നു വിനീതനായ വി. ഫ്രാൻസിസ് പറഞ്ഞിരിക്കുന്നു.

51-ാം അധ്യായം

വിനീതമായവ ചെയ്യുശീലിക്കണം.

മിശിഹാ. മകനേ, പുണ്യങ്ങളെക്കുറിച്ചുള്ള തീക്ഷ്ണമായ ആഗ്രഹത്തിലോ ധ്യാനത്തിന്നെറ പരമകാഷ്ഠയിലോ സദാ നിലനില്ക്കാൻ സാധിക്കയില്ല. ജന്മത്തിലേയുള്ള വഷളത്തം ഹേതുവാൽ താഴ്ന്ന പദവിയിലേക്കിറങ്ങി ഈ ദുഷിച്ച ജീവിതത്തിന്നെറ ഭാരം

മനസ്സില്ലാതെയും ക്ലേശപ്പെട്ടുകൊണ്ടും വഹിക്കുവാൻ ചിലപ്പോൾ ആവശ്യമുണ്ടാകും.

ഈ മരണാധീനമായ ശരീരം നീ ധരിച്ചിരിക്കുന്ന കാലംവരെ നിനക്കു ക്ഷീണവും വ്യഥയഭാരവും തോന്നും.

അതുകയാൽ ശരീരത്തോടെ ഇരിക്കുന്ന കാലത്തോളം ശരീരത്തിന്റെ ഭാരത്തെക്കുറിച്ചു നീ ചിലപ്പോഴും വിലപിക്കേണ്ടിവരും. എന്തുകൊണ്ടെന്നാൽ ആത്മീയാനന്ദങ്ങളിലും ദൈവിക ധ്യാനങ്ങളിലും ഇടവിടാതെ ഏർപ്പെട്ടിരിക്കാൻ നിനക്കു കഴികയില്ല.

2. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ വിനീതവും ബാഹ്യവുമായ കൃത്യങ്ങളിൽ അഭയം പ്രാപിക്കയും നല്ല പ്രവൃത്തികളിൽ ഏർപ്പെട്ടു വിശ്രമിക്കയും എന്റെ വരപ്രസാദവും സ്വർഗ്ഗീയ സന്ദർശനവും ഉറപ്പുള്ള പ്രത്യാശയോടെ കാത്തിരിക്കയും, ഞാൻ നിന്നെ വീണ്ടും വന്നു കണ്ടു നിന്റെ സകല മനഃക്ലേശങ്ങളിൽനിന്നും നിന്നെ മോചിക്കുന്നതുവരെ നിന്റെ വിദേശവാസത്തെയും മനസ്സിന്റെ അരോചകത്തെയും ക്ഷമയോടെ സഹിക്കുകയും ചെയ്യുന്നതു നിനക്കു പ്രയോജനകരമാണ്.

എന്തുകൊണ്ടെന്നാൽ നിന്റെ അല്പാ

നങ്ങൾ മറന്ന് ആന്തരികമായ സമാധാനം നീ അനുഭവിക്കാൻ ഞാനിടയാക്കും.

നിന്റെ ഹൃദയത്തെ വികസിപ്പിച്ചു എന്റെ പ്രമാണങ്ങളുടെ വഴിയേ ഓടുവാൻ തുടങ്ങുന്നതിന് വിശുദ്ധ പുസ്തകങ്ങളായ വയലിനെ നിന്റെ മുൻപിൽ ഞാൻ നിവർത്തുവെയ്ക്കും.

ഈ കാലത്തിലെ പീഡകൾ നമ്മിൽ വെളിപ്പെടാനിരിക്കുന്ന മഹത്വത്തിനു തുല്യമല്ലെന്നു നീ പറയും.

52-ാം അധ്യായം

മനുഷ്യൻ ആശ്വാസത്തിന്നർഹനല്ല.

ശിഷ്യൻ. തിരുനാഥാ, നീ എന്നെ ആശ്വസിപ്പിക്കാനും എന്റെ ആത്മാവിനെ സന്ദർശിക്കാനും ഞാൻ യോഗ്യനല്ല. ആകയാൽ എന്നെ ദരിദ്രനും ആശ്വാസരഹിതനുമായി നീ ഉപേക്ഷിച്ചുകളയുമ്പോൾ നീ എന്നോടു നീതിപ്രകാരം പ്രവർത്തിക്കുന്നു.

എന്തെന്നാൽ എനിക്കു കടലുപോലെ കണ്ണീരൊഴുക്കാൻ സാധിച്ചാൽപ്പോലും ഞാൻ നിന്റെ ആശ്വാസത്തിനു അർഹനാകയില്ല.

ആകയാൽ ചമ്മട്ടിയടി ഏല്ക്കുന്നതിനും ശിക്ഷ അനുഭവിക്കുന്നതിനുമല്ലാതെ ഏ

നിക്കു ഒരു യോഗ്യതയുമില്ല; എന്തുകൊണ്ടെന്നാൽ ഞാൻ കഠിനമായും പലപ്പോഴും നിന്നെ ഉപദ്രവിച്ചു; പല പ്രകാരത്തിൽ ഞാൻ തെറ്റുചെയ്തുപോയി.

ആകയാൽ സത്യമായ ന്യായം നോക്കിയാൽ സ്വല്പമായ ആശ്വാസത്തിനുപോലും ഞാനർഹനല്ല.

എന്നാൽ കരുണയും കൃപയും നിറഞ്ഞ ദൈവമേ, നിന്റെ പ്രവൃത്തികൾ നശിച്ചുപോകണമെന്നു തിരുമനസ്സാകാത്ത നീ കൃപാപാത്രങ്ങളിന്മേൽ കരുണ ചൊരിയാനായി നിന്റെ ദാസന്റെ സ്വന്തം യോഗ്യതയ്ക്കും മനുഷ്യരീതിക്കും മേലായി അവനെ ആശ്വസിപ്പിക്കുവാൻ തിരുമനമസ്സായി.

എന്തുകൊണ്ടെന്നാൽ നിന്റെ ആശ്വാസങ്ങൾ മനുഷ്യരുടെ സരസഭാഷണങ്ങളെപ്പോലെയല്ല.

2. സ്വഭ്രീയമായ ഒരാശ്വാസം പോലും എനിക്കു തരുവാൻ തിരുനാഥാ, ഞാൻ എന്തു ചെയ്തിട്ടുണ്ട്?

ഞാൻ യാതൊരു നന്മയും ചെയ്യുന്നതായി ഓർക്കുന്നില്ല; എന്നാൽ ഞാൻ സദാ തിന്മയിലേയ്ക്കു ചാഞ്ഞിരുന്നു. ജീവിതം നന്നാക്കുന്നതിൽ ഉദാസീനനും ആയിരുന്നു.

ഇതാണു സത്യം. ഇതു നിഷേധിക്കാൻ

സാധിക്കയില്ല. ഞാൻ മറിച്ചുപറഞ്ഞാൽ നീ എനിക്കു എതിരായി നില്ക്കും; എന്നെ മറ്റു രക്ഷിപ്പാൻ ഒരുത്തരുമുണ്ടായിരിക്കയില്ല.

നരകവും നിത്യാഗ്നിയുമല്ലാതെ എന്റെ പാപങ്ങൾ വഴിയായി മറെറന്താണു ഞാനർഹിച്ചിട്ടുള്ളതു്?

എല്ലാവിധ നിന്ദയ്ക്കും ആക്ഷേപത്തിനും ഞാൻ യോഗ്യനാണെന്നു സത്യമായി ഏറ്റു പറയുന്നു; നിന്റെ ഭക്തന്മാരുടെ കൂട്ടത്തിൽ ഇരിക്കുവാൻ ഞാൻ യോഗ്യനുമല്ല.

അതു കേൾക്കുന്നതിനു എനിക്കു മനസ്സില്ലെങ്കിലും ഏറ്റവും എളിപ്പത്തിൽ നിന്റെ അനുഗ്രഹം പ്രാപിക്കാൻ ഞാൻ യോഗ്യനാകുന്നതിനു എന്റെ പാപങ്ങളെ, സത്യത്തെപ്രതി ഞാൻ ഏറ്റുപറയും.

3. കുറക്കാരനും എല്ലാവിധ ലജ്ജ നിറഞ്ഞവനുമായിരിക്കെ, ഞാൻ എന്തു പറവാനാണു്?

ഞാൻ പാപം ചെയ്തു. തിരുനാഥാ, ഞാൻ പാപം ചെയ്തുപോയി. എന്നോടു കൃപ തോന്നി എന്നോടു ക്ഷമിക്കണമേ എന്ന ഈ വാക്കുകളല്ലാതെ മറെറാന്നും എന്റെ വായ് പറയുന്നില്ല.

ഇരുട്ടു നിറഞ്ഞതും മരണനിഴൽകൊണ്ടു മൂടിയിരിക്കുന്നതുമായ ദേശത്തേക്കു ഞാൻ

പോകുന്നതിനു മുൻപു് എന്റെ സങ്കടത്തെക്കുറിച്ചു വിലപിക്കുവാൻ എനിക്കു കുറഞ്ഞൊന്നു അനുവദിക്കണമേ.

കുറക്കാരനും നിർഭാഗ്യ പാപിയുമായവനിൽ നിന്നു്, അവൻ തന്റെ പാപങ്ങളെക്കുറിച്ചു മനസ്സുപിച്ചു എളിമപ്പെടണമെന്നല്ലാതെ നീ മുഖ്യമായി ആവശ്യപ്പെടുന്നതെന്താണു്?

യഥാർത്ഥമായ മനസ്താപത്തിലും ഹൃദയത്തിന്റെ എളിമയിലും നിന്നു മാപ്പു ലഭിക്കുമെന്നുള്ള ആശ ജനിക്കുന്നു. കലങ്ങിയ മനസ്സാക്ഷി പ്രശാന്തമായിത്തീരുന്നു. നഷ്ടപ്പെട്ട വരപ്രസാദം വീണ്ടും പ്രാപിക്കുന്നു. വരുവാനിരിക്കുന്ന കോപത്തിൽ നിന്നു മനുഷ്യൻ രക്ഷ പ്രാപിക്കുന്നു. ദൈവവും അനുതപിക്കുന്ന പാപിയും തമ്മിൽ വിശ്വാസ ചുംബനത്താൽ അന്യോന്യം യോജിക്കയും ചെയ്യുന്നു.

4. തിരുനാഥാ, പാപത്തെപ്പറ്റിയുള്ള വിനീതമായ മനസ്താപം മറ്റെല്ലാ ബലികളെയുംകാൾ നിനക്കു സ്വീകാര്യവും, സുഗന്ധദ്രവ്യങ്ങളുടെ പരിമളത്തെക്കാൾ നിന്റെ തിരുമുൻപിൽ വളരെ അധികം മാധുര്യമുള്ള സൗരഭ്യം വീശുന്നതുമാകുന്നു.

നിന്റെ തൃപ്പാദങ്ങളിൽ ഒഴിക്കുവാൻ

നീ തിരുമനസ്സായ സുഗന്ധ തൈലവും ഇതു തന്നേയാകുന്നു. എന്തെന്നാൽ മനസ്സാപവും എളിമയുമുള്ള ഹൃദയത്തെ നീ ഒരിക്കലും വെറുത്തിട്ടില്ല.

ശത്രുവിന്റെ കോപത്തിൽനിന്നു രക്ഷ പ്രാപിക്കാനുള്ള അഭയസ്ഥലം ഇവിടെയാകുന്നു.

എവിടെനിന്നെങ്കിലും പറഞ്ഞിട്ടുള്ള മലിനതകളെ കഴുകി ഇല്ലാതാക്കുന്നതും ഇവിടെത്തന്നേ.

53-ാം അധ്യായം

ലൗകികാദരമുള്ളവർക്ക് ദൈവവരപ്രസാദം സംരക്ഷിക്കാൻ സാധിക്കയില്ല.

മിശിഹാ. മകനേ, എന്റെ വരപ്രസാദം വിലയേറിയതാണ്, എന്നാൽ അതു പുറമേയുള്ള സംഗതികളോടോ ലൗകികാശ്വാസങ്ങളോടോക്കുടെ കലർന്നിരിക്കയില്ല.

നീ വരപ്രസാദം പ്രാപിക്കാനാഗ്രഹിക്കുന്നെങ്കിൽ അതിനുള്ള പ്രതിബന്ധങ്ങളെല്ലാം അകറ്റണം.

നിനക്കായി ഒരു ഏകാന്ത സ്ഥലം തെരിഞ്ഞെടുക്കുക; ഏകാന്ത ജീവിതത്തെ സ്നേഹി

ക്കുക; ആരോടും സംസാരിച്ചുകൊണ്ടിരിക്കാൻ താല്പര്യപ്പെടാതെ മുഖ്യമായി ഭക്തിയുള്ള പ്രാർത്ഥന ദൈവത്തിനു സമർപ്പിച്ചുകൊള്ളുക. അങ്ങനെ ചെയ്താൽ നിനക്കു മനസ്സാവും നിർമ്മലമസ്സാക്ഷിയും ഉണ്ടാകും.

ലോകം മുഴുവനും ഇല്ലായ്മ എന്നു നിനയ്ക്കുക; പുറമേയുള്ള എല്ലാക്കാര്യങ്ങളെക്കാളും ദൈവസേവനം പ്രധാനമാണെന്നു ഗണിക്കുക.

എന്തുകൊണ്ടെന്നാൽ എന്നെ സേവിക്കയും അതേ സമയത്തു താൽക്കാലികമായവയിൽ സന്തോഷിക്കയും ചെയ്യാൻ നിനക്കു സാധിക്കയില്ല.

നിന്റെ പരിചയക്കാരിൽനിന്നും സ്നേഹിതന്മാരിൽനിന്നും നീ അകന്നിരിക്കയും സകല താൽക്കാലികാശ്വാസങ്ങളിൽനിന്നും മനസ്സിനെ വേർപെടുത്തി സൂക്ഷിക്കയും ചെയ്യണം.

മിശിഹായിൽ വിശ്വസിക്കുന്നവർ വിദേശികളെയും തീർത്ഥയാത്രക്കാരെയുംപോലെ ജീവിക്കണമെന്നു വി. പത്രോസ്ശ്ലീഹാ ഉപദേശിക്കുന്നതു ഇതുകൊണ്ടാണ്.

2. യാതൊരു വസ്തുവിനോടുള്ള സ്നേഹവും ഈ ലോകത്തിൽ ഒരുവനെ തടയുന്നി

ല്ലെങ്കിൽ മരണസമയത്തു അവനു എത്ര വലുതായ മനഃസ്ഥൈര്യം ഉണ്ടായിരിക്കും?

എന്നാൽ ഇപ്രകാരം എല്ലാ വസ്തുക്കളിൽനിന്നും വേർതിരിഞ്ഞ ഒരു ഹൃദയം ബലഹീനമായ ഒരാത്മാവിനുണ്ടായിരിക്കയില്ല. മൃഗതുല്യനായ മനുഷ്യനു ആത്മീയമനുഷ്യന്റെ സ്വാതന്ത്ര്യം എന്താണെന്നു ഒട്ടു മനസ്സിലാകയുമില്ല.

എന്നുവരികിലും ആത്മീയമനുഷ്യനാകണമെന്നു യഥാർത്ഥമായ ആഗ്രഹമുണ്ടെങ്കിൽ അവൻ അടുത്തുള്ളവരെയും അകലെയുള്ളവരെയും ഒരുപോലെ ഉപേക്ഷിക്കയും മറ്റാരെയുംകാൾ തന്നെപ്പറ്റി കൂടുതൽ ഭയമുള്ളവനായിരിക്കയും വേണം.

നിന്നെത്തന്നേ നീ പരിപൂർണ്ണമായി ജയിച്ചാൽ ശേഷം ഉള്ളവയെ ഏറ്റവും എളുപ്പം നിനക്കു കീഴ്പ്പെടുത്താം.

തന്നെത്തന്നു ജയിക്കുന്നതാണ് പൂർണ്ണമായ ജയം.

ഇന്ദ്രിയമോഹം ന്യായബുദ്ധിയെയും ന്യായബുദ്ധി എല്ലാക്കാര്യത്തിലും എന്നെയും അനുസരിക്കത്തക്കവണ്ണം തന്നെത്തന്നേ കീഴ്പ്പെടുത്തുന്നവൻ സാക്ഷാൽ തന്റെമേൽത്തന്നേ ജയം പ്രാപിച്ചവനും ലോകത്തിന്റെ നാഥനുമാകുന്നു.

3. ഈ ഉയർന്നസ്ഥാനത്തു കേറണമെന്ന് നിനക്കാഗ്രഹമുണ്ടെങ്കിൽ ധൈര്യപൂർവ്വം ആരംഭിച്ചു നിന്നിലേയ്ക്കും സകലവിധ പ്രത്യേകവും ഭൗതികവുമായ നന്മകളിലേയ്ക്കുമുള്ള രഹസ്യവും ക്രമംകടന്നതുമായ നിന്റെ ചാച്ചിലിനെ വേരോടെ നശിപ്പിക്കുന്നതിനായി കോടാലി ചുവട്ടിനു വെയ്ക്കണം.

ഒരു മനുഷ്യൻ തന്നെത്താൻ വളരെ ക്രമക്കേടായി സ്നേഹിക്കുന്നു എന്ന ഈ തിന്മയിലാണ് അവനു പാടേ ജയിക്കാനുള്ളവ എല്ലാംതന്നെ അടങ്ങിയിരിക്കുന്നത്. ഈ ദുർഗ്രഹണം ജയിച്ചു ഇല്ലാതാക്കിയാൽ ഉടനേ വലിയ സമാധാനവും ശാന്തതയും ഉണ്ടാകും.

പക്ഷേ തീരെക്കുറച്ചു പേർ മാത്രമേ തങ്ങൾക്കുതന്നേ പൂർണ്ണമായി മരിക്കുന്നതിനും സ്വാർത്ഥത ഇല്ലാതെ ജീവിക്കുന്നതിനും ശ്രമിക്കുന്നുള്ളൂ. അധികംപേരും തങ്ങളിൽത്തന്നേ കുടുങ്ങി തങ്ങളെ വിട്ടു ആത്മാവിൽ ഉയരുവാൻ കഴിയാതെ ഇരിക്കുന്നു.

എന്നാൽ എന്നോടുകൂടെ സ്വതന്ത്രനായി നടക്കാൻ താല്പര്യമുള്ളവൻ തന്റെ ഹീനവും ക്രമരഹിതവുമായ ആശകളെ നിഗ്രഹിക്കാനാവശ്യമാണ്; അതുപോലെതന്നേ യാതൊരു സൃഷ്ടിയോടും സ്വസ്നേഹം മൂലം

അത്യാസക്തിയോടെ സ്നേഹം കാണിക്കാതിരിക്കാനും ആവശ്യമാണ്.

54-ാം അധ്യായം

മനുഷ്യപ്രകൃതിയും ദൈവവരപ്രസാദവും.

മീശിഹാ. മകനേ, മനുഷ്യപ്രകൃതിയുടെയും വരപ്രസാദത്തിന്റെയും ഗതികളെ ശ്രദ്ധാപൂർവ്വം സൂക്ഷിച്ചുനോക്കുക; എന്തുകൊണ്ടെന്നാൽ അവ വളരെ വിപരീതമായും, ശരിയായി ഗ്രഹിക്കാൻ പ്രയാസമായും പ്രവർത്തിക്കുന്നു. ആത്മീയ മനുഷ്യനും ആന്തരികമായി പ്രകാശം ലഭിച്ചവനുമല്ലാതെ അവയെ മിക്കവാറും വിവേചിച്ചറിവാൻ കഴികയില്ല.

എല്ലാവരും നന്മയെ ആഗ്രഹിക്കയും, അവർ പറകയും പ്രവർത്തിക്കയും ചെയ്യുന്നതിലെല്ലാം എന്തെങ്കിലും നന്മയുണ്ടെന്നു നടിക്കയും ചെയ്യുന്നു; ഇപ്രകാരം നന്മയുണ്ടെന്നു ഭാവിച്ച് അനേകരും വഞ്ചനയിൽ അകപ്പെടുന്നു.

2 പ്രകൃതി കൗശലമുള്ളതാണ്; അതു അനേകം പേരെയും ആകർഷിച്ചു കൂടുക്കി വഞ്ചിക്കുന്നു; സ്വാർത്ഥത്തെ എപ്പോഴും തന്റെ അന്ത്യോദ്ദേശമായി നിർദ്ദേശിക്കയും ചെയ്യുന്നു.

എന്നാൽ വരപ്രസാദം പരമാത്മമായി വ്യാപരിക്കയും, തിന്മയുടെ എല്ലാവിധ ഛായയിൽ നിന്നും മാറി ഒഴിയുകയും വഞ്ചനകൾ കാണിക്കുന്നതിനു തുനിയാതെ എല്ലാം ദൈവത്തെപ്രതിമാത്രം ചെയ്യുകയും തന്റെ പരമോല്ലേശമായ ദൈവത്തിൽ ആശ്വസിക്കയും ചെയ്യുന്നു.

3. പ്രകൃതി തന്നെത്താൻ നിഗ്രഹിക്കാനോ നിയന്ത്രണത്തിനധീനമാകാനോ കീഴ്പ്പെട്ടുവാനോ അനുസരിക്കുവാനോ സ്വമനസാ കീഴടങ്ങുവാനോ ഇഷ്ടപ്പെടുന്നില്ല.

എന്നാൽ വരപ്രസാദം സ്വയം നിഗ്രഹിക്കുവാൻ ശ്രമിക്കുന്നു, ഇന്ദ്രിയസുഖത്തോടെതിർക്കുന്നു, കീഴ്വഴങ്ങിയിരിക്കാൻ അനേഷിക്കുന്നു, കീഴ്പ്പെട്ടുവാൻ ആഗ്രഹിക്കുന്നു, സ്വന്തം സ്വാതന്ത്ര്യം അനുഭവിക്കാൻ അതിനു മനസ്സില്ല, ശിക്ഷണത്തിൻകീഴിരിക്കാൻ അതാഗ്രഹിക്കുന്നു. ഒരുത്തന്റെമേലും അധികാരം ഉണ്ടാകാൻ ഇഷ്ടപ്പെടുന്നില്ല, എന്നാൽ ദൈവത്തിനു കീഴ്പ്പെട്ടു സദാ ജീവിക്കുന്നതിനും നില്ക്കുന്നതിനും സ്ഥിതിചെയ്യുന്നതിനും ദൈവത്തെപ്രതി എല്ലാ മനുഷ്യക്കും വിനയപൂർവ്വം കീഴ്വഴങ്ങുന്നതിനും അതു തയാറായിരിക്കുന്നു.

4. പ്രകൃതി സ്വന്തം താല്പര്യത്തിനാ

യി പ്രയത്നിക്കയും തനിക്കു മറ്റുള്ളവരിൽ നിന്നു എന്തു ആദായം കിട്ടുമെന്നാലോചിക്കയും ചെയ്യുന്നു.

എന്നാൽ വരപ്രസാദം തനിക്കു ഉപകാരപ്രദം അഥവാ സൗകര്യപ്രദം ഏതാണെന്നു നോക്കാതെ അധികംപേക്ഷ പ്രയോജനമുള്ളതിനെപ്പറ്റി മുഖ്യമായി ചിന്തിക്കുന്നു.

പ്രകൃതി ബഹുമാനവും വണക്കവും സന്തോഷപൂർവ്വം സ്വീകരിക്കുന്നു.

എന്നാൽ വരപ്രസാദം എല്ലാ ബഹുമാനവും മഹത്വവും വിശ്വസ്തതയോടെ ദൈവത്തിനുള്ളതാണെന്നു സമ്മതിക്കുന്നു.

പ്രകൃതി ലജ്ജയും, അവമാനവും ഭയപ്പെടുന്നു.

എന്നാൽ വരപ്രസാദം, ഈശോയുടെ നാമത്തെപ്രതി അവമാനം സഹിക്കുന്നതിൽ സന്തോഷിക്കുന്നു.

പ്രകൃതി മടിയും ശരീരാശ്വാസവും ഇച്ഛിക്കുന്നു.

വരപ്രസാദത്തിനു മീനക്കേടായിരിക്കാൻ വയ്യാ; അതു സന്തോഷപൂർവ്വം പ്രയത്നത്തെ സ്വീകരിക്കുന്നു.

5. പ്രകൃതി കൗതുകാവഹവും മനോഹരവുമായവ സമ്പാദിക്കാൻ ശ്രമിക്കയും

നീചവും സാധാരണവുമായവയെ വെറുക്കയും ചെയ്യുന്നു.

എന്നാൽ വരപ്രസാദം സാധാരണവും വിനീതവുമായവയിൽ സന്തോഷിക്കുന്നു; പരുപരുത്ത സാധനങ്ങളെ വെറുക്കുന്നില്ല; പഴയ വസ്ത്രങ്ങൾ ധരിക്കാൻ വിസമ്മതിക്കുന്നുമില്ല.

പ്രകൃതി താല്ക്കാലിക വസ്തുക്കളെ കായ്മായി ഗണിക്കയും ലൗകികാദായങ്ങളിൽ സന്തോഷിക്കയും ചെയ്യുന്നു; നഷ്ടം നേരിട്ടാൽ ദുഃഖിക്കുന്നു. ഉപദ്രവകരമായ നിസ്സാര വാക്കിനെപ്പറ്റി കോപിക്കുന്നു.

എന്നാൽ വരപ്രസാദം നിത്യകായ്കളെ ശ്രദ്ധിക്കുന്നു; താല്ക്കാലിക വസ്തുക്കളിൽ പ്രിയപ്പെടുകയോ നഷ്ടങ്ങൾ നേരിടുമ്പോൾ കലങ്ങുകയോ പരുഷവാക്കുകളിൽ നീരസപ്പെടുകയോ ചെയ്യുന്നില്ല. എന്തെന്നാൽ യാതൊരു നാശവുമില്ലാത്ത സ്വർഗ്ഗത്തെ അതു തന്റെ നിക്ഷേപവും സന്തോഷവും സൂക്ഷിച്ചിരിക്കുന്നത്.

6. പ്രകൃതി അത്യാഗ്രഹിയാണ്, കൊടുക്കുന്നതിനെക്കാൾ വാങ്ങുന്നതിനു അധികം ഇഷ്ടപ്പെടുന്നു. സ്വന്തമായും തനിക്കുവേണ്ടി മാത്രമായും ഉണ്ടാക്കാനാഗ്രഹിക്കുന്നു.

വരപ്രസാദമാകട്ടെ ദാനശീലമുള്ളതും

പരോപകാരതല്പരതയുള്ളതുമാണ്; അതു പ്രത്യേകതകളെ ഉപേക്ഷിച്ചു അല്പംകൊണ്ടു തൃപ്തിപ്പെടുകയും വാങ്ങുന്നതിനെക്കാൾ കൊടുക്കുന്നതാണ് ഭാഗ്യം എന്നു വിധിക്കയും ചെയ്യുന്നു.

പ്രകൃതി സൃഷ്ടികളിലേയ്ക്കും സ്വന്തം ശരീരത്തിലേയ്ക്കും വ്യർത്ഥമായ ആഡംബരങ്ങളിലേയ്ക്കും അനാവശ്യമായ സഞ്ചാരങ്ങളിലേയ്ക്കും ചാഞ്ഞിരിക്കുന്നു.

എന്നാൽ വരപ്രസാദം ദൈവത്തിങ്കലേയ്ക്കും പുണ്യങ്ങളിലേയ്ക്കും നമ്മെ ബലമായി വലിക്കുന്നു; സൃഷ്ടികളെ വർജ്ജിക്കുന്നു, ലോകത്തുനിന്നു അകന്നു മാറുന്നു, മാംസേച്ഛകളെ വെറുക്കുന്നു, പുറമേയുള്ള സഞ്ചാരങ്ങളെ നിയന്ത്രിക്കയും പരസ്യമായി പ്രത്യക്ഷപ്പെടാൻ ലജ്ജിക്കയും ചെയ്യുന്നു.

ഇന്ദ്രിയങ്ങൾ ആനന്ദം അനുഭവിക്കത്തക്ക വല്ല ബാഹ്യമായ സന്തോഷവും ഉണ്ടാകുവാൻ പ്രകൃതി ഇച്ഛിക്കുന്നു.

എന്നാൽ വരപ്രസാദം ദൈവത്തിൽ മാത്രം ആശ്വസിക്കാനും കാണാവുന്ന സമസ്തവസ്തുക്കളിലാനന്ദിക്കുന്നതിനെക്കാൾ പരമനന്മയിൽ ആനന്ദിക്കാനും ശ്രമിക്കുന്നു.

7. പ്രകൃതി പ്രവർത്തിക്കുന്നതെല്ലാം സ്വന്തം ആദായവും സൗകര്യവും ഉദ്ദേശി

ച്ചാണ്; അതിനു ഒന്നും സൗജന്യമായി ചെയ്യാൻ സാധിക്കയില്ല. ചെയ്യുന്ന സൽക്കർമ്മങ്ങൾക്കു പകരം, തുല്യമായതോ അതിലും നല്ലതോ, അഥവാ സ്തുതിയോ പ്രത്യുപകാരമോ, പ്രാപിക്കാമെന്നു പ്രതീക്ഷിക്കയും, തന്റെ പ്രവൃത്തികളെയും ദാനങ്ങളെയും വലുതായി വിലമതിക്കണമെന്നാഗ്രഹിക്കയും ചെയ്യുന്നു.

എന്നാൽ വരപ്രസാദം താല്ക്കാലികമായ യാതൊന്നും അന്വേഷിക്കുന്നില്ല. ദൈവത്തെ മാത്രമല്ലാതെ വേറെ യാതൊരു സമ്മാനവും പ്രതിഫലമായി ആവശ്യപ്പെടുകയോ താല്ക്കാലികമായി ആവശ്യമുള്ളവയെ നിത്യമായവയെ പ്രാപിക്കുന്നതിനു ഉപകരിക്കുന്നതിലധികം ആഗ്രഹിക്കയോ ചെയ്യുന്നില്ല.

8. പ്രകൃതി വളരെ സ്നേഹിതന്മാരും ബന്ധുക്കളും ഉള്ളതിനെപ്പറ്റി സന്തോഷിക്കുന്നു; ബഹുമാനമുള്ള സ്ഥാനത്തെയും കുടുംബമഹിമയെയും പറ്റി അഭിമാനിക്കുന്നു; ശക്തിമാന്മാരെ പ്രസാദിപ്പിക്കാൻ ശ്രമിക്കയും സമ്പന്നന്മാരോടു മുഖസ്തുതി പറകയും തന്നെപ്പോലെയുള്ളവരെ അഭിനന്ദിക്കയും ചെയ്യുന്നു.

എന്നാൽ വരപ്രസാദം ശത്രുക്കളെ

പ്പോലും സ്നേഹിക്കുന്നു. വളരെ സ്നേഹിതന്മാരുള്ളതുകൊണ്ട് അഹങ്കരിക്കുന്നില്ല; സ്ഥാനത്തിലോ കുലത്തിലോ വലിയ പുണ്യമില്ലെങ്കിൽ അതിനെ വലുതായി ഗണിക്കുന്നില്ല. സമ്പന്നനെക്കാൾ ദരിദ്രനെ അധികം ആദരിക്കയും, ശക്തനോടുള്ളതിനെക്കാൾ നിർല്ലോഷിയോടു കൂടുതൽ സഹതാപം പ്രദർശിപ്പിക്കയും; വഞ്ചകനോടുകൂടെ സന്തോഷിക്കാതെ സത്യവാനോടുകൂടെ സന്തോഷിക്കുകയും ചെയ്യുന്നു; വലിയ വരങ്ങളിൽ തീക്ഷ്ണതയോടെ ഇരിപ്പാനും പുണ്യങ്ങൾ വഴിയായി ദൈവപുത്രനോടു തുല്യരാകുവാനും നല്ലവരെ എപ്പോഴും അതുപദേശിക്കുന്നു.

9. പ്രകൃതി കുറവിനെയും അനർത്ഥങ്ങളെയും കുറിച്ചു എളുപ്പം ആവലാതി പറയുന്നു.

വരപ്രസാദം സ്ഥിരതയോടെ ദാരിദ്ര്യം സഹിക്കുന്നു.

പ്രകൃതി എല്ലാം തന്നിലേയ്ക്കു തിരിക്കുന്നു, തനിക്കുവേണ്ടി അദ്ധ്വാനിക്കയും വാദിക്കയും ചെയ്യുന്നു.

വരപ്രസാദമോ എല്ലാം അവയുടെ ഉല്പത്തിസ്ഥാനമായ ദൈവത്തിലേയ്ക്കു തിരിക്കുന്നു. തനിക്കു എന്തെങ്കിലും നന്മയുണ്ടെന്നു അതു വിചാരിക്കുന്നില്ല.

ധിക്കാരപൂർവ്വം വാദിക്കുന്നില്ല, തർക്കിക്കുന്നില്ല. തന്റെ അഭിപ്രായം മറ്റുള്ളവരുടേതിനെക്കാൾ നല്ലതെന്നു വിചാരിക്കുന്നുമില്ല. എന്നാൽ എല്ലാ വികാരങ്ങളിലും ചിന്തകളിലും തന്നെത്താൻ നിരൂക്ഷിക്കുന്നതിനും മൈവപരിശോധനയ്ക്കും കീഴ്പ്പെടുത്തുന്നു.

പ്രകൃതിക്കു രഹസ്യങ്ങളും നൂതന വർത്തമാനങ്ങളും അറിയാനാഗ്രഹമുണ്ട്, പുറമേ നടക്കാനും പല കാഴ്ചകളെയും ഇന്ദ്രിയംകൊണ്ടു അനുഭവിച്ചറിവാനും അതാഗ്രഹിക്കുന്നു; മറ്റുള്ളവരുടെ ശ്രദ്ധയിൽപ്പെടുവാനും സ്തുതിയും വിസ്മയവും ജനിപ്പിക്കുന്ന പ്രവൃത്തികൾ ചെയ്വാനും ഇച്ഛിക്കുന്നു.

എന്നാൽ വരപ്രസാദം നൂതനകാഴ്ചകളും കൗതുക സംഗതികളും അറിയാൻ ശ്രമിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ ഭൂമിമേൽ നൂതനമോ നിലനില്ക്കുന്നതോ ആയി ഒന്നുമില്ലാത്ത സ്ഥിതിക്കു ഇതൊക്കെ പഴയ വസ്തുതകളിൽനിന്നനുഭവിച്ചവയാണ്.

10. ആകയാൽ ഇന്ദ്രിയങ്ങളെ നിയന്ത്രിക്കാനും വ്യർത്ഥമായ സ്വതൃപ്തിയിൽനിന്നും നാട്യത്തിൽനിന്നും ഒഴിവാനും വരപ്രസാദം പഠിപ്പിക്കുന്നു. സ്തുതിക്കും വിസ്മയത്തിനും

അർഹമായവയെ എളിമയോടെ മറച്ചുവെയ്ക്കാനും എല്ലാകാര്യങ്ങളിലും എല്ലാ അറിവിലും ആത്മീയമായ പ്രയോജനവും ദൈവത്തിന്റെ സ്തുതിയും ബഹുമാനവും അന്വേഷിക്കാനും വരപ്രസാദം പഠിപ്പിക്കുന്നു.

അതു തന്നെത്തന്നേയോ തനിക്കുള്ളവയേയോ പ്രശംസിക്കണമെന്നാഗ്രഹിക്കുന്നില്ല; എന്നാൽ എല്ലാവസ്തുക്കളും സന്തോഷം തരുന്ന ദൈവത്തെ തന്റെ മാനങ്ങളെ പ്രതി വാഴ്ത്തണമെന്നാഗ്രഹിക്കുന്നു.

ഈ വരപ്രസാദം പ്രകൃതിക്കു മേലായ ഒരു പ്രകാശവും ദൈവത്തിന്റെ ഒരു പ്രത്യേക മാനവുമാകുന്നു. ഇതു ദൈവം തെരിഞ്ഞെടുത്തിരിക്കുന്നവരുടെ ഒരു പ്രത്യേക അടയാളവും നിത്യരക്ഷയുടെ അച്ചാരവുമാകുന്നു. ഇതു മനുഷ്യനെ ലൗകികമായവയിൽനിന്നു സ്വർഗ്ഗീയമായവയെ സ്നേഹിക്കാൻ ഉയർത്തിയ ജഡസ്നേഹിയെ ആത്മീയ മനുഷ്യനാക്കുന്നു.

ആകയാൽ പ്രകൃതിയെ എത്രയധികം അമർത്തി ജീവിക്കുന്നോ, അത്രയധിക ദൈവാനുഗ്രഹം ഉള്ളിൽ പ്രവേശിച്ചു ദിവസം പ്രതി പുതിയ പുതിയ സന്ദർശനങ്ങൾ വഴിയായി ആഭ്യന്തരമനുഷ്യനെ ദൈവത്തിന്റെ കരായയിൽ നവീകരിക്കുന്നു.

55-ാം അധ്യായം

പ്രകൃതിയുടെ വഷളത്തം

ശിഷ്യൻ. നിന്റെ രൂപത്തിലും നിന്റെ സാദൃശ്യംപോലെയും എന്നെ സൃഷ്ടിച്ച എന്റെ ദൈവമായ തിരുനാഥാ, എന്നെ പാപത്തിലേയ്ക്കും നാശത്തിലേയ്ക്കും വലിച്ചുകൊണ്ടുപോകുന്ന എന്റെ ഏറ്റവും വഷളായ പ്രകൃതിയെ ഞാൻ ജയിക്കുവാൻ ഇത്ര വലുതും രക്ഷയ്ക്ക് ആവശ്യകവുമെന്നു നീ കാണിച്ചുതന്നിട്ടുള്ള ഈ വരപ്രസാദം എനിക്കു തന്നരുളുക.

"എന്റെ ബുദ്ധിയുടെ നിയമത്തോടു പോരാടുന്നതും പല കായ്ക്കുങ്ങളിലും ജഡമോഹങ്ങളെ അനുസരിക്കാൻ എന്നെ അടിമയാക്കി കൊണ്ടുപോകുന്നതുമായ പാപത്തിന്റെ നിയമം എന്റെ ജഡത്തിൽ ഞാൻ കാണുന്നു."

എന്റെ ഹൃദയത്തിൽ നിന്റെ പരിപാവന വരപ്രസാദം ധാരാളമായി പ്രവേശിച്ചു എന്നെ സഹായിക്കാതിരുന്നാൽ അതിന്റെ ദുരാശകളോടെതിർക്കാൻ എനിക്കു സാധിക്കയുമില്ല.

2. ബാല്യംമുതൽ തിന്മയിലേയ്ക്കു ചാഞ്ഞിരിക്കുന്ന എന്റെ സ്വഭാവത്തെ ജയി

ക്കാൻ നിന്നെറ വരപ്രസാദം, അതേ, വലുതായ വരപ്രസാദം ആവശ്യമുണ്ട്.

എന്തുകൊണ്ടെന്നാൽ ആദ്യമനുഷ്യനായ ആദംമൂലം മനുഷ്യപ്രകൃതി അധഃപതിച്ച് പാപത്താൽ ദുഷിച്ചിരിക്കുന്നു. ഈ കറയുടെ ശിക്ഷ എല്ലാ മനുഷ്യരിലേയ്ക്കും ഇറങ്ങുകയും ചെയ്തിരിക്കുന്നു. അതുകൊണ്ടു നീ നല്ലതും ചൊവ്വുള്ളതുമായി സൃഷ്ടിച്ച പ്രകൃതി ഇപ്പോൾ വഷളായ പ്രകൃതിയുടെ ദുർഗ്ഗുണത്തിനും ബലഹീനതയ്ക്കും തുല്യമായി തീന്നിരിക്കുന്നു; എന്തെന്നാൽ അതിനെ തനിയേ വിട്ടാൽ അതിന്റെ ഗതി ഹീനമായതിലേയ്ക്കും തിന്മയിലേയ്ക്കുമാണ്.

അതിനു ശേഷിച്ചിരിക്കുന്ന അല്പശക്തി ചാരത്തിനടിയിൽ മറഞ്ഞുകിടക്കുന്ന തീപ്പൊരിപോലെ ആകുന്നു.

വലിയ ഇരുട്ടു ആവരണം ചെയ്തിരിക്കുന്ന സ്വാഭാവിക ബുദ്ധിതന്നേയാണിതു്. ഇതിനു ഇപ്പോഴും നന്മതിന്മകളുടെയും സത്യാസത്യങ്ങളുടെയും വ്യത്യാസം വിവേചിക്കാൻ കഴിയും; എന്നാൽ അതു നല്ലതെന്നു വിചാരിക്കുന്നതെല്ലാം നിറവേറുവാൻ അതിനു ശക്തിയില്ല; മുമ്പുണ്ടായിരുന്ന സത്യത്തിന്റെ പൂർണ്ണമായ പ്രകാശമോ ആശകളു

ടെ നിർമ്മലതയോ അതിനു ഇപ്പോൾ ഒട്ടില്ലതാനും.

3. എന്റെ ദൈവമേ, ഇതിനാലത്രേ "ആഭ്യന്തരമനുഷ്യനിൽ നിന്റെ നിയമത്തെപ്പറ്റി ഞാൻ സന്തോഷിക്കുന്നത്"; എന്തെന്നാൽ സകല തിന്മയെയും പാപത്തെയും ശാസിക്കുന്ന നിന്റെ നിയമം പരിശുദ്ധവും നീതിയുക്തവും നല്ലതുമാണെന്ന് എനിക്കറയാം."

ഞാൻ ബുദ്ധിയെക്കാൾ ഇന്ദ്രിയത്തെ അധികം അനുസരിക്കുമ്പോൾ എന്റെ ശരീരത്തിൽ പാപത്തിന്റെ നിയമത്തെ ഞാൻ അനുസരിക്കയാണു ചെയ്യുന്നത്.

ഇതിനാലത്രേ നന്മ ഇച്ഛിക്കുക എനിക്കു എളുപ്പമാകുന്നു; അതു പ്രവർത്തിക്കുവാൻ എനിക്കു കഴിയുന്നില്ല എന്നു പറയുന്നത്.

ഇതിനാൽ പലപ്പോഴും അനേകം നല്ല പ്രതിജ്ഞകൾ ഞാൻ ചെയ്യുന്നു, എന്നാൽ ദുർബലനായ ഞാൻ വരപ്രസാദം ഇല്ലായ്കയാൽ ലഘുവായ തടസ്സംകൊണ്ടു പിൻവാങ്ങി ക്ഷീണിച്ചുപോകുന്നു.

ഇതു ഹേതുവാൽ, പരിപൂർണ്ണതയുടെ വഴി എനിക്കറിയാം, എങ്ങനെ പ്രവർത്തിക്കണമെന്നു വേണ്ടിടത്തോളം തെളിവായി അറികയും ചെയ്യാം; എന്നാൽ എന്റെ സ്വന്തം

ദുഷ്ടതയുടെ ഭാരം എന്നെ അമർത്തുന്നതുകൊണ്ട് അധികം പൂർണ്ണമായവയിലേയ്ക്ക് ഞാൻ ഉയരുന്നില്ല.

4. തിരുനാഥാ, നന്മ ചെയ്യാൻ ആരംഭിക്കാനും, അതിൽ അഭിവൃദ്ധിപ്പെടാനും, അതിനെ പരിപൂർണ്ണമാക്കാനും നിന്റെ അനുഗ്രഹം എനിക്ക് എത്ര അത്യാവശ്യം!

എന്തെന്നാൽ അതില്ലാതെ എനിക്ക് ഒന്നും ചെയ്യാൻ സാധിക്കയില്ല. എന്നെ വരപ്രസാദത്താൽ ശക്തിപ്പെടുത്തുന്ന നിന്നിൽ എനിക്ക് എല്ലാം സാധിക്കും.

ഓ! സാക്ഷാൽ സ്വർഗ്ഗീയമായ അനുഗ്രഹം! അതില്ലെങ്കിൽ ഞങ്ങൾക്ക് സ്വന്തമായ യോഗ്യതകളൊന്നുമില്ല; സ്വാഭാവികദാനങ്ങളും അതില്ലെങ്കിൽ ഗണിക്കത്തക്കതല്ല.

തിരുനാഥാ, വരപ്രസാദമില്ലെങ്കിൽ കലാവിദ്യകൾ, ധനം, സൗന്ദര്യം, ശക്തി, ബുദ്ധി, വാചാലത ഇവയ്ക്കൊന്നിനും നിന്റെ ദൃഷ്ടിയിൽ ഒരു വിലയുമില്ല.

എന്തെന്നാൽ പ്രകൃതിയിലെ ദാനങ്ങൾ നല്ലവർക്കും ദുഷ്ടന്മാർക്കും പൊതുവാണ്. എന്നാൽ വരപ്രസാദം അഥവാ സ്നേഹം നീ തെരിഞ്ഞെടുത്തിട്ടുള്ളവർക്ക് സ്വന്തമാണ്; ഇതിന്റെ മുദ്ര സ്വീകരിച്ചിട്ടുള്ളവർ നിത്യഭാ

ഗൃത്തിനു അർഹരാണെന്നാണ് വിചാരിച്ചു വരുന്നത്.

ഈ വരപ്രസാദം വളരെ മഹനീയമാണ്. ആകയാൽ ദീഘ്ദർശനവരമാകട്ടെ അത്ഭുതപ്രവർത്തനമാകട്ടെ എത്ര ഉന്നതമായ ധ്യാനനിഷ്ഠതന്നേയാകട്ടെ ഇതില്ലെങ്കിൽ നിസ്സാരമായിട്ടേ ഗണിക്കുകയുള്ളൂ.

എന്നാൽ വിശ്വാസമോ പ്രത്യാശയോ. മറേതെങ്കിലും പുണ്യമോ, സ്നേഹവും വരപ്രസാദവുമില്ലെങ്കിൽ നിനക്കു പ്രസാദകരമാകയില്ല.

ആത്മാവിൽ ദരിദ്രനെ പുണ്യങ്ങളിൽ സമ്പന്നനാക്കുകയും സമ്പന്നനെ പല നന്മകളാൽ ഹൃദയഎളിമയുള്ളവനാക്കുകയും ചെയ്യുന്ന ഏറ്റവും സൗഭാഗ്യകരമായ വരപ്രസാദമേ, വരിക, എന്നിലേക്കിറങ്ങുക. ക്ഷീണത്താലും മനസ്സിന്റെ അരോചകത്താലും എന്റെ ആത്മാവു തളർന്നുപോകാതിരിക്കുവാൻ നിന്റെ ആശ്വാസത്താൽ രാവിലെതന്നേ എന്നെ നിറയ്ക്കുക.

തിരുനാഥാ, നിന്റെ തൃക്കൺമുൻപാകെ ഞാൻ വരപ്രസാദം പ്രാപിക്കുമാറാകണമെന്നു നിന്നോടു ഞാനപേക്ഷിക്കുന്നു; എന്തെന്നാൽ സ്വഭാവം ആഗ്രഹിക്കുന്നവയിൽ

ഒന്നും എനിക്കു കിട്ടിയില്ലെങ്കിലും നിന്റെ വരപ്രസാദം എനിക്കു മതി.

പ്രലോഭനങ്ങളിൽ അകപ്പെട്ട് എനിക്കു അനവധി അനർത്ഥങ്ങൾ നേരിട്ടാലും നിന്റെ വരപ്രസാദം എന്റെകൂടെയുള്ളടത്തോളംകാലം ഞാൻ തിന്മകളെ ഭയപ്പെടുകയില്ല.

അത് എല്ലാ ശത്രുക്കളെക്കാളും ശക്തിമത്തും സകല വിജ്ഞാനികളെക്കാളും ജ്ഞാനമുള്ളതുമാകുന്നു.

6. അത് സത്യത്തിന്റെ ഗുരുനാഥയും, വിനയത്തിന്റെ ഉപാദ്ധ്യായിയും, ഹൃദയത്തിന്റെ പ്രകാശവും, പീഡനങ്ങളിൽ ആശ്വാസവും, സങ്കടങ്ങളെ അകറ്റുന്നതും ഭയത്തെ നീക്കികളയുന്നതും ഭക്തിയെ പോഷിപ്പിക്കുന്നതും, കണ്ണുനീരുകൾ ഉളവാക്കുന്നതുമാകുന്നു.

അതില്ലെങ്കിൽ ഞാൻ ഒരുണങ്ങിയ കൊമ്പും പ്രയോജനമില്ലാത്തതായി പുറത്തു തള്ളികളയേണ്ട ഒരു തടിയുമല്ലാതെ മറെന്ത്?

ആകയാൽ തിരുനാഥാ, നിന്റെ വരപ്രസാദം എല്ലാപ്പോഴും എന്റെ മുൻപേ പോകയും പുറകേ വരികയും ചെയ്യട്ടെ. നിന്റെ തിരുമകനായ ഈശോമിശിഹാ വഴി

യായി ഞാൻ നല്ല പ്രവൃത്തികളിൽ നിരന്തരമായ ആസ്ഥയോടുകൂടിയിരിക്കട്ടെ.

ആമ്മേൻ.

56-ാം അധ്യായം

തന്നെത്താൻ ത്യജിച്ചു മിശിഹായുടെ കുരിശെടുക്കണം

മിശിഹാ. മകനേ, നിനക്കു എത്രമാത്രം നിന്നിൽനിന്നു പുറത്തുപോകാൻ കഴിയുമോ അത്രമാത്രം എന്നിലേയ്ക്കു കടന്നുവരാൻ കഴിയും.

പുറമേയുള്ള ഒന്നും ആഗ്രഹിക്കാത്തത് മനസ്സമാധാനം ഉളവാക്കുന്നതുപോലെ, ഉള്ളേയുള്ള നിന്റെ പരിത്യാഗം ദൈവത്തോടു നിന്നെ ഒന്നിപ്പിക്കുന്നു.

യാതൊരെതിരും ആവലാതിയും പറയാതെ നിന്നെ മുഴുവനും പരിപൂർണ്ണമായി പരിത്യജിക്കാൻ നീ പഠിക്കണമെന്നാണ് എന്റെ ആഗ്രഹം.

എന്നെ അനുഗമിക്കുക; ഞാൻ വഴിയും സത്യവും ജീവനുമാകുന്നു.

വഴിയില്ലാതെ പോകുവാൻ പാടില്ല. സത്യമില്ലെങ്കിൽ അറിവില്ല, ജീവനില്ലെങ്കിൽ ജീവിതമില്ല.

നീ അനുഗമിക്കേണ്ട വഴി ഞാനാകുന്നു, നീ വിശ്വസിക്കേണ്ട സത്യവും പ്രതീക്ഷിക്കേണ്ട ജീവനും ഞാനാകുന്നു.

ലംഘിച്ചുകൂടാത്ത വഴിയും തെറ്റിക്കൂടാത്ത സത്യവും അവസാനമില്ലാത്ത ജീവനും ഞാനാകുന്നു.

ഞാൻ ഏറ്റവും ചൊവ്വുള്ള വഴിയും അത്യുന്നതമായ സത്യവും യഥാർത്ഥവും ഭാഗ്യപൂർണ്ണവും അസ്പൃഷ്ടവുമായ ജീവനുമാകുന്നു.

നീ എന്റെ വഴിയിൽ നിലനിന്നാൽ സത്യം ഗ്രഹിക്കും. സത്യം നിന്നെ സ്വതന്ത്രനാക്കുകയും നീ നിത്യായുസ്സു പ്രാപിക്കയും ചെയ്യും.

2. നിനക്കു ആയുസ്സിലേയ്ക്കു പ്രവേശിക്കാനാഗ്രഹമുണ്ടെങ്കിൽ എന്റെ പ്രമാണങ്ങൾ അനുസരിക്കുക.

നിനക്കു സത്യം അറിവാനാഗ്രഹമുണ്ടെങ്കിൽ എന്നിൽ വിശ്വസിക്കുക. നിനക്കു പരിപൂർണ്ണനാകാനാഗ്രഹമുണ്ടെങ്കിൽ എല്ലാം വിലക്കുക.

നിനക്കു എന്റെ ശിഷ്യനാകാനാഗ്രഹമുണ്ടെങ്കിൽ നിന്നെത്തന്നേ പരിത്യജിക്കുക.

ഭാഗ്യമുള്ള ജീവിതം അനുഭവിക്കാൻ നിനക്കാഗ്രഹമുണ്ടെങ്കിൽ ഈ ജീവനെ വെറുക്കുക.

നിനക്കു സ്വർഗ്ഗത്തു മഹിമ പ്രാപിക്കണമെങ്കിൽ നിന്നെ ഈ ലോകത്തു വിനീതനാക്കുക.

എന്നോടുകൂടെ രാജ്യം ഭരിക്കണമെങ്കിൽ എന്നെറക്കൂടെ കുരിശു ചുമക്കുക.

എന്തുകൊണ്ടെന്നാൽ കുരിശിന്നെറ ദാസന്മാർ മാത്രമേ ഭാഗ്യത്തിന്നെറയും സത്യമായ വെളിച്ചത്തിന്നെറയും വഴികണ്ടെത്തുകയുള്ളൂ.

ശിഷ്യൻ. 3. ഈശോ നാഥാ, നിന്നെറ ജീവിതം ക്ലേശകരവും ലോകത്തിനു നിന്ദാവിഷയവുമായിരുന്നതുകൊണ്ടു ലോകത്തെ വെറുത്തു നിന്നെ അനുകരിക്കാൻ എനിക്കു കൃപതരിക.

എന്തുകൊണ്ടെന്നാൽ ദാസൻ തന്നെറ യജമാനനെക്കാൾ വലിയവനല്ല. ശിഷ്യൻ തന്നെറ ഗുരുവിന്നെറ മീതേയുമല്ല.

നിന്നെറ ദാസൻ നിന്നെറ ജീവിതം അനുകരിച്ചഭ്യസിക്കട്ടെ; എന്തുകൊണ്ടെന്നാൽ അതിലാണ് എന്നെറ രക്ഷയും യഥാർത്ഥമായ പരിശുദ്ധിയും.

അതിനു പുറമേ ഞാൻ വായിക്കുകയോ കേൾക്കുകയോ ചെയ്യുന്നതൊന്നും എനിക്കു ആശ്വാസം തരുന്നില്ല. പൂർണ്ണമായി എന്നെ സന്തോഷിപ്പിക്കുന്നുമില്ല.

4. മിശിഹാ. മകനേ, നിനക്കു ഇതെല്ലാം അറിയാം, നീ എല്ലാം വായിക്കയും ചെയ്തിരിക്കുന്നതിനാൽ ഇതു ചെയ്താൽ നീ ഭാഗ്യവാനാകും.

എന്റെ കല്പനകൾ സ്വീകരിച്ചു അവയെ അനുസരിക്കുന്നവനാണ് എന്നെ സ്നേഹിക്കുന്നവൻ ... ഞാൻ അവനെ സ്നേഹിക്കും. ഞാൻ എന്നെത്തന്നെ അവനു വെളിപ്പെടുത്തും, അവനെ എന്നോടുകൂടെ എന്റെ പിതാവിന്റെ രാജ്യത്തു ഒന്നിച്ചിരുത്തുകയും ചെയ്യും.

5. ശിഷ്യൻ. ഈശോനാഥാ, നീ അരുളിച്ചെയ്തയും വാഗ്ദാനം ചെയ്കയും ചെയ്തുപോലെ സംഭവിക്കട്ടെ. ഞാൻ അതിനു യോഗ്യനുമാകട്ടെ.

ഞാൻ എടുത്തിരിക്കുന്ന കുരിശു നിന്റെ തൃക്കൈകളിൽനിന്നു സ്വീകരിച്ചിരിക്കുന്നു, അതു ഞാൻ ചുമക്കും; നീ എന്റെ മേൽ വെച്ചതുപോലെ മരണംവരെ ഞാനതു ചുമക്കയും ചെയ്യും.

യഥാർത്ഥത്തിൽ ഒരു നല്ല സന്യാസിയുടെ ജീവിതം കുരിശാണ്; എന്നാൽ പറുദീസായിലേയ്ക്കുള്ള വഴികാട്ടിയും ഇതാണ്.

നാം ആരംഭിച്ചിരിക്കുന്നു; ഇനി പുറ

കോട്ട തിരിയുവാൻ പാടില്ല. ഉപേക്ഷിക്കാനും സാദ്ധ്യമല്ല.

6. അല്ലയോ സഹോദരന്മാരേ, നമുക്ക് ഒരുമിച്ച് ധൈര്യപൂർവ്വം മുന്നോട്ടുപോകാം. ഈശോ നമ്മോടുകൂടെ ഉണ്ടായിരിക്കും.

ഈശോയെപ്രതി നാം ഈ കുരിശു സ്വീകരിച്ചു; ഈശോയെപ്രതി നമുക്കു കുരിശിൽ നിലനില്ക്കാം.

നമ്മുടെ നായകനും മുൻഗാമിയുമായ താൻ നമ്മുടെ സഹായി ആയിരിക്കും.

ഇതാ നമ്മുടെ രാജാവ് നമ്മുടെ മുൻപേ നടക്കുന്നു; താൻ നമുക്കുവേണ്ടി യുദ്ധം ചെയ്യും.

നമുക്കു ധൈര്യപൂർവ്വം അനുഗമിക്കാം. ഒരുത്തനും ഭീഷണികളെ ഭയപ്പെടാതിരിക്കട്ടെ. യുദ്ധത്തിൽ ധൈര്യപൂർവ്വം മരിക്കുന്നതിനു നമുക്കു തയാറാകാം. കുരിശിൽനിന്നു ഓടിമാറി നമ്മുടെ മഹിമയ്ക്കു കളങ്കം വരുത്തുകയുമരുത്.

57-ാം അധ്യായം

ഏതെങ്കിലുംതെറ്റുചെയ്താൽഅധൈര്യപ്പെടരുത്.

മിശിഹാ. മകനേ, വിരോധങ്ങൾ നേരിടുമ്പോഴുള്ള ക്ഷമയും എളിമയുമാണ് സു

ഭാഗ്യകാലത്തുള്ള വലിയ ആശ്വാസത്തെയും ഭക്തിയെയുംകാൾ എനിക്കു അധികം ഇഷ്ടമുള്ളതു്.

നിനക്കു വിരോധമായി പറയുന്ന നിസ്സാരസംഗതി നിന്നെ എന്തുകൊണ്ടാണു സങ്കടപ്പെടുത്തുന്നതു്?

ഇതിലധികമായിരുന്നാലും നീ ഇളകരുതു്.

ഇപ്പോൾ ഇതുപോകട്ടെ. ഇതു ആദ്യത്തേതോ പുതിയതോ അല്ല, നീ ദീർഘനാൾ ജീവിക്കുമെങ്കിൽ അവസാനത്തേതു് ആയിരിക്കയുമില്ല.

യാതൊന്നും പ്രതികൂലമായി സംഭവിക്കാത്തിടത്തോളംകാലം നീ വളരെ ധൈര്യവാൻതന്നേ.

നല്ലതുപോലെ ഉപദേശിക്കാനും മറ്റുള്ളവരെ പറഞ്ഞു ധൈര്യപ്പെടുത്തുവാനും നിനക്കറിയാമായിരുന്നു; എന്നാൽ പെട്ടെന്നു ഏതെങ്കിലും അനർത്ഥം നിനക്കു നേരിട്ടുമ്പോൾ നിന്റെ ഉപദേശവും ധൈര്യവും പൊയ്പോകുന്നു.

നിസ്സാരകാര്യങ്ങളിൽ നിനക്കു പലപ്പോഴും അനുഭവപ്പെട്ടിരിക്കുന്ന നിന്റെ വലിയ ബലഹീനതയെപ്പറ്റി ശ്രദ്ധാലുവായിരിക്കു, എന്നാൽ ഇവയും ഇവയെപ്പോലെ

മറ്റു സംഗതികളും നിനക്കു നേരിടുമ്പോൾ നിന്റെ രക്ഷയ്ക്കായിട്ടാണു അവ സംഭവിക്കുന്നത്.

2. അവയെ നിന്റെ കഴിവുപോലെ നിന്റെ ഹൃദയത്തിൽനിന്നു പുറത്താക്കുക. അവ നിന്റെ ഉള്ളിൽ തട്ടിയാലും നിന്നെ അധൈര്യപ്പെടുത്തുകയോ ദീർഘനാളത്തേയ്ക്കു വിഷമിപ്പിക്കുകയോ ചെയ്യരുത്.

സന്തോഷത്തോടെ സഹിക്കാൻ നിനക്കു സാധിക്കയില്ലെങ്കിൽ ചുരുങ്ങിയപക്ഷം ക്ഷമയോടുകൂടെ എങ്കിലും സഹിക്ക.

നിനക്കിഷ്ടമില്ലാത്തവ കേൾക്കയും അതുകൊണ്ടു കോപം തോന്നുകയും ചെയ്യാൽ നിന്നെത്തന്നേ അമർത്തുക. ചെറുപ്പക്കാർക്കു ഇടർച്ചവരുത്തത്തക്കതൊന്നും നിന്റെ വായിൽനിന്നു പുറപ്പെടാൻ സമ്മതിക്കയുമരുത്.

ഇങ്ങനെ പ്രവർത്തിച്ചാൽ ഉണ്ടായ കലക്കം എളുപ്പത്തിൽ ശാന്തമാകും. ദൈവാനുഗ്രഹം വീണ്ടും പ്രാപിക്കുമ്പോൾ നിന്റെ ഉള്ളിലുള്ള ദുഃഖം മധുരമാകയും ചെയ്യും.

നീ എന്നെ ആശ്രയിക്കുകയും ഭക്തിയോടെ എന്നോടു പ്രാർത്ഥിക്കയും ചെയ്യുന്നെങ്കിൽ നിന്നെ സഹായിക്കുവാനും പതിവിലധികം ആശ്വസിപ്പിക്കുവാനും തയാറുള്ളവ

നായി ഞാൻ എപ്പോഴും ജീവിച്ചിരിക്കുന്നു എന്നു തിരുനാഥൻ അരുളിച്ചെയ്യുന്നു.

3. നീ സമചിത്തനായിരിക്ക; അധികം സഹിക്കാൻ അരമുറുക്കിക്കൊള്ളുക.

പലപ്പോഴും നീ പീഡകൾ സഹിക്കയോ ശക്തിയായ പ്രലോഭനങ്ങൾ നിനക്കുണ്ടാകയോ ചെയ്യാലും എല്ലാം നഷ്ടപ്പെട്ടു പോയിട്ടില്ല.

നീ മനുഷ്യനാണ്, ദൈവമല്ല; ജഡമാണ്, മാലാകായല്ല.

നിനക്കു എപ്പോഴും പുണ്യത്വത്തിൽ നിലനില്ക്കാൻ എങ്ങനെ സാധിക്കും? മാലാകാമാർക്കു സ്വർഗ്ഗത്തിലും ആദ്യമനുഷ്യനു പറുദീസായിലും ഇതു സാധിച്ചില്ലല്ലോ?

ദുഃഖിതന്മാരെ ആശ്വസിപ്പിച്ചു രക്ഷയിലാക്കുകയും തങ്ങളുടെ ബലഹീനത മനസ്സിലാക്കിയിട്ടുള്ളവരെ എന്റെ ദൈവത്വത്തിലേയ്ക്കു കയറുകയും ചെയ്യുന്നവൻ ഞാനാകുന്നു.

ശിഷ്യൻ. 4. തിരുനാഥാ, നിന്റെ വചനങ്ങൾ അനുഗ്രഹീതങ്ങളാകട്ടെ. അവ എന്റെ നാവിനു തേനിനേക്കാളും തേൻകട്ടയേക്കാളും മാധുര്യമേറിയവയാകുന്നു.

നിന്റെ പരിശുദ്ധ വചനങ്ങളാൽ എന്നെ ആശ്വസിപ്പിച്ചില്ലായിരുന്നെങ്കിൽ ഇത്ര

വലിയ അനർത്ഥങ്ങളിലും ഞെരുക്കങ്ങളിലും ഞാൻ എന്തു ചെയ്യുമായിരുന്നു?

രക്ഷയുടെ തുറമുഖത്തു ഞാനെത്തിയാൽ ഞാൻ മുൻപ് ഏതെല്ലാം പീഡകൾ എത്ര മാത്രം സഹിച്ചാലും അതു നിസ്സാരമാണ്?

എനിക്കു ഒരു നല്ല അവസാനം തരണമേ, ഈ ലോകത്തു നിന്നു ഒരു ഭാഗ്യമുള്ള പുറപ്പാടും തരണമേ.

എന്റെ ദൈവമേ, എന്നെ ഓർക്കണമേ, നിന്റെ രാജ്യത്തിലേയ്ക്കുള്ള ചെവ്വായ വഴിയിൽ എന്നെ നടത്തുകയും ചെയ്യണമേ. ആമ്മേൻ.

58-ാം അധ്യായം

ഉന്നത കാര്യങ്ങളെയും
ദൈവത്തിന്റെ നിഗൂഢമായ വിധികളെയും
പരിശോധിക്കരുത്.

മിശിഹാ. മകനേ, ഉന്നതകാര്യങ്ങളെക്കുറിച്ചും ദൈവത്തിന്റെ ഗൂഢമായ ന്യായവിധികളെപ്പറ്റിയും തർക്കിക്കരുത്. ഒരുവനെ ഇങ്ങനെ ഉപേക്ഷിക്കുന്നതും മറ്റവനു ഇത്ര വലിയ അനുഗ്രഹം കൊടുത്തിരിക്കുന്നതും, ഒരുവനെ ഇത്രയധികം പീഡയനുഭ

വിചാരിക്കുന്നതും മറ്റവനെ ഇത്ര വലിയ പദവിയിലേയ്ക്കുയർത്തിയിരിക്കുന്നതും എന്തുകൊണ്ടാണെന്ന് വാദപ്രതിവാദം ചെയ്യാതിരിക്കാൻ സൂക്ഷിക്കുക.

അവ സകല മനുഷ്യശക്തിക്കും മേലാണ്; ദൈവത്തിന്റെ ന്യായവിധി പരിശോധിച്ചു ഗ്രഹിക്കാൻ യാതൊരു യുക്തിക്കും വാദപ്രതിവാദത്തിനും ശക്തിയില്ല.

ആകയാൽ ശത്രു ഇവയെ നിനക്കു തോന്നിക്കയോ, അഥവാ കൌതുക പ്രിയരായ ചില മനുഷ്യർ നിന്നോടു ചോദിക്കയോ ചെയ്യുമ്പോൾ, ദീഘ്ദർശിയുടെ ഈ മറുപടി പറഞ്ഞുകൊള്ളുക: "നാഥാ, നീ നീതിമാനാകുന്നു, നിന്റെ ന്യായവിധി ശരിയായിട്ടുള്ളതാണ്." പിന്നെയും "ദൈവത്തിന്റെ വിധികൾ സത്യവും സ്വതേ ന്യായമുള്ളവയുമാകുന്നു."

എന്റെ വിധികളെ ഭയപ്പെടണം, പരിശോധിക്കയല്ല വേണ്ടത്; എന്തുകൊണ്ടെന്നാൽ മനുഷ്യബുദ്ധിക്ക് അവയെ ഗ്രഹിക്കാൻ വയ്യാ.

2. ആരു മറ്റൊരാളെക്കാൾ അധികം പരിശുദ്ധൻ, സ്വർഗ്ഗരാജ്യത്തിൽ അധികം വലിയ ആൾ ആര് എന്നിങ്ങനെ പുണ്യവാന്മാരുടെ യോഗ്യതയെപ്പറ്റി അന്വേഷിക്ക

യും വാദപ്രതിവാദം നടത്തുകയും വേണ്ടാ.

അത് പ്രയോജനമില്ലാത്ത വഴക്കുകൾക്കും തർക്കങ്ങൾക്കും കാരണമാണ്. അത് അഹങ്കാരത്തെയും വ്യർത്ഥാഭിമാനത്തെയും പോഷിപ്പിക്കയും ചെയ്യും. ഒരുത്തൻ ഒരു പുണ്യവാനെയും മറെറാരുത്തൻ വേറൊരു പുണ്യവാനെയും പുകഴ്ത്തുവാൻ അഹങ്കാരപൂർവ്വം ഉദ്യമിക്കുമ്പോൾ അതിൽനിന്നു അസൂയയും മത്സരങ്ങളും ഉത്ഭവിക്കുന്നു.

അതറിയാനും പരിശോധിക്കാനും ആഗ്രഹിക്കുന്നതുകൊണ്ടു യാതൊരു ഗുണവുമില്ല. മാത്രമല്ല അതു പുണ്യവാന്മാർക്കു രസക്ഷയത്തിനു ഇടയാക്കും. എന്തുകൊണ്ടെന്നാൽ ഞാൻ കലഹത്തിന്റെ ദൈവമല്ല, സമാധാനത്തിന്റെ ദൈവമാകുന്നു. ഈ സമാധാനം സ്വന്തം ഉന്നതിയിലെന്നതിനെക്കാൾ നേരായ എളിമയിലാണു അടങ്ങിയിരിക്കുന്നത്.

3. സ്നേഹശ്രേഷ്ഠാന്തിയാൽ, ചിലർക്കു ഈ പുണ്യവാന്മാരാരോടോ, ആ പുണ്യവാന്മാരോടോ കൂടുതൽ സ്നേഹം മനസ്സിൽ അനുഭവപ്പെട്ടുന്നു; പക്ഷേ, ആ സ്നേഹം ദൈവികമെന്നതിനെക്കാൾ മാനുഷികമാണ്.

സകല പുണ്യവാന്മാരെയും സൃഷ്ടിച്ചവൻ ഞാനാണ്; ഞാൻ അവർക്കു വരംകൊടുത്തു, ഞാൻ മഹിമയും കൊടുത്തു.

ഓരോരുത്തരുടെ യോഗ്യത എനിക്കറിയാം. ഞാൻ മാധുര്യമുള്ള ആശീർവ്വാദങ്ങളാൽ അവരെ സഹായിച്ചു.

എന്റെ സ്നേഹഭാജനങ്ങളെ ഞാൻ ലോകസൃഷ്ടിക്കു മുൻപേ അറിഞ്ഞു.

ഞാൻ അവരെ ലോകത്തിൽനിന്നു തെരിഞ്ഞെടുത്തു; അവർ എന്നെ തെരിഞ്ഞെടുക്കയല്ല ചെയ്തതു്.

ഞാൻ വരപ്രസാദത്താൽ വിളിച്ചു, അനുഗ്രഹത്താൽ ആകർഷിച്ചു, പല പ്രലോഭനങ്ങളിൽക്കൂടി ഞാൻ അവരെ നിർബാധം നയിച്ചു; ഞാൻ മഹത്തായ ആശ്വാസങ്ങൾ അവരിൽ പകർന്നു അവക്കു നിലനിൽപു കൊടുത്തു, അവരുടെ ക്ഷമയെ കിരീടം ധരിപ്പിച്ചു.

4. ഒന്നാമനെയും ഒടുവനെയും എനിക്കറിയാം; ഞാൻ എല്ലാവരെയും അളവില്ലാത്ത സ്നേഹത്തോടുകൂടെ ആലിംഗനം ചെയ്യുന്നു.

എന്റെ എല്ലാ വിശുദ്ധന്മാരെപ്രതിയും ഞാൻ സ്തുതിക്കു യോഗ്യനായിരിക്കുന്നു. എല്ലാറ്റിലും മുഖ്യമായ ആശീർവ്വാദവും സ്തുതിയും എനിക്കാണ് വരേണ്ടതു്. അവക്കു സന്തമായ യാതൊരു നന്മയും മുൻപിലുള്ളതിരുന്നിട്ടും അവരെ ഇപ്രകാരം ഞാൻ മഹത്വ

പ്പെടുത്തുകയും മുൻക്രൂട്ടി തെരഞ്ഞെടുക്കയും ചെയ്തു.

ആകയാൽ എന്നെ ഏറ്റവും ചെറിയവരിൽ ഒരുത്തനെ നിന്ദിക്കുന്നവൻ വലിയവനെ ഒട്ടും ബഹുമാനിക്കുന്നില്ല; എന്തുകൊണ്ടെന്നാൽ ചെറിയവനെയും വലിയവനെയും ഞാനുണ്ടാക്കി.

വിശ്വാസ്യന്മാരിൽ ആരെയെങ്കിലും അധിക്ഷേപിക്കുന്നവൻ എന്നെയും സ്വർഗ്ഗരാജ്യത്തുള്ള മറ്റെല്ലാവരെയും അധിക്ഷേപിക്കുന്നു.

സ്നേഹബന്ധത്താൽ അവരെല്ലാവരും ഒന്നാണ്; എല്ലാവരും ഒന്നുതന്നെ വിചാരിക്കുന്നു; ഒന്നുതന്നെ ആഗ്രഹിക്കുന്നു; എല്ലാവരും പരസ്പരസ്നേഹം മൂലം തമ്മിൽ സ്നേഹിക്കുന്നു.

5. മാത്രമല്ല, അതിലും ഉപരിയായതെന്തെന്നാൽ, അവർ തങ്ങളെക്കാളും തങ്ങളുടെ യോഗ്യതകളെക്കാളും എന്നെ സ്നേഹിക്കുന്നു.

എങ്ങനെയെന്നാൽ തങ്ങളെ വിട്ടയ്ക്കുന്ന സ്വസ്നേഹത്തിൽനിന്നു വെളിക്കായി, മുഴുവനും എന്റെ സ്നേഹത്തിൽ ലയിച്ച് അവർ ജീവിക്കയും അതിൽ വിശ്രമിച്ച് ആനന്ദിക്കയും ചെയ്യുന്നു.

അവരെ അതിൽനിന്നു മാറുവാനോ

വീഴിക്കുവാനോ ശക്തിയുള്ളതൊന്നുമില്ല; എന്തുകൊണ്ടെന്നാൽ നിത്യസത്യത്താൽ നിറഞ്ഞ് കെട്ടുത്തുവാൻ പാടില്ലാത്ത സ്നേഹാഗ്നിയാൽ അവർ ഏരിഞ്ഞുകൊണ്ടിരിക്കുന്നു.

ആകയാൽ ജഡമോഹികളും ഭൂമാത്രലുബ്ധരുമായ മനുഷ്യർ പുണ്യവാന്മാരുടെ സ്ഥിതിയെപ്പറ്റി വാദിക്കാതെ മൌനമായിരിക്കട്ടെ. എന്തെന്നാൽ അവക്കു സ്വാർത്ഥമായ സന്തോഷങ്ങളെ സ്നേഹിക്കാനല്ലാതെ അറിഞ്ഞുകൂടാ. അവർ അവരുടെ ചാച്ചിലനുസരിച്ചു കുറയ്ക്കുകയോ കൂട്ടുകയോ ചെയ്യും; നിത്യസത്യത്തിനു ഇഷ്ടമായതുപോലെയല്ല അവർ ചെയ്യുന്നത്.

6. വളരെപ്പേരും, വിശിഷ്യ അല്പം മാത്രം ആത്മീയപ്രകാശം പ്രാപിച്ചിട്ടുള്ളവരാകകൊണ്ടു യാതൊരുത്തനെയും പരിപൂർണ്ണമായ ആത്മീയസ്നേഹത്താൽ സ്നേഹിക്കുവാൻ അറിഞ്ഞുകൂടാത്തവരും കേവലം അറിവില്ലാത്തവരുമാണ്.

അവർ ഇപ്പോഴും സ്വാഭാവികമായ സ്നേഹത്താലും മാനുഷികമായ മൈത്രിയാലും ഇവരിലേക്കോ അവരിലേക്കോ ചായുന്നുണ്ട്. കീഴേയുള്ള കായ്ങ്ങളെക്കുറിച്ചെന്നപോലെ സ്പർശ്ശീയകായ്ങ്ങളെക്കുറിച്ചും അവർ സങ്കല്പിക്കുന്നു.

എന്നാൽ പൂർണ്ണത പ്രാപിച്ചിട്ടില്ലാത്തവരുടെ ചിന്തകളും സ്പർശ്ശീയവെളിവാൽ ആത്മപ്രകാശം സിദ്ധിച്ചവരുടെ ധ്യാനവും തമ്മിൽ ഉപമിക്കാൻ സാധിക്കാത്ത വ്യത്യാസമുണ്ട്.

7. ആകയാൽ മകനേ, നിന്റെ അറിവിനപ്പുറമുള്ളവയെക്കുറിച്ചു കൌതുകപ്രിയനായി സംസാരിക്കാതിരിക്കാൻ സൂക്ഷിക്ക. എന്നാൽ ദൈവരാജ്യത്തു ഏറ്റവും ചെറിയവനെങ്കിലും ആയിത്തീരാൻ ഉത്സാഹിച്ചു ശ്രമിക്കുക.

സ്പർശ്ശരാജ്യത്തു മറ്റുള്ളവരെക്കാൾ വിശുദ്ധനോ വലിയവനോ ആരാണെന്ന് ഒരാൾ അറിയുന്ന ഈ അറിവുകൊണ്ട് എന്റെ മുൻപാകെ തന്നെത്താൻ താഴ്ത്തി എന്റെ നാമത്തെ അധികം സ്തുതിക്കാൻ സാധിച്ചില്ലെങ്കിൽ, അവനു എന്തു പ്രയോജനം?

പുണ്യവാന്മാരിൽ ആരു വലിയവനെന്നോ ആരു ചെറിയവനെന്നോ തർക്കിക്കുന്നതിനെക്കാൾ ദൈവത്തിനു വളരെ അധികം ഇഷ്ടമുള്ളതു സ്വന്തം പാപങ്ങളുടെ വലിപ്പത്തെയും പുണ്യത്തിന്റെ കുറവിനെയും പുണ്യവാന്മാരുടെ പരിപൂർണ്ണസ്ഥിതിയിൽനിന്നു താനിരിക്കുന്ന സ്ഥിതി എത്ര അകന്നിരിക്കുന്നു എന്നതിനെയുംപറ്റി ചിന്തിക്കുന്നതാണ്.

പുണ്യവാന്മാരോടു ഭക്തിയുള്ള പ്രാർത്ഥനകളാൽ കണ്ണുനീരോടുകൂടെ പ്രാർത്ഥിക്കുന്നതും അവരുടെ മഹനീയ സഹായം വിനീതമനസ്സോടെ യാചിക്കുന്നതുമാണ് അവരുടെ രഹസ്യങ്ങളെ വ്യർത്ഥമായി പരിശോധിച്ചു ഗ്രഹിക്കാൻ ശ്രമിക്കുന്നതിനെക്കാൾ നല്ലത്.

8. മനുഷ്യർ തുച്ഛരായി തങ്ങളുടെ വ്യർത്ഥസംസാരങ്ങളെ അടക്കിയാൽ മതി, വിശുദ്ധന്മാർ വളരെ വളരെ നന്നായി തുപ്പിപ്പോട്ടെ.

അവർ തങ്ങളുടെ സ്വന്തം യോഗ്യതകളെക്കുറിച്ചു അഭിമാനിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ നന്മയായിട്ടുള്ളതൊന്നും സ്വന്തമെന്നു നിനയ്ക്കാതെ മുഴുവനും എന്റേതെന്നു അവർ സമ്മതിക്കുന്നു.

എന്റെ അളവറ്റ സ്നേഹത്താൽ സമസ്തവും ഞാനാണല്ലോ അവയ്ക്കു ദാനം ചെയ്തത്. അവരുടെ മഹിമയും അവരുടെ ഭാഗ്യത്തിനും യാതൊരു കുറവും വരാതിരിക്കത്തക്കവണ്ണം ദിവ്യതത്ത്വത്തിന്റെ അത്ര അധികം സ്നേഹവും കവിഞ്ഞൊഴുകുന്ന സന്തോഷവുംകൊണ്ടു അവർ നിറഞ്ഞിരിക്കുന്നു.

എല്ലാപുണ്യവാന്മാരും മഹിമയിൽ ഏത്ര ഉയർന്നവരോ അത്ര അധികം തങ്ങളിൽ

ത്തന്നേ എളിമയുള്ളവരും എനിക്കു ഏറ്റവും അടുത്തവരും പ്രിയമുള്ളവരുമായിത്തീരുന്നു.

ആകയാൽ വിശുദ്ധ ഗ്രന്ഥത്തിൽ ഇങ്ങനെ എഴുതിയിരിക്കുന്നു: അവർ കുഞ്ഞാടിന്റെ മുൻപിൽ സാഷ്ടാംഗം പ്രണമിച്ചു തങ്ങളുടെ കിരീടങ്ങളെ സിംഹാസനത്തിന്റെ മുൻപിൽ ഇട്ടുകൊണ്ടു യുഗാധികയുഗങ്ങളോളം ജീവിക്കുന്നവനെ ആരാധിച്ചു.

9. പലരും ദൈവരാജ്യത്ത് വലിയവനാരാണെന്ന് അന്വേഷിക്കുന്നു; ഏറ്റവും ചെറിയവരുടെ ഗണത്തിൽ തങ്ങളെ എണ്ണുവാൻ തങ്ങൾക്കു യോഗ്യതയുണ്ടോ എന്നു അവർക്കറിഞ്ഞുകൂടാ.

സ്വർഗ്ഗത്തിൽ ഏറ്റവും ചെറിയവനെങ്കിലും ആകുന്നതു വലിയ കാര്യമാണ്. അവിടെ എല്ലാവരും വലിയവരാണ്. എന്തുകൊണ്ടെന്നാൽ എല്ലാവർക്കും ദൈവപുത്രർ എന്ന നാമമുണ്ടായിരിക്കും, അവർ ദൈവപുത്രരായിരിക്കയും ചെയ്യും.

ഏറ്റവും ചെറിയവൻ ആയിരംപേരെപ്പോലെ ആയിരിക്കും, നൂറു വയസ്സുള്ള പാപി മരിക്കും.

എന്നാൽ സ്വർഗ്ഗരാജ്യത്തു വലിയവൻ ആരെന്നു ശ്ലീഹന്മാർ അന്വേഷിച്ചപ്പോൾ കീഴ്കാണുന്ന മറുപടിയാണു കേട്ടത്:

നിങ്ങൾ വീണ്ടും പൈതങ്ങളെപ്പോലെ ആകയില്ലെങ്കിൽ നിങ്ങൾ സ്വർഗ്ഗരാജ്യത്തു പ്രവേശിക്കയില്ല.

ആകയാൽ ഒരു ശിശുവിനെപ്പോലെ തന്നെത്താൻ താഴ്ത്തുന്നവൻ ആരോ അവൻ ദൈവരാജ്യത്തു വലിയവനാകുന്നു.

10. കുഞ്ഞുങ്ങളോടൊപ്പം സമമനസാ തന്നെത്താൻ താഴ്ത്താൻ മനസ്സില്ലാത്തവർക്കു കഷ്ടം. എന്തുകൊണ്ടെന്നാൽ സ്വർഗ്ഗരാജ്യത്തെ താണപടിവാതൽ അവരെ അകത്തു കടത്തുകയില്ല.

ഇവിടെ ധാരാളം ആശ്വാസമുള്ള സമ്പന്നന്മാർക്കു കഷ്ടം.

എന്തുകൊണ്ടെന്നാൽ ദരിദ്രർ ദൈവരാജ്യത്തു പ്രവേശിക്കുമ്പോൾ അവർ വെളിയിൽ കരഞ്ഞുകൊണ്ടു നില്ക്കും.

എളിമയുള്ളവരേ, നിങ്ങൾ സന്തോഷിപ്പിൻ, ദരിദ്രന്മാരേ, നിങ്ങൾ ആനന്ദിക്കുവിൻ, എന്തുകൊണ്ടെന്നാൽ ദൈവരാജ്യം നിങ്ങളുടേതാകുന്നു; നിങ്ങൾ സത്യത്തിൽ നടന്നാൽ മാത്രം മതി.

59-ാം അധ്യായം

നമ്മുടെ പ്രത്യാശ മുഴുവൻ ദൈവത്തിൽ

ശിഷ്യൻ. തിരുനാഥാ, എനിക്കു ഈ ജീവിതത്തിലുള്ള പ്രത്യാശ എന്താണ്? അഥവാ ആകാശത്തിനു കീഴേ കാണുന്ന എല്ലാ വസ്തുക്കളിലുംവെച്ചു എനിക്കുള്ള ഏറ്റവും വലിയ ആശ്വാസമെന്ത്?

എന്റെ ദൈവമായ നാഥാ, അതു അളവില്ലാത്ത കൃപയുള്ള നീയല്ലയോ?

നിന്നെക്കൂടാതെ എനിക്കു എവിടെ ഗുണമുണ്ടായിരുന്നു? നീ കൂടെയുണ്ടായിരുന്നപ്പോൾ എപ്പോഴാണു എനിക്കു തിന്മ നേരിട്ടിട്ടുള്ളത്?

നിന്നെക്കൂടാതെ ധനവാനാകുന്നതിനെക്കാൾ നിന്നോടുകൂടെ ദരിദ്രനാകയാണു എനിക്കു നല്ലത്.

നിന്നെക്കൂടാതെ സ്വർഗ്ഗരാജ്യം അനുഭവിക്കുന്നതിനെക്കാൾ നിന്നോടുകൂടെ ഈ ലോകത്തു വിദേശിയായി സഞ്ചരിക്കുന്നതാണു എനിക്കിഷ്ടം.

നീ എവിടെയോ അവിടെ സ്വർഗ്ഗവും, നീ ഇല്ലാത്തതെവിടെയോ അവിടെ മരണവും നരകവുമാണ്.

നീ എന്റെ അഗ്രഹവിഷയമാകുന്നു; അതുകയാൽ നിന്നെ ഞാൻ കരഞ്ഞുകൊണ്ടു വിളിക്കയും പ്രാർത്ഥിക്കയും ചെയ്വാൻ ആവശ്യമാണ്.

അവസാനമായി എന്റെ ആവശ്യങ്ങളിൽ എന്നെ അവസരോചിതം സഹായിക്കുന്നവനായി; എന്റെ ദൈവമേ, നിന്നിലല്ലാതെ മറ്റാരിലും എനിക്കു വിശ്വസിക്കാൻ നിവൃത്തിയില്ല.

നീ എന്റെ പ്രത്യാശയും എന്റെ ആശ്രയവും ആകുന്നു. എന്റെ ആശ്വാസപ്രദനും എല്ലാവരെയുംകാൾ എനിക്കു വിശ്വസ്തനും നീ തന്നേ.

2. എല്ലാവരും തങ്ങളുടെ സ്വന്തം കാര്യം അന്വേഷിക്കുന്നു; നീ എന്റെ രക്ഷയും എന്റെ പുണ്യാഭിവൃദ്ധിയും മാത്രം ഉദ്ദേശിക്കയും സമ്പ്രതും എന്റെ ഗുണത്തിനായി പകർത്തുകയും ചെയ്യുന്നു.

എന്നെ പല പരീക്ഷകളിലും അനർത്ഥങ്ങളിലും ഉൾപ്പെടുത്തിയാലും ഇതെല്ലാം നീ എന്റെ പ്രയോജനത്തിനായി ക്രമപ്പെടുത്തുന്നു. നീ സ്നേഹിക്കുന്നവരെ ആയിരം വിധത്തിൽ പരീക്ഷിക്കുന്നതിവാണ്.

എന്നെ സാഭ്രീയാശ്വാസങ്ങൾകൊണ്ടു നിറച്ചിരുന്നെങ്കിൽ എത്രമാത്രമോ അതിനെ

ക്കാൾ ഒട്ടും കുറയാതെ ഈ പരീക്ഷകളിൽ നിന്നെ ഞാൻ സ്നേഹിക്കയും സ്തുതിക്കയും വേണം.

3. ആകയാൽ ദൈവമായ നാഥാ, എന്റെ പ്രത്യാശ മുഴുവനും എന്റെ അഭയവും നിന്നിൽ ഞാൻ നിക്ഷേപിക്കുന്നു. എന്റെ അനർത്ഥങ്ങളും അരിഷ്ടതകളും എല്ലാം ഞാൻ നിന്നിൽ സമർപ്പിക്കുന്നു. എന്തുകൊണ്ടെന്നാൽ നിനക്കു പുറമേയുള്ളതെല്ലാം ബലഹീനവും അസ്ഥിരവുമായി ഞാൻ കാണുന്നു.

എന്തെന്നാൽ അനവധി സ്നേഹിതന്മാരെക്കൊണ്ടു പ്രയോജനമുണ്ടായില്ല. ബലവാന്മാരായ സഹായികൾക്കു എന്നെ തുണയ്ക്കുവാനും സാധിച്ചില്ല. നീ തന്നേ എന്നെ സഹായിച്ചു താങ്ങി ആശ്വസിപ്പിച്ചു, ധൈര്യപ്പെടുത്തി, പഠിപ്പിച്ചു സംരക്ഷിച്ചില്ലെങ്കിൽ ഇതാണെനിക്കു സംഭവിക്കുന്നത്.

4. എന്തുകൊണ്ടെന്നാൽ സമാധാനത്തിനും ഭാഗ്യത്തിനും ഉതകുന്നതെല്ലാം നീ ഇല്ലെങ്കിൽ ഒന്നുമല്ല; അവ സത്യമായി ഒരു ഭാഗ്യവും പ്രദാനം ചെയ്കയുമില്ല.

ആകയാൽ സകല നന്മകളുടെയും അന്തവും ആയുസ്സിന്റെ ഉച്ചസ്ഥാനവും ജ്ഞാനത്തിന്റെ ആഴവും നീ ആകുന്നു; എല്ലാറ്റിനും ഉപരിയായി നിന്നിൽ ശരണപ്പെട്ടു

ന്നതാണു നിന്റെ ദാസന്മാരുടെ ഏററവും ശക്തിയുള്ള ആശ്വാസം. എന്റെ കണ്ണുകൾ നിന്റെ പക്കലാണ്. എന്റെ ദൈവമായ നാഥാ, അനുഗ്രഹങ്ങളുടെ പിതാവേ, ഞാൻ നിന്നെ ആശ്രയിക്കുന്നു.

എന്റെ ആത്മാവിനെ സ്വർഗ്ഗീയാശീർവ്വാദത്താൽ അനുഗ്രഹിച്ചു ശുദ്ധീകരിക്ക. അതു നിന്റെ വിശുദ്ധ വാസസ്ഥലവും നിന്റെ നിത്യമഹിമയുടെ ഇരിപ്പിടവുമാകട്ടെ. നിന്റെ മഹിമയുള്ള കണ്ണുകൾക്കു പ്രസാദകരമല്ലാത്തതൊന്നും നിന്റെ മഹിമയുടെ ആലയത്തിൽ കണ്ടെത്താനിടയാകരുതേ.

നിന്റെ നന്മയുടെ പെരുപ്പംപോലെയും അനുഗ്രഹത്തിന്റെ ബാഹുല്യംപോലെയും എന്നിലേയ്ക്കു തിരിഞ്ഞു നിന്റെ ദരിദ്രനായ ദാസന്റെ പ്രാർത്ഥന കേൾക്കണമേ. അവൻ മരണത്തിന്റെ നിഴലിൽ രാജ്യഭ്രഷ്ടനായി കാലംകഴിക്കയാണ്.

ഈ നശിച്ചുപോകുന്ന ജീവിതത്തിലുള്ള ഇത്ര വളരെ അപകടങ്ങളിൽ നിന്റെ ദാസന്റെ ആത്മാവിനെ സംരക്ഷിക്കണമേ. നിന്റെ അനുഗ്രഹത്തോടുകൂടെ സമാധാനമുള്ള വഴിയിലൂടെ അവനെ നിരന്തരമായ പ്രകാശമുള്ള സ്വദേശത്തേയ്ക്കു നയിക്കണമേ. ആമ്മേൻ.

മിശിഹാനുകരണം

— :*: —

നാലാം പുസ്തകം

വിശുദ്ധ ക്രുദാശ

വി. കുർബാന സ്വീകരിക്കുന്നതിനെപ്പറ്റി ഉപദേശം

മിശിഹാ. അദ്ധ്വാനിക്കുന്നവരും ഭാരമുള്ള ചുമടെടുക്കുന്നവരുമായ നിങ്ങൾ എല്ലാവരും എന്നെറ പക്കൽ വരുവിൻ. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം, എന്നു തിരുനാഥൻ അരുളിച്ചെയ്യുന്നു.

ഞാൻ തരാനിരിക്കുന്ന അപ്പം ലോകത്തിന്നെറ ജീവനുവേണ്ടിയുള്ള എന്നെറ ശരീരമാകുന്നു.

നിങ്ങൾ വാങ്ങി ഭക്ഷിപ്പിൻ. ഇതു നിങ്ങൾക്കുവേണ്ടി കയ്യാളിക്കാനിരിക്കുന്ന എന്നെറ ശരീരമാകുന്നു. ഇതു എന്നെറ ഓർമ്മയ്ക്കായി ചെയ്യുവിൻ.

എന്നെറ മാംസം ഭക്ഷിക്കയും എന്നെറ രക്തം കുടിക്കയും ചെയ്യുന്നവൻ എന്നിൽ വസിക്കുന്നു. ഞാൻ അവനിലും.

ഞാൻ നിങ്ങളോടു പറയുന്ന വാക്കുകൾ ആത്മാവും ജീവനും ആകുന്നു.

1-ാം അധ്യായം

മഹാ വണക്കത്തോടുകൂടെ മിശിഹായെ സ്വീകരിക്കണം

ശിഷ്യൻ. നിത്യസത്യമായ മിശിഹായേ! ഇവ നിന്റെ വാക്കുകളാണ്. ഇവ ഒരു സമയത്തു അരുളിച്ചെയ്തതോ ഒരു സ്ഥലത്തു എഴുതിയിരിക്കുന്നതോ അല്ല, നേരുതന്നെ.

എന്നാൽ നിന്റെ വാക്കുകൾ സത്യമാകയാൽ അവയെ എല്ലാം നന്ദിയോടും വിശ്വാസത്തോടുംകൂടെ സ്വീകരിക്കേണ്ടതാകുന്നു.

അവ നിന്നേതത്രേ, നീ അവ അരുളിച്ചെയ്തിരിക്കുന്നു; അവ എന്നേതുമാകുന്നു, എന്തുകൊണ്ടെന്നാൽ എന്റെ രക്ഷയ്ക്കായി നീ അവ അരുളിച്ചെയ്തിരിക്കുന്നു.

അവ എന്റെ ഹൃദയത്തിൽ ഗാഢമായി പതിയുന്നതിന് അവയെ ഞാൻ സന്തോഷപൂർവ്വം നിന്റെ തിരുവായിൽനിന്നു സ്വീകരിക്കും.

ഇത്ര വലിയ ആർദ്രതയുള്ളതും മാധുര്യവും സ്നേഹവും നിറഞ്ഞതുമായ ഈ വാക്കുകൾ എന്നെ ധൈര്യപ്പെടുത്തുന്നു. എന്നാൽ

എന്റെ സ്വന്തം പാപങ്ങൾ എന്നെ ഭയപ്പെടുത്തുകയും ഈ മഹാ പരമരഹസ്യങ്ങളെ കൈക്കൊള്ളാതെ ഇരിക്കാൻ അശുദ്ധമനസ്സാക്ഷി എന്നെ പുറകോട്ടു മാറുകയും ചെയ്യുന്നു.

നിന്റെ വാക്കുകളുടെ മാധുര്യം എന്നെ മുന്നോട്ടു ക്ഷണിക്കുന്നു; എന്നാൽ എന്റെ ദുർഗ്രഹണങ്ങളുടെ ബാഹുല്യം എന്നെ കീഴോട്ടമർത്തുന്നു.

2. എനിക്കു നിന്നോടുകൂടെ പങ്കുകാരനാകണമെങ്കിൽ വിശ്വാസപൂർവ്വം നിന്റെ പക്കൽ അടുത്തുവരാനും, നിത്യായുസ്സും മഹിമയും പ്രാപിക്കാൻ ഞാനാഗ്രഹിക്കുന്നെങ്കിൽ മരണമില്ലായ്മയെ നൽകുന്ന ആഹാരം ഭക്ഷിക്കാനും നീ കല്പിക്കുന്നു.

അദ്ധ്വാനിക്കുന്നവരും ഭാരമുള്ള ചുമട് എടുത്തിരിക്കുന്നവരുമായ നിങ്ങൾ എന്റെ പക്കൽ വരുവിൻ. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാംഎന്നാണു നീ അരുളിച്ചെയ്യുന്നത്.

ഓ! പാപിയുടെ ചെവിയിൽ എത്ര മാധുര്യവും സ്നേഹവുമുള്ള വചനം. എന്തെന്നാൽ എന്റെ ദൈവമായ നാഥാ, അഗതിയെയും ദരിദ്രനെയും നിന്റെ അതിപരിശുദ്ധമായ ശരീരം ഉൾക്കൊള്ളുവാൻ നീ ക്ഷണിക്കുന്നു.

എന്നാൽ തിരുനാഥാ, നിന്റെ അടുത്തുവരാൻ തുനിയുന്നതിന് ഞാനാര്?

ഇതാ ആകാശങ്ങളിൽ വലിയ ആകാശം നിന്നെ അടക്കിക്കൊള്ളുന്നില്ല. എന്നാലും എല്ലാവരും എന്റെ അടുക്കൽ വരുവിൻ എന്നു നീ അരുളിച്ചെയ്യുന്നു.

3. ഇത്ര ആർദ്രതാപൂർണ്ണമായ കനിവിന്റെയും സ്നേഹമുള്ള ക്ഷണത്തിന്റെയും അർത്ഥം എന്ത്?

എന്നെ ധൈര്യപ്പെടുത്തുന്ന യാതൊരു നന്മയും എന്നിലുള്ളതായി എനിക്കറിവില്ല; പിന്നെ അടുത്തുവരുവാൻ ഞാൻ എങ്ങനെ തുനിയും?

നിന്റെ എത്രയും കരുണയുള്ള തിരുമുഖത്തെ പലപ്പോഴും ഉപദ്രവിച്ച ഞാൻ എന്റെ ഭവനത്തിൽ നിന്നെ എങ്ങനെ പ്രവേശിപ്പിക്കും.

മാലാകാമാരും പ്രധാന മാലാകാമാരും ഭക്തിയോടും വണക്കത്തോടുംകൂടെ നില്ക്കുന്നു. പുണ്യവാന്മാരും നീതിമാന്മാരും ഭയപ്പെടുന്നു. എന്നാൽ നിങ്ങൾ എല്ലാവരും എന്റെ അടുക്കൽ വരുവിൻ എന്നു നീ അരുളിച്ചെയ്യുന്നു.

തിരുനാഥാ, നീ ഇങ്ങനെ അരുളിച്ചെയ്തില്ലെങ്കിൽ ഇത് സത്യമെന്നു ആര് വിശ്വസിക്കുമായിരുന്നു?

നീ കല്പിച്ചിരുന്നില്ലെങ്കിൽ അടുത്തു വരുവാൻ ആര് ശ്രമിക്കും?

4. ഇതാ, നീതിമാനായ നോഹ് ചുരുക്കം പേരോടുകൂടെ രക്ഷപ്രാപിപ്പാൻവേണ്ടി ഒരു പെരുകപ്പൽ നിർമ്മിക്കുന്നതിനു നൂറു സംവത്സരം പ്രയത്നിച്ചു; എന്നാൽ ലോകത്തിന്റെ സൃഷ്ടാവിനെ വണക്കത്തോടെ കൈക്കൊള്ളുവാൻ ഒരു മണിക്കൂറുകൊണ്ടു ഞാൻ എങ്ങനെ ഒരുങ്ങും?

നിന്റെ വലിയ ദാസനും, പ്രത്യേക സ്നേഹിതനുമായ മൂശെ പ്രമാണങ്ങളുടെ പലകകൾ വാങ്ങുവാനായി കേടുവരാത്ത മരംകൊണ്ടു ഒരു പെട്ടി ഉണ്ടാക്കുകയും അതിനെ കറതീർന്ന പൊന്നുകൊണ്ടു പൊതിയുകയും ചെയ്തു. എന്നാൽ ഒരു നികൃഷ്ടസൃഷ്ടിയായ ഞാൻ നിയമകർത്താവും ജീവൻ തരുന്നവനുമായ നിന്നെ ഇത്ര എളുപ്പത്തിൽ കൈക്കൊള്ളുവാൻ തുനിയാമോ?

ഇസ്രായേൽ രാജാക്കന്മാരിൽ ഏറ്റവും ജ്ഞാനിയായ ശ്ലോമോൻ നിന്റെ തിരുനാമത്തിന്റെ സ്തുതിക്കായി അതിമഹത്തായ ഒരാലയം ഏഴുവർഷംകൊണ്ടു പണിചെയ്തു, അതിന്റെ പ്രതിഷ്ഠത്തിരുനാൾ എട്ടു ദിവസത്തേക്കു ആഘോഷിച്ച് ആയിരം സമാധാനബലികൾ സമർപ്പിച്ചു. വാഗ്ദാനത്തി

ന്റെ പെട്ടകം കാഹളധ്വനികളോടും സന്തോഷ ആർപ്പുകളോടുംകൂടെ അതിനായി തയാറാക്കിയിരുന്ന സ്ഥലത്തു ആഘോഷപൂർവ്വം കൊണ്ടുവന്നു സ്ഥാപിച്ചു. എന്നാൽ നിർഭാഗ്യനും മനുഷ്യരിൽവെച്ചു ഏറ്റവും ദരിദ്രനുമായ ഞാൻ നിന്നെ എന്റെ വീട്ടിൽ എങ്ങനെ പ്രവേശിപ്പിക്കും? എനിക്കു കഷ്ടിച്ചു അരമണിക്കുറ് ഭക്തിപൂർവ്വം ചെലവഴിക്കാനറിഞ്ഞുകൂടാ; ഒരു പ്രാവശ്യമെങ്കിലും അരമണിക്കുറ് ഭക്തിപൂർവ്വം ചെലവഴിക്കാൻ എനിക്കു സാധിച്ചെങ്കിൽ!

5. ഓ! എന്റെ തിരുനാഥാ, നിന്നെ പ്രസാദിപ്പിക്കുവാൻ അവർ എത്ര യത്നിച്ചിരുന്നു! ഹാ! കഷ്ടം ഞാൻ ചെയ്യുന്നതു് എത്ര അല്പം! വിശുദ്ധ കുർബാന കൈക്കൊള്ളുന്നതിനു് ഒരുങ്ങാൻ എത്രയോ കുറച്ചുസമയം മാത്രം വിനിയോഗിക്കുന്നു!

പൂർണ്ണമായ ബോധശാന്തത എനിക്കു ദുർല്ലഭമാണു; എല്ലാ വിചാരങ്ങളിൽനിന്നും ഒഴിഞ്ഞിരിക്കുന്നതു് വളരെ വളരെ ദുർല്ലഭം.

എന്നാൽ തീർച്ചയായും ദൈവമായ നീ എന്നെ രക്ഷിക്കുന്നതിനായി എന്നിൽ വരുമ്പോൾ ചിതമല്ലാത്ത യാതൊരു വിചാരവും എന്നിലുണ്ടാകയോ വല്ല സൃഷ്ടിയും എന്റെ മനസ്സിൽ കടക്കയോ ചെയ്യേ

ണ്ടതില്ല; എന്തുകൊണ്ടെന്നാൽ ഒരു മാലാകായെ അല്ല, മാലാകാമാരുടെ നാഥനെയാണ ഞാൻ സ്വീകരിക്കാൻ പോകുന്നത്.

6. എന്നാൽ വാഗ്ദാനത്തിന്റെ പെട്ടകവും അതിലുള്ള തിരുശേഷിപ്പുകളും നിന്റെ അതിപാവനമായ തിരുശരീരവും അതിന്റെ അവർണ്ണനീയ ഗുണങ്ങളും തമ്മിലും വരുവാനിരുന്നതിന്റെ പൂർവ്വരൂപങ്ങളായിരുന്ന പഴയനിയമത്തിലെ ബലികളും, പുരാതന ബലികളുടെയെല്ലാം പൂർത്തീകരണമായ നിന്റെ തിരുശരീരത്തിന്റെ യഥാർത്ഥ ബലിയും തമ്മിലും വലിയ വ്യത്യാസമുണ്ട്.

7. ആകയാൽ നിന്റെ പൂജ്യമായ സാന്നിദ്ധ്യത്തിൽ ഞാൻ എന്തുകൊണ്ടാണ് അധികമായി ജ്വലിക്കാത്തത്.

നിന്റെ വിശുദ്ധ ദാനങ്ങൾ സ്വീകരിക്കുന്നതിന് ഏറ്റവും വലിയ ശ്രദ്ധയോടെ ഞാൻ ഒരുങ്ങാത്തത് എന്തുകൊണ്ട്? പൂർവ്വന്മാരായ ആ വിശുദ്ധ പിതൃപിതാക്കന്മാരും ദീർഘദർശികളും മാത്രമല്ല, രാജാക്കന്മാരും പ്രഭുക്കന്മാരും അവരുടെ പ്രജകളെല്ലാവരും ദൈവമായ നിന്നെ ആരാധിക്കുന്നതിൽ അത്ര ഭക്തിയും താല്പര്യവും പ്രകടിപ്പിച്ചിരിക്കുന്നു.

8. ഏറ്റവും ഭക്തനായ ദാവീദുരാജാവ് തന്റെ പൂർവ്വികന്മാർക്ക് ലഭിച്ച നന്മക

ളെ ഓർത്തു് ദൈവത്തിന്റെ പെട്ടകത്തിൻ മുൻപിൽ തന്റെ സർവ്വ ശക്തിയോടുംകൂടെ നൃത്തം ചെയ്തു. അദ്ദേഹം നാനാതരത്തിലുള്ള ഗീതക്കരുക്കൾ നിർമ്മിച്ചു്, സങ്കീർത്തനങ്ങൾ രചിച്ചു്, അവ ആഹ്ലാദപൂർവ്വം പാടുന്നതിനു് ഏർപ്പാടുചെയ്തു; അദ്ദേഹംതന്നേ പരിശുദ്ധാത്മാവിന്റെ പ്രേരണയാൽ പല പ്രാവശ്യം വീണവായിച്ചുകൊണ്ടു് അവയെ പാടുകയും മുഴുഹൃദയത്തോടെ ദൈവത്തെ സ്തുതിക്കയും ഏകസ്വരത്തിൽ ദിവസംപ്രതി തന്നെ വാഴ്ത്തിപ്പുകഴ്ത്തുകയും ചെയ്യുന്നതിനു ഇസ്രായേൽജനത്തെ പഠിപ്പിക്കയും ചെയ്തു.

വാശാനത്തിന്റെ പെട്ടകത്തിൻമുൻപിൽ അന്നു് ഇത്ര ഭക്തിയും ദൈവസ്തുതിയുടെ സ്മരണയും പ്രകടിപ്പിച്ചെങ്കിൽ എന്നിയ്ക്കും ക്രിസ്ത്യാനിജനത്തിനും വി. കുർബാനയുടെ സന്നിധിയിലും, മിശിഹായുടെ എത്രയും വിശിഷ്ടമായ തിരുശരീരം ഉൾക്കൊള്ളുന്നതിലും എത്രമാത്രം ബഹുമാനവും ഭക്തിയുമാണു് ഉണ്ടായിരിക്കേണ്ടതു്.

9. പലരും പുണ്യവാന്മാരുടെ തിരുശേഷിപ്പുകൾ സന്ദർശിക്കാൻ പല സ്ഥലങ്ങളിലേയ്ക്കു ബദ്ധപ്പെട്ടുപോകുന്നു. അവരുടെ അത്ഭുതങ്ങൾ കേട്ടു് ആശ്ചര്യപ്പെടുകയും അവരുടെ ദൈവാലയങ്ങളുടെ വിശാലമായ

കെട്ടിടങ്ങളെ സൂക്ഷിച്ചുനോക്കുകയും പട്ടി
ലും പൊന്നിലും പൊതിഞ്ഞിരിക്കുന്ന അ
വരുടെ വിശ്രുത അസ്ഥികളെ ചുംബിക്ക
യും ചെയ്യുന്നു.

എന്നാൽ ഇതാ എന്റെ ദൈവമേ,
പരിശുദ്ധന്മാരിൽ പരിശുദ്ധനേ, മനുഷ്യരു
ടെ സ്രഷ്ടാവേ, മാലാകാമാരുടെ തിരുനാ
ഥാ, നീ ഇവിടെ എന്റെ അടുക്കൽ ഈ
പീഠത്തിന്മേൽ എഴുന്നെള്ളിയിരിക്കുന്നു.

പലപ്പോഴും മേൽപ്പറഞ്ഞവയെ കാ
ണാൻ പോകുന്നത് കൌതുകപ്രിയവും പു
തുമ കാണുന്നതിലുള്ള താല്പര്യവുംമൂലമാണ്;
അപ്പോൾ ജീവിതശുദ്ധീകരണം എന്ന ഫലം
ഒരിക്കലുമായിട്ടേ ഉണ്ടാകാറുള്ളൂ; മുഖ്യമായി
പരമാർത്ഥമായ മനസ്താപംകൂടാതെ ഇതു
മനോല്ലാഘവത്തോടുകൂടെ അങ്ങുമിങ്ങും ഓടു
മ്പോൾ ഗുണഫലം സിദ്ധിക്കയില്ല.

എന്നാൽ ഇവിടെ ഈ പീഠത്തിലെ
വി. ക്രൂശായിൽ എന്റെ ദൈവമേ, മനു
ഷ്യനായ ഈശോമിശിഹായേ, നീ പൂർണ്ണ
മായിട്ടും ഉണ്ട്, യോഗ്യതയോടും ഭക്തി
യോടുംകൂടെ നിന്നെ സ്വീകരിക്കുമ്പോഴൊ
ക്കെയും ഇവിടെ നിത്യരക്ഷയുടെ ഫല
ങ്ങൾ സമൃദ്ധിയായി ലഭിക്കുന്നു.

എന്നാൽ ഇതിലേയ്ക്കു നമ്മെ ആകർഷി

ക്കുന്നതു മനസ്സിന്റെ ലാഘവമോ കൗതുകപ്രിയമോ, ജഡസന്തോഷമോ അല്ല, പിന്നയൊ സ്ഥിരമായ വിശ്വാസവും ഭക്തിയുള്ള പ്രത്യാശയും പരമാർത്ഥമായ സ്നേഹവുമാണ്.

10. ദൈവമേ, ഈലോക ഉൽപ്പത്തിക്ക് അഗോചരനായ സ്രഷ്ടാവേ, നീ എത്ര അത്ഭുതകരമായി ഞങ്ങളോടു പ്രവർത്തിക്കുന്നു? വി. കുർബാനയിൽ നിന്നെ ഉൾക്കൊള്ളുവാൻ ആഗ്രഹിച്ചിട്ടുള്ളവരായ, നീ തെരിഞ്ഞെടുത്തിരിക്കുന്നവരുടെ സകല കായ്ങ്ങളെയും എത്ര മാധുര്യത്തോടും കരുണയോടുംകൂടെ നീ ക്രമപ്പെടുത്തി നടത്തുന്നു.

എന്തെന്നാൽ ഇതു സകല ബുദ്ധിശക്തിയെയും കവിയുന്നു. ഇതു പ്രത്യേകമായ വിധത്തിൽ ഭക്തരുടെ ഹൃദയങ്ങളെ ആകർഷിക്കയും അവരുടെ സ്നേഹത്തെ ജ്വലിപ്പിക്കയും ചെയ്യുന്നു.

തങ്ങളുടെ ജീവിതം മുഴുവൻ നന്നാക്കുവാൻ ഒരുക്കമുള്ള നിന്റെ സത്യവിശ്വാസികൾ ഈ അതിവിശിഷ്ടമായ കൃപാശയിൽ നിന്നു ഭക്തിയെന്ന വലിയ വരവും പുണ്യത്തെക്കുറിച്ചുള്ള സ്നേഹവും ക്രമേണക്രമേണ പ്രാപിക്കുന്നു.

11. ഓ! അത്ഭുതകരവും ശ്രേഷ്ഠവുമായ വിശുദ്ധ കൃപാശയുടെ വരം ഇതു മി

ശിഹായിൽ വിശ്വസിക്കുന്നവർക്കു മാത്രമേ അറിഞ്ഞുകൂടൂ. എന്നാൽ അവിശ്വാസികളും പാപത്തിന്റെ അടിമകളായി ജീവിക്കുന്നവരും ഇതെന്താണെന്നു് അനുഭവിച്ചറിയുന്നില്ല.

ഈ വിശുദ്ധ ക്രൂശിൽ ആത്മീയ വരമാണു ലഭിക്കുന്നതു്; ആത്മാവിനു നഷ്ടമായിപ്പോയ പുണ്യം വീണ്ടും ലഭിക്കുന്നു; പാപം വഴിയായി വിരൂപമായ സൗന്ദര്യം വീണ്ടും ലഭിക്കുന്നു.

ഈ ദിവ്യവരത്തിൽനിന്നു് ലഭിക്കുന്ന ഭക്തിയുടെ ആധിക്യത്താൽ മനസ്സു മാത്രമല്ല ബലഹീനമായ ശരീരംകൂടെ അധികമായ ശക്തി പ്രാപിച്ചതായി തോന്നത്തക്കവിധം ഇതു ചിലപ്പോൾ അത്ര മഹത്താണു്.

12. എന്നാൽ രക്ഷപ്രാപിക്കാനുള്ളവരുടെ സകല പ്രത്യാശയും യോഗ്യതയും ആരിൽ സ്ഥിതിചെയ്യുന്നുവോ ആ മിശിഹായെ അധികമായ സ്നേഹത്തോടെ ഉൾക്കൊള്ളുവാൻ അടുത്തു ചെല്ലുന്നതിൽ നമുക്കുള്ള ഭക്തിമാന്ദ്യത്തെക്കുറിച്ചും ശ്രദ്ധക്കുറവിനെക്കുറിച്ചും നാം വളരെ ദുഃഖിക്കേണ്ടതാണു്.

താൻ നമ്മുടെ ശുദ്ധീകരണവും രക്ഷാസ്ഥാനവും ആണല്ലോ. ഈ ലോകത്തിൽ യാത്ര ചെയ്യുന്നവരെ ആശ്വസിപ്പിക്കുന്നവ

നും, പരലോകത്തിൽ വിശുദ്ധന്മാരെ നിത്യമായി ആനന്ദിപ്പിക്കുന്നവനും നിത്യാനന്ദവും മിശിഹാതന്നേ.

ആകയാൽ സഭയെ ആനന്ദിപ്പിക്കയും സഭയെയും പരിപാലിക്കയും ചെയ്യുന്ന ഈ രക്ഷാകരമായ രഹസ്യത്തെ അനേകംപേരും ഇത്ര അല്പമായി മാത്രം ഗണിക്കുന്നതു വളരെ ശോചനീയമാണ്.

ഹാ! കഷ്ടം! ഇത്ര അവർണ്ണനീയമായ ദാനത്തെ അധികം ആദരിക്കാതിരിക്കയും അനുദിനം ഉപയോഗിക്കുന്നതിനാൽ അശുദ്ധരായിത്തീർന്നിരിക്കയും ചെയ്യുന്ന മനുഷ്യഹൃദയങ്ങൾ അത്ര അധികം കാഠിന്യമുള്ളവതന്നേ.

13. എത്രയും പരിശുദ്ധമായ ഈ ബലി ലോകത്തിൽ ഒരു സ്ഥലത്തുവെച്ചു ഒരു പട്ടക്കാരൻമാത്രം സമർപ്പിച്ചിരുന്നെങ്കിൽ മനുഷ്യർ ആ സ്ഥലത്തെയ്ക്കും ആ പട്ടക്കാരന്റെ അടുക്കലേയ്ക്കും പോയി ദിവ്യരഹസ്യങ്ങൾ സമർപ്പിക്കുന്നതു കാണുമായിരുന്നു.

ഇപ്പോഴാകട്ടെ അനേകം പട്ടക്കാരുണ്ട്; പല സ്ഥലങ്ങളിൽ ബലി സമർപ്പിക്കുന്നുമുണ്ട്. ഇത്ര വി. കുർബാന ഉൾക്കൊള്ളൽ ലോകത്തു എല്ലായിടത്തും എത്ര അധികം പ്രചരിക്കുമോ അത്ര അധികം ദൈവത്തിന്റെ

അനുഗ്രഹവും മനുഷ്യരുടെ നേരേയുള്ള സ്നേഹവും വലുതെന്നു പ്രത്യക്ഷപ്പെട്ടുവാനാണ്.

നല്ല ഈശോ, നിത്യനായ ഇടയാ, നിന്റെ വിലയേറിയ തിരുശരീരവും തിരുരക്തവുംകൊണ്ടു ദരിദ്രരും സ്വരാജ്യഭ്രഷ്ടരുമായ ഞങ്ങളെ തീറുനതിനും നിനക്കു സ്തോത്രം ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ അദ്ധ്വാനിക്കുന്നവരും ഭാരമുള്ള ചുമടു എടുക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങളെ ആശ്വാസിപ്പിക്കാം എന്നരുളിച്ചെയ്തു നിന്റെ തിരുവായിൽനിന്നുള്ള വചനങ്ങൾകൊണ്ടു ഞങ്ങളെ ഈ ദിവ്യകൂദാശ സ്വീകരിക്കാൻ ക്ഷണിച്ചല്ലോ.

2-ാം അധ്യായം

ദൈവത്തിന്റെ വലിയ നന്മയും സ്നേഹവും

ശിഷ്യൻ. തിരുനാഥാ, നിന്റെ നന്മയിലും വലുതായ അനുഗ്രഹത്തിലും ശരണപ്പെട്ട് രോഗിയായ ഞാൻ എന്റെ രക്ഷിതാവിന്റെ അടുക്കലേയ്ക്കും, വിശന്നും ദാഹിച്ചും ഇരിക്കുന്ന ഞാൻ ആയുസ്സിന്റെ ഉറവയിലേയ്ക്കും, ദരിദ്രനായ ഞാൻ സ്വർഗ്ഗരാജാവിന്റെ പക്കലേയ്ക്കും, ദാസനായ ഞാൻ

തിരുനാഥന്റെ പക്കലേയ്ക്കും, സൃഷ്ടിയായ ഞാൻ സ്രഷ്ടാവിന്റെ പക്കലേയ്ക്കും, ആശ്വാസമില്ലാവസ്തനായ ഞാൻ ആർദ്രതയുള്ള എന്റെ ആശ്വാസകന്റെ പക്കലേയ്ക്കും അടുത്തുവരുന്നു.

എന്നാൽ നീ എന്റെ അടുക്കൽ വരിക എന്നുള്ളതു എനിക്കു എങ്ങനെ ഉണ്ടായി? നിന്നെത്തന്നേ എനിക്കു തരുവാൻ ഞാനാര്?

പാപി നിന്റെ തിരുമുൻപാകെ വരാൻ എങ്ങനെ ധൈര്യപ്പെടുന്നു? നിന്റെ ഭൃത്യനെ നീ അറിയുന്നു, ഇതു അവനു കൊടുക്കാൻ തക്കവണ്ണം അവനിൽ യാതൊരു നന്മയുമില്ലെന്നു നിനക്കറിയാം.

ആകയാൽ ഞാൻ എന്റെ നിസ്സാരതാം ഏറ്റു പറയുന്നു. നിന്റെ നന്മയെ ഞാൻ സമ്മതിക്കയും ആർദ്രതയെ സ്തുതിക്കയും ധാരാളമായ സ്നേഹത്തിന് പ്രതിനന്ദി പറകയും ചെയ്യുന്നു.

എന്തെന്നാൽ എന്റെ യോഗ്യതയെ പ്രതിയല്ല, നിന്നെപ്രതിയാണ് നീ ഇതു ചെയ്യുന്നത്. നിന്റെ നന്മ എനിക്കു കൃതജ്ഞതയായി വെളിപ്പെടാനും സ്നേഹം അധികമായി എന്നിലുണ്ടാകുവാനും വിനയം പരിപൂർണ്ണമായി ഞാൻ പ്രശംസിക്കുവാനുമാണ് ഇതു.

ഇത് നിനക്കു പ്രസാദകരമായിരിക്കയും ഇങ്ങനെ ചെയ്യാൻ നീ കല്പിക്കയും ചെയ്തിരിക്കുന്നതിനാൽ നിന്റെ കൃപാകടാക്ഷം എനിക്കിഷ്ടമാണ്; എന്നാൽ എന്റെ ഭക്തത എനിക്കു തടസ്സമാകാതിരുന്നാൽ കൊള്ളാമായിരുന്നു.

2. ഏറ്റവും മാധുര്യവും കരുണയും നിറഞ്ഞ ഈശോയേ, നിന്റെ ശരീരം ഉൾക്കൊള്ളുന്നതുകൊണ്ട് എത്ര വലിയ വണക്കത്തിനും കൃതജ്ഞതയ്ക്കും നിരന്തരസ്തുതിക്കും നീ യോഗ്യനാകുന്നു. മനുഷ്യരിൽ നിന്റെ തിരുശരീരത്തിന്റെ മഹത്വം വിചാരിക്കാൻ കഴിയുന്നവനാര്!

എന്നാൽ ഈ വി. കുർബ്ബാന ഉൾക്കൊള്ളുമ്പോൾ എന്റെ നാഥനെ യോഗ്യമായ വിധം ആരാധിക്കാൻ സാധിക്കാത്ത ഞാൻ ആ തിരുനാഥനോടു അടുക്കുമ്പോൾ എന്തു വിചാരിക്കും?

എന്നെ പരിപൂർണ്ണമായി നിന്റെ വിധിയിൽ വിനീതനാക്കി എന്റെ നേരേയുള്ള നിന്റെ അളവില്ലാത്ത നന്മകൾ പുകഴ്ത്തുന്നതല്ലാതെ നന്നായും രക്ഷാകരമായും എനിക്കു എന്തു ചിന്തിക്കുവാൻ കഴിയും?

എന്റെ തിരുനാഥാ, നിന്നെ ഞാൻ സ്തുതിക്കുന്നു, നിത്യകാലത്തേയ്ക്കു പുകഴ്ത്തുന്നു.

ഞാൻ എന്നെ നിന്ദിച്ച് എന്റെ നിസ്സാരത യുടെ ആഴത്തിലേക്കു. എന്നെത്തന്നേ താ ഴ്ത്തി നിനക്കു കീഴ്പ്പെട്ടുന്നു.

3. കണ്ടാലും നീ പുണ്യവാന്മാരുടെ പുണ്യവാനാകുന്നു. ഞാനോ പാപികളുടെ കീടനാകുന്നു.

ഇതാ, നിന്നെ നോക്കുവാൻപോലും യോഗ്യനല്ലാത്ത എന്റെ അടുക്കലേയ്ക്കു നീ കുനിയുന്നു.

ഇതാ, നീ എന്റെ അടുക്കൽ വരുന്നു. എന്നോടുകൂടെയിരിക്കാൻ നീ തിരുമനസ്സാ കുന്നു. നിന്റെ വിരുന്നിന് നീ എന്നെ ക്ഷ ണിക്കയും ചെയ്യുന്നു. എനിക്കു ഭക്ഷിക്കാൻ മാലാകാമാരുടെ അപ്പമായ സ്വർഗ്ഗീയ ഭക്ഷ ണം തരാൻ നീ തിരുമനസ്സാകുന്നു. അത് നിന്നെത്തന്നേയല്ലാതെ മറ്റാരെയുമല്ല. സ്വ ർഗ്ഗത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പ മായ നിന്നെ, ലോകത്തിനു ജീവൻ കൊ ടുക്കുന്ന നിന്നെത്തന്നേ.

4. ഇതാ! സ്നേഹം എവിടെനിന്നു പു റപ്പെടുന്നു എന്നു കാണുക! എത്ര വലിയ കൃ പ പ്രകാശിക്കുന്നു! ഇതിനായി നിനക്കു എത്ര വലുതായ കൃതജ്ഞതാപ്രകാശനങ്ങളും സ്തുതികളും യോഗ്യമായിരിക്കുന്നു!

ഓ, നീ ഇതിനെ സ്ഥാപിച്ചത് എത്ര

രക്ഷാകരവും പ്രയോജനകരവുമായ ആലോചനയായിരുന്നു!

എത്ര മാധുര്യവും ഇൻപവുമുള്ളവിരുന്നു! തിരുനാഥാ, നിന്റെ പ്രവൃത്തി എത്ര വിസ്മയിക്കത്തക്കത! നിന്റെ ശക്തി എത്ര ബലവത്തായത, നിന്റെ സത്യം എത്ര തെറ്റുവരാത്തത!

എന്തെന്നാൽ നീ അരുളിച്ചെയ്തു, എല്ലാം ഉണ്ടായി.

5. എന്റെ ദൈവമായ നാഥാ, സത്യദൈവവും മനുഷ്യനുമായ നീ അപ്പത്തിന്റെയും വീഞ്ഞിന്റെയും അല്പമായ രൂപത്തിൽ മുഴുവനായി അടങ്ങിയിരിക്കുന്നതും, നിന്നെ ഉൾക്കൊള്ളുന്നവൻ ഭക്ഷിച്ചാലും നീ ക്ഷയിക്കാതെ ഇരിക്കുന്നതും അത്ഭുതകരവും വിശ്വാസയോഗ്യവും മനുഷ്യബുദ്ധിയെ കവിയുന്നതുമായ കാര്യമാണ.

സകല ലോകങ്ങളുടെയും നാഥനും യാതൊരുത്തനെക്കൊണ്ടും ആവശ്യമില്ലാത്തവനുമായ നീ ഈ ക്ലേശ വഴിയായി ഞങ്ങളിൽ വസിക്കുന്നതിനു തിരുമനസ്സായിരിക്കുന്നു.

സന്തോഷജനകവും നിർമ്മലവുമായ മനസ്സാക്ഷിയോടുകൂടെ നിന്റെ പരമരഹസ്യങ്ങളെ കൂടെക്കൂടെ അനുഷ്ഠിക്കാനും നി

ന്റെ സ്തുതിക്കും നിരന്തരമായ ഓർമ്മയ്ക്കുംവേണ്ടി മുഖ്യമായി നീ നിയമിച്ചു സ്ഥാപിച്ചതിനെ എന്റെ നിത്യരക്ഷയ്ക്കായി ഉൾക്കൊള്ളുന്നതിനും എന്റെ ഹൃദയത്തെയും ശരീരത്തെയും കറയില്ലാത്തതായി കാത്തുകൊള്ളണമേ!

6. എന്റെ ആത്മാവേ, ഈ കണ്ണുനീർ നിറഞ്ഞ താഴ്വരയിൽ നിനക്കു തന്നിരിക്കുന്ന ഇത്ര ശ്രേഷ്ഠമായ ദാനത്തിലും പ്രത്യേകതരമായ ആശ്വാസത്തിലും സന്തോഷിച്ചു ദൈവത്തോടു ഉപകാരസ്മരണ പ്രദർശിപ്പിക്കുക.

എന്തുകൊണ്ടെന്നാൽ എത്ര പ്രാവശ്യം ഈ ക്രൂശിനെ ആവർത്തിക്കയും മിശിഹായുടെ തിരുശരീരം ഉൾക്കൊള്ളുകയും ചെയ്യുമോ അത്രയും പ്രാവശ്യം നിന്റെ രക്ഷാപ്രവൃത്തി നിവൃഹിക്കയും മിശിഹായുടെ എല്ലാ യോഗ്യതകളുടെയും പങ്കാളിയാകയും ചെയ്യുന്നു.

എങ്ങനെയെന്നാൽ മിശിഹായുടെ സ്നേഹത്തിനു ഒരിക്കലും ക്ഷയമില്ല. തന്റെ പരിഹാരത്തിന്റെ വലിപ്പം ഒരിക്കലും കുറഞ്ഞുപോകുന്നുമില്ല.

ആകയാൽ എപ്പോഴും നിന്റെ മനസ്സിനെ നവീകരിച്ചു ഇതിനായി നിന്നെ ഒരു

ക്കുകയും ഈ രക്ഷയുടെ മഹാ "രഹസ്യ" ത്തെക്കുറിച്ചു അവധാനപൂർവ്വം ചിന്തിക്കയും വേണം.

ഇപ്രകാരം നീ കുർബാന ചൊല്ലുകയൊ കാണുകയൊ ചെയ്യുമ്പോഴെല്ലാം അനന്തനേ മിശിഹാ ഒന്നാമതായി പരിശുദ്ധ കന്യകയുടെ ഉദരത്തിലേയ്ക്കു മനുഷ്യാവതാരം ചെയ്കയോ അഥവാ കുരിശിൽ തൂങ്ങി മനുഷ്യരുടെ രക്ഷയ്ക്കായി പീഡകൾ സഹിച്ചു മരിക്കയോ ചെയ്യാൽ എന്നപോലെ അത്ര നിനക്കു അത്ര മഹത്തും, പുതിയതും ആനന്ദപ്രദവുമായി തോന്നേണ്ടതാണ്.

3-ാം അധ്യായം

കൂടക്കൂടെ കുർബാന ഉാംക്കൊള്ളണം.

ശിഷ്യൻ. തിരുനാഥാ, നിന്റെ ദാനം കൊണ്ടു എനിക്കു നന്മയുണ്ടാക്കുന്നതിനും, ദൈവമേ, നിന്റെ മാധുര്യത്തിൽ ദരിദ്രനു വേണ്ടി നീ തയാറാക്കിയിരിക്കുന്ന പരിശുദ്ധമായ വിരുന്നിൽ സന്തോഷിക്കുന്നതിനും വേണ്ടി ഇതാ! ഞാൻ നിന്റെ വക്കൽ വരുന്നു.

ഇതാ! എനിക്കു ആഗ്രഹിക്കാവുന്നതും

ഞാൻ ആഗ്രഹിക്കേണ്ടതുമായ സമസ്തവും നിന്നിലുണ്ട്. നീ എന്റെ രക്ഷയും പരിത്രാണവും, ശരണവും, ധൈര്യവും, ബഹുമാനവും മഹത്വവും ആകുന്നു.

ആകയാൽ ഇന്നു നിന്റെ ദാസന്റെ ആത്മാവിനെ സന്തോഷിപ്പിക്ക, എന്തുകൊണ്ടെന്നാൽ ഈശോനാഥാ, നിന്റെ പക്കലേയ്ക്കു എന്റെ ആത്മാവിനെ ഞാനുയർത്തിയിരിക്കുന്നു.

ഇപ്പോൾ നിന്നെ ബഹുമാനപൂർവ്വം ഉൾക്കൊള്ളുവാൻ ഞാനാഗ്രഹിക്കുന്നു. സക്കെയെപ്പോലെ നിന്റെ ആശീർവ്വാദം പ്രാപിക്കാനും അബ്രാഹത്തിന്റെ മക്കളുടെ ഗണത്തിൽ ഒരു സ്ഥാനം കിട്ടുവാനുംവേണ്ടി നിന്നെ എന്റെ ഭവനത്തിൽ സ്വീകരിക്കാനും ഞാനാഗ്രഹിക്കുന്നു.

എന്റെ ആത്മാവു നിന്റെ തിരുശരീരം ഭക്ഷിക്കുന്നതിനും നിന്നോടുകൂടെ ഒന്നിക്കുന്നതിനും ഏറെറമേറെറ ആഗ്രഹിക്കുന്നു.

2. നിന്നെ എനിക്കു തരിക, എനിക്കു അനുമതി, എന്തെന്നാൽ നിന്നെക്കൂടാതെയുള്ളതൊരാശ്വാസവും പ്രയോജനകരമല്ല.

നിന്നെക്കൂടാതെ എനിക്കു അസ്തിത്വമില്ല. നിന്റെ സന്ദർശനം കൂടാതെ എനിക്കു ജീവിക്കാനും സാധിക്കയില്ല.

ആകയാൽ ഞാൻ നിന്നെറ അടുക്കൽ ക്കുടക്കുടെ വന്ന് എന്നെറ രക്ഷയ്ക്കുള്ള ഔഷധമായി നിന്നെ സ്വീകരിക്കേണ്ടതാണ്; ഈ സ്വർഗ്ഗീയഭോജനം നഷ്ടപ്പെട്ടുപോയാൽ ഞാൻ ഒരുപക്ഷേ വഴിയിൽ തളർന്നുവീണു പോകും.

എന്തുകൊണ്ടെന്നാൽ എത്രയും ദയാലുവായ ഈശോ ജനങ്ങളോടു പ്രസംഗിക്കയും പലതരം രോഗങ്ങളെ സുഖപ്പെടുത്തുകയും ചെയ്യുവരികയിൽ ഒരിക്കൽ ഇങ്ങനെ അരുളിച്ചെയ്തു: അവരെ പട്ടിണിക്കാരായി അവരുടെ വീടുകളിലേയ്ക്കു വിടാൻ എനിക്കു മനസ്സുവരുന്നില്ല; അവർ വഴിയിൽ തളർന്നു പോയേക്കും.

വിശ്വാസികളുടെ ആശ്വാസത്തിനായി ഈ വിശുദ്ധ കുർബാനയിൽ എഴുന്നള്ളിയിരിക്കാൻ തിരുമനസ്സായ നീ എന്നോടു ഇപ്പോൾ ഈ വിധം പ്രവർത്തിക്കുക.

നീ എന്നെറ ആത്മാവിന്നെറ മധുരഭോജനമാകുന്നു; നിന്നെ യോഗ്യതയോടെ ഭക്ഷിക്കുന്നവൻ നിത്യമഹിമയിൽ പങ്കാളിയും അവകാശിയുമാകും.

ഇത്ര കുടക്കുടെ വീഴുകയും, പിഴയ്ക്കുയും ഇത്രവേഗം മന്ദിച്ചു തളർന്നുപോകയും ചെയ്യുന്ന എനിക്കു വീണ്ടും വീണ്ടുമുള്ള പ്രാ

രത്നകളാലും, കുന്തുരുക്കത്താലും നിന്റെ തിരുശരീരസ്പർശനത്താലും എന്നെ പുതുക്കി ശുദ്ധീകരിച്ചു ഉജ്ജ്വലിപ്പിക്കാനാവശ്യമാകുന്നു. അല്ലെങ്കിൽ ദീക്ഷനാൾ നിന്നെ ഉൾക്കൊള്ളാതിരുന്നു ഞാൻ ഒരുപക്ഷേ എന്റെ വിശുദ്ധ പ്രതിജ്ഞയിൽ നിന്നും വിട്ടു മാറിപ്പോയേക്കാം.

3. മനുഷ്യന്റെ വിചാരങ്ങൾ അവന്റെ ബാല്യം മുതൽ തിന്മയിലേയ്ക്കു ചാഞ്ഞിരിക്കുന്നതുകൊണ്ടു ദിവ്യൗഷധം അവനെ സംരക്ഷിക്കുന്നില്ലെങ്കിൽ അവൻ വേഗം അധികം വഷളായതിൽ വീഴും.

വി. കുർബാനയുടെ സ്വീകരണം അവനെ തിന്മയിൽ നിന്നു മാറി നന്മയിൽ ഉറപ്പിക്കുന്നു.

-ഞാൻ കുർബാന കൈക്കൊള്ളുകയോ, കുർബാന ചൊല്ലുകയോ ചെയ്യിട്ടും ഇപ്പോൾ ഇത്ര അധികം അശ്രദ്ധനും മന്ദഭക്തനും ആയിരിക്കെ ഞാൻ ഈ ഔഷധം കഴിക്കാതെയും ഇത്ര മഹത്തായ സഹായം അന്വേഷിക്കാതെയും ഇരുന്നെങ്കിൽ എനിക്കു എത്ര സംഭവിക്കുമായിരുന്നു?

ദിവസംതോറും കുർബാന ചൊല്ലുവാൻ ഞാൻ യോഗ്യനാകത്തക്ക ഒരുക്കം ഉണ്ടാകുവാനോ അല്ലെങ്കിൽ തക്ക അവസരങ്ങളിൽ

ഈ ദിവ്യരഹസ്യങ്ങൾ ഉൾക്കൊണ്ടു ഇത്ര വലുതായ ദിവ്യരഹസ്യത്തിനു പങ്കാളിയാകുവാനോ ഞാൻ പരിശ്രമിക്കും.

എന്തുകൊണ്ടെന്നാൽ വിശ്വാസ്തയുള്ള ആത്മാവു നിന്നിൽ നിന്നകന്നു മരണാധീനമായ ഈ ശരീരത്തിൽ വിദേശവാസം കഴിക്കുന്നിടത്തോളം കാലം അതിന്റെ മുഖ്യമായ ആശ്വാസം ദൈവത്തെ ക്കൂടക്കൂടെ ഓർമ്മിച്ചു ആ പ്രിയനെ ഭക്തിപൂർവ്വം ഉൾക്കൊള്ളുന്നതാകുന്നു.

4. ഓ, ഞങ്ങളുടെനേരെയുള്ള നിന്റെ ആർദ്രതയുടെ അത്ഭുതകരമായ കടാക്ഷം! എല്ലാ ആത്മാക്കളെയും സൃഷ്ടിക്കയും അവയ്ക്കു ജീവൻ കൊടുക്കയും ചെയ്യുന്ന മൈവമായ നാഥാ, നീ ഏറ്റം സാധുവായ ആത്മാവിലേയ്ക്കു എഴുന്നള്ളിവന്നു് നിന്റെ പൂർണ്ണമായ ദൈവത്വത്താലും മനുഷ്യത്വത്താലും അതിന്റെ വിശപ്പു ശമിപ്പിക്കാൻ തിരുമനസ്സായല്ലോ!

ദൈവവും നാഥനുമായ നിന്നെ ഭക്തിപൂർവ്വം ഉൾക്കൊള്ളുന്നതിനും ഇപ്രകാരം ആത്മീയ സന്തോഷത്താൽ നിറയുന്നതിനും യോഗ്യമായ മനസ്സു എത്ര ഭാഗ്യമുള്ളതു്, ആ ആത്മാവു എത്ര സൗഭാഗ്യമുള്ളതു്.

ഓ! അത് എത്ര വലിയ നാഥനെയാണ് സല്ക്കരിക്കുന്നത്. എത്ര വാത്സല്യമുള്ള അതിഥിയെയാണ് സ്വീകരിക്കുന്നത്, എത്ര ആനന്ദപ്രദനായ സഖിയെയും എത്ര വിശ്വസ്തനായ സ്നേഹിതനെയുമാണ് കൈക്കൊള്ളുന്നത്. എത്ര സൗന്ദര്യവാനും, മഹാനും, തനിക്കു പ്രിയമുള്ള സകലത്തേക്കാളും; ആഗ്രഹിക്കാവുന്ന സകലത്തേക്കാളും സ്നേഹിക്കാൻ യോഗ്യനുമായ മണവാളനെയുമാണ് ആശ്ലേഷിക്കുന്നത്.

ഏത്രയും മാധുര്യം നിറഞ്ഞ എന്റെ പ്രിയമുള്ളവനേ, നിന്റെ തിരുസന്നിധിയിൽ ആകാശവും ഭൂമിയും അവയുടെ അലങ്കാരവുമെല്ലാം മൗനമായിരിക്കട്ടെ; എന്തുകൊണ്ടെന്നാൽ അവയ്ക്കുള്ള സ്തുതിയും സൗന്ദര്യവുമെല്ലാം നിന്റെ ഔദാര്യപൂർവ്വമായ മാനമാണ്. അവയെ അനന്തജ്ഞാനിയായ നിന്റെ തിരുനാമത്തിന്റെ സൗന്ദര്യത്തോടു ഒട്ടും ഉപമിക്കാവതുമല്ല.

4-ാം അധ്യായം

വി. കുർബാന ഉൾക്കൊള്ളുന്നവർ പ്രാപിക്കുന്ന നന്മകൾ.

ശിഷ്യൻ. ദൈവമായ തിരുനാഥാ, നിന്റെ മഹത്വമുള്ള ക്ഷമാശയുടെ പക്കൽ

ഭക്തിയോടെ അണയുവാൻ ഞാൻ യോഗ്യനാകുന്നതിനായി നിന്റെ മാധുര്യമാകുന്ന ആശീർവ്വാദങ്ങൾകൊണ്ടു ഈ ദാസനെ സഹായിക്കണമേ.

എന്റെ ഹൃദയത്തെ നിന്നിലേയ്ക്കുയർത്തി കഠിനമായ ഈ മന്ദതയിൽനിന്നു എന്നെ മോചിക്കണമേ.

ഈ ദിവ്യക്രൂശാശ്രയിൽ ഒരു ഉറവയിൽ എന്നപോലെ ധാരാളമായി മറഞ്ഞിരിക്കുന്ന നിന്റെ മാധുര്യത്തെ ഞാൻ ആത്മീയമായി ആസ്വദിക്കുന്നതിനുവേണ്ടി നിന്റെ രക്ഷാകര അനുഗ്രഹം എന്നിൽ ചൊരിയണമേ.

ഈ മഹാരഹസ്യത്തെ കാണുന്നതിനു എന്റെ കണ്ണുകളെ പ്രകാശിപ്പിക്ക. അതിൽ സംശയിക്കാതെ വിശ്വസിക്കാൻ എനിക്കു ശക്തി തന്നരുളുക.

എന്തെന്നാൽ ഇതു നിന്റെ പ്രവൃത്തിയാകുന്നു. മനുഷ്യശക്തിയല്ല; നിന്റെ പരിശുദ്ധ സ്ഥാപനമാണു, മനുഷ്യൻ കണ്ടുപിടിച്ചതല്ല.

എന്തുകൊണ്ടെന്നാൽ മാലാകാമാരുടെ ക്രമ്മയുള്ള ബുദ്ധിക്കുപോലും ഗ്രഹിക്കാൻ പ്രയാസമായ ഇവയെ തന്നെത്താൻ ഗ്രഹി

ക്കാൻ പ്രാപ്തനായി യാതൊരു മനുഷ്യനും ഉണ്ടാകയില്ല.

ആ സ്ഥിതിക്കു അയോഗ്യപാപിയും പൊടിയും ചാമ്പലുമായ എനിക്കു ഇത്ര ഉന്നതമായ ദിവ്യരഹസ്യത്തെ ആരാഞ്ഞറിവാൻ എങ്ങനെ സാധിക്കും?

2. തിരുനാഥാ, നിന്റെ കല്പനയിൽ പരമാർത്ഥഹൃദയത്തോടും എന്റെ നല്ല ഉറപ്പുള്ള വിശ്വാസത്തോടും, ശരണത്തോടും വണക്കത്തോടുംകൂടെ നിന്റെ പക്കൽ ഞാൻ വരുന്നു. മനുഷ്യനും ദൈവവുമായ നീ ഇവിടെ ഈ വിശുദ്ധ കൂദാശയിൽ എഴുന്നള്ളിയിരിക്കുന്നു എന്നു ഞാൻ സത്യമായി വിശ്വസിക്കുന്നു.

ഞാൻ നിന്നെ ഉൾക്കൊള്ളണമെന്നും സ്നേഹത്താൽ നിന്നോടു എന്നെത്തന്നേ ഒന്നിപ്പിക്കണമെന്നും നീ തിരുമനസ്സായിരിക്കുന്നു.

ആകയാൽ ഞാൻ മുഴുവനും നിന്നിൽ ലയിക്കുന്നതിനും, നിന്റെ സ്നേഹത്തിൽ മുഴുകുന്നതിനും; അന്യമായ യാതൊരാശ്വാസവും എന്നിൽ പ്രവേശിക്കാതിരിക്കുന്നതിനും, പ്രത്യേകം അനുഗ്രഹം തരണമെന്നു നിന്റെ കരുണയെ ഞാൻ യാചിക്കുന്നു.

എന്തുകൊണ്ടെന്നാൽ - അത്യന്നതവും

അതിവിശിഷ്ടവുമായ ഈ ക്രമാശ ആത്മാവിന്റെയും ശരീരത്തിന്റെയും രക്ഷയും എല്ലാ ആത്മീയരോഗങ്ങൾക്കും ഔഷധവുമാകുന്നു. ഇതിനാൽ എന്റെ ദുർഗ്രഹണങ്ങളെ പരിഹരിക്കയും, ദുരാശകളെ നിയന്ത്രിക്കയും പ്രലോഭനങ്ങളെ ജയിക്കയോ ദുർബലമാക്കുകയോ ചെയ്യുകയും, വലുതായ വരപ്രസാദം എന്നിൽ ചൊരിക്കയും, ആരംഭിച്ച പുണ്യം വർദ്ധിക്കയും വിശ്വാസം ഉറപ്പുള്ളതും ശരണം ശക്തിപ്പെടുകയും സ്നേഹം കത്തിജ്ജ്വലിക്കയും ചെയ്യുന്നു.

3. എന്റെ ദൈവമേ, എന്റെ ആത്മാവിന്റെ ആശ്രയമേ, മനുഷ്യരുടെ ബലഹീനതയെ പരിഹരിക്കുന്നവനേ, ആന്തരികമായ സമ്പാശ്വാസങ്ങളും നൽകുന്നവനേ, ഭക്തിപൂർവ്വം കുമ്പാനം ഉൾക്കൊള്ളുന്ന നിന്റെ സ്നേഹിതന്മാർക്കു ഈ ക്രമാശയിൽ വളരെ നന്മകളെ നീ നൽകിയിരിക്കുന്നു; ഇപ്പോഴും ക്രമേണ നൽകുകയും ചെയ്യുന്നു.

അവരുടെ പലതരത്തിലുള്ള കഷ്ടതകളിൽ അവർക്കു ധാരാളമായ ആശ്വാസം കൊടുക്കുകയും അവരുടെ നിരാശയുടെ ആഴത്തിൽ നിന്നു നിന്റെ സംരക്ഷണത്തിലുള്ള പ്രത്യാശയിലേയ്ക്കു അവരെ ഉയർത്തുകയും പുതിയ ഒരു വരംകൊണ്ടു അവരെ ആന്തരി

കമായി ആശ്വസിപ്പിച്ചു പ്രകാശിപ്പിക്കയും ചെയ്യുന്നു. അതിനാൽ കർഖാന ഉൾക്കൊ ള്ളുന്നതിനു മുമ്പു ആകുലതയുള്ളവരും സ്നേ ഹമില്ലാത്തവരുമായിരുന്നവർ ഈ സ്വർഗ്ഗീ യഭക്ഷണവും പാനീയവും അനുഭവിച്ചു കഴിഞ്ഞശേഷം ഏറവും നല്ലവരായി മാ റിയെന്നു കാണുന്നു.

നീ തെരിഞ്ഞെടുത്തിരിക്കുന്നവരോടു ഇപ്രകാരം കാരുണ്യപൂർവ്വം വർത്തിക്കുന്നതു അ വർക്കു സ്വതേ എത്ര ബലഹീനതയുണ്ടെന്നും നിന്നിൽനിന്നു അവർ പ്രാപിക്കുന്ന നന്മയും അനുഗ്രഹവും എത്ര അധികമെന്നും അവർ യഥാർത്ഥമായി സമ്മതിക്കയും അനുഭവം കൊണ്ടു അറിയുകയും ചെയ്യുന്നതിനുവേണ്ടി യത്രേ.

എന്തുകൊണ്ടെന്നാൽ അവർ സ്വതേ തണുത്തവരും, കഠിനഹൃദയന്മാരും, ഭക്തി യില്ലാത്തവരും ആകുന്നു; എന്നാൽ നീ നി മിത്തം ശുഷ്കാന്തിയും ഉത്സാഹവും ഭക്തിയു മുള്ളവരാകാൻ യോഗ്യരായി.

മാധുര്യം നിറഞ്ഞ അരുവിയുടെ അടു ത്തു എളിമയോടെ ചെന്നിട്ടു അല്പമെങ്കി ലും മാധുര്യം ആരെങ്കിലും കൊണ്ടുപോകാ തിരിക്കുമോ?

അഥവാ വലുതായ അഗ്നിയുടെ അടു

ത്തു നിന്നിട്ടു അവിടെനിന്നു അല്പമെങ്കിലും ചൂടു കൊള്ളാത്തവനാര്?

നീ സദാ നിറഞ്ഞു കവിഞ്ഞൊഴുകുന്ന ഉറവയാണ്. എപ്പോഴും എരിയുകയും ഒരിക്കലും ക്ഷയിക്കാതിരിക്കയും ചെയ്യുന്ന അഗ്നിയുമാകുന്നു.

4. അതുകയാൽ നിറഞ്ഞ ഉറവയിൽ നിന്നു കോരുവാനോ തൂവിയാവോളം കുടിക്കാനോ എനിക്കു നിവൃത്തിയില്ലെങ്കിൽ ഞാൻ മുഴുവനും വരണ്ടുപോകാതെ എന്റെ ദാഹം ശമിപ്പിക്കുന്നതിന് സ്വർഗ്ഗീയ ഉറവയിൽനിന്നും ഏതാനും തുള്ളികളെങ്കിലും കുടിക്കുവാൻ എന്റെ വായെ അതിന്റെ ദ്വാരത്തിൽ വെയ്ക്കും..

അതുപോലെതന്നേ ഞാൻ ഇനിയും ക്രോവേന്മാരെയും സ്രാപ്പേന്മാരെയുംപോലെ മുഴുവനും സ്വർഗ്ഗത്തിനു യോഗ്യനും അത്രയധികം പ്രോജ്ജ്വലിക്കുന്നവനും ആകാൻ പ്രാപ്തനല്ലെങ്കിലും ഈ ജീവൻ തരുന്ന ക്രമാശയെ എളിമയോടെ ഉൾക്കൊള്ളുകമൂലം ദൈവികാഗ്നിയുടെ കുറേ ജ്വാലയെങ്കിലും എനിക്കു കിട്ടുവാൻ ഭക്തിയിൽ സ്ഥിരമായിനിന്നു എന്റെ ഹൃദയത്തെ ഒരുക്കുന്നതിനു ഞാൻ ശ്രമിക്കും.

നല്ല ഈശോ, ഏറ്റവും പരിശുദ്ധ

നായ രക്ഷകാ, എനിക്കു പോരാതെയുള്ളതു നീ കൃപയോടെ പൂർത്തിയാക്കണമേ! അദ്ധ്വാനിക്കുന്നവരും ഭാരമുള്ള ചുമട്ടു എടുക്കുന്നവരുമായ നിങ്ങൾ എന്റെ അടുക്കൽ വരുവിൻ. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം എന്നു അരുളിച്ചെയ്തുകൊണ്ടു നീ എല്ലാവരെയും വിളിക്കാൻ കൃപയായിരിക്കുന്നു.

5. ഞാൻ എന്റെ നെറ്റിയിലെ വിയർപ്പിൽ അദ്ധ്വാനിക്കയും എന്റെ മുഴുവ്യാകുലതയുടെ പീഡ സഹിക്കയും ചെയ്യുന്നു. പാപങ്ങൾ എന്നെ ഭാരപ്പെടുത്തുന്നു. പ്രലോഭനങ്ങളാൽ ഞാൻ ക്ലേശിക്കുന്നു, അനവധി ദുർമ്മോഹങ്ങളിൽ കുടുങ്ങി ഞെരുങ്ങുകയും ചെയ്യുന്നു. എന്നെ സഹായിപ്പാനാരുമില്ല, എന്നെ മോചിക്കാനും രക്ഷിക്കാനും എന്റെ രക്ഷിതാവായ തിരുനാഥാ, നീ അല്ലാതെ ആരുമില്ല. നിനക്കു എന്നെയും എന്റെ സമസ്തവും ഞാൻ ഭരമേല്പിക്കുന്നു. നീ എന്നെ കാത്തു നിത്യജീവിതത്തിലേയ്ക്കു നയിക്കണമേ.

എനിക്കു ഭക്ഷണവും പാനീയവുമായി നിന്റെ തിരുശരീരവും തിരുരക്തവും തയാറാക്കിയ നിന്റെ തിരുനാമത്തിന്റെ സ്തുതിക്കായി എന്നെ സ്വീകരിക്ക.

ദൈവമായ തിരുനാഥാ, എന്റെ രക്ഷ

കാ, നിന്റെ ക്രൂശിനെ ക്രൂടക്കുടെ ഉൾ
ക്കൊള്ളുന്നതിനൊപ്പം എന്റെ ഭക്തിശ്ര
ദ്ധാന്തി വർദ്ധിക്കുമാറാകട്ടെ.

5-ാം അധ്യായം

കുർബാനയുടെ മഹത്വവും പൌരോഹിത്യവും

മിശിഹാ. നിനക്കു മാലാകാമാർക്കു തുല്യ
മായ വിശുദ്ധിയും വിശുദ്ധ സ്നാപകൻ യോ
ഹന്നാന്റെ പുണ്യവും ഉണ്ടായിരുന്നാലും
ഈ ക്രൂശിനെ ഉൾക്കൊള്ളുന്നോ തൊടു
ന്നോ നിനക്കു യോഗ്യതയുണ്ടാകയില്ലായി
രുന്നു.

എന്തെന്നാൽ ഒരു മനുഷ്യൻ മിശി
ഹായുടെ ഈ ക്രൂശിനെ അപ്പിക്കുകയും സ്വ
കരങ്ങൾകൊണ്ടു തൊടുകയും മാലാകാമാരു
ടെ അപ്പം ഭക്ഷിക്കയും ചെയ്യുന്നതു സ്വ
ന്തം യോഗ്യതമൂലമല്ല.

ഓ! മഹാരഹസ്യം! പൌരോഹിത്യ
സ്ഥാനം എത്ര ഉന്നതമായത്! മാലാകാമാർക്കു
കൊടുക്കാത്തതു പുരോഹിതന്മാർക്കു കൊടു
ത്തിരിക്കുന്നു. എങ്ങനെയെന്നാൽ തിരുസഭ
യിൽ ക്രമപ്രകാരം പട്ടം സ്വീകരിച്ച പു
രോഹിതന്മാർക്കു മാത്രമേ കുർബാന ചൊല്ലു

ന്നതിനും മിശിഹായുടെ തിരുശരീരം ക്രമാശ ചെയ്യുന്നതിനും അധികാരമുള്ളൂ.

പുരോഹിതൻ ദൈവത്തിന്റെ ശുശ്രൂഷകനാകുന്നു; അയാൾ ദൈവത്തിന്റെ കല്പനയാലും സ്ഥാപനത്താലും ദൈവവചനം പ്രയോഗിക്കുന്നു. എന്നാൽ അവിടെ ദൈവമാണു പ്രധാന പ്രവർത്തകനും അദൃശ്യകാമ്മികനും; തന്റെ ഇഷ്ടത്തിനു സമസ്തവും കീഴ്പ്പെട്ടിരിക്കയും തന്റെ കല്പന എല്ലാവരും അനുസരിക്കയും ചെയ്യുന്നു.

2. ആകയാൽ എത്രയും വിശിഷ്ടമായ ഈ ക്രമാശയിൽ നിന്റെ സ്വന്തം ഇന്ദ്രിയങ്ങളെയും ഏതൊരു ദൃശ്യമായ അടയാളത്തെയുംകാൾ സർവ്വശക്തനായ ദൈവത്തെ നീ വിശ്വസിക്കണം. ഭയത്തോടും ബഹുമാനത്തോടുംകൂടെ ഈ കർമ്മത്തെ സമീപിക്കണം.

നീ നിന്റെ സ്ഥിതിയെപ്പറ്റി ശ്രദ്ധിക്ക. മെത്രാന്റെ കൈവയ്പു വഴിയായി ആരുടെ സേവനം ആണു നിന്നെ ഏൽപ്പിച്ചിരിക്കുന്നത് എന്നു നോക്കുക.

കണ്ടാലും നീ പൌരോഹിത്യം സ്വീകരിച്ചിരിക്കുന്നു; പൂജ അർപ്പിക്കുന്നതിനുള്ള അഭിഷേകം സ്വീകരിക്കയും ചെയ്തിരിക്കുന്നു. എന്നാൽ വിശ്വസ്തതയോടും ഭക്തിപൂ

വ്വും തക്ക സമയത്തു ദൈവത്തിനു ബലി അർപ്പിക്കയും ആക്ഷേപമില്ലാത്തവനായി വ്യാപരിക്കയും ചെയ്വാൻ ശ്രദ്ധിക്കുക.

നീ നിന്റെ ഭാരം ലഘുവാക്കുകയല്ല, പിന്നെയോ ഏറ്റവും നിഷ്കൃഷ്ടമായ ജീവിതത്തിനു നിർബദ്ധനാകയും കൂടുതലായ പുണ്യപൂർണ്ണത പ്രാപിക്കാനുള്ള ചുമതല സ്വീകരിക്കയുമാണു ചെയ്യുത്.

പുരോഹിതൻ എല്ലാപ്പുണ്യങ്ങളാലും അലംകൃതനായിരിക്കയും ശേഷംപേക്ക് നല്ല ജീവിതത്തിന്റെ ദൃഷ്ടാന്തം നൽകയും വേണം.

അയാളുടെ സംസർഗ്ഗം സാധാരണക്കാരോടും നടപടി സാമാന്യ മനുഷ്യരുടെതും ആകാതെ സ്വർഗ്ഗത്തിലേ മാലാകാമാരോടും ഭൂമിയിൽ പരിപൂർണ്ണരായ മനുഷ്യരോടും അയാൾ സദാ സഹവസിക്കണം.

3. ദൈവത്തോടു തനിക്കുവേണ്ടിയും ജനം മുഴുവനുവേണ്ടിയും വിനയത്തോടും വണക്കത്തോടുംകൂടെ പ്രാർത്ഥിക്കുന്നതിന് തിരുവസ്ത്രങ്ങൾ ധരിച്ചിരിക്കുന്ന പുരോഹിതൻ മിശിഹായുടെ പ്രതിനിധിയാണ്.

അയാൾക്കു സദാ മിശിഹായുടെ പീഡാനുഭവത്തെ സ്മരിക്കുവാൻ തന്റെ മുൻ

പിലും പുറകിലും തിരുനാഥന്റെ കുരിശിന്റെ അടയാളമുണ്ട്.

അയാൾ കുപ്പായത്തിന്റെ മുൻവശത്തു കുരിശു വഹിക്കുന്നതു മിശിഹായുടെ കാലടികൾ ശ്രദ്ധാപൂർവ്വം സൂക്ഷിച്ചുകണ്ട് ശുശ്രൂഷാന്തിയോടെ അനുഗമിക്കാൻ ശ്രമിക്കുന്നതിനു വേണ്ടിയാണ്.

പുറകിൽ കുരിശടയാളം ഉള്ളതു മറ്റുള്ളവരിൽനിന്നുണ്ടാകുന്ന ഉപദ്രവങ്ങളേതും ശാന്തതയോടെ ദൈവത്തെപ്രതി സഹിക്കുന്നതിനാണ്.

തന്റെ മുൻപിൽ കുരിശു വഹിക്കുന്നതു സ്വന്തം പാപങ്ങളെപ്പറ്റി കരയാനും അയാളുടെ പുറകിലുള്ളതു മറ്റുള്ളവരുടെ പാപങ്ങളെപ്പറ്റി സഹതാപത്താൽ കരയാനും ദൈവത്തിന്റെയും പാപികളുടെയും ഇടയിൽ മധ്യസ്ഥനാണെന്നു മനസ്സിലാക്കാനും വേണ്ടിയത്രേ.

വരപ്രസാദവും അനുഗ്രഹവും കിട്ടുന്നതുവരെ പ്രാർത്ഥനയിലും കർബാനയിലും നിന്നു മടുത്തു മാറുകയുമരുതു്.

പുരോഹിതൻ പൂജ സമർപ്പിക്കുമ്പോൾ ദൈവത്തെ മഹത്വപ്പെടുത്തുന്നു, മാലാകാമാരെ സന്തോഷിപ്പിക്കുന്നു, തിരുസഭയെ ബലിഷ്ഠമാക്കുന്നു, ജീവിക്കുന്നവരെ സഹാ

യിക്കുന്നു, മരിച്ചവർക്കു ആശ്വാസം നൽകുന്നു, തന്നെത്തന്നേ സകല നന്മകളുടെയും ഓഹരിക്കാരനാക്കിത്തീർക്കുന്നു.

6-ാം അധ്യായം

കുർബ്ബാന ഉൾക്കൊള്ളുന്നതിനു മുൻപു ചെയ്യേണ്ട ആത്മപരിശോധന

ശിഷ്യൻ. തിരുനാഥാ, നിന്റെ മഹിമയെയും എന്റെ ഹീനതയെയും പറ്റി ചിന്തിക്കുമ്പോൾ ഞാൻ വളരെ പരിഭ്രമിക്കയും വിറയ്ക്കയും ചെയ്യുന്നു.

എന്തെന്നാൽ ഞാൻ അടുത്തുവരാതിരുന്നാൽ ആയുസ്സിൽനിന്നു ഓടി മാറുകയാണ്. എന്നാൽ ഞാൻ അയോഗ്യനായി അടുത്തുവന്നാൽ നിന്റെ അപ്രീതി സമ്പാദിക്കും.

ആകയാൽ എന്റെ ദൈവമേ, എന്റെ ആശ്രയമേ, എന്റെ ആവശ്യങ്ങളിലെ ആലോചനക്കാരാ, ഞാൻ എന്തു ചെയ്യേണ്ടു?

നീ ചൊവ്വായ വഴി എന്നെ പഠിപ്പിക്ക, കുർബ്ബാന ഉൾക്കൊള്ളുന്നതിനുപയുക്തമായ ഏതെങ്കിലും ചുരുങ്ങിയ അനുഷ്ഠാനരീതി കാണിച്ചുതരണമേ.

എന്തുകൊണ്ടെന്നാൽ നിന്നെ സ്വീകരിക്കാനോ നിന്റെ ക്രമാശയെ പ്രയോജനകരമായ വിധത്തിൽ ഉൾക്കൊള്ളാനോ അഥവാ ഇത്ര മഹത്തരവും ദൈവികവുമായ പൂജയെ സമർപ്പിക്കാനോ എന്റെ ഹൃദയത്തെ ഭക്തിവണക്കങ്ങളോടുകൂടെ തയാറാക്കേണ്ടതു എങ്ങനെയാണെന്നറിയുന്നതു പ്രയോജനകരമാകുന്നു.

7-ാം അധ്യായം

ആത്മശോധനയും ജീവിത നവീകരണവും

മിശിഹാ. ദൈവത്തിന്റെ ആചാര്യൻ എല്ലാറിലും മുൻപായി ഹൃദയത്തിൽ ഏറ്റവും വലിയ എളിമയോടും വിനയത്തോടും വണക്കത്തോടും പൂർണ്ണമായ വിശ്വാസത്തോടും ദൈവസ്തുതിക്കായിട്ട് എന്നുള്ള നല്ല ഉദ്ദേശത്തോടുംകൂടെ വേണം ഈ ക്രമാശ സമർപ്പിക്കാനും കൈക്കൊള്ളും ചെയ്യാനും ഉൾക്കൊള്ളാനും ആണയുന്നത്.

നിന്റെ മനസ്സാക്ഷിയെ ഉത്സാഹപൂർവ്വം ശോധനചെയ്തു നിനക്കു കഴിവുള്ളിടത്തോളം ശരിയായ മനസ്താപത്താലും വിനീതമായ കുമ്പസാരത്താലും അതിനെ

ശുദ്ധീകരിച്ചു വെടിപ്പാക്കുക. നിന്റെ മനസ്സാക്ഷിയെ ശല്യപ്പെടുത്തുകയോ സ്വതന്ത്രമായി അണയുന്നതിനു തടസ്സം വരുത്തുകയോ ചെയ്യുന്നതായി ഗൗരവമുള്ള യാതൊന്നും ഉണ്ടായിരിക്കയോ അഥവാ നീ അറിയുകയോ ചെയ്യരുത്.

എല്ലാപ്പാപങ്ങളെക്കുറിച്ചും പൊതുവായി വെറുപ്പുണ്ടായിരിക്കണം; ദിനംപ്രതിയുള്ള കുറവുകളെക്കുറിച്ചു പ്രത്യേകമായി ധാരാളം ദുഃഖിച്ചു കരയുകയും വേണം.

കൂടാതെ സമയം ഉണ്ടെങ്കിൽ നിന്റെ ദുരാശകളാൽ നേരിടുന്ന കഷ്ടതകളെല്ലാം ദൈവത്തോടു രഹസ്യമായി ഏറ്റു പറയുക.

2. നീ ഇന്നും ഇത്ര ജഡപ്രിയനും ലോകസ്നേഹിയും, ദുരാശകളെ നിഗ്രഹിക്കാൻ കഴിയാത്തവനും,

ദുരാശകളുടെ ഇളക്കങ്ങൾ ധാരാളം അനുഭവിക്കുന്നവനും, ബാഹ്യേന്ദ്രിയങ്ങളിൽ ഇത്ര അടക്കമില്ലാത്തവനും, പലപ്പോഴും വ്യർത്ഥങ്ങളായ പല സങ്കല്പങ്ങളിൽ കുടുങ്ങിയിരിക്കുന്നവനും,

ഇത്ര അധികം ബാഹ്യകാര്യങ്ങളിലേയ്ക്കു ചാഞ്ഞ് ആന്തരികമായവയിൽ ഉദാസീനനും,

ചിരിയിലും ഉല്ലാസത്തിലും എളുപ്പം ലാഘവമനസ്സോടെ ഉൾപ്പെടുന്നവനും, കരഞ്ഞു മനസ്സാപപ്പെടാത്ത കഠിനഹൃദയനും,

വിനോദങ്ങളിലും ജഡസന്തോഷങ്ങളിലും ഇത്ര ഉത്സാഹിയും, എന്നാൽ കുടുപ്പമായതിലും, ശുശ്രൂഷയിലും ഇത്രമടിയനും,

പുതിയ കാര്യങ്ങൾ കേൾക്കാനും സൗന്ദര്യമുള്ളവ കാണാനും ഇത്ര താല്പര്യമുള്ളവനും, വിനീതവും ഹീനവുമായവ സ്വീകരിക്കാൻ ഇത്ര അമാന്തിക്കുന്നവനും,

വളരെ ഉണ്ടാകുന്നതിനു ഇത്ര അതിമോഹിയും, കൊടുക്കാൻ ലുബ്ധനും, ഉള്ളതു വിടാതിരിക്കാൻ ഇത്ര ശാഠ്യക്കാരനും,

സംസാരത്തിൽ ഇത്ര സൂക്ഷമില്ലാത്തവനും, മൌനമായിരിക്കാൻ ഇത്ര അശക്തനും,

നടപടികളിൽ ഇത്ര ക്രമമില്ലാത്തവനും, പ്രവൃത്തികളിൽ ഇത്ര തിടുക്കക്കാരനും,

ഭക്ഷിക്കുന്നതിൽ ഇത്ര കൊതിയനും, ദൈവവചനം കേൾക്കാൻ ഇത്ര ചെകിടനും,

ആശ്വസിക്കാൻ ഇത്ര ധൃതിപ്പെടുന്നവനും, വേലയെടുക്കാൻ ഇത്ര അലസനും,

കെട്ടുകഥകൾ കേൾക്കാൻ ഇത്ര ഉണ

ന്നിരിക്കുന്നവനും, വിശുദ്ധ ജാഗരണങ്ങളിൽ ഇത്ര നിദ്രാമയക്കമുള്ളവനും,

അവസാനിപ്പിക്കാൻ ഇത്ര ധൃതിയുള്ളവനും, ശ്രദ്ധിക്കാതെ ബോധം പതറുന്നവനും,

നിശ്ചിത പ്രാർത്ഥനകളിൽ ഇത്ര ഉദാസീനനും, ദിവ്യപൂജ അർപ്പിക്കുന്നതിൽ ഇത്രമന്ദനും, കുർബാന ഉൾക്കൊള്ളുന്നതിൽ ഇത്രവിരസനും,

ഇത്രവേഗം പലവിചാരത്തിൽ ഉൾപ്പെടുന്നവനും, ഇത്ര ചുരുക്കംമാത്രം ബോധശാന്തതയുള്ളവനും,

ഇത്ര പെട്ടെന്നു കോപിക്കുന്നവനും, ഇത്ര എളുപ്പം അന്യരെ മുഷിപ്പിക്കുന്നവനും,

വിധിക്കാൻ ഇത്ര ചാഞ്ചിലുള്ളവനും, ശാസിക്കുന്നതിൽ ഇത്ര കടുപ്പക്കാരനും,

ക്ഷേമത്തിൽ ഇത്ര സന്തോഷിക്കുന്നവനും, അനർത്ഥങ്ങളിൽ ഇത്ര ബലഹീനനും,

ഇത്ര ക്കൂടക്കൂടെ നന്മചെയ്യാമെന്നു പ്രതിജ്ഞ ചെയ്യുന്നവനും, എന്നാൽ ഇത്ര വളരെ കുറച്ചുമാത്രം നിവൃഹിക്കുന്നവനും,

ആകുന്നല്ലോ എന്നു വിചാരിച്ചു നെടുവീർപ്പിട്ടു ദുഃഖിക്കുക.

3. ഇവയും ഇതുപോലുള്ള നിന്റെ

കുറങ്ങളും ദുഃഖത്തോടും നിന്നെറ ബലഹീനതയെപ്പറ്റിയുള്ള വെറുപ്പോടുംകൂടെ ഏറ്റു പറഞ്ഞ് അവയെക്കുറിച്ചു വിലപിച്ചതിന്നെറശേഷം എപ്പോഴും നിന്നെറ ജീവിതം നന്നാക്കാമെന്നും പുണ്യത്തിൽ വർദ്ധിക്കാമെന്നും ഉറപ്പുള്ള പ്രതിജ്ഞ ചെയ്യുക.

അതിന്നെറശേഷം പൂർണ്ണമായ കീഴടക്കത്തോടും മുഴുമനസ്സോടുംകൂടെ നിന്നെത്തന്നേ എന്നെറ നാമത്തിന്നെറ സ്തുതിക്കായി നിന്നെറ ഹൃദയം എന്ന പീഠത്തിന്മേൽ നിത്യഹോമബലിയായി സമർപ്പിക്ക. അതായതു നിന്നെറ ശരീരവും ആത്മാവും വിശ്വാസപൂർവ്വം എന്നെ കയ്യേൽപ്പിക്ക.

ഇപ്രകാരം യോഗ്യമാംവണ്ണം ദൈവത്തിന്ന പൂജ സമർപ്പിക്കാനും എന്നെറ ശരീരത്തിന്നെറ ക്ഷമാശയെ ഉപകാരപ്രദമായ വിധത്തിൽ ഉൾക്കൊള്ളുവാനും നീ പ്രാപ്തനാകും.

4. എന്തെന്നാൽ കുർബ്ബാന ചൊല്ലുകയും വി. കുർബ്ബാന ഉൾക്കൊള്ളുകയും ചെയ്യുമ്പോൾ മിശിഹായുടെ തിരുശരീരം സമർപ്പിക്കുന്നതിനോടുകൂടെ തന്നെത്തന്നേ പരിശുദ്ധമായും പരിപൂർണ്ണമായും ദൈവത്തിന്ന സമർപ്പിക്കുന്നതിനേക്കാൾ പാപക്കറകൾ നീ

ക്കുവാൻ കൂടുതൽ യോഗ്യമായ സമർപ്പണമോ വലുതായ പരിഹാരമോ ഇല്ല.

മനുഷ്യൻ തനിക്കു കഴിവുള്ളതു പ്രവർത്തിച്ചു് പരമാർത്ഥമായി മനസ്താപപ്പെട്ടു്, മാപ്പും അനുഗ്രഹവും ലഭിപ്പാൻ തന്റെ അടുക്കൽ ചെല്ലുമ്പോഴൊക്കെയും തിരുനാഥൻ ഇങ്ങനെ അരുളിച്ചെയ്യുന്നു: ഞാൻ ജീവിക്കുന്നു; പാപിയുടെ മരണത്തിൽ എനിക്കിഷ്ടമില്ല, പാപി മാനസാന്തരപ്പെട്ടു ജീവൻ പ്രാപിക്കണമെന്നത്രേ എന്റെ ഇഷ്ടം. എന്തെന്നാൽ ഞാൻ അവന്റെ പാപങ്ങളെ ഓർക്കയില്ല. അവന്റെ സകല പാപങ്ങളുടെയും പൊരുതി അവനു ലഭിക്കും.

8-ാം അധ്യായം

കുരിശിന്മേൽ മിശിഹായുടെ ബലിയും നമ്മുടെ ആത്മസമർപ്പണവും

മിശിഹാ. കുരിശിന്മേൽ കൈകൾ വിരിച്ചും നഗ്നശരീരനായും, ദൈവകോപത്തെ ശമിപ്പിക്കുന്നതിനു മുഴുബലിയായി സമർപ്പിക്കാത്ത യാതൊന്നും ഏന്നിൽ ശേഷിക്കാത്തവണ്ണവും, പിതാവായ ദൈവത്തിനു നിന്റെ പാപങ്ങൾക്കുവേണ്ടി സ്വമനസാ ഞാൻ സമർപ്പിച്ചതുപോലെയും, നീയും നി

ന്നെ എനിക്കു മനസ്സോടെ നിർമ്മലവും വി
ശുദ്ധവുമായ ബലിയായി കുർബാനയിൽ
ദിവസംപ്രതി നിന്നെ സകല ശക്തിക
ളോടും, ആഗ്രഹങ്ങളോടും നിനക്കു കഴിവു
ള്ളിടത്തോളം ഹൃദയപൂർവ്വമായും കാഴ്ചവെ
ക്കണം.

നിന്നെത്തന്നേ മുഴുവനായിട്ടു എനി
ക്കു് ഏല്പിച്ചു തരണമെന്നതിനേക്കാൾ അധി
കമായി മറ്റെന്താണു ഞാൻ നിന്നിൽനിന്നാ
വശ്യപ്പെടുന്നത്?

നിന്നെത്തന്നെയല്ലാതെ മറ്റൊന്നു ത
ന്നാലും ഞാൻ അതത്ര ശ്രദ്ധിക്കയില്ല; എ
ന്തുകൊണ്ടെന്നാൽ ഞാൻ നിന്റെ ദാനത്തെ
യല്ല, നിന്നെയാണു അന്വേഷിക്കുന്നത്.

2. എന്നെ ഒഴിച്ചു മറ്റെല്ലാം ഉണ്ടാ
യാലും നിനക്കു മതിയാകാത്തതുപോലെ നി
ന്നെ സമർപ്പിക്കാതെ മറ്റൊന്നു തന്നാലും എ
നിക്കു തൃപ്തിയാകയില്ല.

നിന്നെ എനിക്കു സമർപ്പിക്കു; ദൈവ
ത്തെപ്രതി നിന്നെ മുഴുവനും തരിക; അ
പ്പോൾ നിന്റെ സമർപ്പണം എനിക്കു പ്ര
സാദകരമായിരിക്കും.

ഇതാ ഞാൻ എന്നെ മുഴുവനും എന്റെ
പിതാവിനു നിനക്കുവേണ്ടി സമർപ്പിച്ചു.
ഞാൻ മുഴുവനും നിന്റെതാകുന്നതിനും നീ

എന്നെന്നായി നിലനില്ക്കുന്നതിനുംവേണ്ടി എന്റെ ശരീരവും എന്റെ രക്തവും മുഴുവൻ ആഹാരമായി തന്നിരിക്കുന്നു.

നീ നിന്നിൽത്തന്നെ നില്ക്കുയും നന്മനസ്സോടെ എന്റെ മനസ്സിനു നിന്നെ സമർപ്പിക്കാതിരിക്കയും ചെയ്യാൽ നിന്റെ സമർപ്പണം പൂർണ്ണമല്ല. നാം തമ്മിലുള്ള ഐക്യവും പൂർണ്ണമല്ല.

ആകയാൽ നിനക്കു സ്വാതന്ത്ര്യവും അനുഗ്രഹവും ലഭിക്കണമെന്നുണ്ടെങ്കിൽ നിന്റെ എല്ലാ പ്രവൃത്തികൾക്കും മുൻപായി ദൈവതൃക്കരങ്ങളിൽ നിന്നെത്തന്നെ സ്വമനസാ സമർപ്പിക്കണം.

ഇതുയും ചുരുക്കംപേർക്കു മാത്രം ആഭ്യന്തരപ്രകാശം ലഭിച്ചു സ്വാതന്ത്ര്യം കിട്ടുന്നത്, തങ്ങളെത്തന്നേ പൂർണ്ണമായി പരിത്യജിക്കാൻ അധികംപേർക്കും അറിഞ്ഞുകൂടാത്തതു നിമിത്തമാണ്.

സമസ്തവും പരിത്യജിക്കാതെ എന്റെ ശിഷ്യനാകാൻ കഴികയില്ല എന്ന എന്റെ വാക്യത്തിനു മാറ്റമില്ല.

ആകയാൽ നീ എന്റെ ശിഷ്യനാകാൻ ആഗ്രഹിക്കുന്നെങ്കിൽ നിന്നെ മുഴുവൻ നിന്റെ സകല ആഗ്രഹങ്ങളോടുംകൂടെ എനിക്കു കാഴ്ചവെയ്ക്കുക.

9-ാം അധ്യായം

നമുക്കുള്ളതു മുഴുവൻ ദൈവത്തിനു സമർപ്പിക്കണം.

ശിഷ്യൻ. തിരുനാഥാ, സ്വർഗ്ഗത്തും ഭൂമിലും ഉള്ളതെല്ലാം നിന്റേതാണ്.

ഞാൻ എന്നെത്തന്നേ നിനക്കു സ്വമനസാ ബലിയായി സമർപ്പിക്കുന്നു; ശാശ്വതമായി നിന്റേതായിരിപ്പാനും ആഗ്രഹിക്കുന്നു.

തിരുനാഥാ, നിന്റെ ദാസനായിട്ടും നിന്റെ ശ്രേഷ്ഠയായ നിത്യസ്തുതിയുടെ ബലിയായിട്ടും എന്നെത്തന്നേ എന്റെ ഹൃദയപരമാർത്ഥതയിൽ നിനക്കു ഞാൻ സമർപ്പിക്കുന്നു.

തിരുനാഥാ, കാണാൻ വയ്യാത്ത വിധത്തിൽ സഹായിക്കുന്ന മാലാകാമാരുടെ സാന്നിദ്ധ്യത്തിൽ എന്റെയും നിന്റെ സകല ജനത്തിന്റെയും രക്ഷയ്ക്കുവേണ്ടി ഞാൻ ഇന്നു സമർപ്പിക്കുന്ന നിന്റെ വിലയേറിയ തിരുശരീരത്തിന്റെ പരിശുദ്ധ ബലിയോടൊന്നിച്ചു എന്നെയും കൈക്കൊള്ളണമേ.

2. തിരുനാഥാ, എനിക്കു പാപം ചെയ്യാൻ കഴിവുണ്ടായ ആദ്യദിവസം മുതൽ ഇന്നേരംവരെ നിന്റെ മുൻപിലും മാലാകാമാരുടെ മുൻപിലും ഞാൻ ചെയ്തുപോയ എല്ലാപ്പാപങ്ങളും കുറങ്ങളും നിന്റെ പരി

ഹാരപീഠത്തിന്മേൽ ഞാൻ നിനക്കു കാഴ്ച വെയ്ക്കുന്നു. ഇത്, ഇവയെല്ലാം നിന്റെ സ്നേഹാഗ്നിയിൽ കത്തിച്ചു ദഹിപ്പിച്ചു, എന്റെ പാപങ്ങളുടെ സകല കറകളെയും മായിച്ചു, എന്റെ മനസ്സാക്ഷിയെ എല്ലാക്കുറ്റങ്ങളിൽനിന്നും ശുദ്ധീകരിക്കുന്നതിനും എല്ലാ പാപങ്ങളും എന്നോടു പൂർണ്ണമായി പൊറുത്ത് സമാധാനത്തിന്റെ ചുംബനത്തിനു എന്നെ ദയാപൂർവ്വം സ്വീകരിച്ചു പാപത്താൽ ഞാൻ നഷ്ടപ്പെടുത്തിയ നിന്റെ വരപ്രസാദം എനിക്കു തിരിയെ തരാനുംവേണ്ടിയാകുന്നു.

3. എന്റെ പാപങ്ങളെ എളിമയോടെ ഏറ്റുപറഞ്ഞു അവയെക്കുറിച്ചു വിലപിക്കയും നിന്റെ കരുണ നിരന്തരം യാചിക്കയും ചെയ്യയല്ലാതെ എനിക്കു എന്തുചെയ്യാൻ കഴിയും?

എന്റെ ദൈവമേ, കരുണാപൂർവ്വം എന്റെ പ്രാർത്ഥന കേൾക്കണമെന്നു നിന്റെ മുൻപിൽ നില്ക്കുമ്പോൾ ഞാൻ പ്രാർത്ഥിക്കുന്നു.

എന്റെ പാപങ്ങളെയെല്ലാം ഞാൻ വളരെയധികം വെറുക്കുന്നു; അവയെ മേലാൽ ഒരിക്കലും ചെയ്യാൻ എനിക്കു മനസ്സില്ല; അവയെക്കുറിച്ചു ഞാൻ ദുഃഖിക്കുന്നു. ഞാൻ ജീവിക്കുന്നിടത്തോളം കാലം ദുഃഖി

ക്കയും ചെയ്യും. ഞാൻ മനസ്സുപികുന്നതിനും എന്റെ ശക്തിക്കൊത്തവണ്ണം പരിഹാരം ചെയ്യുന്നതിനും ഒരുങ്ങിയിരിക്കുന്നു.

ദൈവമേ, എന്നോടു ക്ഷമിക്കണമേ. നിന്റെ പരിശുദ്ധ നാമത്തെക്കുറിച്ചു എന്റെ പാപങ്ങൾ എന്നോടു പൊറുക്കണമേ.

നിന്റെ ഏറ്റവും വിലയേറിയ തിരുരക്തത്താൽ നീ വീണ്ടെടുത്ത എന്റെ ആത്മാവിനെ രക്ഷിക്കണമേ.

ഇതാ ഞാൻ എന്നെത്തന്നെ നിന്റെ കരുണയ്ക്കു ഭരമേല്പിക്കുന്നു; നിന്റെ തൃക്കൈകളിൽ എന്നെ ഞാൻ തന്നേല്പിക്കുന്നു.

എന്നോടു നിന്റെ നന്മയനുസരിച്ചു ചെയ്യാലും. എന്റെ തിന്മയും അകൃത്യവും അനുസരിച്ചു ചെയ്യരുതേ.

4. കൂടാതെയും എന്റെ സകല നന്മകളെയും, അവ വളരെ നിസ്സാരവും അപൂർണ്ണവുമാണെങ്കിലും, നിനക്കു ഞാൻ കാഴ്ചവെയ്ക്കുന്നു. നീ അവയെ കറുത്തീർത്തു ശുദ്ധീകരിക്കയും അവയിൽ പ്രസാദിക്കയും നിനക്കു ഇഷ്ടമുള്ളതാക്കുകയും എപ്പോഴും അധികം നല്ലതിലേക്കു വലിക്കയും ചെയ്യുന്നു. മടിയനും പ്രയോജനമില്ലാത്തവനുമായ ഈ ജന്തുവിനെ ഭാഗ്യവും മഹിമയുമുള്ള അന്തത്തിൽ കൊണ്ടുചെന്നാക്കുകയും ചെയ്യണമേ.

5. ക്രൂരതെയും ഭക്തന്മാരുടെ എല്ലാ നല്ല ആഗ്രഹങ്ങളും എന്റെ മാതാപിതാക്കന്മാരുടെയും, സ്നേഹിതന്മാരുടെയും, സഹോദരീ സഹോദരന്മാരുടെയും, എനിക്കു സ്നേഹമുള്ള എല്ലാവരുടെയും നിന്നോടുള്ള സ്നേഹത്തെപ്രതി എനിക്കും മറ്റുള്ളവക്കും ഉപകാരം ചെയ്യുവരുടെയും ആവശ്യങ്ങളും നിനക്കു ഞാൻ കാഴ്ചവെയ്ക്കുന്നു. തങ്ങൾക്കോ തങ്ങളുടെ പാർച്ചക്കാർക്കെല്ലാവക്കുമോ വേണ്ടി പ്രാർത്ഥിക്കയും കുർബാന സമർപ്പിക്കയും ചെയ്യണമെന്നാഗ്രഹിച്ചപേക്ഷിച്ചവർ ഇപ്പോൾ ഈലോകത്തു ജീവിക്കുന്നവരായാലും, ഈ ലോകത്തെ വിട്ടുപിരിഞ്ഞവരായാലും, എല്ലാവരും നിന്റെ വരപ്രസാദസഹായവും, ആശ്വാസത്തിന്റെ ഫലവും ആപത്തുകളിൽനിന്നുള്ള സംരക്ഷയും ശിക്ഷകളിൽനിന്നുള്ള മോചനവും പ്രാപിച്ചു് സകല തിന്മകളിൽനിന്നും സ്വതന്ത്രരായി സന്തോഷത്തോടെ നിനക്കു മഹത്തായ സ്തോത്രം പ്രകാശിപ്പിക്കുമാറാകട്ടെ.

6. എന്നെ എങ്ങനെയെങ്കിലും ഉപദ്രവിച്ചു ദുഃഖിപ്പിക്കയോ, അഥവാ അവമാനിക്കയോ വല്ല നഷ്ടമോ അനർത്ഥമോ എനിക്കു വരുത്തുകയോ ചെയ്യുവക്കുവേണ്ടിയും; ഞാൻ പലപ്പോഴും വാക്കാലോ പ്രവൃത്തി

യാലോ, അറിഞ്ഞോ അറിയാതെയോ, ദുഃഖിപ്പിക്കയോ വിഷമിപ്പിക്കയോ ഉപദ്രവിക്കയോ ഞെരുക്കുകയോ ചെയ്തിട്ടുള്ള എല്ലാവക്കുവേണ്ടിയും; ഞങ്ങളോടെല്ലാവരോടും ഒരുപോലെ ഞങ്ങളുടെ പാപങ്ങളും പരസ്പരമായ ഉപദ്രവങ്ങളും ക്ഷമിക്കുന്നതിനായിട്ടും എന്റെ പ്രാർത്ഥനകളും പരിഹാരബലികളും ഞാൻ കാഴ്ചവെയ്ക്കുന്നു.

തിരുനാഥാ, ഞങ്ങളുടെ ഹൃദയങ്ങളിൽനിന്നു എല്ലാ സംശയങ്ങളും, അത്യുപ്പിയും, കോപവും, മത്സരവും, ഉപവിയെ മുറിപ്പെടുത്താവുന്നതും സഹോദരസ്നേഹത്തെ കുറയ്ക്കാവുന്നതുമായ സകലതും നീക്കിക്കളയണമേ.

നാഥാ, കരുണയായിരിക്കണമേ, നിന്റെ കരുണ യാചിക്കുന്ന ഞങ്ങളുടെമേൽ കരുണയായിരിക്കണമേ. ആവശ്യക്കാക്കു വരപ്രസാദം നൽകണമേ. നിന്റെ വരപ്രസാദം അനുഭവിക്കാൻ യോഗ്യരായി ജീവിക്കാനും നിത്യായുസ്സു പ്രാപിക്കാനും കൃപചെയ്യണമേ. ആമ്മേൻ.

10-ാം അധ്യായം

കുർബാന ഉൾക്കൊള്ളുന്ന പതിവു് ഉപേക്ഷിക്കരുതു്

മിശിഹാ. നിന്റെ ദുരാശകളിൽ നിന്നും ദുർഗ്രഹങ്ങളിൽനിന്നും സുഖം പ്രാപിക്കുന്നതിനും പിശാചിന്റെ സകല പരീക്ഷകളെയും ചതികളെയും എതിർത്തു നില്പാൻ നീ ശക്തിയും ഉണർച്ചയുമുള്ളവനാകുന്നതിനും ക്രൂടക്കൂടെ വരപ്രസാദത്തിന്റെയും, കരുണയുടെയും, സകല നന്മയുടെയും സകല പരിശുദ്ധിയുടെയും ഉറവയിലേയ്ക്കു നീ പോകാനാവശ്യമാണു്.

കുർബാന ഉൾക്കൊള്ളുന്നതിനാലുണ്ടാകുന്ന ഫലവും വലുതായ ഔഷധശക്തിയും അറിയാവുന്ന ശത്രു അവനു കഴിവുള്ള എല്ലാ വിധത്തിലും എല്ലാ അവസരങ്ങളിലും അവനു സാധിക്കുന്നിടത്തോളം വിശ്വാസികളെയും ഭക്തരെയും അതിൽനിന്നു മാറ്റി അതിനു തടസ്സം ചെയ്യാൻ ശ്രമിക്കുന്നു.

2. എങ്ങനെയെന്നാൽ, ചിലർ കുർബാന ഉൾക്കൊള്ളുവാനായി ഒരുങ്ങുമ്പോൾ അവർക്കു സാത്താന്റെ അതി നികൃഷ്ടമായ ആക്രമണങ്ങൾ ഉണ്ടാകുന്നു.

യോബിന്റെ പുസ്തകത്തിലെഴുതിയി

രിക്കുന്നതുപോലെ ഈ ദുഷ്ടാത്മാവുതന്നേ ദൈവമക്കളുടെ കൂട്ടത്തിൽ വരുന്നു; ഇത് അവനു സഹജമായ ദുഷ്ടതയാൽ ദൈവമക്കളെ കലകുന്നതിനോ ഭയമുള്ളവരെ അധികം ഭയവും പരിഭ്രമവും ഉള്ളവരാക്കുന്നതിനോ ആണ്. ഇങ്ങനെ അവരുടെ ഭക്തി കുറയ്ക്കയോ വിശ്വാസത്തെ ആക്രമിച്ചു നശിപ്പിക്കയോ ചെയ്യുക ഒരു പക്ഷേ അവർ കുബ്ബാന ഉൾക്കൊള്ളുന്ന പതിവു മുഴുവനായി ഉപേക്ഷിക്കയോ അഥവാ മന്ദതയോടുകൂടെ ഉൾക്കൊള്ളുകയോ ചെയ്യാൻ ഇടയാക്കുന്നു.

എന്നാൽ അവന്റെ തന്ത്രങ്ങളും നിർദ്ദേശങ്ങളും എത്രതന്നേ നിന്ദ്യങ്ങളും ഭയങ്കരങ്ങളുമായിരുന്നാലും ഒന്നും വകവയ്ക്കുണ്ടാ. പ്രത്യുത അവൻ കൊണ്ടുവരുന്ന തോന്നലുകളെല്ലാം അവന്റെ നേർക്കുതന്നേതിരിക്കണം.

ആ നീചനെ നിന്ദിച്ചു വെറുക്കണം. അവൻ നിമിത്തമുണ്ടാകുന്ന പരീക്ഷകളോ മനശ്ചാഞ്ചല്യങ്ങളോ നിമിത്തം കുർബ്ബാന ഉൾക്കൊള്ളാതിരിക്കയുമരുത്.

3. കൂടാതെയും പലപ്പോഴും ഇനിയും കൂടുതൽ ഭക്തി വേണമെന്നുള്ള ക്രമംകെടന്ന ഉൽക്കണ്ഠയും കുമ്പസാരം കഴിക്കുന്നതിനെപ്പറ്റിയുള്ള ആകുലചിന്തയും ഇതിനു വിഘ്നമാകാറുണ്ട്.

വിവേകമുള്ളവരുടെ ഉപദേശമനുസരിച്ചു പ്രവർത്തിക്കു; സകല ആകുലതകളെയും സംശയങ്ങളെയും ഉപേക്ഷിക്ക. എന്തുകൊണ്ടെന്നാൽ അവ ദൈവവരപ്രസാദത്തെ തടയുകയും ഹൃദയഭക്തിയെ നശിപ്പിക്കയും ചെയ്യുന്നു.

അല്പമായ വല്ല കലക്കമോ, വൈഷമ്യമോ നിമിത്തം വി. കുർബാന ഉൾക്കൊള്ളാതിരിക്കരുത്. എന്നാൽ വേഗം കുമ്പസാരിക്കയും എല്ലാ ഉപദ്രവങ്ങളും എല്ലാവരോടും നല്ല മനസ്സോടെ ക്ഷമിക്കയും ചെയ്ക.

നീയാണ ആരെയെങ്കിലും ഉപദ്രവിച്ചതെങ്കിൽ എളിമയോടെ മാപ്പപേക്ഷിക്ക. ദൈവം നിന്നോട് ഉടനേ ക്ഷമിക്കും.

4. കുമ്പസാരം ദീഘ്നാൾ താമസിപ്പിക്കുന്നതുകൊണ്ടോ വി. കുർബാന ഉൾക്കൊള്ളാൻ താമസം വരുത്തുന്നതുകൊണ്ടോ നിനക്കു എന്തു പ്രയോജനം?

കഴിയുന്നവേഗം നിന്നെ ശുദ്ധീകരിക്കു; വിഷം വേഗം തുപ്പിക്കളയുക; ഔഷധം സേവിക്കാൻ ബദ്ധപ്പെടുക. ഇത് ദീഘ്നാളത്തേക്കു നീട്ടിവെയ്ക്കുന്നതിനെക്കാൾ നല്ലതാണെന്നു നിനക്കനുഭവപ്പെടും.

ഇന്ന് ഒരു കാരണംകൊണ്ടു മാറ്റി

വെയ്ക്കുന്നെങ്കിൽ നാളെ പക്ഷേ അതിലും വലുതായ ഒന്നു നേരിട്ടേക്കാം; ഇങ്ങനെ ദീഘ്രനാളത്തേക്കു കുർബാന ഉൾക്കൊള്ളുവാൻ മുടക്കം വരുകയും നീ അധികം അയോഗ്യനായിത്തീരുകയും ചെയ്യും.

കഴിയുന്നിടത്തോളം വേഗം ഈ വൈക്ഷമ്യവും മടിയും നിന്നിൽനിന്നു നീക്കിക്കളയുക; എന്തുകൊണ്ടെന്നാൽ ദീഘ്രമായി ആകുലചിന്തയിൽ ഉൾപ്പെട്ടിരിക്കുകയും, അസ്വാസ്ഥതയോടെ ജീവിക്കുകയും ദിവസംപ്രതി ഉണ്ടാകുന്ന തടസ്സങ്ങൾ നിമിത്തം ഈ ദിവ്യകൂദാശയിൽനിന്നു പിൻമാറുകയും ചെയ്യുന്നതുകൊണ്ടു യാതൊരു പ്രയോജനവുമില്ല.

എന്നല്ല അധികനാൾ വി. കുർബാന ഉൾക്കൊള്ളാതെ നീട്ടുന്നത് വളരെ ദോഷകരമാകുന്നു. എന്തെന്നാൽ, അത് കഠിനമായ മന്ദതയുണ്ടാക്കാൻ കാരണമാണ്.

ഓ! കഷ്ടം! ചില മന്ദഭക്തരും ഉദാസീനരും സ്വമനസാ കുമ്പസാരിക്കാൻ താമസംവരുത്തുകയും തങ്ങളുടെമേൽ കൂടുതലായ സൂക്ഷം ചെയ്യാൻ നിർബന്ധം ഉണ്ടാകാതിരിക്കാനായി വി. കുർബാന ഉൾക്കൊള്ളാതെ മാറ്റിവെയ്ക്കാനാഗ്രഹിക്കയും ചെയ്യുന്നു.

5. ഹാ! കുർബാന ഉൾക്കൊള്ളുന്നത് ഇത്ര എളുപ്പം മാറ്റിവെയ്ക്കുന്നവരുടെ ഭക്തി

വാത്സല്യം എത്ര സ്വല്പം, അവരുടെ ഭക്തി എത്ര ക്ഷീണിച്ചത്!

കുർബ്ബാന ഉൾക്കൊള്ളുവാൻ അനുവാദം ഉണ്ടായിരിക്കയും അന്യരുടെ ശ്രദ്ധയെ ആകർഷിക്കാതെ അതു നിവൃത്തിക്കയും ചെയ്യാമെങ്കിൽ ദിവസംപ്രതി കുർബ്ബാന ഉൾക്കൊള്ളുവാൻ തയാറായി അതിനായി ആഗ്രഹിക്കത്തക്കവണ്ണം ജീവിക്കയും അത്ര പരിശുദ്ധമായി തന്റെ മനസ്സാക്ഷിയെ സംരക്ഷിക്കയും ചെയ്യുന്നവൻ എത്ര ഭാഗ്യവാനും ദൈവത്തിനു എത്ര പ്രിയമുള്ളവനുമായിത്തീരും.

എന്നാൽ ആരെങ്കിലും ഏളിമ മുഖാന്തരമോ ന്യായമായ തടസ്സം നിമിത്തമോ വി. കുർബ്ബാന ഉൾക്കൊള്ളാതിരുന്നാൽ അവന്റെ ദൈവവണക്കത്തെക്കുറിച്ചു അവൻ സ്തുതിക്കു യോഗ്യനാണ്.

എന്നാൽ മന്ദത കടന്നുകൂടുന്നതായാൽ തന്നെത്താൻ ഉണർത്തി തന്നാൽ കഴിയുന്നതു ചെയ്യണം; നല്ല മനസ്സിനെ പ്രത്യേകം നോക്കുന്ന തിരുനാഥൻ അവന്റെ ആഗ്രഹത്തെ സഹായിക്കും.

6. ന്യായമായ വല്ല വിഘ്നവും ഉണ്ടെങ്കിൽ, എപ്പോഴും കുർബ്ബാന ഉൾക്കൊള്ളാനുള്ള നല്ലമനസ്സും ഭക്തിയുള്ള ഉദ്ദേശ

വും അവനുണ്ടായിരിക്കും. ഇങ്ങനെ ക്രൂശാ
യുടെ ഫലം നഷ്ടപ്പെട്ടുകയില്ല.

എന്തെന്നാൽ ഭക്തിയുള്ളവർക്കെല്ലാം ദിവസംപ്രതി എല്ലാനേരത്തും ആത്മീയമായ വിധത്തിൽ മിശിഹായെ രക്ഷാകരമായും തടസ്സംകൂടാതെയും കൈക്കൊള്ളുവാൻ സാധിക്കും.

എന്നാൽ ചില പ്രത്യേക ദിവസങ്ങളിലും നിശ്ചിതകാലത്തും രക്ഷിതാവിന്റെ തിരുശരീരം ഭക്തിയോടും സ്നേഹത്തോടുംകൂടെ ക്രൂശാശ്രൂട്ടത്ത പ്രകാരം ഉൾക്കൊള്ളുകയും തന്റെ സ്വന്തം ആശ്വാസം അന്വേഷിക്കുന്നതിനെക്കാൾ ദൈവത്തിന്റെ മഹിമയും സ്തുതിയും ഉദ്ദേശിച്ചു പ്രവർത്തിക്കയും വേണം.

എന്തുകൊണ്ടെന്നാൽ ആത്മീയമായി കുർബ്ബാന ഉൾക്കൊള്ളുകയും അദൃശ്യമായ പോഷണം അനുഭവിക്കയും ചെയ്യുമ്പോഴൊക്കെ മിശിഹായുടെ മനുഷ്യാവതാരത്തിന്റെയും കഷ്ടപ്പാടിന്റെയും രഹസ്യത്തെ ഭക്തിപൂർവ്വം ഓർമ്മിക്കയും തന്നോടുള്ള സ്നേഹത്താൽ എരിയുകയുമാണ ചെയ്യുന്നത്.

തിരുനാൾ ആയതുകൊണ്ടോ പതിവു പ്രമാണിച്ചോ മാത്രമല്ലാതെ മറ്റു സമയത്തു കുർബ്ബാന ഉൾക്കൊള്ളുവാൻ തയാറാകാത്തവർ

വലപ്പോഴും ഒരുക്കമില്ലാത്തവരായിരിക്കും.

7. കുർബാന ചൊല്ലുകയോ ഉൾക്കൊള്ളുകയോ ചെയ്യുമ്പോളെല്ലാം തന്നെത്താൻ ഹോമബലിയായി തിരുനാഥനു സമർപ്പിക്കുന്നവൻ ഭാഗ്യവാൻ.

കുർബാന അർപ്പിക്കുന്നതിൽ അധികം താമസം വരുത്തുകയോ തിടുക്കം കൂട്ടുകയോ ചെയ്യരുത്. നിന്നോടുകൂടെ പാർക്കുന്നവരുടെ നല്ല സാധാരണരീതി നീയും അനുസരിച്ചുകൊള്ളുക.

മറ്റുള്ളവർക്ക് അനിഷ്ടവും മുഷിവും ജനിപ്പിക്കാതെ മേലധികാരികളുടെ നിയമം അനുസരിച്ചു സാമാന്യമാർഗ്ഗം അവലംബിക്ക. നിന്റെ സ്വന്തം ഇഷ്ടത്തെയോ ഭക്തിയെയോകാൾ അന്യരുടെ സൗകര്യത്തെ ശ്രദ്ധിക്കയും ചെയ്ക.

11-ാം അധ്യായം

മിശിഹായുടെ തിരുശരീരവും വേദപുസ്തകവും

ശിഷ്യൻ. ഏറ്റവും മാധുര്യമുള്ള ഈശോനാഥാ, നിന്റെ വിരുന്നിൽ നിന്നോടുകൂടെ ഭക്ഷിക്കുന്ന ഭക്തിയുള്ള ആത്മാവു് അനുഭവിക്കുന്ന മാധുര്യം എത്ര വലുത്! ആ വിരുന്നിൽ ആത്മാവിനു ഭക്ഷണമായി നീ

കൊടുക്കുന്നത് അതിന്റെ ഹൃദയത്തിലെ എല്ലാ ആഗ്രഹങ്ങൾക്കും ഉപരിയായി ആഗ്രഹിക്കത്തക്ക ഏക സ്നേഹിതനായ നിന്നെ അല്ലാതെ മറ്റൊന്നുമല്ല.

എന്റെ ഹൃദയത്തിന്റെ അടിത്തട്ടിൽ നിന്നു നിന്റെ സന്നിധിയിൽ കണ്ണുനീർ പൊഴിഞ്ഞ് സ്നേഹസംപൂർണ്ണയായ മഗ്ദലേനായോടുകൂടെ നിന്റെ തൃക്കാലുകൾ എന്റെ കണ്ണുനീരുകൊണ്ടു കഴുകുന്നതു എനിക്കു വളരെ സന്തോഷകരമായിരിക്കും.

എന്നാൽ ഇതുപോലെയുള്ള ഭക്തി എവിടെ? ഇത്ര ധാരാളവും പരിശുദ്ധവുമായ കണ്ണുനീർ പ്രവാഹമെവിടെ?

നിശ്ചയമായും നിന്റെയും നിന്റെ വിശുദ്ധ മാലാകാമാരുടെയും സന്നിധിയിൽ എന്റെ ഹൃദയം മുഴുവൻ കത്തി എരിഞ്ഞു സന്തോഷത്താൽ കരയേണ്ടതാണ്.

എന്തുകൊണ്ടെന്നാൽ വേറൊരു രൂപത്തിൽ മറഞ്ഞാണെങ്കിലും ഈ വിശുദ്ധ കൂദാശയിൽ നീ എനിക്കായി സന്നിഹിതനായിരിക്കുന്നു.

2. നിന്റെ സ്വന്തമായ ദിവ്യശോഭയിൽ നിന്നെ നോക്കുവാൻ എന്റെ കണ്ണുകൾക്കു ശക്തിയില്ല. എന്നല്ല നിന്റെ മഹത്വത്തിന്റെ പ്രഭയിൽ നില്ക്കുവാൻ ലോകം

മുഴുവനും തന്നെയും സാധിക്കയില്ലായിരുന്നു.

നീ സ്വയം ഈ ക്രമാശയിൽ മറച്ചിരിക്കുന്നതു് എന്റെ ബലഹീനതയെ ഉദ്ദേശിച്ചാണ്.

എനിക്കു യഥാർത്ഥത്തിൽ മാലാകാമാർ സ്വർഗ്ഗത്തിൽ ആരാധിക്കുന്ന ദൈവത്തെ ലഭിച്ചിരിക്കുന്നു; തന്നെ ഞാൻ ആരാധിക്കയും ചെയ്യുന്നു; എന്നാൽ ഞാൻ ഇപ്പോഴും തല്ക്കാലത്തേക്കു വിശ്വാസത്താലും, അവരാകട്ടെ അഭിമുഖമായും മറ ഒന്നും കൂടാതെയുമാണ്.

നിത്യപ്രകാശത്തിന്റെ ദിവസം ഉദിച്ചു രൂപങ്ങളുടെ നിഴൽ കടന്നുപോകുന്നതുവരെ ഞാൻ സത്യവിശ്വാസത്തിന്റെ വെളിച്ചത്തിൽ തൃപ്തിപ്പെട്ടു് അതിൽ നടക്കേണ്ടതാകുന്നു.

എന്നാൽ പരിപൂർണ്ണമായതു വരുമ്പോൾ ക്രമാശകളുടെ ഉപയോഗം അവസാനിക്കും, എന്തുകൊണ്ടെന്നാൽ സ്വർഗ്ഗീയ മഹിമയുള്ള വിശുദ്ധന്മാക്കു് ക്രമാശ എന്ന ഔഷധം ആവശ്യമില്ല.

അവർ ദൈവസന്നിധിയിൽ തന്റെ മഹിമ അഭിമുഖമായിക്കണ്ടു് അവസാനമില്ലാതെ ആനന്ദിക്കുന്നു; അവർ മനുഷ്യാവതാരംചെയ്ത ദൈവവചനത്തെ, അവൻ

ആദിമുതൽ ആയിരുന്ന പ്രകാരവും എന്നേയ്ക്കും ആയിരിക്കും പ്രകാരവും, തേജസ്സിൽനിന്നു് അളവില്ലാത്ത ദൈവതേജസ്സിലേയ്ക്കു രൂപാന്തരപ്പെട്ടു് ആസ്വദിക്കയും ചെയ്യുന്നു.

3. ഈ അത്ഭുതങ്ങൾ ഓർക്കുമ്പോൾ എല്ലാ ആത്മീയാശ്വാസങ്ങൾപോലും എനിക്കു വളരെ മുഷിവു വരുത്തുന്നു; എന്തുകൊണ്ടെന്നാൽ എന്റെ തിരുനാഥനെ വെളിവായി തന്റെ മഹിമയിൽ കാണാതിരിക്കുന്നിടത്തോളംകാലം ഈ ലോകത്തു കാണുന്നതും കേൾക്കുന്നതും എല്ലാം വെറും നാസ്തിയായി ഞാൻ വിചാരിക്കുന്നു.

എന്റെ ദൈവമേ, ഞാൻ നിത്യമായി നിന്നെപ്പറ്റി ധ്യാനിക്കണമെന്നാഗ്രഹിക്കുന്നു. എന്റെ ദൈവമായ നീ അല്ലാതെ വേറെ ഒരു വസ്തുവിനും എന്നെ ആശ്വസിപ്പിക്കാനോ ഒരു സൃഷ്ടിക്കും എന്നെ സമാധാനപ്പെടുത്താനോ സാധിക്കയില്ലെന്നുള്ളതിനു നീ തന്നേ എന്റെ സാക്ഷിയാണ്.

എന്നാൽ ഞാൻ ഈ മരണമുള്ള ജീവിതത്തിലായിരിക്കുന്നിടത്തോളം കാലം ഇതു സാദ്ധ്യമല്ല.

ആകയാൽ ഞാൻ വളരെ ക്ഷമിച്ചിരിപ്പാനും എന്റെ എല്ലാ ആഗ്രഹങ്ങളും നിനക്കു കീഴ്പ്പെടുത്താനും ആവശ്യമായിരിക്കുന്നു.

എന്തുകൊണ്ടെന്നാൽ തിരുനാഥാ, നിന്നോടുകൂടെ ഇപ്പോൾ സ്വർഗ്ഗരാജ്യത്തു ആനന്ദിക്കുന്ന വിശുദ്ധന്മാർ, അവർ ജീവനോടെയിരുന്നകാലം മുഴുവൻ വിശ്വാസത്തോടും വലുതായ ക്ഷമയോടുംകൂടെ നിന്റെ മഹിമയുള്ള വരവിനെ പ്രതീക്ഷിച്ചിരുന്നു.

അവർ വിശ്വസിച്ചിരുന്നത് ഞാൻ വിശ്വസിക്കുന്നു; അവർ പ്രത്യാശിച്ചത് ഞാനും പ്രത്യാസിക്കുന്നു. അവർ ചെന്നു ചേർന്നിടത്ത് നിന്റെ അനുഗ്രഹത്താൽ ഞാനും ചെന്നുചേരുമെന്നു വിശ്വസിക്കുന്നു.

അതിനിടയിൽ പുണ്യവാന്മാരുടെ ദൃഷ്ടാന്തങ്ങളാൽ ധൈര്യം പ്രാപിച്ചു ഞാൻ വിശ്വാസത്തിന്റെ വഴിയേ നടക്കും.

എനിക്ക് ആശ്വാസമായിട്ടും ജീവിതക്കണ്ണാടിയായിട്ടും വിശുദ്ധ പുസ്തകങ്ങളും ഉണ്ടായിരിക്കും; ഇവയെല്ലാം ഉപരിയായി നിന്റെ തിരുശരീരം വിശേഷ ഔഷധമായിട്ടും ആശ്രയമായിട്ടും എനിക്കുണ്ടായിരിക്കും.

4. എനിക്കു ഈ ജീവിതത്തിൽ രണ്ടു കൂട്ടം അത്യാവശ്യമാണെന്നു തോന്നുന്നു. ഇവയില്ലെങ്കിൽ ഈ അരിഷ്ടത നിറഞ്ഞ ജീവിതം എനിക്കു ദുസ്സഹമായിരിക്കും.

ഈ ശരീരമെന്ന പാറാവിലകപ്പെട്ടിരിക്കുന്ന എനിക്കു ഭക്ഷണം വെള്ളിച്ചം എന്ന

രണ്ടു കൂട്ടങ്ങൾ ആവശ്യമാണ് എന്നു ഞാൻ ഏറുപായുന്നു.

ദുർബലനായ എനിക്ക് ആത്മാവിന്റെയും ശരീരത്തിന്റെയും പോഷണത്തിനായി നിന്റെ തിരുശരീരം തന്നു. നിന്റെ വചനം എന്റെ കാലുകൾക്കു വിളക്കായും നീ വെച്ചു.

ഇവ രണ്ടുമില്ലാതെ നന്നായി ജീവിക്കാൻ കഴിയുമായിരുന്നില്ല; എന്തെന്നാൽ ദൈവവചനം എന്റെ ആത്മാവിന്റെ വെളിച്ചവും നിന്റെ വിശുദ്ധകുദാശ ആയുസ്സിന്റെ അപ്പവുമാകുന്നു.

ഇവ തിരുസഭയുടെ ഭണ്ഡാരപ്പുരയിൽ ഇരുഭാഗത്തും വെച്ചിരിക്കുന്ന രണ്ടു മേശകളാണെന്നു പറയാം.

ഒന്ന് മിശിഹായുടെ വിലയേറിയ തിരുശരീരമായ വിശുദ്ധ അപ്പം ഇരിക്കുന്ന മേശയാകുന്നു; മറേത് വിശുദ്ധോപദേശം ഇരിക്കുന്നതും സത്യവിശ്വാസം പഠിപ്പിക്കുന്നതും തിരുശ്ലീഹന്മ്മാരിൽ പരിശുദ്ധതയുടെ പരിശുദ്ധതവരെ ഒട്ടും അപകടമില്ലാതെ നയിക്കുന്നതുമായ ദൈവപ്രമാണങ്ങൾ ഇരിക്കുന്ന മേശയാണ്.

5. ഈശോനാഥാ, നിത്യപ്രകാശജ്യോതിസ്സേ, നിന്റെ ദാസന്മാരായ ദീക്ഷദശി

കളും ശ്ലീഹന്മാരും ശേഷം ഗുരുക്കന്മാരും വേദശാസ്ത്രജ്ഞന്മാരും മുഖേന നീ ഞങ്ങൾക്കു തന്നിരിക്കുന്ന വിശ്വാസോപദേശം എന്ന മേശയ്ക്കായി നിനക്കു സ്തോത്രം.

മനുഷ്യരുടെ സ്രഷ്ടാവും രക്ഷകനുമായ നാഥാ, സകലലോകത്തോടും തന്റെ സ്നേഹം വെളിപ്പെടുത്താൻ ഒരു വലിയ വിരുന്നു തയാറാക്കി അതിൽ സദൃശമായ ചെമ്മരിയാടിനെയല്ല, പിന്നെയോ നിന്റെ ഏറ്റവും പരിശുദ്ധമായ തിരുശരീരവും തിരുരക്തവുമാണു ഭക്ഷണത്തിനായി വെച്ചിരിക്കുന്നത്; ഈ വിശുദ്ധ വിരുന്നിൽ എല്ലാ വിശ്വാസികളെയും സന്തോഷിപ്പിക്കയും രക്ഷയുടെ പാനപാത്രത്താൽ ലഹരി പിടിപ്പിക്കയും ചെയ്യുന്നു; അതിൽ പരദീസായിലെ എല്ലാ ആനന്ദങ്ങളുമുണ്ട്; വിശുദ്ധ മാലാഖാമാരും ഞങ്ങളോടൊന്നിച്ച് ഈ വിരുന്ന് അനുഭവിക്കുന്നു, അതോ ആനന്ദകരമായ മാധുര്യത്തോടുകൂടെയാണ്.

6. പുരോഹിതന്മാരുടെ ഉദ്യോഗം എത്ര വലുതും ബഹുമാനമുള്ളതും. അവർക്കു മഹിമയുടെ നാഥനെ വിശുദ്ധ വാക്കുകളാൽ ക്ഷണിക്കുവാനും അവരുടെ അധരങ്ങളാൽ സ്തുതിക്കാനും, കൈകൾകൊണ്ടു തൊടാനും സ്വന്തം വായ് കൊണ്ടു ഉൾക്കൊ

ള്ളവാനും ശേഷം പേക്ക പകുത്തുകൊടുക്കുവാനും അധികാരം ലഭിച്ചിരിക്കുന്നു.

ആ കൈകൾ എത്ര നിർമ്മലവും, ആ വായ് എത്ര പരിശുദ്ധവും, ആ ശരീരം എത്ര പവനവും ശുദ്ധതയ്ക്കു കാരണമായവൻ ഇത്രയധികം പ്രാവശ്യം പ്രവേശിക്കുന്ന ആ ഹൃദയം എത്ര വിമലവുമായിരിക്കണം. മിശിഹായുടെ ക്രൂശാശ ഇത്ര ക്രൂരമായി ഉൾക്കൊള്ളുന്ന പുരോഹിതന്റെ വായിൽനിന്നു പരിശുദ്ധമല്ലാത്ത യാതൊന്നും, സുകൃതവും ഉപകാരപ്രദവുമല്ലാത്ത യാതൊരു വാക്കും പുറപ്പെടരുത്.

മിശിഹായുടെ തിരുശരീരത്തെ നോക്കാറുള്ള അയാളുടെ കണ്ണുകൾ പരമാർത്ഥതയും അടക്കവുമുള്ളവയായിരിക്കണം.

ആകാശത്തിന്റെയും ഭൂമിയുടെയും സൃഷ്ടാവിനെ തൊടാറുള്ള കൈകൾ പരിശുദ്ധവും സ്വർഗ്ഗത്തിലേയ്ക്ക് ഉയർത്തിയതും ആയിരിക്കണം.

പുരോഹിതന്മാരോടു പ്രത്യേകമായി, "നിങ്ങൾ വിശുദ്ധന്മാരാകുവിൻ, എന്തുകൊണ്ടെന്നാൽ നിങ്ങളുടെ ദൈവവും നാഥനുമായ ഞാൻ പരിശുദ്ധനാകുന്നു" എന്ന പ്രമാണത്തിൽ പറഞ്ഞിരിക്കുന്നു.

7. സർവ്വശക്തനായ ദൈവമേ, പു

രോഹിത്യം സ്വീകരിച്ച ഞങ്ങൾ യോഗ്യതയോടും ഭക്തിയോടുംകൂടെ നിനക്ക്, സകല വിശുദ്ധിയിലും നല്ല മനസ്സാക്ഷിയിലും ശുശ്രൂഷ ചെയ്യാൻ പ്രാപ്തരാകുന്നതിനു നിന്റെ വരപ്രസാദം ഞങ്ങളെ സഹായിക്കട്ടെ.

എന്നാൽ ഞങ്ങൾക്കു കടമായിരിക്കുന്നിടത്തോളം വലിയ ജീവിതവിശുദ്ധിയിൽ വ്യാപരിക്കാൻ ഞങ്ങൾക്കു സാധിക്കയില്ലെങ്കിൽ ഞങ്ങൾ ചെയ്തു തിന്മകളെപ്പറ്റി വേണ്ടപോലെ കരയുവാനും എളിമയുടെ ആദർശത്തോടും നല്ലമനസ്സിന്റെ നിശ്ചയത്തോടും മേലാൽ നിനക്കു കൂടുതൽ ശുശ്രൂഷാന്തിയോടെ ഉപഹിയം ചെയ്യാനും കൃപതരണമേ.

12-ാം അധ്യായം

വിശുദ്ധ കുർബാന ഉൾക്കൊള്ളാൻ അത്യുത്സാഹത്തോടെ ഒരുങ്ങണം

മിശിഹാ. ഞാൻ വിശുദ്ധിയെ സ്നേഹിക്കുന്നവനും എല്ലാ പരിശുദ്ധതയും കൊടുക്കുന്നവനും ആകുന്നു.

ഞാൻ നിർമ്മലഹൃദയം അന്വേഷിക്കുന്നു, എന്റെ വിശ്രമസ്ഥലം അവിടെയാണ്.

വിരിച്ചൊരുക്കിയ വലിയ ഭക്ഷണശാല

എനിക്കായി തയാറാക്കുക. നിന്റെ അടുക്കൽ എന്റെ ശ്രീഹന്മാരോടുകൂടെ ഞാൻ എന്റെ പെസഹാ ഭക്ഷിക്കും.

ഞാൻ നിന്റെ അടുക്കൽവന്നു നിന്നോടുകൂടെ താമസിക്കണമെന്നു നിനക്കാഗ്രഹമുണ്ടെങ്കിൽ പഴയ പുളിച്ച മാവു നീക്കിക്കളയുക. നിന്റെ ഹൃദയവസതിയെ ശുദ്ധിയാക്കയും ചെയ്ക. അതിൽനിന്നു ലോകത്തെ മുഴുവനും നിന്റെ ദുർഗ്രഹണങ്ങളുടെ ബഹളത്തെയും പുറത്താക്കുക; വീടിന്റെ മുകളിൽ തനിയേ ഇരിക്കുന്ന കുരികിൽപോലെ ഇരുന്നു നിന്റെ പാപങ്ങളെപ്പറ്റി ഹൃദയവേദനയോടുകൂടെ ചിന്തിക്ക.

എന്തുകൊണ്ടെന്നാൽ ഒരു സ്നേഹിതൻ വത്സലനായ സ്നേഹിതനുവേണ്ടി ഏറ്റവും നല്ലതും മനോഹരവുമായ സ്ഥലം തയാറാക്കുന്നു. തന്റെ സ്നേഹിതനെ സല്ക്കരിക്കുന്നവന്റെ സ്നേഹം ഇതിൽനിന്നറിയാവുന്നതാണ്.

2. നീ ഒരാണ്ടു മുഴുവൻ ഒരുങ്ങുകയും ഇതല്ലാതെ ഒന്നും മനസ്സിൽ വിചാരിക്കാതിരിക്കുകയും ചെയ്താലും നിന്റെ പ്രവൃത്തികളുടെ യോഗ്യതകൊണ്ടു ഈ ഒരുക്കത്തിനു ആവശ്യമായതു ചെയ്യാൻ നിനക്കു സാധിക്കയില്ലെന്നറിഞ്ഞുകൊള്ളുക.

എന്നാൽ എന്റെ നന്മയും വരപ്രസാദവുംകൊണ്ടു മാത്രമാണു ഈ മേശയ്ക്കു് അടുത്തുവരാൻ നിനക്കു അനുവാദം തന്നിരിക്കുന്നതു് ഒരു ഇരപ്പാളിയെ ഒരു ധനവാൻ തന്റെ സദ്യയ്ക്കു ക്ഷണിച്ചാൽ തന്നെത്താൻ എളിമപ്പെടുത്തി അയാൾക്കു നന്ദി പ്രദർശിപ്പിക്കയല്ലാതെ വേറെ യാതൊന്നും ചെയ്യാൻ അവനു സാധിക്കയില്ലല്ലോ. അതുപോലാണിതു്.

നിനക്കു കഴിവുള്ളതു ചെയ്കു; അതു് ഉത്സാഹപൂർവ്വം ചെയ്കു. പതിവനുസരിച്ചോ നിർബന്ധംകൊണ്ടോ അല്ല, പിന്നയോ നിന്റെ അടുക്കൽ വരുന്നതിനു കൃപയുണ്ടായ നിന്റെ സ്നേഹമുള്ള ദൈവമായ നാഥന്റെ തിരുശരീരത്തെ ഭയത്തോടും, വണക്കത്തോടും, സ്നേഹത്തോടുംകൂടെ ഉൾക്കൊള്ളുക.

നിന്നെ ക്ഷണിച്ചവൻ ഞാനാണു്; കുർബാന ഉൾക്കൊള്ളാൻ കല്പിച്ചതും ഞാൻ തന്നേ; നിനക്കു വേണ്ടതുള്ളതു ഞാൻ തികയ്ക്കും. വന്നു എന്നെ ഉൾക്കൊള്ളുക.

3. ഞാൻ ഭക്തി നിനക്കു ദാനം ചെയ്യുമ്പോൾ നിന്റെ ദൈവമായ എനിക്കു നന്ദി പ്രദർശിപ്പിക്കു; നീ യോഗ്യനായതുകൊണ്ടല്ല തന്നതു്, എന്നാൽ എനിക്കു നിന്നോടു അലിവു തോന്നിയതുകൊണ്ടാണു്.

നിനക്കു ഭക്തിയില്ലാതെ നിന്റെ ആത്മാവു വരണ്ടിരുന്നാൽ പ്രാർത്ഥനയിൽ സ്ഥിരമായിനിന്നു നെടുവീർപ്പിട്ടുമുട്ടുക. രക്ഷാകരമായ വരപ്രസാദത്തിന്റെ തരിയോ തുള്ളിയോ കിട്ടുവാൻ യോഗ്യനാകുന്നതുവരെ അതിൽനിന്നു വിരമിക്കയുമരുത്.

നിനക്ക് എന്നെക്കൊണ്ടാവശ്യമുണ്ട്, എനിക്ക് നിന്നെക്കൊണ്ടില്ല. നീ എന്നെ ശുദ്ധീകരിക്കാനല്ല വരുന്നത്. എന്നാൽ ഞാൻ നിന്നെ ശുദ്ധീകരിച്ചു നന്നാക്കുവാൻ വരുന്നു. ഞാൻ നിന്നെ ശുദ്ധീകരിക്കുവാനും എന്നോടുകൂടെ നീ ഐക്യപ്പെടുവാനും, പുതിയ വരപ്രസാദം പ്രാപിക്കുവാനും, ജീവിതനവീകരണത്തിനുള്ള ശുഷ്കാന്തി പുതുതായി പ്രാപിക്കുവാനുമാണ് നീ വരുന്നത്.

ഈ വരപ്രസാദം നിസ്സാരമാക്കരുത്, പിന്നയോ വളരെ ഉത്സാഹത്തോടെ നിന്റെ ഹൃദയത്തെ ഒരുക്കുക; നീ സ്നേഹിക്കുന്നവനെ നിന്നിലേയ്ക്കു പ്രവേശിപ്പിക്കയും ചെയ്ക.

4. കുർബാന ഉൾക്കൊള്ളുന്നതിനു നീ ഭക്തിപൂർവ്വം തയാറായാൽ മാത്രംപോരാ; പിന്നെയോ കുർബാന ഉൾക്കൊണ്ടതിന്റെശേഷവും നീ ശ്രദ്ധയോടെ ഭക്തിയിൽ സ്ഥിരമായി നില്ക്കുവാൻ ശ്രമിക്കണം. മുൻകൂ

ട്ടിയുള്ള ഭക്തിപൂർവ്വമായ ഒരുക്കത്തെക്കാൾ ഒട്ടും കുറവല്ലാത്ത ജാഗ്രത അതു കഴിഞ്ഞും ആവശ്യമാണ് എന്തുകൊണ്ടെന്നാൽ അതു കഴിഞ്ഞു ജാഗ്രുകനായിരിക്കുന്നത് ഏറാം അധികം വരപ്രസാദം പ്രാപിക്കാനുള്ള ഉത്തമമായ ഒരുക്കമാണ്.

എങ്ങനെയെന്നാൽ ബാഹ്യമായ ആശ്വാസം സമ്പാദിക്കാൻ ക്രമത്തിലധികം ഔൽസുക്യം ആക്കെങ്കിലും ഉണ്ടെങ്കിൽ അയാൾക്കു കുർബാന ഉൾക്കൊള്ളുവാൻ വേണ്ട ഒരുക്കമില്ലാതായി ഭവിക്കുന്നു.

അധികം സംസാരിക്കാതിരിക്കാൻ സൂക്ഷിക്കു, രഹസ്യമായ ഒരു സ്ഥലത്തിരുന്നു നിന്റെ ദൈവത്തെ ആസ്വദിക്കുക, ലോകം മുഴുവനും ശ്രമിച്ചാലും നിന്നിൽനിന്നു എടുത്തുകളയാൻ സാധിക്കാത്ത ദൈവത്തെ നിനക്കു ലഭിച്ചിട്ടുണ്ടു.

നീ നിന്നെ മുഴുവൻ തരേണ്ടതു എനിക്കാണ്. ഇങ്ങനെ ചെയ്യുൽ മേലാൽ നിന്നിലല്ല, പിന്നയോ എന്നിൽ, യാതൊരു ആകുലചിന്തയുമില്ലാതെ നിനക്കു ജീവിക്കാം.

13-ാം അധ്യായം

മിശിഹായോടു പൂർണ്ണമായി ഒന്നിക്കണം

ശിഷ്യൻ. തിരുനാഥാ, നിന്നെമാത്രം കണ്ടെത്തി, എന്റെ ഹൃദയം മുഴുവൻ നിനക്കു തുറന്നുതന്ന്, എന്റെ ആത്മാവ് ആഗ്രഹിക്കുന്നതുപോലെ നിന്നെ ആസ്വദിക്കാനും മേലാൽ യാതൊരുത്തനും എന്നെ നിന്ദിക്കുകയോ യാതൊരു സൃഷ്ടിയും എന്നെ ഇളക്കുകയോ നോക്കുകയോ ചെയ്യാതെയും, സ്നേഹിതൻ സ്നേഹിതനോടു് സംസാരിക്കാറുള്ളതുപോലെയും സ്നേഹി സ്നേഹിയോടൊരുമിച്ചു സഹവസിക്കാറുള്ളതുപോലെയും നീ മാത്രം എന്നോടും ഞാൻ നിന്നോടുമാത്രവും സംസാരിക്കാനും ആരെനിക്കിടയാക്കും?

ഞാൻ നിന്നോടു് എന്നെ മുഴുവൻ യോജിപ്പിച്ച എല്ലാ സൃഷ്ടികളിൽനിന്നും എന്റെ ഹൃദയത്തെ വേർതിരിച്ചു് കുർബാന ഉൾക്കൊണ്ടും കൂടക്കൂടെ കുർബാന ചൊല്ലിയും സ്വർഗ്ഗീയവും നിത്യവുമായവയിൽ അധികമായി രസിക്കുന്നതിനു പഠിക്കണമെന്നാണു ഞാൻ പ്രാർത്ഥിക്കുന്നതും ഞാൻ ആഗ്രഹിക്കുന്നതും.

ഓ! തിരുനാഥനായ ദൈവമേ, ഞാൻ

എപ്പോൾ നിന്നോടു മുഴുവനായി യോജിച്ചു് നിന്നിൽ ലയിച്ചു് എന്നെ മുഴുവനായി മറക്കും?

നീ എന്നിലും ഞാൻ നിന്നിലും, ഇപ്രകാരം നാം സദാ ഒന്നായിരിക്കാൻ കൃപ ചെയ്യണമേ.

2. സത്യമായും നീ എന്റെ പ്രിയനാകുന്നു, പതിനായിരംപേരിൽ ഏറ്റം ഉൽകൃഷ്ടനും എന്റെ ആത്മാവിനു അതിന്റെ ജീവിതകാലം മുഴുവൻ സഹവസിക്കാൻ ഇഷ്ടമുള്ളവനുമാകുന്നു.

സത്യമായി നീ എന്നെ സമാധാനപ്പെടുത്തുന്നവനാകുന്നു; നിന്നിൽ ആകുന്ന പരമ സമാധാനവും സത്യമായ ആശ്വാസവും, നിന്നെ വിട്ടു വെളിയിലായാൽ അവിടെ അസ്വാനവും ദുഃഖവും അളവില്ലാത്ത കഷ്ടതയുമത്രേ.

സത്യമായി നീ മറഞ്ഞിരിക്കുന്ന ദൈവമാകുന്നു, നിന്റെ ആലോചന ഉൽകൃഷ്ടമാരുമായിട്ടല്ല, എന്നാൽ ഏളിമയും പരമാർത്ഥതയുമുള്ളവരോടാണ് നീ സംഭാഷിക്കുന്നത്.

തിരുനാഥാ, നിന്റെ ആത്മാവു് എത്ര മനോജ്ഞം! നിന്റെ മക്കളോടുള്ള മാധുര്യം കാണിക്കുവാൻ സ്വർഗ്ഗത്തിൽനിന്നിറങ്ങി

വന്നു് മധുരതരമായ അപ്പംകൊണ്ടു അവരെ തീറുവാൻ നീ തിരുമനസ്സായല്ലോ.

ഞങ്ങളുടെ ദൈവമായ നീ നിന്റെ സമസ്ത വിശ്വാസികൾക്കും അടുത്തിരിക്കുന്നതുപോലെ തങ്ങളുടെ ദേവന്മാർ ഇത്ര സമീപസ്ഥരായിരിക്കുന്ന അത്ര വലിയ ഒരു ജാതി വേറെയില്ല. അവർക്കു പ്രതിദിനാശ്വാസത്തിനായി— അവരുടെ ഹൃദയം സ്വർഗ്ഗത്തിലേക്കുയർത്തുന്നതിനായി— നിന്നെത്തന്നേ ഭക്ഷിക്കാനും ആസ്വദിക്കാനും നീ കൊടുക്കുന്നു

3. എന്തെന്നാൽ ക്രിസ്ത്യാനി ജനത്തെപ്പോലെ ഇത്ര കീർത്തിയുള്ള ജാതി ഏതുള്ളൂ? അഥവാ ഭക്തയായ ഒരാത്മാവിനെപ്പോലെ ഇത്ര സ്നേഹയോഗ്യമായ വേറെ സൃഷ്ടിയുള്ളൂ? ദൈവം തന്റെ മഹിമയേറിയ ശരീരത്താൽ അതിനെ പോഷിപ്പിക്കാനായി അതിൽ എഴുന്നെള്ളുന്നു. ഓ! പറഞ്ഞറിയിക്കാൻ പാടില്ലാത്ത ദിവ്യാനുഗ്രഹം. ഓ! അത്ഭുതകരമായ കനിവ്!

അളവില്ലാത്തവിധം മനുഷ്യനു പ്രത്യേകമായി കൊടുക്കുന്ന സ്നേഹം.

എന്നാൽ ഈ വരപ്രസാദത്തിനും ഇത്ര മഹത്തായ സ്നേഹത്തിനും പകരം തിരുനാഥനു ഞാൻ എന്തുകൊടുക്കും!

എന്റെ ഹൃദയം മുഴുവനായി ദൈവത്തിനു കൊടുത്തു തന്നോടു ഗാഢമായി അതിനെ യോജിപ്പിക്കുന്നതിനെക്കാൾ എനിക്കു കൊടുക്കാവുന്നതും തനിക്കു കൂടുതൽ പ്രസാദകരമായതും ഒന്നുമില്ല.

എന്റെ ആത്മാവ് ദൈവത്തോടു പൂർണ്ണമായി യോജിക്കുമ്പോൾ എന്റെ ഉള്ളിലുള്ള സമസ്തവും പരമാനന്ദം പ്രാപിക്കും. അപ്പോൾ താൻ എന്നോടു ഇങ്ങനെ അരുളിച്ചെയ്യും; നിനക്ക് എന്റെകൂടെ ഇരിക്കാനാഗ്രഹമുണ്ടെങ്കിൽ എനിക്കും നിന്റെ കൂടെയിരിക്കാനിഷ്ടമാണ്. ഞാൻ തന്നോടു, തിരുനാഥാ! എന്റെകൂടെ ഇരിക്കാൻ തിരുമനസ്സാകണമേ, എനിക്കു നിന്നോടുകൂടെ ഇരിക്കുന്നതു സന്തോഷമാണ്, എന്നുത്തരം പറയും.

എന്റെ ഹൃദയം നിന്നോടു യോജിച്ചിരിക്കണമെന്നതാണ് എന്റെ ആഗ്രഹം മുഴുവനും.

14-ാം അധ്യായം

കുർബാന ഉപകൊള്ളുവാൻ ചിലക്കുണ്ടായിരുന്ന തീവ്രമായ ആഗ്രഹം

ശിഷ്യൻ. തിരുനാഥാ, നിന്നെ ഭയപ്പെട്ടുന്നവക്കായി നീ ഒളിച്ചു സൂക്ഷിച്ചിരി

ക്കുന്ന മാധുര്യസമൃദ്ധി എത്ര മഹത്തായത്!

തിരുനാഥാ, ഏറ്റവും വലിയ ഭക്തിയോടും സ്നേഹത്തോടുംകൂടെ നിന്റെ വിശുദ്ധ ക്രൂശയെ സമീപിച്ച ചില ഭക്തന്മാരെപ്പറ്റി ഞാൻ ഓർക്കുമ്പോൾ, നിന്റെ പീഠത്തെയും കുർബാനയുടെ മേശയെയും ഇത്ര മന്ദതയോടും തണുപ്പോടും ഞാൻ സമീപിക്കുന്നെന്നും, എന്റെ ഹൃദയം വരണ്ടും സ്നേഹമില്ലാതെയും ഇരിക്കുന്നെന്നും, ഞാൻ എന്റെ ദൈവമായ നിന്റെ തിരുസന്നിധിയിൽ സ്നേഹാഗ്നിയാൽ ജ്വലിക്കുന്നില്ലെന്നും, കുർബാന ഉൾക്കൊള്ളുവാനുള്ള വലിയ ആഗ്രഹത്താലും ഹൃദയത്തിൽ അനുഭവിച്ച സ്നേഹത്താലും കരച്ചിലടക്കുവാൻ കഴിയാതെ, നിന്റെ തിരുശരീരത്തെ സന്തോഷാധിക്യത്തോടും ആത്മീയശുഷ്കാന്തിയോടുംകൂടെ സ്വീകരിച്ചാലല്ലാതെ തങ്ങളുടെ വിശപ്പടക്കുകയോ തൃപ്തിപ്പെടുത്തുകയോ ചെയ്യാൻ സാധിക്കായ്കയാൽ മധുരജലത്തിന്റെ ഉറവയായ നിന്റെ പക്കലേയ്ക്കു തങ്ങളുടെ ആത്മാവിന്റെയും ശരീരത്തിന്റെയും വായ് കൊണ്ടു അടുത്തുവരാൻ ഹൃദയപൂർവ്വം ആഗ്രഹിച്ചിരുന്ന അനേകം ഭക്തന്മാരെപ്പോലെ, എനിക്കു നിന്റെ നേർക്കു സ്നേഹവും നിന്നെ സമീപിക്കാനുള്ള ആഗ്രഹവും

ഇല്ലെന്നും അറിയുന്നതിനാൽ പരിഭ്രമിച്ചു ലജ്ജിക്കുന്നു.

2. അവരുടെ യഥാർത്ഥവും തീവ്രവുമായ വിശ്വാസം നിന്റെ വിശുദ്ധ സാന്നിദ്ധ്യത്തിന്റെ മതിയായ തെളിവാകുന്നു.

എങ്ങനെയെന്നാൽ അപ്പം മുറിക്കുന്നതിൽ അവർ തിരുനാഥനെ സത്യമായി അറിയുന്നു; ഈശോ അവരുടെകൂടെ നടന്നപ്പോൾ അവരുടെ ഹൃദയം ശക്തിയായി ജ്വലിച്ചിരുന്നു.

ഇപ്രകാരമുള്ള അടുപ്പവും ഭക്തിയും, ഇത്ര ശക്തിമത്തായ സ്നേഹവും ശുഷ്കാന്തിയും എനിക്കു പലപ്പോഴും അനുഭവപ്പെടാറില്ല

മാധുര്യവും കരുണയും നിറഞ്ഞ ഈശോ, എന്നോടു കൃപയായി പ്രവർത്തിക്കേ. സാധുവും യാചകനുമായ എനിക്കു കർബാന ഉൾക്കൊള്ളുമ്പോൾ ചിലപ്പോഴെങ്കിലും നിന്റെ ഹൃദയത്തിൽ ജ്വലിക്കുന്ന സ്നേഹാഗ്നിയിൽ അല്പമെങ്കിലും തരണമേ. അങ്ങനെ ചെയ്താൽ എന്റെ വിശ്വാസം ശക്തിപ്പെടുകയും നിന്റെ നന്മയിൽ എന്റെ ശരണം വർദ്ധിക്കയും, ഉപവി ഒരിക്കൽ കത്തിജ്ജ്വലിച്ചു സ്വർഗ്ഗീയ മന്നായെ ഭക്ഷിച്ചാൽ പിന്നെ അതു ഒരിക്കലും ക്ഷയിക്കാതിരിക്കയും ചെയ്യും.

ഞാൻ ആഗ്രഹിക്കുന്ന ദിവ്യവരത്തെ എനിക്കു തരുവാനും നീ തിരുമനസ്സാകുമ്പോൾ എന്നെ അനുഗ്രഹിച്ചു ഭക്തിയിൽ തീക്ഷ്ണതയുള്ളവനാക്കുവാനും നിന്റെ കരുണ ശക്തമാകുന്നു.

എന്തെന്നാൽ നിന്റെ പ്രത്യേക ഭക്തന്മാരുടേതിനൊപ്പം വലുതായ ആഗ്രഹത്താൽ ഞാൻ എരിയുന്നില്ലെങ്കിലും നിന്റെ അനുഗ്രഹത്താൽ കത്തിജ്ജ്വലിക്കുന്ന ആഗ്രഹം എനിക്കു ലഭിക്കുമെന്നു ഞാൻ ആശിക്കുന്നു. ഇങ്ങനെ നിന്നെ ഭക്തിപൂർവ്വം സ്നേഹിക്കുന്നവരെല്ലാവരോടും ഞാൻ പങ്കാളിയായി അവരുടെ വിശുദ്ധ ഗണത്തിൽ ചേരുവാൻ ആഗ്രഹിക്കയും അതിനായി പ്രാർത്ഥിക്കയും ചെയ്യുന്നു.

15-ാം അധ്യായം

എളിമയും പരിത്യാഗവുംകൊണ്ടു ഭക്തി സമ്പാദിക്കണം

മിശിഹാ. ഭക്തി എന്ന ദിവ്യവരത്തെ താല്പര്യപൂർവ്വം അന്വേഷിക്കയും, ആഗ്രഹത്തോടെ അപേക്ഷിക്കയും, ക്ഷമയോടും വിശ്വാസത്തോടുംകൂടെ പ്രതീക്ഷിക്കയും, നന്ദിപൂർവ്വം സ്വീകരിക്കയും എളിമയോടുകൂടെ

സംരക്ഷിക്കയും, ശ്രദ്ധാപൂർവ്വം അതിനെ ഉപയോഗപ്പെടുത്തുകയും, ദൈവം നിന്നെ ഏല്പിക്കുന്നതുവരെ ഈ സാമൂഹ്യ സന്ദർഭത്തിന്റെ സമയവും വിധവും തന്റെ ഇഷ്ടംപോലെ ആകട്ടെ എന്ന് തന്നെ ഭരമേല്പിക്കയും ചെയ്യേണ്ടതാണ്.

എന്നാൽ നിനക്ക് ഉള്ളിൽ ഭക്തി ഒട്ടും തോന്നുന്നില്ല, അഥവാ അല്പം മാത്രമേ തോന്നുന്നുള്ളൂ എങ്കിൽ നിന്നെത്തന്നെ പ്രത്യേകമായി ഏല്പിച്ചുകൊടുത്തണം. പക്ഷേ വളരെ അധൈര്യപ്പെട്ട ക്രമംകെടാതെ ദുഃഖിക്കയുമരുത്.

പലപ്പോഴും ദീർഘനാളായിട്ട് തരാതിരുന്നത് ഒരു അല്പനേരംകൊണ്ട്. ദൈവം തരും.

പ്രാർത്ഥനയുടെ ആരംഭത്തിൽ തരാതെ നീട്ടിവെച്ചത് ചിലപ്പോൾ അതിന്റെ അവസാനത്തിൽ തരികയും ചെയ്യും.

2. എല്ലാപ്പോഴും വേഗം തരികയും, ആഗ്രഹംപോലെ എപ്പോഴും ഉണ്ടായിരിക്കയും ചെയ്താൽ ബലഹീനനായ മനുഷ്യന് അതു സഹിക്കാൻ സാധിക്കാതെവരും.

ആകയാൽ വലിയ ആശയോടും വിനയപൂർവ്വമായ ക്ഷമയോടുംകൂടെ ഭക്തിയെന്ന ദാനം പ്രതീക്ഷിച്ചിരിക്കേണ്ടതാണ്.

എന്നാൽ നിനക്കു അതു കിട്ടാതിരിക്കയോ അതു നിന്നിൽനിന്നു ശുദ്ധമായി നീക്കികളകയോ ചെയ്യുമ്പോൾ അതിന്റെ കാരണം നീയും നിന്റെ പാപങ്ങളുമാണെന്നു ചിന്തിച്ചുകൊള്ളുക.

ചിലപ്പോൾ ഒരു നിസ്സാരസംഗതിയായിരിക്കും വരപ്രസാദത്തെ തടയുകയോ അതിനെ മറയ്ക്കുകയോ ചെയ്യുന്നത്. എന്നാൽ ഇത്ര വലിയ നന്മയെ തടയുന്നതുകൊണ്ട് പക്ഷേ അതു നിസ്സാരമെന്നല്ല വലുതെന്നു വേണം പറയാൻ.

എന്നാൽ നിസ്സാരമോ വലുതോ ആയതു നീക്കികളഞ്ഞു പൂർണ്ണമായി അതിനെ ജയിക്കുന്നപക്ഷം നീ അപേക്ഷിച്ചതുപോലെ സാധിക്കും.

3. എന്തെന്നാൽ നിന്നെത്തന്നെ പൂർണ്ണഹൃദയത്തോടെ ദൈവത്തിനു നീ ഭരമേല്പിച്ച്, നിന്റെ ഇഷ്ടമോ മനസ്സോപോലെ ഇതോ അതോ അന്വേഷിക്കാതെ നിന്നെ മുഴുവനും നന്നിൽ സമർപ്പിക്കുന്ന ഉടനെ നീ തന്നോടു യോജിക്കയും സമാധാനം അനുഭവിക്കയും ചെയ്യും. എന്തുകൊണ്ടെന്നാൽ ദൈവേഷ്ടംപോലെ വേറെ യാതൊന്നും നിനക്കു അത്ര രുചിയും ഇൻപവും ഉള്ളതായി തോന്നുകയില്ല.

ആകയാൽ തന്റെ ഉദ്ദേശത്തെ പരമാർത്ഥമുള്ള ഹൃദയത്തോടെ മേലോട്ടു ദൈവത്തിങ്കലേയ്ക്കുയർത്തി ഏതെങ്കിലും സൃഷ്ടിയോടുള്ള ക്രമമില്ലാത്ത സ്നേഹവും വെറുപ്പും തന്നിൽനിന്നു പുറത്താക്കുന്നവൻ വരപ്രസാദം പ്രാപിക്കാൻ ഏറ്റം തക്കവണ്ണം ഭക്തിയെന്ന ദാനത്തിനു അർഹനുമായിരിക്കും.

എന്തുകൊണ്ടെന്നാൽ ഒഴിഞ്ഞ പാത്രങ്ങൾ കാണുന്നതു് എവിടെയോ അവിടെയാണു—തിരുനാഥൻ തന്റെ അനുഗ്രഹം ചൊരിയുന്നത്.

ഒരുത്തൻ കീഴ്പ്പെട്ടുള്ള സംഗതികളെ എത്ര പൂർണ്ണമായി ഉപേക്ഷിക്കുകയും, തന്നെത്താൻ വെറുത്തു തനിക്കുവേണ്ടിത്തന്നെ എത്ര അധികം മരിച്ചവനെപ്പോലെയാകുകയും ചെയ്യുമോ അത്രയധികം വേഗത്തിൽ പ്രസാദം ഇറങ്ങിവന്നു ധാരാളമായി അവന്റെ ഉള്ളിൽ പ്രവേശിച്ചു് അവന്റെ സ്വതന്ത്രമായ ഹൃദയത്തെ ഉന്നതത്തിലേയ്ക്കുയർത്തും.

4. അപ്പോൾ അവൻ കാണുകയും അനുഗ്രഹത്താൽ നിറഞ്ഞു് അത്ഭുതപ്പെടുകയും അവന്റെ ഹൃദയം വികസിക്കയും ചെയ്യും. എന്തുകൊണ്ടെന്നാൽ തിരുനാഥന്റെ തൃക്കൈ അവന്റെ കൂടെയുണ്ടു്. അവൻ ത

ന്നെത്തന്നേ ദൈവത്തിന്റെ തൃക്കരങ്ങളിൽ എന്നെന്നേയ്ക്കും മുഴുവനായി സമർപ്പിച്ചിരിക്കുന്നു.

ദൈവത്തെ ഹൃദയപൂർവ്വം അന്വേഷിക്കുകയും തന്റെ ആത്മാവിനെ മായയിൽ ഉൾപ്പെടുത്താതിരിക്കയും ചെയ്യുന്ന മനുഷ്യൻ ഇതാ, ഇപ്രകാരം അനുഗ്രഹം കൈക്കൊള്ളും.

ഇപ്രകാരമുള്ളവൻ കുർബാന ഉൾക്കൊള്ളുമ്പോൾ ദൈവത്തോടുള്ള യോജിപ്പ് എന്നവരം പ്രാപിക്കുന്നു; എന്തുകൊണ്ടെന്നാൽ അവൻ സ്വന്തഭക്തിയും ആശ്വാസവുമല്ല, പിന്നയോ എല്ലാഭക്തിക്കും ആശ്വാസത്തിനും മേലായി ദൈവത്തിന്റെ സ്തുതിയും മഹിമയുമാണ കാംക്ഷയായി ഗണിക്കുന്നത്.

16-ാം അധ്യായം

നമ്മുടെ ആവശ്യങ്ങൾ മിശിഹായെ അറിയിച്ചു സഹായം പ്രാർത്ഥിക്കണം

ശിഷ്യൻ. ഞാൻ ഇപ്പോൾ ഭക്തിപൂർവ്വം ഉൾക്കൊള്ളുവാൻ ആഗ്രഹിക്കുന്ന എന്നാം മാധുര്യവും സ്നേഹവും നിറഞ്ഞ ഈശോ, എന്റെ ബലഹീനതയും എന്റെ ആവശ്യവും, ഞാൻ എത്ര അധികം തിന്മകളിലും ദുർഗ്രണങ്ങളിലും വീണു കിടക്കുന്നു എന്നുള്ളതും, എത്ര

ക്കുടെക്കുടെ പീഡകൾ സഹിച്ച് പ്രലോഭനങ്ങളിൽ അകപ്പെട്ട് എന്റെ മനസ്സു കലങ്ങി മലിനമായിത്തീരുന്നു എന്നുള്ളതും നീ അറിയുന്നുവല്ലോ?

പ്രതിവിധിക്കായി ഞാൻ നിന്റെ അടുത്തുവരുന്നു; ആശ്വാസവും സഹായവും നിന്നിൽനിന്നു പ്രാർത്ഥിക്കുന്നു. എന്റെ ഉള്ളിലുള്ളതെല്ലാം നീ വ്യക്തമായി കാണുന്നു.

എല്ലാം അറിയാവുന്ന ആളിനോടാണു ഞാൻ പറയുന്നത്, നിനക്കു മാത്രമേ എന്നെ പൂർണ്ണമായി ആശ്വസിപ്പിക്കാനും സഹായിക്കാനും കഴിയുകയുള്ളൂ.

2. ഇതാ! ദരിദ്രനും നഗ്നനുമായി ഞാൻ നിന്റെ മുൻപിൽനിന്നു വരം അപേക്ഷിക്കയും കൃപയാചിക്കയും ചെയ്യുന്നു.

വിശക്കുന്ന ഈ യാചകനെ നീ തീറ്റണമേ, എന്റെ തണുപ്പുമാറ്റി നിന്റെ സ്നേഹാഗ്നിയാൽ ചൂടുപിടിപ്പിക്കണമേ, എന്റെ കുരുട്ടാട്ടത്തെ നിന്റെ സാന്നിധ്യത്തിന്റെ ശോഭയിൽ പ്രകാശിപ്പിക്കണമേ.

എല്ലാ ലൌകികവസ്തുക്കളും എനിക്കു കയ്പായി പരിണമിക്കണമേ. വിഷമവും വിപരീതവുമായതെല്ലാം ക്ഷമാപൂർവ്വം ഞാൻ സഹിക്കട്ടെ. എല്ലാ നികൃഷ്ടവസ്തുക്കളെയും സ്പൃഷ്ടി

കളെയും വെറുത്തു മറന്നുകളയത്തക്കതായും തീർക്കണമേ.

എന്റെ ഹൃദയത്തെ സത്യത്തിൽ നിന്റെ പക്കലേക്കു ഞാനയയ്ക്കുന്നു; ഞാൻ ഭ്രമിയിൽ അലഞ്ഞു നടക്കാൻ അനുവദിക്കരുതേ.

ഇന്നുമുതൽ എന്നേയ്ക്കും നീ മാത്രം എനിക്കു ആസ്വാദ്യനായിരിക്കണമേ.

എന്തുകൊണ്ടെന്നാൽ നീ മാത്രമാണ് എന്റെ ഭക്ഷണവും പാനീയവും, എന്റെ സ്നേഹവും, സന്തോഷവും, എന്റെ മധുര്യവും എന്റെ സമ്പൂർണ്ണ നന്മയും.

3. നിന്റെ സാന്നിദ്ധ്യത്താൽ എന്നെ മുഴുവനായി കത്തിച്ചു ദഹിപ്പിച്ചു നിന്നിലേക്കു രൂപഭേദപ്പെടുത്തണമേ. ഞാൻ ആഭ്യന്തരമായ ഐക്യം വഴിയായും എരിയുന്ന സ്നേഹത്തിൽ ലയിച്ചും നിന്നോടുകൂടെ ഒരാത്മാവായിത്തീരുന്നതിനു സാധിച്ചെങ്കിൽ!

വിശുദ്ധ വരണ്ടവനായി നിന്റെ അടുക്കൽനിന്നു ഞാൻ മടങ്ങിപ്പോരാൻ സമ്മതിക്കരുതേ. എന്നാൽ പലപ്പോഴും നിന്റെ പുണ്യവാന്മാരോടു അത്ഭുതകരമായി പ്രവർത്തിച്ചിട്ടുള്ളതുപോലെ എന്നോടു ദയാപൂർവ്വം പ്രവർത്തിക്കണമേ.

നീ ഒരിക്കലും ക്ഷയിക്കാതെ നിരന്തരം

എരിയുന്ന അഗ്നിയും ഹൃദയങ്ങളെ ശുദ്ധീകരിച്ചു ബുദ്ധിയെ പ്രകാശിപ്പിക്കുന്ന സ്നേഹവുമായിരിക്കയാൽ ഞാൻ മുഴുവനും നിന്നിൽ കത്തി എരിഞ്ഞു എന്നിൽത്തന്നേ ക്ഷയിക്കുന്നതായാൽ എന്തത്ഭുതമാണുള്ളത്?

17-ാം അധ്യായം

മിശിഹായെ ഉൾക്കൊള്ളുന്നതിനു തീവ്രമായ സ്നേഹവും ശക്തിമത്തായ ആഗ്രഹവും

ശിഷ്യൻ. തിരുനാഥാ, ജീവിതവിശുദ്ധിയാൽ നിന്നെ വളരെ പ്രസാദിപ്പിക്കയും, ഏറ്റവും തീവ്രമായ ഭക്തിയിൽ ജീവിക്കയും ചെയ്തിട്ടുള്ള അനേകം പുണ്യവാന്മാരും ഭക്തന്മാരും കുർബാന സ്വീകരിക്കയിൽ നിന്നെ ആഗ്രഹിച്ചതുപോലെ, ഞാനും ഏറ്റവും വലിയ ഭക്തിയോടും ജ്വലിക്കുന്ന സ്നേഹത്തോടും ഹൃദയത്തിന്റെ മുഴുവനായ പക്ഷത്തോടും ശ്രേഷ്ഠകാന്തിയോടുംകൂടെ നിന്നെ ഉൾക്കൊള്ളുവാനാഗ്രഹിക്കുന്നു.

ഓ, എന്റെ ദൈവമേ, നിത്യസ്നേഹമേ, എന്റെ സമ്പൂർണ്ണതയേ, അവസാനിക്കാത്ത ഭാഗ്യമേ, പുണ്യവാന്മാരിൽ ആർക്കെങ്കിലും എപ്പോഴെങ്കിലും ഉണ്ടായിരുന്നതോ അ

നുഭവിക്കാൻ കഴിഞ്ഞതോ ആയ ബലവത്തായ ആഗ്രഹത്തോടും യോഗ്യമായ വണക്കത്തോടുംകൂടെ നിന്നെ ഉൾക്കൊള്ളുവാൻ ഞാനാഗ്രഹിക്കുന്നു.

2. ഭക്തിവികാരങ്ങൾ എല്ലാം ഉണ്ടായിരിക്കുന്നതിനു ഞാൻ അയോഗ്യനാണെങ്കിലും ആ അത്യാനന്ദകരങ്ങളും തീവ്രങ്ങളുമായ ആഗ്രഹങ്ങളെല്ലാം എനിക്കുതന്നേ ഉണ്ടായിരുന്നാലെന്നപോലെ എന്റെ ഹൃദയത്തിന്റെ സകല ആശകളും നിനക്കു ഞാൻ കാഴ്ചവെയ്ക്കുന്നു.

എന്നാൽ ഒരു ഭക്തിയുള്ള ആത്മാവിന് എന്തെല്ലാം ചിന്തിക്കാനും ആഗ്രഹിക്കാനും കഴിയുമോ അവയെല്ലാം ഏറ്റം വലിയ വണക്കത്തോടും ഗാഢമായ ഏരിവോടുംകൂടെ നിനക്കു ഞാൻ കാഴ്ചയായി സമർപ്പിച്ചുകൊള്ളുന്നു.

എനിക്കായി ഒന്നും നീക്കിവെയ്ക്കാൻ ഞാനാഗ്രഹിക്കുന്നില്ല. എന്നാൽ എന്നെയും എന്റെ സമസ്തവും നിനക്കു നന്മനസ്സോടെ ബലി കഴിക്കാൻ മാത്രം ഞാനാഗ്രഹിക്കുന്നു.

എന്റെ ദൈവമായ തിരുനാഥാ, എന്റെ സ്രഷ്ടാവേ, എന്റെ രക്ഷകാ, നിന്റെ അമ്മയായ എത്രയും മഹിമയേറിയ കന്യകമറിയം മനുഷ്യാവതാര രഹസ്യം എന്ന മംഗ

ലവാൎത്ത തന്നോടറിയിച്ച മാലാകായോടു വിനയത്തോടും ഭക്തിയോടുംകൂടെ "ഇതാ തിരുനാഥന്റെ ദാസി, നിന്റെ വചനംപോലെ എന്നിൽ ഭവിക്കട്ടെ" എന്നു മറുപടി പറഞ്ഞപ്പോൾ നിന്നെ അനുഗ്രഹിക്കയും സ്വീകരിക്കയും, നിന്റെ മുന്നോടിയും ഭാഗ്യവാനും പരിശുദ്ധന്മാരിൽ ഏറ്റവും വിശിഷ്ടനുമായ സ്നാപകൻ യോഹന്നാൻ സന്തോഷിച്ചു അമ്മയുടെ ഗൎഭത്തിനുള്ളിൽവെച്ചു തന്നേ പരിശുദ്ധാത്മാവിന്റെ ആനന്ദത്താൽ കുതിച്ചു ചാടുകയും, പിന്നീടു ഈശോ മറ്റു മനുഷ്യരുടെ ഇടയിൽ നടക്കുന്നതുകണ്ടു് സ്വയം വളരെ എളിമപ്പെടുത്തി ഭക്തിതീക്ഷ്ണതയോടുകൂടെ മണവാളന്റെ സ്വരം കേട്ടു നില്ക്കുന്ന അവന്റെ സ്നേഹിതന്മാർ മണവാളന്റെ ശബ്ദാനിമിത്തം സന്തോഷത്തോടെ അനുഗ്രഹിക്കുന്നു എന്നു പറകയും ചെയ്യുമ്പോൾ അവരിരുവൎക്കുമുണ്ടായിരുന്ന സ്നേഹവും മാണിക്യവും സ്തുതിയും ബഹുമാനവും, എപ്രകാരമായിരുന്നു അതുപോലുള്ള കൃതജ്ഞതയോടും ബഹുമാനത്തോടും സ്നേഹത്തോടും അതുപോലുള്ള വിശ്വാസത്തോടും പ്രത്യാശയോടും ഉപവിയോടും നിന്നെ ഇന്നു സ്വീകരിപ്പാൻ ഞാനാഗ്രഹിക്കുന്നു.

അതുപോലെ വലുതായ വിശുദ്ധാഗ്ര

ഹങ്ങളാൽ എരിയുന്നതിനും നിനക്കു പൂർണ്ണ ഹൃദയത്തോടെ എന്നെ മുഴുവനും കാഴ്ചവെക്കുന്നതിനും ഞാനാഗ്രഹിക്കുന്നു. ആയകാൽ ഭക്തിയുള്ള സകല ഹൃദയങ്ങളുടെയും ആനന്ദഘോഷങ്ങളെയും ഉജ്ജ്വലിക്കുന്ന സ്നേഹത്തെയും, ആത്മീയപരവശതകളെയും സ്വഭാവത്തിനുമേലായ വെളിവുകളെയും സ്വർഗ്ഗീയ കാഴ്ചകളെയും, സ്വർഗ്ഗത്തും ഭൂമുഖത്തുമുള്ള സകല സൃഷ്ടികളും ചെയ്തിട്ടുള്ളതും ചെയ്വാനിരിക്കുന്നതുമായ സകല പുണ്യകൃത്യങ്ങളോടും സ്തോത്രങ്ങളോടുംകൂടെ ചേർത്തു, എനിക്കുവേണ്ടിയും എന്റെ പ്രാർത്ഥനയ്ക്കു ഭരമേല്പിച്ചിട്ടുള്ളവർ എല്ലാവർക്കുവേണ്ടിയും നിനക്കു സമർപ്പിച്ചുകൊള്ളുന്നു. ഇങ്ങനെ സകലരും നിന്നെ യഥായോഗ്യം സ്തുതിച്ചു നിത്യമായി മഹത്വപ്പെടുത്തുമാറാകട്ടെ.

4. എന്റെ ദൈവമായ നാഥാ, എന്റെ നേർച്ചകളെയും പറഞ്ഞറിയിക്കാൻ വയ്യാത്ത നിന്റെ മാഹാത്മ്യത്തിന്റെ പെരുപ്പത്തിനൊത്തപോലെ നിനക്കു ന്യായപൂർവ്വം ലഭിക്കേണ്ട അനന്തസ്തുതികളെയും അളവില്ലാത്ത സ്തോത്രങ്ങളെയും നിനക്കു സമർപ്പിക്കുന്നതിനുള്ള എന്റെ ആഗ്രഹങ്ങളെ കൈക്കൊള്ളണമേ.

ഈയെ ദിവസംതോറും വിനാഴിക

തോടും സമർപ്പിക്കുന്നു, സമർപ്പിക്കാൻ ആഗ്രഹിക്കയും ചെയ്യുന്നു; മാത്രമല്ല, എന്നോടുകൂടെ നിനക്കു കൃതജ്ഞതയും സ്തോത്രങ്ങളും അർപ്പിക്കുന്നതിനായി എല്ലാ മാലാകാമാരെയും നിന്റെ എല്ലാ വിശ്വാസികളെയും സ്നേഹത്താലും പ്രാർത്ഥനകളാലും ഞാൻ ക്ഷണിക്കയും അവരോടു അപേക്ഷിക്കയും ചെയ്യുന്നു.

5. സകല ജനങ്ങളും, ജാതികളും, ഭാഷക്കാരും നിന്നെ സ്തുതിക്കട്ടെ. എല്ലാവരും തേനോലുന്ന നിന്റെ തിരുനാമം വലുതായ ആനന്ദാഘോഷത്തോടും ജ്വലിക്കുന്ന ഭക്തിയോടുംകൂടെ പുകഴ്ത്തട്ടെ.

ബഹുമാനത്തോടും ഭക്തിയോടും ഏറ്റം ഉന്നതമായ വിശുദ്ധ ക്രൂശു അനുഷ്ഠിക്കയും പൂർണ്ണവിശ്വാസത്തോടെ അതുൾക്കൊള്ളുകയും ചെയ്യുന്നവരെല്ലാം നിന്റെ പക്കൽ വരപ്രസാദവും കരുണയും പ്രാപിക്കാൻ യോഗ്യരാകട്ടെ, പാപിയായ എനിക്കുവേണ്ടി വിനയത്തോടെ പ്രാർത്ഥിക്കയും ചെയ്യട്ടെ.

അവർ അഗ്രഹിച്ച ഭക്തിയും ആനന്ദപ്രദമായ ഐക്യവും പ്രാപിച്ച് ഈ സാഗ്നീയമായ വിശുദ്ധ മേശയിൽനിന്നു വേണ്ട ആശ്വാസം പ്രാപിച്ചും അത്ഭുതകരമായ പോഷണം അനുഭവിച്ചും പിൻതിരിയു

നോൾ സാധുവായ എന്നെയും ദയവായി ഓർക്കേട്ടെ.

18-ാം അധ്യായം

മനുഷ്യൻ എളിമയോടെ മിശിഹായെ അനുകരിക്കണം

മിശിഹാ. സംശയമാകുന്ന ആഴത്തിൽ താണുപോകാൻ നിനക്കു മനസ്സില്ലെങ്കിൽ ഈ അത്യുൽകൃഷ്ടമായ ക്രമാശയെപ്പറ്റി കൗതുകജനകവും പ്രയോജനരഹിതവുമായ പരിശോധന ചെയ്യാതിരിക്കാൻ നീ സൂക്ഷിക്കണം.

മഹത്വത്തെ പരിശോധിക്കുന്നവനെ മഹിമപ്രതാപം നിശ്ശേഷം അമർത്തിക്കളയും.

മനുഷ്യനു ഗ്രഹിക്കാൻ കഴിയുന്നതിനെക്കാൾ കൂടുതലായി പ്രവർത്തിക്കാൻ ദൈവത്തിനു കഴിയും.

സദാ പഠിക്കാൻ തയാറായി പിതാക്കന്മാരുടെ ഉറപ്പമില്ലാത്ത ഉപദേശങ്ങൾ അനുസരിച്ചു നടക്കാൻ ഉത്സാഹിക്കുന്നവർക്ക് സത്യത്തെ ഭക്തിയോടും എളിമയോടുംകൂടെ അന്വേഷിക്കാൻ വിരോധമില്ല.

2. വിവാദങ്ങളുടെ പ്രയാസമുള്ള വഴി

കളെ വിട്ട് ദൈവപ്രമാണങ്ങളാകുന്ന ഉറപ്പുള്ള നേർവഴിയെ നടക്കുന്ന പരമാർത്ഥത ഭാഗ്യപ്പെട്ടത്.

അനേകംപേർ ഉന്നതമായവ പരിശോധിക്കാനാഗ്രഹിക്കയാൽ അവരുടെ ഭക്തി നഷ്ടപ്പെടുത്തിക്കളഞ്ഞു.

നിന്നിൽനിന്നു ആവശ്യപ്പെടുന്നത് വിശ്വാസവും പരമാർത്ഥജീവിതവുമാകുന്നു. നിനക്കു കീഴുള്ളവയെ മനസ്സിലാക്കുകയോ ഗ്രഹിക്കുകയോ ചെയ്വാൻ നിനക്കു സാധിക്കാത്തപ്പോൾ നിനക്കു മേലുള്ളവയെ നീ എങ്ങനെ ഗ്രഹിക്കും?

ദൈവത്തിനു കീഴടങ്ങി നിന്റെ ഗ്രഹണശക്തിയെ വിശ്വാസത്തിനു വിധേയമാക്കുക; നിനക്കു ആവശ്യവും ഉപയോഗവും ഉള്ളതുപോലെ അറിവിന്റെ പ്രകാശം ലഭിക്കും.

3. ചിലർ വിശ്വാസത്തെയും വി. ക്രൂദാശയെയും കുറിച്ചു കഠിനമായ പരീക്ഷകൾ സഹിക്കുന്നു; എന്നാൽ ഇവയ്ക്കുത്തരവാദികൾ അവരല്ല, ശത്രുവാണ്.

നിന്റെ വിചാരങ്ങൾ വകവെയ്ക്കയോ അവയോടു തർക്കിക്കയോ ചെയ്യരുത്; പിശാചു തോന്നിക്കുന്ന സംശയങ്ങൾക്കു മറു

പടി പാകയും വേണ്ടാ; എന്നാൽ ദൈവത്തിന്റെ വാക്കുകൾ വിശ്വസിക്കുന്നതിന്റെ വിശുദ്ധന്മാരെയും ദീർഘദർശികളെയും വിശ്വസിക്കുന്നു, ദുഷ്ടനായ ശത്രു നിന്നിൽനിന്നു ഓടിമാറും.

ദൈവദാസൻ ഇപ്രകാരമുള്ളവയെ സഹിക്കുന്നത് പലപ്പോഴും വളരെ പ്രയോജനകരമാണ്.

എന്തുകൊണ്ടെന്നാൽ ഭദ്രമായി തന്റെ കൈവശത്തിൽ അകപ്പെട്ടിരിക്കുന്ന അവിശ്വാസികളെയും പാപികളെയും അവൻ പ്രലോഭിപ്പിക്കാറില്ല, എന്നാൽ ഭക്തിയുള്ള വിശ്വാസികളെ പലവിധത്തിൽ പ്രലോഭിപ്പിച്ചുപദ്രവിക്കുന്നു.

4. ആകയാൽ പരമാർത്ഥവും സംശയരഹിതവുമായ വിശ്വാസത്തോടുകൂടെ മുന്നോട്ടുപോകുക; വിനയപൂർവ്വമായ വണക്കത്തോടുകൂടെ ഈ കൂദാശയെ സമീപിക്കുക; നിനക്കു മനസ്സിലാക്കാൻ കഴിയാത്തത് സർവ്വശക്തനായ ദൈവത്തിനു ഭയംകൂടാതെ സമർപ്പിക്കുക.

ദൈവം നിന്നെ വഞ്ചിക്കയില്ല; തന്നിൽത്തന്നെ അധികം വിശ്വസിക്കുന്നവൻ വഞ്ചനയിൽ അകപ്പെടുന്നു.

ദൈവം പരമാത്മികളോടുകൂടെ നടക്കുകയും എളിമയുള്ളവർക്കു തന്നെത്താൻ വെളിപ്പെടുത്തുകയും ചെയ്യുന്നു; ശിശുക്കൾക്കു് അറിവു നൽകുകയും നിർമ്മലമാനസന്മാർക്കു സാരാർത്ഥങ്ങൾ ഉറന്നു കാണിക്കയും ചെയ്യുന്നു. തന്റെ വരങ്ങൾ കൗതുകപ്രിയരിൽനിന്നും നിഗളികളിൽനിന്നും മറയ്ക്കയും ചെയ്യുന്നു.

മനുഷ്യബുദ്ധി ബലഹീനമാണു്. തെറ്റിൽ അകപ്പെടുകയും ചെയ്യുന്നു; എന്നാൽ സത്യമായ വിശ്വാസത്തിനു തെറ്റിൽ അകപ്പെടാൻ നിവൃത്തിയില്ല.

5. സകല ന്യായവാദവും സ്വാഭാവിക പരിശോധനയും വിശ്വാസത്തെ അനുഗമിക്കണം; അതിനുമുൻപേ പോകയോ അതിനെ എതിർക്കയോ ചെയ്യേണ്ടതല്ല.

എന്തുകൊണ്ടെന്നാൽ ഇവിടെ വിശ്വാസവും സ്നേഹവും വളരെ മുഖ്യമാണു്, ഈ അതിപരിശുദ്ധവും മഹാ വിശിഷ്ടവുമായ കൃദാശയിൽ അവ ശ്രദ്ധമായ വിധത്തിൽ പ്രവർത്തിക്കയും ചെയ്യുന്നു.

നിത്യനും അളവില്ലാത്തവനും, സർവ്വശക്തനുമായ ദൈവം ആകാശത്തും ഭൂമിയിലും മനുഷ്യബുദ്ധി കണ്ടുപിടിക്കാത്ത വലിയ കാര്യങ്ങൾ പ്രവർത്തിച്ചിരിക്കുന്നു. തന്റെ

വിസ്മയനീയമായ കൃത്യങ്ങൾ പരിശോധനയ്ക്കു വിഷയമല്ല.

തന്നെ അത്ഭുതപ്രവൃത്തികൾ മനുഷ്യബുദ്ധിക്ക് എളുപ്പത്തിൽ ഗ്രഹിക്കത്തക്കവയായിരുന്നെങ്കിൽ അവ അത്ഭുതകരങ്ങളെന്നോ വാചാമഗോചരങ്ങളെന്നോ പറയാൻ കഴിയുകയില്ലായിരുന്നല്ലോ.

സമാപ്തം.

Printed and Published for the Proprietor by Rev. Fr. Wilfrid C. M. I. at the St. Joseph's Press, Mannanam 1959.

DC Library
00009949
K16 K33